# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 14, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1035/21

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 29
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 29
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 81

**II. റൂളിംഗ്**

ചോദ്യങ്ങളുടെ എഡിറ്റിംഗ് സംബന്ധിച്ച പരാതി – 418

**III അറിയിപ്പ്**

സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച് – 419

**IV അടിയന്തരപ്രമേയം**

കെ. എസ്. ആർ. ടി. സി.-യിലെ പ്രതിസന്ധി - 422
(അവതരണാനുമതി നിഷേധിച്ചു)

**V ശ്രദ്ധ ക്ഷണിക്കൽ**

(1) ആയുർവ്വേദ ചികിത്സാ സമ്പ്രദായം - 442
-ശ്രീ. സി. കെ. നാണു

(2) വന്യജീവി ആക്രമണം - 446
-ശ്രീ. സണ്ണി ജോസഫ്

**VI സബ്മിഷൻ**

(1) തയ്യൽത്തൊഴിലാളി ക്ഷേമനിധി - 452
-പ്രതിപക്ഷനേതാവ്
(ശ്രീ. രമേശ് ചെന്നിത്തല)

(2) പരിയാരം മെഡിക്കൽ കോളേജ് നവീകരണം - 454
-ശ്രീ. റ്റി. വി. രാജേഷ്

(3) ഉഡാൻ പദ്ധതി - 456
-ശ്രീ. ടി. വി. ഇബ്രാഹിം

(4) സ്പോർട്സ് കോംപ്ലക്സ് ആന്റ് ഫുട്ബോൾ അക്കാഡമി - 457
-ശ്രീ. എം. ഉമ്മർ

(5) നാഷണൽ സീഡ്സ് കോർപ്പറേഷൻ മുഖേനയുള്ള
വിത്ത് വിതരണം - 459
-ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(6) റോഡ് നിർമ്മാണം - 460
-ശ്രീ. ഇ. കെ. വിജയൻ
(7) മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം - 461
-ശ്രീ. കെ. ജെ. മാക്സി
(8) കരമടി തൊഴിലാളികളുടെ പുനരധിവാസം - 462
-ശ്രീ. വി. എസ്. ശിവകുമാർ
(9) പ്രത്യേക സാമ്പത്തിക മേഖലയിലെ തൊഴിൽ ചൂഷണം - 464
-ശ്രീ. എം. സ്വരാജ്
(10) മലബാർ മേഖലയിലെ പാൽ വിതരണം - - 466
-ശ്രീ. കെ. വി. വിജയദാസ്

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ - 467
2018 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന
സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട്

**VIII റിപ്പോർട്ടുകളുടെ സമർപ്പണം**

1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിരണ്ട് - 467
മുതൽ അറുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

2. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ - 467
ഇരുപതും ഇരുപത്തിയൊന്നും റിപ്പോർട്ടുകൾ

3. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും
ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച
സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന്
വരെയുള്ള റിപ്പോർട്ടുകൾ - 468

4. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച
സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് - 468

5. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് - 468

6. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് - 468

**IX നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും - 468

(i) 2019-ലെ കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ - 468

(ii) 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ - 492

**X ക്രമപ്രശ്നം**

ബില്ലിലെ അപാകത സംബന്ധിച്ച്
-ശ്രീ. മഞ്ഞളാംകുഴി അലി - 492

**XI നിയമനിർമ്മാണകാര്യം (തുടർച്ച)**

(iii) 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ - 494

**റൂളിംഗ്**

വകുപ്പ് റീ ഓപ്പൺ ചെയ്യുന്നത് സംബന്ധിച്ച് - 572

**XII അറിയിപ്പ്**

സഭാ ടി.വി. ലോഗോ പ്രകാശനം - 575

അനുബന്ധം - 575

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2019 നവംബർ 14 ,വ്യാഴം*

| വാല്യം 177] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 14 |
|---|---|---|

നിയമസഭ 2019 നവംബർ മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ (*391)

### മിന്നൽ സുരക്ഷാ കവചങ്ങൾ

1 (*391) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിന്നൽ സുരക്ഷാ കവചങ്ങളുടെ അഭാവത്താൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീടുകളുടെ മുകളിൽ ലോഹത്തകിടുകൾ വിരിക്കുന്നത് അപകടസാധ്യതകൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) കെട്ടിടങ്ങളുടെ മുകളിൽ വിരിക്കുന്ന ലോഹത്തകിടുകളെ മിന്നൽരക്ഷാ കവചങ്ങളാക്കി മാറ്റാൻ കഴിയുമോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, (എ) മിന്നൽ സുരക്ഷാ കവചങ്ങളുടെ അഭാവത്താൽ അപകടങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ ഇത്തരം അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലോഹത്തകിട് വിരിക്കുന്നത് അപകടസാധ്യത വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നതായി കണ്ടെത്തിയിട്ടില്ല.

(സി) കെട്ടിടത്തിന് മുകളിൽ വിരിക്കുന്ന ലോഹത്തകിടുകൾ എർത്ത് ചെയ്യുന്നതുവഴി മിന്നൽ സുരക്ഷാ കവചങ്ങളാക്കി മാറ്റാൻ കഴിയുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനത്ത് മിന്നലേറ്റുള്ള മരണങ്ങൾ ഇപ്പോൾ വളരെ വ്യാപകമാണ്. പ്രതിവർഷം എഴുപതിലേറെ ആളുകൾ ഇടിമിന്നലേറ്റ് മരണപ്പെടുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ സവിശേഷമായ സാഹചര്യമാണ് ഇതിന് കാരണം. പശ്ചിമഘട്ടമലനിരകളും കടൽത്തീരങ്ങളുമുൾപ്പെടെയുള്ള പ്രത്യേക ഭൂപ്രകൃതിയാണ് ഇടിമിന്നൽ മേഘങ്ങളുടെ രൂപീകരണത്തിന് സാധ്യത വർദ്ധിപ്പിക്കുന്നതെന്നാണ് പഠനങ്ങളിൽ പറയുന്നത്. ഇതിനെക്കുറിച്ചുള്ള അവബോധം വളരെക്കുറവാണ്. നമ്മളൊക്കെ പൊതുപ്രവർത്തകരാണ്. ഇടിമിന്നൽ സമയത്ത് പൊതുയോഗങ്ങൾക്കും പരിപാടികൾക്കും നമ്മൾ മൈക്ക് ഉപയോഗിക്കുന്നുണ്ട്. അതൊക്കെ അവബോധത്തിന്റെ കുറവുകൊണ്ടാണ്. സത്യത്തിൽ ആളുകൾ ഈ സമയങ്ങളിൽ ഫോണോ, മൈക്കോ ഉപയോഗിക്കാൻ പാടില്ല. അതുകൊണ്ട് ഇതിനെക്കുറിച്ച് ഒരു അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ വളരെ അത്യാവശ്യമാണ്. ഇപ്പോൾ ഇടിമിന്നലിൽത്തന്നെ മാറ്റം വന്നിട്ടുണ്ട്. മുമ്പ് നമ്മളൊക്കെ കണ്ടിരുന്നത് മഴയുടെ തുടക്കത്തിൽ, ഏപ്രിൽ - മെയ് മാസത്തിൽ ഇടിമിന്നലുണ്ടാകും, അതുപോലെ തുലാവർഷത്തിലും ഇടിമിന്നലുണ്ടാകും. ഇപ്പോൾ ഇടിമിന്നലില്ലാത്ത മഴയില്ല. എല്ലാ മഴയിലും ഇടിമിന്നലുണ്ട്. ഈ കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് പഠിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പഠിക്കാനും ഈ വ്യത്യാസം മനസ്സിലാക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ വിഷയത്തെക്കുറിച്ച് ഇതുവരെ ശാസ്ത്രീയമായ പരിശോധനകളൊന്നും നടന്നിട്ടില്ല. ഇതിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട വിഷയം മരണനിരക്ക് വർദ്ധിക്കുന്നു എന്നതാണ്. 2013 മുതൽ 2019 വരെയുള്ള കണക്കുകൾ എടുത്താൽ താരതമ്യേന മരണ നിരക്ക് കുറഞ്ഞ് വരുന്നതായാണ് കാണുന്നത്. 2013-നുമുമ്പ് ഒരു വർഷം 35 പേരുടെ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ 2013-നും 2019-നും ഇടയിൽ ആകെ

മരിച്ചവരുടെ എണ്ണം 81 ആണ്. ആവറേജ് എടുത്താൽ ഒരു വർഷത്തിൽ 9 എന്നതിലേയ്ക്ക് ചുരുങ്ങുകയാണ് ചെയ്തിട്ടുള്ളത്. യഥാർത്ഥത്തിൽ ഇതിനെക്കുറിച്ചുള്ള അവബോധം നല്ലതുപോലെ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതിന്റെ ഒരു തെളിവാണിത്. തീർച്ചയായും ഇനിയും കൂടുതൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഉച്ചയ്ക്കുശേഷവും രാത്രി പത്ത് മണി വരെയുള്ള സമയങ്ങളിലുമാണ് ഇടിമിന്നലിന്റെ പ്രഭാവം ഏറ്റവും കൂടുതൽ ഉണ്ടാകുന്നതെന്നാണ് പൊതുവെ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നത്. അത്തരം സാഹചര്യങ്ങളിൽ മൈക്ക്, ഫോൺ എന്നിവ ഉപയോഗിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സ്വയം നിയന്ത്രണത്തിന് വിധേയമാകുന്നത് നല്ലതാണ്. അതുമായി ബന്ധപ്പെട്ട പ്രചരണങ്ങൾ നല്ലതുപോലെ നടത്തുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കേണ്ടതുമുണ്ട്. തീർച്ചയായും അതിനാവശ്യമായ രീതിയിലുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതായിരിക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കെട്ടിടങ്ങളുടെ മുകളിൽ മിന്നൽ രക്ഷാചാലകങ്ങൾ വച്ചാൽ അവിടെ മിന്നലേൽക്കില്ല എന്നുള്ളതാണ് വസ്തുത. അതിനാൽ കെട്ടിടങ്ങൾക്ക് മിന്നൽ രക്ഷാചാലകങ്ങൾ നിർബന്ധമായും വയ്ക്കുക എന്നുള്ളത് സംബന്ധിച്ച് ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുമോ; അങ്ങനെയാണെങ്കിൽ സോളാർ പാനലുകൾക്ക് സബ്സിഡി കൊടുക്കുന്നതുപോലെ ഇക്കാര്യത്തിലും ഗവൺമെന്റിന് എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, രക്ഷാകവചങ്ങളുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുന്ന കാര്യം ലോഹത്തകിടുകൾ എർത്ത് ചെയ്യുന്നതുവഴി മിന്നൽ രക്ഷാകവചങ്ങളാക്കി മാറ്റാൻ കഴിയുമെന്നതാണ്. വളരെ ഉയരത്തിലുള്ള കെട്ടിടങ്ങൾക്കൊക്കെയാണ് പ്രധാനമായും ഇത്തരം സംവിധാനം നിലവിലുള്ളത്. പുതിയ കാലഘട്ടത്തെ കെട്ടിടങ്ങളുടെ മുകളിൽ ലോഹത്തകിടുകൾ വിരിക്കുന്ന വിഷയം പരിശോധിക്കാവുന്ന കാര്യമാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ ആലോചിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ദുരന്തസാദ്ധ്യതയുള്ള 197 വില്ലേജുകൾ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്ര വികസന പദ്ധതി (യു.എൻ.ഡി.പി.) -യുടെ സഹായത്തോടെ നടപ്പാക്കിയ ദുരന്ത കാലാവസ്ഥാ വ്യതിയാന പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ തൊട്ടടുത്ത മലപ്പുറം

ജില്ലയിലാണ് വലിയ ദുരന്തം നടന്നത്. അതുകൊണ്ട് മലപ്പുറം ജില്ലയെക്കൂടി ഉൾപ്പെടുത്താനാവശ്യമായ ശ്രമം ഇതിന്റെ ഭാഗമായി നടത്താൻ കഴിയുമോ; അതോടൊപ്പം എവിടെ, എപ്പോൾ ഇങ്ങനെയുള്ള ഒരു കലാമിറ്റി ഉണ്ടാകുമെന്നതിനെക്കുറിച്ച് ഒരു പഠനം അല്ലെങ്കിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലും വിവരം കേന്ദ്ര ഭൗമ ശാസ്ത്ര പഠനകേന്ദ്രത്തിന് ലഭ്യമാക്കാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വില്ലേജുകളിലും വിവിധ കേന്ദ്രങ്ങളിലുമുള്ള ഏറ്റവും അപകടകരമായ സ്ഥിതിയെക്കുറിച്ച് ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ പ്രത്യേകിച്ച് മലപ്പുറം ജില്ല ഉൾപ്പെടെയുള്ള പ്രദേശങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത തീർച്ചയായും പരിശോധിക്കാവുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇടിമിന്നലിൽ നിന്നുള്ള അപകടത്തിൽനിന്ന് രക്ഷപ്പെട്ടതാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ബാബു ചാഴികാടൻ ഇടിമിന്നലേറ്റാണ് മരണപ്പെട്ടത്. ഇതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നത് വളരെ നല്ലതാണെന്ന് തോന്നുന്നു. ഇപ്പോൾ ഇന്ത്യൻ ഇലക്ട്രിക്കൽ റൂൾ പ്രകാരം —കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ 15 മീറ്റർ ഉയരത്തിലുള്ള കെട്ടിടങ്ങൾക്കുമുകളിൽ മാത്രമാണ് രക്ഷാകവചം സ്ഥാപിക്കാൻ നിർബന്ധിക്കുന്നത്. സ്ഥാപിച്ചുകഴിഞ്ഞാൽ അത് എപ്പോഴെങ്കിലും ബ്രേക്ക് ആയി പോയിട്ടുണ്ടോ, കട്ട് ആയിട്ടുണ്ടോയെന്ന് ഇലക്ട്രിക്കൽ ഉദ്യോഗസ്ഥർ പിന്നീട് നോക്കുന്നുമില്ല. 15 മീറ്ററിന് താഴെയുള്ള ഒരു കെട്ടിടത്തിന്റെ മുകളിലും സോളാർ പാനൽവഴി പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലും ഇത് വയ്ക്കാൻ നിർബന്ധിക്കുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ ഈ നിയമം ഒന്നുകൂടി കർശനമാക്കിക്കൊണ്ട് എല്ലാ കെട്ടിടങ്ങളുടെ മുകളിലും രക്ഷാകവചം സ്ഥാപിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി ചർച്ചചെയ്തപ്പോൾ കിട്ടിയ വിവരം കൂടുതൽ കാര്യങ്ങൾ സംബന്ധിച്ച വ്യക്തത അവരുടെ കയ്യിലുമില്ല എന്നുള്ളതാണ്. തീർച്ചയായും കെട്ടിടങ്ങൾക്ക് സുരക്ഷിതത്വം ഉണ്ടാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിന് പ്രത്യേകിച്ച് നിയമനിർമ്മാണം ആവശ്യമാണോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബിൽഡിംഗ് റഗുലേഷൻസ്, നിലവിലുള്ള നിയമവുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങൾ ചെയ്യണം തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് തീരുമാനിക്കാവുന്ന കാര്യമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഇടിമിന്നൽ സ്ഥിരമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉള്ളതായി ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ; ആ സ്ഥിതിവിശേഷത്തെക്കുറിച്ച് വല്ല പഠനവും ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; അങ്ങനെയുള്ള പ്രദേശങ്ങളിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; മറ്റൊരു കാര്യം സുരക്ഷാ സംവിധാനം ഏർപ്പെടുത്തുവാനുള്ള ചെലവ് വളരെ കൂടുതലാണ്. സാധാരണക്കാർക്ക് ഇത് അപ്രാപ്യവുമാണ്. അപ്പോൾ എല്ലാ വീടുകളുടെ മുകളിലും സുരക്ഷാ സംവിധാനം ഏർപ്പെടുത്തണമെന്ന് നിർബന്ധിച്ചാൽ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം താങ്ങാനാകാത്തൊരു ബാധ്യതയായിവരും. അതുകൊണ്ട് ചെലവ് കുറഞ്ഞ സുരക്ഷാ സംവിധാനത്തെക്കുറിച്ച് എന്തെങ്കിലും ഗവേഷണം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; സാധാരണക്കാർക്ക് ആവശ്യമായ സഹായം ആ തരത്തിൽ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഇതുസംബന്ധിച്ച് പ്രത്യേക ഗവേഷണമൊന്നും നടത്തിയിട്ടില്ല. തീർച്ചയായും ഈ സാഹചര്യത്തെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. യഥാർത്ഥത്തിൽ പൊതുസമൂഹത്തിന് നല്ലൊരു തിരിച്ചറിവ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയും അതിനാവശ്യമായ രീതിയിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ മിന്നലാക്രമണത്തിന്റെ അപകടം കുറഞ്ഞുവരുന്ന സ്ഥിതിയാണുള്ളത്. പക്ഷേ ഇതെല്ലാമാണെങ്കിലും ഒരപകടം പോലുമില്ലാതിരിക്കത്തക്ക വിധത്തിൽ എന്തുചെയ്യാൻ കഴിയുമെന്നത് ശാസ്ത്രീയമായി പരിശോധിച്ച് തീരുമാനിക്കാവുന്ന കാര്യങ്ങളാണ്. അതിനാവശ്യമായ പരിശോധനകൾ നടത്തുന്നതാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, സംസ്ഥാനത്ത് മരണനിരക്ക് കുറയുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കാലാവസ്ഥ പ്രത്യേകിച്ച്, മഴക്കാലത്ത് വലിയ തോതിൽ ഇടിമിന്നലിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നു. വീടിനകത്തുള്ള മൊത്തം ഇലക്ട്രിക് - ഇലക്ട്രോണിക് സാധനങ്ങൾ, വീടിന്റെ ചുമര്, R.C. ബിൽഡിംഗ് ആണെങ്കിൽ അതിന്റെ ഭാഗങ്ങളെല്ലാം തകരുന്ന നില വരുന്നുണ്ട്. മുമ്പ് ഇടിമിന്നൽമൂലമുള്ള അപകടമരണത്തിന് യാതൊരു സഹായവും ലഭിച്ചിരുന്നില്ല. സംസ്ഥാന ഗവൺമെന്റ് ഇടപെട്ടതിനെത്തുടർന്നാണ് പിന്നീട് അതിനുള്ള സഹായം ലഭിച്ചത്. അതുപോലെ വീടുകൾക്കുകൂടി നഷ്ടപരിഹാരം കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ-എന്നതാണ് ചോദ്യം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2015-ലെ ദുരന്ത നിവാരണ നടപടികളുടെ ഭാഗമായി ഇടിമിന്നലേറ്റ് മരിക്കുന്ന ആളുകൾക്കുകൂടി സഹായം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഇത്തരം അപകടങ്ങളെത്തുടർന്ന് ഗൃഹോപകരണങ്ങൾ നശിക്കുന്നതുൾപ്പെടെയുള്ള മറ്റ് നാശനഷ്ടങ്ങൾകൂടി റിപ്പോർട്ട് ചെയ്യപ്പെടുന്നു. മിന്നലിനുള്ള സാദ്ധ്യത കാണുന്ന സാഹചര്യത്തിൽ പറ്റാവുന്നത്ര ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുകയും അത് ഡിസ്കണക്റ്റ് ചെയ്യുകയും ചെയ്തുകഴിഞ്ഞാൽ വീടുകളിലേയ്ക്കുള്ള അപകടം താരതമ്യേന കുറയും. ഏതായാലും ഇത്തരം നാശനഷ്ടങ്ങൾ സംഭവിച്ചാൽ സാമ്പത്തിക സഹായം ചെയ്യാനുള്ള വഴി എന്താണ്; അതിനെന്ത് ചെയ്യാൻ കഴിയും എന്നുള്ളത് പരിശോധിക്കാവുന്ന കാര്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇടിമിന്നൽ ഉണ്ടാകുന്നതിന് മഴ വേണമെന്ന് നിർബന്ധമില്ല. പാർലമെന്റ്, അസംബ്ലി സ്ഥാനാർത്ഥികളായ ഞാനും ശ്രീ. തോമസ് ചാഴികാടന്റെ സഹോദരൻ ബാബു ചാഴികാടനും ഒരുമിച്ച് യാത്ര ചെയ്യുകയായിരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽനിന്നും അതിരമ്പുഴയ്ക്ക് പോകുന്ന വഴിയിലാണ് പെട്ടെന്ന് ഇടിയുണ്ടാകുന്നത്, ഉടൻതന്നെ ഞങ്ങൾ ബോധരഹിതരാകുന്നു. ബാബു ചാഴികാടൻ മരിക്കുന്നു, ഞാൻ രക്ഷപ്പെടുന്നു, അദ്ദേഹത്തിന്റെ കഴുത്തിൽ സ്വർണ്ണമാല ഉണ്ടായിരുന്നു. അതുകൊണ്ടാകാം എന്ന് പറയുന്നവരുണ്ട്. മൈക്ക് സെറ്റ് ഉണ്ടായിരുന്നു, മൈക്ക് സെറ്റ് മുഴുവൻ പൊട്ടിത്തെറിച്ചുപോയി. എന്റെ അഭിപ്രായം ഇതിനെപ്പറ്റി ശാസ്ത്രീയമായൊരു പഠനം, ബോധവൽക്കരണം അനിവാര്യമാണ് എന്നതാണ്. ആ നിലയ്ക്ക് ഇതിന്റെ കാരണങ്ങളെക്കുറിച്ച് കണ്ടുപിടിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താൻ ദേശീയ ദുരന്തനിവാരണ അതോറിറ്റിയെ ഏൽപ്പിക്കുമോ; അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, തീർച്ചയായും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ഇതുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായൊരു പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് തന്നെയാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ലോഹം, ലോഹത്തകിട്, സ്വർണ്ണം ഉൾപ്പെടെയുള്ളവയെ മിന്നൽ കൂടുതൽ ആകർഷിക്കുന്നുവെന്ന രീതിയിലുള്ള അഭിപ്രായപ്രകടനമുണ്ട്. അതുപോലെ പൊതുസ്ഥലങ്ങളിൽ വാഹനങ്ങൾ നിർത്തിയിടുകയും ലോഹവുമായി ബന്ധമില്ലാത്തവിധം അതിലെ ആളുകൾ സുരക്ഷിതരായി ഇരിക്കുകയും ചെയ്താൽ താരതമ്യേന അപകടം കുറയ്ക്കാനാകും. ഏതായാലും ഇത്തരം വിഷയം സംബന്ധിച്ച് ഉയർന്നുവന്ന പ്രശ്നങ്ങൾക്ക് വ്യക്തമായൊരു നിഗമനം ശാസ്ത്രീയമായി കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഈ പ്രപഞ്ചത്തിൽ ഇടിമിന്നൽ മാത്രമല്ല ഇതുപോലെ ഒട്ടനവധി സംഭവങ്ങൾ രൂപപ്പെട്ടുവരുന്നുണ്ട്. അതിൽ മനുഷ്യന് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ള അറിവുകൾ വളരെ പരിമിതമാണ്. നമുക്ക് ഈ പ്രപഞ്ചരഹസ്യങ്ങളുടെ ചെറിയൊരു ശതമാനംപോലും കണ്ടെത്താൻ കഴിഞ്ഞുവെന്ന് ശാസ്ത്രം നിരീക്ഷിക്കുന്നില്ല. അത്തരമൊരു കാലഘട്ടത്തിൽ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാന്യരായ മെമ്പർമാരെല്ലാം ചൂണ്ടിക്കാണിച്ചൊരു കാര്യം ഇടിമിന്നലുണ്ടാകുന്നു, ഇതിന്റെ ഫലമായി ജീവനാശം സംഭവിക്കുന്നു, കെട്ടിടങ്ങൾക്ക് അപകടമുണ്ടാകുന്നു എന്നതാണ്. ഇന്നത്തെ കാലഘട്ടത്തിൽ നാം മൊബൈൽ ഫോണുകളും ടെലിഫോണും ധാരാളമായി ഉപയോഗിക്കുന്നു. ഇത് അപകടസാധ്യത വർദ്ധിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ഇത്തരം അപകടങ്ങളെക്കുറിച്ച് നമ്മുടെ പരിമിതിക്കകത്ത് നിന്നുകൊണ്ട് ചെയ്യാൻ കഴിയാവുന്ന ഒരു കാര്യം ബോധവൽക്കരണമാണ്. അത്തരമൊരു ബോധവൽക്കരണം പൊതുസമൂഹത്തിൽ സൃഷ്ടിക്കാൻ നമുക്ക് എന്താണ് ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണം. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, ഇതുസംബന്ധിച്ചുള്ള ജാഗ്രതയോടുകൂടിയുള്ള പഠനങ്ങളും അറിവുകളും ജനങ്ങൾക്ക് എത്രയുംപെട്ടെന്ന് കൈമാറാൻ അത്തരമൊരു സാഹചര്യം കൊണ്ട് സാധിക്കും. അതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, തീർച്ചയായും, ഇതുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ പഠനത്തിന് നമുക്കെല്ലാവർക്കും കൂട്ടായി മുൻകൈ എടുത്ത് പ്രവർത്തിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ അറിവിന്റെയടിസ്ഥാനത്തിലുള്ള ആ ചോദ്യം കേട്ടപ്പോൾ എനിക്കൊരു തമാശ തോന്നി. ഇടിവാളും ഇടിയും ഒരേ നിമിഷം ഉണ്ടാകുന്നതാണ്, അല്ലാതെ രണ്ടല്ല. ശബ്ദത്തേക്കാൾ വേഗത്തിൽ പ്രകാശം സഞ്ചരിക്കുന്നതുകൊണ്ടാണ് മിന്നൽ ആദ്യം കാണുന്നതും ശബ്ദം പിന്നീട് കേൾക്കുന്നതും. അതൊന്ന് പറഞ്ഞുകൊടുക്കണം, മനസ്സിലായില്ലേ; ഇതാണ് വസ്തുത. ഞാൻ ചോദ്യം ചോദിക്കുന്നതിനുമുൻപ് എനിക്ക് പ്രധാനപ്പെട്ടൊരു കാര്യം ഈ സഭയിൽ പറയാനുണ്ട്. കാരണം എല്ലാപേരും മറക്കുന്നത് ശരിയല്ല, ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനത്തിന് അങ്ങ് പുഷ്പാർച്ചന നടത്തി, പക്ഷെ അങ്ങയെ സ്മരിച്ചില്ല. ഈ സഭയുടെ നാഥനായ അങ്ങയുടെ ജന്മദിനമാണ് ഇന്ന്, അത് ആർക്കറിയാം. അങ്ങേയ്ക്ക് വളരെ ആത്മാർത്ഥമായി ഞങ്ങൾ ജന്മദിനാശംസകൾ അർപ്പിക്കുകയാണ്.

മി. സ്പീക്കർ: താങ്ക് യൂ......

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇനി ഞാൻ ചോദ്യത്തിലേയ്ക്ക് കടക്കട്ടെ. എന്റെ നിയോജകമണ്ഡലമായ പൂഞ്ഞാർ, മലയോര മേഖലയാണ്. അതിൽ അടിവാരം, കൈപ്പള്ളി, കുന്നോന്നി, ഇപ്പോൾ പാലായുടെ ഭാഗമായിരിക്കുന്ന കയ്യൂർ, എന്നീ മേഖലകളിൽ എല്ലാ വർഷവും ഇടിമിന്നലേറ്റ് അപകടമുണ്ടാകാറുണ്ട്. 2013-ന മുൻപ് കയ്യൂർ മേഖലയിൽ ഇടിവാളേറ്റ് 8 പേരാണ് മരിച്ചത്. ആ 8 പേരുടെ ശവസംസ്കാരത്തിൽ വേദനയോടുകൂടി പങ്കെടുത്തയാളാണ് ഞാൻ. ഇവിടെ ശാസ്ത്രീയമായ പഠനം നടത്തണമെന്ന് ഞാൻ പറയാൻ കാരണം, കയ്യൂർ മേഖലയിൽ, പള്ളിയുടെ മുകളിൽ അറസ്റ്റർ വച്ചിരിക്കുകയാണ്. ഒരു കാരണവർ എന്നോട് പറഞ്ഞു ഈ അറസ്റ്ററാണ് കുഴപ്പമെന്ന്. കാരണം വികർഷണമാണ്. ആ അറസ്റ്റർ ഞാൻ ബലമായി മാറ്റിച്ചു, മാറ്റിക്കഴിഞ്ഞ് ഇന്നുവരേയും അവിടെ ഒരാളും ഇടിവാളേറ്റ് മരിച്ചിട്ടില്ല. ഇത് ശാസ്ത്രീയമായ പഠനം ആവശ്യമായ കാര്യമാണ്, ബഹുമാനപ്പെട്ട മന്ത്രി അല്പം കൂടി,.... ശ്രീ. രമേശ് ചെന്നിത്തലയും ചാഴികാടനും ഒരടി അകലത്തിൽ നിൽക്കുമ്പോഴാണ് ഒരാൾ മരിക്കുന്നത്. മുകളിൽ പിടിച്ചുകൊണ്ട് നിന്ന ഞാൻ എന്റെ കണ്ണുകൊണ്ട് കണ്ടതാണ്. ഒരു ഇരുമ്പ് തകിടിൽ പിടിച്ചിരുന്ന ആൾ ഇടിവാളേറ്റ് ബോധംകെട്ടു വീണു, ഞാൻ അടുത്ത് നിൽക്കുകയായിരുന്നു. ചെരിപ്പ് ധരിച്ചിരുന്നതുകൊണ്ട് എനിക്കൊന്നും പറ്റിയില്ല, ഇത് വിശദമായൊരു പഠനം നടത്തേണ്ടതാണ്. അങ്ങ് അക്കാര്യം ചർച്ച ചെയ്യുമോ? സാധനങ്ങൾ ഉൾപ്പെടെ നഷ്ടപ്പെടുന്നതിന് നഷ്ടപരിഹാരം കൊടുക്കാനുള്ള സൻമനസ്സും ഗവൺമെന്റ് കാണിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട പി.സി. ജോർജ് അദ്ദേഹത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാന്യനായ മന്ത്രി ഉൾപ്പെടെയുള്ളവർ ആവശ്യപ്പെട്ടതനുസരിച്ചും പൊതുവായി ഈ സഭയുടെ വികാരമെന്ന രീതിയിലും ഈ പറഞ്ഞ വിഷയം സംബന്ധിച്ച് ശാസ്ത്രീയമായ പഠനത്തിനുള്ള എല്ലാ സാധ്യതകളും ആരായാവുന്നതാണ്.

**ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ**

2(* 392) <u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീ. കെ. രാജൻ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച വിവരങ്ങൾ റവന്യൂ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഉടമസ്ഥരില്ലാത്ത ഭൂമി സംബന്ധിച്ചും പുറമ്പോക്ക് ഭൂമി സംബന്ധിച്ചുമുള്ള വ്യക്തമായ വിവരങ്ങൾ കൈവശമുണ്ടോ;

(സി) മേൽപ്പറഞ്ഞ തരത്തിലുള്ള ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഏതൊക്കെ തരത്തിൽ ഉപയോഗപ്പെടുത്താമെന്ന് ആലോചിക്കുമോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, (എ) സർക്കാർവക ഭൂമി എന്നത് പുറമ്പോക്കോ പുറമ്പോക്കല്ലാത്ത സർക്കാർ ഭൂമിയോ ആകാം. സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുള്ളതാണ്. റവന്യൂ റിക്കാർഡുകൾ പ്രകാരം (ReLIS) സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം 2263267.36816 ഏക്കറാണ്. (915931.755632 ഹെക്ടർ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. എന്നാൽ പ്രസ്തുത സർക്കാർ ഭൂമിയിൽ ഉപയോഗിക്കാതെ കിടക്കുന്നതും ഇതിൽ ഉപയോഗിക്കാവുന്നതുമായ ഭൂമി സംബന്ധിച്ച വിവരശേഖരണം ജില്ലാ കളക്ടർ മുഖാന്തരം നടന്നുവരുന്നതാണ്.

| സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ | |
|---|---|
| ജില്ല | വിസ്തീർണ്ണം (ഹെ.ആർ.) |
| (1) | (2) |
| തിരുവനന്തപുരം | 40219.862764 |
| കൊല്ലം | 75502.487587 |
| പത്തനംതിട്ട | 14626.592675 |
| ആലപ്പുഴ | 15995.702721 |
| കോട്ടയം | 29291.889035 |
| ഇടുക്കി | 104777.24284 |
| എറണാകുളം | 101350.563115 |

| (1) | (2) |
|---|---|
| തൃശ്ശൂർ | 54551.23 |
| പാലക്കാട് | 163137.898416 |
| മലപ്പുറം | 74396.342463 |
| കോഴിക്കോട് | 41967.12434 |
| വയനാട് | 105204.926808 |
| കണ്ണൂർ | 91577.73423 |
| കാസർഗോഡ് | 3339.16216 |
| ആകെ | 915931.755632 ഹെക്ടർ<br>(2263267.36816 ഏക്കർ) |

(ബി) സംസ്ഥാനത്തെ ഉടമസ്ഥരില്ലാത്ത ഭൂമി സംബന്ധിച്ചും പുറമ്പോക്ക് ഭൂമി സംബന്ധിച്ചും വിവരങ്ങൾ റവന്യൂ വകുപ്പിൽ ലഭ്യമാണ്. സംസ്ഥാനത്ത് ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമികൾ 1964 -ലെ The Kerala Escheats and Forfeitures Act പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. അപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ നിലവിലെ വിസ്തീർണ്ണം 6282.67 ഏക്കറാണ്. (2542.559 ഹെക്ടർ). ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു:

| എസ്ചീറ്റ് ഭൂമി സംബന്ധിച്ച വിവരം | |
|---|---|
| ജില്ല | വിസ്തീർണ്ണം (ഹെ.ആർ.) |
| (1) | (2) |
| തിരുവനന്തപുരം | 3.1668 |
| കൊല്ലം | 0 |
| പത്തനംതിട്ട | 6.288 |

| (1) | (2) |
|---|---|
| ആലപ്പുഴ | 0 |
| കോട്ടയം | 0.0165 |
| ഇടുക്കി | 2.098 |
| എറണാകുളം | 0.2906 |
| തൃശ്ശൂർ | 0.2362 |
| പാലക്കാട് | 0.433 |
| മലപ്പുറം | 0.4059 |
| കോഴിക്കോട് | 1699.9793 |
| വയനാട് | 761.3067 |
| കണ്ണൂർ | 68.2894 |
| കാസർഗോഡ് | 0.0486 |
| ആകെ | 2542.559 |

(സി) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ഉടമസ്ഥരില്ലാത്ത ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 8-5-2019-ലെ സ.(സാധാ) നമ്പർ 1077/2019/റവന്യൂ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ഡി) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി കണ്ടെത്തി ആയത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായും ഭൂരഹിതരായുള്ള ആളുകൾക്ക് കൃഷി ചെയ്യുന്നതിനും ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായി പതിച്ച് നൽകുന്നതിനും സർക്കാരിന്റെ ലൈഫ് മിഷൻ പോലുള്ള പദ്ധതികൾക്കും കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള പദ്ധതികൾക്കും അനുവദിച്ചുവരുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഭൂമി സംബന്ധിച്ച് ഇതുവരെ ലഭിച്ചിട്ടുള്ള കണക്കും അത് ക്രമീകരിക്കുന്നതിനുള്ള സംവിധാനവും ഗവൺമെന്റ് ഏർപ്പെടുത്തിയതുമെല്ലാം അറിയുന്നത് സന്തോഷകരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റീ ബിൽഡ് കേരളയുമായി ബന്ധപ്പെട്ട് ചില ഉത്തരവുകൾ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയുടെ കാര്യത്തിൽ ആ കാര്യങ്ങൾ നടപ്പാക്കാനുള്ള ഉത്തരവാദിത്വം റവന്യൂ വകുപ്പും ബന്ധപ്പെട്ട വകുപ്പുകളും ശ്രദ്ധയോടെ ചെയ്യേണ്ടതാണ്. നദിക്കുള്ള ഭൂമി നദിക്ക് തന്നെ കൊടുക്കേണ്ടതാണെന്ന് ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ, കേരളത്തിൽ പലയിടത്തും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് കേരളം പുനർനിർമ്മിക്കാനും സംഘടിപ്പിക്കാനും ഗവൺമെന്റ് ശ്രമിക്കുമ്പോൾ പൊതുജനങ്ങളിൽ അത്തരം കാര്യങ്ങളിൽ വലിയ അവബോധം വരാതിരിക്കുന്നത് നമ്മുടെ മുമ്പിൽ ഭൂമിയെക്കുറിച്ചുള്ള ധാരണയിൽ വലിയ രീതിയിൽ പരിക്കേൽപ്പിക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ ക്രമീകരിക്കുന്നതിനും ഗവൺമെന്റിന്റെ ഭൂമി ഗവൺമെന്റിൽ സംരക്ഷിക്കുന്നതിനുമാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യണം. ഗവൺമെന്റിന്റെ അധീനതയിലുള്ളത് മൊത്തം റവന്യൂ ഭൂമിയല്ല. പുതിയ കേരളത്തിന്റെ നിർമ്മിതിക്ക് പര്യാപ്തമാകുന്ന തരത്തിൽ ഒരവബോധം സൃഷ്ടിക്കുന്നതിനും ത്രിതലപഞ്ചായത്തുൾപ്പെടെയുള്ള മറ്റെല്ലാ സംവിധാനങ്ങളിലും ആ അവബോധം നടപ്പാക്കിയെടുക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണം. അതോടൊപ്പം പല സ്ഥലത്തും റോഡ് പുതുക്കിപ്പണിയുമ്പോൾ കുറച്ച് ഭൂമി ബാക്കി വരുന്നുണ്ട്. ഇത്തരം ഭൂമി വളരെ വിലയുള്ളതായതുകൊണ്ട് അവിടെയുള്ള കയ്യേറ്റവും വളരെ വലുതാണ്. ഇതൊക്കെ ഉത്തരവാദിത്വപൂർണ്ണമായി ശ്രദ്ധിക്കുന്നതിൽ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് വലിയൊരു പങ്കുണ്ട്. അത്തരം കാര്യങ്ങൾ നടപ്പാക്കാനുള്ള ബോധപൂർവ്വമായ ഏകോപനവും ഇടപെടലും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള സംവിധാനവും ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധചെലുത്തി നടപ്പാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യത്തിനുള്ള മറുപടി മുമ്പ് ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. 18-05-2019-ൽ ഇതിന് ആവശ്യമായ നിർദ്ദേശം എല്ലാ തലങ്ങളിലും റവന്യൂ ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ളവരുടെ കൈവശമിരിക്കുന്ന vested with Panchayat or Municipalities ഇനത്തിൽപ്പെട്ട ഭൂമിയെക്കൂടി നിലനിർത്താനും സംരക്ഷിക്കാനും ഒരു ഏകോപനത്തിന്റെ ആവശ്യമുണ്ട്. ഇത്തരം കാര്യങ്ങൾ റവന്യൂ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് കൂടിയാലോചിച്ച് തീരുമാനിക്കുന്നതിനുള്ള സംവിധാനംകൂടി ഉണ്ടാക്കാവുന്നതാണ്. പുഴയുടെ

തീരങ്ങൾ, പുഴ പ്രദേശങ്ങൾ, പുറമ്പോക്ക് എന്നീ കാര്യങ്ങൾ സംബന്ധിച്ച് പലപ്പോഴും ആളുകളുടെ അവബോധമില്ലായ്മ മാത്രമല്ല ഭൂമിയുടെ മേൽ അത്യാഗ്രഹത്തോടെ ചെയ്യുന്ന കുറെ കാര്യങ്ങൾകൂടി ഇത്തരം സന്ദർഭങ്ങളിലുണ്ടെന്ന് നമ്മൾ കാണേണ്ടതായിട്ടുണ്ട്. അത്തരം കാര്യങ്ങൾ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുകയും ഭൂമി സംരക്ഷിക്കാനുള്ള സംവിധാനമുണ്ടാകുകയും ചെയ്യും. ലൈഫ് പദ്ധതിപ്രകാരം തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന് എങ്ങനെ ഭൂമി കണ്ടെത്താം, ഭൂരഹിതരായവർക്ക് ഭൂമി ലഭ്യമാക്കുക, അതോടൊപ്പം വിലപ്പെട്ട ഭൂമി ഉൾപ്പെടെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, റീ-സർവ്വേയുമായി ബന്ധപ്പെട്ട് പലയിടത്തും പലവിധ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ 2013 വരെ കരം വാങ്ങിയിരുന്നവർക്ക് ഇപ്പോൾ കരം കൊടുക്കാൻ പറ്റാത്തൊരു അവസ്ഥ നിലനിൽക്കുന്നുണ്ട്. അങ്ങ് അതെല്ലാം യോഗംവിളിച്ച് ക്രമീകരിക്കാനും മുന്നോട്ടുപോകാനും ശ്രമിക്കുന്നുണ്ട്. എന്നാലും അത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നത് അടിയന്തരമായി പരിഹരിക്കുന്നതിന് നിശ്ചയദാർഢ്യത്തോടും ശാസ്ത്രീയമായും വേഗത്തിലുമുള്ള ഒരു സംവിധാനം ഏർപ്പെടുത്തുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, റീ സർവ്വേയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പല ജില്ലകളിലുമുണ്ടായിട്ടുള്ള പരാതികളുടെ എണ്ണം വളരെ കൂടുതലാണ്. പല കാരണങ്ങളാലാണ് ഇത്തരം പരാതികൾക്ക് ഇടവരുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിന്റെ മറ്റ് വിശദാംശങ്ങളൊന്നും ഞാനിവിടെ പറയുന്നില്ല. ചിലയിടത്ത് സർക്കാർ ഭൂമിയുൾപ്പെടെ കൈവശപ്പെടുത്തി മതിലുകെട്ടി നിർത്തിയതിന്റെ ഫലമായി അത് അളന്ന് തിട്ടപ്പെടുത്തുമ്പോൾ അവിടെ കൂടുതൽ ഭൂമി കാണുന്നു. എന്നാൽ മറ്റ് ചില സ്ഥലങ്ങളിൽ തൊട്ടടുത്തുള്ള ഭൂമിയുടെ ഉടമസ്ഥർ തമ്മിലുള്ള തർക്കവിഷയവുമായി, കയ്യേറ്റത്തിന്റെ സ്വഭാവത്തിൽ ഒരാളുടേത് മറ്റൊരാളുടെ കൈവശമുണ്ടെങ്കിൽ അവിടെ കുറവ് വരുന്നതായി കാണുന്നു. പലവിധത്തിലുള്ള പ്രശ്നങ്ങളാണ് നടക്കുന്നത്. ചിലപ്പോൾ സർവ്വേ നടത്തുന്ന നടപടികളുടെ ഭാഗമായി എന്തെങ്കിലും പിശകുകൾ സംഭവിച്ചതുമാകാം. ഇത്തരം വിഷയങ്ങൾ വരുമ്പോൾ ഓരോ ജില്ലയിലും അതിന്റെ എണ്ണം പെരുകിവരുന്നതുകൊണ്ട് പ്രശ്നമുള്ള കേന്ദ്രങ്ങളിലെല്ലാം ഇത് അടിയന്തരമായി പരിഹരിക്കുന്നതിനുവേണ്ടി അഡീഷണൽ തഹസീൽദാർ ഉൾപ്പെടെയുള്ളവരുടെ ചുമതലയിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. പരാതികളിന്മേലുള്ള പ്രശ്നപരിഹാരത്തിന് വേണ്ടത്ര വേഗതയില്ലാത്തത്

സംബന്ധിച്ച് പല എം.എൽ.എ.-മാരും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും പ്രത്യേകമായി ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തി ആ നടപടികൾ പൂർത്തീകരിക്കാനുമുള്ള സംവിധാനമാണ് സ്വീകരിച്ചുവരുന്നത്. അത് തീർച്ചയായും പ്രത്യേകമായി പരിശോധിക്കാവുന്ന കാര്യമാണ്.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, 1973 മാർച്ച് 27-ന് തൃശ്ശൂർ ജില്ലയിലെ റവന്യൂ വനം വകുപ്പുകൾ പരസ്പരം ആലോചന നടത്തി അതിർത്തി നിശ്ചയിച്ച് ജണ്ടയിട്ട് തിരിച്ച ഒട്ടേറെ ഭൂമിയുണ്ട്. പാവപ്പെട്ട കർഷകർ ഇപ്പോഴും ആ മണ്ണിൽ പണിയെടുത്ത് ജീവിക്കുന്നവരാണെങ്കിലും റവന്യൂ രേഖകൾ പ്രകാരം അവരുടെ അധീനതയിലല്ലാതെ ഉപയോഗിക്കാൻ കഴിയാതെ കിടക്കുന്ന ഭൂമിയായി അതിപ്പോൾ മാറിയിരിക്കുകയാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് പ്രകടനപത്രികയിൽ പ്രഖ്യാപിച്ചതുപോലെ 1977-നുമുൻപ് കുടിയേറിയ കർഷകർക്ക് പൂർണ്ണമായും പട്ടയം കൊടുക്കുമെന്ന വാഗ്ദാനം നല്ലരീതിയിൽ അങ്ങയുടെ നേതൃത്വത്തിൽ നിർവ്വഹിക്കുന്നുണ്ട്. അതിന്റെ ഭാഗമായി കേന്ദ്ര പതിവ് ലിസ്റ്റിൽ പേരുള്ള ആളുകൾക്ക് ജെ.വി.ആർ. ഇല്ലെങ്കിലും പട്ടയം കൊടുക്കാമെന്നും മരവില നിശ്ചയിക്കുന്നതിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കാമെന്നും ആവശ്യമായ രേഖകളില്ലാത്ത പ്രശ്നങ്ങൾ തർക്കരഹിതമായി പരിഹരിക്കാമെന്നുമുള്ള ആദ്യഘട്ടത്തിന് ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. 26-6-2019-ൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് ഓർഡർ ഇറങ്ങുകയും ചെയ്തു. മന്ത്രിമാരായ ശ്രീ. എ. സി. മൊയ്തീന്റെയും ശ്രീ. വി. എസ്. സുനിൽകുമാറിന്റെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ ഞാനുമുൾപ്പെടെ പങ്കെടുത്ത ഒരു യോഗത്തിൽ നടപടിക്രമങ്ങൾ വേഗത്തിലാക്കാനുള്ള നടപടിയെടുക്കുകയും ചെയ്തു. നടപടിക്രമങ്ങൾ എളുപ്പമാക്കാനാവശ്യമായ ജി.പി.എസ്. സംവിധാനം, സർവ്വേ ഉദ്യോഗസ്ഥരുൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥർ എന്നിവരെയെല്ലാം റവന്യൂ വകുപ്പ് കൊടുത്തുകൊണ്ടിരിക്കുകയാണ്; അത് വളരെ സന്തോഷകരമാണ്. ഇതിനാവശ്യമായ ഒരു സ്പെഷ്യൽ ഓഫീസ് തൃശ്ശൂരിൽ ആരംഭിക്കുന്ന കാര്യത്തിൽ അങ്ങ് അനുഭാവപൂർണ്ണമായ നിലപാട് എടുക്കുമോ; നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്ത് പൊതുവിൽ വനഭൂമി കൈവശം വച്ചിട്ടുള്ളവരുടെ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച സമീപനമുണ്ട്. അതായത്, 1-1-1977-നുമുമ്പ് കൈവശമുണ്ടായിരുന്ന ഭൂമി പതിച്ചുനൽകുന്നതിന് സ്വീകരിച്ച നടപടി തൃശ്ശൂർ ജില്ലയിൽ മാത്രമല്ല, പത്തനംതിട്ട, കോട്ടയം, ഇടുക്കി തുടങ്ങി എല്ലാ പ്രദേശങ്ങളിലുമുള്ള ഭൂമിക്ക് ബാധകമായ വിധത്തിൽത്തന്നെയാണ് 22-6-2019-ന് സർക്കാർ പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിച്ചത്. കൈവശമിരിക്കുന്ന അത്തരം

ഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയെങ്കിലും തൃശ്ശൂർ പോലെയുള്ള ചില സ്ഥലങ്ങളിൽ അതുമായി ബന്ധപ്പെട്ട രേഖകൾ കാണാത്ത വിഷയങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനായി ഫോറസ്റ്റ്, റവന്യൂ ഡിപ്പാർട്ട്മെന്റുകൾ സംയുക്തമായി യോഗം ചേർന്ന് തീരുമാനം എടുക്കുകയുണ്ടായി. പഴയ കാലത്ത് കണക്കാക്കിയ മരങ്ങൾ ഉൾപ്പെടെ ഈ ഭൂമിയിലുള്ളത് ഇപ്പോൾ നാമാവശേഷമായിട്ടുണ്ട്. അത്തരം മരങ്ങളുടെ വില നിശ്ചയിക്കുന്നത് സംബന്ധിച്ചുണ്ടായിരുന്ന തർക്കങ്ങൾ പരിഹരിക്കാനുള്ള നടപടി ഉൾപ്പെടെ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലയിലും ഇത് വേഗതയിൽ നടത്തുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ താലൂക്കുകളിൽ അതുമായി ബന്ധപ്പെട്ട് പരിശോധന നടത്താനുള്ള തഹസീൽദാരുടെ ചുമതലയിലാണ് ഇക്കാര്യങ്ങൾ നടന്നുവരുന്നത്. അത് വേഗതയിൽ നടക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു സ്പെഷ്യൽ ഓഫീസ് എന്നതുകൊണ്ട് ബഹുമാനപ്പെട്ട അംഗം എന്താണ് ഉദ്ദേശിക്കുന്നതെന്നറിയില്ല. ജില്ലയിലുള്ള ഉദ്യോഗസ്ഥരെ പ്രത്യേകമായി ചുമതലപ്പെടുത്തി ആവശ്യമായ വേഗതയിൽ കാര്യങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ഗീതാ ഗോപി: സർ, പുറമ്പോക്ക് ഭൂമി കണ്ടെത്തി അവ ഉപയോഗപ്പെടുത്തുന്ന രീതി വളരെ കൃത്യതയോടുകൂടി ചെയ്യാൻ അങ്ങേയ്ക്ക് കിട്ടിയ ഒരവസരം തന്നെയാണിത്. പ്രളയവും ഓഖി ദുരന്തവും വന്നപ്പോൾ സർക്കാർ ഭൂമി കണ്ടെത്തി അതിൽ ഫ്ലാറ്റുകളും മറ്റ് അനുബന്ധ വികസനങ്ങളും ഉൾപ്പെടെ ചെയ്തു. ജനങ്ങൾക്ക് പുനരധിവാസ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സ്ഥലം കണ്ടെത്തിയാൽ അതിന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കി സർക്കാരിന് അനുകൂലമാക്കുന്ന രീതിയിലേയ്ക്ക് കൊണ്ടുവരാൻ അങ്ങയുടെ കീഴിൽ റവന്യൂ വകുപ്പ് വളരെ ഉദാരമനസ്സോടുകൂടിയും വേഗത്തിലുമുള്ള സമീപനം സ്വീകരിക്കുന്നുണ്ട്; ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. എന്റെ മണ്ഡലത്തിൽ കുറച്ച് ഭൂമി കാടുപിടിച്ച് കിടന്ന അവസരത്തിൽ വില്ലേജ് ഓഫീസറെയും ഡെപ്യൂട്ടി തഹസീൽദാറെയും തഹസീൽദാറെയും വിളിച്ച് സർവ്വേ നടത്തി ഒന്നര ഏക്കർ ഭൂമി അവിടെ കണ്ടെത്തി. അന്വേഷണം നടത്തിയപ്പോൾ അത് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഭൂമിയാണ്. അതിൽ 50 സെന്റ് ഭൂമി ഫയർ സ്റ്റേഷൻ പണിയാൻ വിട്ടുകൊടുത്തിരിക്കുകയാണ്. പുനരധിവാസ സംവിധാനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുമ്പോൾ അത് ജനങ്ങളിൽ വലിയൊരു ആത്മവിശ്വാസമാണ് ഉണ്ടാക്കുന്നത്. ഇപ്പോൾ ഒരേക്കർ ഭൂമി അവിടെ ബാക്കി കിടക്കുകയാണ്. രണ്ടുമൂന്ന് പദ്ധതികൾക്കായി ആ ഒരേക്കർ ഭൂമിയുടെ നിർവ്വഹണം നടത്തണമെന്നാവശ്യപ്പെടുമ്പോൾ, റവന്യൂ തലത്തിൽ ബന്ധപ്പെട്ട ഡിസ്ട്രിക്ട്

ബോർഡിന്റെ ഏകോപനം നടത്തി വേഗത്തിൽ ചെയ്യുന്നതിന് നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അനധികൃതമായി കയ്യേറിയിട്ടുള്ള സർക്കാർ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇക്കാലയളവിൽ സ്വീകരിച്ചിട്ടുള്ളതെന്നുകൂടി വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അനധികൃതമായി കയ്യേറി കൈവശം വച്ചിരിക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയുൾപ്പെടെ തിരിച്ചെടുക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വളരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുമാന്യയായ എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച ഒന്നര ഏക്കർ ഭൂമിയിൽ അര ഏക്കർ ഇപ്പോൾ ഉപയോഗിച്ചതും അവശേഷിക്കുന്ന ഭൂമിയുടെ പ്രശ്നങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി മനസ്സിലാക്കി അതിന്റെ തുടർനടപടികൾ, അവിടെ എന്താണ് ആരംഭിക്കാൻ കഴിയുക, എന്തിനാണ് അത് ആവശ്യപ്പെട്ടിരിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഭൂമിക്ക് വിലയില്ലാതിരുന്ന 19-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ ഭൂനികുതി അടയ്ക്കുക എന്നതായിരുന്നു ഭൂവുടമകൾക്ക് ഏറ്റവും പ്രയാസകരമായ കാര്യം. ഭൂമി വെറുതെ കിടന്നാൽ നികുതി ലഭിക്കില്ലെന്നതുകൊണ്ട് ആ ഭൂമി ആർക്കെങ്കിലും പതിച്ച് നൽകി നികുതി അടപ്പിക്കുക എന്നതായിരുന്നു സർക്കാരിന്റെ പ്രധാന ജോലി. അക്കാലത്ത് ചതുപ്പുകൾ, പാറകൾ, കുളങ്ങൾ, ആരാധനാലയങ്ങൾ മുതലായവ 1896-ലെ മലബാർ ലാന്റ് രജിസ്ട്രേഷൻ ആക്ട് പ്രകാരം നികുതി ഒഴിവാക്കി 'നികുതി കെട്ടാത്ത (നി.കെ)' ഭൂമിയായി പ്രഖ്യാപിച്ചിരുന്നു. ഈ നിയമം റദ്ദാക്കിയിട്ടും വില്ലേജ് ഉദ്യോഗസ്ഥരുടെ അറിവില്ലായ്മയും അനാസ്ഥയുംമൂലം മലബാർ മേഖലയിൽ സ്വകാര്യ കൈവശത്തിലുള്ള 'നി.കെ.' ഭൂമിക്ക് ഇപ്പോഴും നികുതി ഒടുക്കിനൽകുന്നില്ലെന്ന പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, പഴയ മലബാറിൽ 1858-1904 കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള ചില നടപടികളുടെ ഭാഗമാണിത്. ആ കാലഘട്ടത്തിൽ ഭൂമിയിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂനികുതി ഈടാക്കിക്കൊണ്ടിരുന്നത്. കുളമുള്ള സ്ഥലങ്ങൾ, പാറയുള്ള സ്ഥലങ്ങൾ ഉൾപ്പെടെ യാതൊരുവിധ വരുമാനവുമില്ലാത്ത ഭൂമിയെ നികുതി കെട്ടാത്ത (നി.കെ.) ഭൂമി എന്ന രീതിയിൽ മാറ്റിവയ്ക്കപ്പെട്ടിരുന്നതാണ്. അത്തരം ഭൂമിയുടെ കാര്യത്തിൽ തീർച്ചയായും പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ലഭിച്ച വിവരമനുസരിച്ച് പ്രസ്തുത ഭൂമി പഴയ കാലത്ത് നികുതി കെട്ടാത്ത ഭൂമി എന്ന തരത്തിൽ തിരിച്ചുവച്ചതാണ്. ആ ഭൂമിയെല്ലാം സർക്കാർ ഭൂമിയായി മാറിയ സാഹചര്യത്തിലും സർക്കാരിന്റെ നിയന്ത്രണത്തിൽ വന്നിരിക്കുന്ന സാഹചര്യത്തിലും അതിപ്പോൾ ആരുടെ കൈവശമാണ്, അത് എങ്ങനെയുള്ള ഭൂമിയാണ് എന്നതെല്ലാം പരിശോധിച്ച് നികുതി ചുമത്തുന്നതിനുള്ള നിയമപരമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പാട്ടത്തിനെടുത്ത്, തിരുവനന്തപുരത്ത് പല ക്ലബ്ബുകളും വരുത്തുന്ന ലക്ഷങ്ങളുടെ നികുതി കുടിശ്ശികയെപ്പറ്റിയുള്ള വാർത്തകൾ വായിക്കാറുണ്ട്. ഈ കുടിശ്ശികക്കാരെല്ലാം ക്ലബ്ബുകൾ നയിക്കുന്ന സംസ്ഥാന ഗവൺമെന്റിലെ ഉന്നത ഉദ്യോഗസ്ഥരാണ്. കേരളം അതിരൂക്ഷമായ സാമ്പത്തിക പ്രയാസം നേരിടുന്ന അവസരത്തിൽ നാമമാത്രമായ പാട്ടത്തുക ഈടാക്കാൻ നടപടി സ്വീകരിക്കാമോ; ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ വിഷയം സംബന്ധിച്ച് ഞാൻ ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 1156 കോടി രൂപ ഇത്തരത്തിൽ നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അന്ന് ചൂണ്ടിക്കാണിച്ചിരുന്നു. ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ സമീപത്തുള്ള ക്ലബ്ബുകൾ നടത്തുന്നവർ ഉൾപ്പെടെയുള്ള ആളുകൾ വർഷങ്ങളായി പാട്ടത്തുക അടയ്ക്കാത്ത സ്ഥിതി നിലവിലുണ്ട്. അത്തരം ക്ലബ്ബുകൾക്ക് നോട്ടീസ് നൽകാനും തുടർനടപടികളുമായി മുന്നോട്ടുപോകാനും നികുതിപ്പണം പിരിച്ചെടുക്കാനും പണമടച്ച് ലീസ് പുതുക്കാൻ തയ്യാറാകാത്ത ആളുകളുടെ കാര്യത്തിൽ ഭൂമി തിരിച്ചെടുക്കാനുമുള്ള നടപടി സ്വീകരിക്കാൻ തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, റവന്യൂ രേഖകളിലൊന്നും കാണാത്ത കടൽവച്ച കരകളുണ്ട്. കൊച്ചി മണ്ഡലത്തിൽ ഫോർട്ട് കൊച്ചി തെക്കുഭാഗത്ത് ബീച്ച് റോഡ് പരിസരത്ത് അത്തരത്തിലുള്ള ഭൂമിയുണ്ട്. 70 വർഷങ്ങൾക്കുമുമ്പ് മുതൽ അവിടെ ആളുകൾ താമസിക്കുകയാണ്. അവിടെ മത്സ്യത്തൊഴിലാളികളുടെ കോളനികൾ തന്നെയുണ്ട്. യഥാർത്ഥത്തിൽ അവർക്ക് സ്ഥലത്തിന്റെ പട്ടയം കിട്ടിയിട്ടില്ല. അതിന് പറയുന്ന കാരണം, അത് ഭൂമിയായി കാണുന്ന ഒരു രേഖയും ഇല്ല എന്നതാണ്. അത് കടൽവച്ച ഭൂമിയാണ്. അത്തരം ഭൂമി കൈവശം വച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളടക്കമുള്ളവർക്ക് അത് പതിച്ചുനൽകുന്നതിനാവശ്യമായ നടപടി എവിടെവരെയായിയെന്ന് പറയാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത്തരം ഭൂമി പതിച്ചുനൽകുന്നതിന് നിലവിലുള്ള നിയമമനുസരിച്ച് ചില പ്രയാസങ്ങളുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കടൽവച്ച ഭൂമി എന്നുപറഞ്ഞാൽ കടൽ തൽക്കാലത്തേയ്ക്ക് ഉപേക്ഷിച്ചുപോയി എന്നാണ് അർത്ഥമാക്കുന്നത്.

മി. സ്പീക്കർ: പോയതുപോലെ തിരിച്ചുവരാനും സാധ്യതയുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത്തരം ഭൂമി നമ്മുടെ സംസ്ഥാനത്തെ ഭൂമിയുടെ അളവിൽ ഉൾപ്പെട്ടിട്ടുള്ളതല്ല എന്നതാണ് പ്രധാനപ്പെട്ട വിഷയം. അത്തരമൊരു സാഹചര്യത്തിൽ ആ ഭൂമിയിൽ അധിവസിക്കുന്നവരെ സംരക്ഷിക്കാനും നിലനിർത്താനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രശ്നമില്ല. സംസ്ഥാനത്ത് നിലവിൽ രേഖകളില്ലാത്ത ഭൂമി പതിച്ചുനൽകുന്നതിനുള്ള തടസ്സം നമ്മുടെ മുന്നിലുണ്ട്. എങ്ങനെയാണ് ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുക എന്നത് പരിശോധിക്കാവുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ അനധികൃതമായി നിരവധി ഭൂമി ആളുകൾ കൈവശം വച്ചിട്ടുണ്ട്. അതിൽ ചില പാട്ടഭൂമികൾ സർക്കാർ തിരിച്ച് വിലയ്ക്ക് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എന്റെ മണ്ഡലത്തിൽ അമല കാൻസർ ഹോസ്പിറ്റലിന്റെ ഏതാണ്ട് രണ്ടരയേക്കർ പാട്ടഭൂമി സർക്കാർ വിലകൊടുത്ത് തിരിച്ച് വാങ്ങുകയും അതിനുപകരം കൊഴിഞ്ഞാംപാറ, ചിറ്റൂർ പ്രദേശങ്ങളിലായി ഏതാണ്ട് 25 ഏക്കറോളം സർക്കാരിലേയ്ക്ക് അവർ വാങ്ങിത്തരികയും ചെയ്തു. അതോടൊപ്പം അതിന്റെ വാല്യുവേഷൻ ക്ലിയറാക്കാൻ വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ താലൂക്കിലെ അടാട്ട് പഞ്ചായത്തിലെ നാലര ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് കൊടുത്തിട്ടുമുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകാതെ ഈ നാലരയേക്കർ ഭൂമി ഇപ്പോഴും സർക്കാരിന്റേതാണോ അമല ആശുപത്രിയുടെതാണോ എന്ന് മനസ്സിലാകാതെ കിടക്കുകയാണ്. ആ നാലരയേക്കർ ഭൂമി കിട്ടിയാൽ വലിയ ഫ്ലാറ്റ് സമുച്ചയം ലൈഫ് പദ്ധതിയിൽ കൊണ്ടുവരാൻ കഴിയുന്നതാണ്. ഇക്കാര്യത്തിൽ കൃത്യമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റേത് പ്രത്യേക ചോദ്യമല്ലാത്തതുകൊണ്ട് വ്യക്തമായ മറുപടി പറയുക എളുപ്പമല്ല. ഇക്കാര്യം സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. വിശദമായി പരിശോധിച്ചശേഷം നടപടി സ്വീകരിക്കാം.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേരളത്തിൽ നിരവധി പുഴകളും തോടുകളും ഉണ്ടെന്ന് നമുക്കറിയാം. അവയുടെ തീരങ്ങൾ അതിർത്തി നിശ്ചയിക്കാൻ

കഴിയാതെ പലരും കൈവശപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇറിഗേഷൻ/ റവന്യൂ വകുപ്പുകളും പഞ്ചായത്തും ചേർന്ന് അളന്ന് തിട്ടപ്പെടുത്തി പുറമ്പോക്കുകൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട 9 നദികളാണ് സംസ്ഥാനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്നത്. തോടുകളുടെയും പുഴകളുടെയും തീരങ്ങളിൽ വലിയ തോതിലുള്ള കയ്യേറ്റമുണ്ടെന്നുള്ളത് വസ്തുതയാണ്. അവിടെ ആളുകൾ കൂട്ടമായി താമസിക്കുന്നുണ്ടെന്ന വസ്തുത നമ്മുടെ മുന്നിലുണ്ട്. അത്തരം ആളുകളെ അവിടെ നിന്നും മാറ്റിത്താമസിപ്പിക്കാനുള്ള സംവിധാനമുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടുമാത്രമേ നദികളുടെയും തോടുകളുടെയും തീരങ്ങൾ പരിശോധിക്കാനും അവരെ പുനരധിവസിപ്പിക്കാനും കഴിയൂ. ബന്ധപ്പെട്ട വകുപ്പുകളുടെയെല്ലാം സംയുക്ത ആലോചനയിലൂടെ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നദികളുടെയും തോടുകളുടെയും തീരങ്ങൾ പരിശോധിക്കാനും അതിനാവശ്യമായ നടപടി സ്വീകരിക്കാനും സർക്കാർ മുന്നോട്ടുപോകുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, വിവിധ വകുപ്പുകളുടെ ഉപയോഗശൂന്യമായ ഭൂമി ഒരു വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിലേയ്ക്ക് പൊതു ആവശ്യത്തിനായി കൈമാറുന്നതിൽ കാലതാമസമുണ്ടാകുകയാണ്. കാരണം, ഇതിന്റെ നടപടികൾ പൂർത്തീകരിച്ചുവരുന്നതിന് വളരെയേറെ സമയമെടുക്കുന്നുണ്ട് എന്നതാണ്. എന്റെ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിലുണ്ടായിരുന്ന 50 സെന്റ് ഭൂമി കോടതി ആവശ്യത്തിന് ലഭ്യമാക്കുന്നതിനായി ജലസേചന വകുപ്പുമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും ഇടപെടലുണ്ടായിട്ടും ഏകദേശം രണ്ട് വർഷത്തെ കാലതാമസമുണ്ടായി. സമാനരീതിയിൽ അവിടെ പുതിയതായി ആരംഭിക്കുന്ന ഐ.റ്റി.ഐ.-യ്ക്കുവേണ്ടി റവന്യൂ വകുപ്പിന്റെ മൂന്നര ഏക്കർ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിലും വലിയ കാലതാമസമുണ്ടാകുന്നുണ്ട്. ഭൂമി സ്വകാര്യ വ്യക്തികൾക്കല്ല നൽകുന്നത്. ഒരു വകുപ്പിന്റെ കൈവശമുള്ള ഭൂമി മറ്റൊരു വകുപ്പിന് പൊതു ഉപയോഗത്തിനുവേണ്ടി കൈമാറുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ കാര്യത്തിൽ ചില വകുപ്പുകൾ നേരിട്ട് മറ്റൊരു വകുപ്പിന് ഭൂമി കൈമാറുന്ന നടപടി പലപ്പോഴും സ്വീകരിച്ചിട്ടുണ്ട്.

നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഏത് വകുപ്പിന്റെ കൈവശമുള്ള ഭൂമിയാണെങ്കിലും മറ്റൊരു വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി മാറ്റി കൊടുക്കേണ്ടതുണ്ടെങ്കിൽ നിലവിൽ ഭൂമി കൈവശമുള്ള വകുപ്പ് റവന്യൂ വകുപ്പിനെ അറിയിക്കുകയും റവന്യൂ വകുപ്പ് പുതിയ വകുപ്പിന് നൽകുകയുമാണ് ചെയ്യേണ്ടത്. ഒരു വകുപ്പിൽനിന്നും മറ്റൊരു വകുപ്പിലേയ്ക്കുള്ള മാറ്റമെന്ന നിലയിൽ സർക്കാരിന്റെ താല്പര്യമനുസരിച്ച് എത്രയുംപെട്ടെന്ന് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. വകുപ്പുകൾ നേരിട്ട് ഭൂമി കൈമാറ്റം നടത്താൻ ശ്രമിച്ച് കാലതാമസം വന്നതിനുശേഷം റവന്യൂ വകുപ്പിനെ അറിയിച്ച് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് പലപ്പോഴും കാലതാമസം ഉണ്ടാകുന്നത്. റവന്യൂ വകുപ്പ് വഴി പുതിയ വകുപ്പിലേയ്ക്ക് ഭൂമി കൈമാറ്റം ചെയ്യാൻ ശ്രമിച്ചാൽ വേഗതയിൽ നടത്താൻ സാധിക്കും. എന്തെങ്കിലും തരത്തിലുള്ള കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ അത്തരം കാര്യങ്ങളിൽ തീർച്ചയായും ഇടപെടാവുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, സംസ്ഥാനത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഉപയോഗിക്കാത്ത ഭൂമി തിരിച്ചെടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സെല്ലിന്റെ പ്രവർത്തനപുരോഗതി എന്താണെന്ന് വിശദമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ കഴിഞ്ഞയാഴ്ച സഭയിൽ ഇതുസംബന്ധിച്ച മറുപടി പറഞ്ഞതാണ്. അതിനായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സെല്ലിന്റെ പ്രവർത്തനം നടക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ള ഭൂമിയുടെ കാര്യത്തിൽ കൃത്യമായ കണക്കുകൾ ശേഖരിക്കുന്നതിനുള്ള നടപടികൾ നടപ്പാക്കുന്നുണ്ട്. അത് പൂർണ്ണമായും സാധ്യമാകുന്ന കാര്യവുമാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, വികസനകാര്യങ്ങൾക്കുവേണ്ടി ഭൂമി ആവശ്യമായി വരുമ്പോൾ ഒരു വകുപ്പിലെ ഭൂമി മറ്റൊരു വകുപ്പിലെ വികസന കാര്യങ്ങൾക്ക് നൽകുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ അതിസങ്കീർണ്ണമാണ്. ആയതിനാൽ റവന്യൂ വകുപ്പ് വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഭൂമി ശേഖരിച്ച് ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടത് ആവശ്യമാണ്. വിവിധ തരത്തിലുള്ള പൊതു ആവശ്യങ്ങൾക്ക് ഭൂമി ആവശ്യമായി വരുമ്പോൾ കാലതാമസംകൂടാതെ നൽകുന്നതിനുള്ള സംവിധാനം രൂപപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ നേരത്തെ പറഞ്ഞ മറുപടിയിൽ ഉൾപ്പെട്ടതാണ് ഇക്കാര്യം. തീർച്ചയായും ഇതുമായി ബന്ധപ്പെട്ട് എത്ര ഭൂമി വിവിധ വകുപ്പുകളുടെ കൈവശമുണ്ടെന്ന കണക്ക് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കയ്യിലുണ്ട്. അത് പരിശോധിച്ച് പരിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കാം; വേഗതയിൽ നടത്താനുള്ള നടപടികളും മുന്നോട്ടുകൊണ്ടുപോകുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വിവിധ എസ്റ്റേറ്റുകളിൽ നിന്നായി ലാൻഡ് ബോർഡ് അവാർഡ് ചെയ്ത 1400 ഏക്കറിലധികം ഭൂമി സംസ്ഥാന സർക്കാരിലേയ്ക്ക് വരേണ്ടതുണ്ട്. മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതുമാണ്. പത്തും നാൽപ്പതും വർഷങ്ങളായി കോടതി വ്യവഹാരത്തിന്റെ മറവിൽ ഈ ഭൂമി എസ്റ്റേറ്റ് മാനേജ്മെന്റുകൾ കൈവശം വച്ചിരിക്കുന്ന സാഹചര്യമുണ്ട്. Poabs Estate, Bethel Plantations, Haileyburia Tea Company ഉൾപ്പെടെ 27-ഓളം മേജർ എസ്റ്റേറ്റുകളാണ് പീരുമേട് താലൂക്കിൽ മാത്രമായുള്ളത്. അങ്ങ് ഇടുക്കിയുമായി ബന്ധപ്പെട്ട കണക്കുകൾ ഇവിടെ പറഞ്ഞു. ഈ വ്യവഹാരങ്ങൾ സമയബന്ധിതമായി അവസാനിപ്പിച്ച് തോട്ടം തൊഴിലാളികൾക്കെങ്കിലും വീട് വയ്ക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ ഗവൺമെന്റ് നടത്തുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, തോട്ടം തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുള്ള, പ്രത്യേകിച്ച് ലേബർ ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ, ആലോചനകളും ചർച്ചകളുമായി മുന്നോട്ടുപോകുകയാണ്. അതിനാവശ്യമായ ഇടപെടൽ നടത്താവുന്നതാണ്. ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിൽ കോടതികളിൽ നിലവിലിരിക്കുന്ന വ്യവഹാരങ്ങൾ എത്രയുംപെട്ടെന്ന് പരിഹരിക്കുക എന്നതുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിന് ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ട്. തീർച്ചയായും ഇത്തരം കേസുകളുടെ കാര്യത്തിൽ ഇനിയും വേഗത വരുത്തുന്നതിനുള്ള ഇടപെടൽ നടത്താവുന്നതാണ്.

### റോഡ് ശൃംഖലയുടെ മുഖഛായ മാറ്റുന്നതിനുള്ള പ്രവർത്തനം

3 (*393) ശ്രീ. വി. ജോയി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത രണ്ട് വർഷത്തിനുള്ളിൽ ആറായിരം കിലോമീറ്റർ റോഡ് നിർമ്മാണംകൂടി പൂർത്തിയാക്കി ഗുണനിലവാരത്തിലും ദൈർഘ്യത്തിലും സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ മുഖച്ഛായ മാറ്റുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പാരിസ്ഥിതിക അവബോധം വർദ്ധിച്ചുവരുന്നതിന്റെ ഭാഗമായി പാറയുടെ ലഭ്യതക്കുറവ് നിർമ്മാണ പുരോഗതിയെ ബാധിക്കാതിരിക്കാനായി എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ ആരായുന്നുണ്ടോ;

(സി) നിർമ്മാണത്തിലെ അപാകതകൊണ്ടും പാതയോരങ്ങളിലെ കയ്യേറ്റങ്ങൾകൊണ്ടും ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനായി പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, (എ) ചോദ്യകർത്താവ് ശ്രീ. വി. ജോയി അടക്കം ചോദിച്ചിരിക്കുന്ന കാര്യത്തിൽ കംപ്യൂട്ടർ നെറ്റ്‌വർക്ക് സംവിധാനം ഉൾപ്പെടെയുള്ള റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി നാലായിരത്തിമുന്നൂറ് കി.മീ. റോഡിന്റെ സർവ്വേ നടത്താനുള്ള തീരുമാനമെടുത്തു. നോഡൽ ഏജൻസിയായി ന്യൂഡൽഹി ആസ്ഥാനമായ കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ഈ വർഷം ജൂൺ 19-ാം തീയതി 18 മാസക്കാലാവധിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന്റെ ചെലവ് ലോക ബാങ്ക് പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസന ഫണ്ട്, കെ.എസ്.റ്റി.പി.-യിൽ നിന്ന് അനുവദിച്ചു. ഒക്ടോബർ 11 മുതൽ സർവ്വേ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ഫെബ്രുവരിയോടെ 14 ജില്ലകളിലെയും സർവ്വേ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടിയുള്ള ഡാറ്റ അനാലിസിസ് സോഫ്റ്റ്‌വെയറുകൾ ഐ.റ്റി. സെൽ/കെ.എസ്.റ്റി.പി. മുഖാന്തരം ടെണ്ടർ ചെയ്യാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു.

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ അവസ്ഥ, വാഹന സാന്ദ്രത, ഗുണനിലവാരം എന്നിവയുടെ തുടർച്ചയായ വിശകലനത്തിനുവേണ്ടി കംപ്യൂട്ടർ നെറ്റ്‌വർക്ക് സംവിധാനം ഉൾപ്പെടെയുള്ള നിരത്ത് പരിപാലന നിർവ്വഹണ പദ്ധതി (റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം-ആർ.എം.എം.എസ്.) നടപ്പിലാക്കാനുള്ള നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. ഇതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ നാലായിരത്തി മുന്നൂറ് കി.മീ. റോഡിന്റെ സർവ്വേ നടത്തുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനായി നോഡൽ ഏജൻസിയായി ന്യൂഡൽഹി ആസ്ഥാനമായ കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി (സി.ആർ.ആർ.ഐ.) 19-6-2019-ന് 18 മാസകാലാവധിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സി.ആർ.ആർ.ഐ.-യ്ക്ക് നാലായിരം കിലോമീറ്റർ റോഡിൽ സർവ്വേ നടത്തുന്നതിനായി ലോക ബാങ്ക് പദ്ധതിയായ കെ.എസ്.റ്റി.പി.-യിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയെ മുൻനിർത്തി വിവിധ സംസ്ഥാനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതും വാഹന സാന്ദ്രത കൂടിയതുമായ സംസ്ഥാന പാതകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, വാണിജ്യ വ്യവസായ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളും ഉൾപ്പെട്ട ശൃംഖലയായ കോർ റോഡ് നെറ്റ്‌വർക്കിന്റെ അന്തിമ പട്ടിക തയ്യാറായിവരുന്നു.

നെറ്റ്‌വർക്ക് സർവ്വേ വെഹിക്കിൾ (എൻ.എസ്.വി.) ഒക്ടോബർ ആദ്യവാരം കേരളത്തിലെത്തുകയും ഒക്ടോബർ 11 മുതൽ സർവ്വേ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫെബ്രുവരിയോടെ 14 ജില്ലകളിലെയും സർവ്വേ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം ഡാറ്റ അനാലിസിസിന് വേണ്ട സോഫ്റ്റ്‌വെയറുകൾ ഐ.റ്റി. സെൽ/കെ.എസ്.റ്റി.പി മുഖാന്തരം ടെണ്ടർ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ഏകദേശം 4300 കി.മീ. റോഡുകളിൽ സി.ആർ.ആർ.ഐ.-യുടെ സാങ്കേതിക പിന്തുണയോടുകൂടി പ്രാരംഭഘട്ടത്തിലും തുടർന്ന് മറ്റ് റോഡുകളിലും ജി.ഐ.എസ്. മാപ്പിംഗ് ചെയ്ത് ഘട്ടംഘട്ടമായി ആർ.എം.എം.എസ്. നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം ഓരോവർഷവും സംസ്ഥാനത്തെ നിരത്തുകളുടെ പരിപാലന പ്രവർത്തനങ്ങൾ നിർവ്വചിക്കുക, റോഡിന്റെ ആസ്തി വിവരപ്പട്ടികയിലെ വിവരങ്ങൾ ശേഖരിക്കുക, റോഡിന്റെ നിലവിലെ സ്ഥിതി പരിശോധിച്ച് മുൻഗണന ഉറപ്പിക്കൽ, ഗുണനിലവാര നിർവ്വഹണം, നിർമ്മാണച്ചെലവിന്റെ അടിസ്ഥാന വിവരങ്ങൾ ശാസ്ത്രീയമായി സമാഹരിക്കുക, റോഡിന്റെ പ്രവർത്തന പശ്ചാത്തല ചരിത്രം ശേഖരിക്കുക, ഇവ മുഖാന്തരം റോഡുകളുടെ വാർഷിക പരിപാലന പ്രോഗ്രാം (ARMOP) തയ്യാറാക്കി നൽകുക എന്നതാണ് ആർ.എം.എം.എസ്.-ന്റെ പ്രധാന ലക്ഷ്യം.

അടുത്ത 5 വർഷങ്ങളിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട മുഴുവൻ റോഡുകളുടെയും അടിസ്ഥാന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. അതുവഴി സംസ്ഥാനത്തെ മുഴുവൻ റോഡുകളുടെയും പരിപാലനം, പുനരുദ്ധാരണം, പുനർനിർമ്മാണം എന്നിവ സാങ്കേതികത്തികവോടെ നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

(ബി) പാറയുടെ ലഭ്യതക്കുറവ് റോഡ് നിർമ്മാണ പ്രവൃത്തികളെ പ്രതികൂലമായി ബാധിച്ചുവെങ്കിലും അതിനെ തരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി മില്ലിംഗ് റീസൈക്ലിംഗ്, വൈറ്റ് ടോപ്പിംഗ്

തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ തീരുമാനിക്കുകയും അത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുനർനിർമ്മാണം കുറയ്ക്കുന്നതിനുവേണ്ടി റോഡുകൾ കൃത്യമായി ഡിസൈൻ ചെയ്ത് നിർമ്മിക്കുന്ന രീതി ആരംഭിച്ചിട്ടുണ്ട്. ഇതിനെയെല്ലാം സഹായിക്കാൻ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പാറയുടെ ലഭ്യതക്കുറവ് റോഡ് നിർമ്മാണ പ്രവൃത്തികളെ ബാധിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി മില്ലിംഗ് റീസൈക്ലിംഗ്, വൈറ്റ് ടോപ്പിംഗ് തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും പരിമിതപ്പെടുത്തുന്നതിലൂടെ നിർമ്മാണ സാമഗ്രികളുടെ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി റോഡുകൾ കൃത്യമായി ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്ന രീതി വ്യാപകമാക്കിയിട്ടുണ്ട്. നിലവിലെ പാതകളിലെ ടാർ പ്രതലം പുനരുപയോഗിക്കുന്ന മില്ലിംഗ്, സബ് ഗ്രേഡ് ശക്തിപ്പെടുത്തുന്നതിനുള്ള soil stabilization തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മാണ സാമഗ്രികളുടെ ഉപയോഗം കുറയ്ക്കുന്നുണ്ട്. KHRI-യുടെ പുനരുദ്ധാരണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ നിർമ്മാണ സാമഗ്രികൾ പഴയ കോൺക്രീറ്റിൽ നിന്നും recycle ചെയ്ത് ഉപയുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാനാകും.

(സി) റോഡ് നിർമ്മാണത്തിന്റെ അപാകതമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാതയോരങ്ങളിലെ കയ്യേറ്റങ്ങൾ മുഖേന അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രൈവർമാരുടെ അശ്രദ്ധയാണ് അപകടങ്ങൾ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം. ചില യാത്രക്കാരുടെ തെറ്റായ സഞ്ചാരരീതികളും കാരണമാകുന്നുണ്ട്.

3-9-2016 -ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16/പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സാദ്ധ്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർമാർ മുതൽ ചീഫ് എഞ്ചിനീയർമാർ വരെ ഓരോ തലത്തിലും ജൂറിസ്ഡിക്ഷൻ ഉള്ള സെമി ജുഡീഷ്യൽ അധികാരമുള്ളതാണ് നിയമം. പക്ഷെ, അത് കാര്യമായി നടപ്പിലാക്കാൻ കേരളത്തിൽ കഴിഞ്ഞിട്ടില്ലെന്നതിന് പല കാരണങ്ങളുണ്ട്. അതിലേയ്ക്ക് കടക്കുന്നില്ല. ടി ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ സംരക്ഷണത്തിനും നിരീക്ഷണത്തിനുമായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി ആക്റ്റ് പ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള അധികാരം

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. ഉത്തരവ് കർശനമായി പാലിക്കുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 8-2-2017-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ എല്ലാ ജില്ലാ കളക്ടർമാരുമായും ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും നടത്തിയ വീഡിയോ കോൺഫറൻസിൽ അപകടങ്ങൾ കുറയ്ക്കാനുള്ള നടപടികളെടുക്കുകയും ഇത്തരം കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത്, പോലീസ്, റവന്യൂ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

<u>ശ്രീ. വി. ജോയി</u>: സർ, അങ്ങ് മറുപടിയിൽ സൂചിപ്പിച്ചതുപോലെ, പൊതുമരാമത്ത് വകുപ്പ് ഒരു പടികൂടി കടന്ന് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിവരികയാണ്. കഴിഞ്ഞ മൂന്ന് വർഷമായി ആയിരക്കണക്കിന് കിലോമീറ്റർ റോഡുകളാണ് ഗതാഗതയോഗ്യമാക്കിയത്. പക്ഷേ, ഇതിനിടയിൽ രണ്ട് പ്രാവശ്യത്തെ പ്രളയവും നിരന്തരമായ മഴയും നമുക്ക് ഒരുപാട് തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ വർഷമാണെങ്കിൽ എട്ടുമാസമായി നിരന്തരം മഴ പെയ്തുകൊണ്ടിരിക്കുകയാണ്. റോഡുകൾ മഴയെത്തുടർന്ന് ഗതാഗതയോഗ്യ മല്ലാതായിട്ടുണ്ട്. മഴയെ അതിജീവിക്കുന്ന റോഡുകളാണ് നമുക്ക് വേണ്ടത്. ഇതിന് രണ്ട് ടെക്നോളജികൾ മുമ്പുതന്നെ പറഞ്ഞിരുന്നു. ഒന്ന്, കോൾഡ് ഇൻ സൈറ്റ് റീസൈക്ലിംഗും മറ്റൊന്ന് നമ്മൾ തന്നെ വികസിപ്പിച്ചെടുത്ത കാന്താൾ മിക്സുമാണ്. ഇത് പ്രയോജനപ്പെടുത്തി മഴയെ അതിജീവിക്കുന്ന റോഡുകൾ നമുക്കുണ്ടാക്കാൻ സാധിക്കുമോ; അതല്ലാതെ ഇതുമായി ബന്ധപ്പെട്ട് പുതിയ ഏതെങ്കിലും ടെക്നോളജി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, കാന്താൾ മിക്സ് ഒരു താൽക്കാലിക പ്രതിഭാസമാണ്. കുഴിയുണ്ടാകുമ്പോൾ അടയ്ക്കുന്നതിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. അതൊന്നും വിജയകരമായി നടപ്പാക്കപ്പെട്ടിട്ടില്ല. എന്നാൽ മണ്ണിന്റെ ഉറപ്പ് ദുർബലമായ സ്ഥലങ്ങളിൽ ജിയോ ടെക്സ്റ്റൈൽസ് വ്യാപകമായി ഉപയോഗിച്ച് റോഡ് നിർമ്മിച്ചാൽ ദീർഘകാലം നിലനിൽക്കും. വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചാലും സ്വാഭാവിക റബ്ബർ ഉപയോഗിച്ചാലും ദീർഘകാലം നിലനിൽക്കും. അത് നമ്മൾ ആരംഭിച്ചിട്ടുണ്ട്. ഇത് റബ്ബർ കൃഷിക്കാർക്കും സഹായകരമാണ്. കാരണം, ആയിരക്കണക്കിന് കിലോമീറ്റർ റോഡുകൾക്കാണ് ഇത് ഉപയോഗിക്കുന്നത്. പഞ്ചായത്ത് റോഡുകളിലും ഉപയോഗിക്കും. കയർ തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നതുമാണ്. വേസ്റ്റ് പ്ലാസ്റ്റിക് ഇതിനായി ഉപയോഗപ്പെടുത്തിയാൽ അത് പരിസ്ഥിതിയെ സംരക്ഷിക്കും. ഇതെല്ലാം ആരംഭിച്ചിട്ടുണ്ട്. പക്ഷേ, ഉദ്ദേശിച്ചത്ര റോഡുകൾ ഇതിനായി നമ്മുടെ എഞ്ചിനീയർമാർ എടുക്കുന്നില്ല. കാരണം, ഈ രീതി ഉപയോഗിച്ചാൽ റോഡ്

ദീർഘകാലം നിലനിൽക്കും. അവർക്ക് കഴിഞ്ഞ കാലങ്ങളിൽനിന്ന് മാറാനുള്ള ഒരു മാനസിക ബുദ്ധിമുട്ടുണ്ട്. എങ്കിലും നല്ല എഡ്യൂക്കേഷൻ നടക്കുന്നുണ്ട്, ഇതിനായി മുന്നോട്ടുവരികയാണ്. അതിലുപരിയായി വൈറ്റ് ടോപ്പിംഗ് സംവിധാനം, ഞാൻ മുമ്പ് സഭയിൽ പറഞ്ഞതാണ്. ബാംഗ്ലൂർ കോർപ്പറേഷന്റെ 900 കിലോമീറ്റർ റോഡ് വൈറ്റ് ടോപ്പിംഗ് നടത്തുകയാണ്. ഒരു കിലോമീറ്ററിന് 10 കോടി രൂപയാണ് ചെലവ്. അവർക്ക് ഇഷ്ടംപോലെ കാശുണ്ട്. ആകെ 9000 കോടി രൂപ ചെലവാകും. നമുക്കതിന് കഴിയില്ല. ഇവിടെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വരുന്നുണ്ട്. 25 വർഷം കേടില്ലാതെ കിടക്കുന്ന റോഡുകൾ, തിൻ വൈറ്റ് ടോപ്പിംഗ് ഉപയോഗിച്ചതാണത്. ബി.എം.&ബി.സി.-ക്ക് ഒരു കിലോമീറ്ററിന് ഒരു കോടി രൂപയാണ് ചെലവ്. ആ റോഡുകൾ ഒന്നോ രണ്ടോ വർഷം, അല്ലെങ്കിൽ മാക്സിമം മൂന്ന് വർഷമേ കിടക്കുകയുള്ളൂ. തിൻ വൈറ്റ് ടോപ്പിംഗ് ഉപയോഗിച്ചാൽ 20-25 വർഷമാണ് കാലാവധി പറയുന്നത്. നിലവിലുള്ള റോഡിന്റെ ഉപരിഭാഗം മാത്രം ചെത്തിക്കളഞ്ഞിട്ട് ആറിഞ്ച് കനത്തിൽ കോൺക്രീറ്റ് ചെയ്യും. രണ്ട് സൈഡും ആറിഞ്ച് താഴ്ന വരുമ്പോൾ അതെല്ലാം ഫിൽ ചെയ്യും. പരീക്ഷണാർത്ഥം ഒരു കിലോമീറ്റർ ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള പുതിയ സാങ്കേതികവിദ്യകളിലേയ്ക്കെല്ലാം നമ്മൾ കടക്കുന്നുണ്ട്. നമുക്ക് അതെല്ലാം പരിഹരിക്കാൻ കഴിയും. പക്ഷേ, അതിന്റേതായ സമയവും സൗകര്യങ്ങളും വേണമെന്നതാണ്. ഇങ്ങനെ ചെയ്താൽ സാമ്പത്തിക ലാഭവുമാണ്. ഒരു കിലോമീറ്ററിന് ഒന്നേകാൽ കോടി രൂപയേ ആകുവെന്നാണ് പറയുന്നത്. എന്നാൽ ബി.എം. & ബി.സി.-ക്ക് ഒരു കിലോമീറ്ററിന് ഒരു കോടി രൂപയാകും. ചെലവിന്റെ കാര്യത്തിൽ വലിയ വ്യത്യാസമില്ല. മൂന്ന് വർഷമെന്നത് 20-25 വർഷം കിടക്കുമെന്നുള്ളതാണ്. അത് പരിശോധിക്കേണ്ടതാണ്.

<u>ശ്രീ. വി. ജോയി</u>: സർ, മുമ്പ് പലപ്പോഴും ഈ സഭയിൽ ചർച്ചചെയ്ത ഒരു വിഷയമാണ്, നമ്മുടെ റോഡുകളിൽ ചെറിയ കുഴിയുണ്ടായാൽ ആ കുഴിയിൽക്കൂടി നൂറ് വാഹനങ്ങൾ കടന്നുപോകുമ്പോൾ അതൊരു വലിയ ഗർത്തമായി മാറുമെന്നുള്ളത്. റോഡിലെ ചെറിയ കുഴികളടയ്ക്കുന്നതിന് എഞ്ചിനീയർമാർക്ക് ഇംപ്രസ്റ്റ് എമൗണ്ട് എന്നുപറഞ്ഞ് ഒരു നിശ്ചിത തുക നൽകുന്ന സംവിധാനമുണ്ടായിരുന്നു. ഈയിനത്തിൽ 5 ലക്ഷം രൂപ വരെയെങ്കിലും ഒരു എഞ്ചിനീയർക്ക് നൽകി ഇങ്ങനെയുണ്ടാകുന്ന കുഴികൾ നിർബന്ധമായും അടച്ചുകഴിഞ്ഞാൽ വലിയ ബുദ്ധിമുട്ടിലേയ്ക്ക് പോകുകയില്ല. ഇങ്ങനെ നൽകുന്ന തുകയ്ക്ക്, വർക്ക് നടക്കുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിനായി ജനപ്രതിനിധികളെയും നാട്ടുകാരെയും വേണമെങ്കിൽ മീഡിയയുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു സോഷ്യൽ ഓഡിറ്റ് സിസ്റ്റം വയ്ക്കാം; അങ്ങനെ വരുമ്പോൾ അഴിമതി കുറയ്ക്കാൻ സാധിക്കും. കാര്യങ്ങൾ എളുപ്പത്തിൽ ചെയ്യുന്നതിന് ഇത് ഗുണകരമാകില്ലേ?

ശ്രീ. ജി. സുധാകരൻ: സർ, സോഷ്യൽ ഓഡിറ്റ് ആധികാരികമായിത്തന്നെ നമ്മൾ നടപ്പാക്കിയിട്ടുണ്ട്. 2017-ൽ സോഷ്യൽ ഓഡിറ്റ് പ്രഖ്യാപിക്കുകയും സ്റ്റാറ്റ്യൂട്ടറിയായി ജി.ഒ. ഇറക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ് അതിന്റെ അദ്ധ്യക്ഷൻ. ആലപ്പുഴ മാത്രമാണ് അത് കുറച്ചുനാൾ നടന്നത്. ബാക്കിയൊരിടത്തും അവർ ആ ചുമതല ഏറ്റെടുത്തിട്ടില്ല. നമ്മൾ ഉദ്ദേശിക്കുന്നതുപോലെ കേരളത്തിൽ പരിഷ്കാരം നടപ്പാക്കൽ അത്ര എളുപ്പമല്ല. ഇവിടെ സോഷ്യൽ ഓഡിറ്റുണ്ട്, അവർ നടത്തിയാൽ മതി. അവർക്ക് അധികാരം കൊടുത്തിട്ടുണ്ട്. അവരാരും അത് നടത്തുന്നില്ല എന്നുള്ളതാണ്. പത്രപ്രതിനിധികളൊന്നും സോഷ്യൽ ഓഡിറ്റ് നടത്തേണ്ട. കാരണം, പത്രക്കാർ പല രീതിയിലുള്ളവരാണ്. അവരെയൊന്നുംവച്ച് നടത്താൻ കഴിയില്ല. ഇല്ലാത്ത കാര്യങ്ങൾ എഴുതിപ്പിടിപ്പിക്കലാണ് അവരുടെ പ്രധാന ജോലി. നല്ല പത്രപ്രതിനിധികളുടെ ശതമാനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 1970-കളിൽ, ചെറുപ്പകാലത്ത് ഞാൻ തിരുവനന്തപുരത്ത് വന്നിട്ടുണ്ട്. അന്നത്തെ പത്രപ്രവർത്തനം എന്നുപറഞ്ഞാൽ എന്താണ്; എല്ലാവരും സർവ്വവിജ്ഞാന കോശം. ഞങ്ങൾ അന്വേഷിച്ച് അങ്ങോട്ടുപോകും. ചെറുവത്തൂർ എന്ന ഒരു കാഞ്ഞങ്ങാടുകാരനുണ്ടായിരുന്നു. എന്താണ് അവരുടെ ആധികാരികത, കേരള കൗമുദി, മലയാള മനോരമ, ദേശാഭിമാനി തുടങ്ങി എല്ലാ പത്രങ്ങളും. ആ സമയത്ത് വീക്ഷണം ഇല്ല. അതെല്ലാം പോയി. ഇപ്പോൾ, പറയാത്ത കാര്യങ്ങൾ പറഞ്ഞ് എങ്ങനെ ആക്ഷേപിക്കാമെന്നുള്ളതാണ്. എന്നിട്ട് അവരവരുടെ പാർട്ടിയെക്കൊണ്ട് നടപടി എടുപ്പിക്കാൻ നടക്കുകയാണ്. ചിരിക്കാൻ വേണ്ടി പറഞ്ഞതല്ല. നിങ്ങൾക്കും ആവശ്യമില്ലാത്തത് പറയുന്നതിൽ പങ്കുണ്ട്. ഞാൻ പറയും, ഇതുകൊണ്ടൊന്നും ഒരു നടപടിയുമുണ്ടാകില്ല. കുറ്റം ചെയ്താലേ നടപടിയുള്ളൂ. ഇതിൽ പത്രക്കാർക്കെന്താണ് കാര്യം? അതുകൊണ്ട് അങ്ങ് പത്രക്കാരെ സൂക്ഷിക്കണം. ഇവരിപ്പോൾ എന്റെ പ്രസംഗമൊന്നും കാര്യമായി കൊടുക്കാറില്ല. എന്തെങ്കിലും അനാവശ്യം ഞാൻ പറഞ്ഞതായി ആവശ്യമില്ലാതെ കൊടുക്കുന്ന പരിപാടിയാണ്. രണ്ടുമൂന്ന് സംഭവങ്ങളുണ്ടായി. അതൊന്നും ഞാൻ അംഗീകരിക്കില്ല. 52 വർഷമായി. പറഞ്ഞത് കൃത്യമായും പറഞ്ഞയിടത്ത് കിടപ്പുണ്ട്. അത് പരിശോധിക്കണം. പത്രക്കാരെ അങ്ങ് സൂക്ഷിക്കണമെന്ന് ഞാൻ ഒന്നുകൂടി പറയുകയാണ്. അദ്ദേഹം അപകടത്തിൽപ്പെടാതിരിക്കാൻവേണ്ടി പ്രകോപനകരമായ ഒരു പരാമർശം ഞാൻ പറഞ്ഞതാണ്.

അറ്റകുറ്റപ്പണികൾക്കായി 300 കോടി രൂപ ആഗസ്റ്റിൽ തന്നെ കൊടുത്തു. എല്ലായിടത്തും കൊടുത്തിട്ടുണ്ട്. പൈസ ആവശ്യമില്ലാത്ത രണ്ട് മണ്ഡലം ഇവിടെ എപ്പോഴുമുണ്ട്. കോഴിക്കോട് സൗത്തും നോർത്തും. പത്തു പൈസ അവിടെ വേണ്ട. ഇപ്പോഴുമില്ല. ഇപ്പോൾ നമ്മൾ 350 കോടി രൂപ കൂടി ഇഷ്യൂ ചെയ്തുകഴിഞ്ഞു. അറ്റകുറ്റപ്പണികൾക്കായി 700 കോടി രൂപ കൊടുത്ത ഒരു

കാലമാണിത്. പക്ഷേ, എവിടെ പണി നടക്കുന്നു; കാരണം, ഒമ്പത് മാസമായി മഴയാണ്. പൈസയുണ്ട്, എല്ലാ എം.എൽ.എ.-മാരും ഇടപെട്ട് ഉള്ളത് നന്നായി ചെയ്യുക എന്നാണ് എനിക്ക് പറയാനുള്ളത്. കുഴിയടയ്ക്കുക എന്നുപറയുന്നത് അങ്ങേയറ്റം ശീലമില്ലാത്തതാണ്. കുഴിയടയ്ക്കുക എന്നുപറഞ്ഞാൽ അടുത്ത കുഴി ഉടനെയുണ്ടാകും. അങ്ങനെയല്ല, റിപ്പയർ ആന്റ് മെയിന്റനൻസ് ഒരു വർഷം കിടക്കണം, അത് കൃത്യമായി പറഞ്ഞിട്ടുണ്ട്. എവിടെയെങ്കിലും ചെയ്യുന്നില്ലെങ്കിൽ ആ എഞ്ചിനീയറുടെ പേരിൽ നടപടി എടുക്കണം. അതിനുള്ള ശിപാർശ നിങ്ങൾ തരണം. കൃത്യമായി പൈസ കൊടുത്തിരിക്കുകയാണ്, 700 കോടി രൂപ. അത് പോരെങ്കിൽ നമുക്ക് ധനകാര്യ വകുപ്പിനോട് ചോദിക്കാം. അറ്റകുറ്റപ്പണികൾക്ക് ഒരു ക്ഷാമവുമില്ല, 700 കോടി രൂപ കൊടുത്തിട്ടുണ്ട്. മണ്ണാർക്കാട് മണ്ഡലത്തിൽ 7 കോടി രൂപ കൊടുത്തു, കാരണം വലിയ മണ്ഡലമാണ്. ഒരാൾക്ക് മാത്രമല്ല; അങ്ങനെ എല്ലാവർക്കും കൊടുത്തിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ബി.ഒ.ടി. വ്യവസ്ഥയിൽ എൻ.എച്ച്.എ.ഐ.-യുടെ കരാർ കമ്പനി നിർമ്മിച്ചിട്ടുള്ള മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള റോഡ് നിർമ്മാണത്തിലെ അപാകതയും ഗുണനിലവാരക്കുറവുംമൂലം നിത്യേന നിരവധി അപകടങ്ങളും ഗതാഗതക്കുരുക്കും അപകടമരണങ്ങളും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ടോൾ പിരിക്കുന്ന റോഡ് നന്നാക്കുക മാത്രമാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. 'രാമേശ്വരത്തെ ക്ഷൗരം പോലെ' അവിടെയുമിവിടെയും കുഴിച്ചിടും. പിന്നെ അവിടെ തിരിഞ്ഞുനോക്കില്ല. പലവട്ടം ഇത് ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മെയിന്റനൻസ് ചെയ്യാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഇതിന്റെ ഗുണനിലവാരം പരിശോധിച്ച് അപാകതകൾ പരിഹരിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം ഇവരുടെ പേരിൽ നിയമനടപടി ഉൾപ്പെടെ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, എൻ.എച്ച്.എ.ഐ.-യുടെ കാര്യം ഞാൻ പറയുന്നില്ല, അവരെ അറിയാമല്ലോ? നമുക്ക് ഒരു കാര്യവുമില്ല. നിങ്ങളല്ല, എം.പി.-മാർക്ക് വേണമെങ്കിൽ അവിടെ പോയി പറയാം. അവരുടെ സമീപനമിതാണ്. നമ്മൾ ശക്തമായി ഇടപെടുന്നുണ്ട്, ചില മാറ്റങ്ങളുണ്ട്. അതിന്റെ പേരിൽ പ്രതിപക്ഷവും ഭരണകക്ഷിയും ചേർന്നുള്ള ശക്തമായ പ്രക്ഷോഭം വേണം. അങ്ങനെ വിടാൻ പാടില്ല. ഏത് ഗവൺമെന്റ് ഭരിച്ചാലും അവർ അങ്ങനെയാണ്. അങ്ങയുടെ പ്രയാസമെല്ലാം എനിക്കറിയാം. ഞാനത് വിശദീകരിക്കുന്നില്ല. കേസ് കൊടുക്കുന്നതിന് ഒരു പ്രശ്നവുമില്ല. കാരണം, it's a violation of contract. Law of Contract ഞാൻ പഠിച്ചിട്ടുണ്ട്, പഠിച്ച ഒരുപാട് പേർ ഇവിടെയിരിപ്പുണ്ട്. Law of Contract പാർലമെന്റ് പാസ്സാക്കിയതാണ്. ആ കോൺട്രാക്ട് വയലേറ്റ് ചെയ്യുന്നത് ക്രിമിനൽ കേസാണ്. മുമ്പ് കഴക്കൂട്ടം മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള പഴയ

നാഷണൽ ഹൈവേയിൽ വയലേഷൻ നടത്തി. ഞാൻ പോലീസ് സ്റ്റേഷനിൽ കേസ് കൊടുത്തു. അറസ്റ്റ് പേടിച്ച് അയാൾ വടക്കേ ഇന്ത്യയിൽ പോയി. തിരിച്ചുവന്ന് ഒറ്റമാസം കൊണ്ട് റോഡ് നന്നാക്കി. ഇന്നുവരെ അത് കേടായിട്ടില്ല. കേസെടുക്കാം, ഗവൺമെന്റല്ല കേസ് കൊടുക്കുന്നത്. പൗരന്മാരോ, ജനപ്രതിനിധികളോ കേസ് കൊടുക്കണം. അനുകൂലമായി ഡോക്യുമെന്റ്സ് തരാം, അഫിഡവിറ്റ് കൊടുക്കാം. അതിലൊന്നും ഗവൺമെന്റിന് തർക്കമില്ല. പക്ഷേ, അതിനേക്കാളുമെല്ലാം പ്രധാനം അവരെക്കൊണ്ട് ചെയ്യിക്കുക എന്നുള്ളതാണ്. അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു. എല്ലാവരും ശക്തമായി നിൽക്കണം. നാഷണൽ ഹൈവേയുടെ കാര്യത്തിൽ പരമ്പരാഗതമായി കേന്ദ്രത്തിന് നമ്മോടുള്ള അവഗണനയാണ് ഇവിടെ നടക്കുന്നത്. അതിൽ മാറ്റമുണ്ടാക്കണം.

മി.സ്പീക്കർ: ഓർഡർ........... ഓർഡർ......... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതി

4 (*394) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻപിടിത്ത ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന പദ്ധതി ഏതുഘട്ടം വരെയായി എന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ ഉൾപ്പെടാത്ത എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ തീരദേശമേഖലയിലെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വാസഗൃഹം നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഭൂരഹിത ഭവന രഹിത പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വലിയതുറയിൽ 8 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി (2018-19-ൽ) 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപ്പള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ടി ഫ്ലാറ്റുകൾ നിർമ്മിച്ചുവരുന്നത്.

(ബി) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നതും കടലാക്രമണ ഭീഷണി നേരിടുന്നവരുമായ മത്സ്യത്തൊഴിലാളികളെയാണ് ഗുണഭോക്താക്കളായി പുനരധിവാസ പദ്ധതിയിലേയ്ക്ക് പരിഗണിക്കുന്നത്.

(സി) ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി.) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമായിരുന്നു. 2010-11 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 18409 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയുള്ള ഭവനരഹിതരായ അർഹതപ്പെട്ട എല്ലാവർക്കും ലൈഫിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം നൽകുന്നുണ്ട്. 2018-19 വർഷത്തിൽ 1220 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ധനസഹായത്തിനായി പരിഗണിച്ചിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണത്തിന് അപേക്ഷിച്ച അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന 3320 പേരുടെ ലിസ്റ്റും ഭൂരഹിത ഭവന രഹിതരായ 5842 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

2016-17, 2017-18 എന്നീ വർഷങ്ങളിലായി നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതികൾ പ്രകാരം ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ സ്വീകരിക്കുന്നതായിരിക്കും. കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ടവരും നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പദ്ധതിയിലേയ്ക്ക് പരിഗണിക്കുന്നത്. കടലാക്രമണ ഭീഷണിയിൽ കഴിയുന്നതും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 18685 കുടുംബങ്ങളെ 2019-20 മുതൽ 2021-22 വരെയുള്ള 3 വർഷങ്ങളിലായി പുനരധിവസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## രജിസ്ട്രേഷൻ വകുപ്പ് സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

5 (*395) ശ്രീ. രാജു എബ്രഹാം:
ശ്രീ. ബി. സത്യൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാകേണ്ട വിവിധ സേവനങ്ങൾ വേഗത്തിലും കുറ്റമറ്റരീതിയിലും കാര്യക്ഷമതയോടെയും ലഭ്യമാകുന്നു വെന്നുറപ്പാക്കാൻ സ്വീകരിച്ചു വരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ആധാര രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും നടപടിക്രമങ്ങൾ ലളിതവും സുതാര്യവും ആക്കുന്നതിനും പരിപാടിയുണ്ടോ; രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) രജിസ്ട്രേഷൻ വകുപ്പിൽനിന്നും ലഭ്യമാകേണ്ട വിവിധ സേവനങ്ങൾ വേഗത്തിലും കുറ്റമറ്റ രീതിയിലും കാര്യക്ഷമതയോടെയും ലഭ്യമാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷനായി ഫീസ് ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം.

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടി വരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4. പൊതുജനങ്ങൾക്ക് സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ആയതിലേയ്ക്കായി ആധാരങ്ങളുടെ മാതൃക രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന് A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്.

5. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

6. സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, സൊസൈറ്റി രജിസ്ട്രേഷൻ, ചിട്ടി രജിസ്ട്രേഷൻ നടപടികൾ തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനം മുഖാന്തിരം ഒടുക്കുന്നതിനും ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം.

9. റവന്യൂ വകുപ്പുമായി സഹകരിച്ച് ഓൺലൈൻ പോക്കുവരവ് സംവിധാനം.

10. ഭൂമിയുടെ ന്യായവില ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

11. രജിസ്ട്രേഷൻ വകുപ്പിന്റെ വിവിധ ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട് അപേക്ഷകർക്ക് എസ്.എം.എസ്. മുഖേന അറിയിപ്പ് നൽകുന്ന സംവിധാനം.

(ബി) ഉണ്ട്.

രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ 15 സബ്‌രജിസ്ട്രാർ ഓഫീസുകളിലെ അധാരങ്ങളുടെ സ്കാനിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി എന്നീ ആറ് ജില്ലകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം പുരോഗമിക്കുന്നു.

(സി) രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുവാനും ഫീസുകൾ ഇ-പേയ്മെന്റ് വഴി ഒടുക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

ആധാരം രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും പൊതുജനങ്ങൾക്ക് തന്നെ സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കി. ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനും ആധാര രജിസ്ട്രേഷന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും രജിസ്ട്രേഷന് ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തി. രജിസ്ട്രേഷൻ വകുപ്പിന്റെ വിവിധ ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തി.

**ദേശീയപാത വികസനത്തിനായി ധാരണാപത്രം**

6 (*396) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിനായി സംസ്ഥാന സർക്കാർ ദേശീയപാത വികസന അതോറിറ്റിയുമായി എന്തെങ്കിലും ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ എന്തൊക്കെ കാര്യങ്ങൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും നടപ്പിലാക്കുമെന്നാണ് ധാരണാപത്രത്തിൽ ഉറപ്പ് നൽകിയിട്ടുള്ളത്;

(സി) ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനും ടെൻഡർ നടപടികൾ വേഗത്തിലാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ദേശീയപാത വികസനത്തിന് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിലയുടെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിൽ ഭൂമിയുടെ വില കൂടുതലാണെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ 25 ശതമാനം തുക നൽകുവാൻ സംസ്ഥാനം തീരുമാനിച്ചത്;

(എഫ്) മറ്റ് പല സംസ്ഥാനങ്ങളിലും ഭൂമിക്ക് കേരളത്തിൽ ഉള്ളതിനേക്കാൾ ഉയർന്ന വില ഉണ്ടായിട്ടും ദേശീയപാത വികസനത്തിന് അവരിൽ നിന്നും തുക ഈടാക്കാതിരിക്കുകയും സംസ്ഥാനത്തോട് ഇത് ആവശ്യപ്പെടുകയും ചെയ്തത് ഏത് സാഹചര്യത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) ഉണ്ട്. കേന്ദ്ര ഉപരിതല ഗതാഗതവകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 3-10-2019-ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ധാരണാപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് NHAI യുടെ ആവശ്യമനുസരിച്ച് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നുംവില തഹസിൽദാർമാരെ (CALA) നിയമിച്ചിട്ടുണ്ട്. ടെണ്ടർ നടപടി സ്വീകരിച്ച റീച്ചുകൾക്ക് പുറമേയുള്ളവയുടെ സ്ഥലമെടുപ്പിനുശേഷം വികസനത്തിനായുള്ള ടെണ്ടർ ദേശീയപാത അതോറിറ്റി ക്ഷണിക്കുന്നതാണ്.

(ഡി) രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High-1,. High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും High-2 ഇനത്തിൽപ്പെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ, 3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ 2-5-2019-ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്ര മന്ത്രിയുമായി ചർച്ച നടത്തുകയും കത്ത് അയയ്ക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന High-1 ലേയ്ക്ക് മാറ്റുന്നതിനും തയ്യാറായി. തുടർന്ന് ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25 ശതമാനം തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിച്ച് 8-8-2019-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(ഇ) ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയുമായി 15-6-2019-ന് ഡൽഹിയിൽ നടത്തിയ ചർച്ചയിൽ NH വികസനത്തിനായുള്ള പ്രധാന തടസ്സം സംസ്ഥാനത്തുള്ള ഭൂമിവില കൂടുതലാണെന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നിർമ്മാണച്ചെലവ് കൂടുതലാണെന്ന് കൊച്ചിയിൽ വച്ച് 28-4-2018-ൽ നടന്ന യോഗത്തിനുശേഷം മാധ്യമങ്ങളോടും ഇക്കാര്യം ശ്രീ. നിധിൻ ഗഡ്കരി പറയുകയുണ്ടായി.

(എഫ്) ദേശീയപാത വികസനം ത്വരിതപ്പെടുത്തുന്നതിനാണ് ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കാൻ തയ്യാറായത്.

## വിദ്യാലയങ്ങളിലെ അക്കാദമിക മികവുയർത്തുന്നതിന് പദ്ധതി

7 (*397) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. ഉണ്ണി:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൂർണ്ണതയിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി മാനദണ്ഡ പ്രകാരം മതിയായ കുട്ടികളില്ലാത്ത സർക്കാർ, എയ്ഡ് വിദ്യാലയങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരം വിദ്യാലയങ്ങളിലെ അക്കാദമിക മികവുയർത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാലയങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗത്ത് ദ്രുതഗതിയിലുണ്ടാകുന്ന വികാസത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ വിജ്ഞാന ചക്രവാളം വികസിപ്പിക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കാനുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(ഇ) എല്ലാ അദ്ധ്യാപകർക്കും രണ്ടാഴ്ച ദൈർഘ്യമുള്ള റെസിഡൻഷ്യൽ അദ്ധ്യാപക കോഴ്സുകൾ ആരംഭിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) 2019-20 അദ്ധ്യയന വർഷത്തെ മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. 2019-20 അദ്ധ്യയന വർഷം സർക്കാർ മേഖലയിൽ ആകെ 1483 വിദ്യാലയങ്ങളും എയ്ഡഡ് മേഖലയിൽ ആകെ 1669 വിദ്യാലയങ്ങളും ഉൾപ്പെടെ ആകെ 3152 വിദ്യാലയങ്ങൾ മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളായി കണക്കാക്കിയിരുന്നു.

(ബി & സി) ഉണ്ട്.

(ഡി) അറിവിന്റെ മേഖലയിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള വളർച്ചയ്ക്കനുസരിച്ച് ആവശ്യമായ അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾ നിരന്തരം നടത്തിവരികയാണ്. നൂതന ആശയങ്ങൾ സ്വാംശീകരിക്കുന്നതിന് അദ്ധ്യാപകർക്ക് ആവശ്യമായ പിന്തുണ 'സമഗ്ര' പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഓരോ പാഠഭാഗത്തിനും അനുയോജ്യമായ വിനിമയ തന്ത്രം സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുയോജ്യമായ ഐ.സി.ടി. വിഭവങ്ങളും സമഗ്രയിൽ ലഭ്യമാണ്. ഇത്തരം പഠന വിഭവങ്ങൾ കാര്യക്ഷമമായി ക്ലാസ്സ് മുറിയിൽ അവതരിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും നൽകിവരുന്നു.

ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം (HSSTTP) എന്ന പരിശീലന പരിപാടിയിൽ ദേശീയ നിലവാരമുള്ള ശാസ്ത്ര പ്രതിഭകളെ കൊണ്ടുവന്ന്, ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന വിവരങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നു.

(ഇ) അറിവിന്റെ മേഖലയിലുണ്ടാകുന്ന അതിവേഗ മാറ്റത്തിനനുസരിച്ച് അദ്ധ്യാപകരെ സജ്ജരാക്കുന്നതിന് നിരന്തര പരിശീലനം നൽകിവരുന്നു. ഉള്ളടക്ക

ധാരണ വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യ ഫലപ്രദമായി പാഠ്യപദ്ധതി വിനിമയത്തിന് ഉപയോഗിക്കുന്നതിനും ആവശ്യമായ പിന്തുണയും പരിശീലനവും അവധിക്കാലത്ത് അദ്ധ്യാപകർക്ക് നൽകുന്നുണ്ട്.

ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് 10 ദിവസം ദൈർഘ്യമുള്ള 'ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം' എന്ന റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് നൽകിവരുന്നു.

**ഭവനനിർമ്മാണ നയം പരിഷ്കരിക്കുന്നതിന് നടപടി**

8 (*398) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവുകുറഞ്ഞ വീട്, ഹരിത ഭവനങ്ങൾ തുടങ്ങിയ ആശയങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഭവനനയം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) 2018-ലും 2019-ലുമുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭവന നിർമ്മാണ സങ്കൽപ്പങ്ങളെ കാലോചിതമായി പരിഷ്കരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണ ബോർഡിന് എന്തെങ്കിലും ചുമതലകൾ ഉണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്തെ ഭവന നിർമ്മാണത്തിന്റെ ഏജൻസിയെ ഇതിൽ നിന്നും മാറ്റി നിർത്തുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) നവകേരള നിർമ്മാണത്തിനായി സംസ്ഥാന ഭവന നിർമ്മാണ വകുപ്പ്, സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കൊച്ചിൻ യൂണിവേഴ്സിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്, കാസർഗോഡ് സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,

വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവയുടെ സഹകരണത്തോടുകൂടി നവകേരളത്തിന് പുതിയ ഭവന സാക്ഷരത എന്ന വിഷയത്തിൽ ഏകദിന സെമിനാർ/എക്സിബിഷൻ 2018-19 സാമ്പത്തിക വർഷത്തിൽ 9 ജില്ലകളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവുകുറഞ്ഞ വീട്, ഹരിത ഭവനങ്ങൾ തുടങ്ങിയ ആശയങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിന് ഹൗസിംഗ് കമ്മീഷണറേറ്റ് 2018-19 ലെ "Promotion of Innovative Buildings Technologies & Housing Literacy Programme" എന്ന പദ്ധതിയിലൂടെ സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ചെലവുകുറഞ്ഞ ഭവന നിർമ്മാണ സാങ്കേതങ്ങളും ബദൽ വികസന കാഴ്ചപ്പാടും പരിചയപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്ത ലാറി ബേക്കറുടെ സ്മരണാർത്ഥം 2019 മാർച്ച് 4, 5 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് നിർമ്മാണ മേഖലയിൽ ബദൽ സാങ്കേതിക വിദ്യകൾ, ഊർജ്ജ സംരക്ഷിത ഭവനങ്ങൾ, നവകേരള നിർമ്മാണത്തിൽ ബദൽ സാങ്കേതികവിദ്യ ഏതെല്ലാം മേഖലകളിൽ എങ്ങനെയൊക്കെ പ്രയോജനപ്പെടുത്തണം എന്നിങ്ങനെ വിവിധ ചർച്ചകൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ എന്നിവ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയിൽ സംഘടിപ്പിക്കുകയുണ്ടായി. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദഗ്ദ്ധർ, സാധാരണക്കാർ എന്നിവർ വികസിപ്പിച്ചെടുത്ത വിവിധ ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ ശൈലികളുടെ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

(ബി) നിലവിലെ പാർപ്പിട നയത്തിന് (2011) കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും പാർപ്പിടനയം പരിഷ്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി രണ്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി 12-2-2019-ന് യോഗം കൂടിയിരുന്നു. പ്രസ്തുത യോഗത്തിൽ എല്ലാ കമ്മിറ്റി അംഗങ്ങളും 2011-ലെ പാർപ്പിട നയം വിശദമായി പഠിച്ച് ആശയങ്ങളും/ശിപാർശകളും ലഭ്യമാക്കാനും ആയത് അടുത്ത പാർപ്പിട നയം പരിഷ്കരിക്കുമ്പോൾ പരിഗണിക്കാനും തീരുമാനിച്ചു. അടുത്ത യോഗം കൂടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2018-ലും 2019-ലും ഉണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭവന നിർമ്മാണ സങ്കൽപ്പങ്ങളെ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരള ബിൽഡിംഗ് കോഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി സർക്കാർ സാങ്കേതിക വിദഗ്ദ്ധരുടെ ഒരു കമ്മിറ്റി രൂപീകരിച്ച്

28-10-2019-ൽ ഉത്തരവായിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ 'കേരള കാലാവസ്ഥാ പ്രതികരണ ഭവന രൂപകൽപ്പന പ്രചരണ പരിപാടി'ക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

തോട്ടം തൊഴിലാളികൾക്കുവേണ്ടി കുമളിയിൽ RMD Technology (RAPID MONOLITHIC DISASTER PROOF TECHNOLOGY) ഉപയോഗിച്ചും Disaster resistant construction-ന് വേണ്ടി LGSF Technology (LIGHT GAUGE STEEL FRAMING TECHNOLOGY) ഉപയോഗിച്ചും നിർമ്മാണ പ്രവൃത്തികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

പശ്ചിമഘട്ടത്തിലുണ്ടായ ഉരുൾപ്പൊട്ടൽമൂലം പാറമടകളുടെ പ്രവർത്തനം നിയന്ത്രിച്ചതും അതിനെ തുടർന്ന് പരമ്പരാഗത കെട്ടിട നിർമ്മാണ സാമഗ്രികളായ കരിങ്കല്ല്, ചല്ലി തുടങ്ങിയവയ്ക്കുണ്ടായ ദൗർലഭ്യം പുനരധിവാസ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് പരാമ്പരാഗത ശൈലിയിലുള്ള കെട്ടിട നിർമ്മാണ രീതിക്കൊപ്പം ബദൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം (പ്രീ ഫാബ് നിർമ്മിതികൾ) നടത്തുന്നതിന് തീരുമാനം എടുക്കുകയും ഇതുപയോഗിച്ചുള്ള പുനരധിവാസ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഊർജ്ജിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) ഇല്ല.

സംസ്ഥാനത്തെ മുഴുവൻ അർഹതയുള്ള ഭൂമിയുള്ള ഭവന രഹിതർക്കും ഭൂരഹിത ഭവന രഹിതർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ലൈഫ് മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഇതിലേയ്ക്കായി തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങളുടെയും ക്ലേശ ഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ്. കുടുംബശ്രീ മുഖേന സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പരിശോധന നടത്തി ഗ്രാമസഭ/വാർഡുസഭ അംഗീകരിച്ചാണ് അന്തിമ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. ഇത്തരത്തിൽ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും ഹഡ്കോ ലോണും സംസ്ഥാന സർക്കാർ വിഹിതവും ലഭ്യമാക്കി ഗുണഭോക്താക്കൾ തന്നെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നു.

ഭൂരഹിത ഭവന രഹിതർക്ക് ഭവന സമുച്ചയങ്ങൾ വഴിയാണ് ഭവനം നൽകുന്നത്. ഭവന സമുച്ചയങ്ങൾ ലൈഫ് മിഷൻ മുഖേനയാണ് നിർമ്മിക്കുന്നത്. ഇത്തരത്തിൽ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാരും ലൈഫ് മിഷനും ലക്ഷ്യമിട്ടിട്ടുള്ളത്.

## അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

9 (*399) ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. കെ.അബ്ദു റബ്ബ്:
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾ അടക്കമുള്ള സ്ഥാപനങ്ങൾ അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നതായി റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഭൂമിക്ക് കുത്തകപ്പാട്ടം ലഭിച്ച സ്ഥാപനങ്ങൾ പാട്ടത്തുക അടയ്ക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) ഇത്തരത്തിലുള്ള ഭൂമിയുടെ കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വർഷങ്ങളായി സ്ഥാപനങ്ങൾ കൈവശം വച്ച ഭൂമി തിരിച്ചു പിടിക്കുന്നതിന് റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഇത്തരം ഭൂമി വർഷങ്ങളായി കൈവശം വച്ച അതത് സ്ഥാപനങ്ങൾക്ക് പതിച്ചു നൽകാൻ തീരുമാനമുണ്ടോ; വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ആരാധനാലയങ്ങൾ അടക്കമുള്ള സ്ഥാപനങ്ങൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി കണ്ടെത്തി താലൂക്ക് സർവ്വേയർ മുഖാന്തിരം അളന്ന് തിരിച്ച് കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാരിലേയ്ക്ക് വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിൽ ഏതാനും ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ബി) കുത്തകപ്പാട്ട ചട്ടങ്ങൾ നിലവിലില്ല. കുത്തകപ്പാട്ട വ്യവസ്ഥകൾ പ്രകാരം സർക്കാർ ഭൂമി കൈവശം വച്ചുവരുന്ന സ്ഥാപനങ്ങൾക്ക് നിലവിലെ പാട്ട വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്. കുത്തകപ്പാട്ടം പ്രകാരം സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന നിരവധി സ്ഥാപനങ്ങൾ പാട്ടത്തുക അടയ്ക്കാത്ത സാഹചര്യം നിലവിലുണ്ട്. അത്തരത്തിൽ പാട്ടക്കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പാട്ടത്തുക ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കുന്നതിലേയ്ക്ക് 2019-20 സംസ്ഥാന ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപനം നടത്തിയിട്ടുള്ളതാണ്. ആയതിനുള്ള തുടർനടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ 18-2-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 55/17/റവന്യൂ പ്രകാരം സർക്കാർ രൂപീകരിച്ചിരിക്കുന്ന സമിതി പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ

കൺവീനറായും ധന-നിയമ-റവന്യൂ വകുപ്പുസെക്രട്ടറിമാർ അംഗങ്ങളായുള്ള ഈ സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കണക്കെടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമിയുടെ കണക്കുകൾ ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമാക്കി പട്ടിക തയ്യാറാക്കി വരുന്നു.

(ഡി) 16680/A2/2016/റവ ഫയലിൽ വർഷങ്ങളായി സ്ഥാപനങ്ങൾ കൈവശം വച്ച ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനത്തിന് ഏറ്റവും അത്യാവശ്യമായ ഭൂമി പാട്ടത്തിനോ അല്ലെങ്കിൽ അതിന്റെ കമ്പോള വില ഈടാക്കിയോ പതിച്ച് നൽകുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു.

## വീട് നിർമ്മാണത്തിന് പ്രീ-ഫാബ്രിക്കേറ്റിംഗ് സാങ്കേതികവിദ്യ

10 (*400) <u>ശ്രീ. സി. എഫ്. തോമസ്:</u>
<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുനിർമ്മാണത്തിന് പ്രീ-ഫാബ്രിക്കേറ്റിംഗ് രീതി നടപ്പാക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രീ-ഫാബ്രിക്കേറ്റിംഗ് സാങ്കേതിക വിദ്യയനുസരിച്ച് നിർമ്മിക്കുന്ന വീടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇവയുടെ ചെലവ് എത്രയാകുമെന്ന് പഠനത്തിൽ തെളിഞ്ഞിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) പ്രസ്തുത സാങ്കേതിക വിദ്യയനുസരിച്ചുള്ള വീടുകൾക്ക് എത്ര ആയുസ്സാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>):

(എ) ഉണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകൾ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് നിർമ്മിച്ചത്. അതുപോലെ തോട്ടം തൊഴിലാളികൾക്ക് വേണ്ടി RMD Technology (Rapid Monolithic Disaster Proof Technology) ഉപയോഗിച്ചും Disaster resistant construction-ന് വേണ്ടി LGSF Technology (Light Gauge Steel Framing Technology) ഉപയോഗിച്ചും നിർമ്മാണപ്രവൃത്തികൾ നടത്തുവാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രീ-ഫാബ്രിക്കേറ്റിംഗ് സാങ്കേതിക വിദ്യയനുസരിച്ച് നിർമ്മിക്കുന്ന വീടുകളെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുന്നു. സംസ്ഥാന നിർമ്മിതി കേന്ദ്രം ഈ വിഷയം സംബന്ധിച്ച് മൂന്ന് വർഷമായി പഠനം നടത്തുകയും പ്രീ-ഫാബ് ടെക്നോളജിയുടെ സ്വീകാര്യത, നേട്ടം എന്നിവ മനസ്സിലാക്കി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിതിയുടെ പി.ടി.പി. നഗറിലുള്ള ക്യാമ്പസിൽ 400 ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള ഒരു വീടിന്റെ മാതൃക നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഒരു പദ്ധതി നടപ്പാക്കുന്ന പ്രദേശത്തിന്റെ അവസ്ഥയും നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഗുണമേന്മയും അനുസരിച്ച് വീടുകളുടെ ചെലവ് ചതുരശ്ര അടിക്ക് 1,500 രൂപ മുതൽ 3,000 രൂപ വരെയാണ് കണക്കാക്കപ്പെടുന്നത്.

(സി) പ്രീ -ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മിതികൾക്ക് അതാത് പ്രദേശങ്ങളിലെ കാലാവസ്ഥ, കെട്ടിടങ്ങളുടെ രൂപകൽപ്പന എന്നിവയ്ക്കനുസരിച്ച് വിവിധ സാങ്കേതിക വിദ്യകളും നിർമ്മാണ സാമഗ്രികളും ഉപയോഗിക്കുന്നുണ്ട്. സാങ്കേതികവിദ്യയിലെ വൈവിധ്യം, നിർമ്മാണ സാമഗ്രികളുടെ ഗുണമേന്മ എന്നിവയ്ക്കനുസരിച്ച് വീടുകളുടെ ആയുസ്സ് 30 വർഷം എന്നാണ് കണക്കാക്കിയിരിക്കുന്നത്.

## റൂം ഫോർ റിവർ പദ്ധതി

11 (*401) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ മേഖലകളെ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള റൂം ഫോർ റിവർ പദ്ധതി വിശദമാക്കാമോ;

(ബി) നെതർലാൻഡ്സ് സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കുന്നതെന്നും നാളിതുവരെ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ;

(സി) ഡച്ച് സംഘം ഇത് സംബന്ധിച്ച പഠനത്തിനായി സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ടോ; അവരുടെ കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി സംസ്ഥാനത്തിന് അനുയോജ്യമാകുന്നപക്ഷം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) നദികളുടെ പ്രളയജലം സുഗമമായി ഒഴുകുന്നതിന് നദിയുടെ വീതിയും ആഴവും വർദ്ധിപ്പിക്കുക, വളവുകൾ നിവർത്തുക, ജലനിർഗ്ഗമനത്തിന് തടസ്സമായ നിർമ്മിതികൾ ഒഴിവാക്കുക എന്നിങ്ങനെ നിരവധി പ്രവൃത്തികൾ ഉൾപ്പെടുന്നതാണ് റൂം ഫോർ റിവർ എന്ന ഡച്ച് പദ്ധതി. ഫലപ്രദമായ ഒരു ഫ്ലഡ് വാണിംഗ് സിസ്റ്റവും ഇതിൽ ഉൾപ്പെടുന്നു. ജലനിരപ്പ് ഉയരുന്നതനുസരിച്ച് ഫ്ലഡ് വാണിംഗിലെ സൂചന പ്രകാരം വിവിധ സ്ഥലങ്ങളിലെ താമസക്കാർ ഷെൽട്ടർ ഹോമിലേയ്ക്ക് മാറേണ്ടിവരുന്നു. ഇതൊക്കെ ഉൾപ്പെടുന്ന സമഗ്രമായ പദ്ധതിയാണ് 'റൂം ഫോർ റിവർ' എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) തുടർച്ചയായി വെള്ളപ്പൊക്കം ഉണ്ടാകുന്ന കുട്ടനാട്ടിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പമ്പ, അച്ചൻകോവിൽ നദികൾ, ലീഡിംഗ് ചാനൽ, തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്ക് ജലം എത്തിക്കുവാൻ കഴിയുന്ന അനുബന്ധ കനാലുകൾ, മണിമലയാർ, നെടുമുടിയാർ, പള്ളാത്തുരുത്തിയാർ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന എ.സി. കനാലിന്റെ പൂർത്തീകരണം, തോട്ടപ്പള്ളി പൊഴിയിൽ മണൽ ഖനനം തടയൽ, പുലിമുട്ട് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഒന്നാം ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ നടത്തുന്നതിനും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും 4.5 കോടി രൂപ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2018-ലെയും 2019-ലെയും വെള്ളപ്പൊക്കത്തെ തുടർന്ന് ജലവിഭവ മേഖലയിൽ പ്രവർത്തന പാരമ്പര്യമുള്ള ഡച്ച് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ടീം നിരവധി തവണ കുട്ടനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങൾ സന്ദർശിച്ചിരുന്നു. പ്രസ്തുത ടീമും ജലസേചന വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരും ചേർന്ന് കുട്ടനാടിന്റെ പ്രളയപ്രതിരോധത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ "Kerala IWRM Action Plan for Kuttanad Basin" എന്ന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കുട്ടനാടിന്റെ പുനർ നിർമ്മാണത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

ഇനിയും ഇതിന് വിശദപഠനവും ഡി.പി.ആർ. തയ്യാറാക്കലും വേണ്ടിവരും. ഇതിനുള്ള ഫണ്ടിംഗ് RKI പദ്ധതിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

## സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

12 (*402) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ പ്രവർത്തനം നവീന സാങ്കേതിക വിദ്യയുടെ സഹായത്താടെ ആധുനികീകരിച്ച് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം കാര്യക്ഷമതയോടെ നൽകുന്നുവെന്നുറപ്പാക്കാനുള്ള സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) വസ്തു കൈമാറ്റം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ വില്ലേജ് ഓഫീസുകളിൽ നിന്ന് പോക്കുവരവ് ചെയ്തു നൽകുന്നതിനുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം ഫലപ്രദമായിട്ടുണ്ടോ;

(സി) വില്ലേജ് ഓഫീസുകളിൽ നിന്നും താലൂക്ക് ഓഫീസുകളിൽ നിന്നും നൽകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ അഴിമതിരഹിതമായും സമയബന്ധിതമായും നൽകാനുള്ള ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ കാര്യക്ഷമതയെക്കുറിച്ച് അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള (Modern) അന്തരീക്ഷത്തിലും ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. അതിൽ 72 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 40 എണ്ണം അന്തിമ ഘട്ടത്തിലുമാണ്.

ഇ-ഡിസ്ട്രിക്ട്, ആർ.ആർ. ഓൺലൈൻ, Re-Lis (റവന്യൂ ലാന്റ് ഇൻഫർമേഷൻ മിഷൻ), ഇ-പേമെന്റ്, ഇ-ഓഫീസ്, ഇ-പോസ് മെഷീൻ എന്നീ പദ്ധതികളാണ് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ആധുനികവൽക്കരണ പ്രവർത്തനങ്ങൾ.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1649-ലും ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്ന വെബ് ആപ്ലിക്കേഷനും റവന്യൂ വകുപ്പിന്റെ Re-Lis എന്ന വെബ് ആപ്ലിക്കേഷനും സംയോജിപ്പിച്ചിട്ടാണ് ഓൺലൈൻ പോക്കുവരവ് സംവിധാനം സാധ്യമാക്കിയിട്ടുള്ളത്.

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതിന് ഈ സംവിധാനം വളരെ ഫലപ്രദമായിട്ടുണ്ട്.

(സി) വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെനിന്ന് വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാ ണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. 25 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാറുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു. ആയതിനാൽ വില്ലേജ്/താലൂക്ക് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

## സർക്കാർ സ്കൂളുകളുടെ വികസന ലക്ഷ്യങ്ങൾ

13 (*403) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>
<u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും നിലവാര വർദ്ധനവിനും ഏറ്റവും അനിവാര്യമായ ഘടകം എന്ന നിലയിൽ പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സർക്കാർ സ്കൂളുകളുടെ അടിസ്ഥാന പശ്ചാത്തല വികസന ലക്ഷ്യങ്ങളിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങളും വിശദമാക്കുമോ;

(ബി) പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള ക്ലാസ്സുകൾ സംയുക്തമായി പ്രവർത്തിച്ചുവരുന്ന സർക്കാർ സ്കൂളുകളുടെ ഭരണ നിർവ്വഹണ

അധികാരം ഏക പ്രധാനാധ്യാപകനിൽ നിക്ഷിപ്തമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും നിലവാര വർദ്ധനവിനുംവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്ന പേരിൽ പ്രത്യേക പദ്ധതി തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പദ്ധതിയുടെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ (കൈറ്റ്) നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി, പ്രൈമറി വിഭാഗം സ്കൂളുകൾക്കുള്ള ഹൈടെക് ലാബ് പദ്ധതി എന്നിവയോടൊപ്പം ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന നിലയിൽ സംസ്ഥാനമൊട്ടാകെ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി തുടങ്ങിയവ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 9 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം സ്കൂൾ അധികൃതർക്ക് കൈമാറി. 3 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ഈ മാസം കൈമാറാൻ കഴിയുമെന്ന് കരുതുന്നു. 48 സ്കൂളുകളിൽ 60 ശതമാനത്തിലധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 3 കോടി രൂപ വീതം കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 7 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി കൈറ്റ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 39 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകലിന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1,000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 500-നും 1,000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

4,752 സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസ്സുകളിലെ 45,000 ക്ലാസ്സ് മുറികൾ ഇതിനകം ഹൈടെക് ആയി. 9,941 പ്രൈമറി സ്കൂളുകളെ ഹൈടെക്കാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ക്ലാസ്സ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കി പഠന പ്രവർത്തനങ്ങളുടെ പോഷണത്തിന് 'സമഗ്ര' പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. അദ്ധ്യാപക ശാക്തീകരണ പരിപാടികൾ നടത്തിവരികയും ചെയ്യുന്നു.

കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷം 1,874 ലക്ഷം രൂപയുടെയും 2017-18 സാമ്പത്തിക വർഷം 16440.34 ലക്ഷം രൂപയുടെയും 2018-19 സാമ്പത്തിക വർഷം 24454.04 ലക്ഷം രൂപയുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 351 സ്കൂളുകൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിന്റെയെല്ലാം ഫലമായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ രീതിയിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷാ റിസൾട്ടുകളിലും മികവ് വർദ്ധിച്ചുവരുന്നു.

(ബി) ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവ സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതു സംവിധാനത്തിന്റെ കീഴിൽ രൂപീകരിച്ച് നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നീ സ്കൂൾതല സംവിധാനങ്ങൾ അതേപോലെ തുടർന്നുവരുന്നു. ഉപജില്ല, ജില്ലാ വിദ്യാഭ്യാസ ഡയറക്ടറേറ്റുകൾ, ഹയർ സെക്കന്ററി ഡയറക്ടറേറ്റുകൾ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, വൊക്കേഷണൽ ഡയറക്ടറേറ്റ് എന്നിവ തൽസ്ഥിതിയിൽ തന്നെ തുടർന്നുവരികയാണ്.

## സ്കൂൾ കെട്ടിടങ്ങളുടെ ആസ്ബസ്റ്റോസ് മേൽക്കൂരകൾ മാറ്റി സ്ഥാപിക്കാൻ നടപടി

14 (*404) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല പൊതുവിദ്യാലയങ്ങളും ആസ്ബസ്റ്റോസ് മേൽക്കൂരകളുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആസ്ബസ്റ്റോസ് ഷീറ്റുകൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതുമായി ബന്ധപ്പെട്ട് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടും ഈ സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാക്കാൻ കഴിയാത്തതിന് കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ളതും ആസ്ബസ്റ്റോസ് മേൽക്കൂരകളുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ എല്ലാ സ്കൂളുകളുടെയും മേൽക്കൂര മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി - ഡി) സ്കൂൾ മേൽക്കൂരകളിലെ ആസ്ബസ്റ്റോസ് ഷീറ്റുകൾമൂലം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടാൻ സാധ്യതയുണ്ടെന്നുള്ള കാര്യം ഗൗരവമായി കാണുന്നതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ-എയ്ഡഡ്-അൺഎയ്ഡഡ്-അംഗീകൃത സ്വകാര്യ സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂര നിർമ്മാണത്തിനായി ആസ്ബസ്റ്റോസ് ഷീറ്റ് ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ടും ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ മേൽക്കൂരകളോടുകൂടി നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽനിന്നും ആയത് രണ്ട് വർഷത്തിനകം നീക്കം ചെയ്യണമെന്ന നിർദ്ദേശം നൽകിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## റോഡുകളുടെയും പാലങ്ങളുടെയും സ്ഥിതി പരിശോധിക്കുന്നതിന് സംവിധാനം

15 (*405) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെയും പാലങ്ങളുടെയും സ്ഥിതി കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആദ്യ പരിശോധനയിൽ പുനർനിർമ്മിക്കേണ്ടതെന്ന് കണ്ടെത്തിയ നൂറ്റിയറുപത്തിരണ്ട് പാലങ്ങളുടെയും പുനരുദ്ധരിക്കേണ്ടതായ ഇരുനൂറ്റിയെട്ട് പാലങ്ങളുടെയും പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) സാങ്കേതിക രംഗത്തെ നവീനതകൾ അറിയുന്നതിനും അവയുടെ പ്രയോഗം സംസ്ഥാനത്ത് സാധ്യമാക്കുന്നതിനും ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടിയെക്കുറിച്ച് അറിയിക്കാമോ;

(ഡി) പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെയും ആഭ്യന്തര വിജിലൻസ് വിഭാഗത്തെയും ശക്തിപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) റോഡുകളുടെ സ്ഥിതി കാലാകാലങ്ങളിൽ വിലയിരുത്തുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തിവരുന്നു. പൊതുമരാമത്ത് മാന്വൽ clause 2602.2 പ്രകാരം എല്ലാ റോഡുകളും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം പരിശോധിക്കേണ്ടതാണ്. മഴക്കാലത്തും മറ്റ് പ്രകൃതി ദുരന്തങ്ങളും ഉണ്ടാകുന്ന അവസരത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉടനടി പരിശോധന നടത്തി വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ, നിരത്തുകളുടെ സ്ഥിതി പരിശോധിക്കുന്നതിനായി റോഡ് മെയിന്റനൻസ് വിഭാഗവും നടപടികൾ സ്വീകരിക്കുന്നുണ്ട്.

പാലം പരിശോധനയ്ക്ക് 27-8-2019-ലെ സ.ഉ.(സാധാ) നമ്പർ 1052/2019/പൊ.മ.വ. പ്രകാരം ബ്രിഡ്ജ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ആദ്യഘട്ട പരിശോധനയിൽ പുനർ നിർമ്മിക്കേണ്ട പാലങ്ങൾ 162-ഉം പുനരുദ്ധാരണം നടത്തേണ്ടവ 208-ഉം ആയി കണ്ടെത്തിയിരുന്നു.

162 പാലങ്ങളിൽ 2 പാലങ്ങൾക്ക് പുനർ നിർമ്മാണം വേണ്ടെന്ന് പിന്നീടുള്ള വിശദമായ പരിശോധനയിൽ കണ്ടെത്തിയിരുന്നു. (ഒരു പാലത്തിന്റെ പ്രവൃത്തി ഇറിഗേഷൻ വിഭാഗം നിർവ്വഹിക്കുന്നുണ്ട്. ഒരു പാലത്തിന്റെ വീതി മാത്രം വർദ്ധിപ്പിച്ചാൽ മതിയാകും.) ബാക്കി 160 പാലങ്ങളിൽ 33 പാലങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ മൂന്ന് പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂന്ന് പാലങ്ങളുടെ പ്രവൃത്തി അപ്രോച്ച് റോഡ് ഒഴികെ പൂർത്തിയായിട്ടുണ്ട്. 5 പാലങ്ങളുടെ പ്രവൃത്തി നടന്നുവരുന്നു. 15 പാലങ്ങളുടെ പ്രവൃത്തികൾ ടെണ്ടർ സ്റ്റേജിലാണ്. 7 പാലങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾക്ക് പുനർ നിർമ്മാണം നടത്തുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു.

ആദ്യ പരിശോധനയിൽ പുനരുദ്ധാരണം വേണ്ട 208 പാലങ്ങൾ കണ്ടെത്തിയെങ്കിലും പിന്നീട് നടത്തിയ വിശദമായ പരിശോധനയിൽ 155 പാലങ്ങൾക്ക് മാത്രമേ പുനരുദ്ധാരണം വേണ്ടതുള്ളൂ എന്ന് കണ്ടെത്തുകയുണ്ടായി. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(സി) സാങ്കേതിക രംഗത്തെ നവീന ആശയങ്ങൾ സമന്വയിപ്പിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങളെ സജ്ജമാക്കുന്നതിനായി നൂതന സാങ്കേതിക വിഷയങ്ങളിൽ ഉള്ള പരിശീലന പരിപാടികൾ എച്ച്.ആർ.ഡി. സെൽ മുഖേന നടത്തിവരുന്നു. ഇതിനുപുറമേ കേരളത്തിനകത്തും പുറത്തുമുള്ള മികച്ച പരിശീലന കേന്ദ്രങ്ങളിൽ അയച്ച് ഓരോ വിഭാഗത്തിലെയും ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ വൈദഗ്ധ്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. എല്ലാ വർഷവും വകുപ്പിൽനിന്ന് തെരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് ഉപരിപഠനത്തിന് അവസരം നൽകാറുണ്ട്.

(ഡി) പ്രവൃത്തികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

പൊതുമരാമത്ത് ആഭ്യന്തര വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെയും നാല് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി ശക്തിപ്പെടുത്തിയിട്ടുണ്ട്.

**തീരമേഖലയുടെ സമഗ്രമായ നവീകരണം**

16 (*406) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരമേഖലയുടെ സമഗ്രമായ നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തീരമേഖലയിലെ സ്കൂളുകളുടെ നവീകരണമടക്കം ഏതെല്ലാം മേഖലയിലെ വികസനമാണ് കിഫ്ബി മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തീരമേഖലാ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മത്സ്യമാർക്കറ്റുകൾ ആധുനിക രീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) തീരമേഖലയുടെ സമഗ്രമായ നവീകരണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ പുനരധിവാസം- പ്രത്യേക പാക്കേജ് (2016-17)- 25 കോടി രൂപ
2. ഭൂരഹിത മത്സ്യത്തൊഴിലാളി ഭവന പദ്ധതി- പാർപ്പിട സൗകര്യത്തിന് സ്ഥലം വാങ്ങുന്നതിന് ധനസഹായം (2016-17)
3. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
4. വിദ്യാഭ്യാസ സഹായ പദ്ധതികൾ
5. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി
6. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി
7. ഓഖി പുനരധിവാസ പദ്ധതികൾ
8. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന സംയോജിത ഇൻഷ്വറൻസ് പദ്ധതി
9. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ
10. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി

11. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

(ബി) മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം/പുനരുദ്ധാരണം, മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപ പ്രദേശങ്ങളിലെ തീര സംരക്ഷണ പ്രവൃത്തിയായ ഗ്രോയിനുകളുടെ നിർമ്മാണം എന്നിവയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 159.16 കോടി രൂപയുടെ പദ്ധതിയാണ് കിഫ്ബി ധനഹായത്തോടെ നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്. മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപ തീരപ്രദേശങ്ങളിലെ തീരശോഷണം തടയുന്നതിനും കൊല്ലം മുതൽ താന്നി വരെയുള്ള തീരത്തെ കരയെടുത്ത് പോകുന്നത് തടയുന്നതിനുമാണ്. കൂടാതെ, പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള തീരശോഷണം തടയുന്നതിന് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്ന പദ്ധതിയും ഇതിൽപ്പെടും.

തീരപ്രദേശത്തെ 69 സ്കൂളുകളുടെ നവീകരണത്തിനും 65 മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനുമുള്ള പദ്ധതികളും ആവിഷ്കരിച്ച് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 69 സ്കൂളുകൾക്ക് 141.27 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി അപ്രൈസൽ വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം 60 സ്കൂളുകളുടെ അപ്രൈസൽ റിപ്പോർട്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭിക്കുകയും കിഫ്ബി നിർദ്ദേശങ്ങൾക്കനുസൃതമായി എസ്റ്റിമേറ്റുകൾ ക്രമപ്പെടുത്തി 57 സ്കൂളുകൾക്കായി (64.84 കോടി രൂപയ്ക്കുള്ള) പുതുക്കിയ എസ്റ്റിമേറ്റുകൾ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ബാക്കി സ്കൂളുകളുടെ വിലയിരുത്തൽ റിപ്പോർട്ട് കിഫ്ബിയിൽനിന്നും ലിച്ചിട്ടില്ല. 65 മാർക്കറ്റുകളുടെ നവീകരണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മുൻകാലത്ത് 39 മാർക്കറ്റുകൾ തീരദേശ വികസന കോർപ്പറേഷൻ എൻ.എഫ്.ഡി.ബി./കേന്ദ്ര ഗവൺമെന്റ് ധനഹായത്തോടെ നടപ്പിലാക്കിയിരുന്നു. എന്നാൽ ഇപ്പോൾ എൻ.എഫ്.ഡി.ബി. വഴിയും കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതി പ്രകാരവുമുള്ള ധനസഹായം നാമമാത്രമായി ചുരുങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 65 മാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയതനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിന് തീരദേശ വികസന കോർപ്പറേഷൻ നടപടി സ്വീകരിച്ചുവരികയാണ്.

## വിദ്യാർത്ഥികളിൽ മാനുഷിക മൂല്യങ്ങൾ വളർത്തുവാൻ നടപടി

17 (*407) ഡോ. എം. കെ. മുനീർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളിൽ മൂല്യബോധം, സഹാനുഭൂതി തുടങ്ങിയ മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിലും സാമൂഹ്യ പ്രതിബദ്ധത ഉറപ്പാക്കുന്ന തരത്തിൽ ദിശാബോധം നൽകുന്ന കാര്യത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിന്നോക്കാവസ്ഥയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വാളയാറിൽ പീഡനത്തിനിരയായി മരിച്ച പെൺകുട്ടികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വരച്ച പോസ്റ്റർ തലസ്ഥാന ജില്ലയിലെ ഒരു സ്കൂളിൽ പതിച്ചതിന്റെ പേരിൽ വിദ്യാർത്ഥികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം അച്ചടക്ക നടപടികൾ വിദ്യാർത്ഥികളിലും സമൂഹത്തിലും വിഷമതകൾ വർദ്ധിപ്പിക്കുന്നതോടൊപ്പം അവരിൽ വളർന്നുവരേണ്ട സാമൂഹിക പ്രതിബദ്ധതയ്ക്ക് തടസ്സവുമുണ്ടാക്കുന്നു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ മൂല്യബോധം, സഹാനുഭൂതി തുടങ്ങിയ മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിനും സാമൂഹ്യ പ്രതിബദ്ധത വളർത്തുന്ന തരത്തിലുമാണ് സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സ്കൂൾ വിദ്യാഭ്യാസത്തിൽ വിവിധ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ ഗുണപരമായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിനെ ഉദ്ദേശിച്ചാണ് ഒരുക്കിയിട്ടുള്ളത്. വിവിധ വിഷയങ്ങളിലെ പാഠഭാഗങ്ങൾ തെരഞ്ഞെടുക്കുമ്പോഴും ക്ലാസ്സ് മുറികളിൽ വിനിമയം ചെയ്യുമ്പോഴും മൂല്യങ്ങൾക്കും മനോഭാവങ്ങൾക്കും വേണ്ടത്ര ഊന്നൽ നൽകുന്ന തരത്തിലാണ് അധ്യാപകർക്കുള്ള കൈപ്പുസ്തകങ്ങളും പരിശീലന പരിപാടികളും വിഭാവനം ചെയ്തിട്ടുള്ളത്. മൂല്യവിദ്യാഭ്യാസം പ്രത്യേക വിഷയമായി പഠിപ്പിക്കുന്നത് അശാസ്ത്രീയമായതിനാൽ വിവിധ വിഷയങ്ങളിലെ

പാഠഭാഗങ്ങളുമായി ഉദ്ഗ്രഥിച്ചാണ് ഇത് നടപ്പാക്കിയിട്ടുള്ളത്. കൂടാതെ നിരന്തര വിലയിരുത്തലിന്റെ ഭാഗമായി ഇത് പരിശോധിക്കുന്നുമുണ്ട്. കേരളത്തിന്റെ നിലവിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. പരിഷ്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോഴും സമീപനരേഖ തയ്യാറാക്കുമ്പോഴും മൂല്യ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകുന്നതാണ്.

(ബി) വാളയാറിൽ പീഡനത്തിനിരയായി മരിച്ച പെൺകുട്ടികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ ഗവൺമെന്റ് എച്ച്.എസ്. വിളവൂർക്കലിൽ +2 വിദ്യാർത്ഥികൾ ക്ലാസ്സ് മുറിക്കകത്ത് പോസ്റ്റർ ഒട്ടിക്കുവാൻ ശ്രമിച്ചപ്പോൾ അവിടെ ക്ലാസ്സ് എടുക്കുകയായിരുന്ന അധ്യാപിക പോസ്റ്റർ ക്ലാസ്സ് മുറിക്കകത്ത് ഒട്ടിക്കുവാൻ പറ്റില്ല എന്ന് പറയുകയും അത് കാരണം കുട്ടികൾ അധ്യാപികയോട് കയർത്ത് സംസാരിക്കുകയും സംഭവങ്ങളെ തുടർന്ന് പോസ്റ്റർ ഒട്ടിക്കുവാൻ ശ്രമിച്ച വിദ്യാർത്ഥികളെ രണ്ട് ദിവസത്തേയ്ക്ക് ക്ലാസ്സിൽ കയറണ്ടായെന്ന് പറയുകയുണ്ടായി. രണ്ട് ദിവസത്തിൽ ഒരു ദിവസം കലോത്സവം ആയതിനാൽ ഒരു ദിവസത്തെ അധ്യയനം മാത്രമേ മുടങ്ങിയിട്ടുള്ളൂ.

(സി) ഇത്തരത്തിലുള്ള വിഷയങ്ങളിൽ കുട്ടികൾ കൈകാര്യം ചെയ്യേണ്ട രീതിയെ സംബന്ധിച്ച് ബോധവൽക്കരണം നൽകണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂളുകളിൽ ഐ. ടി. ഓഡിറ്റ്

18 (*408) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെയും സ്കൂളുകളിലെയും സ്റ്റോക്ക് രജിസ്റ്റർ ഓൺലൈനായി സൂക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിന് നിർദ്ദേശം നല്കുമോയെന്ന് അറിയിക്കാമോ;

(ബി) സ്കൂളുകളിൽ നിലവിൽ ഐ.ടി. ഉപകരണങ്ങളുടെ പരിപാലനം കാര്യക്ഷമമാണോയെന്ന് പരിശോധിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകളിൽ നിലവിൽ ഐ.ടി. ഓഡിറ്റ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഓഡിറ്റ് നടത്തുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലാത്ത ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിനും സവിശേഷ ഐ.ടി. പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള അനുമതി നല്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നിലവിൽ സ്റ്റോക്ക് രജിസ്റ്റർ ഓൺലൈനായി സൂക്ഷിക്കുന്നില്ല. എന്നാൽ പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖാന്തിരം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതി, പ്രൈമറി വിഭാഗം വിദ്യാലയങ്ങൾക്കുള്ള ഹൈടെക് ലാബ് പദ്ധതി എന്നിവയുടെ ഭാഗമായി സ്കൂളുകൾക്ക് നൽകുന്ന ഐ.ടി. ഉപകരണങ്ങൾ ഒരു ഓൺലൈൻ ഡിസ്ട്രിബ്യൂഷൻ ആന്റ് കംപ്ലെയിന്റ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയറിന്റെ സഹായത്താലാണ് നടപ്പിലാക്കിയിട്ടുള്ളത്. ഓരോ സ്കൂളിനും പ്രത്യേക യൂസർ നെയിമും പാസ് വേർഡും നൽകി ഓൺലൈനിലെ ഉപകരണങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനും പരാതി നൽകുന്നതിനും പ്രസ്തുത സോഫ്റ്റ്‌വെയറിൽനിന്ന് ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ട് സ്റ്റോക്ക് രജിസ്റ്ററായി ഉപയോഗിക്കുന്നതിനും ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിലേയും സ്ഥാപനങ്ങളുടെയും ഐ.ടി. ഉപകരണങ്ങളുടെ ഒരു ഓൺലൈൻ സ്റ്റോക്ക് രജിസ്റ്റർ കൈറ്റ് തയ്യാറാക്കുന്നതിനും ഇതിൽ എല്ലാ സ്ഥാപനങ്ങളും വിവരങ്ങൾ ലഭ്യമാക്കുന്നു എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഉപകരണങ്ങളുടെ തൽസ്ഥിതി അറിയാനും തുടർനടപടികൾക്കുമായി ഓരോ വർഷവും പ്രത്യേക ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് കൈറ്റ് നടത്തണമെന്നും വിവരങ്ങൾ സർക്കാരിലേയ്ക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 'സമ്പൂർണ്ണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം മുഖേന സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളിൽ ഓൺലൈൻ സ്റ്റോക്ക് രജിസ്റ്റർ സംവിധാനം ഏർപ്പെടുത്താൻ കൈറ്റ് മുഖാന്തിരം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിലേയ്ക്ക് വാങ്ങാവുന്ന ഉപകരണങ്ങൾ, അവയ്ക്കാവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ തുടങ്ങിയവ ഉൾപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് വിതരണം ചെയ്ത എല്ലാ

ഉപകരണങ്ങൾക്കും 5 വർഷ വാറണ്ടി, പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം, കോൾ സെന്റർ സംവിധാനം, ജില്ലകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം, ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തിയിട്ടുണ്ട്. ഹാർഡ്‌വെയർ പരാതികൾ നിശ്ചിത ദിവസങ്ങൾക്കുള്ളിൽ പരിഹരിച്ചില്ലെങ്കിൽ വിതരണക്കാരിൽനിന്നും പിഴ ഈടാക്കുന്നതിനുള്ള സംവിധാനവും ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാക്കി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമയി ചേർക്കുന്നു.*

(സി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കൈറ്റിന്റെ നേതൃത്വത്തിൽ പ്രാഥമിക ഐ.ടി. ഓഡിറ്റ് ('സമഗ്ര' ഡിജിറ്റൽ വിഭവപോർട്ടലിന്റെ ഉപയോഗം, ഐ.ടി. ഉപകരണങ്ങളുടെ ഉപയോഗം തുടങ്ങിയവ സംബന്ധിച്ച്) 2018 ഒക്ടോബർ 22 മുതൽ നവംബർ 30 വരെ നടത്തിയിട്ടുണ്ട്. ഇതിന്റെ അടുത്തഘട്ട ഓഡിറ്റിനുള്ള ക്രമീകരണങ്ങൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല. എസ്.സി.ഇ.ആർ.ടി.-യും കൈറ്റും സംയുക്തമായി അംഗീകരിച്ചശേഷം മാത്രമേ സ്കൂളുകളിലേയ്ക്ക് ഡിജിറ്റൽ ഉള്ളടക്കം, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയ അക്കാദമിക കണ്ടന്റ് ലഭ്യമാക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രൊപ്രൈറ്ററി ആയതും ലൈസൻസ് നിബന്ധനകൾ ഉള്ളതും ആയ സോഫ്റ്റ്‌വെയറുകൾ സ്കൂളുകളിൽ യാതൊരു കാരണവശാലും വിന്യസിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## റവന്യൂ വകുപ്പിൽ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ആധുനികവൽക്കരണം

19 (*409) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ആധുനികവല്ക്കരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വില്ലേജ് ഓഫീസിൽ നിന്ന് നല്കുന്ന വിവിധ ഇനം സർട്ടിഫിക്കറ്റുകൾക്ക് വീട്ടിലിരുന്ന് അപേക്ഷിക്കുന്നതിനും സർട്ടിഫിക്കറ്റുകളുടെ പ്രിന്റ് എടുക്കുന്നതിനും സാധിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതൊരു വ്യക്തിക്കും വീട്ടിലിരുന്ന് തന്നെ എല്ലാത്തരത്തിലുമുള്ള റവന്യൂ പേമെന്റ് നടത്തുന്ന തരത്തിലുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ടോ;

(ഇ) എല്ലാ വില്ലേജുകളിലെയും അടിസ്ഥാന രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ; തണ്ടപ്പേര് റിക്കാർഡ്, ബി.റ്റി.ആർ. റിക്കാർഡ് എന്നിവയുടെ ഡിജിറ്റൈസേഷന്റെ പുരോഗതി അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) താഴെപ്പറയുന്ന പദ്ധതികളാണ് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിൽ നടത്തുന്ന ആധുനികവൽക്കരണ പ്രവൃത്തികൾ

1. ഇ-ഡിസ്ട്രിക്ട്
2. ആർ.ആർ. ഓൺലൈൻ
3. സംയോജിത ഓൺലൈൻ പോക്കുവരവ്
4. ReLIS (റവന്യൂ ലാന്റ് ഇൻഫർമേഷൻ മിഷൻ)
5. ഇ-പേമെന്റ്
6. ഇ-ഓഫീസ്
7. ഇ-പോസ് മെഷീൻ

(ബി) സംസ്ഥാനത്ത് ആകെയുള്ള 1,664 വില്ലേജുകളിൽ 1,649 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്ന വെബ് ആപ്ലിക്കേഷനും റവന്യൂ വകുപ്പിന്റെ ReLIS എന്ന വെബ് ആപ്ലിക്കേഷനും സംയോജിപ്പിച്ചാണ് ഓൺലൈൻ പോക്കുവരവ് സംവിധാനം സാധ്യമാക്കിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിൽനിന്നും താലൂക്ക് ഓഫീസുകളിൽനിന്നും നൽകുന്ന വിവിധ ഇനം സർട്ടിഫിക്കറ്റുകൾ ഏതൊരു വ്യക്തിക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനും സർട്ടിഫിക്കറ്റുകളുടെ പ്രിന്റ് എടുക്കുന്നതിനും E-District എന്ന സർട്ടിഫിക്കറ്റ് പോർട്ടലിൽ സംവിധാനമുണ്ട്.

കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്തവർക്ക് ഈ ആവശ്യത്തിനായി ഏതെങ്കിലും ജനസേവന കേന്ദ്രത്തിന്റെ സഹായം തേടാവുന്നതുമാണ്.

(ഡി) സംസ്ഥാനത്തെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുള്ള എല്ലാ വില്ലേജുകളിലെയും ഭൂനികുതി ReLIS (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) എന്ന വെബ് ആപ്ലിക്കേഷൻ മുഖാന്തിരം അടവാക്കാൻ കഴിയുന്നതാണ്. മറ്റ് നികുതികളും ഓൺലൈനായി തന്നെ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും അടിസ്ഥാന രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1649 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (ബി.റ്റി.ആർ.) ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 15 വില്ലേജുകളിലെ ബി.റ്റി.ആർ. ഡിജിറ്റൈസേഷൻ നടപടികൾ നടന്നുവരുന്നു.

**റവന്യൂ വകുപ്പിന്റെ ആധുനികീകരണം**

20 (*410) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരവിനിമയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റവന്യൂ വകുപ്പിന്റെ ആധുനികീകരണത്തിന് ചെയ്തുവരുന്ന പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ;

(ബി) ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ പരിപാടിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ;

(സി) റീസർവേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റീസർവേ സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനും പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ;

(ഡി) മോഡേൺ റിക്കാർഡ് റൂമുകൾ രൂപീകരിക്കുന്ന പദ്ധതിയെക്കുറിച്ച് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) വിവരവിനിമയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റവന്യൂ വകുപ്പിന്റെ ആധുനികീകരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഇ-ഡിസ്ട്രിക്ട്
2. ആർ.ആർ. ഓൺലൈൻ
3. സംയോജിത ഓൺലൈൻ പോക്കുവരവ്

4. ReLIS (റവന്യൂ ലാന്റ് ഇൻഫർമേഷൻ മിഷൻ)
5. ഇപേമെന്റ്
6. ഇ-ഓഫീസ്
7. ഇ-പോസ് മെഷീൻ

(ബി) സർവ്വേ വകുപ്പിലും റവന്യൂ വകുപ്പിലുമായി നടക്കുന്ന കേരള ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി കേരള ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പരിപാടിയുടെ ഭാഗമായി നിലവിൽ ടി വകുപ്പുകളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

<u>സർവ്വേയും ഭൂരേഖയും വകുപ്പ്</u>

ലാന്റ് റിക്കാർഡ്സ് മോഡണൈസേഷന്റെ ഭാഗമായി നിലവിൽ ആധുനിക സർവ്വേ ഉപകരണങ്ങളായ GPS (Global Positioning System), ETS (Electronics Total Station) എന്നിവ ഉപയോഗിച്ച് ഡിജിറ്റൽ ലാന്റ് റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികളാണ് സർവ്വേ വകുപ്പിൽ സ്വീകരിച്ചുവരുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന റിക്കാർഡുകൾ BHUNAKSHA എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് ഓൺലൈൻ മുഖേന സർവ്വീസ് നൽകുന്നതിനായി എൻ.ഐ.സി.യുമായി ചർച്ചകൾ നടത്തിവരുന്നു. കൂടാതെ ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ്വർക്ക് സ്ഥാപിച്ച് സർവ്വേ നടപടികൾ ത്വരിതപ്പെടുത്താനും വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേയ്ക്കായി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചുവരുന്നു.

<u>റവന്യൂ വകുപ്പ്</u>

സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും അടിസ്ഥാന രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനാണ് റവന്യൂ വകുപ്പ് ലക്ഷ്യമിടുന്നത്. നിലവിൽ 1649 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (ബി.റ്റി.ആർ.) ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 15 വില്ലേജുകളിലെ ബി.റ്റി.ആർ. ഡിജിറ്റൈസേഷൻ നടപടികൾ നടന്നുവരുന്നു. എന്നിരുന്നാലും വില്ലേജ് ഓഫീസുകളിലെ പ്രധാനപ്പെട്ട രേഖകളായ ബി.റ്റി.ആർ., തണ്ടപ്പേർ, എഫ്.എം.ബി. എന്നിവയും ചിത്രരൂപത്തിൽ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാകയാൽ ഇ-ടെണ്ടർ മുഖേന M/s സ്മാർട്ട് ഐ.റ്റി. സൊല്യൂഷൻസ്, കൽക്കട്ട എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും പ്രസ്തുത ഏജൻസി സംസ്ഥാനത്തെ എല്ലാ വില്ലേജ്

ഓഫീസുകളിലെയും പ്രസ്തുത രേഖകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി വകുപ്പിന് കൈമാറുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രവർത്തി 6 മാസത്തിനുള്ളിൽ പൂർത്തീകരിച്ച് ടി വിവരങ്ങൾ ReLIS എന്ന സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തി ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും നിലവിൽ 30 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്.

കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി 10-5-2018-ലെ സ.ഉ.(എം.എസ്.) 181/2018/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാന്റ് സർവ്വേ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി പരീക്ഷണ സർവ്വേ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വകുപ്പ് പുനഃസംഘടിപ്പിച്ചും ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ചും സർവ്വേ നടപടികൾ ത്വരിതപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

സർക്കാരിന്റെ 26-8-2017-ലെ 303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവ്വേ സംബന്ധിച്ച പരാതി പരിഹരിക്കുന്നത് ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം.) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായി വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ച് വരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി താലൂക്കിൽ ലാവണമുള്ള സർവ്വേ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവ്വേ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും നൽകിവരുന്നു.

(ഡി) വിവിധ റവന്യൂ രേഖകൾ കാലപ്പഴക്കം നിമിത്തം കേടുപാട് സംഭവിക്കാതിരിക്കുന്നതിനും നഷ്ടപ്പെടാതിരിക്കുന്നതിനും അനുയോജ്യമായ രീതിയിൽ അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് മോഡേൺ റിക്കാർഡ് റൂം. സംസ്ഥാനത്തെ 9 ജില്ലകളിൽ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ബാക്കി ജില്ലകളായ കാസർഗോഡ്, ഇടുക്കി, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

21 (*411) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയെ സംബന്ധിക്കുന്ന ഖാദർ കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഖാദർ കമ്മിറ്റി അതിന്റെ റിപ്പോർട്ട് പൂർണ്ണതോതിൽ സർക്കാരിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഗുണപരമായ മാറ്റം നിർദ്ദേശിക്കുന്ന രണ്ടാം ഭാഗം സമർപ്പിക്കുന്നതിനുമുമ്പ് ആദ്യ റിപ്പോർട്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കിയാൽ വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരത്തകർച്ച ഉണ്ടാകുമെന്ന അദ്ധ്യാപക സംഘടനകളുടെയും സ്കൂൾ മാനേജർമാരുടെയും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) അംഗീകരിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസത്തിന്റെ ഘടനയുടെ ഭാഗമായ വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളാണ് നിലവിൽ സർക്കാർ അംഗീകരിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മേഖലകളെ സംബന്ധിച്ചുള്ള കമ്മിറ്റിയുടെ ശിപാർശകൾ അതിനാൽത്തന്നെ പൂർണ്ണവും സമഗ്രവുമായതിനാലാണ് നടപ്പിലാക്കാൻ തീരുമാനിച്ചത്.

(സി) ഗുണപരമായ മാറ്റങ്ങളിലൂടെ സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളുകളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതുപോലെത്തന്നെ നിലനിർത്തിക്കൊണ്ട് ഒരു യൂണിറ്റാക്കി മാറ്റി അക്കാദമിക മികവ് ഉണ്ടാക്കാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണംകൊണ്ട് ലക്ഷ്യമിടുന്നത്. റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച്

അദ്ധ്യാപകർ/ അനദ്ധ്യാപകർ/ വിദ്യാർത്ഥികൾ/സർവ്വീസ് സംഘടനകൾ/ മാനേജ്മെന്റ്/തദ്ദേശസ്വയംഭരണ മേധാവികളുടെ പ്രതിനിധികൾ എന്നിവരുമായി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും മേൽ വിഷയം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. ഈ ചർച്ചകളിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾകൂടി പരിഗണിച്ചാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ചില ഭേദഗതികളോടെ നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) കേസ്സുകൾ ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം**

22 (*412) ശ്രീമതി ഗീതാ ഗോപി:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിനായി വിവിധ പദ്ധതികൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നിലവിൽ അവലംബിച്ചുവരുന്ന നടപടിക്രമങ്ങൾ അറിയിക്കുമോ;

(സി) പദ്ധതികൾക്കായി വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കൈമാറ്റത്തിനായുള്ള നടപടികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നല്കിയിട്ടുള്ള അധികാരപരിധി വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ റോഡ് വികസനത്തിന് അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുത്ത് KSTP-ക്ക് കൈമാറുന്നതിന് റവന്യൂ (എ) വകുപ്പിലെ 3-4-2017-ലെ സ.ഉ. (കൈ) നമ്പർ 105/17/റവ. പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. നാഷണൽ ഹൈവേയുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സർക്കാർ ഭൂമി (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഒഴിവാക്കി) ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് സംഭവിച്ചേക്കാവുന്ന ഏതുവിധ കേടുപാടുകളും ജില്ലാ

കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുനഃസ്ഥാപിക്കുകയോ പുനർ നിർമ്മിച്ച് നൽകുകയോ, നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന വ്യവസ്ഥയോടെ നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറി നൽകുന്നതിന് റവന്യൂ (എൽ) വകുപ്പിലെ 26-8-2017-ലെ സ.ഉ.(കൈ) നമ്പർ 302/17/റവ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ദേശീയപാത നിർമ്മാണത്തിനായി ആവശ്യമായി വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്/തോട് പുറമ്പോക്ക് ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറി നൽകുന്നതിന് തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 24-11-2018-ലെ 175/2018/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം, വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് റവന്യൂ (എ) വകുപ്പിൽ നിന്നുള്ള 5-6-2018-ലെ ജി.ഒ. (പി) നമ്പർ 31/18/റവ. പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. നിരന്തരം കടലാക്രമണത്തിനും കടൽക്ഷോഭത്തിനും വിധേയമാകുന്ന കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18,865 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിക്കുന്ന റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും മേൽ ആവശ്യത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് സമർപ്പിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2615/ബി-യിൽ ഉൾപ്പെട്ട് വരുന്ന 31.826 സെന്റ് പുറമ്പോക്ക് ഭൂമി (GO (MS) 34/2019/Rev. Dated 25-1-2019), തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിലെ സെന്റ് മഗലീന ചർച്ചിന് സമീപത്തായി ബ്ലോക്ക് നമ്പർ 17-ൽ സർവ്വേ നമ്പർ 23/1-ൽ ഉൾപ്പെട്ട 67 ആർ 18 ച. മീറ്റർ പുറമ്പോക്ക് ഭൂമി 25-6-2019-ലെ (G.O. (MS) 197/2019/Rev. പ്രകാരം എന്നിവ ഫിഷറീസ് വകുപ്പിന് കൈമാറിക്കഴിഞ്ഞു.

(ബി) ഭൂമി ആവശ്യമുള്ള വകുപ്പുമേധാവി, നിശ്ചിത മാതൃകയിലുള്ള അർത്ഥനാ പത്രത്തോടൊപ്പം ഗവൺമെന്റിൽനിന്നുള്ള ഭരണാനുമതി, പ്രോജക്ട് റിപ്പോർട്ട്, ടി പദ്ധതിക്കായി അനുവദിച്ച ഫണ്ടിന്റെ വിവരം എന്നിവ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ച് കൈമാറുന്നതിന് ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി മറ്റേതെങ്കിലും വകുപ്പുകളുടെ

കൈവശത്തിലുള്ളതാണെങ്കിൽ ടി വകുപ്പുകളുടെ എൻ.ഒ.സി. സഹിതമുള്ള പ്രസ്തുത റിക്വിസിഷനിലെ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ (മഹസർ, സ്കെച്ച്, വിലനിർണ്ണയ സ്റ്റേറ്റ്മെന്റ്) തഹസിൽദാരിൽനിന്നും റവന്യൂ ഡിവിഷണൽ ഓഫീസർ മുഖാന്തിരം ശേഖരിച്ച്, 5-6-2018 -ലെ ജി.ഒ. (പി) 31/18 പ്രകാരം ജില്ലാ കളക്ടർമാർക്ക് തുടർനടപടി സ്വീകരിക്കുവാൻ കഴിയുന്നതാണെങ്കിൽ അപ്രകാരവും അല്ലാത്തപക്ഷം ജില്ലാ കളക്ടർമാർ ഭൂമി കൈമാറ്റ ശിപാർശ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിന് സമർപ്പിക്കുന്നതും സർക്കാർ അനുമതിക്ക് വിധേയമായി വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിനുള്ള ഉത്തരവ് അനുവദിക്കുന്നതുമാണ് നിലവിലെ സംവിധാനം.

(സി) വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കൈമാറ്റത്തിനായുള്ള നടപടികൾ 5-6-2018-ലെ ജി.ഒ. (പി) 31/18/RD പ്രകാരം ലഘൂകരിച്ചിട്ടുള്ളതാണ്.

(ഡി) സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിന് ജില്ലാ കളക്ടർമാർക്ക് കോർപ്പറേഷൻ പരിധിയിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്ത് പരിധിയിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം 5-6-2018 -ലെ ജി.ഒ.(പി) 31/18/റവ പ്രകാരം നൽകിയിട്ടുണ്ട്.

**മത്സ്യങ്ങളിലെ മായവും വിഷാംശവും**

23 (*413) ശ്രീമതി സി. കെ. ആശ:
ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യങ്ങളിലെ വിഷാംശവും മായവും കണ്ടെത്തുന്നതിനും കുറയ്ക്കുന്നതിനുമായി നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ചേർന്ന് എല്ലാ ജില്ലകളിലും പരിശോധന നടത്തിയിട്ടുണ്ടോ;

(സി) മായം കണ്ടെത്തുന്നതിന് ത്വരിത പരിശോധന നടത്തുന്നതിനായി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ വ്യാപകമായി നടപ്പാക്കിയിട്ടുണ്ടോ;

(ഡി) ആയതിന്റെ ജനപ്രീതിയും ഫലപ്രാപ്തിയും സംബന്ധിച്ച കാര്യങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യവിൽപ്പന തടയുവാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യ മാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഹാർബറുകളിൽനിന്നും മത്സ്യമാർക്കറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തിവരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ CIFT വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി വരുന്നു. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്തുവാൻ കഴിയുന്ന വിധത്തിൽ നിയമനിർമ്മാണവും സർക്കാർ പരിഗണനയിലാണ്. സംസ്ഥാനത്ത് വിപണിയിൽ ലഭ്യമായ മത്സ്യങ്ങളിലെ ഗുണനിലവാരം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി 'ഓപ്പറേഷൻ സാഗർ റാണി' എന്ന പദ്ധതി ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി രാസപദാർത്ഥങ്ങളടങ്ങിയ മത്സ്യങ്ങളുടെ വിൽപ്പന സംസ്ഥാനത്ത് ഗണ്യമായി കുറഞ്ഞതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി ചേർന്ന് ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തിവരുന്ന പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിസ് (CIFT) വികസിപ്പിച്ചെടുത്ത ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് മത്സ്യത്തിലെ ഫോർമാലിന്റെയും അമോണിയയുടെയും സാന്നിദ്ധ്യം കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും പരിശോധന നടത്തുന്നുണ്ട്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ CIFT കൊച്ചി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഉപഭോക്താക്കൾക്ക് തന്നെ മത്സ്യത്തിലെ ഫോർമാലിൻ, അമോണിയ അംശം പരിശോധിക്കുന്നതിന് കഴിയുന്നതാണ്. ഉടൻതന്നെ പരിശോധനാഫലം ലഭിക്കുന്നതിനാലും പ്രസ്തുത മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുവാൻ സാധിക്കുന്നതിനാലും ഇതിന്റെ ഉപയോഗം ജനപ്രീതി നേടിയിട്ടുണ്ട്.

**റീസർവ്വേ നടപടികൾ**

24 (*414) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ റീസർവ്വേ പൂർത്തീകരിച്ച് എത്ര വില്ലേജുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ;

(ബി) റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ ഡിജിറ്റൈസേഷൻ നടത്തി ഇ-രേഖാ വെബ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) റീസർവ്വേ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്.

(ബി) റീസർവ്വേ പൂർത്തിയായ 906 വില്ലേജുകളിൽ 838 വില്ലേജുകളുടെ FMB-കളും 787 വില്ലേജുകളുടെ ബ്ലോക്ക് മാപ്പുകളും 197 വില്ലേജുകളുടെ ലാന്റ് രജിസ്റ്ററുകളും സ്കാനിംഗ് പൂർത്തിയായിട്ടുണ്ട്. ഇവയിൽ 800 വില്ലേജുകളുടെ FMB-കൾ ഇ-രേഖാ വെബ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിൽ റീസർവ്വേ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി വില്ലേജ്, പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളെയും റസിഡൻസ് അസോസിയേഷനുകളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി മീറ്റിംഗുകൾ

സംഘടിപ്പിക്കുകയും കൂടാതെ റീസർവ്വേ സംബന്ധിച്ച വിവിധ ഘട്ടങ്ങൾ മാധ്യമങ്ങൾ മുഖേന പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയും റീസർവ്വേ പ്രവർത്തനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

## റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനം

25 (*415) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; അവ പ്രതീക്ഷിത നിലവാരത്തിൽ പ്രവർത്തിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ നടപടിയെടുക്കുമോ;

(ബി) റെസ്റ്റ് ഹൗസുകളുടെ പരിപാലന നിലവാരം ഉയർത്തുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ടോ;

(സി) സർക്കാരിന്റെ സമർത്ഥമായ ഇടപെടൽകൊണ്ട് തിരിച്ചുപിടിക്കാൻ സാധ്യമായ കുറ്റാലം കൊട്ടാരത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഡി) മൂന്നാർ, ആലുവ ഉൾപ്പെടെ ലീസിന് നൽകിയിരുന്ന റെസ്റ്റ് ഹൗസുകൾ ഏറ്റെടുക്കാനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്. നിലവിൽ റെസ്റ്റ് ഹൗസുകൾ പ്രതീക്ഷിത നിലവാരത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വിജിലൻസ് വിഭാഗവും ധനകാര്യ പരിശോധനാ വിഭാഗവും റെസ്റ്റ് ഹൗസുകളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. റെസ്റ്റ് ഹൗസുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉന്നത നിലവാരത്തിലാക്കാൻ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ എടുത്തുവരികയുമാണ്. ഉദാ:- റെസ്റ്റ് ഹൗസുകളെ ക്ലാസ്സ് I, ക്ലാസ്സ് II ആയി തരംതിരിച്ചത്, ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തിയത്, ക്യാന്റീൻ സൗകര്യമുള്ളിടത്തെല്ലാം ആയത് ഏർപ്പെടുത്തിയത്, ചുറ്റുമതിൽ നിർമ്മാണം, അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പിലാക്കൽ,

ഓൺലൈൻ ബുക്കിംഗ് സംവിധാനം, റെസ്റ്റ് ഹൗസുകളിൽ പുതിയ തസ്തിക സൃഷ്ടിക്കൽ, (പരിശോധനയിൽ), നവീകരണ പ്രവൃത്തികൾ, മാതൃകാ റെസ്റ്റ് ഹൗസുകൾ തുടങ്ങിയവ.

(ബി) റെസ്റ്റ് ഹൗസുകളുടെ പരിപാലന നിലവാരം ഉയർത്തുന്നതിനായി ഇതിനകംതന്നെ നിരവധി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിച്ചും ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ട് വരുന്നതിന്റെ ഭാഗമായി നവീകരണ പ്രവൃത്തിയും പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികളും ഭരണാനുമതി നൽകുന്ന മുറയ്ക്ക് നടന്നുവരുന്നു. അതിഥി സൗഹൃദ കേന്ദ്രമാക്കി റെസ്റ്റ് ഹൗസുകളെ മാറ്റാനുള്ള യജ്ഞത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 12 വിശ്രമ മന്ദിരങ്ങളെ മോഡൽ റെസ്റ്റ് ഹൗസുകൾ ആക്കാൻ തീരുമാനിക്കുകയും 2-3-2019-ലെ സ.ഉ.(എം.എസ്.) നമ്പർ 333/2019/പൊ.മ.വ. പ്രകാരം 5.52 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പുരോഗതിയിലുമാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ ഇവയെ മോഡൽ റെസ്റ്റ് ഹൗസുകളാക്കി പ്രഖ്യാപിക്കുന്നതാണ്. 2019-20-ലെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി കൂടുതൽ വിശ്രമ കേന്ദ്രങ്ങളെ ഇതേ നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കുവാനുള്ള 14-6-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 25/2019/പൊ.മ.വ. പ്രകാരം നിലവിൽ വന്നു. ഇപ്രകാരം 15 റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ റിസർവ്വേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവയ്ക്കാവശ്യമായ സോഫ്റ്റ്‌വെയർ വികസനം പൂർത്തിയാക്കുകയും ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുവേണ്ടി റെസ്റ്റ് ഹൗസ് മാനേജർക്കും ക്ലാർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് ട്രെയിനിംഗും നൽകിയിട്ടുണ്ട്. കൂടാതെ റെസ്റ്റ് ഹൗസ് ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകുകയും അവർക്ക് യൂണിഫോമുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റെസ്റ്റ് ഹൗസിന് ചുറ്റുമതിൽ, ബോർവെൽ, ബ്യൂട്ടിഫിക്കേഷൻ എന്നിവ നടപ്പിലാക്കി വരുന്നു. മുറികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റെസ്റ്റ് ഹൗസുകളിൽ Digital EPABX, CCTV, LED TV, Computer, Printer, 600 VA UPS എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാന്റീൻ സൗകര്യമുള്ള കേന്ദ്രങ്ങളിൽ റെസ്റ്റ് കാറ്ററിംഗ് സർവ്വീസ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. റെസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് വിഹിതം ലഭിക്കുന്ന മുറയ്ക്ക് പുതിയവ നിർമ്മിക്കുന്ന കാര്യം പരിശോധിക്കാൻ കഴിയുന്നതാണ്.

(സി) കുറ്റാലം കൊട്ടാരവുമായി ബന്ധപ്പെട്ട 56.68 ഏക്കർ സ്ഥലത്തിന് ചുറ്റും തകർന്നുപോയിട്ടുള്ള സംരക്ഷണ ഭിത്തിയുടെ ഭാഗങ്ങൾ പുനർനിർമ്മിക്കുകയും ചുറ്റുമതിലിന് മുകളിലായി 12 അടി ഉയരത്തിൽ കമ്പിവേലി പുതിയതായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃതമായ നടപടികളും കയ്യേറ്റങ്ങളും തടയാനായി കേരളാ പോലീസിന്റെ സ്ഥിരം സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. കെടുകാര്യസ്ഥതയിലായിരുന്ന കൊട്ടാരവും സ്വത്തുക്കളും ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ അധീനതയിലായിട്ടുണ്ട്. കൊട്ടാരത്തിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനും കൊട്ടാരത്തിലേയ്ക്കുള്ള വഴിവിളക്കുകൾ വിപുലീകരിക്കുന്നതിനും പദ്ധതിയുണ്ട്. നിലവിൽ കൊട്ടാരം മെച്ചപ്പെട്ട നിലയിലും, വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) 2002-ൽ മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡിന് പാട്ട വ്യവസ്ഥയിൽ വിട്ടുനൽകിയ മൂന്നാർ റെസ്റ്റ് ഹൗസും ഭൂമിയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ആർബിട്രേഷൻ അപ്പീൽ 66/2014-ലെ 11-12-2018-ലെ ഉത്തരവ് പ്രകാരം 27-12-2018-ൽ തിരികെ ഏറ്റെടുത്തിട്ടുണ്ട്. ആലുവ റെസ്റ്റ് ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തി വരികയും റെസ്റ്റ് ഹൗസിന്റെ പ്രവർത്തനം കോടതി നിർദ്ദേശപ്രകാരം പാട്ട വ്യവസ്ഥയിൽത്തന്നെ തുടരുകയുമാണ്. വൈക്കം പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസ് 3-1-2003-ൽ ശ്രീ. എം. എൻ. സതീഷ് എന്ന വ്യക്തിക്ക് ലീസിന് നൽകുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെതുടർന്ന് 5-6-2007-ൽ ടി വ്യക്തിക്ക് നോട്ടീസ് നൽകുകയും 6-9-2008-ൽ ടി റെസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013-ന് 7-12-2015-ൽ വിധി വരികയും ആയതുപ്രകാരം പൊതുമരാമത്തിന് കരാർപ്രകാരം കുടിശ്ശിക തുകയും പലിശയും ചേർത്ത തുക നൽകുവാൻ ഉത്തരവുണ്ടാകുകയും ചെയ്തു. നിലവിൽ ടി റെസ്റ്റ് ഹൗസ് കാന്റീൻ സൗകര്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കോട്ടയത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

### മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താൻ നടപടി

26 (*416) ശ്രീ. കെ. ആൻസലൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തി അവരെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ഇവരുടെ ഗ്രൂപ്പുകൾക്കും സഹകരണ സംഘങ്ങൾക്കും നൽകിവരുന്ന സഹായങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) ന്യായവില ലഭ്യമാക്കുന്നതിന്റെ ഭാഗമായി, കടലിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ വില നിർണ്ണയിക്കുന്നതിന് സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഡി) തീരദേശ വികസന കോർപ്പറേഷന്റെ കീഴിൽ ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള മത്സ്യ സംസ്കരണ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തി അവരെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി

2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ

3. വിദ്യാഭ്യാസ സഹായ പദ്ധതികൾ

4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് പദ്ധതി

5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി

6. ഓഖി പുനരധിവാസ പദ്ധതികൾ

7. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ

8. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന വായ്പാ ബന്ധിത പദ്ധതികൾ

9. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുംവേണ്ടി സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

10. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

(ബി) ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും മത്സ്യഫെഡ് മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി

2. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ

3. എ) ടേം വായ്പകൾ

4. ബി) മൈക്രോ ഫിനാൻസ് വായ്പ

5. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി

6. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

7. വലകൾക്കുള്ള സബ്സിഡി പദ്ധതി

8. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

9. നാടൻ വള്ളങ്ങളുടെ നവീകരണം

10. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 200 എഫ്.ആർ.പി. ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും 40 ശതമാനം സബ്സിഡിയോടുകൂടി നൽകുന്ന പദ്ധതി

<u>ഫിഷറീസ് വകുപ്പുതലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 120 എഫ്.ആർ.പി. ബോട്ടുകൾ നൽകുന്ന പദ്ധതി

2. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40,000 ലൈഫ് ജാക്കറ്റ്, 500 സാറ്റലൈറ്റ് ഫോൺ, കടൽ സുരക്ഷാ ഉപകരണങ്ങൾ, ജി.പി.എസ്., ലൈഫ് ബോയ് എന്നിവയുടെ വിതരണം

3. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് പ്രീമിയം തുകയുടെ 90 ശതമാനം സർക്കാർ വഹിക്കുന്നു. 2018-19-ൽ 647 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. 2019-20 വാർഷിക പദ്ധതിയിൽ 4 കോടി രൂപ യാനങ്ങളുടെയും എഞ്ചിനുകളുടെയും ഇൻഷ്വറൻസിന് വകയിരുത്തിയിട്ടുണ്ട്.

(സി) ന്യായവില ലഭ്യമാക്കുന്നതിന്റെ ഭാഗമായി, കടലിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ വില നിർണ്ണയിക്കുന്നതിന് നിലവിൽ സമിതിയില്ല. എന്നാൽ ന്യായവില ഉറപ്പാക്കുന്നതിന് മത്സ്യഫെഡ് മുഖാന്തിരം ബീച്ച് ലെവൽ

ഫിഷ് ഓക്ഷൻ പദ്ധതി പ്രകാരം പ്രൈമറി കോ-ഓപ്പറേറ്റീവ് സഹകരണ സംഘങ്ങൾ മുഖാന്തിരം വായ്പയെടുക്കുന്ന ഗുണഭോക്താക്കൾ കടലിൽനിന്നും പിടിച്ചുകൊണ്ടുവരുന്ന മത്സ്യം സഹകരണ സംഘങ്ങൾ നിയമിക്കുന്ന ലേലക്കാർ മുഖേന ലേലം ചെയ്ത് വിൽപ്പന നടത്തുന്നു. കൂടാതെ, മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ തയ്യാറാക്കിയ ഫിഷ് മാർക്കറ്റിംഗ് ആന്റ് ഓക്ഷനിംഗ് ബിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചുകഴിഞ്ഞു. നിയമസഭ പരിഗണിച്ച് നിയമമാക്കേണ്ടതുണ്ട്.

(ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ശക്തികുളങ്ങരയിൽ മാത്രമാണ് നിലവിൽ മത്സ്യസംസ്കരണ കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത പ്ലാന്റ് നവീകരിക്കുന്നതിനും മൊബൈൽ വിൽപ്പന യൂണിറ്റ് സജ്ജമാക്കുന്നതിനും ഒരു ലഘുഭക്ഷണശാല സ്ഥാപിക്കുന്നതിനുമായി അനുമതി നൽകിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃശ്ശൂർ ജില്ലയിൽ ചാവക്കാട് ഒരു 'സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ആയത് തുടർ പ്രവർത്തനങ്ങൾക്കും പരിപാലനത്തിനുമായി ചാവക്കാട് മുനിസിപ്പാലിറ്റിക്ക് 06.06.2016-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഓഖി പാക്കേജിൽ ഉൾപ്പെടുത്തി വിഴിഞ്ഞത്ത് ഒരു ഫിഷ് പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 4 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതുകൂടാതെ കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാലപേട്ടയിൽ ഒരു സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 302.00 ലക്ഷം രൂപയുടെ ഒരു പദ്ധതി ICZMP-യുടെ Encore programme-ൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിന് സമർപ്പിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനപരമായ വളർച്ചയും അക്കാദമിക നിലവാരവും

27 (*417) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങളുടെ ഫലമായി പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള അടിസ്ഥാനപരമായ വളർച്ചയും അക്കാദമിക നിലവാരവും അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിവരുന്ന സമാനതകളില്ലാത്ത അക്കാദമിക വികസന പ്രവർത്തനങ്ങളുടെ ഫലമായി ദേശീയതലത്തിൽ ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്നതിൽ നിന്നും കൂടുതലായി പൊതുവിദ്യാഭ്യാസ രംഗത്തെ വിവിധ മേഖലകളിൽ നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഈ കാലയളവിൽ ഉണ്ടായ നേട്ടങ്ങൾ നിലനിർത്തുവാനും ഹൈടെക് സംവിധാനങ്ങളുടെ സർവ്വീസ്, റീപ്ലെയ്സ്മെന്റ്, ക്ലാസ്റൂമുകൾ, കെട്ടിടങ്ങൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളുടെ പുനരുദ്ധാരണം എന്നിവയുമായും തുടർ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് വഴിയും അക്കാദമിക മികവിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഫലമായും വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും പഠനഗുണതയും വർദ്ധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ 2016 മാർച്ചിൽ വിജയശതമാനം 96.59 ആയിരുന്നത് 2019 മാർച്ചിൽ 98.11 ആയി മാറി. മുഴുവൻ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച കുട്ടികളുടെ ശതമാനം 4.8-ൽനിന്നും 2019- മാർച്ചിൽ 8.59 ശതമാനമായും ഏതെങ്കിലും ഒരു വിഷയത്തിൽ എ പ്ലസ് ലഭിച്ചവരുടെ ശതമാനം 72.9 ശതമാനത്തിൽനിന്നും 79.48 ശതമാനമായും ഉയർന്നു. ഏതെങ്കിലും വിഷയത്തിൽ ഡി പ്ലസ് നേടിയ കുട്ടികളുടെ എണ്ണം 25.91 ശതമാനത്തിൽനിന്നും 18.01 ശതമാനമായി കുറയുകയും ചെയ്തു.

ഹയർ സെക്കന്ററി തലത്തിലും ഈ മാറ്റങ്ങൾ കാണാം. 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠന യോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ 84.33 ശതമാനമായി മാറി. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ എണ്ണവും സ്കോളർഷിപ്പ് പരീക്ഷ എഴുതാൻ അർഹരായ കുട്ടികളുടെ എണ്ണവും ഈ കാലഘട്ടത്തിൽ വർദ്ധിച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആദ്യത്തെ 2 വർഷത്തെ പ്രവർത്തനങ്ങൾ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചതിൽ

നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. 2019 സെപ്റ്റംബർ 30-ന് നീതി ആയോഗ് പുറത്തുവിട്ട സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസ രംഗത്തെ മൊത്തം പ്രകടനം കണക്കാക്കി കേരളം ഒന്നാം സ്ഥാനത്താണ്. നമുക്ക് ലഭിച്ച സ്കോർ 82.2 ശതമാനമാണ്. 2016-17 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ സ്കോർ നൽകിയിരിക്കുന്നത്. എന്നാൽ ഈ പഠനത്തിൽ അടിസ്ഥാന വർഷമായി പരിഗണിച്ചിരിക്കുന്നത് 2015-16 ആണ്. പ്രസ്തുത വർഷം കേരളത്തിന്റെ സ്കോർ 77.6 ശതമാനമാണ്. അക്കാദമിക കാര്യങ്ങൾക്ക് പരിഗണിച്ചിരിക്കുന്നത് 2017-18-ൽ നടന്ന നാഷണൽ അച്ചീവ്മെന്റ് സർവ്വേ ആണ്.

2017-18 ൽ മാനവ വിഭവ വികസന മന്ത്രാലയം തയ്യാറാക്കിയ പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് പ്രകാരം 801-850 സ്കോർ കിട്ടിയ മുൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

(സി)

1. പൊതുവിദ്യാലയങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ചും പ്ലാൻ ഫണ്ടുപയോഗിച്ചുമുള്ള മികച്ച ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. 8 മുതൽ 12 വരെ ക്ലാസ്സുകളിൽ 4752 സ്കൂളുകളിലെ 45,000 ക്ലാസ്സ് മുറികൾ ഹൈടെക്കാക്കി. 9941 പ്രൈമറി സ്കൂളുകളെ ഹൈടെക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ക്ലാസ്സ് റൂം വിനിമയം മികവുറ്റതാക്കാൻ സമഗ്ര പോർട്ടൽ ആവിഷ്കരിച്ചു.

4. അദ്ധ്യാപ തസ്തികകൾ എല്ലാം നികത്തി.

5. ആവശ്യാധിഷ്ഠിതമായ മെച്ചപ്പെട്ട അദ്ധ്യാപക പരിശീലനങ്ങൾ നൽകിവരുന്നു.

6. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ വലിയ തോതിലുള്ള പൊതു സമൂഹ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു.

7. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 5.05 ലക്ഷം വർദ്ധനവ് ഉണ്ടായി.

8. വിവിധ പരീക്ഷകളിലെ വിജയശതമാനം മെച്ചപ്പെട്ടു.

9. നീതി ആയോഗിന്റെ 2019-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്ത് ഒന്നാം സ്ഥാനം ലഭിച്ചു.

(ഡി) നേട്ടങ്ങൾ നിലനിർത്തുവാനും പരിമിതികൾ മറികടക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു.

**വ്യവസ്ഥകൾ ലംഘിച്ച പാട്ടഭൂമി തിരിച്ചെടുക്കൽ**

28 (*418) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസ്ഥകൾ ലംഘിച്ച പാട്ടഭൂമി തിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പാട്ടം അനുവദിച്ചുനല്കിയ കേസുകൾ സംബന്ധിച്ച ശരിയായതും യൂണിഫോം ആയതുമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ; അവ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(സി) വായനശാലകൾ, ആരാധനാലയങ്ങൾ, ശ്മശാനം, ക്ലബ്ബുകൾ തുടങ്ങിയവ കാലങ്ങളായി കൈവശം വച്ചിട്ടുള്ള ഭൂമി അതേ ആവശ്യത്തിന് ഉപയോഗിക്കുന്നതിനായി പതിച്ചു നല്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത 'എസ്ചീറ്റ്' ഭൂമി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് വ്യവസ്ഥകൾ ലംഘിച്ച് പാട്ടഭൂമി കൈവശം വച്ചിരിക്കുന്ന പാട്ട കക്ഷികൾക്ക് നിയമാനുസരണം നോട്ടീസ് നൽകി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുന്നതിനും പാട്ട വ്യവസ്ഥ ലംഘിക്കുന്ന പക്ഷം പാട്ടക്കരാർ റദ്ദ് ചെയ്ത് പാട്ടഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നേരിട്ടും രേഖാമൂലവും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പാട്ടം അനുവദിച്ച് നൽകിയ കേസ്സുകൾ സംബന്ധിച്ച ശരിയായതും ഏകീകരണ സ്വഭാവത്തോടെയുള്ളതുമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനായി 3-8-2018-ലെ സ.ഉ. (കൈ) 276/2018/റവ നമ്പർ ഉത്തരവിലെ ഖണ്ഡിക 5

പ്രകാരം താലൂക്ക്, വില്ലേജ് കാര്യാലയങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിന് നിർദ്ദേശമുള്ളതും ആയതുപ്രകാരം രജിസ്റ്ററുകൾ സൂക്ഷിച്ച് വരുന്നതുമാണ്. ടി രജിസ്റ്ററുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നുണ്ടോ എന്നും ടി രജിസ്റ്ററുകൾ നാളിതീകരിച്ച് സൂക്ഷിച്ചുവരുന്നുണ്ടോ എന്നും വില്ലേജ്/താലൂക്ക് തലത്തിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വായനശാലകൾ, ആരാധനാലയങ്ങൾ, ശ്മശാനം, ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനത്തിന് ഏറ്റവും അത്യാവശ്യമായ ഭൂമി മാത്രം നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിനോ അല്ലെങ്കിൽ ടി ഭൂമിയുടെ കമ്പോള വില ഈടാക്കി പതിച്ച് നൽകിക്കൊണ്ട് ബാക്കി ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത 'എസ് ചീറ്റ്' ഭൂമി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

## വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്നതിന് നടപടി

29 (*419) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകളിലെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ വില്ലേജ് ഓഫീസുകൾ ആധുനികവത്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിനും അതിന്റെ ഭാഗമായി ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (speedy) ആധുനിക രീതിയിലുള്ള(Modern) അന്തരീക്ഷത്തിലും ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) ഇ-ഡിസ്ട്രിക്ട്, ആർ.ആർ. ഓൺലൈൻ, Re-Lis (റവന്യൂ ലാന്റ് ഇൻഫർമേഷൻ മിഷൻ), ഇ-പെയ്മെന്റ്, ഇ-ഓഫീസ്, ഇ-പോസ് മെഷീൻ എന്നീ പദ്ധതികളാണ് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ആധുനികവൽക്കരണ പ്രവർത്തനങ്ങൾ.

1. ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെനിന്ന് വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. 25 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാറുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു. ആയതിനാൽ വില്ലേജ്/താലൂക്ക് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

2. ആർ. ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ

സ്വീകരിക്കുവാനും കഴിയും. അതോടൊപ്പം വില്ലേജ് ഓഫീസർക്ക് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നതാണ്.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

4. ഇ-പേയ്മെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-ഓഫീസ്

ലാന്റ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കി വരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽനിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുവാൻവേണ്ടി ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

6. ഇ-പോസ് മെഷീൻ

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള

നടപടികൾ നടന്നുവരുന്നു. നിലവിൽ 1128 വില്ലേജുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. 1,44,68,736/- രൂപ നാളിതുവരെയായി ഇ-പോസ് മെഷീൻ മുഖേന നികുതിയായി സ്വീകരിച്ചിട്ടുള്ളതാണ്. ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടി തന്നെ സർക്കാർ ഖജനാവിലേയ്ക്ക് എത്തുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

(സി) വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ വിവിധ ട്രെയിനിംഗുകൾ നൽകുന്നുണ്ട്. ഈ സ്ഥാപനത്തിൽ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത വില്ലേജ് ജീവനക്കാർ ഉൾപ്പെടെയുള്ള റവന്യൂ ജീവനക്കാർക്ക് എല്ലാ മാസവും വ്യത്യസ്ത വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്നുണ്ട്. വില്ലേജ് ഓഫീസർമാർക്ക് PEOPLE FRIENDLY ADMINISTRATION എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ട്രെയിനിംഗ് നൽകിവരുന്നു. വില്ലേജ് ഓഫീസറാകാൻ പോകുന്ന സ്പെഷ്യൽ വില്ലേജ് ഓഫീസർ/സീനിയർ ക്ലാർക്കുമാർക്ക് Prospective VO Refreshing Training എല്ലാ മാസവും ILDM-ൽ നൽകി വരുന്നുണ്ട്. വില്ലേജ് ഓഫീസർമാർക്ക് SOFT SKILL എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ട്രെയിനിംഗ് ILDM-ൽ നൽകി വരുന്നുണ്ട്. പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ക്ലാർക്ക്/വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് അഞ്ച് ദിവസത്തെ INDUCTION TRAINING കോഴ്സ് നടത്തുന്നുണ്ട്. മേൽ കോഴ്സുകൾ കൂടാതെ വിവിധ റവന്യൂ വിഷയങ്ങളിൽ ILDM-ൽ കോഴ്സുകൾ എല്ലാ മാസവും നടത്തിവരുന്നുണ്ട്.

**പ്രൈസ് സോഫ്റ്റ്‌വെയർ**

30 (*420) <u>ശ്രീ. കെ. ദാസൻ:</u>

<u>ശ്രീ. എസ്. ശർമ്മ</u>:

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അതിന് ഓൺലൈൻ വഴി അംഗീകാരം നേടുന്നതിനുമായി പ്രൈസ് (പ്രോജക്ട് ഇൻഫർമേഷൻ ആന്റ് കോസ്റ്റ് എസ്റ്റിമേഷൻ) എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയറിൽ മറ്റെന്തെല്ലാം സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി മാന്വൽ, ലബോറട്ടറി മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട നിർമ്മാണത്തിൽ 'ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ് പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സോഫ്റ്റ്‍വെയർ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ പുതുക്കിയ വേർഷൻ Price-2 1-6-2019 മുതൽ നടപ്പിലാക്കി ഉപയോഗിച്ച് വരുന്നുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകൽ, ടെണ്ടർ ചെയ്യുന്നതിനുള്ള ബിഡ് ഡോക്യുമെന്റും BOQ (Bill of Quantity)-യും തയ്യാറാക്കൽ, കോൺട്രാക്ടർമാർക്ക് കരാർ നൽകൽ, ഇ-മെഷർമെന്റ് ബുക്ക്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ഇ-ബിൽ, EMLI (Effective Management of LoC Issuance) സോഫ്റ്റ്‍വെയറിലേയ്ക്ക് ബിൽ ഓൺലൈനായി നൽകൽ എന്നീ സൗകര്യങ്ങളാണ് പ്രൈസ് സോഫ്റ്റ്‍വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിൽ വരുത്തുകയും ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്തേണ്ടതുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകളാണ് പൊതുമരാമത്ത് വകുപ്പിന്റെ ഗുണനിലവാര പരിശോധനാ വിഭാഗം ചെയ്യുന്നത്. അത് random ആയിട്ടാണ് ചെയ്യുന്നത്. Agreement authority അറിയിക്കുന്നതിനനുസരിച്ച് സൈറ്റിൽ പോയി സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് പരിശോധനാഫലം നൽകുന്നു. തൃപ്തികരമല്ലാത്ത പരിശോധനാഫലങ്ങൾ പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗത്തെ അറിയിക്കാറുണ്ട്. കൂടാതെ, അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിലേയ്ക്കായി ഒരു ഹരിത നിർമ്മാണ ചട്ടം നിലവിലുണ്ട്. വാസ്തു ശില്പ വിഭാഗത്തിലെ ജീവനക്കാർക്ക് ഹരിത നിർമ്മാണ രീതിയിൽ പരിശീലനം നൽകിയിട്ടുണ്ട്. 8 ആർക്കിടെക്ടുമാർ കേന്ദ്ര ഹരിത റേറ്റിംഗ് ഏജൻസിയായ "ഗൃഹ" യുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടിയിട്ടുണ്ട്. വകുപ്പിലെ കെട്ടിട വിഭാഗം സാങ്കേതിക ജീവനക്കാർക്ക് ഹരിത നിർമ്മാണ സാങ്കേതിക വിദ്യയിലുള്ള പരിശീലന ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. നിലവിൽ വാസ്തുശില്പ വിഭാഗം രൂപകല്പന ചെയ്യുന്ന കെട്ടിടങ്ങളിൽ ഹരിത നിർമ്മാണതത്വങ്ങളിലെ വ്യവസ്ഥകൾ പരമാവധി ഉൾപ്പെടുത്തിയാണ് ചെയ്തുവരുന്നത്. നേമത്തെ രജിസ്ട്രേഷൻ സമുച്ചയത്തിനും പത്തനംതിട്ടയിലെ കളക്ടേഴ്സ് ബംഗ്ലാവിനും "ഗൃഹ" റേറ്റിംഗ് ലഭിക്കുന്നതിലേയ്ക്ക് നിർമ്മാണത്തിന് മുന്നോടിയായുള്ള പ്രാരംഭ രജിസ്ട്രേഷൻ ചെയ്തുകഴിഞ്ഞു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നിർമ്മാണത്തിൽ വന്ന നികുതി കുടിശ്ശിക

1 (4676) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ള്യൂ.ഡി. റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബിൽ സമർപ്പിക്കുമ്പോൾ ഒടുക്കേണ്ട വാറ്റ്, ജി.എസ്.ടി. ഇനങ്ങളിലുള്ള നികുതി കുടിശ്ശികയായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം സംഭവിക്കുവാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ-സി) പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബിൽ സമർപ്പിക്കുമ്പോൾ സർക്കാരിലേയ്ക്ക് ഒടുക്കേണ്ട വാറ്റ്, ജി.എസ്.ടി. എന്നിവ TDS ആയി പിടിച്ച് അടച്ചിട്ടുണ്ട്.

## പുതിയ കാലം - പുതിയ നിർമ്മാണം

2 (4677) ശ്രീ. ബി. സത്യൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. ഉണ്ണി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കാലം - പുതിയ നിർമ്മാണം എന്ന ആശയത്തിന് പ്രാധാന്യം നൽകിക്കൊണ്ട് പൊതുമരാമത്ത് പ്രവൃത്തികളിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളും മെഷീനറികളും നിർമ്മാണ സാമഗ്രികളുമാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തികളിൽ ഗുണമേന്മ ഉറപ്പാക്കുന്നതിനും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പുതിയ കാലത്തിനും പുതിയ നിർമ്മാണത്തിനും ഉതകുന്ന രീതിയിൽ വകുപ്പിലെ എഞ്ചിനീയർമാരെ പ്രാപ്തരാക്കുവാൻ എന്തെല്ലാം കാര്യക്ഷമതാ വികസന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്;

(ഡി) ഉദ്യോഗസ്ഥർക്ക് ഇന്ത്യയിലെ തെരഞ്ഞെടുത്ത പ്രമുഖ സ്ഥാപനങ്ങൾക്കു പുറമേ വിദേശ രാജ്യങ്ങളിലെ സ്ഥാപനങ്ങളിലും പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) പുതിയ കാലം - പുതിയ നിർമ്മാണം എന്ന മുദ്രാവാക്യമനുസരിച്ചുള്ള പ്രവൃത്തികൾ വകുപ്പിൽ നടപ്പിലാക്കിവരുന്നു. ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ബി.എം. & ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്ത് തന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. സോയിൽ സ്റ്റെബിലൈസേഷൻ, സോയിൽ നെയിലിംഗ്, കയർ ഭൂവസ്ത്രം ഉപയോഗിക്കൽ, പ്ലാസ്റ്റിക് ഉപയോഗിക്കൽ എന്നീ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എംബാക്മെന്റ് ഫില്ലിംഗ് ഫലപ്രദമായി നടപ്പിലാക്കുന്നു. റോഡുകളുടെ ഉപരിതല നവീകരണത്തിനായി മില്ലിങ്ങ് എന്ന നവീന ജർമ്മൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുവരുന്നു. മില്ലിങ്ങിനായി മില്ലിങ്ങ് മെഷീനും

സോയിൽ സ്റ്റെബിലൈസേഷനായി സോയി സ്റ്റെബിലൈസറും പുതുതായി ഉപയോഗിച്ചുതുടങ്ങി. കൂടാതെ Vibratory rollers, Paver with Sensors, Pneumatic rollers എന്നിവയും ഉപയോഗിക്കുന്നു. കോൺക്രീറ്റ് നിർമ്മാണത്തിൽ അഡ്മിക്ചറുകളും വൈബ്രേറ്ററുകളും ഉപയോഗിക്കുന്നു. അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾ തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

(ബി) ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേന എല്ലാ പ്രവൃത്തികൾക്കും ഗുണനിലവാര പരിശോധന കർശനമായി നടത്തിവരുന്നു. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈയിൽ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ച് ടാർ ചെയ്യുന്ന റോഡുകളിൽ 50% നീളമെങ്കിലും പ്ലാസ്റ്റിക് ചേർത്ത നിർമ്മാണ പ്രവൃത്തി അവലംബിക്കണമെന്ന് കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. "പുതിയ കാലം, പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) സാങ്കേതിക രംഗത്തെ നവീന ആശയങ്ങൾ സമന്വയിപ്പിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങളെ സജ്ജമാക്കുന്നതിനായി നൂതന സാങ്കേതിക വിഷയങ്ങളിലുള്ള പരിശീലന പരിപാടികൾ എച്ച്.ആർ.ഡി. സെൽ മുഖേന നടത്തിവരുന്നു. ഇതിനുപുറമെ, കേരളത്തിനകത്തും പുറത്തുമുള്ള മികച്ച പരിശീലന കേന്ദ്രങ്ങളിൽ അയച്ച് ഓരോ വിഭാഗങ്ങളിലെയും ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. എല്ലാ വർഷവും വകുപ്പിൽനിന്ന് തെരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് ഉപരിപഠനത്തിന് അവസരം നൽകാറുണ്ട്.

(ഡി) ഇന്ത്യൻ അക്കാദമി ഓഫ് ഹൈവേ എഞ്ചിനീയറിംഗ് (IAHE) ഉൾപ്പെടെയുള്ള ഇന്ത്യൻ സ്ഥാപനങ്ങളുടെ പരിശീലനത്തിന് സംസ്ഥാനത്തെ PWD എഞ്ചിനീയർമാരെ അയയ്ക്കുന്നുണ്ട്. എന്നാൽ വിദേശത്തേക്ക് അയയ്ക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

## സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടം

3 (4678) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ ധനസഹായത്തോടെ സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും അതിൽ ലോകബാങ്കിന്റെയും സംസ്ഥാന സർക്കാരിന്റെയും വിഹിതം എത്ര ശതമാനം വീതമാണ് എന്നും വ്യക്തമാക്കുമോ;

(സി) രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാക്കേജുകൾ ഏതൊക്കെയാണ്; അറിയിക്കാമോ;

(ഡി) ലോകബാങ്ക് പദ്ധതിയുടെ ലോൺ കാലാവധി നീട്ടിയിട്ടുണ്ടോ; എങ്കിൽ എന്നു വരെ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.റ്റി.പി. രണ്ടാം ഘട്ടം പദ്ധതിക്കായി മൊത്തം 2403 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 56% ലോകബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയിലാണ് പദ്ധതി വിഹിതം ക്രമീകരിച്ചിരിക്കുന്നത്.

(സി) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാക്കേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ലോകബാങ്ക് പദ്ധതിയുടെ ലോൺ കാലാവധി 30-04-2021 വരെ നീട്ടിയിട്ടുണ്ട്.

## നിർമ്മാണ പ്രവർത്തനങ്ങളിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മ

4 (4679) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്, പാലങ്ങൾ തുടങ്ങിയവ നവീകരിക്കുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപനം ഇല്ലാത്തതു കാരണം പൂർത്തിയാക്കിയ റോഡുകൾ വീണ്ടും വെട്ടിപ്പൊളിക്കേണ്ടി വരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും ഇനിയെന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇത് പരിശോധിക്കുന്നതിനായി റോഡുകൾ കഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയുന്ന ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1. G.O(Rt) No. 30/2018/PWD dated 5-1-2018
2. G.O(Rt) No. 1321/2018/PWD dated 24-8-2018
3. G.O(Rt) No. 819/2019/PWD dated 4-7-2019

ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 22-11-2016-ലെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R) നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം വെട്ടിപ്പൊളിക്കേണ്ട ഏജൻസി അവരുടെ ചെലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്.

(ബി) ഈ സാഹചര്യം ഒഴിവാക്കുന്നതിന് വീതിയുള്ള സ്ഥലങ്ങളിൽ എസ്റ്റിമേറ്റ് എടുക്കുന്ന വേളയിൽ തന്നെ BSNL, KSEB, KWA എന്നീ വകുപ്പുകൾക്ക് യൂട്ടിലിറ്റി ഡക്റ്റിനുള്ള provision നൽകി, റോഡ് നിർമ്മാണം പൂർത്തിയാക്കിയ ഉടൻ വെട്ടിപ്പൊളിക്കുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്. നിലവിൽ KIIFB വർക്കുകൾക്ക് യൂട്ടിലിറ്റി ഡക്റ്റുകൾ നിർമ്മിച്ചുവരുന്നുണ്ട്.

## പൊതുമരാമത്ത് റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ നടപടി

5 (4680) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളെ ഘട്ടം ഘട്ടമായി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പുതിയ റോഡുകളുടെ നിർമ്മിതി അന്താരാഷ്ട്ര

നിലവാരത്തിൽ നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്എന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും റോഡിനോട് ചേർന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും ഭീഷണിയായി സ്ഥാപിച്ചിരിക്കുന്ന അപകടകരമായ പരസ്യബോർഡുകൾ നീക്കംചെയ്യുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) വകുപ്പിന് കീഴിലുള്ള അധികഭൂമി തിട്ടപ്പെടുത്തി അവ വികസിപ്പിച്ച് പാർക്കിംഗ് ഏരിയ, ടോയ് ലറ്റ് സൗകര്യങ്ങൾ, വിശ്രമകേന്ദ്രങ്ങൾ തുടങ്ങിയ വേ സൈഡ് അമിനിറ്റീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പുതിയ കാലം - പുതിയ നിർമ്മാണം എന്ന മുദ്രാവാക്യമനുസരിച്ചുള്ള പ്രവൃത്തികൾ വകുപ്പിൽ നടപ്പിലാക്കിവരുന്നു. ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ബി.എം. & ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്ത് തന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ച് നടത്തിയ കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

(ബി) 3-9-2016-ലെ സ.ഉ.(കൈ)നമ്പർ 63/16/പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനുംവേണ്ടി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡ് കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും റോഡിനോട് ചേർന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും ഭീഷണിയായി സ്ഥാപിച്ചിരിക്കുന്ന അപകടകരമായ പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനും പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള എല്ലാ ആഫീസ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കീഴിലുള്ള അധിക ഭൂമി തിട്ടപ്പെടുത്തിയിട്ടുണ്ട്. ആയതിൽ വേസൈഡ് അമിനിറ്റീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്. പൊതുമരാമത്ത് ദേശീയപാതകളുടെ ഇരുപുറവും കയ്യേറിയിട്ടുള്ളതായി ബോധ്യപ്പെട്ടാൽ ഒഴിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ അതാത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് അധികാരമുണ്ട്.

## സാമ്പത്തികമാന്ദ്യം മറികടക്കുവാൻ പൊതുമരാമത്ത് വകുപ്പിന്റെ നടപടി

6 (4681) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാരുടെയും മറ്റ് അക്രഡിറ്റഡ് ഏജൻസികളുടെയും ബില്ലുകൾ മാറി നൽകുന്നതിന് ട്രഷറിയിൽ നിലനിൽക്കുന്ന നിയന്ത്രണം പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കരാറുകാർക്ക് നേരത്തെ നൽകിയിരുന്ന ബില്ലിലുണ്ടായിരുന്ന ഡിസ്കൗണ്ടിംഗ് സൗകര്യം നിലവിൽ നൽകുന്നുണ്ടോ;

(സി) രാജ്യത്തെ സമ്പദ്ഘടനയെ ബാധിച്ചിട്ടുള്ള മാന്ദ്യം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ അത് മറികടക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരാറുകാരുടെയും മറ്റ് അക്രഡിറ്റഡ് ഏജൻസികളുടെയും ബില്ലുകൾ മാറി നൽകുന്നതിന് ട്രഷറിയിൽ നിലനിൽക്കുന്ന നിയന്ത്രണം പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബിൽ ഡിസ്കൗണ്ട് സൗകര്യം നിലവിലുണ്ട്.

(സി) രാജ്യത്തെ സമ്പദ്ഘടനയെ ബാധിച്ചിട്ടുള്ള മാന്ദ്യം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ നിലവിൽ ബാധിച്ചിട്ടില്ല.

**നിർമ്മാണപ്രക്രിയയിലെ ബദൽ നിർദ്ദേശങ്ങൾ**

7 (T*4682) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം തുടർച്ചയായി ഉണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ നിർമ്മാണപ്രക്രിയയിൽ മാറ്റം വരുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബദൽ നിർമ്മാണ രീതികളെപ്പറ്റി വിശദമായി ചർച്ച നടത്തിയിട്ടുണ്ടോ; ബദൽ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ വർഷം ആഗസ്റ്റ് മാസത്തിലുണ്ടായ കനത്ത കാലവർഷംമൂലം റോഡുകൾ വെള്ളത്തിനടിയിൽ ആകുകയും ഗതാഗത തടസ്സം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള പുനർ നിർമ്മാണത്തിന്റെ ഭാഗമായി റോഡുകളുടെ ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഡിസൈൻ ചെയ്ത് പ്രളയത്തെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈൽസ്, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡ്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും പ്രവൃത്തിയുടെ 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 15-20 വർഷം നിലനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് റോഡുകൾ നിർമ്മിക്കുന്നതിനും പരിഗണിച്ചുവരുന്നു. നിലവിലുള്ള വസ്തുതകൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നുണ്ട്. ഈ രീതി ഉപയോഗിക്കുന്നതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കാൻ സാധിക്കും.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. പുതിയ പാലങ്ങൾ നിർമ്മിക്കുമ്പോൾ കഴിഞ്ഞ രണ്ട് വർഷങ്ങളിലുണ്ടായ പ്രളയത്തിന്റെ ഹൈ ഫ്ലഡ് ലെവൽ കൂടി കണക്കിലെടുത്താണ് ഡിസൈൻ ചെയ്യുന്നത്.

**ഇന്റേണൽ വിജിലൻസ് സംവിധാനം**

8 (4683) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരായി ലഭിക്കുന്ന പരാതികളും അവരുടെ ക്രമക്കേടുകളും നേരിട്ടന്വേഷിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് വകുപ്പിൽ ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ടോ;

(ബി) 2019 ൽ പ്രസ്തുത വിജിലൻസ് സംവിധാനം വകുപ്പിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തിയെന്നും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശം നൽകുമോ;

(സി) ഇന്റേണൽ വിജിലൻസ് വിഭാഗം കൈക്കൂലി കേസുകളിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2019-ൽ ഇന്റേണൽ വിജിലൻസ് വിഭാഗം 12 ക്രമക്കേടുകൾ കണ്ടെത്തുകയും ആയതിന് ഉത്തരവാദികളായ 13 ഉദ്യോഗസ്ഥർക്കെതിരായി അച്ചടക്ക നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) കൈക്കൂലി കേസ്സുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തിരമാണ് നടപടികൾ സ്വീകരിക്കുന്നത്. ആയതിനാൽ ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽനിന്നും നടപടികൾ സ്വീകരിക്കാറില്ല.

**പൊതുമരാമത്ത് നിർമ്മാണങ്ങളുടെ ഗുണനിലവാര പരിശോധന**

9 (4684) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമതയുള്ളതാക്കി മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) നിർമ്മാണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി റീജിയണൽ ഡിസൈൻ ഓഫീസുകളും ക്വാളിറ്റി കൺട്രോൾ ലാബുകളും ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിനും പ്രളയവും മഴയും തരണം ചെയ്യുന്ന റോഡുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) സൈൻ ബോർഡ്, സിഗ്നൽ ലൈറ്റുകൾ, ക്രാഷ് ബാരിയറുകൾ, റിഫ്ലക്ടറുകൾ എന്നിവ എല്ലാ പൊതുമരാമത്ത് റോഡുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ)

- പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും നിർമ്മാണ മേഖലയിലെ നവീന ആശയങ്ങൾ, സാങ്കേതികവിദ്യകൾ എന്നിവയെ സമന്വയിപ്പിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങളെ സജ്ജമാക്കുവാനും വിവിധതരം പരിശീലന പരിപാടികൾ എച്ച്.ആർ.ഡി. സെൽ മുഖേന നടത്തുന്നുണ്ട്.

- വകുപ്പിലെ ജീവനക്കാരെ സർക്കാർ അനുമതിയോടെ കേരളത്തിനുപുറത്തുള്ള മികച്ച പരിശീലന കേന്ദ്രങ്ങളിൽ അയച്ച് വൈദഗ്ദ്ധ്യം നേടുവാൻ നടപടികൾ സ്വീകരിക്കുന്നു.

- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള പരിശീലന കലണ്ടറിൽ വകുപ്പിലെ സാങ്കേതിക വിഭാഗത്തിലേയും ഭരണ വിഭാഗത്തിലേയും ജീവനക്കാരുടെ ഭരണപരവും നയപരവുമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ഉൾപ്പെടുത്തുകയും മേഖല തിരിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു.

- പൊതുമരാമത്ത് വകുപ്പിൽ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുകയും വകുപ്പിനെ അഴിമതി വിമുക്തമാക്കുവാൻ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികളും സ്വീകരിച്ചുവരുന്നു.

- പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗം സർക്കാർ ശാക്തീകരിച്ചിട്ടുണ്ട്.

- വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തേർഡ് ഗ്രേഡ് ഓവർസിയർ, സെക്കന്റ് ഗ്രേഡ് ഓവർസിയർ, സെക്കന്റ് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നീ പോസ്റ്റുകളിലായി 221 അധിക തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തു.

- പൊതുമരാമത്ത് പ്രവൃത്തികൾ കാലതാമസം കൂടാതെയും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തി സൈറ്റ് കണ്ടീഷൻസിന് അനുസൃതമായി തയ്യാറാക്കുവാനും റിവൈസ്ഡ് എസ്റ്റിമേറ്റ് പരമാവധി ഒഴിവാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തികൾ

സാങ്കേതികാനുമതിക്കായി സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾ ഷെഡ്യൂൾ പ്രകാരവും ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലും നടപ്പാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ക്വാളിറ്റി കൺട്രോൾ ടെസ്റ്റുകളുടെ അടിസ്ഥാനത്തിലാണ് ഫൈനൽ പേയ്മെന്റ് നടത്തുന്നത്.

- "പുതിയ കാലം പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ത്രീ-ടയർ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 5 കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗും ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

- പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കുന്നതിനായി 1800 425 7771 എന്ന ടോൾഫ്രീ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) "പുതിയ കാലം പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ത്രീ-ടയർ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നിലവിൽ വരുത്തുകയും ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ്-ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പ് വരുത്തേണ്ടതുണ്ട്. സെക്കന്റ്-ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ്-ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ 5 കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് തുടർച്ചയായി പെയ്യുന്ന മഴ കണക്കിലെടുത്ത് മഴയെ അതിജീവിക്കുന്ന ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ കാലം ഈടുനിൽക്കുന്ന ബി.എം.& ബി.സി. റോഡുകളും ജിയോടെക്സ്റ്റൈൽ, കയർ, പ്ലാസ്റ്റിക് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴവെള്ളം

ഒഴുകുന്നതിനാവശ്യമായ ഓടകളും കലുങ്കുകളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയനിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്കനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത്. ഓരോ പ്രവൃത്തിക്കും പൂർത്തീകരണ കാലാവധി നിശ്ചയിച്ചാണ് ടെണ്ടർ ക്ഷണിക്കുന്നത്. ഈ കാലാവധിക്കുള്ളിൽ തന്നെ പദ്ധതികൾ പൂർത്തിയാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താറുണ്ട്. എന്നാൽ മതിയായ കാരണങ്ങളാൽ പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ ഫൈൻ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകി പദ്ധതി പൂർത്തിയാക്കാറുണ്ട്. കൂടാതെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. തുടർന്നും പൂർത്തിയാക്കാത്ത സാഹചര്യങ്ങളിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽപ്പെടുത്തി കരാർ റദ്ദ് ചെയ്ത് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിനായി ടെണ്ടർ നടപടികളിൽ ഉൾപ്പെടെ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനായുള്ള ചർച്ചകൾ നടന്നുവരുന്നു.

(ഡി) റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ആവശ്യമായ റോഡ് സേഫ്റ്റി ഐറ്റങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ക്രാഷ് ബാരിയർ, റംബിൾ സ്ട്രിപ്, സൈൻബോർഡ്, റോഡ് മാർക്കിംഗ് റിഫ്ലക്ടറുകൾ എന്നിവ സ്ഥാപിക്കുന്നുണ്ട്.

## കിഫ്ബി അംഗീകാരം നൽകിയ മേൽപ്പാലങ്ങൾ

10 (4685) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ അംഗീകാരം നൽകിയതും ആർ.ബി.ഡി.സി.കെ.-യെ ഡി.പി.ആർ. ചുമതല ഏൽപ്പിച്ചതുമായ എത്ര മേൽപ്പാലം പദ്ധതികൾ നിലവിലുണ്ട്; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) അവയിൽ ഡി.പി.ആർ. പൂർത്തിയാക്കിയ എത്ര മേൽപ്പാലങ്ങൾ ഉണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയിൽ അംഗീകാരം നൽകിയതും ആർ.ബി.ഡി.സി.കെ.-യെ ഡി.പി.ആർ ചുമതല ഏൽപ്പിച്ചതുമായ 84 മേൽപ്പാല പദ്ധതികൾ നിലവിലുണ്ട്. വിശദമായ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 59 മേൽപ്പാലങ്ങളുടെ ഡി.പി.ആർ., ആർ.ബി.ഡി.സി.കെ പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികൾ

11 (4686) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികളിൽ ഇതിനകം എത്ര കോടി രൂപയുടെ പണി പൂർത്തിയാക്കി കരാറുകാർക്ക്പണം നൽകിയെന്ന് വെളിപ്പെടുത്താമോ;

(ബി) ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുക്കുവാൻ ദേശീയപാത അതോറിറ്റിക്ക് കിഫ്ബി ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം വഴി 92.43 കോടി രൂപയും കെ.ആർ.എഫ്.ബി. വഴി 606.96 കോടി രൂപയും ആർ.ബി.ഡി.സി.കെ. വഴി 39.48 കോടി രൂപയും റിക്ക് (RICK) വഴി 40,25,068 രൂപയും കരാറുകാർക്ക് നൽകിയിട്ടുണ്ട്.

(ബി) നൽകിയിട്ടില്ല.

## പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹണം നടത്തുന്ന കിഫ്ബി പദ്ധതികൾ

12 (4687) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾ അനുവദിക്കുന്നതിൽ വേഗതയുണ്ടെങ്കിലും പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ വേഗത കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനകം പൊതുമരാമത്ത് വകുപ്പ് മേൽനോട്ടം വഹിക്കുന്ന എത്ര പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്; അതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തിയായി;

(സി) കിഫ്ബി പദ്ധതികളുടെ നിർവ്വഹണം വേഗത്തിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) നിർവ്വഹണ ഏജൻസിക്ക് സാങ്കേതിക സഹായം നൽകുന്നതിന് കിഫ്ബി തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സഹായം സ്വീകരിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കിഫ്ബി പ്രവൃത്തികൾക്ക് നിഷ്കർഷിച്ചിട്ടുള്ള വീതി ഉറപ്പാക്കിയാണ് പ്രവൃത്തികൾ നടന്നുവരുന്നത്. ഇതോടനുബന്ധിച്ച് പുറമ്പോക്ക് ഭൂമി കണ്ടെത്തുകയും ഇലക്ട്രിക് പോസ്റ്റ്, പൈപ്പ് ലൈൻ മുതലായവ മാറ്റിസ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചാണ് നിർമ്മാണം നടത്തിവരുന്നത്. ഇക്കാരണം കൊണ്ട് ചില പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 257 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമെ 18 പ്രവൃത്തികളിലായി 460.6 കി.മീ നീളം വരുന്ന മലയോര ഹൈവേ പദ്ധതികൾക്കും 15 കി.മീ നീളം വരുന്ന ഒരു തീരദേശ ഹൈവേ പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. പൂർത്തിയായ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ആലപ്പുഴ ജില്ല</u>

1. ചേർത്തല തണ്ണീർമുക്കം റോഡ്
2. വാറൻകവല കോൾഗേറ്റ്

   കാവുങ്കൽ റോഡ്
3. മുട്ടത്തിപറമ്പ് അർത്തുങ്കൽ റോഡ്
4. കണിച്ചുകുളങ്ങര എൻ.എച്ച് കായിപ്പുറം

   കായലോരം റോഡ്

കോഴിക്കോട് ജില്ല

5. പയ്യോളി പേരാമ്പ്ര റോഡ്

കണ്ണൂർ ജില്ല

6. ആറാംമൈൽ പാറപ്രം റോഡ്

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവൃത്തികളുടെ ഏകോപനത്തിന്റെ പ്രധാന ചുമതല കേരള റോഡ് ഫണ്ട് ബോർഡിനാണ്. ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കൊപ്പം പ്രവൃത്തികളിൽ നേരിട്ട് മേൽനോട്ടം വഹിക്കുന്നതിനായി 89 പ്രോജക്ട് എഞ്ചിനീയർമാരെയും 200 സൈറ്റ് സൂപ്പർവൈസർമാരെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ കൃത്യമായ ഇടവേളകളിൽ ഇൻസ്പെക്ഷൻ നടത്തി നിർമ്മാണം വേഗത്തിലാക്കാനുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു.

(ഡി) നിർവ്വഹണ ഏജൻസികൾക്ക് കിഫ്ബി സാങ്കേതികസഹായം നൽകുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്കും കരാർ അടിസ്ഥാനത്തിൽ നിയമിച്ച എഞ്ചിനീയർമാർക്കും പദ്ധതി നിർവ്വഹണത്തിനാവശ്യമായ പരിശീലനം നൽകിവരുന്നു. ഇതിനുപുറമെ തീരദേശ ഹൈവേയുടെ പുതുക്കിനിശ്ചയിച്ച വീതി അനുസരിച്ചുള്ള ഡി.പി.ആർ തയ്യാറാക്കുന്നതും നൂതന സാങ്കേതികവിദ്യയായ ഡ്രോൺ ഉപയോഗിച്ചുള്ള സർവ്വേ നടത്തുന്നതും ഉൾപ്പെടെയുള്ള സാങ്കേതിക സഹായങ്ങളാണ് കിഫ്ബി നൽകിവരുന്നത്.

## റോഡുകൾ പുനർനിർമ്മിക്കുന്നതിന്റെ ചെലവ്

13 (4688) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019 ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ നശിച്ച റോഡുകളുടെ പുനർനിർമ്മാണത്തിന് വകയിരുത്തിയ തുകയും അതിൽ ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ നശിച്ച റോഡുകളുടെ പുനർ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിനുകീഴിൽ നോൺപ്ലാൻ ഫണ്ടിൽനിന്നും 305 കോടി രൂപയുടെ പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽനിന്നും 436.67 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 5 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുകൂടാതെ 457 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

കെ.എസ്.ടി.പി. റോഡുകളുടെ പുനർ നിർമ്മാണത്തിന് 35.78 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 2.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

14 (4689) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ;

(ബി) റോഡുകളുടെ പുനർനിർമ്മാണത്തിനായി ഏതൊക്കെ ഫണ്ടുകളാണ് ലഭ്യമാക്കിയിട്ടുള്ളത്;

(സി) പുനർനിർമ്മാണത്തിന് വിദേശ ഫണ്ട് ലഭ്യമായിട്ടുണ്ടോ; പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) കേന്ദ്രത്തിൽ നിന്നും ഇതിനായി എത്ര തുക ലഭിച്ചു; പ്രസ്തുത തുക അപര്യാപ്തമാണോ; എങ്കിൽ കൂടുതൽ ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ഇ) റീ ബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടക്കുന്ന പുനർനിർമ്മാണ പ്രക്രിയയിൽ പൊതുമരാമത്ത് വകുപ്പ് വഹിക്കുന്ന പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ,ബി&ഡി) സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസത്തിലും 2019 ആഗസ്റ്റ് മാസത്തിലും പെയ്ത കനത്ത മഴയെത്തുടർന്ന് പൊതുമരാമത്ത് നിരത്തുവിഭാഗത്തിന് കീഴിലുള്ള റോഡുകൾക്ക് കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. രണ്ട് വർഷത്തേയും പ്രളയത്തെ തുടർന്ന് വകുപ്പിന് മൊത്തം 16,480 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. 2018 ആഗസ്റ്റിലെ പ്രളയത്തെത്തുടർന്ന് തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാക്കിയിരുന്നു. കൂടാതെ പ്ലാൻ, നബാർഡ് ഫണ്ട് എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന നടപടികളും ഏറ്റെടുത്തിരുന്നു. എന്നാൽ ഈ വർഷമുണ്ടായ പ്രളയത്തെത്തുടർന്ന് റോഡുകൾക്ക് തുടർന്നും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ വർഷം 5031 കി.മീ റോഡുകൾക്ക് തകർച്ച സംഭവിച്ചിട്ടുണ്ട്. എല്ലാ റോഡുകളിലും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 വർഷം പ്ലാൻ ഫണ്ടിൽനിന്നും പ്രളയാനന്തര പുനർ നിർമ്മാണത്തിനായി 1191 കോടി രൂപയും നോൺ പ്ലാൻ ഫണ്ടിൽനിന്നും 882 കോടി രൂപയും അനുവദിച്ച് ഭരണാനുമതി നൽകുകയുണ്ടായി. 7446 കി. മീറ്റർ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുകയും 312.38 കി.മീറ്റർ റോഡുകളുടെ പുനരുദ്ധാരണവും പൂർത്തീകരിക്കുകയുണ്ടായി. ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു. ദുരന്ത നിവാരണ വകുപ്പിൽനിന്നും കഴിഞ്ഞ പ്രളയത്തെത്തുടർന്ന് 2018-19-ൽ 71.25 കോടി രൂപ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരുന്നു. ഇതിൽ 60 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. NABARD ഫണ്ടിൽ ഉൾപ്പെടുത്തി 53 പ്രവൃത്തികൾക്ക് 350.49 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വർഷം നോൺ പ്ലാൻ ഫണ്ടിൽനിന്നും 305 കോടി

രൂപയുടെ പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽ 436.67 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ എല്ലാംതന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നു.

2019 ആഗസ്റ്റ് മാസത്തിൽ ദേശീയപാതയ്ക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പെയറിലും 5 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പെയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുകൂടാതെ 457 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന റോഡുകളുടെ കെ.എസ്.ടി.പി മുഖാന്തിരമുള്ള പുനർനിർമ്മാണം ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ സാമ്പത്തിക സഹായത്തോടെയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. പ്രസ്തുത സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് മുന്നോടിയായി ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ സാങ്കേതിക വിദഗ്ദ്ധർ അടങ്ങുന്ന പ്രതിനിധി സംഘം കെ.എസ്.ടി.പി. ക്ക് കൈമാറിയ റോഡുകളിൽ 2019 ജനുവരി മാസം സന്ദർശനം നടത്തുകയും പുനർനിർമ്മാണത്തിനായി തെരഞ്ഞെടുത്ത റോഡുകളുടെ ഒരു മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തു. ജർമ്മൻ ബാങ്കിന്റെ നിർദ്ദേശമനുസരിച്ച് മുൻഗണനാക്രമത്തിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ചെന്നൈ ആസ്ഥാനമായ M/s L&T Infrastructure Ltd. മുഖേന റോഡുകളുടെ മുൻഗണനാക്രമം നിശ്ചയിച്ചു. തുടർന്ന് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രഥമ പരിഗണനയർഹിക്കുന്ന ഏകദേശം 819 കി.മീ ദൈർഘ്യം വരുന്ന 31 റോഡുകളുടെ പട്ടിക ആദ്യഘട്ടമായി അംഗീകരിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് 13-08-2019-ലെ സ.ഉ.(കൈ)നമ്പർ 25/2019/ആ.സ.വ ഉത്തരവ് പ്രകാരം പുനർനിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം ലോകബാങ്കിന്റെയും/ജർമ്മൻ ബാങ്കിന്റെയും നിർദ്ദേശമനുസരിച്ച് പ്രകൃതി ദുരന്തങ്ങളിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക ശിപാർശകൾ അടങ്ങിയ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി 4

കൺസൾട്ടന്റുകളുമായി 2019 ഒക്ടോബറിൽ കരാർ ഒപ്പുവച്ചു. 6 മാസം കാലാവധിയായി നൽകിയിട്ടുള്ള കരാർ പ്രകാരം റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ 2020 മാർച്ച് മാസത്തോടെ തയ്യാറാക്കുന്നതാണ്. തുടർന്ന് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 2020 മെയ് മാസത്തോടെ റോഡുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതാണ്.

(ഡി&ഇ) റോഡ് പുനർനിർമ്മാണത്തിനായി ലോകബാങ്ക്/ജർമ്മൻബാങ്ക് എന്നിവരുടെ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഏകദേശം 819 കി.മീ ദൈർഘ്യം വരുന്ന 31 റോഡുകളുടെ പട്ടിക ആദ്യഘട്ടമായി അംഗീകരിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് 13-8-2019-ലെ സ.ഉ. (കൈ)നമ്പർ 25/2019/ആ.സ.വ. പ്രകാരം പുനർനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന കേരളത്തിലെ റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പുനർനിർമ്മിക്കുന്നതിന് ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ ധനസഹായം ലഭ്യമാക്കുകയും ആയതുപ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളുടെ പുനർനിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

## ബി.എം. & ബി.സി. റോഡ് നിർമ്മാണം

15 (4690) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.എം.& ബി.സി പ്രകാരമുള്ള എത്ര കിലോമീറ്റർ റോഡിനു ഭരണാനുമതി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്ത് വിഭാഗത്തിനുകീഴിൽ ബി.എം & ബി.സി പ്രകാരമുള്ള 6738 കി.മീ റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ആകെ 9221.24 കോടി രൂപ (പദ്ധതിവിഹിതം, നബാർഡ്, കിഫ്ബി ഉൾപ്പെടെ) അനുവദിച്ചിട്ടുണ്ട്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ്

മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ ബി.എം&ബി.സി പ്രകാരമുള്ള 1320.89 കി.മീറ്റർ റോഡിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 1717.31 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബി യുടെ കീഴിൽ 2-5-2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ 528/2017/പൊ.മ.വ പ്രകാരം 46.712 കി. മീ ദൈർഘ്യം വരുന്ന 21 റോഡുകൾക്ക് 272.66 കോടി രൂപ മതിപ്പ് ചെലവിൽ ആലപ്പുഴ നഗരപാത വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി നൽകുകയുണ്ടായി. 03-08-2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ 1159/2017/പൊ.മ.വ പ്രകാരം 44.065 കി.മീ ദൈർഘ്യം വരുന്ന 11 റോഡുകൾക്ക് 401.467 കോടി രൂപ മതിപ്പ് ചെലവിൽ കണ്ണൂർ നഗരപാത വികസന പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി.

2016-17, 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളെല്ലാം ബി.എം&ബി.സി പ്രകാരമാണ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നത്. ഇവയിൽ കിഫ്ബിയിൽനിന്ന് അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പണി പൂർത്തീകരിക്കുവാനുള്ള ബൈപ്പാസുകൾ**

16 (4691) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ബൈപ്പാസുകളുടെ പണി പൂർത്തീകരിക്കുവാൻ ഉണ്ടെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പുതിയതായി ഏതെങ്കിലും ബൈപ്പാസുകളുടെ പണി തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന് കീഴിൽ ആലപ്പുഴ ബൈപ്പാസുമായി ബന്ധപ്പെട്ടിട്ടുള്ള റോഡുകളുടെയും മേൽപ്പാലത്തിന്റെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തിയാക്കിയെങ്കിലും റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗർഡറുകളിൽ ചില വ്യതിയാനങ്ങൾ റെയിൽവേ പറയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിൽ റെയിൽവേയുടെ ഭാഗത്തുനിന്നും കാലതാമസംമുണ്ടാകുകയും ചെയ്തിട്ടുണ്ടായിരുന്നു. റെയിൽവേയുടെ ചാർജ്ജുള്ള പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യതിയാനങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയും അതിന്റെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കഴക്കൂട്ടം മുതൽ കാരോട് വരെയുള്ള ബൈപ്പാസ് നിർമ്മാണം, തലശ്ശേരി-മാഹി ബൈപ്പാസ് എന്നിവ നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന നിർമ്മിച്ചുവരുന്നു. തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം, മക്കരപ്പറമ്പ് എന്നീ ബൈപ്പാസുകൾ കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. ആറ്റിങ്ങൽ ബൈപ്പാസ്, കണ്ണൂർ ബൈപ്പാസ്, കീഴാറ്റൂർ ബൈപ്പാസ്, എറണാകുളം ബൈപ്പാസ്, കൊയിലാണ്ടി ബൈപ്പാസ്, തളിപ്പറമ്പ് ബൈപ്പാസ്, പയ്യന്നൂർ ബൈപ്പാസ് എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ബൈപ്പാസുകളാണ്.

കെ.എസ്.റ്റി.പിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി M/s GHV (India) Pvt. Ltd എന്ന കമ്പനിയുമായി 37,03,87,635 അടങ്കൽ തുകയിൽ 29-12-2018-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഏപ്രിൽ 2020 ഓടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കിഫ്ബിയിൽ ഉൾപ്പെടുത്തി കെആർഎഫ്ബി എസ്.പി.വി ആയിട്ടുള്ള കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ബൈപ്പാസ് സാമ്പത്തികാംഗീകാരത്തിനായി ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു. പത്തനംതിട്ട ജില്ലയിലെ പന്തളം ബൈപ്പാസിന് 28.78 കോടി രൂപയുടെ സാമ്പത്തികാംഗീകാരം നൽകി. തൃശ്ശൂർ ജില്ലയിലെ ചേലക്കര ബൈപ്പാസ്, കേച്ചേരി അക്കിക്കാവ് ബൈപ്പാസ് എന്നിവയുടെ സാമ്പത്തികാംഗീകാരത്തിനായി ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു.

നിരത്തുവിഭാഗം പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**റോഡ് അനുമതികളിൽ സി.ടി.ഇ. യുടെ അധികാരം**

17 (4692) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി ലഭ്യമാക്കുന്ന പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകുന്നതിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന ആവശ്യമുള്ള പരിധി എത്രയാണെന്ന് വിശദമാക്കാമോ;

(ബി) സി.ടി.ഇ. അംഗീകരിച്ച അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്താൻ റോഡ് പ്രവൃത്തികളുടെ നിർവ്വഹണഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി ലഭ്യമാക്കുന്ന പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകുന്നതിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന നിർബന്ധമില്ല.

(ബി) റോഡുകളുടെ അലൈൻമെന്റുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. റോഡിന്റെ അലൈൻമെന്റ് വിശദമായ പഠനത്തിനുശേഷം അംഗീകൃത മാനദണ്ഡപ്രകാരം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറാണ് അന്തിമരൂപം നൽകുന്നത്. പ്രവൃത്തികൾ തുടങ്ങിയശേഷം അലൈൻമെന്റിൽ മാറ്റം ആവശ്യമായി വരികയാണെങ്കിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ വിശദമായ പരിശോധനയ്ക്കുശേഷം ശിപാർശ സമർപ്പിച്ച് ഭരണാനുമതി നൽകിയ അധികാരിയിൽനിന്നും പുതുക്കിയ അനുമതി ലഭ്യമാക്കേണ്ടതാണ്. അത്തരം അലൈൻമെന്റുകൾ സർക്കാർ നിർദ്ദേശിക്കുകയോ പരാതി ലഭിക്കുകയോ ചെയ്താൽ മാത്രമേ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കാറുള്ളൂ.

**റോഡ് മെയിന്റനൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

18 (4693) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡ് മെയിന്റനൻസ് വിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കാലതാമസമില്ലാതെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നിലവിലുള്ള സംവിധാനം വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വൈദ്യുതി തടസ്സമുണ്ടാകുമ്പോൾ വളരെ വേഗം പരിഹരിക്കുന്ന മാതൃകയിൽ റോഡ് മെയിന്റനൻസ് യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിന് നടപടികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിൽ ആർ.എം.എം.എസ് (റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം) നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ (സി.ആർ.ആർ.ഐ.) കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി 19-6-2019-ന് 18 മാസ കാലാവധിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആർ.എം.എം.എസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനം ഒട്ടാകെയുള്ള 4300 കി.മീ. സംസ്ഥാന പാതകളുടെ സ്ഥിതി വിവരങ്ങൾ പരിപാലന വിഭാഗം എഞ്ചിനീയർമാർ ശേഖരിച്ചുവരികയാണ്. നെറ്റ്വർക്ക് സർവ്വേ വെഹിക്കിൾ ഉപയോഗിച്ചുള്ള സർവ്വേ പ്രവൃത്തികൾ ഒക്ടോബറിൽ തന്നെ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ റോഡുകളുടെ ട്രാഫിക് സാന്ദ്രത, നിലവിലുള്ള റോഡുകളുടെ ഘടന, ആക്സിൽ ലോഡ് ടെസ്റ്റ് തുടങ്ങിയ വിവരങ്ങളും പരിപാലന വിഭാഗം എഞ്ചിനീയർമാർ ശേഖരിച്ചുവരുന്നു. സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയെ മുൻനിർത്തി വിവിധ സംസ്ഥാനങ്ങളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നതും വാഹന സാന്ദ്രത കൂടിയതുമായ സംസ്ഥാന പാതകളും വിനോദ സഞ്ചാര കേന്ദ്രങ്ങൾ, വാണിജ്യ വ്യവസായ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളും ഉൾപ്പെട്ട ശൃംഖലയായ കോർ റോഡ് നെറ്റ്വർക്കിന്റെ അന്തിമ പട്ടിക തയ്യാറാക്കിവരുന്നു. പൊതുമരാമത്ത് വകുപ്പിലെ മറ്റു വിഭാഗങ്ങൾ ചെയ്യുന്ന നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ ലഭിക്കുന്ന പരാതികളിന്മേൽ നിരത്ത് പരിപാലന വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തി വിശദമായ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും സമർപ്പിക്കുകയും ചെയ്യുന്നു. കൂടാതെ എസ്.എൽ.റ്റി.എഫ് പ്രവൃത്തികൾ, ശബരിമല പ്രവൃത്തികൾ തുടങ്ങിയവയുടെ അവലോകനവും നടത്തിവരുന്നു.

(ബി&സി) ഉണ്ട്. കരാർ ഉടമ്പടിയിലെ നൂതന ആശയമായ പി.ബി.എം.സി.യോടൊപ്പം റണ്ണിംഗ് കോൺട്രാക്ട് വഴിയും പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും ലക്ഷ്യമിടുന്നുണ്ട്.

## റോഡ് നിർമ്മാണവും അസംസ്കൃത വസ്തുക്കളും

19 (4694) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിൽ വേസ്റ്റ് പ്ലാസ്റ്റിക് എത്ര അളവിൽ ഉപയോഗിക്കണമെന്നാണ് ഇന്ത്യൻ റോഡ് കോൺഗ്രസ്സ് നിഷ്കർഷിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) റോഡ് നിർമ്മാണത്തിനായി എൻ.ആർ.എം.ബി. (നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) വ്യാപകമായി ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കയർ ഭൂവസ്ത്രം അടക്കമുള്ള പ്രാദേശിക അസംസ്കൃത വസ്തുക്കൾ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചു വരുന്നുണ്ടോ;

(ഡി) തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ജർമ്മൻ നിർമ്മിത നൂതന സാങ്കേതിക വിദ്യ ഏതെല്ലാം റോഡ് നിർമ്മാണത്തിനാണ് സംസ്ഥാനത്ത് ഉപയോഗിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ കോഡ് SP:98:2013 പ്രകാരം ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിൽ വേസ്റ്റ് പ്ലാസ്റ്റിക് ബിറ്റുമിന്റെ 6% മുതൽ 8% വരെ ഉപയോഗിക്കാമെന്നാണ് നിഷ്കർഷിക്കുന്നത്.

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 1840 കിലോമീറ്റർ റോഡുകൾ നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.

(സി) റോഡ് പ്രവൃത്തിയിൽ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. റോഡിന്റെ അടിത്തറ ബലപ്പെടുത്തുന്നതിനും ചരിവുകളുടെ സംരക്ഷണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു.

ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ ഒരു സി.ആർ.എഫ് പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

(ഡി) തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ജർമ്മൻ നിർമ്മിത നൂതന സാങ്കേതികവിദ്യ (ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി (milling)) നടപ്പിലാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം-ചന്ദനപ്പള്ളി-കൂടൽറോഡ് 5.9 കി.മീ. ദൂരം ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രവൃത്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. ആലപ്പുഴ ജില്ലയിൽ ദേശീയപാത 66 (കി.മീ.406/000 മുതൽ 428/000 വരെ) പാതിരിപ്പള്ളി മുതൽ പുറക്കാട് വരെ ഉപരിതലം പുതുക്കി പണിയുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

2. ആലപ്പുഴ ജില്ലയിൽ ദേശീയപാത 66 (കി.മീ.366/905 മുതൽ 390/570 വരെ) അരൂർ മുതൽ ചേർത്തല വരെ ഉപരിതലം പുതുക്കി പണിയുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

3. കണ്ണൂർ ജില്ലയിൽ ദേശീയപാത 66 (ചെയി.157/000 മുതൽ 174/000 വരെ) ഉപരിതലം പുതുക്കി പണിയുന്ന പ്രവൃത്തിക്കായി കരാർ ഒപ്പുവച്ചിട്ടുണ്ട്.

4. തൃശ്ശൂർ ജില്ലയിൽ ദേശീയപാത 66 (ചെയി.363/000 മുതൽ 380/000 വരെ) ഉപരിതലം പുതുക്കി പണിയുന്ന പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റീജിയണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾതന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയാണ് ചെയ്യുന്നത്.

**തീരദേശ ഹൈവേയുടെ ഡി.പി.ആർ.**

20 (4695) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരോഗമിച്ചു വരുന്ന തീരദേശ ഹൈവേയുടെ ഏതെല്ലാം റീച്ചുകളുടെ ഡി.പി.ആർ ആണ് കിഫ്ബിയിൽ സമർപ്പിച്ചത്; വിശദമാക്കാമോ;

(ബി) ഏതെല്ലാം റീച്ചുകളുടെ ഡി.പി.ആർ ആണ് ഇനി പൂർത്തീകരിച്ച് നൽകാൻ ബാക്കിയുള്ളത്; വ്യക്തമാക്കാമോ;

(സി) ഈ പാതയ്ക്ക് വേണ്ട ഏതെങ്കിലും റീച്ചുകളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) പാതയിൽ വരുന്ന നദീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ടോ; ആർക്കാണ് ഡി.പി.ആർ തയ്യാറാക്കാൻ ചുമതല നൽകിയത്; ഏതെല്ലാം പാലങ്ങളുടെ ഡി.പി.ആർ നടപടികളാണ് പുരോഗമിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തീരദേശ ഹൈവേയുടെ മലപ്പുറം ജില്ലയിലെ പടിഞ്ഞാറെക്കര മുതൽ ഉണ്ണിയാൽ ജംഗ്ഷൻ വരെ 15.00 കി.മീ., മൊഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ ബ്രിഡ്ജ് വരെ 3.85 കി.മീ എന്നീ റീച്ചുകളുടെയും കോഴിക്കോട് ജില്ലയിലെ ചുള്ളിക്കാട് മുതൽ വെങ്ങാളി വരെയുള്ള 9.3 കി.മീ. റീച്ചും ഉൾപ്പെടെ മൂന്ന് റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രവർത്തികളിലൊഴികെ തീരദേശ ഹൈവേയുടെ ബാക്കി എല്ലാ റീച്ചുകളുടെയും ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. തയ്യാറാക്കി വരുന്ന ഡി.പി.ആർ. -കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>കോഴിക്കോട് ജില്ല</u>

1. കടലുണ്ടി-ചാലിയം-കരുവാന്തുരുത്തി.
2. കരുവാന്തുരുത്തി - മഠത്തിൽപാടം പാലം.
3. മഠത്തിൽപാടം പാലം - ബേപ്പൂർ സ്കൂൾ - ചുള്ളിക്കാട് (8.3 കി.മീ.)
4. വെങ്ങളം - പൊയിൽക്കാവ് - കൊയിലാണ്ടി ഫിഷിംഗ് ഹാർബർ (11.11 കി.മീ.)
5. കൊയിലാണ്ടി ഫിഷിംഗ് ഹാർബർ - മുത്തായം ബീച്ച് (7 കി.മീ.)
6. മുത്തായം ബീച്ച് - കോട്ടക്കൽ (14 കി.മീ.)
7. കോട്ടക്കൽ -സാന്റ്ബാങ്ക്സ് പാലം (7 കി.മീ.)
8. സാന്റ്ബാങ്ക്സ് പാലം-പൂഴിത്തല (16 കി.മീ.)

<u>മലപ്പുറം ജില്ല</u>

9. ഉണ്ണ്യാൽ മുതൽ മൊഹിയുദ്ദീൻ പള്ളി വരെ (5.70 കി.മീ.)

10. കെട്ടുങ്ങാൽ ബ്രിഡ്ജ് മുതൽ കടലുണ്ടി ജമലുലൈനി മഖാം വരെ.

11. മുദിയം പാലം

<u>കണ്ണൂർ ജില്ല</u>

12. മുഴപ്പിലങ്ങാട് ബീച്ച്-എടക്കാട് ബീച്ച് (3 കി.മീ.)

13. പാലക്കോട് മുതൽ മില്ലർ റോഡ് വരെ (6 കി.മീ.)

(സി) തീരദേശ ഹൈവേയിൽ വരുന്ന ഒരു റീച്ചുകളിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ഡി) തീരദേശ ഹൈവേയിൽ വരുന്ന നദി പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>കോഴിക്കോട് ജില്ല</u>

1. കോട്ടക്കൽ -സാന്റ്ബാങ്ക്സ് പാലം

2. കരുവാന്തുരുത്തി - മഠത്തിൽപാടം പാലം.

<u>മലപ്പുറം ജില്ല</u>

3. മുദിയം പാലം

4. നീർക്കടവ് പാലം

5. നീരൊഴുക്കും പാലം

6. ഓലക്കീൽ പാലം

7. അയ്യാരകത്ത് പാലം

<u>കാസർഗോഡ് ജില്ല</u>

8. ഹൊസബെട്ടു പാലം

9. ഷിറിയ പാലം

10. കാസർഗോഡ് പാലം

11. ഉദുമ പാലം

12. രണ്ടുതെങ്ങ് -വലിയപറമ്പ പാലം

ഡിസൈൻ തയ്യാറാക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം ഡി.പി.ആർ.തയ്യാറാക്കുന്നതാണ്.

## നെന്മാറ നിയോജകമണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവൃത്തികൾ

21 (4696) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന മലയോര ഹൈവേയുടെ പ്രവൃത്തികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മലയോര ഹൈവേയുടെ ഒന്നാമത്തെ റീച്ചായ വടക്കഞ്ചേരി മുതൽ കൊല്ലങ്കോട് വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ. കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഈ സംസ്ഥാന പാത ദേശീയപാതയായി ഉയർത്തുവാൻ കേന്ദ്ര ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ വന്ന സാഹചര്യത്തിൽ ഈ പദ്ധതി മലയോര ഹൈവേയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നിരുന്നാലും പ്രസ്തുത റോഡ് ദേശീയപാതയായി ഉയർത്തുവാൻ കാലതാമസം നേരിടുന്നതിനാൽ മലയോര ഹൈവേ ഒന്നാം റീച്ചായ വടക്കഞ്ചേരി മുതൽ കൊല്ലങ്കോട് വരെയുള്ള പ്രവൃത്തിയുമായി മുന്നോട്ടുപോകാൻ ശ്രമിച്ചെങ്കിലും മലയോര ഹൈവേയ്ക്ക് 12 മീറ്റർ വീതി നിർബന്ധമായതിനാൽ ടി പ്രവൃത്തി കടന്നുപോകുന്ന നെന്മാറ, കൊല്ലങ്കോട് എന്നീ സ്ഥലങ്ങളിൽ ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യമായതിനാൽ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല.

മലയോര ഹൈവേയുടെ രണ്ടാം റീച്ചായ കുട്ടുപാത മുതൽ കൊല്ലങ്കോട് വരെ (27.90 കി.മീ.) എന്ന പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ 12 മീറ്റർ വീതിക്ക് ആവശ്യമായ 2.20 ഹെക്ടർ ഭൂമി ഫ്രീ സറണ്ടറായി ലഭ്യമല്ലാത്തതിനാൽ കിഫ്ബിയിൽനിന്ന് ധനസഹായം ലഭിച്ചിട്ടില്ല. ദേശീയപാത വിജ്ഞാപനം ഉണ്ടെങ്കിലും ഉടനെ ഒന്നും നടക്കാൻ സാധ്യതയില്ല. അതിനാൽ 12 മീറ്റർ ഉണ്ടെങ്കിൽ ടെണ്ടർ ചെയ്യാവുന്നതാണ്.

## നബാർഡ് ഫണ്ടുപയോഗിച്ച് നിർമ്മിച്ച റോഡുകൾ

22 (4697) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം നബാർഡ് ഫണ്ടുപയോഗിച്ച് നിർമ്മിച്ച/ പുനരുദ്ധാരണ പ്രവൃത്തി നടത്തിയ പൊതുമരാമത്ത് റോഡുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ കാലയളവിൽ നബാർഡ് ഫണ്ടുപയോഗിച്ച് നവീകരിച്ച മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് റോഡുകളുടെ പേര്, അനുവദിച്ച തുക എന്നിവ അറിയിക്കാമോ;

(സി) നബാർഡ് ഫണ്ടുപയോഗിച്ച് നവീകരിക്കാനുള്ള പൊതുമരാമത്ത് റോഡുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പട്ടികയുടെ പകർപ്പ് നൽകാമോ;

(ഡി) നബാർഡ് സ്കീമിലേക്ക് റോഡുകൾ പരിഗണിക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയ റോഡുകളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. *

(ബി) ഈ കാലയളവിൽ നബാർഡ് ഫണ്ടുപയോഗിച്ച് നവീകരിച്ച മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് റോഡുകളുടെ വിശദാംശം അനുബന്ധമായി* ആയി ചേർക്കുന്നു.

(സി) ഇല്ല.

(ഡി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ലോൺ ലഭിക്കാൻ, റോഡുകൾ MDR/ODR/VR എന്നിവയിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടതായിരിക്കണം. പ്രസ്തുത റോഡിന്റെ വികസനം കാർഷിക മേഖലയ്ക്കും ടൂറിസം മേഖലയ്ക്കും പ്രയോജനം കിട്ടുന്നതായിരിക്കണം. സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചതായിരിക്കണം, മറ്റൊരു സ്കീമിലും ഉൾപ്പെടാത്ത പ്രവൃത്തിയായിരിക്കണം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റോഡുകളിലെ അനധികൃത കയ്യേറ്റം

23 (4698) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ. എച്ച്. -കളിലും പി. ഡബ്ല്യൂ. ഡി. -റോഡരുകുകളിലും വ്യാപകമായ രീതിയിൽ സ്ഥലം കൈയ്യേറി ഭക്ഷണശാലകളും മറ്റ് കച്ചവട സ്ഥാപനങ്ങളും നടത്തുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് ട്രാഫിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും യാത്രക്കാർക്ക് ബസ്സ് കാത്ത് നിൽക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നതും,നിരോധിത ലഹരി സാധനങ്ങൾ വിൽക്കുന്ന കേന്ദ്രങ്ങളായും മാറുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥലങ്ങളിൽ അത് ട്രാഫിക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ലഹരി സാധനങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡ് പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നോട്ടീസ് നൽകുകയും മൂന്ന് ദിവസത്തിനകം നീക്കം ചെയ്യാത്തവ പോലീസ് സഹായത്തോടെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബാലുശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

24 (4699) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡുണ്ട് എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ റോഡുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഏതെല്ലാം റോഡുകളാണ് ആധുനിക രീതിയിൽ ബി.എം.& ബി.സി.(ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ് ) ചെയ്ത് നവീകരിച്ചിട്ടുള്ളത്;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് കിഫ്ബി മുഖേന നവീകരിക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്; ഈ റോഡുകളുടെ നവീകരണ പ്രവർത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(ഡി) റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ കെ.ടി.എം.എ (കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരീക്കോട്) റോഡിന്റെ ഡി.പി.ആർ (ഡീറ്റൈയ്ഡ് പ്രോജക്ട് റിപ്പോർട്ട്) സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആകെ 197.64 കി.മീ. റോഡാണ് ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളത്.

(ബി &സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരീക്കോട്-ഇടവണ്ണ (52.5 കി.മീ) റോഡിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി മെസ്സേഴ്സ് ഫീഡ്ബാക്ക് ഇൻഫ്ര (M/s.Feedback Infra) എന്ന കൺസൾട്ടൻസിക്ക് 17-10-2019-ൽ കരാർ നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റ് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ആലത്തൂരിലെ റോഡുകൾക്കുള്ള ഒറ്റത്തവണ ഫണ്ട് പദ്ധതി**

25 (4700) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റത്തവണ ഫണ്ട് അനുവദിച്ച് റോഡ് യാത്രായോഗ്യമാക്കുന്ന പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ റോഡുകൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്ന വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫണ്ടുകളൊന്നും അനുവദിച്ചിട്ടില്ല.

**സംസ്ഥാനത്തെ പ്രധാന പാതകളുടെ നവീകരണ പദ്ധതികൾ**

26 (4701) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന പാതകളായ എൻ.എച്ച്. 47, എൻ.എച്ച്. 17 എന്നിവ നാലുവരിപ്പാത നിലവാരത്തിൽ ശക്തിപ്പെടുത്തുന്നതും എം.സി. റോഡ് നവീകരണ പദ്ധതികളുടെ നടത്തിപ്പും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത റോഡുകളുടെ നവീകരണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും ഇതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡുകളിൽ കാലവർഷക്കെടുതി മൂലം എത്ര കോടി രൂപയുടെ നഷ്ടം വന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പ്രധാന പാതകളായ എൻ.എച്ച്.47, എൻ.എച്ച്.17 എന്നിവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ നിലവിലെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. *

ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ എം.സി റോഡ് നവീകരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ദേശീയപാതകളുടെ വികസന പ്രവൃത്തികൾക്ക് ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്തിന്റെ വിലയുടെ 25% സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഇതിനായി കേന്ദ്ര മന്ത്രാലയം/ദേശീയപാത അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ ദേശീയപാത വികസന പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ആയതിനുള്ള ചെലവ് കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ എം.സി റോഡ് നവീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവാക്കിയ തുക, പൂർത്തീകരിക്കുന്ന തീയതി എന്നിവ ചുവടെ ചേർക്കുന്നു.:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവ് (രൂപ കോടി) | പൂർത്തീകരിക്കുന്ന തീയതി |
|---|---|---|---|
| 1 | മാതൃകാ സുരക്ഷാ ഇടനാഴി- കഴക്കൂട്ടം മുതൽ അടൂർ വരെ | `102.87 | 31/12/2019 |
| 2 | അടൂർ ചെങ്ങന്നൂർ റോഡ് (21.23 കി.മീ.) | | 31/12/2020 |
| 3 | ചെങ്ങന്നൂർ - ഏറ്റുമാന്നൂർ റോഡ് (45.40 കി.മീ.) | 278.35 | പണി പൂർത്തീകരിച്ചു. |
| 4 | ഏറ്റുമാന്നൂർ - മൂവാറ്റുപുഴ റോഡ് (40.96 കി.മീ.) | 163.67 | പണി പൂർത്തീകരിച്ചു |

(ഡി) സംസ്ഥാനത്തെ പ്രധാന പാതകളായ എൻ.എച്ച്.47, എൻ.എച്ച്.17 എന്നീ റോഡുകളിൽ കാലവർഷക്കെടുതിമൂലം 184.50 കോടി രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പെയറിലും 5 കോടി രൂപ ഫ്ലെഡ് ഡാമേജ് റിപ്പെയറിലും കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട് മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുകൂടാതെ 457 കോടി രൂപയുടെ പദ്ധതികളുടെ പട്ടിക ആന്വൽ പ്ലാൻ 2019-2020 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

ചെങ്ങന്നൂർ - മൂവാറ്റുപുഴ റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് പത്തനംതിട്ട ജില്ലയ്ക്ക് ഒരു ലക്ഷം രൂപയും കോട്ടയം ജില്ലയ്ക്ക് അഞ്ച് ലക്ഷം രൂപയും എറണാകുളം ജില്ലയ്ക്ക് നാല് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ ഈസ്റ്റ് മാറാടിക്ക് സമീപം റോഡിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞുപോയിട്ടുള്ള ഭാഗം പുനർനിർമ്മിക്കുന്നതിനുവേണ്ടി 15.89 ലക്ഷം രൂപയും

കോട്ടയം ജില്ലയിൽ ഏറ്റുമാന്നൂർ - തവളക്കുഴി ഭാഗത്ത് റോഡിന്റെ ബേമിൽ ഗർത്തം ഉണ്ടായത് പരിഹരിക്കുന്നതിനുവേണ്ടി 8.26 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുകയും കോട്ടയം, എറണാകുളം എന്നീ രണ്ട് ജില്ലകളിലായി രണ്ട് ലക്ഷം രൂപ ചെലവഴിച്ചിട്ടുമുണ്ട്.

### പ്രളയത്തിൽ റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ

27 (4702) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾക്ക് കനത്തനാശം സംഭവിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പുനർനിർമ്മാണത്തിന് ഓരോ ജില്ലയ്ക്കും എന്ത് തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 2019-ലെ പ്രളയത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾക്ക് കനത്ത നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തി വരുന്ന തലശ്ശേരി-വളവുപാറ റോഡിൽ 28 ലക്ഷം രൂപയുടെയും കാസർഗോഡ് - കാഞ്ഞാങ്ങാട് റോഡിൽ 10 ലക്ഷം രൂപയുടെയും നഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ റോഡുകളിൽ 28 ലക്ഷം രൂപയും കാസർഗോഡ് ജില്ലയിൽ 10 ലക്ഷം രൂപയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തുന്നതിന് പത്തനംതിട്ട ജില്ലയ്ക്ക് ഒരു ലക്ഷം രൂപയും കോട്ടയം ജില്ലയ്ക്ക് അഞ്ച് ലക്ഷം രൂപയും എറണാകുളം ജില്ലയ്ക്ക് നാല് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ ഈസ്റ്റ് മാറാടിക്ക് സമീപം റോഡിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞുപോയിട്ടുള്ള ഭാഗം പുനർനിർമ്മിക്കുന്നതിനുവേണ്ടി 15.89 ലക്ഷം രൂപയും കോട്ടയം ജില്ലയിൽ ഏറ്റുമാന്നൂർ - തവളക്കുഴി ഭാഗത്ത് റോഡിന്റെ ബേമിൽ ഗർത്തം ഉണ്ടായത് പരിഹരിക്കുന്നതിനുവേണ്ടി 8.26 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. രണ്ട് ജില്ലയിലുമായി 1,99,825 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. പൊൻകുന്നം - തൊടുപുഴ റോഡിൽ 63,215 രൂപ ചെലവഴിച്ച് പ്രവൃത്തികൾ ചെയ്തിട്ടുള്ളതും കോട്ടയം, ഇടുക്കി ജില്ലകളിലായി 2,01,000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

നിരത്തുവിഭാഗത്തിനു കീഴിൽ ആകെ 5031.507 കി.മീ. റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പുനർനിർമ്മാണത്തിന് 2958.33 കോടി രൂപ വേണ്ടിവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

ദേശീയപാതയ്ക്കുണ്ടായ നഷ്ടങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതിപ്രകാരം സംസ്ഥാനത്ത് അനുമതി ലഭിച്ച റോഡുകൾ

28(4703) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ രാജ്യത്താകെ 1,25,000 കിലോമീറ്റർ ഗ്രാമീണ റോഡുകൾക്ക് കേന്ദ്രം അനുമതി നൽകിയപ്പോൾ സംസ്ഥാനത്ത് അനുമതി ലഭിച്ചത് വെറും 1425 കിലോമീറ്റർ റോഡിന് മാത്രമാണോ;

(ബി) ഇതേ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നേരത്തെ 50,000 കിലോമീറ്റർ റോഡ് രാജ്യമൊട്ടാകെ അനുവദിച്ചപ്പോൾ കേരളത്തിനു ലഭിച്ചത് 570 കിലോമീറ്റർ റോഡ് മാത്രമായിരുന്നോ;

(സി) ഗ്രാമീണ റോഡ് ശൃംഘലയുടെ വ്യാപ്തിയും ഡീസൽ ഉപയോഗത്തിന്റെ അനുപാതവും വച്ച് കണക്കാക്കിയാൽ കേരളത്തിന് ചുരുങ്ങിയത് 4500 കിലോമീറ്റർ റോഡെങ്കിലും ലഭിക്കേണ്ടതായിരുന്നു എന്ന റിപ്പോർട്ടുകൾ പരിശോധിക്കുക ഉണ്ടായോ; എങ്കിൽ ഇതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അതെ.

(ബി) പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി (പി.എം.ജി.എസ്.വൈ) രണ്ടാം ഘട്ടത്തിൽ 570 കി.മീറ്റർ റോഡാണ് സംസ്ഥാനത്തിന് അനുവദിച്ചിരുന്നതെങ്കിലും സംസ്ഥാനം സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് 588.89 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾക്കും നീളം കൂടിയ രണ്ട് പാലങ്ങൾക്കും കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കേരളത്തിന് 4,500 കിലോമീറ്റർ റോഡുകൾ ലഭിക്കേണ്ടതായിരുന്നു എന്ന രീതിയിലുള്ള റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിച്ച റോഡുകൾ**

29 (4704) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഒന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. നിലവിൽ തദ്ദേശസ്വയംഭരണ റോഡുകൾ ഒന്നുംതന്നെ ഏറ്റെടുക്കേണ്ടതില്ലായെന്നാണ് സർക്കാർ തീരുമാനം.

**റോഡുവശങ്ങളിലെ കാലപ്പഴക്കം ചെന്ന വൻമരങ്ങൾ_**

30 (4705) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലായി നിൽക്കുന്ന കാലപ്പഴക്കം ചെന്ന വൻമരങ്ങൾ അപകടഭീഷണിയുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അപകടകരമായ സാഹചര്യത്തിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനും പകരം വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; അറിയിക്കാമോ;

(സി) ശക്തമായ കാറ്റും മഴയും ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ പ്രത്യേക സ്ക്വാഡ് മുഖേന ഇത്തരം വൃക്ഷങ്ങൾ കണ്ടെത്തി മുറിച്ചു മാറ്റുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കം ചെന്നതും അപകട ഭീക്ഷണിയുണ്ടാകുന്നതുമായ മരം മുറിച്ച് മാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കി മരങ്ങൾ ലേലം ചെയ്ത് മുറിച്ച് മാറ്റുന്നുണ്ട്. വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശക്തമായ കാറ്റും മഴയും ഉള്ളപ്പോൾ അപകട ഭീക്ഷണിയുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പ്രകൃതി ക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ പ്രത്യേക സ്ക്വാഡ് മുഖേന വൃക്ഷങ്ങൾ കണ്ടെത്തി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് 28-5-2018-ലെ ഡി.എം.1/217/2018/ഡി.എം.ഡി നമ്പർ കത്ത് പ്രകാരം ദുരന്ത നിവാരണ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ഓഫീസുകളിലും തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## 2019-ലെ പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും

31(4706) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ലെ പ്രളയത്തിൽ സംസ്ഥാനത്ത് എത്ര കി.മീറ്റർ റോഡും എത്ര പാലങ്ങളുമാണ് നശിച്ചത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലങ്ങളും റോഡുകളും പുനർനിർമ്മിക്കുന്നതിന് വകുപ്പ് എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പട്ടികയിൽ ബന്ധപ്പെട്ട എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന ജോലികൾക്ക് മുൻഗണന നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) റോഡുകളും പാലങ്ങളും പുനർ നിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിരത്തുവിഭാഗത്തിന് കീഴിൽ മൊത്തം 5031.51 കി.മീ.ലായി റോഡുകൾക്ക് വിവിധ തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. സംരക്ഷണ ഭിത്തി, കലുങ്കുകൾ മുതലായവയ്ക്ക് നാശനഷ്ടങ്ങളും ഉപരിതലത്തിന് കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. മൊത്തം 2958.33 കോടി രൂപയുടെ കേടുപാടുകൾ സംഭവിച്ചതായാണ് വിലയിരുത്തിയിട്ടുള്ളത്.

2019-ലെ പ്രളയത്തിൽ കെ.എസ്.ടി.പി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിവരുന്ന തലശ്ശേരി - വളവുപാറ റോഡിൽ 28 ലക്ഷം രൂപയുടെയും കാസർഗോഡ് - കാഞ്ഞങ്ങാട് റോഡിൽ 10 ലക്ഷം രൂപയുടെയും നാശനഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്.

പാലങ്ങൾ വിഭാഗത്തിൽ 3 പാലങ്ങൾ, കൈപ്പനിക്കടവ് (മലപ്പുറം), പോത്തുണ്ടി (കോഴിക്കോട്), നടുത്തോട് (കോഴിക്കോട്) എന്നീ പാലങ്ങൾ

ഗതാഗതയോഗ്യമല്ലാത്തവിധം തകർന്നുപോവുകയും 68 പാലങ്ങൾക്ക് സാരമായ തകരാറുകൾ സംഭവിച്ച് പുനർനിർമ്മിക്കേണ്ടതായും വന്നു.

ദേശീയപാതയ്ക്കുണ്ടായ നഷ്ടങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിരത്തുവിഭാഗത്തിന് കീഴിൽ 2019-20 വർഷം നോൺ പ്ലാൻ ഫണ്ടിൽനിന്നും 305 കോടി രൂപയുടെ പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽനിന്നും 436.67 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ എല്ലാം തന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നു.

2019 ആഗസ്റ്റ് മാസത്തിൽ ദേശീയ പാതയ്ക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പെയറിലും 5 കോടി രൂപ ഫ്ലെഡ് ഡാമേജ് റിപ്പെയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുകൂടാതെ 457 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

കണ്ണൂർ ജില്ലയിൽ കെ.എസ്.ടി.പി. റോഡുകളിൽ 28 ലക്ഷം രൂപയും കാസർഗോഡ് ജില്ലയിൽ 10 ലക്ഷം രൂപയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തുന്നതിന് പത്തനംതിട്ട ജില്ലയ്ക്ക് ഒരു ലക്ഷം രൂപയും കോട്ടയം ജില്ലയ്ക്ക് 5 ലക്ഷം രൂപയും എറണാകുളം ജില്ലയ്ക്ക് 4 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ ഈസ്റ്റ് മാറാടിക്ക് സമീപം റോഡിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞുപോയിട്ടുള്ള ഭാഗം പുനർനിർമ്മിക്കുന്നതിനുവേണ്ടി 15.89 ലക്ഷം രൂപയും കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ-തവളക്കുഴി ഭാഗത്ത് റോഡിന്റെ ബേമിൽ ഗർത്തം ഉണ്ടായത് പരിഹരിക്കുന്നതിനുവേണ്ടി 8.26 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പൊൻകുന്നം-തൊടുപുഴ റോഡിൽ 63,215 രൂപ ചെലവഴിച്ച് പ്രവൃത്തികൾ ചെയ്തിട്ടുള്ളതും കോട്ടയം, ഇടുക്കി ജില്ലകളിലായി 2,01,000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാലങ്ങൾ വിഭാഗത്തിനുകീഴിൽ ഗുരുതര കേടുപാടുകൾ സംഭവിച്ച മൂന്ന് പാലങ്ങൾ ഉൾപ്പെടെ 24 പാലങ്ങളുടെ പുനർ നിർമ്മാണത്തിനായി 110 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) ദേശീയപാത വിഭാഗത്തിനുകീഴിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റീജിയണൽ ഓഫീസർ അറ്റകുറ്റപ്പണികളും ശാശ്വത പരിഹാരങ്ങളും നടത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് നിർദ്ദേശിക്കുന്ന പ്രകാരമാണ് അനുമതി ലഭ്യമാക്കാറുള്ളത്. മറ്റ് വിഭാഗങ്ങളിലെല്ലാം പ്രവൃത്തികളുടെ അടിയന്തര പ്രാധാന്യം അനുസരിച്ചുള്ള പരിഗണന നൽകിവരുന്നുണ്ട്.

## ആർ.ഡി.എസ്. പ്രോജക്ട് ലിമിറ്റഡ് പണിത പാലങ്ങൾ

32 (4707) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം മേൽപ്പാലം പണിത ആർ.ഡി.എസ് പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനി സംസ്ഥാനത്ത് വേറെ ഏതെങ്കിലും പാലങ്ങൾ നിർമ്മിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളിൽ ഏതിലെങ്കിലും തകരാർ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പാലങ്ങളിലാണ് പ്രസ്തുത തകരാർ കണ്ടെത്തിയതെന്നും എന്നാണ് അവയുടെ നിർമ്മാണം പൂർത്തീകരിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലാരിവട്ടം പാലം പണിത ആർ.ഡി.എസ് പ്രോജക്ട്സ് എന്ന കമ്പനി കെ.എസ്.ടി.പി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്ന കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ചിത്താരി പാലം, ചെളിയൻകോട് വയഡക്ട് എന്നീ പാലങ്ങളും പിലാത്തറ-പാപ്പിനിശ്ശേരി റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി രാമപുരം പാലം, തവം റെയിൽവേ മേൽപ്പാലം, പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലം എന്നീ പാലങ്ങളും നിർമ്മിച്ചിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ യുടെ കീഴിയിൽ ആർ.ഡി.എസ്. പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനി നിലവിൽ ഒരു പാലവും നിർമ്മിക്കുന്നില്ല. താഴെ പറയുന്ന പ്രവൃത്തികൾ ആർ.ബി.ഡി.സി.കെ.-യ്ക്കുവേണ്ടി ആർ.ഡി.എസ്. മുൻപ് പൂർത്തീകരിച്ചിട്ടുണ്ട്.

1. ഡിവൈൻ നഗർ (റെയിൽവേ സ്പാനും അഡ്ജസെന്റ് സ്പാനുകളും ഒഴികെ)

2. കൊയിലാണ്ടി ആർ.ഒ.ബി. (റെയിൽവേ സ്പാൻ ഒഴികെ)

3. സുൽത്താൻപെട്ട് ആർ.ഒ.ബി. യുടെ തേർഡ് ആം.

(ബി) ആർ.ബി.ഡി.സി.കെ-യുടെ കീഴിൽ ആർ.ഡി.എസ് പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനി നിർമ്മിച്ച മേൽ പറഞ്ഞ പാലങ്ങളിൽ തകരാറുകൾ കണ്ടെത്തിയിട്ടില്ല. 1-4-2018-ന് പണി പൂർത്തീകരിച്ച കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നിർമ്മിച്ച രണ്ട് പാലങ്ങൾക്കും കേടുപാടുകൾ ഒന്നും നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. 31-8-2018-ന് പണി പൂർത്തീകരിച്ച തവം ROB യുടെ പിലാത്തറ സൈഡിലായിട്ടുള്ള അപ്രോച്ച് സ്ലാബിന്റെ കാന്റിലിവർ ഭാഗത്ത് അടിയിലായി നേരിയ വിള്ളൽ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ഡിസൈൻ നിർവഹിച്ച M/s ശ്രീഗിരി കൺസൾട്ടന്റ് എന്ന സ്ഥാപനത്തിലെ വിദഗ്ദ്ധരെക്കൊണ്ട് പാലം പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എ 1 വശത്തെ അപ്രോച്ച് ഭാഗത്തെ സെറ്റിൽമെന്റുമൂലം ഉണ്ടാകുന്ന ഉയരവ്യത്യാസം BC ഇട്ട് പരിഹരിച്ചിട്ടുണ്ട്. 31-3-2018-ന് പണി പൂർത്തീകരിച്ച പാപ്പിനിശ്ശേരി ROB ക്ക് ഘടനാപരമായ വൈകല്യങ്ങളൊന്നുമില്ല. എക്സ്പാൻഷൻ ജോയിന്റിൽ നൽകിയിട്ടുള്ള കോൺക്രീറ്റ് സീലിൽ ചെറിയ വിള്ളലുകളുണ്ടാകുകയും അവ മാറ്റി സ്ഥാപിക്കുകയും ചെയ്തു.

**കൽപ്പറ്റ മണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പാലങ്ങൾ**

33 (T*4708) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(സി) ഈ പാലങ്ങളുടെ ഡി .പി. ആർ തയ്യാറാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുന്ന പാലങ്ങൾ

മണ്ണാർകുണ്ട് പാലം

കോട്ടത്തറ ഡാം സൈറ്റ് പാലം

ചുഴലി പാലം

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി&സി) പാലങ്ങളുടെ രൂപകൽപന തയ്യാറാക്കിവരുന്നു. രൂപകൽപ്പന പൂർത്തിയായാൽ മാത്രമെ ഡി.പി.ആർ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഡി.പി.ആർ തയ്യാറാക്കി ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

**സുരക്ഷിതമല്ലാത്ത പാലങ്ങളുടെ പുനരുദ്ധാരണം**

34 (4709) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പാലങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഇവയിൽ അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതും പുതുക്കി പണിയേണ്ടതുമായ പാലങ്ങൾ സംബന്ധിച്ച് പ്രാഥമിക വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് വിദഗ്ദ്ധർ അടങ്ങുന്ന സ്ഥിരം ടീമിനെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വിശദ പഠനത്തിൽ കണ്ടെത്തുന്ന സുരക്ഷിതമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ പാലങ്ങളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പ്രത്യേക വിഭാഗം രൂപീകരിക്കാനും ഫലപ്രദമായ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ& ബി) ഉണ്ട്.

(സി) ഉണ്ട്. ഓരോ ജില്ലയിലും ഉദ്യോഗസ്ഥ സംഘത്തെ നിശ്ചയിച്ചിട്ടുണ്ട്.

(ഡി) പാലങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണപ്രവൃത്തികൾ നടത്തുന്നതിനും പാലം വിഭാഗം രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ആയതിനാൽ പ്രത്യേക വിഭാഗം രൂപീകരിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

**മലയോര ഹൈവേയുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽനിന്നുള്ള സഹായം**

35 (4710) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തൊക്കെ സഹായങ്ങൾ സംസ്ഥാന സർക്കാരിന് ലഭിക്കുവാനുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

മലയോര ഹൈവേയുടെ നിർമ്മാണത്തിന് ആവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ആവശ്യമാണ്.

**ദേശീയപാത പദ്ധതികൾ റദ്ദാക്കുന്ന നടപടി**

36(4711) ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾ ഭൂമി ഏറ്റെടുത്ത് നൽകുന്നത് പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ റദ്ദാക്കാൻ ദേശീയപാത അതോറിറ്റി ആലോചിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രഖ്യാപിച്ചതും എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ ഭൂമി ഏറ്റെടുത്ത് നൽകാത്തതുമായ ദേശീയപാത പദ്ധതികളാണോ ഈ വിധം ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്ന് കൊല്ലത്തിനിടയിൽ തുടങ്ങിയതും ഭൂമി ഏറ്റെടുക്കൽ വൈകിയതുകൊണ്ട് പൂർത്തിയാകാത്തതുമായ പദ്ധതികളെയാണോ പുതിയ തീരുമാനം ബാധിക്കുക എന്ന് അറിയിക്കുമോ;

(ഡി) തീരുമാനം നടപ്പായാൽ സംസ്ഥാനത്ത് ഏതെങ്കിലും പദ്ധതികളെ ഇത് പ്രതികൂലമായി ബാധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരളത്തിലെ ദേശീയപാത വികസനം**

37 (4712) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രേഖയുടെ അന്തിമ പതിപ്പ് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കളിയിക്കാവിള മുതൽ കാസർഗോഡ് തലപ്പാടി വരെ 45 മീറ്ററിൽ റോഡ് വികസിപ്പിക്കുന്നതിന് എത്ര എക്കർ ഭൂമിയാണ് ഇതിനകം ഏറ്റെടുത്തത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമി വിലയുടെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന് ധാരണ ആയിട്ടുണ്ടോയെന്നും സംസ്ഥാനത്തെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ഈ തുക എപ്രകാരം കണ്ടെത്തുവാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ദേശീയപാത വികസനത്തിന് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം നൽകേണ്ടതില്ലേ; ഇതു പ്രകാരം എത്ര കോടി രൂപ നൽകേണ്ടതായി വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതിരേഖയുടെ അന്തിമ പതിപ്പ് ലഭ്യമായിട്ടില്ല. നിലവിൽ തലശ്ശേരി - മാഹി, നീലേശ്വരം റെയിൽവേ മേൽപ്പാലം, കോഴിക്കോട് ബൈപ്പാസ് എന്നിവയൊഴികെ എല്ലാ സ്ട്രെച്ചുകളിലും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് പുരോഗമിക്കുന്നു.

(ബി) ദേശീയപാത വികസനത്തിനായി 3425.096 ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ 1986.369 ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശമുണ്ട്. ബാക്കി 1438.737 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ 659.557 ഹെക്ടർ ഭൂമിക്ക് 3 A നോട്ടിഫിക്കേഷനും 548.192 ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും 302.163 ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി വിലയുടെ 25% സംസ്ഥാനം വഹിക്കാമെന്ന് ധാരണയായിട്ടുണ്ട്. ആയതിനുള്ള തുക കിഫ്ബിയിൽ നിന്നുമാണ് നൽകുന്നത്.

(ഡി) ദേശീയപാത വികസനത്തിനായുള്ള ഭൂമി എൻ.എച്ച് ആക്ട് 1956 പ്രകാരമാണ് ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. ഷെഡ്യൂൾ 1 - 2013-ലെ RFCTLAAR Act അനുസരിച്ചാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്. നിലവിൽ ഏറ്റെടുത്ത ഭൂമിക്കായി ദേശിയപാത അതോറിറ്റി 1398.80 കോടി രൂപ നൽകിയിട്ടുണ്ട്. ഇനിയും 1500 ലധികം അവാർഡുകൾ പാസ്സാക്കാനുണ്ട്.

## റെസ്റ്റ് ഹൗസുകൾ ഉന്നത നിലവാരത്തിൽ പരിപാലിക്കുവാൻ നടപടി

38 (4713) ശ്രീ. രാജു എബ്രഹാം:
ശ്രീ. ആന്റണി ജോൺ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റസ്റ്റ് ഹൗസുകൾ ഉന്നത നിലവാരത്തിൽ പരിപാലിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) റസ്റ്റ് ഹൗസ് ബുക്കിംഗിന് കേന്ദ്രീകൃത ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) നിലവിൽ ലീസിന് നൽകിയിട്ടുള്ള റസ്റ്റ് ഹൗസുകൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റെസ്റ്റ് ഹൗസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ആധുനിക കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിച്ചും ഘട്ടം ഘട്ടമായി ഗസ്റ്റ് ഹൗസിന്റെ നിലവാരത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായി നവീകരണ പ്രവൃത്തികളും പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികളും ഭരണാനുമതി നൽകുന്ന മുറയ്ക്ക് നടന്നുവരുന്നു. അതിഥി സൗഹൃദ കേന്ദ്രമാക്കി റെസ്റ്റ് ഹൗസുകളെ മാറ്റാനുള്ള യജ്ഞത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 12 വിശ്രമമന്ദിരങ്ങളെ മോഡൽ റെസ്റ്റ് ഹൗസുകൾ ആക്കാൻ തീരുമാനിക്കുകയും G.O.(Rt)No.333/2019/PWD dated 2-3-2019 പ്രകാരം 5.52 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ ഇവയെ മോഡൽ റെസ്റ്റ് ഹൗസുകളാക്കി പ്രഖ്യാപിക്കുന്നതുമാണ്. 2019-20 - ലെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി കൂടുതൽ വിശ്രമകേന്ദ്രങ്ങളെ ഇതേ നിലവാരത്തിലേക്ക് കൊണ്ടുവരുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കുവാനുള്ള G.O.(MS)No.25/2019/PWD dated 14-6-2019 പ്രകാരം നിലവിൽവന്നു. ഇതുപ്രകാരം 15 റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ റിസർവേഷൻ

നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവയ്ക്കാവശ്യമായ സോഫ്റ്റ്‌വെയർ വികസനം പൂർത്തിയാക്കുകയും ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുവേണ്ടി റെസ്റ്റ് ഹൗസ് മാനേജർക്കും ക്ലാർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് ട്രെയിനിംഗ് നൽകിയിട്ടുമുണ്ട്. കൂടാതെ റെസ്റ്റ് ഹൗസ് ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകുകയും അവർക്ക് യൂണിഫോമുകൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റെസ്റ്റ് ഹൗസുകളിൽ ചുറ്റുമതിൽ, ബോർവെൽ, ബ്യൂട്ടിഫിക്കേഷൻ എന്നിവ നടപ്പിലാക്കിവരുന്നു. മുറികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്.

കൂടാതെ റെസ്റ്റ് ഹൗസുകളിൽ Digital EPABX, CCTV, LED TV, COMPUTER, Printer, 600 VA UPS എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്യാന്റീൻ സൗകര്യമുള്ള കേന്ദ്രങ്ങളിൽ റെസ്റ്റ് ഹൗസ് കാറ്ററിംഗ് സർവ്വീസ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) G.O.(MS)No.25/2019/PWD dated 14-6-2019 പ്രകാരം ഓൺലൈൻ ഫെസിലിറ്റി ഫോർ ബുക്കിംഗ് റൂംസ് എന്ന ഉത്തരവ് നിലവിൽവന്നു. അതിൻപ്രകാരം തെരഞ്ഞെടുക്കപ്പെട്ട 15 റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സൗകര്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ്‌വെയർ വികസനം പൂർത്തിയാക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും നിരന്തരവും സമയോചിതവുമായ ഇടപെടലിലൂടെ കോടതി നിർദ്ദേശ പ്രകാരം മൂന്നാർ റെസ്റ്റ് ഹൗസും ഭൂമിയും മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡിൽനിന്ന് 27-12-2018-ൽ തിരികെ പിടിച്ചുകഴിഞ്ഞു.

വൈക്കം പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസ് 3-1-2003-ൽ ശ്രീ. എം. എൻ. സതീഷ് എന്ന വ്യക്തിക്ക് ലീസിന് നൽകുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് 5-6-2007-ൽ ടി വ്യക്തിക്ക് നോട്ടീസ് നൽകുകയും 6-9-2008-ൽ ടി റെസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013-ന് 7-12-2015-ൽ വിധി വരികയും ആയതുപ്രകാരം പൊതുമരാമത്തിന് കരാർ പ്രകാരമുള്ള കുടിശ്ശിക തുകയും പലിശയും ചേർന്ന തുക നൽകുവാൻ ഉത്തരവുണ്ടാകുകയും ചെയ്തു. ടി വിധിക്കെതിരെ ശ്രീ. എം. എൻ. സതീഷ് എറണാകുളം ജില്ലാ കോടതിയിൽ ഫയൽ ചെയ്ത 17/2016-ാം നമ്പർ കേസ് നിലവിൽ നടന്നുവരികയാണ്. ടി കേസിന്റെ തുടർ നടപടികൾ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ടിയാൻ ഹൈക്കോടതിയിൽ 34540/2017-ാം നമ്പർ

കേസ് ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ ടി റെസ്റ്റ് ഹൗസ് ക്യാന്റീൻ സൗകര്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം, കോട്ടയത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ആലുവ റെസ്റ്റ് ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തിവരികയും റെസ്റ്റ് ഹൗസിന്റെ പ്രവർത്തനം കോടതി നിർദ്ദേശപ്രകാരം പാട്ട വ്യവസ്ഥയിൽ തന്നെ തുടരുകയാണ്.

## ചാലക്കുടി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ്

39 (4714) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റെസ്റ്റ്ഹൗസിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഡീഷണൽ ബ്ലോക്കിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിക്കുകയും രണ്ടാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ നടക്കുകയും പഴയ കെട്ടിടം പുതുക്കിപ്പണിയുന്നത് പൂർത്തീകരണഘട്ടത്തിലാവുകയും ചെയ്തതിനാൽ ഈ റെസ്റ്റ് ഹൗസിന്റെ ഗ്രേഡ് ഉയർത്തുന്നതിനും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചാലക്കുടി റെസ്റ്റ് ഹൗസിൽ കെയർടേക്കർ, കുക്ക്-കം-വാച്ചർ, പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ 3 അനുവദനീയ തസ്തികകളാണ് നിലവിലുള്ളത്. ടി തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) ചാലക്കുടി റെസ്റ്റ് ഹൗസ് ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ റെസ്റ്റ് ഹൗസുകളിലും ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## പൊതുമരാമത്ത് റെസ്റ്റ് ഹൗസുകളിൽ നിന്നുള്ള വരുമാനം

40 (4715) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് റെസ്റ്റ്ഹൗസുകളിൽ നിന്നുമുള്ള വരുമാനത്തിൽ എത്ര ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടങ്ങളിൽ അനധികൃതമായി താമസിക്കുന്നവർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇത്തരം റെസ്റ്റ് ഹൗസുകളിൽ പ്രത്യേക പരിഗണനന ഉണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസുകളിലെ വരുമാന വർദ്ധനവ് താഴെ ചേർക്കുന്നു:

| ഡിവിഷൻ | വരുമാന വർദ്ധനവ് |
|---|---|
| തിരുവനന്തപുരം | 141.93% |
| കൊല്ലം | 17% |
| പത്തനംതിട്ട | 46.71% |
| കോട്ടയം | 123% |
| ആലപ്പുഴ | 188% |
| തൃശ്ശൂർ | 40% |
| എറണാകുളം | 25% |
| ഇടുക്കി | 100% |
| കണ്ണൂർ | 25% |
| കോഴിക്കോട് | 48.5% |
| പാലക്കാട് | 30% |
| വയനാട് | 78.61% |
| മലപ്പുറം | 40% |
| കാസർഗോഡ് | 56.63% |
| ആവറേജ് ടോട്ടൽ | 68.6% |

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റെസ്റ്റ് ഹൗസുകളിൽ അനധികൃത താമസക്കാർ ആരും തന്നെയില്ല.

(സി) 17-7-2013-ലെ സ.ഉ.(കൈ)58/2013/പൊ.മ.വ റൂൾ 4.8 പ്രകാരം ക്ലാസ്സ് 1 റെസ്റ്റ് ഹൗസുകളിൽ 2 മുറികളും ക്ലാസ്സ് 2 റെസ്റ്റ് ഹൗസുകളിൽ ഒരു മുറിയും പൊതുമരാമത്ത് വകുപ്പ് റൂം ആയിട്ട് സൂക്ഷിക്കാനും അത് ഔദ്യോഗിക ടൂറിലുള്ള പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ താമസത്തിനായി പ്രത്യേകം അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## കോട്ടയ്ക്കൽ, കുറ്റിപ്പുറം റെസ്റ്റ് ഹൗസുകളുടെ നിർമ്മാണം

41(4716) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ, കുറ്റിപ്പുറം റസ്റ്റ് ഹൗസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റസ്റ്റ് ഹൗസുകളുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് ഇറക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കോട്ടയ്ക്കൽ, കുറ്റിപ്പുറം റെസ്റ്റ് ഹൗസുകളിലെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. കോട്ടയ്ക്കൽ റെസ്റ്റ് ഹൗസിന്റെ എ.ആർ. ഡ്രോയിംഗിൽ മാറ്റം വരുത്തുന്നതിനായി ചീഫ് ആർക്കിടെക്റ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എ.ആർ ഡ്രോയിംഗും സ്ട്രക്ചറൽ ഡിസൈനും കിട്ടുന്ന മുറയ്ക്ക് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം

42 (4717) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ 1-2-2017-ൽ രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻമാരുടെ (സിവിൽ) തസ്തികയിൽ എത്ര പേർ ജോലി ചെയ്തിരുന്നുവെന്നും അതിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ചവരുടെ എണ്ണം എത്രയെന്നും സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ചവർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഒഴിവുകൾ നിലവിൽ വരുന്ന മുറയ്ക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യഥാസമയം സ്ഥാനക്കയറ്റം നൽകാത്തതുമൂലം താഴ്ന്ന തസ്തികയിൽ ജീവനക്കാർ ഉയർന്ന ഗ്രേഡിലുള്ള ശമ്പളം വാങ്ങുന്നത് കൊണ്ടുള്ള വാർഷിക സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് വിശദമാക്കുമോ;

(സി) വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിൽ സ്പെഷ്യൽ റൂൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1-2-2017-ൽ രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻമാരുടെ (സിവിൽ) തസ്തികയിൽ 277 പേർ ജോലി ചെയ്തിരുന്നു. അതിൽ 5 പേർ പി.എസ്.സി വഴി നേരിട്ട് നിയമനം ലഭിച്ചവരും 272 പേർ സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ചവരുമാണ്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഉദുമ നിയോജക മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റ്

43 (4718) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജക മണ്ഡലത്തിൽ തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട അലൈൻമെന്റ് പൂർത്തിയാക്കിയിട്ടുണ്ടോ; ഫൈനലൈസ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത അലൈൻമെന്റ് പ്രകാരം എത്ര പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്; അതിന്റെ നടപടിക്രമങ്ങൾ എന്തെങ്കിലും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേയുടെ അംഗീകരിച്ച അലൈൻമെന്റ് നോർത്ത് കോട്ടാച്ചേരി കാഞ്ഞങ്ങാട് - ഉദുമ - കാപ്പിൽ ബീച്ച് ചെമ്പിരിക്ക-കീഴൂർ ബീച്ച് - കാസർഗോഡ് ഹാർബർ എന്നതാണ്.

(ബി) പ്രസ്തുത അലൈൻമെന്റ് പ്രകാരം ഉദുമ ബ്രിഡ്ജ്, കാസർഗോഡ് ഹാർബർ ബ്രിഡ്ജ് എന്നിങ്ങനെ രണ്ട് പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. മേൽ പ്രവർത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ നടന്നുവരുന്നു.

(സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചട്ടം ലംഘിച്ച് റോഡ് നിർമ്മാണം**

44 (4719) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരമല്ലൂർ-എഴുപുന്ന റോഡിൽ അറ്റകുറ്റപ്പണികൾ നടത്തുന്നത് ചട്ടം ലംഘിച്ചാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെൻഡർ പോലും വിളിക്കാതെ തെരഞ്ഞെടുപ്പ് സമയത്ത് കരാറുകാരനെ കൊണ്ട് റോഡ് നിർമ്മാണം നടത്തിയത് ഏതുസാഹചര്യത്തിലാണ്; വ്യക്തമാക്കുമോ;

(സി) ഇത് ചോദ്യം ചെയ്ത ആർക്കെങ്കിലുമെതിരെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാതി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ ചട്ടലംഘനം നടന്നിട്ടില്ല.

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി, എഗ്രിമെന്റ് വച്ച് ഏറ്റെടുത്ത പ്രവൃത്തി മാത്രമാണ് കരാറുകാരൻ എരമല്ലൂർ-എഴുപുന്ന റോഡിൽ ചെയ്തത്.

(സി&ഡി) കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തിവർക്കെതിരെ പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

**കാലടി-കല്ലടിമുഖം പാലവും അപ്രോച്ച് റോഡും**

45 (4720) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ കാലടി-കല്ലടിമുഖം പാലം പണിയുന്നതിനായി ഭരണാനുമതി ലഭിയ്ക്കുകയും 5 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടും പാലം പണിയ്ക്ക് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുകയും ഭരണാനുമതി ലഭിക്കുകയും 2 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടും പണി തുടങ്ങുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി എത്രയും വേഗം ആരംഭിയ്ക്കുവാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) നേമം നിയോജകമണ്ഡലത്തിലെ കാലടി-കല്ലടിമുഖം പാലം നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയത് 14-7-2009-ലാണ്. എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

(ബി&സി) പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുകയോ അപ്രോച്ച് റോഡിനായുള്ള ഭരണാനുമതി നൽകുകയോ ചെയ്തിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിനായി 2 കോടി രൂപ സർക്കാരിലേക്ക് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പാലം നിർമ്മാണത്തിന് നൽകിയ ഭരണാനുമതിയുടെ കാലപരിധി അവസാനിച്ചതിനാൽ പാലം നിർമ്മാണ പ്രവൃത്തിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് (ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ) സർക്കാർ ആവശ്യപ്പെടുകയും ആയതിൻപ്രകാരം 923 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ) തയ്യാറാക്കിയിട്ടുണ്ട്. എങ്കിലും ഭരണാനുമതി ലഭ്യമായിട്ടില്ല.

## തമ്മനം-പുല്ലേപ്പടി റോഡുനിർമ്മാണം

46 (4721) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷന്റെയോ മുനിസിപ്പാലിറ്റിയുടെയോ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) എറണാകുളം ജില്ലയിലെ തമ്മനം-പുല്ലേപ്പടി റോഡിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തമ്മനം-പുല്ലേപ്പടി റോഡ് കൊച്ചി കോർപ്പറേഷന്റെ അധീനതയിലാണ്. നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് സ്ഥലം കൈമാറിയിട്ടില്ല. നിലവിൽ തദ്ദേശസ്വയംഭരണ റോഡുകൾ ഒന്നുംതന്നെ

ഏറ്റെടുക്കേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനം. എന്നാൽ ടി റോഡ് സർക്കാർ ഏറ്റെടുത്ത് 22 മീറ്റർ വീതിയിൽ പണിയുന്നതിന് കോടതി നിർദ്ദേശിച്ച സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. കോർപ്പറേഷൻ അധികാരികളുമായി ചർച്ച ചെയ്ത് റോഡ് പി.ഡബ്ല്യു.ഡി. ക്ക് കൈമാറുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**മഞ്ചേരി മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

47 (4722) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ ഏതെല്ലാം റോഡുകളാണ് മഞ്ചേരി നിയോജകമണ്ഡലത്തിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; വിശദമാക്കുമോ;

(സി) ഏതെല്ലാം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രവൃത്തി ആരംഭിച്ച റോഡുകൾ ഏതെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ-സി) 1. തുടിയൻമല-കൊടശ്ശേരി റോഡിൽ കി.മീ 0/000 മുതൽ 2/900 വരെ ബി.എം. & ബി.സി ചെയ്യൽ - ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

2. സി.എച്ച് ബൈപ്പാസ് മുതൽ മംഗലശ്ശേരിവരെ മിനി ബൈപ്പാസ് നിർമ്മാണം - ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**ആലപ്പുഴ ബൈപ്പാസ് നിർമ്മാണം**

48 (4723) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപ്പാസ് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് മാറ്റുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ സംസ്ഥാന സർക്കാർ ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്; വിശദമാക്കാമോ;

(ഡി) ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ കേന്ദ്രസർക്കാർ ഇനി എന്തൊക്കെ സഹായങ്ങൾ നൽകാനുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) രണ്ട് റെയിൽവേ മേൽപ്പാലങ്ങൾ ഉൾപ്പെട്ട 3.2 കി.മീ എലിവേറ്റഡ് ഹൈവേയോടുകൂടിയ 6.80 കി.മീ ദൈർഘ്യമുള്ള ആലപ്പുഴ ബൈപ്പാസിന്റെ റെയിൽവേ മേൽപ്പാലങ്ങളുടെയും അതിന് അനുബന്ധമായുള്ളതുമായ പണികൾ ഒഴിച്ചുള്ള എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) റെയിൽവേ മേൽപ്പാലത്തിന്റെ സബ്സ്ട്രക്ചർ പൂർത്തീകരിച്ചു. സൂപ്പർ സ്ട്രക്ചറിന്റെ ഗർഡറുകൾ റെയിൽവേ അംഗീകരിച്ച ഫാബ്രിക്കേറ്റേഴ്സിനെ കൊണ്ട് (ഹൈദരാബാദിലും നോയിഡയിലും) ഫാബ്രിക്കേറ്റ് ചെയ്ത് സൈറ്റിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും ഗർഡർ സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന ഡിഫ്ലക്ഷനെ പ്രതിരോധിക്കാൻ മുൻകൂറായി നൽകേണ്ട പ്രീകേമ്പറിന്റെ അളവിനെക്കുറിച്ച് റയിൽവേ വ്യക്തമായ അറിയിപ്പ് നൽകുവാൻ വൈകിയതുകാരണമാണ് പ്രവൃത്തികൾ വൈകിയത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെയും പ്രത്യേകിച്ച് ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരന്റെയും നിരന്തരമായ നടപടികൾ പ്രകാരം 1-11-2009-ന് റെയിൽവേയിൽനിന്നും വ്യക്തമായ അളവുകൾ ലഭിച്ചതനുസരിച്ച് തുടർനടപടിയെടുത്തുവരുന്നു.

(സി) സംസ്ഥാന സർക്കാർ ചെയ്തുതീർക്കേണ്ട നടപടികൾ ഒന്നും ശേഷിക്കുന്നില്ല.

(ഡി) സാധാരണ പദ്ധതി പൂർത്തീകരണവേളയിൽ ആവശ്യമായ ചെയിഞ്ച് ഓഫ് സ്കോപ്പിനുള്ള അംഗീകാരം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ഗർഡറുകൾ അംഗീകരിച്ച് തുടർപണികൾക്കുവേണ്ടി ട്രെയിൻ ബ്ലോക്കിന് അനുമതി റെയിൽവേ മന്ത്രാലയവും നൽകേണ്ടതുണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഇടപെടലിനുശേഷം ഗർഡറുകളിലെ നിലവിലുള്ള ബോൾട്ടുകൾ അഴിച്ചുമാറ്റി റെയിൽവേ അംഗീകൃത ദൽഹി/ഹൈദരാബാദ് വർക്ക്ഷോപ്പുകളിൽ നിർമ്മിക്കുന്ന പുതിയ ബോൾട്ടുകൾ കൊണ്ടുവന്ന് refit ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥിതിഗതികൾ റെയിൽവേ ഇന്നത്തെ നിലയിൽ സഹായിച്ചാൽ 3 മാസത്തിനുള്ളിൽ ബൈപ്പാസ് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും കരുതുന്നു.

## ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള റോഡ് വികസനം

49 (4724) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ - കാഞ്ഞാണി -ചാവക്കാട് പാതയിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള ഇടുങ്ങിയ റോഡ്

വികസിപ്പിക്കുന്നതിന് 2015-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തി ഇതുവരെ തുടങ്ങാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ആയത് പുതുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള ഫയലിൻമേൽ (PWD-G2/273/2019) നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതുക്കിയ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) ഗുരുവായൂർ, പാവറട്ടി, തൃപ്രയാർ തീർത്ഥാടനകേന്ദ്രങ്ങളെ ബന്ധപ്പെടുത്തി കടന്നുപോകുന്ന പ്രസ്തുത റോഡിന്റെ വികസനം അത്യന്താപേക്ഷിതമായതിനാൽ നടപടികൾ ത്വരിതപ്പെടുത്തുവാൻവേണ്ട നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. PWD-G2/273/2019-നമ്പർ ഫയലിൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള ഭരണവകുപ്പ് ശിപാർശ അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**അങ്കമാലി ബൈപ്പാസ് നിർമ്മാണ പ്രവർത്തനം**

50 (4725) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്നര വർഷമായിട്ടും എറണാകുളം ജില്ലയിലെ അങ്കമാലി ബൈപ്പാസിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിൽ നിന്നോ ജനപ്രതിനിധികളുടെ ഭാഗത്ത് നിന്നോ തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) അങ്കമാലിക്കാരും അങ്കമാലി വഴി നിത്യവും യാത്ര ചെയ്യുന്നതുമായ ലക്ഷക്കണക്കിന് യാത്രക്കാർ അനുഭവിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിന് പ്രസ്തുത ബൈപ്പാസ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസ് നിർമ്മാണത്തിനായി 50 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി 23-9-2016-ലെ ഉത്തരവ് പ്രകാരം സർക്കാർ ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി ആയി നിയോഗിച്ചു. ഡി.പി.ആർ പ്രകാരം 390.68 കോടി രൂപയുടെ ഭരണാനുമതിയും G.O(Rt)No.771/2017/PWD dated 2-6-2017 പ്രകാരം നൽകുകയുണ്ടായി.

NH-66-ൽ കരയാമ്പറമ്പ് കവലയിൽനിന്ന് തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപം നാഷണൽ ഹൈവേയിൽ അവസാനിക്കുന്ന തരത്തിൽ 6 വരി പാതയായാണ് അലൈൻമെന്റ് നിശ്ചയിച്ചത്. 3.115 കി.മീ. ദീർഘമുള്ള അലൈൻമെന്റിൽ 1.785 കി.മീ ഭാഗം മാഞ്ഞാലി കനാലിന് കുറുകെ എലിവേറ്റഡ് ഹൈവേ ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്.

എന്നാൽ പദ്ധതി ചെലവ് കുറയ്ക്കുന്നതിനായി 6 വരിക്ക് പകരം 4 വരി പാത നിർമ്മിക്കുവാനും എലിവേറ്റഡ് ഹൈവേയുടെ ഭാഗത്തെ അലൈൻമെന്റ് മാഞ്ഞാലി കനാലിന് പടിഞ്ഞാറോട്ട് നീക്കി സ്ഥലം നികത്തി റോഡ് നിർമ്മിക്കുന്ന തരത്തിൽ ഡി.പി.ആർ പരിഷ്കരിക്കുവാനും കിഫ്ബി ആവശ്യപ്പെട്ടു. ഇത്തരത്തിൽ പരിഷ്കരിച്ച ഡി.പി.ആർ-ന് Order No. APR-2/136/2017/KIIFB dated 16-12-2017 പ്രകാരം കിഫ്ബി 190.16 കോടി രൂപ അനുവദിച്ചു.

സ്ഥലം ഏറ്റെടുപ്പിനായി എൽ.എ. റിക്വിസിഷൻ 19-3-2018-ൽ നൽകി അതിർത്തി കല്ലുകൾ സ്ഥാപിക്കുവാൻ തുടങ്ങിയെങ്കിലും മാഞ്ഞാലി തോടിനോട് ചേർന്നുള്ള ചതുപ്പ് പ്രദേശത്ത് വെള്ളക്കെട്ട് മൂലം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് സാധിച്ചില്ല. കൂടാതെ 2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്തോടെ ചതുപ്പ് നികത്തി റോഡ് നിർമ്മിക്കുന്നത് അഭികാമ്യമല്ല എന്ന് കണ്ടതിനാൽ പദ്ധതിക്ക് ആർ.ബി.ഡി.സി.കെ ആദ്യം നിശ്ചയിച്ച എലിവേറ്റഡ് ഹൈവേ തന്നെ അനുവദിക്കാൻ കിഫ്ബിയോട് 25-2-2019-ൽ ആവശ്യപ്പെട്ടു. തുടർന്ന് 3-9-2019-ൽ കിഫ്ബിയുടെ സാങ്കേതിക സംഘം സ്ഥലം സന്ദർശിച്ചു. അലൈൻമെന്റ് മാറ്റി എലിവേറ്റഡ് ഹൈവേ ഉൾപ്പെട്ട ബൈപ്പാസ് നിർമ്മിക്കുവാൻ 23-10-2019-ൽ കിഫ്ബിയിൽനിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് ഡി.പി.ആർ-ൽ മാറ്റം വരുത്തി എത്രയുംവേഗം കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഭേദഗതി വരുത്തിയ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ച് കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിക്കും. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ നിർമ്മാണത്തിനുള്ള മറ്റ് നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) സ്പെഷ്യൽ ഓഫീസറെ നിയോഗിക്കേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി RBDCK-യെ നിയോഗിച്ചിട്ടുള്ളതാണ്.

## പുനലൂർ-കോന്നി റീച്ചിന്റെ നിർമ്മാണക്കരാർ

51 (4726) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മൂവാറ്റുപുഴ കെ.എസ്.ഡി.പി. പാതയിൽ പുനലൂർ-കോന്നി റീച്ചിന്റെ നിർമ്മാണക്കരാർ ആർക്കാണ് നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത റോഡിന്റെ ടെൻഡറിൽ എത്ര കമ്പനികൾ പങ്കെടുത്തു; അതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ഏത് കമ്പനിയാണ്;

(സി) പാലാരിവട്ടം പാലം നിർമ്മിച്ച് വിവാദമായ ആർ.ഡി.എസ്. പ്രോജക്ട് പ്രസ്തുത ടെൻഡറിൽ പങ്കെടുത്തിരുന്നോ; എങ്കിൽ അവരെ ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)പുനലൂർ മൂവാറ്റുപുഴ കെ.എസ്.ടി.പി പാതയിൽ പുനലൂർ-കോന്നി റീച്ചിന്റെ നിർമ്മാണക്കരാർ ഇതുവരെ നൽകിയിട്ടില്ല.

(ബി)പ്രസ്തുത റോഡിന്റെ ടെണ്ടറിൽ 5 കമ്പനികൾ പങ്കെടുത്തു. ആർ.ഡി.എസ്, സി.വി.സി.സി (ജോയിന്റ് വെഞ്ച്വർ) കമ്പനിയാണ് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത്.

(സി) ആർ.ഡി.എസ് പ്രോജക്ട് സി.വി.സി.സി എന്ന കമ്പനിയുമായി ജോയിന്റ് വെഞ്ച്വറായി ടെണ്ടറിൽ പങ്കെടുത്തിരുന്നു. അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണം

52 (4727) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണത്തിനായി കിഫ്ബി എത്ര രൂപയുടെ അനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ ആർ.ഐ.സി.കെ.(റിക്ക്) തയ്യാറാക്കിയ രൂപരേഖ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരാതികൾ പരിഗണിച്ച് ഡിസൈനിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് പുനരുദ്ധാരണത്തിന് കിഫ്ബിയിൽനിന്നും 81.57 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്.

## പെരിങ്ങാല-പുത്തൻകുരിശ് റോഡിന്റെ ടെണ്ടർ നടപടികൾ

53 (4728) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണാനുമതി നൽകിയ പെരിങ്ങാല - പുത്തൻകുരിശ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

പൂർത്തീകരിച്ചിട്ടില്ല. പെരിങ്ങാല - പുത്തൻകുരിശ് റോഡിന്റെ വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈപ്പിൻ മണ്ഡലത്തിലെ സി.ആർ.എഫ്. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

54 (4729) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.എഫ്. ൽ ഉൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ റോഡ്, പാലം നിർമ്മാണപ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം സി.ആർ.എഫ് സ്കീമിൽ ഭരണാനുമതി നൽകിയ Improvements to Beach road connecting Vypin Munambam State Highway (Velliyathu Parambu, Manjanakad road Arattuvazhi, Hospital Junction road, connecting Manjanakadu Jetty road, Elenjikal Line, Perumbili Church, Elamkunnapuzha - Pukkad Jetty in Ernakulam district) എന്ന പ്രവൃത്തി പുരോഗതിയിലാണ്. മഞ്ഞനക്കാട് ജെട്ടി റോഡിലെ കല്ലുമഠം പാലം പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടതാണ്. കല്ലുമഠം പാലവും സംരക്ഷണ ഭിത്തിയും നിർമ്മിക്കുന്നതിന് പ്രദേശവാസികളുടെ എതിർപ്പും സംരക്ഷണഭിത്തിയുടെ അതിർത്തി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നിലവിൽ ഉള്ളതിനാലും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. മേൽ പ്രവൃത്തിയിലെ റോഡ് പണികളാണ് പുരോഗമിക്കുന്നത്.

(ബി) പ്രദേശവാസികളുടെ എതിർപ്പും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവും നിലവിലുള്ളതിനാൽ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് ഇപ്പോൾ പറയാനാവില്ല.

## പാലക്കാട് മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

55 (4730) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ തകർന്ന പാലക്കാട് നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പഴയങ്ങാടി-പുതിയങ്ങാടി റോഡ്

56 (4731) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഴയങ്ങാടി-പുതിയങ്ങാടി റോഡിലെ റെയിൽവെ അണ്ടർപാസിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതിനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

പഴയങ്ങാടി - പുതിയങ്ങാടി റോഡിലെ റെയിൽവേ അണ്ടർപാസിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ടി. വി. രാജേഷ്, എം.എൽ.എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സതേൺ റെയിൽവേ കണ്ണൂർ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ എന്നിവർ സംയുക്ത പരിശോധന നടത്തുകയും നിലവിലുള്ള റെയിൽവേ അണ്ടർ പാസിൽനിന്നും 20 മീറ്റർ മാറി പുതിയ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പുതിയ റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്ത് വിഭാഗം) സതേൺ റെയിൽവേ ബ്രിഡ്ജ് വിംഗിന് 6-11-2019-ന് കത്ത് നൽകിയിട്ടുണ്ട്.

**മാനന്തവാടി - കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ്**

57 (4732) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി - കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എജൻസിയുടെ പേര് വ്യക്തമാക്കാമോ;

(സി) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡിന്റെ വീതി, സ്ഥലമുടമകളുടെ നഷ്ടപരിഹാരം തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പാത കടന്നുപോകുന്ന സ്ഥലത്തെ വനഭൂമി സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായിട്ടുള്ള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കർണാടക) ലിമിറ്റഡ് (iDeCK) എന്ന കൺസൾട്ടൻസി കമ്പനിയെ തെരഞ്ഞെടുക്കുകയും അവരുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ഇതുസംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

## ചിത്രപ്പുഴ - പോഞ്ഞാശ്ശേരി റോഡ് നിർമ്മാണം

58 (4733) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്രപ്പുഴ - പോഞ്ഞാശ്ശേരി റോഡിന്റെ ഡിഫക്ട്സ് ലയബിലിറ്റി പിരീഡ് അവസാനിക്കുന്നത് എപ്പോൾ എന്ന് വ്യക്തമാക്കുമോ;

(ബി) കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രസ്തുത റോഡിൽ വാർഷിക മെയിന്റനൻസ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം എന്നും ആയതിന് എത്ര തുക ചെലവായിട്ടുണ്ട് എന്നും വിശദമാക്കാമോ;

(സി) ഡിഫക്ട്സ് ലയബിലിറ്റി പിരീഡ് അവസാനിപ്പിക്കുന്നതിന് മുമ്പായി റോഡിലെ മുഴുവൻ കുഴികളും അടച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. -യുടെ റൈഡിംഗ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ആന്റ് മാനേജ്മെന്റ് - 3 പാക്കേജിൽ ഉൾപ്പെട്ടുവരുന്ന ചിത്രപ്പുഴ - പൊഞ്ഞാശ്ശേരി റോഡിന്റെ പ്രവൃത്തികൾ 18-12-2013-ന് പൂർത്തിയാക്കുകയും പ്രസ്തുത റോഡിന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡ് (1 വർഷം) 17-12-2014-ന് അവസാനിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) ഒരു വർഷത്തെ ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുശേഷം കരാറുകാരൻ 5 വർഷം റോഡ് മെയിന്റനൻസ് നടത്തുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 5 വർഷത്തെ മെയിന്റനൻസ് പ്രവൃത്തികളുടെ കാലാവധി 2019 ഡിസംബറിൽ അവസാനിക്കുകയാണ്. ഈ കാലയളവിലൊന്നുംതന്നെ കരാറുകാരന് മെയിന്റനൻസ് പ്രവൃത്തിയുടെ പണം നൽകിയിട്ടില്ല.

(സി) പ്രസ്തുത റോഡിന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡ് 17-12-2014-ന് അവസാനിച്ചു. മെയിന്റനൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പായി കരാറിൽ നിഷ്കർഷിച്ച പ്രകാരമുള്ള മെയിന്റനൻസ് കാലാവധിയിൽ ചെയ്യേണ്ട എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുന്നുവഴി - ചെമ്പറക്കി റോഡ് ടെണ്ടർ

59 (4734) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കിഴക്കമ്പലം പഞ്ചായത്ത് കുന്നുവഴി-ചെമ്പറക്കി റോഡ് ടെൻഡർ ചെയ്യുവാനുള്ള കാലതാമസം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് അടിയന്തരമായി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കുന്നവഴി - ചെമ്പറക്കി റോഡിന്റെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ നൽകുന്നതിനുമുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

60 (4735) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എവിടെയെല്ലാം ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിലുള്ള ഭൂമി മറ്റാവശ്യങ്ങൾക്ക് വിട്ടുനല്കണമെന്ന് ആവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 2019-20 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽനിന്നും പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ പാലങ്ങൾക്കും അപ്രോച്ച് റോഡുകൾക്കുമാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) കുടോത്തുമ്മൽ-ചീക്കല്ലൂർ-കാവടം പാലം അപ്രോച്ച് റോഡിന്റെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന നടപടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഈ പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഡി) കൽപ്പറ്റ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനുകീഴിൽ ലക്കിടിയുടെ അധികാര പരിധിയിൽപ്പെടുന്ന മേപ്പാടി-ചൂരൽമല റോഡിൽ മീനാക്ഷി പാലത്തിന് സമീപമുള്ള പൊതുമരാമത്ത് വകുപ്പ് വക സ്ഥലം ലഭ്യമാണ്. അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വിട്ടുനൽകുന്നതിന് പി. സൈനുദ്ദീൻ, പത്തുർവാട്, താഞ്ഞിലോട്, മേപ്പാട് എന്നിവരിൽനിന്നും കത്ത് ലഭിച്ചിരുന്നു. റോഡിനോട് ചേർന്നുള്ള പുറമ്പോക്ക് സ്ഥലം റോഡ് വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ളതിനാൽ

പൊതുമരാമത്ത് സർക്കുലർ നമ്പർ 20541/സി3/09 തീയതി 30-9-2009 പ്രകാരം വിട്ടുനൽകാൻ സാധിക്കില്ല എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

കെട്ടിടം വിഭാഗത്തിനുകീഴിൽ കൽപ്പറ്റ മണ്ഡലത്തിൽ വൈത്തിരി താലൂക്ക് കുന്നത്തിടവക വില്ലേജിൽ സർവ്വേ നമ്പർ 194/3-ൽ 4.25 ഏക്കർ ഭൂമിയിൽ ലക്കിടി നിരത്തുകൾ സെക്ഷൻ ഓഫീസ്, ജില്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസ്, ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി എന്നിവ പ്രവർത്തിക്കുന്ന സ്ഥലം കഴിച്ച് ബാക്കി സ്ഥലം ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഈ സ്ഥലം സ്റ്റേഷനറി ഓഫീസ് നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ സ്റ്റേഷനറി ഓഫീസർ 21-6-2016-ന് അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി മാനന്തവാടി സബ് കളക്ടർ 0.0405 ഹെക്ടർ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് 21-5-2015-ന് കത്ത് നൽകുകയുണ്ടായി. എന്നാൽ ഈ സ്ഥലം മരാമത്ത് വകുപ്പിന്റെ തന്നെ വിവിധ കെട്ടിടങ്ങൾ നിർമ്മിക്കാൻ ആവശ്യമാണെന്ന് സർക്കാരിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭൂമി 2.5 ഏക്കർ ലൈഫ് മിഷനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന് വിട്ടുനൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് 25 വർഷത്തേക്ക് ആവശ്യമായി വരുന്നതാണോ എന്ന വിഷയത്തിലെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

പാലങ്ങൾ വിഭാഗത്തിനുകീഴിൽ തുർക്കി പാലത്തിന്റെ നിർമ്മാണത്തിനായി 497 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചിക്കല്ലൂർ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് 675 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## താമരശ്ശേരി-വരിട്ട്യാക്കിൽ-സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡ് നിർമ്മാണം

61 (4736) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി-വരിട്ട്യാക്കിൽ-സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡ് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് ഇതുവരെ എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആകെ എത്ര തുകയ്ക്കാണ് കരാർ ഉറപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കരാർ പ്രകാരം എന്നായിരുന്നു പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത്;

(ഡി) പ്രവൃത്തി അനന്തമായി നീട്ടിക്കൊണ്ടുപോവുന്ന കരാറുകാരന് ഏതു മാനദണ്ഡമനുസരിച്ചാണ് പാർട്ട് ബില്ലുകൾ നൽകുന്നത് എന്നറിയിക്കാമോ;

(ഇ) ഇപ്പോൾ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുവരെ 5,49,76,256 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

(ബി) ആകെ 29,62,99,688 രൂപയ്ക്കാണ് കരാർ ഉറപ്പിച്ചിട്ടുള്ളത്.

(സി) കരാർ പ്രകാരം 11-8-2019-നാണ് പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത്.

(ഡി &ഇ) പ്രസ്തുത പ്രവൃത്തിയുടെ 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തിയാക്കിയ പ്രവൃത്തിക്ക് കരാറുകാരൻ സമർപ്പിച്ച ബില്ലിന്റെ അടിസ്ഥാനത്തിലാണ് പേയ്മെന്റ് നൽകുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചത്.

## പുഴയ്ക്കൽ പഴയ പാലവും അപ്രോച്ച് റോഡും നിർമ്മാണത്തിന് ഭരണാനുമതി

62 (4737) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപ്പുറം റോഡിലെ അപകടാവസ്ഥയിലായ പുഴയ്ക്കൽ പഴയ പാലവും അപ്രോച്ച് റോഡും കേടുപാടുകൾ തീർത്ത് ഗതാഗതയോഗ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ബ്രിഡ്ജസ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഭരണാനുമതി നൽകിയിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിൽ ആർ.ഐ.ഡി.എഫ്-ലെ പൊതുമരാമത്ത് പ്രവൃത്തികൾ

63 (4738) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കൂടരഞ്ഞി-മഞ്ഞക്കടവ്-നായാടംപൊയിൽ റോഡ് നബാർഡ് ആർ.ഐ.ഡി.എഫ്. ൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; ആയതിന് നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിലുൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് നിരത്തുവിഭാഗം പ്രവൃത്തികളുടെയും കെട്ടിട വിഭാഗം പ്രവൃത്തികളുടെയും വിശദാംശം അനുബന്ധം * ആയി ചേർക്കുന്നു.

(ബി) സ്വീകരിച്ചിട്ടില്ല. ആയത് അടുത്ത ഘട്ടത്തിൽ പരിഗണിക്കാവുന്നതാണ്.

## ചെങ്ങന്നൂർ മണ്ഡലത്തിലെ തീർത്ഥാടക സഞ്ചാര റോഡുകളുടെ അറ്റകുറ്റപ്പണികൾ

64 (4739) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല മണ്ഡലകാല ഉത്സവത്തോടനുബന്ധിച്ച് ശബരിമലയുടെ കവാടമായ ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രധാനപ്പെട്ട തീർത്ഥാടക സഞ്ചാര റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും മറ്റും വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ശബരിമല പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ മൂന്ന് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. മണ്ഡലകാലത്തിന് മുൻപേ അവ സഞ്ചാരയോഗ്യമാക്കുന്നതാണ്.

## കൊല്ലങ്കോട് ബൈപ്പാസ്

65 (4740) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ് സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച കൊല്ലങ്കോട് ബൈപാസ് റോഡിന്റെ പ്രവൃത്തി നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) കൊല്ലങ്കോട് ബൈപാസിനായി എത്ര തുകയാണ് ചെലവഴിച്ചതെന്നും നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി - പൊള്ളാച്ചി റോഡിൽ കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ. (സാധാ)നമ്പർ 1045/2009/പൊ.മ.വ പ്രകാരം 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും അതിനായി 2,48,000 രൂപ ചെലവായിട്ടുമുണ്ട്. കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ 14.5204 ഹെക്ടർ ഭൂമിയിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 14.061 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 10-6-2010-ലെ സ.ഉ. (സാധാ)നമ്പർ 939/2010/പൊ.മ.വ പ്രകാരം അനുമതി നൽകുകയുണ്ടായി. സ്ഥലം ഏറ്റെടുക്കുന്നതിന് പുതിയ നിയമം വന്നതിനാൽ പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയ പഴയ ഉത്തരവ് കാലഹരണപ്പെട്ടതായും ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടി തുടരുന്നതിന് സ്ഥലത്തിന്റെ ഏകദേശ വിലയായി 10,57,20,000 രൂപ വേണ്ടതായും പ്രസ്തുത തുകയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വടക്കഞ്ചേരി പൊള്ളാച്ചി റോഡ് സാധ്യതാപഠനത്തിന്റെയും പദ്ധതി രൂപരേഖ തയ്യാറാക്കലിന്റെയും ഫലത്തിന് വിധേയമായി ദേശീയപാതയായി തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും അറിയിപ്പ് ലഭിച്ചതിനാൽ പ്രസ്തുത റോഡിനുവേണ്ടി തയ്യാറാക്കുന്ന വിശദമായ പദ്ധതി രേഖയിൽ നിർദ്ദിഷ്ട കൊല്ലങ്കോട് ബൈപ്പാസ് ഉൾപ്പെട്ടിട്ടുണ്ടോയെന്നത് പരിശോധിക്കുവാൻ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റോഡിന്റെ സാധ്യതാപഠനവും പദ്ധതിരൂപരേഖ തയ്യാറാക്കുന്നതും KITCO മുഖാന്തരം കേന്ദ്ര മന്ത്രാലയം അംഗീകരിച്ച പ്രകാരം നടത്തിവരുന്നു. വിവിധ അലൈൻമെന്റ് ഓപ്ഷനുകൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. അലൈൻമെന്റ് ഓപ്ഷൻ അംഗീകരിച്ചാൽ മാത്രമേ പ്രസ്തുത ദേശീയപാതയിൽ നിർദ്ദിഷ്ട കൊല്ലങ്കോട് ബൈപ്പാസ് ഉൾപ്പെിട്ടിട്ടുണ്ടോയെന്ന് വ്യക്തമാവുകയുള്ളൂ.

**തിരുവനന്തപുരം ജില്ലയിലെ റോഡുകളുടെ നവീകരണം**

66 (4741) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ റോഡുകൾ നവീകരിക്കുന്നതിന് (റീ ടാറിംഗ്) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ടെൻഡറുകൾ (റീ ടെൻഡർ

ഉൾപ്പെടെ) ക്ഷണിച്ചിട്ടുള്ള പ്രവൃത്തികൾക്ക് അത് ഏറ്റെടുക്കുവാൻ കരാറുകാർ ഇല്ലാത്ത സാഹചര്യങ്ങളിൽ പകരം എന്ത് സംവിധാനമാണ് ഇത്തരം റോഡുകൾ നവീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഒന്നിലധികം പ്രാവശ്യം ടെൻഡർ നടപടികൾ പൂർത്തിയാക്കിയ എത്ര പ്രവൃത്തികൾക്ക് കരാറുകാരിൽ നിന്നും പ്രതികരണമുണ്ടാകാത്തവയുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വ്യവസ്ഥകൾ പ്രകാരം മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ടെണ്ടർ ഏറ്റെടുക്കാത്ത പ്രവൃത്തികൾ ഇ-ക്വട്ടേഷൻ ചെയ്യാറുണ്ട്. ടെണ്ടർ ഏറ്റെടുക്കാൻ കരാറുകാർ ആരും ഇല്ലാത്ത സാഹചര്യത്തിൽ പി.ഡബ്ല്യു.ഡി മാന്വൽ ഖണ്ഡം (Clause) 2216 പ്രകാരം ഡിപ്പാർട്ട്മെന്റൽ എക്സിക്യൂഷൻ (Departmental Execution) ചെയ്യാവുന്നതാണ്.

(ബി) തിരുവനന്തപുരം ജില്ലയിൽ കരാറുകാരിൽനിന്നും പ്രതികരണം ഉണ്ടാകാത്ത പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**മണ്ണാറക്കുളഞ്ഞി - ചാലക്കയം ശബരിമല പാത പുനരുദ്ധരിക്കൽ**

67 (4742) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാറക്കുളഞ്ഞി - ചാലക്കയം ശബരിമല പാത അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിച്ചത് എന്നാണെന്നും എന്നുവരെയാണ് ഇതിന്റെ ഗ്യാരണ്ടി പിരീഡ് എന്നും അറിയിക്കുമോ;

(ബി) പ്രസ്തുത റോഡ് ഇപ്പോൾ പൂർണ്ണമായും തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മണ്ണാറക്കുളഞ്ഞി - ചാലക്കയം - ശബരിമലപ്പാതയിൽ മണ്ണാറകുളഞ്ഞി മുതൽ പ്ലാപ്പള്ളി വരെ കി.മീ. 0/00 മുതൽ 32/00 വരെ അഞ്ച് വർഷ മെയിന്റനൻസ് ഗ്യാരന്റിയോടുകൂടി ബി.എം. & ബി.സി. പ്രവൃത്തികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

26-3-2015-ൽ പൂർത്തീകരിച്ചിട്ടുള്ളതും 25-3-2020 വരെ മെയിന്റനൻസ് കോൺട്രാക്ട് ഉള്ളതുമാണ്. പ്ലാപ്പള്ളി മുതൽ ചാലക്കയം വരെ കി.മീ. 32/000 മുതൽ 53/480 വരെ ശബരിമല ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് വർഷ മെയിന്റനൻസ് ഗ്യാരന്റിയോടുകൂടി ബി.എം.&ബി.സി. പ്രവൃത്തികൾ 8-1-2014-ൽ പൂർത്തീകരിച്ചിട്ടുള്ളതും 4-1-2019 വരെ മെയിന്റനൻസ് കോൺട്രാക്ട് പൂർത്തിയായിട്ടുള്ളതുമാണ്.

(ബി &സി) മണ്ണാറകുളഞ്ഞി മുതൽ പ്ലാപ്പള്ളി വരെ കി.മീ. 0/000 മുതൽ 31/000 വരെയുള്ള പ്രവൃത്തികളുടെ മെയിന്റനൻസ് പിരീയഡ് ആയതിനാൽ ബന്ധപ്പെട്ട കരാറുകാരൻ തന്നെ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. പ്ലാപ്പള്ളി മുതൽ ചാലക്കയം വരെ കി.മീ. 32/000 മുതൽ 53/480 വരെയുള്ള പ്രവൃത്തികളുടെ മെയിന്റനൻസ് പിരീയഡ് പൂർത്തിയായതിനാൽ ശബരിമല ഫെസ്റ്റിവൽ 2019-20 പ്രവൃത്തിയിൽ ഉൾപ്പെടുത്തി ബി.സി. ഓവർലേ ചെയ്യുന്നതിനായി 1309 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതുപ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഓവർലേ പ്രവൃത്തികൾ പുരോഗമിക്കുന്നു.

## 2019-20 ബഡ്ജറ്റിൽ കായംകുളം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

68 (4743) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 ബജറ്റിൽ കായംകുളം അസംബ്ലി മണ്ഡലത്തിൽ അനുവദിച്ച, വിവിധ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം (പത്ത് കോടി), മാതൃകാ അംഗൻവാടികളുടെ നിർമ്മാണം (രണ്ട് കോടി) എന്നീ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

കെട്ടിട വിഭാഗത്തിനുകീഴിൽ 2019-20 ബഡ്ജറ്റിൽ കായംകുളം അസംബ്ലി മണ്ഡലത്തിൽ അനുവദിച്ച മാതൃകാ അംഗൻവാടികളുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ഇതേവരെ സർക്കാരിലേയ്ക്ക് ലഭിച്ചിട്ടില്ല.

2019-20 ബഡ്ജറ്റിൽ കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് "ഇംപ്രൂവ്മെന്റ്സ് ബൈ പ്രോവൈഡിംഗ് ബി.എം&ബി.സി 20 എം.എം ചിപ്പിംഗ് കാർപെറ്റ് റ്റു വേരിയസ് റോഡ്സ് അണ്ടർ കായംകുളം മുനിസിപ്പാലിറ്റി,

ദേവികുളങ്ങര, ഭരണിക്കാവ്, കണ്ടല്ലൂർ, ചെട്ടിക്കുളങ്ങര, പത്തിയൂർ, കൃഷ്ണപുരം പഞ്ചായത്ത് (കായംകുളം എൽഎസി)" എന്ന പ്രവൃത്തിയുടെ ഭരണാനുമതിക്കുവേണ്ടി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## കോഴിപ്പിള്ളി-പാലിയത്ത് കടവ് പാലം നിർമ്മാണം

69 (4744) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കോഴിപ്പിള്ളി- പാലിയത്ത് കടവ് പാലം നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ D1/350/17 നമ്പർ പ്രകാരമുള്ള ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് മണ്ണ് പരിശോധന അടക്കമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തോട് ആവശ്യപ്പെട്ടതനുസരിച്ചുള്ള ഡിസൈൻ തയ്യാറാക്കി നല്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഡിസൈൻ തയ്യാറാക്കി എന്നത്തേക്ക് സമർപ്പിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത പാലത്തിന്റെ ആവശ്യകത മുൻനിർത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പാലം നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത ഫയലിലെ പരിശോധനയുടെ ഭാഗമായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് 13-11-2019-ന് മാത്രമാണ് സർക്കാരിന് ലഭ്യമായിട്ടുള്ളത്. ആയത് പരിശോധിച്ചുവരുന്നു.

(ബി-ഡി) മണ്ണ് പരിശോധനാ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. പ്രാഥമിക ഡിസൈൻ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പ്രാഥമിക ഡിസൈൻ ലഭിച്ച് സാധ്യതാ പഠനം നടത്തി അന്തിമ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കാലടി സമാന്തര പാലത്തിന്റെ നിർമ്മാണ പുരോഗതി

70 (4745) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി സമാന്തര പാലത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് 18.05.2017-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ നാളിതുവരെ നടപ്പിലാക്കിയവയെ സംബന്ധിച്ചും പ്രവൃത്തിയുടെ നാളിതുവരെയുള്ള പുരോഗതിയെക്കുറിച്ചും വിശദമാക്കാമോ;

(ബി) യോഗ തീയതി മുതൽ രണ്ട് മാസത്തിനകം ഡിസൈൻ പൂർത്തീകരിക്കുമെന്ന് അറിയിച്ചതുപ്രകാരം ഡിസൈൻ പൂർത്തീകരിച്ചോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കിയോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ നടപടികൾ ഏതുഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

(ഇ) സ്ഥലം ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് സർക്കാർ നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് പ്രാദേശികമായോ അല്ലാതെയോ ആരുടെയെങ്കിലും എതിർപ്പുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) പുതുക്കിയ അലൈൻമെന്റ് പ്രകാരം 22-5-2017-ൽ മണ്ണ് പരിശോധന പൂർത്തീകരിക്കുകയും ആയതിന്റെ ടെന്റേറ്റീവ് ജനറൽ ഡിസൈൻ 11-9-2018-ലും ജനറൽ ഡിസൈൻ ഡ്രോയിങ് 18-3-2019-ലും പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്നും ലഭിച്ചു. ഇതനുസരിച്ച് പാലവും ബൈപ്പാസ് റോഡും കൂടി ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ഡി) പ്രാഥമിക നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി അതിർത്തിക്കല്ലുകൾ കാലടിഭാഗത്ത് മറ്റൂർ മുതൽ ചെങ്ങൽ വരെ സ്ഥാപിച്ചു. എന്നാൽ തദ്ദേശവാസികളുടെ എതിർപ്പുമൂലം പുഴയുടെ ഇരുവശങ്ങളിലും അതിർത്തിക്കല്ലുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.

(ഇ) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർക്ക് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ റിക്വിസിഷൻ നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(എഫ്) പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതിയും ദർഘാസ് നടപടിക്രമങ്ങളും പൂർത്തീകരിച്ചതിനുശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ജി) കാലടി ഭാഗത്തും പെരുമ്പാവൂർ ഭാഗത്തും അപ്രോച്ച് റോഡിനുവേണ്ടി സ്ഥലമെടുക്കുന്നതിനുവേണ്ടി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി തദ്ദേശവാസികളുടെ എതിർപ്പുമൂലം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല.

**ചെറിയ കടമക്കുടി പാലം നിർമ്മാണം**

71 (4746) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ചെറിയ കടമക്കുടി പാലത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പാലം നിർമ്മാണത്തിനുവേണ്ടിയുള്ള താത്ക്കാലിക ഡിസൈൻ ഡ്രോയിങ് ഡിസൈൻ വിഭാഗത്തിൽനിന്നും ലഭിച്ചു. ഫൈനൽ ഡ്രോയിങ് ലഭിക്കുന്നതിനുവേണ്ടി ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അംഗീകരിച്ച ഫൈനൽ ഡ്രോയിംഗ് ലഭിച്ചാൽ ഉടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തൃശ്ശൂർ ജില്ലയിലെ ഗോതുരുത്ത് - കരുപ്പടന്ന പാലം**

72 (4747) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 -ലെ ബജറ്റിലൂടെ പ്രഖ്യാപിച്ച തൃശ്ശൂർ ജില്ലയിലെ ഗോതുരുത്ത് -കരുപ്പടന്ന പാലവുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ഫയൽ നടപടികൾ അതിവേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പാലവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ടെൻന്റേറ്റീവ് ഡിസൈൻ പ്രകാരം 13.930 കോടി രൂപയുടെ കിഫ്ബി ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുകയും അംഗീകൃത അലൈൻമെന്റ് പ്രകാരം ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അതിരുകൾ ബൗണ്ടറി സ്റ്റോൺസ് ഫിക്സ് ചെയ്യുന്നതിനായി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അതിൽ ഗോതുരുത്ത് ഭാഗത്തെ സർവ്വേ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതാണ്.

(ബി) ഫയൽ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പാലം പ്രവൃത്തിക്കായി ആവശ്യമുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് മുന്നോടിയായി കരൂപ്പടന്ന ഭാഗത്തെ സർവ്വേ പ്രവൃത്തികളും ബൗണ്ടറി സ്റ്റോൺസ് ഫിക്സ് ചെയ്യലും ആരംഭിച്ചപ്പോൾ തദ്ദേശവാസികൾ ഇരുഭാഗത്തെയും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ മേൽ പ്രവൃത്തി തടയുകയുണ്ടായി. കരൂപ്പടന്ന ഭാഗത്ത് ഒരു ഇരുനില വീട് മുഴുവനായും ഒരു വീടിന്റെ കോർണർ ഭാഗവും നിലവിലുള്ള അംഗീകൃത അലൈൻമെന്റ് പ്രകാരം ബാധിതമാകുന്നുണ്ട്. ആയതുകൊണ്ട് അനുയോജ്യമായ രീതിയിൽ അലൈൻമെന്റ് മാറ്റിയാൽ മാത്രമേ ആ പ്രദേശത്ത് മേൽ പ്രവൃത്തി നടത്തുവാൻ സാധിക്കുകയുള്ളൂ എന്നാണ് അവരുടെ നിലപാട്. പ്രദേശവാസികളുടെ ശക്തമായ എതിർപ്പുമൂലം മേൽ പ്രവൃത്തി നടത്തുന്നതിന് ബുദ്ധിമുട്ടുള്ളതിനാലും തൊഴിലാളികളുടെയും ടെക്നീഷ്യൻമാരുടെയും ജോലി ദിവസങ്ങൾ പാഴാകുന്നതിനാലും പ്രശ്നപരിഹാരം അനിശ്ചിതമായി നീളുന്നതിനാലും മേൽ പ്രവൃത്തിയുടെ കരാർ അവസാനിപ്പിച്ച് മേൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ കടാന്തോട് പാലം നിർമ്മാണം**

73 (4748) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ കടാന്തോട് പാലം നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ടി പ്രവൃത്തിക്ക് 2018-19-ലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള 8 കോടി രൂപയുടെ എസ്റ്റിമേറ്റ് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**മുനമ്പം-അഴീക്കോട് പാലത്തിന്റെ പ്രവർത്തന പുരോഗതി**

74 (4749) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മുനമ്പം-അഴീക്കോട് പാലത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്ഥലം ഏറ്റെടുക്കലിന് മാത്രമായി 14.616 കോടി രൂപയുടെ കിഫ്ബി അനുമതി ലഭ്യമായിട്ടുണ്ട്. പാലിത്തിനുവേണ്ട മിനിമം വെർട്ടിക്കൽ ക്ലിയറൻസ് 12 മീറ്ററും സ്പാൻ 40 മീറ്ററും ആയി ലഭ്യമായ പോർട്ട് ക്ലിയറൻസ് അനുസരിച്ച് റിവൈസ്ഡ് ടെൻന്റേറ്റീവ് ഡിസൈൻ പ്രകാരം തയ്യാറാക്കിയ 140.60 കോടി രൂപയുടെ എസ്റ്റിമേറ്റും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും പാലം പ്രവൃത്തിക്കായുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിലേയ്ക്ക് 21-6-2019-ൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്ന് ലഭ്യമായ റ്റി.എ.ആർ-ൽ തീരദേശ ഹൈവേയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പാലത്തിന്റെ വീതി കൂട്ടുവാൻ (Carriage way width of 7.00m+2x1.50m shoulders + 1x2.00m wide cycle track+2x1.50 footpaths) ആവശ്യപ്പെടുകയും ആയത് പ്രകാരം ഡിസൈൻ പുതുക്കി ലഭ്യമാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിലേയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ മുനമ്പം ഭാഗത്തെ സാമൂഹ്യ പ്രത്യാഘാത പഠനം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് പാലം നിർമ്മാണത്തിന് അനുകൂലമായിതന്നെ പൂർത്തിയാക്കിയിട്ടുണ്ട്. അഴീക്കോട് ഭാഗത്തെ പാരിസ്ഥിതിക ആഘാത പഠനവുമായി ബന്ധപ്പെട്ട ഫസ്റ്റ് പബ്ലിക് ഹിയറിംഗ് കൈപ്പമംഗലം എം.എൽ.എ. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററുടെ സാന്നിദ്ധ്യത്തിൽ 3-8-2019-ന് നടത്തി.

28-2-2018-ലെ സ.ഉ (സാധാ) നമ്പർ 358/2018/പൊ.മ.വ. പ്രകാരം അഴീക്കോട് വില്ലേജിലെ 0.2405 ഹെ. (59.40 സെന്റ്) സ്ഥലവും 30-8-2019-ലെ സ.ഉ.(സാധാ) നമ്പർ 2404/2019/ആർ.ഡി പ്രകാരം കുഴപ്പിള്ളി വില്ലേജിലെ 0.2099 ഹെക്ടർ സ്ഥലവും ഏറ്റെടുക്കുന്നതിനാവശ്യമായ അനുമതി നൽകിയിട്ടുണ്ട്.

മുനമ്പം ഭാഗത്തെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് പൊളിച്ചു മാറ്റേണ്ട കെട്ടിടങ്ങളുടെ വാല്യുവേഷൻ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ചതിനുശേഷവും പുതുക്കിയ ഡിസൈൻ ലഭ്യമായതിനുശേഷവും മാത്രമേ പാലം പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## കായംകുളം അസംബ്ലി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

75 (4750) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട മാർക്കറ്റ് പാലം, കന്നീശ്ശകടവ് പാലം ,പാർക്ക് ജംഗ്ഷൻ പാലം, കല്ലുപാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

1. മാർക്കറ്റ് പാലം : ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കന്നീശ്ശകടവ് പാലം: ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

3. പാർക്ക് ജംഗ്ഷൻ പാലം: പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. കല്ലുപാലം: ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായ 206 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി-പിഴല പാലം

76 (4751) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടമക്കുടി-പിഴല പാലത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലം നിർമ്മാണത്തിനുവേണ്ടിയുള്ള താൽക്കാലിക ഡിസൈൻ ഡ്രോയിംഗ്, ഡിസൈൻ വിഭാഗത്തിൽനിന്നും ലഭിച്ചു. ഫൈനൽ ഡ്രോയിംഗിനുവേണ്ടിയുള്ള ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) അംഗീകരിച്ച ഫൈനൽ ഡ്രോയിംഗ് ലഭിച്ചശേഷം ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽനിന്നും അനുമതി ലഭിച്ചശേഷം പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ ചൊട്ടപാലത്തിന്റെ നിലവിലെ സ്ഥിതി

77 (4752) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്ന ചൊട്ടപാലത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്ന ചൊട്ടപാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

## പാലാരിവട്ടം പാലം പൊളിച്ചുപണിയുവാനുള്ള തീരുമാനം

78 (4753) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പാലം പൊളിച്ച് പണിയുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് ഇപ്രകാരം ഒരു തീരുമാനം എടുത്തത്;

(ബി) പാലാരിവട്ടം പാലത്തിന് ലോഡ് ടെസ്റ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പാലം പൊളിച്ചുപണിയുവാനുള്ള തീരുമാനം പ്രസ്തുത ടെസ്റ്റ് നടത്താതെ കൈക്കൊണ്ടത് ഏത് സാഹചര്യത്തിലാണ്;

(സി) പാലം ബലപ്പെടുത്തിയാൽ ഉപയോഗപ്രദമാകുമെന്ന് മദ്രാസ് ഐ.ഐ.റ്റി. യുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ട്;

(ഡി) പാലം പൊളിച്ചുപണിയുന്നതിനുള്ള ചുമതല നിലവിൽ ആർക്കാണ് നൽകിയിട്ടുള്ളത്; ഊരാളുങ്കൽ സൊസൈറ്റിക്ക് ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നൽകുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനത്തിൽ നിന്നും പുറകോട്ട് പോയത് ഏത് സാഹചര്യത്തിലാണ്?

<u>ഉത്തരം</u>

(എ) പാലാരിവട്ടം പാലത്തിന്റെ റീഹാബിലിറ്റേഷൻ പ്രവൃത്തികൾ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇതുമായി ബന്ധപ്പെട്ട് നിലവിലിരിക്കുന്ന കേസ്സുകളുടെ അന്തിമ തീർപ്പിന് വിധേയമായി, ഡി.എം.ആർ.സി-യെ ഏൽപ്പിച്ചിട്ടുണ്ട്. ബലക്ഷയം സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി-യിലെ വിദഗ്ദ്ധർ പരിശോധന നടത്തിയിരുന്നു. ഇതോടൊപ്പം ഡോ. ഇ. ശ്രീധരനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധരെ ഉപയോഗിച്ച് നടത്തിയ പരിശോധന റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. ഈ രണ്ട് റിപ്പോർട്ടുകളും വിലയിരുത്തി വിദഗ്ദ്ധാഭിപ്രായം നൽകാൻ ചീഫ് എഞ്ചിനീയർമാർ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. ആ സമിതിയുടെ റിപ്പോർട്ടും ഇക്കാര്യത്തിൽ പരിഗണിച്ചിട്ടുണ്ട്.

(ബി) ലോഡ് ടെസ്റ്റിനുള്ള IRC മാർഗ്ഗനിർദ്ദേശപ്രകാരം ലോഡ് ടെസ്റ്റിന് ചില മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ പാരഗ്രാഫ് 6.8.3 ഇപ്രകാരമാണ് " The structure shall not show any cracks more than 0.30 mm for (normal) moderate exposure and 0.20 mm for severe conditions of exposure, spalling or deflections which are incompatible with safety requirements, as prescribed in the relevant design codes" ഐ.ഐ.റ്റി പരിശോധനയിൽ സ്ട്രക്ചറിന്റെ വിള്ളലുകൾ 0.30mm നേക്കാൾ കൂടുതൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ലോഡ് ടെസ്റ്റ് നടത്തേണ്ട ആവശ്യമില്ലെന്നാണ് സമിതി വിലയിരുത്തിയിട്ടുള്ളത്. കൂടാതെ IIT സമർപ്പിച്ച റിപ്പോർട്ടിലും ഡോ. ഇ. ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ടിലും സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിലും ലോഡ് ടെസ്റ്റ് നടത്താൻ ശിപാർശ ചെയ്തിട്ടില്ല.

(സി) പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി സമർപ്പിച്ച റിപ്പോർട്ടിലെ "Summary and Recommendations" അനുബന്ധമായി ചേർക്കുന്നു.* ചെന്നൈ ഐ.ഐ.റ്റി സമർപ്പിച്ച റിപ്പോർട്ട്, ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ. ഇ. ശ്രീധരൻ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് എന്നിവ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി രൂപീകരിച്ച വിദഗ്ധ സാങ്കേതിക സമിതിയുടെ ശിപാർശ പ്രകാരമുള്ള നടപടിയാണ് പ്രസ്തുത വിഷയത്തിൽ കൈക്കൊണ്ടത്. അതുപ്രകാരം റീഹാബിലിറ്റേഷൻ പ്രവൃത്തികൾ നടത്താനും ജനങ്ങൾക്ക് ദീർഘകാലം പ്രയോജനപ്പെടുന്ന വിധത്തിൽ നിലനിൽക്കണമെന്നതിനുമാണ് സർക്കാർ പ്രാധാന്യം നൽകുന്നത്.

(ഡി) പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാമെന്ന് DMRC കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് തീരുമാനപ്രകാരം ഡി.എം.ആർ.സി.- ക്കാണ് നൽകിയിട്ടുള്ളത്. മറിച്ച് തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിരുന്നില്ല.

## കൊട്ടാരക്കര പുലമൺ മേൽപ്പാലനിർമ്മാണം

79 (4754) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര പുലമണിൽ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മേൽപ്പാലനിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പാലത്തിന്റെ അന്തിമ രൂപരേഖ തയ്യാറായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തി ടെണ്ടർ നടപടികളിലേക്ക് എത്തിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കര പുലമൺ പാലത്തിന്റെ റീഹാബിലിറ്റേഷൻ ആന്വൽ പ്ലാനിൽ 2019-20-ൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും ഒരു കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പദ്ധതി രൂപരേഖയ്ക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും അനുമതി ലഭിച്ചാൽ മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനാകൂ.

**തിരൂരങ്ങാടി പാറയിൽ തടയണ നിർമ്മാണം**

80 (4755) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ പാറയിൽ തടയണ നിർമ്മാണം നിർദ്ദിഷ്ട സ്ഥലത്ത് നടപ്പാക്കുന്നതിന് ആരെങ്കിലും എതിർപ്പ് അറിയിച്ച് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

2017-ൽ പൂരപ്പുഴ പാലത്തിന് കിഴക്കുഭാഗത്തായി നിർമ്മിക്കുന്ന തടയണ പടിഞ്ഞാട് ഭാഗത്ത് നിർമ്മിച്ചാൽ കൂടുതൽ ഉപകാരപ്പെടുമെന്നും താനൂർ, തിരൂരങ്ങാടി, നന്നമ്പ്ര, പരപ്പനങ്ങാടി തെന്നല, പെരുമണ്ണക്ലാരി എന്നീ തദ്ദേശസ്ഥാപനങ്ങളിലെ കിണറുകളിൽ ശുദ്ധജലവും കൃഷിയാവശ്യത്തിന് നല്ല ജലവും ലഭിക്കുമെന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. നിലവിൽ പൂരപ്പുഴ പാലത്തിന്റെ കിഴക്ക് ഭാഗത്തായി ഓൾഡ് കനാലിൽ പാറയിൽ എന്ന സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന SWEVCB ഈ സ്ഥലത്ത് വർഷാവർഷം നിർമ്മിച്ചുകൊണ്ടിരിക്കുന്ന താൽക്കാലിക തടയണയെ ഒരു ശാശ്വത പരിഹാരമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. പൂരപ്പുഴ പാലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കെട്ടുങ്ങൽ തോടിന് സമിപം ഒരു SWE റെഗുലേറ്റർ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് IDRB തിരുവനന്തപുരത്തിന് രൂപകൽപ്പനക്ക് സമർപ്പിച്ചിട്ടുണ്ട്. രൂപകൽപ്പന കിട്ടിയതിനുശേഷം DPR തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് SWE റെഗുലേറ്റർ നിർമ്മിച്ചാൽ പരാതിക്കാരുടെ ആവശ്യം ഒരു പരിധി വരെ നിറവേറ്റപ്പെടുന്നതാണ്.

**തിരുവമ്പാടി മണ്ഡലത്തിലെ അപകടാവസ്ഥയിലായ കലുങ്കുകളും പാലവും**

81 (4756) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ പാതകളിൽ മുക്കം പാലം, കോട്ടമുഴി കലുങ്ക്, കാരശ്ശേരി കലുങ്ക് എന്നിവ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇവ പുന:നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവമ്പാടി മണ്ഡലത്തിലെ മുക്കം പാലം ഏതാണ്ട് 37 വർഷം മുമ്പ് നിർമ്മിച്ചതാണ്. പ്രസ്തുത പാലം പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കാരശ്ശേരി കലുങ്കിന്റെ പുനർനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. കോട്ടമുഴി കലുങ്ക് അപകടാവസ്ഥയിലായതിനെ തുടർന്ന് മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. കോട്ടമുഴി കലുങ്കിന്റെ സ്പാൻ 6 മീറ്ററിൽ കൂടുതൽ ആയതിനാൽ റീ കൺസ്ട്രക്ഷൻ നടപടിയാണ് സ്വീകരിക്കേണ്ടത്. പുനർനിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അരിനല്ലൂർ-പെരിങ്ങാലം പാലത്തിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുന്നതിന് നടപടി

82 (4757) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിലെ തേവലക്കരയെയും മൺറോ തുരുത്തിനെയും തമ്മിൽ ബന്ധിപ്പിയ്ക്കുന്ന അരിനല്ലൂർ-പെരിങ്ങാലം പാലത്തിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി നൽകി സോയിൽ ടെസ്റ്റ്, ഡിസൈൻ എന്നിവ പൂർത്തിയാക്കിയ പാലത്തിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചവറ നിയോജക മണ്ഡലത്തിലെ തേവലക്കരയെയും മൺറോ തുരുത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന അരിനല്ലൂർ-പെരിങ്ങാലം പാലത്തിന്റെ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇതിനോടനുബന്ധിച്ചുള്ള പെരിങ്ങാലം സൈഡിലെ അപ്രോച്ച് റോഡ് ഡിസൈൻ ചെയ്യുന്നതിലേയ്ക്കായി കിഫ്ബിയുടെ സഹായം തേടിയിരിക്കുകയാണ്. അപ്രോച്ച് റോഡിന്റെയും ഡിസൈൻ പൂർത്തിയായാൽ മാത്രമേ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിന് സമർപ്പിക്കാനാവൂ.

## പള്ളിക്കമണ്ണടി പാലം നിർമ്മാണം

83 (4758) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഭരണാനുമതി ഇപ്പോഴും നിലനില്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭരണാനുമതി കാലഹരണപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, പുതിയ ഭരണാനുമതി ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ബ്രിഡ്ജസ് വിഭാഗം ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിനായി പുതിയ അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കിയിട്ടുണ്ടോയെന്നും പാലം നിർമ്മാണം ആരംഭിക്കുന്നതിനായി ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച ഭരണാനുമതി ഇപ്പോൾ നിലവിലില്ല.

(ബി) പാലത്തിന്റെ ഡിസൈൻ ലഭ്യമാക്കി 9 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. 2020-21 - Annual Plan-ൽ പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2020-21 വർഷത്തെ Annual പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചാൽ മാത്രമേ പാലം നിർമ്മിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാനാവൂ.

## ഉപ്പുംതുരുത്തി പാലത്തിന്റെ ഫയൽ നടപടികൾ ദ്രുതഗതിയിലാക്കുന്നതിന് നടപടി

84 (4759) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച തൃശ്ശൂർ ജില്ലയിലെ എടത്തുരുത്തി ഗ്രാമപഞ്ചായത്തിലെ ഉപ്പുംതുരുത്തി പാലത്തിന്റെ ഫയൽ നടപടികൾ ഇഴഞ്ഞ് നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നൂറ് കണക്കിന് കുടുംബങ്ങൾക്ക് പ്രയോജനം

ചെയ്യുന്ന നിർദ്ദിഷ്ട പാലത്തിന്റെ ഫയൽ നടപടികൾ ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിൽ ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം സംബന്ധിച്ച ഫയൽ നടപടികൾ ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2018-19-ലും 2019-20-ലും ഉപ്പുംതുരുത്തി പാലത്തിന്റെ നിർമ്മാണത്തിനായി 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ടോക്കൺ മാത്രമുള്ളത് നിർമ്മിക്കാൻ പൊതുമരാമത്തിന് അധികാരമില്ല.

**കരുനാഗപ്പള്ളിയിലെ പാലങ്ങളുടെ ബലക്ഷയ പരിശോധന**

85 (4760) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ കാട്ടൂർകടവ് പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിനാവശ്യമായ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും ഭരണാനുമതി വൈകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും വിശദമാക്കുമോ ;

(സി) അപകടകരമായ നിലയിൽ ബലക്ഷയം സംഭവിച്ച കാട്ടൂർകടവ് പാലത്തിന്റെ അറ്റകുറ്റപണികൾക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പണിക്കർ കടവ് പാലത്തിന്റെ സ്ട്രെംഗ്ത് & സ്റ്റെബിലിറ്റി സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഇ) ഇത് പരിഹരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പരിശോധനകൾ നടത്തിവരുന്നു. പരിശോധനകൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

(സി) ബലക്ഷയം സംബന്ധിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയില്ലെങ്കിലും പാലത്തിന്റെ തകർച്ചയിലായ ഹാന്റ് റെയിൽ, വെയറിംഗ് കോട്ട് എന്നിവ നിർമ്മിക്കുന്നതിലേയ്ക്കായി മെയിന്റനൻസിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുമുണ്ട്.

(ഡി&ഇ) പാലങ്ങളുടെ കാലാകാലങ്ങളിലുള്ള പരിശോധനയോടനുബന്ധിച്ച് പണിക്കുർകടവ് പാലത്തിലും പരിശോധനകൾ നടത്തുകയും പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

**കരമന-കളിയിക്കാവിള ദേശീയപാത വികസനം**

86 (4761) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഭാഗമായി കാട്ടാക്കട-വിഴിഞ്ഞം റോഡുകളെ ബന്ധിപ്പിച്ച് ബാലരാമപുരം കവലയിൽ അടിപ്പാത നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അടിപ്പാത നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) ബാലരാമപുരം ജംഗ്ഷനിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുവാൻ ഈ അടിപ്പാത സഹായകമാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഭാഗമായി കാട്ടാക്കട-വിഴിഞ്ഞം റോഡുകളെ ബന്ധിപ്പിച്ചിട്ടുള്ള അടിപ്പാത നിർമ്മാണത്തിന്റെ സാധ്യതാ പഠനത്തോടനുബന്ധിച്ചുള്ള Topographic Survey - യും മണ്ണിന്റെ ഘടന പരിശോധിക്കുന്നതിനുള്ള Soil investigation നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. ടി Investigation Report അടിസ്ഥാനമാക്കി Detailed Design ലഭിച്ചാൽ പദ്ധതിക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) പദ്ധതിക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ ഏജൻസിയെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ.

(സി) നിലവിലുള്ള ഗതാഗതക്കുരുക്കിന് വലിയൊരളവിൽ പരിഹാരം കാണാൻ അടിപ്പാത വഴി സാധിക്കും. ബാലരാമപുരം ജംഗ്ഷനിൽ പ്രധാനമായും ഗതാഗതകുരുക്കുണ്ടാകാൻ കാരണം കാട്ടാക്കട-വിഴിഞ്ഞം റോഡിലെ വാഹനങ്ങൾ എൻ.എച്ച്. ക്രോസ് ചെയ്യുന്നതാണ്. അടിപ്പാത വരുന്നതോടുകൂടി ഇത് ഒഴിവാകും. അതിന്റെ ഭാഗമായുള്ള ഗതാഗതക്കുരുക്ക് അങ്ങനെ ഒഴിവാക്കാനാവുന്നതാണ്.

**ദേശീയ പാത വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി**

87 (4762) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ എൻ.എച്ച്. 17 (പുതിയ എൻ.എച്ച്.16) ആറുവരിപാത നിർമ്മിക്കുന്നതിനായി ചെയിനേജ് 17.200 മുതൽ 104.00 വരെയുള്ള ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര സ്ഥലവും കെട്ടിടങ്ങളുമാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പറഞ്ഞ ചെയിനേജിന് ഇടയിൽ ഭൂമിക്കും കെട്ടിടത്തിനും നൽകിയ നഷ്ടപരിഹാരം എത്രയാണെന്ന് വ്യക്തികൾ തിരിച്ച് അവരുടെ ഭൂമിയുടെ സർവ്വേ നമ്പരും വിസ്തീർണ്ണവും കെട്ടിടങ്ങളുടെ നമ്പരും വലുപ്പവും സഹിതം വ്യക്തമാക്കാമോ;

(ഡി) ഈ ചെയിനേജിന് ഇടയിൽ ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) കാസർഗോഡ്, കാഞ്ഞങ്ങാട്, അടക്കത്ത്ബയൽ എന്നീ മൂന്ന് വില്ലേജുകളിൽ നഷ്ടപരിഹാര വിതരണം മുടങ്ങിയെന്നത് ശരിയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്നും എപ്പോൾ വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയപാത വികസനത്തിനായി കാസർഗോഡ് ജില്ലയിൽ 99 ശതമാനം ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള 3 ഡി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ വ്യക്തികളിൽനിന്നും 115.73 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്.

(സി) നാളിതുവരെയായി എൻ.എച്ച്.എ.ഐ.-ൽ നിന്നും 557.57 കോടി രൂപയാണ് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുള്ളത്. ഇതിനോടകം 320.36 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. വ്യക്തിഗത വിലനിർണ്ണയം പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിലും ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാലും മേൽ വിവരങ്ങൾ ലഭ്യമല്ല.

(ഡി) ഉണ്ട്. എൻ.എച്ച്.എ.ഐ. യിൽനിന്നും ഫണ്ട് ലഭിക്കുവാനുള്ള കാലതാമസവും വ്യക്തിഗത വിലനിർണ്ണയം പൂർത്തിയാകാത്തതുമാണ് കാരണം.

(ഇ) ശരിയാണ്. കാസർഗോഡ്, കാഞ്ഞങ്ങാട്, അടുക്കത്ത്ബയൽ വില്ലേജുകളിൽ അടുത്തിടെ അനുവദിച്ച നഷ്ടപരിഹാര വിതരണം എൻ.എച്ച്.എ.ഐ തടഞ്ഞുവയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി വില്ലേജുകളിലെ ഭൂമിക്ക് വില നിർണ്ണയിച്ചത് കൂടുതലാണെന്ന നിഗമനത്തിലാണിത്. വിലനിർണ്ണയം എൻ.എച്ച്.എ.ഐ അംഗീകരിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്.

**മങ്കട മണ്ഡലത്തിലെ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

88 (T*4763) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ദേശീയപാത വിഭാഗത്തിൽ നിലവിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(സി) ഇതിന്റെ അനുമതിയ്ക്കായി എന്തെല്ലാം വിവരങ്ങൾ ആണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) ഈ വിവരങ്ങൾ ഏത് ഉത്തരവ് പ്രകാരമാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അനുബന്ധ രേഖകളുടെ അപര്യാപ്തതമൂലം പൂർണ്ണമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രൊപ്പോസലിന്റെ അനുമതിക്കായി പഞ്ചായത്ത് റോഡ് സേഫ്റ്റി അതോറിറ്റിയുടെ യോഗനടപടി കുറിപ്പ്, ബന്ധപ്പെട്ട ആർ.ടി.ഒ.യുടെ സമ്മതപത്രം, ലൊക്കേഷൻ സ്കെച്ച് എന്നിവ ആവശ്യമാണ്.

(ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡബ്ല്യു. പി. (സി) 5218/19 വിധിയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത്തല ട്രാഫിക് സേഫ്റ്റി അതോറിറ്റിയുടെ യോഗനടപടി കുറിപ്പ് ആവശ്യപ്പെട്ടത്. കൂടാതെ ബസ്സ് ഷെൽട്ടറുകൾ അനുവദിക്കുമ്പോൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെയും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെയും മാനദണ്ഡങ്ങൾ പ്രകാരം വാഹന ഗതാഗതത്തിനും റോഡ് സുരക്ഷയ്ക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താനുമാണ് മേൽപ്പറഞ്ഞ രേഖകൾ ആവശ്യപ്പെട്ടത്.

## തലപ്പാടി മുതൽ കാസർഗോഡ് വരെയുളള ദേശീയപാതയിലെ അറ്റകുറ്റപ്പണികൾ

89 (4764) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പാടി മുതൽ കാസർകഗോഡ് വരെയുള്ള ദേശീയ പാതയിൽ കുളങ്ങളോളം വലുപ്പത്തിൽ കുഴികൾ രൂപപ്പെട്ടത് കാരണം ജനങ്ങൾ സഹിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുഴികൾ അടയ്ക്കുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവൃത്തി ഏൽപ്പിച്ച കരാറുകാരൻ ആവശ്യമായ വസ്തുക്കൾ ഉപയോഗിച്ചില്ലായെന്നതിനാൽ മഴ വന്നപ്പോൾ സ്ഥിതി വഷളായെന്ന ജനങ്ങളുടെ പരാതിയിൽ വസ്തുതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഉപയോഗിച്ച വസ്തുക്കൾ എന്താണെന്നും പണിനടക്കുമ്പോൾ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥന്മാർ ആരാണെന്നും വ്യക്തമാക്കാമോ; വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) എത്ര രൂപയുടെ പണി നടന്നതിന് ശേഷമാണ് മഴ വന്ന് ഫലമില്ലാതെയായതെന്നും ഈ നഷ്ടം ആര് വഹിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റോഡിലെ തകരാറുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മഴ തുടരുന്ന സാഹചര്യമായതിനാൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള വെറ്റ് മിക്സ് മാത്രമാണ് കുഴി അടയ്ക്കുന്നതിന് ഇപ്പോൾ ഉപയോഗിച്ചിട്ടുള്ളത്. ബി.എം.&ബി.സി. പ്രവൃത്തികൾ മഴ കാരണം ചെയ്യാൻ സാധിച്ചിട്ടില്ല. ബി.എം.&ബി.സി. പ്രവൃത്തികൾ കൂടി ചെയ്താൽ മാത്രമേ റോഡ് പൂർണ്ണമായും ഗതാഗത യോഗ്യമാക്കാൻ സാധിക്കുകയുള്ളൂ. കുഴി അടയ്ക്കുന്നതിന് ഉപയോഗിച്ച വെറ്റ്മിക്സ് പൂർണ്ണമായും ഗുണനിലവാരം ഉറപ്പ് വരുത്തിയതാണ്. എന്നാൽ മഴയുടെ കാഠിന്യംമൂലം ചില ഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ജില്ലയിൽ മഴ മാറുന്ന മുറയ്ക്ക് ടാറിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ ചെയ്ത് റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതാണ്.

(സി) വെറ്റ്മിക്സ് ഉപയോഗിച്ച് കൊണ്ടുള്ള മെയിന്റനൻസ് പ്രവൃത്തികളാണ് ആദ്യഘട്ടത്തിൽ ചെയ്തത്. എൻ.എച്ച്. സെക്ഷൻ കാസർഗോഡിലെ ഓവർസിയർമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും എൻ.എച്ച്. സബ് ഡിവിഷൻ കാസർഗോഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും നേതൃത്വത്തിലാണ് പ്രവൃത്തികൾ നടത്തുന്നത്. കനത്ത മഴ സമയത്ത് അടിയന്തരമായി ചെയ്യാവുന്ന പ്രവൃത്തി വെറ്റ് മിക്സ് ഇട്ട് കുഴികൾ അടയ്ക്കുക എന്നതാണ്. ഇത് കുറേയൊക്കെ ഇളകിപ്പോകാൻ സാദ്ധ്യതയുള്ളതാണ്. മഴ മാറുന്ന മുറയ്ക്ക് മാത്രമേ ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്ത് റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ചയൊന്നും സംഭവിച്ചിട്ടില്ല.

(ഡി) ഏകദേശം രണ്ടര ലക്ഷം രൂപയുടെ പണി നടന്നതിനുശേഷമാണ് മഴമൂലം ചില ഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചത്. അതിശക്തമായ മഴ കാരണം ഇതിൽ ഏകദേശം അമ്പതിനായിരം രൂപയുടെ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ആയത് അതേ കരാറുകാരനെക്കൊണ്ടുതന്നെ വീണ്ടും ചെയ്യിക്കുന്നുണ്ട്. ഈ ഇനത്തിൽ സംഭവിക്കുന്ന നഷ്ടം കരാറുകാരന്റെ ബാധ്യതയാണ്. ആയതിനാൽ സർക്കാരിന് ഇക്കാര്യത്തിൽ യാതൊരു നഷ്ടവും ഇല്ല.

**കഴക്കൂട്ടം-മുക്കോല ബൈപാസ്സിന്റെ നിർമ്മാണ പ്രവർത്തനം**

90 (4765) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം - മുക്കോല ബൈപാസ്സിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) 2017 നവംബറിൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട് തുടങ്ങിയ പദ്ധതി നീണ്ടുപോകുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) ഈഞ്ചക്കലിൽ നിർമ്മിക്കുവാൻ തീരുമാനിച്ച അടിപ്പാതയുടെ നിർമ്മാണം നാട്ടുകാരുടെ എതിർപ്പിനെത്തുടർന്ന് മരവിപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന് പകരം എന്ത് സംവിധാനമാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ബൈപ്പാസിന്റെ ഭാഗമായ 26.5 കി.മീ നീളമുള്ള കഴക്കൂട്ടം-മുക്കോല സ്ട്രെച്ചിന്റെ നിർമ്മാണം 96.42% പൂർത്തിയായിട്ടുണ്ട്.

(ബി) പല ജംഗ്ഷനുകളിലും അലൈൻമെന്റിൽ വരുന്ന പൊതുജനങ്ങളുടെ എതിർപ്പ്, സ്ലോപ്പിലുള്ള വ്യതിയാനം, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ വിഭാഗങ്ങളുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായുള്ള എസ്റ്റിമേറ്റുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം, മരം മുറിക്കാനുള്ള അനുമതിയ്ക്കുള്ള കാലതാമസം, നിലവിലെ എയർപോർട്ടിന്റെ മുൻവശത്തെ റാമ്പ് പൊളിക്കാതെ ചാക്ക ഫ്ലൈഓവർ നിർമ്മിക്കുമ്പോൾ സ്ലോപ്പിൽ വന്ന വ്യതിയാനം എന്നീ കാരണങ്ങൾ കൊണ്ടാണ് പദ്ധതി നീണ്ടുപോകുന്നത്.

(സി) ഈഞ്ചക്കലിൽ നിർമ്മിക്കുവാൻ തീരുമാനിച്ച അടിപ്പാതയുടെ നിർമ്മാണം നാട്ടുകാരുടെ എതിർപ്പിനെതുടർന്ന് മരവിപ്പിച്ചിട്ടുണ്ട്.

(ഡി) കഴക്കൂട്ടം-മുക്കോല ബൈപാസ് നിർമ്മാണത്തിന്റെ ഭാഗമായ ഈഞ്ചക്കൽ ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുന്നതിനായി സ്ലോപ്പിൽ മാറ്റം വരുത്താൻ തീരുമാനിച്ചെങ്കിലും പൊതുജനങ്ങളുടെ എതിർപ്പുമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ കോൺട്രാക്ടിൽ വിഭാവനം ചെയ്ത പോലെ ജംഗ്ഷന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ദേശീയപാതയിലെ വാഹനത്തിരക്ക്**

91 (4766) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 766-ൽ വാഹനത്തിരക്ക് ഒഴിവാക്കാൻ എന്തെങ്കിലും നടപടി വിഭാവനം ചെയ്യുന്നുണ്ടോ;

(ബി) കുന്ദമംഗലം ടൗണിൽ ഫ്ലൈ ഓവർ നിർമ്മിക്കാൻ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് പദ്ധതികളുണ്ടോയെന്നറിയാമോ;

(സി) വയനാട് ചുരത്തിലെ ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയപാത 766-ൽ വാഹനത്തിരക്ക് ഒഴിവാക്കുന്നതിനുവേണ്ടി പേവ്ഡ് ഷോൾഡറോട്ടുകൂടി രണ്ടുവരി പാതയാക്കുന്ന പ്രവൃത്തിയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന കൺസൾട്ടൻസി പ്രവൃത്തിക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുകയും ആയത് പുരോഗതിയിലുമാണ്.

(ബി) മേൽ പറഞ്ഞ പദ്ധതി രൂപരേഖ പൂർത്തീകരിച്ചാൽ മാത്രമേ കുന്ദമംഗലം ടൗണിൽ ഫ്ലൈ ഓവറിന്റെ ആവശ്യകത അറിയുവാൻ സാധിക്കുകകയുള്ളൂ.

(സി) ദേശീയ പാത 766 ചുരം ഉൾപ്പെടുന്ന പുതുപ്പാടി മുതൽ മുത്തങ്ങ വരെയുള്ള 45 കി.മീ പേവ്ഡ് ഷോൾഡറോട്ടുകൂടിയ രണ്ടുവരിപ്പാതയായി IRC മാനദണ്ഡങ്ങൾ പ്രകാരം വികസിപ്പിക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിന്റെ അലൈൻമെന്റ് ഓപ്ഷൻ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുകയാണ്. ഈ രീതിയിൽ ഗതാഗത സാന്ദ്രതയ്ക്ക് അനുയോജ്യമായി വികസിക്കുമ്പോൾ വാഹനങ്ങൾക്ക് നിശ്ചിത വേഗത്തിൽ ചുരത്തിൽക്കൂടി യാത്ര ചെയ്യാൻ സാധിക്കുന്നതാണ്. കൂടാതെ അടിവാരം മുതൽ ചുണ്ടേൽ വരെയുള്ള 21 കിലോമീറ്ററിന്റെ ബലപ്പെടുത്തുന്ന പ്രവൃത്തികൾ ഈ വർഷത്തെ കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകാരം നേടുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

## ഡോ. കെ. ആർ. നാരായണൻ സാംസ്കാരിക കേന്ദ്രത്തിന് പൊതുമരാമത്ത് അംഗീകാരം

92 (4767) <u>ശ്രീ. മോൻസ് ജോസഫ് </u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ രാഷ്ട്രപതി ഡോ.കെ.ആർ. നാരായണന്റെ ജൻമശതാബ്ദി വർഷാചരണം പ്രമാണിച്ച് അദ്ദേഹത്തിന്റെ ജൻമനാടായ ഉഴവൂരിൽ ഡോ.കെ.ആർ.നാരായണൻ സ്മാരക ലൈബ്രറി മന്ദിരവും സാംസ്കാരിക കേന്ദ്രവും സ്മൃതിമണ്ഡപവും നിർമ്മിക്കുന്നതിന് 2019-20 ബഡ്ജറ്റിൽ ഇരുപത് ലക്ഷം രൂപ Volume II Page No. 127 Work Number - 2700 ആയി പ്രഖ്യാപിച്ച നിർമ്മാണ പ്രവർത്തനത്തിന് പൊതുമരാമത്ത് വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഈ

വർക്കിന് എന്നേക്ക് അംഗീകാരം നൽകുമെന്ന് വ്യക്തമാക്കാമോ; ഈ വർക്കിനുള്ള ഉത്തരവിറക്കിയിട്ടുണ്ടെങ്കിൽ കോപ്പി നൽകാമോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

ഡോ. കെ. ആർ. നാരായണൻ സ്മാരക ലൈബ്രറി മന്ദിരവും സാംസ്കാരിക കേന്ദ്രവും സ്മൃതി മണ്ഡപവും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുവാൻ കാലതാമസം നേരിട്ടിരുന്നു. നിലവിൽ ജയ്ഹിന്ദ് ലൈബ്രറി, ഉഴവൂർ എന്ന കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഈ കെട്ടിടം പൊളിച്ചുമാറ്റി അവിടെ ടി പ്രവൃത്തി ചെയ്യാമെന്ന് 30-10-2019-ൽ ധാരണയായതിനെ തുടർന്ന് 7-11-2019-ൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

93 (4768) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലുള്ള സ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

(ബി) ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാമോ;

ഉത്തരം

(എ&ബി) ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിൽ ഡോക്ടർമാരുടെ ക്വാർട്ടേഴ്സ്, ആയുർവേദ ആശുപത്രിക്ക് കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി

94 (4769) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് നിർമ്മാണം, ആയുർവേദ ആശുപത്രിക്ക് കെട്ടിടനിർമ്മാണം എന്നീ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മണലൂർ മണ്ഡലത്തിലെ ബഡ്ജറ്റ് വർക്ക് 2018-2019 മുല്ലശ്ശേരി ബ്ലോക്ക് ഹോസ്പിറ്റലിൽ ക്വാർട്ടേഴ്സ് നിർമ്മാണം PRICE ID No. BL/2019/5062 മുഖാന്തരം 2,70,00,000 രൂപയുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ബഡ്ജറ്റ് വർക്ക് 2017-18 മുല്ലശ്ശേരി ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണം. PRICE ID No. BL/2017/6201 പ്രകാരം 490 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഡയറക്ടർ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനു (ISM) പുനർസമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്.

## കടുക്കപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കെട്ടിട നിർമ്മാണം

95 (4770) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ കടുക്കപുരം ഗവൺമെന്റ്ഹയർ സെക്കന്ററി സ്കൂളിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ; നിർമ്മാണം പൂർത്തിയാക്കുന്നതിന് അധിക തുക ആവശ്യമായി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അധിക തുക ചെലവഴിക്കേണ്ടി വന്നതിന്റെ സാഹചര്യം വ്യക്തമാക്കാമോ;

(സി) നിലവിൽ അധിക തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ സർക്കാർ പരിഗണനയിലാണോ; ആണെങ്കിൽ ഫയൽ നമ്പർ അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിലെ കടുക്കപുരം ഗവ.ഹയർ സെക്കന്ററി സ്കൂളിൽ എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തി നടത്തിയിട്ടില്ല. എന്നാൽ 2015-16 എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ കടുക്കപുരം ഗവ. ഹൈസ്കൂളിന് കെട്ടിട നിർമ്മാണത്തിനായി

അനുവദിച്ചിരുന്നു. ഈ തുകയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച ഒരു കോടി രൂപയിൽ പൂർത്തീകരിക്കാൻ കഴിയാത്ത ചില ഫിനിഷിംഗ് പ്രവൃത്തികൾ ഇനിയും ചെയ്യാനുണ്ട്.

(ബി) മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ബാക്കി ചെയ്യാനുള്ള ഫിനിഷിംഗ് പ്രവൃത്തികൾക്ക് പുതുതായി തുക കണ്ടെത്തേണ്ടതുണ്ട്. തുടക്കത്തിൽ അംഗീകരിച്ച 12 ക്ലാസ്സ് റൂമുകളോടെ 2 നില (G+1) കെട്ടിടത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പിന്നീട് സ്കൂൾ അധികാരികളുടെ നിർദ്ദേശത്താൽ 12 ക്ലാസ്സ് റൂമുകൾ 3 നില (G+2) കെട്ടിടമായി മാറ്റം വരുത്താൻ നിർദ്ദേശിക്കുകയും സ്ട്രക്ച്ചറിൽ ഇതുകാരണം വ്യതിയാനം സംഭവിക്കുകയുമാണുണ്ടായത്. അതിനാലാണ് തുക തികയാത്ത സാഹചര്യം ഉണ്ടായത്.

(സി) പ്രസ്തുത കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി CE/BL/PL3/MLPM/350/19/BL തീയതി 12-6-2019 ആയി 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി DPI-ക്ക് സമർപ്പിച്ചിട്ടുണ്ട്.

## നേര്യമംഗലത്ത് പി.ഡബ്ല്യു.ഡി എഞ്ചിനീയർമാരുടെ പരിശീലന കേന്ദ്ര നിർമ്മാണം

96 (4771) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്തെ പി.ഡബ്ളൂ.ഡി എൻജിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) നിലവിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും പൂർത്തീകരിക്കാനുള്ള ഓരോ പ്രവൃത്തിയും എന്നത്തേക്ക് തീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ മൂന്നാംഘട്ട നിർമ്മാണത്തിന്റെ പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രത്തിൽ നാലാംഘട്ടമായി നിർമ്മിക്കുന്ന കൺവെൻഷൻ സെന്ററിന്റേയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പരിശീലന കേന്ദ്രം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിലെ എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്ര നിർമ്മാണ പദ്ധതിയിൽ ഒന്നാംഘട്ടത്തിലും രണ്ടാം ഘട്ടത്തിലും വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ 2 ബേസ്മെന്റ് ഫ്ലോറിന്റെ പണികൾ നടത്തി. മൂന്നാംഘട്ട ബാലൻസ് പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരുന്ന റെസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകളുടെ നിർമ്മാണവും basement, floor, tress പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ ഈ കോമ്പൗണ്ടിൽ തന്നെ റീജിയണൽ ക്വാളിറ്റി കൺട്രോൾ ഓഫീസിന്റെയും ലാബിന്റെയും പണിയും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി&സി) ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 448 ലക്ഷം രൂപ ചെലവിൽ 3553 ച.മീ. വിസ്തീർണത്തിൽ സെല്ലാർ, താഴത്തെ നില, ഒന്നാം നില എന്നിവ 2-7-2013 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ വാഹന പാർക്കിംഗ്, സ്റ്റാഫിന് താമസ സൗകര്യം, ഡൈനിംഗ് ഹാളുകൾ, അടുക്കള, ഡോർമെറ്ററി, റീഡിംഗ് റൂം, ലൈബ്രറി, അഞ്ച് സെമിനാർ ഹാളുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ നിലവിലുള്ള കെട്ടിടത്തിനു മുകളിൽ 1276 ച.മീ വിസ്തീർണ്ണത്തിൽ രണ്ടാം നിലയും ഒന്നാംഘട്ട പൂർത്തീകരണ വേലകൾ ഉൾപ്പെടെ 700 ലക്ഷം രൂപ മുടക്കി 1-12-2016 ൽ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ വലുതും ചെറുതുമായ ഓരോ കോൺഫറൻസ് ഹാളുകൾ, ഓഡിറ്റോറിയം, ടോയ്‌ലെറ്റ് സൗകര്യം എന്നിവയും ചുറ്റുമതിൽ, ഗേറ്റ്, കെട്ടിടത്തിലേക്കുള്ള റോഡ്, മുറ്റം ടൈൽസ് വിരിക്കൽ എന്നിവയും ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വേലകളും ഉൾപ്പെടുന്നു. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 3033 ച.മീ വിസ്തീർണ്ണത്തിൽ 45 മുറികളും 3 സ്യൂട്ടുകളും, ഫർണീച്ചറും ഉൾപ്പെടെ റെസ്റ്റ് ഹൗസിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 32 മുറികൾ ഉൾപ്പെടെ രണ്ട് ബേസ്മെന്റ് നിലകളുടെയും ഒന്നാം നിലയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിനുവേണ്ട ഫർണിച്ചർ സപ്ലൈ ചെയ്തിട്ടുണ്ട്. റെസ്റ്റ് ഹൗസിലേക്ക് വേണ്ട ഫർണീച്ചറുകളുടെ സപ്ലൈ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ മൂന്നാംഘട്ട ബാലൻസ് വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ രണ്ടും മൂന്നും നിലകളുടെ നിർമ്മാണവും ബേസ്മെന്റ് ഫ്ലോറുകളുടെ പൂർത്തീകരണ വേലകളും ഉൾപ്പെടുന്നു. എഗ്രിമെന്റ് പ്രകാരം മൂന്നാംഘട്ട ബാക്കി വേലകൾ 10-12-2020 ൽ പൂർത്തീകരിക്കും. ട്രെയിനിംഗ് സെന്ററിന്റെ ഇലക്ട്രിക്കൽ വേലകൾ, ഫയർ സേഫ്റ്റി, ലിഫ്റ്റ് ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. റെസ്റ്റ് ഹൗസിൽ ഇലക്ട്രിക്കൽ വേലകൾ പുരോഗമിക്കുന്നു. കൂടാതെ ട്രെയിനിംഗ് സെന്ററിൽ എയർ കണ്ടീഷണർ, ട്രാൻസ്ഫോർമർ അഡീഷണൽ ഇലക്ട്രിക്കൽ ഉൾപ്പെടെ 94 ലക്ഷം രൂപയുടെ

എസ്റ്റിമേറ്റ് ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിലെ ഇലക്ട്രോണിക്സ് വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ട്രെയിനിംഗ് സെന്ററിലെ നിരീക്ഷണ ക്യാമറ ഘടിപ്പിക്കൽ, സൗണ്ട് സിസ്റ്റം, അഡീഷണൽ ഇലക്ട്രോണിക്സ് വർക്കുകളും റെസ്റ്റ് ഹൗസിലെ വർക്കുകൾക്കും ഉദ്ദേശം 1.25 കോടി രൂപ ആവശ്യമുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് ഉടനെ തയ്യാറാക്കുന്നതാണ്.

(ഡി) ഈ കോമ്പൗണ്ടിൽ തന്നെ നാലാംഘട്ടമായി കൺവെൻഷൻ സെന്ററിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനുവേണ്ട മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ എ.ആർ. ഡ്രോയിംഗ്, സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കൽ എന്നിവയുടെ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിലായി പൂർത്തീകരിച്ച കെട്ടിടത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് ഘട്ടംഘട്ടമായി പ്രവർത്തന സജ്ജമാക്കാവുന്നതാണ്. 2015 ൽ പൂർത്തിയാക്കിയ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും ഓഫീസും പ്രവർത്തന സജ്ജമാക്കുന്നതിന് ലബോറട്ടറി ഉപകരണങ്ങളും ജീവനക്കാരെയും നിയമിക്കേണ്ടതുണ്ട്. മൂന്നാംഘട്ട ബാലൻസ് വേലകളിൽ ഉൾപ്പെടുന്ന പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസിന്റെ ബാക്കി നിർമ്മാണ വേലകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം നടത്തുന്നതിന് ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് അഡീഷണൽ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച് പണികൾ പൂർത്തീകരിക്കേണ്ടതുണ്ട്. നാലാം ഘട്ടത്തിലെ കൺവെൻഷൻ സെന്റർ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയ്ക്ക് ഡിസൈൻ തയ്യാറാക്കി കിട്ടുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തികരിച്ച് മാത്രമേ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാനാവുകയുള്ളൂ.

## കാട്ടാക്കടയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് സമുച്ചയം

97 (4772) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് സമുച്ചയം കാട്ടാക്കട മേപ്പൂക്കടയിൽ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ; ആയതിന്റെ അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് സമുച്ചയം കാട്ടാക്കട മേപ്പൂക്കടയിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളിയിലെ സ്കൂളിന് മന്ദിരം നിർമ്മിക്കാൻ സാങ്കേതികാനുമതി**

98 (4773) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഗവ. ഹയർ സെക്കന്ററി & വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നബാർഡിന്റെ സഹായത്തോടെ ബഹുനില മന്ദിരം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതിക്ക് സാങ്കേതികാനുമതി നൽകി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഡിസൈനിംഗ് പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി കാലതാമസം വരുത്താതെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 6.925 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

(ബി) സ്ഥലപരിമിതിമൂലം സ്കൂളിന്റെ ക്ലാസ്സ് മുറികളുടെ പ്ലാൻ പലതവണ ആർക്കിടെക്ച്ചറൽ വിംഗിന് മാറ്റി വരയ്ക്കേണ്ടി വന്നതാണ് കാലതാമസത്തിന് കാരണം.

(സി) ലബോറട്ടറി കെട്ടിടത്തിന്റെ പ്ലാൻ ഫൈനൽ ഡ്രോയിംഗിനായി ആർക്കിടെക്ച്ചറൽ വിംഗിന് സമർപ്പിച്ചിരിക്കുകയാണ്.

(ഡി) ക്ലാസ്സ് മുറികളുടെ പ്ലാൻ മുനിസിപ്പൽ അധികൃതരുടെ അംഗീകാരത്തിനായി കൊടുത്തിരിക്കുകയാണ്. അംഗീകാരം ലഭ്യമായാലുടൻ പ്രവൃത്തി കാലതാമസം വരുത്താതെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

99 (4774) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് കിഫ്ബി ഫണ്ടുപയോഗിച്ച് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് കിഫ്ബി ഫണ്ടുപയോഗിച്ച് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

കേരള റോഡ് ഫണ്ട് ബോർഡ്

1. കിഫ്ബി 2016-17 ചാലക്കുടി-ആനമല റോഡ്-27.96 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ റോഡിന്റെ വീതിയെ സംബന്ധിച്ച് കിഫ്ബിയിൽ നിന്നുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ എസ്റ്റിമേറ്റിൽ തിരുത്തലുകൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

2. മലയോര ഹൈവേ വികസനം-വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള പ്രവൃത്തിക്ക് 80.57 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 12 മീറ്റർ വീതിയിൽ അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് ഭൂമി ലഭ്യമാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

3. കിഫ്ബി 2017-18 പൂവത്തിങ്കൽ വേളൂക്കര റോഡ്- സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

4. കിഫ്ബി 2017-18 മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ്-31.23 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. ചാലക്കുടി മോതിരക്കണ്ണി റോഡ്-സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡിപിആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

6. കിഫ്ബി 2017-18 ആറങ്ങാലിക്കടവ് പാലം-സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

7. കിഫ്ബി 2017-18 പാറക്കുട്ടം പാലം-സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

8. കിഫ്ബി 2016-17 കാഞ്ഞിരപ്പള്ളി കുന്നപ്പള്ളിക്കടവ് പാലം-ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഡിപിആർ തയ്യാറാക്കി വരുന്നു.

ആർ.ബി.ഡി.സി.കെ

ചിറങ്ങര ആർ.ഒ.ബി.

ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 19.96 കോടി രൂപയുടെ കിഫ്ബി അംഗീകാരം 27-7-2017-ന് ലഭിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഡിസ്ട്രിക്ട് കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ അന്തിമഘട്ടമായ 11(1) വിജ്ഞാപനം 4-9-19 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

100 (4775) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരുന്ന ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആലക്കോട് പാലത്തിന്റെ നിർമ്മാണം മാത്രമാണ് 2019-20 ബഡ്ജറ്റിൽ 20% പ്രൊവിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുപ്രകാരം 120 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ടി പാലത്തിന്റെ 380 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ ഭരണാനുമതി നൽകാനാവൂ.

## പൊതുമരാമത്ത് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക

101 (4776) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ പി.എ., സെലക്ഷൻ ഗ്രേഡ് സി.എ., സീനിയർ ഗ്രേഡ് സി.എ., സി.എ ഗ്രേഡ്- II, സി.എ ഗ്രേഡ്- I തസ്തികകളുടെ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ്; എത്ര പേർ ഓരോ ഗ്രേഡിലും ജോലി ചെയ്യുന്നു; വിശദമാക്കാമോ;

(ബി) ടി തസ്തികകളിൽ എത്ര പേർ കോൺട്രാക്ട്/എംപ്ലോയ്മെന്റ്/ഡെയ്‌ലി വേജസ്/ഡെപ്യൂട്ടേഷൻ/ബൈ ട്രാൻസ്ഫർ/കംപാഷണേറ്റ് എന്നീ വ്യവസ്ഥകളിൽ ജോലി ചെയ്യുന്നു; വിശദമാക്കാമോ; വിശദാംശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിൽ ടി തസ്തികകളിൽ എത്ര പേർ പി.എസ്.സി. നിയമനം വഴി ജോലി ചെയ്യുന്നു; തിരുവനന്തപുരം ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ സി.എ. മാരുടെ 1-4-2019 മുതൽ 15-10-2019 വരെ (എച്ച്.ക്യൂ. ഉൾപ്പെടെ) പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശവും റിപ്പോർട്ട് ചെയ്ത കത്തിന്റെയും ബന്ധപ്പെട്ട രേഖകളുടെയും പകർപ്പുകളും ലഭ്യമാക്കാമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ പി.എ തസ്തിക നിലവിലില്ല. വകുപ്പിലെ സി.എ. തസ്തികയുടെ സാങ്ഷൻഡ് സ്ട്രെങ്ത്തും നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| | സാങ്ഷൻഡ് സ്ട്രെങ്ത് | നിലവിൽ ജോലി ചെയ്യുന്നവർ |
|---|---|---|
| സെലക്ഷൻ ഗ്രേഡ് സി.എ | 7 | 7 |
| സീനിയർ ഗ്രേഡ് സി.എ | 7 | 7 |
| സി.എ.ഗ്രേഡ് I | 7 | 7 |
| സി.എ.ഗ്രേഡ് II | 9 | 7 |
| ആകെ | 30 | 28 |

(ബി) കോൺട്രാക്ട്/എംപ്ലോയ്മെന്റ്/ഡെയ്‌ലി വേജസ്/ ഡെപ്യൂട്ടേഷൻ/ കംപാഷണേറ്റ് വ്യവസ്ഥയിൽ നിയമിതരായവർ വകുപ്പിൽ ഇല്ല. ബൈ ട്രാൻസ്ഫർ നിയമനം വഴി 9 പേരും ജില്ലാ കളക്ടറുടെ നിയമനം വഴി ഒരാളും (PH) വകുപ്പിൽ ജോലി ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പി.എസ്.സി. മുഖേന സി.എ. തസ്തികയിൽ നിലവിൽ 18 പേർ ജോലി ചെയ്യുന്നു. തിരുവനന്തപുരം ജില്ലയിൽ ഒരൊഴിവ് (ഹെഡ് ക്വാർട്ടേഴ്സ്) നിലവിലുണ്ട്.

(ഡി) 1-4-2019 മുതൽ 15-10-2019 വരെ തിരുവനന്തപുരം ജില്ലയിൽ ഒരു ഹെഡ് ക്വാർട്ടർ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**പിറവം നിയോജക മണ്ഡലത്തിലെ റോഡുകൾ**

102 (4777) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018- ലെ പ്രളയത്തിൽ തകർന്ന പി.ഡബ്ല്യു.ഡി. റോഡുകൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽപ്പെടുത്തി പുനരുദ്ധീകരിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത റോഡുകളുടെ ഡി.പി.ആർ. എടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ സെൻട്രൽ സോണിൽ പിറവം നിയോജകമണ്ഡലത്തിലെ റോഡുകളുടെ ഡി.പി.ആർ. എടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) പിറവം നിയോജകമണ്ഡലത്തിലെ കുമരകം-നെടുമ്പാശ്ശേരി റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി M/s.Louis Berger Consulting Pvt.Ltd എന്ന കൺസൾട്ടന്റിന് 17-10-2019-ൽ കരാർ നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റ് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊച്ചി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

103 (4778) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പ്രവൃത്തികളിൽ എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്; പൂർത്തിയാക്കാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനുള്ളത് ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുകയുടെ വീതം ആണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇനി ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൊച്ചിയിലെ മൂന്ന് പാലങ്ങളുടെ റുട്ടീൻ മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പഷ്ണിതോട് പാലം, പുത്തൻതോട് പാലം, പെരുമ്പടപ്പ് പാലം-5.30 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

നിരത്തുകൾ, കെട്ടിട വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) മണ്ണ് പരിശോധന നടത്തുന്നതിന് ഭരണാനുമതി നൽകിയ പാലങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. സൗത്ത് ചെല്ലാനം സൊസൈറ്റി പാലം-പുനർനിർമ്മാണം-5.20 ലക്ഷം രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. ചാളക്കടവ് പാലം-പുനർനിർമ്മാണം - 5.20 ലക്ഷം രൂപ

3. പുത്തൻതോട് പാലം-പുനർനിർമ്മാണം -8.39 ലക്ഷം രൂപ

4. കണ്ടകടവ് പാലം-പുനർനിർമ്മാണം -8.42 ലക്ഷം രൂപ

ജി.എസ്.ടി. വർദ്ധനമൂലം പുതുക്കിയ ഭരണാനുമതി നൽകുന്നതിന് പ്രസ്തുത പാലങ്ങളുടെ മണ്ണ് പരിശോധനയ്ക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുകയാണ്.

നിരത്തുകൾ വിഭാഗത്തിനുകീഴിൽ സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളിൽ 1044.90 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

കെട്ടിട വിഭാഗത്തിനുകീഴിൽ

1. എം.എൽ.എ.-എ.ഡി.എസ്.-ഫോർട്ട് കൊച്ചി ഫാത്തിമ ഗേൾസ് ഹൈസ്കൂളിൽ അടുക്കള നിർമ്മാണം-10 ലക്ഷം രൂപ. സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

2. പള്ളുരുത്തി എസ്.വി.ഡി.എൽ.പി. സ്കൂളിൽ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം-10 ലക്ഷം രൂപ-ടെണ്ടർ ചെയ്തിട്ടുണ്ട്.

3. ഡി.പി.ഐ കുമ്പളങ്ങി ഗവ. യു.പി.സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം-ഒരു കോടി രൂപ-മഴ മൂലം പണി ആരംഭിച്ചിട്ടില്ല.

(സി) നിരത്തുകൾ വിഭാഗത്തിനുകീഴിൽ Improvement to Kochangadi road-90 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെട്ടിട വിഭാഗത്തിനുകീഴിൽ 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പള്ളുരുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിക്ക് സ്ഥലം കണ്ടെത്താത്തതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുമ്പളങ്ങി കെൽട്രോൺ-കെൽട്രോൺ ഫെറി പാലത്തിന് സാമ്പത്തികാനുമതിക്കായി 48.65 കോടി രൂപയുടെ ഡി.പി.ആർ നൽകിയിട്ടുണ്ട്.

നിരത്തുകൾ വിഭാഗത്തിനുകീഴിൽ കൊച്ചി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. RD/2019/2688-Budget work 2019-20 Providing drainage facilities in Pandikkudy Chellanam Road between Ch 10/500 to 14/000-1 Crore

2. RD/2019/3925-Budget work 2019-20 Improvements to Harbour approach road-1 Crore

3. RD/2019/2686-Budget work 2019-20 Providing drainage facilities and BM&BC in Pandikkudy Chellanam Road between Ch 0/000 to 1/200- Rs. 2,13,54,000/-

**മലപ്പുറം ജില്ലയിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

104 (T*4779) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ അനുമതിയ്ക്കായി എന്തെല്ലാം രേഖകളാണ് ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്; അനുമതി സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) സർക്കാർ ഉത്തരവോ ജില്ലാ ഭരണകൂടത്തിന്റെ ഉത്തരവോ ഇല്ലാതെ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾക്ക് റോഡ് സേഫ്റ്റി അതോറിറ്റി, ആർ.ടി.ഒ. എന്നിവരുടെ അനുമതി ആവശ്യപ്പെട്ടതിന്റെ സാഹചര്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-6-2018 -ലെ ഉത്തരവ് നമ്പർ എ 3/664/ബസ്ഷെൽട്ടർ/2017 പ്രകാരം ബഹുമാനപ്പെട്ട കൊണ്ടോട്ടി എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഏഴ് സ്ഥലങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുന്നതിന് മലപ്പുറം ജില്ലയിലെ ദേശീയപാതാ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബസ് കാത്തിരിപ്പ് കേന്ദ്രത്തിന്റെ പ്ലാനുകൾ, ലൊക്കേഷൻ സ്കെച്ച്, പൊതുജനങ്ങൾക്കും ട്രാഫിക്കിനും തടസ്സം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെയോ/ആർ.ടി.ഒ.യുടെയോ ശിപാർശ കത്തും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം എന്നീ രേഖകൾ ആണ് ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെയും ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റെയും നിർദ്ദേശങ്ങൾ ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത സ്ഥലങ്ങളിൽ അനുവദിക്കപ്പെട്ട ബസ് സ്റ്റോപ്പുകളുടെയും വിവരം അറിയുന്നതിനാണ് ആർ.ടി.ഒ.-യുടെ ശിപാർശ കത്ത് ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി) നമ്പർ 5218/19 വിധിയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത്തല റോഡ് സേഫ്റ്റി അതോറിറ്റിയുടെ തീരുമാനം ആവശ്യപ്പെട്ടത്.

**കയ്പമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

105 (4780) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കയ്പമംഗലം നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നുമുള്ളതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കയ്പമംഗലം നിയോജക മണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിനുകീഴിൽ

1. കിഫ്ബി-2016-17 ൽ ഗോതുരുത്ത്-കരുപ്പടന്ന (ഗോതുരുത്ത്-പുല്ലൂറ്റ്) പാലത്തിന് 13.93 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

2. കിഫ്ബി 2017-18 -ൽ അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിന് സ്ഥലമെടുപ്പിനായി 14.616 കോടി രൂപയുടെ പാർട്ട് സാങ്കേതികാനുമതി ലഭ്യമായി, സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു.

3. പുത്തൻപ്പള്ളി മുനയ്ക്കൽ പാലം പുനർ നിർമ്മാണത്തിനായി എസ് എൽ ടി

എഫ്-ൽ ഉൾപ്പെടുത്തി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന് മണ്ണ് പരിശോധന പൂർത്തീകരിച്ച് ഡിസൈനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

4. ഉപ്പുംതുരുത്തി പാലം നിർമ്മാണത്തിനായി 2018-19 വർഷത്തെ ബഡ്ജറ്റിലും 2019-20 ലെ ബഡ്ജറ്റിലും 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരുന്നു. ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്.

5. 2018-19 ലെ ബഡ്ജറ്റിൽ ചക്കരപാടം മഴവഞ്ചേരി പാലം നിർമ്മാണത്തിനായി 100 രൂപ ടോക്കൺ പ്രൊവിഷൻ നൽകിയിരുന്നു.

മേൽ പ്രവൃത്തികൾ ഒന്നും ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടില്ല.

കെട്ടിട വിഭാഗത്തിനു കീഴിൽ

1. ഐ.ടി.ഐ ഏറിയാടിന് ചുറ്റുമതിൽ നിർമ്മാണം-പ്രവൃത്തി പുരോഗമിക്കുന്നു.

2. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കിച്ചൻ ബ്ലോക്ക് നിർമ്മാണം (23 എണ്ണം)-പ്രവൃത്തി പൂർത്തിയായി.

3. പെരിഞ്ഞനം ഗവ.യു.പി സ്കൂളിൽ ക്ലാസ്സ് റൂമുകൾക്ക് വേണ്ടിയുള്ള അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം-പ്രവൃത്തി പൂർത്തിയായി.

4. സൈക്ലോൺ ഷെൽട്ടർ അഴീക്കോട്-പ്രവൃത്തി പുരോഗമിക്കുന്നു.

5. കയ്പമംഗലം ഫിഷറീസ് സ്കൂളിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ അധിക നിലയുടെ നിർമ്മാണം- പ്രവൃത്തി പുരോഗമിക്കുന്നു.

6. കയ്പമംഗലം ഗവ.എൽ.പി.സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം-പ്രവൃത്തി പുരോഗമിക്കുന്നു.

7. കുളിമുട്ടം പി.എച്ച് സെന്ററിന് അഡീഷണൽ ബ്ലോക്ക്-പ്രവൃത്തി പുരോഗമിക്കുന്നു.

8. എറിയാട് ഗവ.ഐ.ടി.ഐ. പുതിയ കെട്ടിട നിർമ്മാണം-പ്രവൃത്തി പുരോഗമിക്കുന്നു.

9. കയ്പമംഗലം നിയോജക മണ്ഡലത്തിലെ എയ്ഡഡ് സ്കൂളുകൾക്ക് കിച്ചൻ ബ്ലോക്ക് നിർമ്മാണം (14 എണ്ണം)-പ്രവൃത്തി പുരോഗമിക്കുന്നു.

10. അഴീക്കോട് ഗവ.യു.പി. സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം-ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

11. എടവിലങ്ങ് എഫ് എൽ പി സ്കൂളിലെ ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മാണം- ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൻ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. FDR 18-19-NH 66(17)Restoration works to the eroded portion k.m. 391/350 to 391/550 at Chendrapinni (work completed)

2. OR-2018-19 from km 381/000 to 392/000 of NH 66(Thalikkulam to Kopparakalam work in progress)

MoRTH ൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

1. Annual Renewal 2019-20 PR work from Km 392/000 (Koprakalam) to Km 407/700 (Chanthappura) of NH 66 (Old NH17)

2. Part of PR work 2019-20 from km 412/000 (Kottappuram) to 417/610 (Munambamkavala) on NH 66 (Old NH 17)

നിരത്തുകൾ വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ആലത്തൂർ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികൾ**

106 (4781) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) 2018-19, 2019-20 ബജറ്റുകളിൽ ആലത്തൂർ മണ്ഡലത്തിൽ പ്രഖ്യാപിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആലത്തൂർ മണ്ഡലത്തിലെ നിരത്തുകൾ, പാലങ്ങൾ, കെട്ടിട വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോടഞ്ചേരി-കക്കാടംപൊയിൽ മലയോര ഹൈവേ പ്രവൃത്തികൾ

107 (4782) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികാനുമതി ലഭിച്ചിട്ടും കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള മലയോര ഹൈവേയുടെ ഭാഗം ടെണ്ടർ ചെയ്യാൻ കാലതാമസം വരുത്തുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ടി പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വ്യക്തമാക്കുമോ?

ഉത്തരം

(എ) മലയോര ഹൈവേയുടെ ഭാഗമായ കോടഞ്ചേരി കക്കാടംപൊയിൽ പാതയുടെ നിർമ്മാണത്തിന് 144 കോടി രൂപയുടെ സാമ്പത്തികാംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം മലയോര ഹൈവേയ്ക്ക് 12 മീറ്റർ വീതി ഉറപ്പാക്കി മാത്രമേ നിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥലം ലഭ്യമാകാത്തതിനാലാണ് ടെണ്ടർ ചെയ്യുന്നതിൽ കാലതാമസം നേരിട്ടത്.

(ബി&സി) കോടഞ്ചേരി കക്കാടംപൊയിൽ പാതയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഉറപ്പാക്കിക്കൊണ്ടുള്ള ലാന്റ് അവയലബിലിറ്റി സർട്ടിഫിക്കറ്റ് 8-11-2019-ന് ലഭ്യമായിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികൾക്കാവശ്യമായ പാരിസ്ഥികാഘാത പഠനം റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ തുറന്ന് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

108 (4783) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ പൊതു ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയതെന്ന് വിശദമാക്കുമോ; ഒരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ; ഭരണാനുമതി നൽകാൻ പരിഗണനയിൽ ഉള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2018-19-ൽ അനുവദിച്ച പൊതുമരാമത്തു പ്രവൃത്തികളിൽ ടെൻഡർ നടപടി പൂർത്തികരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിൻ കീഴിൽ 2019-20 - ലെ പൊതു ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഉച്ചക്കട-പൊഴിയൂർ റോഡ് കി.മീ 0/000 മുതൽ 2/200 വരെയുള്ള പ്രവൃത്തിക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തി ടെണ്ടർ ചെയ്തു. 29-10-2019-ൽ ദർഘാസുകൾ സമർപ്പിക്കുന്ന അവസാന ദിവസത്തിൽ ആരുംതന്നെ ഇല്ലാതിരുന്നതിനാൽ 6-11-2019 വരെ ദർഘാസുകൾ സമർപ്പിക്കാനുള്ള അവസാന തീയതി നീട്ടി കൊടുത്തിട്ടും ആരും തന്നെ ദർഘാസുകൾ സമർപ്പിച്ചിട്ടില്ല. തുടർന്ന് റീ ടെണ്ടർ ചെയ്യാനുള്ള നടപടി സൂപ്രണ്ടിംഗ് എഞ്ചിനീയർ നിരത്തുകൾ, ദക്ഷിണ മേഖല കാര്യാലയത്തിൽ നടന്നുവരുന്നു.

കെട്ടിട വിഭാഗത്തിൻ കീഴിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾക്കൊന്നും തന്നെ പൂർണ്ണമായി ഭരണാനുമതി നൽകിയിട്ടില്ല. ഭരണാനുമതി നൽകാൻ പരിഗണനയിൽ ഉള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് കോംപ്ലക്സിന്റെ നിർമ്മാണം-5 കോടി രൂപ.

2. നെയ്യാറ്റിൻകര ഗവ. പോളിടെക്നിക്കിന്റെ പുതിയ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം-3.5 കോടി രൂപ

(ബി) പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിൻ കീഴിൽ 2018-19 ൽ അംഗീകാരം ലഭിച്ച 2 ബഡ്ജറ്റ് വർക്കുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. നബാർഡ് വർക്കിന്റെ ടെണ്ടർ നടപടി പൂർത്തിയാക്കി വരുന്നു. 13 എസ്.എൽ.റ്റി.എഫ് പ്രവൃത്തികളിൽ 13 പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻ കീഴിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗവ. യു.പി.സ്കൂൾ, പൊഴിയൂർ- 100 ലക്ഷം രൂപ

2. ഗവ. ഐ.റ്റി.ഐ മര്യാപുരം കാർപെന്റർ ബ്ലോക്ക് & കമ്പ്യൂട്ടർ ബ്ലോക്ക്- 113 ലക്ഷം രൂപ

3. റൂഫിംഗ് വർക്ക്- ഗവ. ടി.എച്ച്.എസ്, കുളത്തൂർ- 11.53 ലക്ഷം രൂപ

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനുകീഴിൽ 2018-19-ൽ അനുവദിച്ച മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ആധാരമെഴുത്ത് സംഘടനയിൽ അംഗമല്ലാത്തവർക്ക് ക്ഷേമനിധി**

109 (4784) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ആധാരമെഴുത്ത്/കൈപ്പട ലൈസൻസ് ഉള്ളവർക്ക് ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിന് ആധാരമെഴുത്ത് സംഘടനയിൽ അംഗമാകണം എന്ന് നിബന്ധനയുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യകതമാക്കുമോ;

(ബി) ആധാരമെഴുത്ത് സംഘടനയിൽ അംഗമല്ലാത്തവർക്ക് ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ആധാരമെഴുത്ത് സംഘടനയിൽ അംഗമല്ലാത്തവർക്ക് കൂടി ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നിബന്ധനയില്ല.

(ബി&സി) ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിന് ആധാരമെഴുത്ത്, പകർത്തെഴുത്ത്, സ്റ്റാമ്പ് വെണ്ടർമാരുടെ സംഘടനയിൽ അംഗമാകണം എന്ന വ്യവസ്ഥയില്ല.

1960-ലെ കേരളത്തിലെ ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ അതതു സംഗതിപോലെ കൈവശമുള്ളതും അപേക്ഷാ തീയതിയിൽ 65 വയസ്സിനു താഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

എന്നാൽ കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാര സ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ചശേഷം ഒരു ആധാരം എഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുകയില്ല.

**രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ**

110 (4785) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കെ. ബാബു:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയകാലം പുതിയസേവനം എന്ന മുദ്രാവാക്യം മുൻനിർത്തി രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾക്കുള്ള ഫീസുകൾ ഇ-പേയ്മെന്റായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് പദ്ധതി കാര്യക്ഷമമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷനായി ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടി വരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4. പൊതുജനങ്ങൾക്ക് സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ആയതിലേക്കായി ആധാരങ്ങളുടെ മാതൃക രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യ പ്രദമാക്കുന്നതിന് A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചു.

5. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

6. സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, സൊസൈറ്റി രജിസ്ട്രേഷൻ, ചിട്ടി രജിസ്ട്രേഷൻ നടപടികൾ തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനുള്ള സംവിധാനം

7. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനം മുഖാന്തരം ഒടുക്കുന്നതിനും ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം

9. റവന്യൂ വകുപ്പുമായി സഹകരിച്ച് ഓൺലൈൻ പോക്കുവരവ് സംവിധാനം

10. ഭൂമിയുടെ ന്യായവില ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി

(ബി) ഉണ്ട്.

(സി) ഉണ്ട്. നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടി വരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ**

111 (4786) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള ജനസേവന പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ ചുവടെ ചേർക്കുന്ന ജനസേവന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ആധാര രജിസ്ട്രേഷനായി ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം

2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടി വരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

3. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷന് അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനും ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സംവിധാനം.

4. റവന്യൂ വകുപ്പുമായി സഹകരിച്ച് ഓൺലൈൻ പോക്കുവരവ് സൗകര്യം.

5. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.

6. പൊതുജനങ്ങൾക്ക് സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ആയതിലേക്കായി ആധാരങ്ങളുടെ മാതൃക രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന് A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചു.

**ആധാരമെഴുത്ത് ലൈസൻസുള്ളവർക്ക് പെൻഷൻ**

112 (4787) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിൽ കൈപ്പട ആധാരമെഴുത്ത് ലൈസൻസുള്ളവർക്ക് പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിന് ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

1960-ലെ കേരളത്തിലെ ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ അതതു സംഗതിപോലെ കൈവശമുള്ളതും

അപേക്ഷാ തീയതിയിൽ 65 വയസ്സിനു താഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

എന്നാൽ കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാര സ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ച ശേഷം ഒരു ആധാരം എഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുകയില്ല.

## ചെറുവത്തൂർ സബ് രജിസ്ട്രാർ ഓഫീസ്

113 (4788) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചെറുവത്തൂരിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിന്റെ ആവശ്യകത സർക്കാർ പരിശോധിച്ചുവരുന്നു.

## രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ ആധുനികവൽക്കരിക്കാൻ നടപടി

114 (4789) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറുന്ന കാലത്തിന് അനുസൃതമായി രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത വകുപ്പിന്റെ കാലപ്പഴക്കമുള്ള ഓഫീസ് കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-ൽ ഭരണാനുമതി നൽകിയ പ്രസ്തുത കെട്ടിട നിർമ്മാണങ്ങൾ മന്ദഗതിയിലായതിനുള്ള കാരണമെന്താണ്; നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ റെക്കാർഡ് മുറികൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ എട്ട് ഓഫീസുകളിലും 2018-19 സാമ്പത്തിക വർഷത്തിൽ പത്ത് ഓഫീസുകളിലും ആധുനിക രീതിയിലുള്ള കോമ്പാക്റ്ററുകൾ സ്ഥാപിച്ചു. മേൽ കാലയളവുകളിൽ 52 രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും 53 സബ് രജിസ്ട്രാർ ഓഫീസുകളിൽ വർക്ക് സ്റ്റേഷൻ മാതൃകയിലുള്ള ഇരിപ്പിട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പഴയ കെട്ടിടം പൊളിക്കുന്നതിനും നിർദിഷ്ട സൈറ്റിലുള്ള മരങ്ങൾ മുറിക്കുന്നതിനായി വില നിശ്ചയിച്ച് ലേല നടപടികൾ ആരംഭിക്കുന്നതിനും കെട്ടിട നിർമ്മാണത്തിനായി സൈറ്റ് ഒരുക്കുന്നതിനുമായി വിവിധ സർക്കാർ വകുപ്പുകളുടെ അംഗീകാരം ലഭ്യമാക്കുന്നതിൽ വന്ന കാലതാമസം സ്ഥലത്തിന്റെ പരിവർത്തനാനുമതി ലഭ്യമാകായ്മ, പഴയ കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ മാനദണ്ഡങ്ങൾ പാലിച്ച് അനുയോജ്യമായ ഓഫീസുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് എടുത്ത സമയം, കെട്ടിട നിർമ്മാണത്തിനും നിലവിലെ കെട്ടിടം പൊളിക്കുന്നതിനുമെതിരെ സ്വകാര്യ വ്യക്തികൾ കോടതികളിൽ ഫയൽ ചെയ്ത വ്യവഹാരങ്ങൾ എന്നിവയാണ് കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ മന്ദഗതിയിലാകാൻ കാരണമായത്. നിർമ്മാണം ആരംഭിച്ച 33 ഓഫീസുകളിൽ 12 എണ്ണത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ശേഷിക്കുന്നവയുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസിന്റെ ജീർണ്ണാവസ്ഥ**

115 (4790) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഡി.പി.ആർ.നൽകിയാൽ പുതിയ മന്ദിരത്തിന് ഫണ്ട് അനുവദിക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനായി നിലവിൽ ഫണ്ട് അനുവദിച്ചിട്ടില്ല. 150 വർഷത്തിലേറെ പഴക്കമുള്ള പുരാതന മാതൃകയിലുള്ള ടി ഓഫീസ് കെട്ടിടത്തെ പൈതൃകമായി സംരക്ഷിക്കേണ്ടതില്ലായെന്ന് പുരാവസ്തു വകുപ്പധികൃതരും കെട്ടിടം ഓഫീസ് പ്രവർത്തനത്തിന് Unfit ആണെന്ന് പൊതുമരാമത്ത് വകുപ്പധികൃതരും അറിയിച്ചാൽ മാത്രമേ ആയത് പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാനാവൂ.

**ട്രെയിനുകൾ സമയക്ലിപ്തത പാലിക്കാൻ നടപടി**

116 (4791) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റെയിൽവേ ടൈംടേബിൾ ദിവസവും യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും അനുകൂലമല്ലാത്തതാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഏതൊക്കെ സംഘടനകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്;

(ബി) രാവിലെ തിരുവനന്തപുരത്തെത്താൻ കൂടുതൽ പേർ ആശ്രയിക്കുന്ന ഇന്റർസിറ്റി, വഞ്ചിനാട്, കന്യാകുമാരി-ജയന്തിജനത എക്സ്പ്രസ്സ് തുടങ്ങിയ ട്രെയിനുകൾ നിലവിൽ പത്തുമണിക്കുശേഷം തിരുവനന്തപുരത്തെത്തുന്ന രീതിയിലുള്ള ടൈംടേബിൾ പരിഷ്കരിച്ച് പത്തുമണിക്ക് മുമ്പെത്തുന്ന തരത്തിൽ ക്രമീകരിക്കാൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ട് നല്കിയ ഉത്തരവുപോലും ലംഘിക്കുന്ന തരത്തിലുള്ള റെയിൽവേയുടെ നടപടികൾ തിരുത്തുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ;

(ഡി) പ്രസ്തുത ട്രെയിനുകൾ തിരുവനന്തപുരത്തിന് തൊട്ടുമുന്നേയുള്ള സ്റ്റേഷനുകളിൽ മണിക്കൂറുകൾ പിടിച്ചിട്ട് യാത്രക്കാരുടെ വിലപ്പെട്ട സമയം അപഹരിക്കുന്ന പ്രവണത തിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫ്രണ്ട്സ് ഓൺ റെയിൽസ്, കരുനാഗപ്പള്ളി റെയിൽ പാസഞ്ചേഴ്സ് അസോസിയേഷൻ, പാസഞ്ചർ ഫോറം, തൃശ്ശൂർ റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ ട്രെയിനുകളുടെ അശാസ്ത്രീയമായ സമയക്രമത്തിനെതിരെ നിവേദനം നൽകിയിട്ടുണ്ട്.

(ബി-ഡി) യഥാസമയം ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിന് പകരം നിലവിൽ ട്രെയിനുകൾ എത്തിച്ചേരാൻ അധികമായി എടുക്കുന്ന സമയത്തെ (Buffer Time) പ്രസ്തുത ട്രെയിനുകൾ എത്തിച്ചേരേണ്ടുന്ന സമയമായി പുന:ക്രമീകരിക്കുക എന്ന കുറുക്കുവഴിയാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ സ്വീകരിച്ചിരിക്കുന്നത്. അറ്റകുറ്റപ്പണിയുടെയും പാതയിരട്ടിപ്പിക്കലിന്റെയും പേര് പറഞ്ഞാണ് ഇത്തരത്തിലൊരു സമീപനം റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. ഇതിനെതിരായി എം.പി.മാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിയിരുന്നു. കൂടാതെ ഇത്തരത്തിൽ അശാസ്ത്രീയമായ സമയക്രമ നിർണ്ണയം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാരും മറ്റും ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രതിദിന എക്സ്പ്രസ് ട്രെയിനുകളുടെ വൈകിയോട്ടവും ആവശ്യത്തിന് ജനറൽ കോച്ചുകൾ ഇല്ലാത്തതിനാൽ യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ കാരണം ചില ട്രെയിനുകളിൽ വെട്ടിക്കുറച്ച ബോഗികൾ പുന:സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഇന്റർസിറ്റി, വഞ്ചിനാട്, കന്യാകുമാരി-ജയന്തിജനത എക്സ്പ്രസ് തുടങ്ങിയ ട്രെയിനുകൾ സമയ ക്ലിപ്തത പാലിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന 7 ട്രെയിനുകളിൽ ഓരോ അധിക എ.സി, ത്രീ ടയർ കോച്ച് അധികമായി അനുവദിച്ചിട്ടുണ്ട്. അമൃത എക്സ്പ്രസ് മുതലായ ട്രെയിനുകളുടെ സമയമാറ്റംമൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സമയപട്ടിക പൂർവ്വ സ്ഥിതിയിൽ ആക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

## ചിറങ്ങര റെയിൽവേ മേൽപ്പാലം

117 (4792) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറങ്ങരയിൽ റെയിൽവേ മേൽപ്പാലം അനുവദിച്ചെങ്കിലും നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മേൽപ്പാലം നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) ഉണ്ട്. ചിറങ്ങര റെയിൽവെ മേൽപ്പാലത്തിന് 27-9-2017 ലെ സ.ഉ. (സാധാ) നമ്പർ 1324/2016/പൊ.മ.വ മുഖേന 15 കോടിയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ.യെ നിയമിക്കുകയും ചെയ്തു. ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 19.96 കോടി രൂപയുടെ കിഫ്ബി അംഗീകാരം 27-7-2017 ന് ലഭിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഡിസ്ട്രിക്ട് കളക്ടർക്ക് അർത്ഥനാ പത്രം സമർപ്പിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള 11(1) വിജ്ഞാപനം 4-9-2019-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

118 (4793) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് എത്ര തുക അനുവദിച്ചുവെന്നും എവിടെയെല്ലാമാണ് മേൽപ്പാലം നിർമ്മിക്കുന്നതെന്നും വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കണിയാപുരം റെയിൽവേ

മേൽപ്പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; അപ്രൂവ് ചെയ്ത ഡിസൈൻ, പ്ലാൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ബി.ഡി.സി.കെ, കെ.ആർ.ഡി.സി.എൽ എന്നിവരെ നിർമ്മാണച്ചുമതല ഏൽപ്പിച്ച റെയിൽവേ മേൽപ്പാലങ്ങളുടെ വിശദവിവരം അടങ്ങിയ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) കണിയാപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി 19-4-2018-ലെ സ.ഉ. (സാധാ) നമ്പർ 718/2018/പൊ.മ.വ പ്രകാരം ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി ആയി നിയമിച്ചിട്ടുണ്ട്. റെയിൽവേ മാനദണ്ഡ പ്രകാരം ആർ.ഒ.ബി.യും പാളവും തമ്മിൽ അനുവദനീയമായിട്ടുള്ള പരമാവധി സ്ക്യൂ ആംഗിൾ $20^0$ ആണ്. റെയിൽവേ മാനദണ്ഡ പ്രകാരമുള്ള സ്ക്യൂ ആംഗിൾ അനുസരിച്ച് അലൈൻമെന്റ് ലെവൽ ക്രോസിന് സമീപത്ത് പടിഞ്ഞാറ് ഭാഗത്ത് തെക്കോട്ടും, കിഴക്ക് ഭാഗത്ത് വടക്കോട്ടും നിലവിലുള്ള റോഡിൽ നിന്നും മാറിയാണ് വരുന്നത്. അലൈൻമെന്റ് സംബന്ധിച്ച് കണിയാപുരം നിവാസികൾ നിരവധി പരാതികൾ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള റോഡിന് സമാന്തരമായി ആർ.ഒ.ബി നിർമ്മിക്കണം എന്നതാണ് പരാതിക്കാരുടെ ആവശ്യം. റെയിൽവേ ബോർഡിന്റെ ആർ.ഡി.എസ്.ഒ നിബന്ധന പ്രകാരം $20^0$ മുകളിൽ സ്ക്യൂ ആംഗിൾ അനുവദനീയമല്ല എന്ന് ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ അറിയിച്ചിട്ടുണ്ട്. സ്ക്യൂ ആംഗിൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് റെയിൽവേയുമായി കൂടുതൽ കൂടിയാലോചനകൾ നടക്കുന്നു. 2018-19 ബഡ്ജറ്റ് സ്പീച്ചിൽ കണിയാപുരം ആർ.ഒ.ബി നിർമ്മിക്കുന്നതിനായി 22.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഡി.പി.ആർ പൂർത്തിയാക്കിയതിനുശേഷം മാത്രമേ ഡിസൈനും എസ്റ്റിമേറ്റ് തുകയും കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. റെയിൽവേ മാനദണ്ഡപ്രകാരം ആർ.ബി.ഡി.സി.കെ തയ്യാറാക്കിയ അലൈൻമെന്റ് അനുബന്ധം II ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് ഇപ്പോൾ പറയാനാകില്ല.

## ബാലരാമപുരം തേമ്പാമുട്ടത്ത് റെയിൽവേ ഓവർ ബ്രിഡ്ജ്

119 (4794) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം റെയിൽവേ സ്റ്റേഷന് സമീപം തേമ്പാമുട്ടത്ത് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി; വിശദമാക്കാമോ;

(ബി) പ്രസ്തുത ഓവർബ്രിഡ്ജ് നിർമ്മാണം എന്ന് മുതൽ ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ അലൈൻമെന്റ് അംഗീകരിക്കുന്നതിനുവേണ്ടി റെയിൽവേയും വിഴിഞ്ഞം പോർട്ടിലേക്കുള്ള റെയിൽപ്പാത നിർമ്മിക്കുന്ന കൊങ്കൺ റെയിൽവേ കോർപ്പറേഷൻ എന്നിവരുമായുള്ള ചർച്ചകൾ നടന്നുവരുന്നു. അലൈൻമെന്റ് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ-ന് അംഗീകാരം ലഭ്യമാക്കിയ ശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കൊല്ലം ജില്ലയിലെ പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസം

120 (4795) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസത്തിനായി റെയിൽവെയുടെ ഉടമസ്ഥതയിലുള്ള ഭൂമി കൊല്ലം കോർപ്പറേഷന് വിട്ട് നൽകുന്ന കാര്യം സംബന്ധിച്ച് കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ചർച്ച നടത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഊർജ്ജിതമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

പുനരധിവാസം നടപ്പാക്കേണ്ട വകുപ്പുമായി ചർച്ച ചെയ്യാവുന്നതാണ്.

**ദേശീയ വിദ്യാഭ്യാസ അവകാശ നിയമം**

121 (4796) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം എൽ. പി. സ്കൂളുകളിൽ അഞ്ചാം ക്ലാസ്സും യു. പി. സ്കൂളുകളിൽ എട്ടാം ക്ലാസ്സും അനുവദിക്കണമെന്ന അപേക്ഷ സംസ്ഥാന സർക്കാരിനു നിരസിക്കുവാൻ കഴിയുകയില്ലായെന്ന് ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ;അറിയിക്കാമോ;

(ബി) പ്രാഥമിക വിദ്യാഭ്യാസം പുനഃക്രമികരിക്കുന്ന കേന്ദ്ര നിയമം നടപ്പിലായപ്പോൾ കേരള വിദ്യാഭ്യാസ നിയമത്തിന്റെയും ചട്ടത്തിന്റെയും പ്രസക്തി കുറഞ്ഞതായി കോടതി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLPC ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

122 (4797 ) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ ഓരോ വിദ്യാലയങ്ങളിലേയും പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ ചെയ്തതും ചെയ്യാത്തവയും ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഓരോ സ്കൂളിന്റേയും പ്രവൃത്തി ഏതെല്ലാം എസ്.പി.വി.യെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ അനുവദിച്ച കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപ വീതം ജി.എച്ച്.എസ്.എസ്. എരുമയൂർ, ജി.എച്ച്.എസ്.എസ് പെരിങ്ങോട്ടുകുറിശ്ശി, ജി.ജി.എച്ച്.എസ്.എസ്. ആലത്തൂരിനും അനുവദിച്ചിട്ടുണ്ട്.

പശ്ചാത്തല സൗകര്യ വികസനത്തിനായി ജി.എച്ച്.എസ്.എസ്. മുടപ്പല്ലൂർ, ജി.എച്ച്.എസ്.എസ്. തേൻകുറിശ്ശി, ജി.എച്ച്.എസ്. കുനിശ്ശേരി, ജി.എച്ച്.എസ്. ബെമ്മണ്ണൂർ, ജി.യു.പി.എസ് പുതിയങ്കം എന്നീ സ്കൂളുകൾക്ക് 1 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിൽ 5 കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. കിഴക്കഞ്ചേരി സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പണികൾ പുരോഗമിക്കുകയാണ്.

(സി) 5 കോടി രൂപ പദ്ധതിയിലുൾപ്പെട്ട കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ്.ന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി കൈറ്റ് ആണ്.

3 കോടിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ എസ്.പി.വി ആയി INKEL-നെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

1 കോടി രൂപയിൽ ഉൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി KILA-യെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ

123 (4798 ) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ യഥാക്രമം അഞ്ച്, മൂന്ന് കോടി രൂപ വീതം അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികളുടെ വിവരം നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ അഞ്ച് കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തിയുള്ള പദ്ധതിക്കായി നടവരമ്പ് മോഡൽ എച്ച്.എസ്.എസ്.-നെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) നടവരമ്പ് മോഡൽ എച്ച്.എസ്.എസ്.ന്റെ നിർമ്മാണപ്രവർത്തനത്തിനുള്ള എസ്.പി.വി.ആയി കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണ ഏജൻസി-ശ്രീ ശൈലം ഗ്രൂപ്പ്.

**പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

124 (4799) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് ഇതുമൂലം സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) 2019-20 അദ്ധ്യായന വർഷം 6-ാം പ്രവൃത്തി ദിവസത്തെ കണക്ക് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പ്രൈമറി വിദ്യാഭ്യാസം ഹൈടെക് ആക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രസ്തുത വിദ്യാലയങ്ങളിൽ എന്തൊക്കെ ഭൗതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി ധനസഹായം സമാഹരിക്കുന്നത് എപ്രകാരമാണ് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഓരോ നിയോജക മണ്ഡലത്തിലും ഓരോ സ്കൂൾ എന്ന നിലയിൽ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതം കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാനത്തൊട്ടാകെ 9 സ്കൂളുകൾ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി കെട്ടിടം സ്കൂളിന് കൈമാറിയിട്ടുണ്ട്. 3 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. 40 ഓളം സ്കൂളുകളിൽ 75% ൽ അധികം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. 24 ഓളം സ്കൂളുകളിൽ 60% ൽ അധികം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) സാധിച്ചിട്ടുണ്ട്.

(സി) 2019-20 വർഷം 6-ാം പ്രവൃത്തി ദിവസം Enrolment ചെയ്ത കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് താഴെ ചേർക്കുന്നു:

| ജില്ല | ഗവ.സ്കൂൾ | എയ്ഡഡ് സ്കൂൾ | അൺ എയ്ഡഡ് സ്കൂൾ |
|---|---|---|---|
| തിരുവനന്തപുരം | 135472 | 115223 | 42414 |
| കൊല്ലം | 95832 | 126808 | 23919 |
| പത്തനംതിട്ട | 21810 | 54647 | 8451 |
| ആലപ്പുഴ | 54909 | 109017 | 8660 |
| കോട്ടയം | 23855 | 120747 | 13169 |
| ഇടുക്കി | 30170 | 62129 | 9151 |
| എറണാകുളം | 47459 | 175479 | 39130 |
| തൃശ്ശൂർ | 62053 | 216517 | 38485 |
| പാലക്കാട് | 116087 | 193479 | 40545 |
| മലപ്പുറം | 245128 | 407691 | 86831 |
| കോഴിക്കോട് | 115778 | 248679 | 27300 |
| വയനാട് | 54580 | 48733 | 6449 |
| കണ്ണൂർ | 75961 | 210373 | 20455 |
| കാസർഗോഡ് | 89492 | 68930 | 24900 |

(ഡി) സംസ്ഥാനത്തെ പ്രൈമറി വിദ്യാഭ്യാസം ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി ഏകദേശം പൂർത്തിയാക്കി.

(ഇ) പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക്ക് ലാബ് പദ്ധതി കിഫ്ബി ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

## കെ-ടെറ്റ് യോഗ്യത

125 (4800) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപക നിയമനത്തിനുള്ള കെ-ടെറ്റ് യോഗ്യതാപരീക്ഷ വിജയിച്ചവർ നിശ്ചിത കാലയളവിനുള്ളിൽ അദ്ധ്യാപക നിയമനം നേടിയില്ലെങ്കിൽ കെ.-ടെറ്റ് യോഗ്യത കാലഹരണപ്പെടുമെന്ന നിയമം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വ്യവസ്ഥകളിൽ ഇളവ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) NCTE മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനങ്ങളിൽ ടെറ്റ് പരീക്ഷ നടത്തുന്നത്. കെ-ടെറ്റ് പരീക്ഷയും ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. TET പരീക്ഷ സർട്ടിഫിക്കറ്റിന്റെ പരമാവധി സാധുത കാലയളവ് 7 വർഷമാണ് എന്നതിനു വിധേയമായി അതത് സംസ്ഥാന സർക്കാരിന് തീരുമാനിക്കാമെന്നാണ് NCTE വ്യക്തമാക്കിയിട്ടുള്ളത്. കേരളത്തിൽ ഇതുസംബന്ധമായി പ്രത്യേകിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പരമാവധി സാധുത കാലയളവ് ആയ 7 വർഷം K-TET സർട്ടിഫിക്കറ്റിന് ലഭ്യമാണ് എന്നതാണ് നിലവിലെ സ്ഥിതി.

(ബി) കേന്ദ്ര സർക്കാരിന്റെ അക്കാദമിക അതോറിറ്റിയായ NCTE ഏർപ്പെടുത്തിയ വ്യവസ്ഥയായതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇളവ് ഏർപ്പെടുത്താനാവില്ല.

## കെ-ടെറ്റ് യോഗ്യത മാർക്ക് ഏകീകരിക്കുന്ന കാര്യം

126 (4801) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റ് യോഗ്യതക്ക് സമാനമായ എം.ഫിൽ, എം.എഡ്, സെറ്റ് എന്നീ പരീക്ഷകൾക്ക് അൻപത് ശതമാനം മാർക്കാണ് യോഗ്യത നേടുന്നതിനായി നിശ്ചയിച്ചിരിക്കെ കെ-ടെറ്റ് പരീക്ഷക്ക് അറുപത് ശതമാനം മാർക്ക് നിശ്ചയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് അൻപത് ശതമാനം മാർക്ക് ആക്കി ഏകീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കെ-ടെറ്റ് പരീക്ഷയിലെ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് NCTE ആണ്.

(ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക യോഗ്യത മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനെ (NCTE)യാണ്. ഈ സ്ഥാപനമാണ് അദ്ധ്യാപക യോഗ്യതാ പരീക്ഷക്ഷയുടെ (TET) പാസ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല.

## സി.പി. നായർ കമ്മിറ്റി റിപ്പോർട്ട്

127 (4802) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വിദ്യാഭ്യാസ ചട്ടം പരിഷ്കരിക്കുന്നതിന് വേണ്ടി നിയോഗിക്കപ്പെട്ട സി.പി.നായർ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റി എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്ന് ശിപാർശ നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ശിപാർശ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രധാന ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല. എന്നാൽ നിയമനം സ്റ്റാറ്റ്യൂട്ടറി ഏജൻസി മുഖാന്തരമാകണമെന്ന് ശിപാർശ ചെയ്യുന്നുണ്ട്.

(സി&ഡി) കേരള വിദ്യാഭ്യാസ ചട്ടം പരിഷ്കരിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട സി.പി.നായർ ചെയർമാനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവെ, കേന്ദ്ര വിദ്യാഭ്യാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അവകാശ നിയമം 2009 നിലവിൽ വരികയും തുടർന്ന് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിനനുസൃതമായ ചട്ടങ്ങൾ രൂപവത്കരിക്കേണ്ട സാഹചര്യം സംജാതമാകുകയും ചെയ്തു. അതിനുവേണ്ടി ലിഡാ ജേക്കബ് കമ്മീഷനെ സർക്കാർ നിയോഗിക്കുകയും ചെയ്തു. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിനോടൊപ്പം സി.പി. നായർ കമ്മിറ്റി റിപ്പോർട്ടുംകൂടി പരിഗണിച്ചാണ് ലിഡാ ജേക്കബ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനതലത്തിലുള്ള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ചട്ടം 2011 (സ.ഉ. (പി) നമ്പർ 100/11/പൊ.വി.വ തീയതി 30-4-2011 പ്രകാരം) ഉത്തരവാകുകയും ചെയ്തിട്ടുള്ളത്.

## കെ-ടെറ്റ് കാറ്റഗറി തേർഡ് പരീക്ഷയുടെ മാർക്ക് പട്ടിക

128 (4803) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജൂണിൽ നടന്ന കെ.ടെറ്റ് കാറ്റഗറി തേർഡ് പരീക്ഷയുടെ മാർക്ക് പട്ടിക പരീക്ഷാഭവനിൽ നിന്നും നൽകാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരീക്ഷയുടെ മാർക്ക് പട്ടിക ലഭ്യമാവാത്തത് കാരണം പല ഉദ്യോഗാർത്ഥികൾക്കും ജോലി സംബന്ധമായ കാര്യങ്ങളിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മാർക്ക് ലിസ്റ്റ് എത്രയും വേഗം നൽകാനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 2019 ജൂണിൽ നടന്ന കെ-ടെറ്റ് പരീക്ഷയുടെ റിസൾട്ട് പ്രഖ്യാപിച്ചത് 29-8-2019 ലാണ്. അതിനുശേഷം പരീക്ഷ വിജയിച്ചവർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ നടത്തിയാൽ മാത്രമേ കെ-ടെറ്റ് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. ജില്ലാ വിദ്യാഭ്യാസ ഓഫീസ്തല വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വെരിഫിക്കേഷൻ പൂർത്തീകരിച്ചവർക്ക് നവംബർ 30-നകം സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി പരീക്ഷാ കമ്മീഷണർ സ്വീകരിച്ചുവരികയാണ്.

## പഠന പ്രക്രിയയുടെ ഗുണനിലവാരം ഉയർത്താൻ നടപടികൾ

129 (4804 ) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പി. കെ. ശശി:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠന ഫലത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ പ്രകടനം സമഗ്രമായി വിലിയിരുത്തിക്കൊണ്ടുള്ള 2019 ലെ എസ്.സി.ഇ.ആർ.ടി. റിപ്പോർട്ടിന്റെ പ്രധാന നിഗമനങ്ങൾ അറിയിക്കാമോ;

(ബി) മാനവിക വിഷയങ്ങളിലും കണക്കിലും ഇംഗ്ലീഷിലും മികവ് പുലർത്തുന്ന വിദ്യാർത്ഥികൾ ഹൈസ്കൂളിലും ഹയർ സെക്കണ്ടറിയിലും ഇരുപത് ശതമാനത്തിനടുത്ത് മാത്രമാണെന്ന പ്രശ്നം പരിഹരിക്കാൻ സവിശേഷ പദ്ധതികൾ ഉണ്ടോ;

(സി) ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ വ്യത്യസ്തമായിരിക്കുന്നതിനാൽ ക്ലാസ്സുകളിലെ പഠന പ്രക്രിയയുടെ ഗുണനിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകത പരിഹരിക്കാനായി നടത്തുന്ന പ്രവർത്തനം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളുടെ പ്രകടനം സമഗ്രമായി വിലയിരുത്തിക്കൊണ്ടുള്ള പഠനം 2019 ൽ എസ്.സി.ഇ.ആർ.ടി നടത്തിയിട്ടില്ല.

(ബി) പഠന പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള വിവിധ പദ്ധതികൾ വകുപ്പ് തലത്തിൽ നടത്തിവരുന്നുണ്ട്.

(സി) ഓരോ വിദ്യാർത്ഥിയുടെയും ശേഷിയും പരിമിതിയും തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി മെന്ററിംഗിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഡിജിറ്റൽ പോർട്ടലിന്റെ സഹായത്തോടെയുള്ള സവിശേഷ പദ്ധതി 2019 നവംബർ മാസത്തിൽ ആരംഭിക്കും. ആദ്യഘട്ടത്തിൽ പ്രൈമറിയിലും രണ്ടാംഘട്ടം സെക്കണ്ടറിയിലും ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

## എസ്.സി.ഇ.ആർ.ടി.യുടെ ഗവേഷണ പഠന റിപ്പോർട്ട്

130 (4805) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് നടത്തിയ അക്കാദമിക പ്രവർത്തനങ്ങൾ സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി. നടത്തിയ ഗവേഷണ പഠന റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ സുപ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പഠനം പൂർത്തിയായിട്ടില്ല. റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) റിപ്പോർട്ട് അന്തിമമാക്കുന്ന മുറയ്ക്ക് സുപ്രധാന കണ്ടെത്തലുകൾ ലഭ്യമാക്കുന്നതാണ്.

(സി) മലപ്പുറം ജില്ല പഠന വിധേയമാക്കിയിട്ടില്ല. പ്രാഥമികഘട്ടം എന്ന നിലയ്ക്ക് ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല സാമ്പിളായി എടുത്താണ് പഠനം നടത്തിയത്.

## എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വി.എച്ച്.എസ്.സി പരീക്ഷകൾ ഒരുമിച്ച് നടത്തുന്നത് സംബന്ധിച്ച്

131 (4806) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2020 മാർച്ചിലെ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വി.എച്ച്.എസ്.സി. പരീക്ഷകൾ ഒരുമിച്ച് നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇത്തരത്തിൽ ഇടകലർത്തി മൂന്ന് പൊതു പരീക്ഷകൾ ഒന്നിച്ച് നടത്തുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് എങ്ങനെ പരിഹരിക്കാമെന്ന് വ്യക്തമാക്കാമോ ;

(സി) എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളുടെ സമയ ദൈർഘ്യം വ്യത്യസ്തമായതിനാൽ ചോദ്യപേപ്പറുകളുടെ വിതരണം, പരീക്ഷ അവസാനിക്കുന്ന സമയം തുടങ്ങിയ കാര്യങ്ങളിൽ പരീക്ഷ ഹാളിൽ ഉണ്ടാകാൻ സാധ്യതയുള്ള ആശയക്കുഴപ്പം പരിഹരിക്കാൻ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഒന്നിച്ച് മൂന്ന് പരീക്ഷകൾ നടത്തുമ്പോൾ പരീക്ഷാ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവരെ നിയമിക്കുന്ന രീതി എങ്ങനെയായിരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2020 മാർച്ചിലെ പ്ലസ്സ്/എസ്.എസ്.എൽ.സി. പരീക്ഷകൾ ഒന്നിച്ച് നടത്തുവാൻ തീരുമാനമായിട്ടുണ്ട്.

(ബി) 3 വിഭാഗങ്ങളിലെയും പരീക്ഷ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ 3 പരീക്ഷകളും പ്രായോഗിക ബുദ്ധിമുട്ടുകളില്ലാതെ ഒരുമിച്ച നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി വരുന്നു.

(സി) ചോദ്യപേപ്പറുകളുടെ വിതരണം, സമയദൈർഘ്യം, ഉത്തരകടലാസുകൾ ശേഖരിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും ചീഫ് സൂപ്രണ്ടുമാർക്കും ഇൻവിജിലേറ്റേഴ്സിനും നൽകുന്നതാണ്.

(ഡി) ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം ചീഫ് സൂപ്രണ്ടും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും ഉണ്ടായിരിക്കുന്നതാണ്.

## എൽ.പി.,യു.പി. സ്കൂളുകളിലെ പാചകത്തൊഴിലാളികൾ

132 (4807) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി എൽ.പി, യു.പി. സ്കൂളുകളിൽ പാചകത്തൊഴിലാളികളായി ജോലി ചെയ്തുപോരുന്ന തൊഴിലാളികളെ പാർടൈം തസ്തികയിൽ സ്ഥിരം ജീവനക്കാരായി നിയമിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 400 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഇവരുടെ ദിവസ വേതനം വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ രണ്ട് ആവശ്യങ്ങളിലും സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പാചക തൊഴിലാളികളെ പാർട്ട് ടൈം തസ്തികയിൽ സ്ഥിരം ജീവനക്കാരായി നിയമിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. പാചക തൊഴിലാളികളുടെ ദിവസ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ഇവരുടെ കുറഞ്ഞ വേതനം 500/-രൂപയും പരമാവധി വേതനം 575/- രൂപയുമാണ്.

## പ്ലസ് വൺ സീറ്റ് ഒഴിവുകൾ

133 (4808) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹയർ സെക്കണ്ടറി പ്ലസ് വൺ അഡ്മിഷൻ പൂർത്തിയായതിനു ശേഷം സംസ്ഥാനത്ത് ഏതെങ്കിലും വിഷയങ്ങളിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സീറ്റുകൾ ഏതെല്ലാം വിഷയങ്ങളിൽ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) അത്തരത്തിൽ ഏറ്റവും കൂടുതൽ സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വർഷത്തെ ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനം പൂർത്തിയായതിന് ശേഷം സംസ്ഥാനത്ത് ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ വിഷയാടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

(ബി) എറണാകുളം ജില്ലയിൽ.

## കന്നഡ മീഡിയം സ്കൂളിൽ കന്നഡ അറിയാത്ത അദ്ധ്യാപകരെ നിയമിച്ചത് സംബന്ധിച്ച്

134 (4809) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കന്നഡ മീഡിയം ഹൈസ്കൂളുകളിൽ കന്നഡ അറിയാത്ത അദ്ധ്യാപകരെ പി.എസ്.സി. മുഖേന നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ നിയമിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിയമനം സ്കൂളുകളിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും വ്യാപക പ്രതിഷേധത്തിനിടയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തി ഭാഷയിലെ സബ്ജക്ട് വിദഗ്ദ്ധൻ ഉൾപ്പെടുന്ന സമിതി അഭിമുഖം നടത്തി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(സി&ഡി) പി.എസ്.സി. വഴി നിയമനം നേടിയിട്ടുള്ള ഇത്തരക്കാർക്ക് കന്നട ഭാഷയിൽ പ്രാവീണ്യമില്ല എന്നുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എച്ച്.എസ്.എ കന്നഡ/തമിഴ് മീഡിയം തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത 30-9-2016-ലെ G.O.(P)No.166/16/G.Edn പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ഡിഗ്രിക്കൊപ്പം ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ കന്നട പഠിച്ച് എസ്.എസ്.എൽ.സി. പാസ്സായവർക്കോ കന്നഡ ഭാഷയിൽ ബിരുദം/ബിരുദാന്തര ബിരുദം നേടിയവർക്കോ മാത്രമേ ടി തസ്തികയിൽ പി.എസ്.സി. നിയമനത്തിന് പരിഗണിക്കുകയുള്ളൂ. നിലവിൽ കാസർഗോഡ് ജില്ലയിൽ കന്നഡ മീഡിയം സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ സ്കൂൾ തലത്തിൽ കന്നഡ ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ പഠിപ്പിച്ചിട്ടില്ലാത്ത മുഴുവൻ അദ്ധ്യാപകരെയും കണ്ടെത്തി അവരെ കന്നഡ ഭാഷയിൽ പഠിപ്പിക്കുന്നതിന് കൂടുതൽ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി ഒരു റിഫ്രഷർ കോഴ്സ് നൽകുന്നതിന് തീരുമാനമായതിൻ പ്രകാരം കന്നഡ ഭാഷ പ്രാവീണ്യം ഇല്ലായെന്ന് കണ്ടെത്തിയ രണ്ട് അദ്ധ്യാപകരെ മൈസൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് എന്ന സ്ഥാപനത്തിലയച്ച് കന്നഡ ഭാഷയിലുള്ള ഡിപ്ലോമ കരസ്ഥമാക്കാൻ അയച്ചിട്ടുള്ളതും ടി അദ്ധ്യാപകർ കന്നഡ ഭാഷ പഠിച്ച് വരുന്നതുമാണ്.

**തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം**

135 (4810) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീ. ജോർജ് എം. തോമസ്:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവു നേടുകയെന്നതിനോടൊപ്പം തൊഴിൽ തേടുക എന്നതു കൂടിയാണെന്ന കാഴ്ചപ്പാടോടെ കേന്ദ്രസർക്കാർ 9-ാം ക്ലാസു മുതലുള്ള വിദ്യാർത്ഥികൾക്ക് നിർബന്ധിതമാക്കിയ നാഷണൽ സ്കിൽ

ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പ്രകാരമുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ അനുഭവം അവലോകനം ചെയ്തിരുന്നോ; വിശദാംശം നൽകമോ;

(സി) ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തിനു ഇപ്രകാരം ഉചിതമായ മാറ്റങ്ങൾ വരുത്തുവാൻ സാധ്യമാണോ; സ്കൂൾ വർക്ക്ഷോപ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വി.എസ്.എച്ച്.എസ്.ഇ (വൊക്കേഷനലൈസേഷൻ ഓഫ് സെക്കണ്ടറി ആൻഡ് ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ ) എന്ന ഈ പദ്ധതിയും വി.എച്ച്.എസ്.ഇ.യും തമ്മിലുള്ള വ്യത്യാസം എന്താണ്; വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ പശ്ചാത്തലത്തിൽ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഏകീകരണത്തിന്റെ പ്രാധാന്യവും അതിനായുള്ള നടപടികളുടെ പുരോഗതിയും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 101 സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളെ എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിതമായി പരിവർത്തനം ചെയ്തിട്ടുണ്ട്.

(ബി) അവലോകനം ചെയ്തിരുന്നു. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി അവസ്ഥാപഠനം നടത്തിയിരുന്നു.

(സി) സാധ്യമാണ്. പ്രായോഗിക പരിശീലനം നൽകുന്നതിനുള്ള ലാബ് സജ്ജീകരണങ്ങൾ സാധ്യമാക്കിയിട്ടുണ്ട്.

(ഡി) ഇന്ത്യയൊട്ടാകെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വി.എസ്.എച്ച്.എസ്.ഇ.

വി.എച്ച്.എസ്.ഇ സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിയിട്ടുള്ള തൊഴിലധിഷ്ഠിത പാഠ്യപദ്ധതിയാണ്.

(ഇ) പൊതുവിദ്യാഭ്യാസ വകുപ്പുകളുടെ ഭരണക്രമം ഒറ്റ ഡയറക്ടറുടെ കീഴിൽ ഏകീകരിച്ചിട്ടുണ്ട്.

## ഹയർ സെക്കന്ററി, സ്കൂൾ വിദ്യാഭ്യാസ വകുപ്പുകളുടെ ലയനം

136 (4811) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപതു വർഷത്തോളം അക്കാദമിക് ഗുണമേന്മയും ഭരണ കാര്യക്ഷമതയും പുലർത്തിയ ഹയർ സെക്കണ്ടറി വിദ്യാഭ്യാസവകുപ്പിനെ സ്കൂൾ വിദ്യാഭ്യാസ വകുപ്പുമായി ലയിപ്പിച്ച് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ ഭാഗമാക്കുമ്പോൾ അത് ഹയർ സെക്കണ്ടറിയുടെ ഗുണനിലവാരത്തകർച്ചക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ;

(ബി) ഈ വസ്തുത സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഒരു സ്കൂളിൽ രണ്ട് അധികാര കേന്ദ്രങ്ങൾ ഉണ്ടാകുന്നത് അവർ തമ്മിലുള്ള അധികാര വടംവലിക്കും നിലവിലുള്ള സ്ഥിതി സങ്കീർണ്ണമാക്കുവാനും ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനം ഉണ്ടാകുവാൻ സാധ്യതയുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ദേശീയനയപ്രകാരം സ്കൂൾ വിദ്യാഭ്യാസം എന്നത് 12 വർഷമായി ദേശീയതലത്തിൽ നിജപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസം എന്നത് 1 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ എന്ന വസ്തുത ആശയപരമായും പ്രായോഗികമായും പ്രാവർത്തികമാക്കി പൂർണ്ണ തോതിൽ മാറിയത് 1990 കളുടെ അവസാനത്തോടെയാണ്. ഇതിനുശേഷവും സംസ്ഥാനത്തെ 1 മുതൽ 12 വരെയുള്ള വിദ്യാഭ്യാസം-സ്കൂൾ വിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം എന്നിങ്ങനെയുള്ള വെവ്വേറെ ഡയറക്ടറേറ്റുകളുടെ പരിധിയിലാണ് വിന്യസിച്ചിരുന്നത്. 1 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ വിവിധ ഡയറക്ടർമാർ നിയന്ത്രിക്കുന്നത് വളരെയേറെ പ്രായോഗിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുവെന്നും അത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നുവെന്നും കണ്ടതിനാലാണ് ഏകീകരണം നടപ്പിലാക്കിയത്. ഗുണപരമായ മാറ്റങ്ങളിലൂടെ സ്കൂളിനെ ഒരു

യൂണിറ്റായി കണ്ട് സ്കൂളുകളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതേപോലെ നിലനിർത്തിക്കൊണ്ട് ഒരു യൂണിറ്റാക്കി മാറ്റി അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണം കൊണ്ട് ലക്ഷ്യമിടുന്നത്.

(ഡി) ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ നിർദ്ദേശിച്ച ഏകീകരണം കൊണ്ട് അദ്ധ്യാപകരുടെയോ അനദ്ധ്യാപകരുടെയോ സേവന വേതന വ്യവസ്ഥകൾക്കും അവകാശങ്ങൾക്കും ഒരു മാറ്റവും വരുന്നില്ലെന്ന് മാത്രമല്ല ഒരു യൂണിറ്റായി കാണുന്നതിനാൽ എല്ലാ മേഖലകളിലും തൊഴിൽ സാധ്യത വർദ്ധിക്കുകയും ചെയ്യും.

## ദേശീയ വിദ്യാഭ്യാസ നയം

137 (4812) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ വിദ്യാഭ്യാസ നയം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

കേന്ദ്ര സർക്കാർ പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതിന്റെ പ്രക്രിയയിലാണ്. പുതിയ വിദ്യാഭ്യാസ നയം ഉണ്ടാക്കുന്നതിന്റെ ഭാഗമായി കരട് രേഖ ചർച്ചയ്ക്കായി പൊതുസമൂഹത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയം നയരേഖയാക്കി ഔദ്യോഗികമായി പ്രഖ്യാപിച്ചതിന് ശേഷമേ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

## ഔട്ട് ഓഫ് സ്കൂൾ പദ്ധതി

138 (4813) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ പഠനം നിർത്തിയവരെയും സ്കൂളുകളിൽ ചേരാത്തവരെയും വിദ്യാലയങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 'ഔട്ട് ഓഫ് സ്കൂൾ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ അധ്യയന വർഷം സ്കൂളുകളിൽ എത്തിക്കുവാൻ സാധിച്ച കുട്ടികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(സി) ഇപ്രകാരം പഠനം ഇടക്കുവച്ച് നിർത്തുന്ന കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഇവർ പഠനം ഇടക്കുവച്ച് നിർത്തുവാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഈ അധ്യയന വർഷം സ്കൂളുകളിൽ എത്തിക്കുവാൻ സാധിച്ച കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എം.എച്ച്.ആർ.ഡി അംഗീകരിച്ച ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ എണ്ണം (2018-19) | സ്കൂളുകളിൽ എത്തിക്കുവാൻ സാധിച്ച കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 10 | 0 |
| 2 | കൊല്ലം | 16 | 0 |
| 3 | പത്തനംതിട്ട | 17 | 6 |
| 4 | ആലപ്പുഴ | 0 | 0 |
| 5 | കോട്ടയം | 22 | 0 |
| 6 | ഇടുക്കി | 1191 | 988 |
| 7 | എറണാകുളം | 1032 | 878 |
| 8 | തൃശ്ശൂർ | 213 | 0 |
| 9 | പാലക്കാട് | 21 | 0 |
| 10 | മലപ്പുറം | 191 | 0 |
| 11 | കോഴിക്കോട് | 0 | 0 |
| 12 | വയനാട് | 1232 | 1179 |
| 13 | കണ്ണൂർ | 50 | 38 |
| 14 | കാസർഗോഡ് | 7 | 0 |

(സി) 2018-19 അധ്യയന വർഷത്തിൽ പഠനം ഇടക്ക് വച്ച് നിർത്തിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ഡി) സംസ്ഥാനത്ത് സ്കൂളുകളിൽ നിന്നും പഠനം നിർത്തി (ഡ്രോപ്പ് ഔട്ട്) കൊഴിഞ്ഞുപോകുന്ന കുട്ടികളെ സംബന്ധിച്ച്, 2017-18 വർഷം വിദ്യാഭ്യാസ വകുപ്പ് നടത്തിയ പഠനത്തിൽ ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

139 (4814) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ലയനം സംബന്ധിച്ച് ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നത് ബഹു. ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ബഹു. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്തെ പതിറ്റാണ്ടുകളായി നിലനിന്നിരുന്ന ഒരു സംവിധാനം ധൃതി പിടിച്ച് ആവശ്യമായ ചർച്ചകളോ അഭിപ്രായങ്ങളോ സ്വീകരിക്കാതെ മാറ്റുന്നതുമൂലം വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ, ദൂരവ്യാപക പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ലയനം നടപ്പിലാക്കുമ്പോൾ നിലവിൽ ഹൈസ്കൂളുകളിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നവർക്ക് ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കാൻ യോഗ്യത ഉണ്ടെങ്കിൽ പ്രസ്തുത അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറിയിലേക്ക് പ്രൊമോഷൻ അനുവദിക്കുമോ; വ്യക്തമാക്കുമോ;

(ഇ) ലയനം നടത്തുമ്പോൾ അധ്യാപകരെ എങ്ങനെ പുനർവിന്യസിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) 17-6-2018-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൽ 31-5-2019-ലെ സ.ഉ. (എം.എസ്) നമ്പർ 53/2019/പൊ.വി.വ ഉത്തരവിന്മേലുള്ള തുടർ നടപടികൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു. തുടർന്ന് 28-6-2019 ൽ ചില വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് അനുവദിച്ചുകൊണ്ട് ഇടക്കാല ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കേരള വിദ്യാഭ്യാസ നിയമത്തിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും ഭേദഗതികൾ ഉൾപ്പെടുത്തി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ പ്രൊഫ. (ഡോ.)എം. എ ഖാദർ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയതുതന്നെ പൊതുജനങ്ങളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായി കൂടിയാലോചന ചെയ്തും അദ്ധ്യാപക-അനദ്ധ്യാപക വിദ്യാർത്ഥി സംഘടനകളുമായി ആശയവിനിമയം നടത്തിയതിനുശേഷവുമാണ്. കൂടാതെ റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച് അദ്ധ്യാപകർ/ അനദ്ധ്യാപകർ/ വിദ്യാർത്ഥികൾ/ സർവ്വീസ് സംഘടനകൾ/ മാനേജ്മെന്റ്/തദ്ദേശ സ്വയംഭരണ മേധാവികളുടെ പ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ നടത്തി, പ്രസ്തുത ചർച്ചകളിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾകൂടി പരിഗണിച്ചാണ് റിപ്പോർട്ടിലെ ശിപാർശകൾ ചില ഭേദഗതികളോടെ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

(ഡി&ഇ) ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾക്കുശേഷമായിരിക്കും തീരുമാനം കൈക്കൊള്ളുക.

**ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ**

140 (4815) ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള എന്തെങ്കിലും ശിപാർശകൾ ഖാദർ കമ്മിറ്റി റിപ്പോർട്ടിലുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) 10, പ്ലസ് 2, പ്ലസ് 3 എന്ന ദേശീയ വിദ്യാഭ്യാസ നയത്തെ 5, പ്ലസ് 3, പ്ലസ് 3, പ്ലസ് 4 ആക്കി മാറ്റുന്നതിനുള്ള കേന്ദ്രനീക്കം പരിശോധന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത നയം നടപ്പിലാക്കുവാൻ കേന്ദ്രം നടപടി സ്വീകരിക്കുമ്പോൾ ഖാദർ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയാൽ അത് വിദ്യാഭ്യാസ രംഗത്ത് ആശയകുഴപ്പം സൃഷ്ടിക്കുവാൻ ഇടയാക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ക്ലാസിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളുടെയും ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി വേണ്ടിവരുന്ന ഘടനാപരമായും ഉള്ളടക്കപരമായുമുള്ള മാറ്റങ്ങളാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത്. 2018-ലെ ദേശീയ വിദ്യാഭ്യാസ നയത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിലാണ് സംസ്ഥാനത്ത് നിലവിൽ പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

**ഖാദർ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ**

141 (4816) <u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് പരിഷ്കരണം വരുത്തുവാനായി നടപ്പിലാക്കിയ ഖാദർ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച തുടർനടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേ മറികടക്കുവാനായി കേരള വിദ്യാഭ്യാസ ചട്ടത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; ഓർഡിനൻസ് വഴിയാണോ പ്രസ്തുത ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്;

(സി) എങ്കിൽ ഏതൊക്കെ ഭേദഗതികളാണ് കേരള വിദ്യാഭ്യാസ ചട്ടത്തിൽ വരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) 17-6-2019 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൽ 31-5-2019 ലെ സ.ഉ. (എം.എസ്) നമ്പർ 53/2019/പൊ.വി.വ ഉത്തരവിന്മേലുള്ള തുടർനടപടികൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു. തുടർന്ന് 28-6-2019-ൽ ചില വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് അനുവദിച്ചുകൊണ്ട് ഇടക്കാല ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കേരള വിദ്യാഭ്യാസ നിയമത്തിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും ഭേദഗതികൾ ഉൾപ്പെടുത്തി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഡയറ്റ് അദ്ധ്യാപകരുടെ സ്ഥിരം നിയമനം

142 (4817) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പതിനാല് ഡയറ്റുകൾ നിലവിൽ വന്നെങ്കിലും അദ്ധ്യാപകരുടെ സ്ഥിര നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കാൻ വൈകുന്നതിന്റെ കാലതാമസം വിശദമാക്കാമോ;

(ബി) 2008-നു ശേഷം നിയമനം നടത്താൻ വ്യവസ്ഥയില്ലാത്തതുകാരണം യോഗ്യരായവർക്ക് അവസരം നഷ്ടമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ നടത്തിപ്പിന് ഡയറ്റുകളിലെ സ്ഥിരനിയമനത്തിന്റെ അഭാവം സൃഷ്ടിച്ച പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഡയറ്റുകളുടെ പ്രവർത്തനത്തിന് കേന്ദ്രസഹായം ലഭ്യമാക്കുന്ന കാര്യത്തിൽ സ്ഥിരനിയമനം നടത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കേരളത്തിൽ പതിനാല് ഡയറ്റുകളിൽ വിവിധ വിഷയങ്ങളിലും ഡിപ്പാർട്ടുമെന്റിലുമായി എത്ര അധ്യാപക തസ്തികകൾ നിലവിലുണ്ട്; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) അടുത്ത അധ്യയന വർഷം തന്നെ മുഴുവൻ ഡയറ്റുകളിലും അധ്യാപകരുടെ സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഡയറ്റ് നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾസ് 2011 വർഷത്തിൽ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്പെഷ്യൽ റൂളിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഭേദഗതി ചെയ്ത് പുതുക്കിയ സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിനുള്ള സത്വര നടപടികൾ നടന്നുവരികയാണ്.

(ബി) യോഗ്യരായ സർക്കാർ സ്കൂൾ അദ്ധ്യാപകരെ താത്കാലികമായി അന്യത്ര സേവനവ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(സി) യോഗ്യരായ സർക്കാർ സ്കൂൾ അദ്ധ്യാപകരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ഡി) ഡയറ്റ് ലക്ചറർ തസ്തികകൾ താത്കാലികമായി അന്യത്ര സേവന വ്യവസ്ഥയിൽ നികത്തിയിട്ടുള്ളതിനാൽ കേന്ദ്ര സഹായം ലഭ്യമാകുന്ന കാര്യത്തിൽ തടസ്സങ്ങൾ ഒന്നും നിലനിൽക്കുന്നില്ല.

(ഇ) പതിനാല് ഡയറ്റുകളിലുമായി പ്രിൻസിപ്പാൾ, സീനിയർ ലക്ചറർ, ലക്ചറർ തസ്തികയിൽ നിലവിലുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു.

പ്രിൻസിപ്പാൾ-14, സീനിയർ ലക്ചറർ-97, ലക്ചറർ -173

(എഫ്) ഡയറ്റുകളിലെ അദ്ധ്യാപകരുടെ സ്ഥിരം നിയമനം നടത്തുന്നതിനായി നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരികയാണ്.

**സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫണ്ട്**

143 (4818) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ബജറ്റ് ഫണ്ടിൽ നിന്നും സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി എത്ര ഫണ്ടാണ് നൽകിയത്; സ്കൂളുകളുടെ പട്ടിക ജില്ല തിരിച്ച് നൽകാമോ;

(ബി) ഈ സംസ്ഥാന ബജറ്റിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഇതിനോടകം അനുവദിച്ചു; അറിയിക്കുമോ;

(സി) റാന്നി നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഈ വർഷം അപേക്ഷ ലഭിച്ചിട്ടുണ്ട്; ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## നവോത്ഥാന മൂല്യങ്ങൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി

144 (4820) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന മൂല്യങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള ഈ കാലയളവിൽ പാഠപുസ്തകങ്ങളിൽ അത്തരം പാഠഭാഗങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നവോത്ഥാന മൂല്യങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറുന്നതിനായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ശ്രീനാരായണഗുരു ഉൾപ്പെടെയുള്ള നവോത്ഥാന നായകരുടെ ചരിത്രപാഠങ്ങൾ കരിക്കുലത്തിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നവോത്ഥാന മൂല്യങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നവോത്ഥാന നായകരുടെ ജീവിതവും സന്ദേശവും വ്യക്തമാക്കുന്ന കാര്യങ്ങൾ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ വ്യത്യസ്ത രീതിയിലുള്ള പാഠ്യാനുബന്ധവും പാഠ്യേതരവുമായ പ്രവർത്തനങ്ങളിലൂടെയും നവോത്ഥാന മൂല്യ സന്ദേശങ്ങൾ വ്യാപിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ക്ലാസ്സ് റൂം പഠനത്തോടൊപ്പം ഭരണഘടനാ വാർഷികാഘോഷത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന വിവധപരിപാടികളും സ്കൂളുകളിൽ നടത്തിവരുന്നുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

## അക്കാദമിക മികവ് ഉയർത്തുവാൻ നടപടികൾ

145 (4821) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളെ ഒരു യൂണിറ്റിന്റെ കീഴിൽ ആക്കിയതോടുകൂടി അക്കാദമിക മികവ് ഉയർത്തുവാൻ സാധിക്കുന്നുണ്ടോ;

(ബി) അദ്ധ്യാപകരുടെ നിയമന അനുമതിയും സ്റ്റാഫ് ഫിക്സേഷനും സോഫ്റ്റ് വെയറുവഴി ആക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീരുമാനച്ചിട്ടുണ്ട്. തസ്തിക നിർണ്ണയവും, നിയമന അംഗീകാരവും സമന്വയ സോഫ്റ്റ്വെയർ വഴി കൈറ്റിന്റെ സാങ്കേതിക സഹായത്തോടെ നടത്തിവരുന്നു.

## അൺ-എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കായി നിയമനിർമ്മാണം

146 (4822) ശ്രീ. റ്റി. വി .രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും, തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് പുതിയതായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ഇരിക്കൂർ മണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

147 (4823) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്കന്ററി, ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ അപേക്ഷിച്ച എല്ലാ വിദ്യാലയങ്ങളിലും യൂണിറ്റ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ ഇപ്പോൾ എസ്.പി.സി. യൂണിറ്റ് അനുവദിച്ചിട്ടുണ്ട്;

(സി) പുതിയതായി ഈ വർഷം അപേക്ഷിച്ച എല്ലാ വിദ്യാലയങ്ങളിലും എസ്.പി.സി യൂണിറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുവദിച്ചിട്ടില്ല.

(ബി)

1. ജി.എച്ച്.എസ്. ഇരിക്കൂർ
2. ജി.എച്ച്.എസ്. ശ്രീകണ്ഠപുരം
3. സെന്റ് മേരീസ് എച്ച്.എസ്.കുടിയാന്മല
4. സേക്രട്ട് ഹാർട്ട് എച്ച്.എസ്. പയ്യാവൂർ
5. ജി.എച്ച്.എസ്.ചുഴലി
6. സെന്റ് ജോസഫ് എച്ച്.എസ്.വായാട്ടുപറമ്പ്
7. നിർമ്മല എച്ച്.എസ്. ചെമ്പേരി

(സി) പുതിയതായി ഈ വർഷം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**വിദ്യാഭ്യാസ രംഗത്തെ അഴിച്ചുപണികൾ**

148 (4824) <u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. എ.പി. അനിൽ കുമാർ:</u>
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം കേന്ദ്രസർക്കാരും സംസ്ഥാന വിദ്യാഭ്യാസ രംഗം സംസ്ഥാന സർക്കാരും സമൂലം അഴിച്ചുപണിയുമ്പോൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന ആശയക്കുഴപ്പം എപ്രകാരം മറികടക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) വിദ്യാഭ്യാസ മേഖലയുടെ വികേന്ദ്രീകരണത്തിന് പകരം ഏകീകരണമല്ലേ ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ സംഭവിക്കുന്നത് എന്നറിയിക്കാമോ;

(സി) അത് വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാര തകർച്ചക്ക് കാരണമാവുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പുതിയ ദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചിട്ടില്ല. പുതിയ വിദ്യാഭ്യാസ നയം ഉണ്ടക്കുന്നതിന്റെ ഭാഗമായി കരട് രേഖ ചർച്ചയ്ക്കായി പൊതുസമൂഹത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ചർച്ചകൾ പൂർണ്ണമാക്കി വിദ്യാഭ്യാസ നയമായി വന്നാൽ മാത്രമേ ഇതുസംബന്ധിച്ച നിലപാടുകൾ കൈക്കൊള്ളാൻ കഴിയൂ. വിദ്യാഭ്യാസം എന്നത് കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. കേന്ദ്രവും സംസ്ഥാനവും എടുക്കുന്ന നയങ്ങളിൽ വ്യത്യസ്തത ഉണ്ടെങ്കിൽ കേന്ദ്ര നിലപാട് മാത്രമേ നിലനിൽക്കൂ. ഇപ്പോൾ നിലവിലുള്ള കേന്ദ്ര വിദ്യാഭ്യാസ നയം 1986-ൽ നിലവിൽ വന്നതും 1992-ൽ പരിഷ്കരിക്കപ്പെട്ടതുമാണ്. ദേശീയ നയത്തിനുള്ളിൽ നിലവിൽ സംസ്ഥാനങ്ങൾക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ജനകീയ സഹകരണത്തോടെ വികസിപ്പിക്കാനാണ് കേരള സർക്കാർ ശ്രമിക്കുന്നത്. അതിന് അനുകൂലമായ ഫലങ്ങളാണ് ഉള്ളത് എന്നത് നമ്മുടെ അനുഭവമാണ്. ദേശീയതല പഠനങ്ങളും ഇതാണ് വ്യക്തമാക്കുന്നത്.

(ബി) എൽ.പി. മുതൽ ഹയർ സെക്കണ്ടറിവരെയുള്ള അഞ്ച് ഘട്ടങ്ങൾ (എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ)അതുപോലെതന്നെ നിലനിർത്തുവാനും അവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കുക മാത്രമാണ് നിലവിലെ ഏകീകരണം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് അക്കാദമിക രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുമെന്നതിനാൽ കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാകും.

(സി) ഗുണപരമായ മാറ്റങ്ങളിലൂടെ സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളുകളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതേപോലെ നിലനിർത്തിക്കൊണ്ട് ഒരു യൂണിറ്റാക്കി മാറ്റി അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണം കൊണ്ട് ലക്ഷ്യമിടുന്നത്.

## അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ മന്ദിരം

149 (4825) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് എഫ്.എ.സി.റ്റി യുടെ സ്ഥലം കൈമാറുന്നതിനും പുതിയ സ്കൂൾ മന്ദിരം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) രണ്ട് വർഷത്തോളമായിട്ടും നടപടികൾ പൂർത്തിയാക്കാത്തതിന് കാരണം എന്താണ്;

(സി) നടപടികൾ പൂർത്തിയായി പുതിയ സ്കൂൾ മന്ദിരം എന്നത്തേയ്ക്ക് നിർമ്മിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മുമ്പ് നിലനിന്നിരുന്ന 5 ഏക്കർ 40 സെന്റ് സ്ഥലം ബി.പി.സി.എൽ (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്)-ന് കൈമാറുന്നതിനും അതിന് പകരമായി എഫ്.എ.സി.റ്റി യിൽ നിന്നും ബി.പി.സി.എൽ. വാങ്ങിയ 5 ഏക്കർ ഭൂമി ടി സ്കൂളിനായി കൈമാറുന്നതിനും അതിന്റെ ഭാഗമായി ടി സ്കൂൾ മുമ്പ് പ്രവർത്തിച്ചു വന്നിരുന്ന ഭൂമിയുടെ കമ്പോള വില, പ്രസ്തുത ഭൂമിയിൽ നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളുടെയും മറ്റ് ചമയങ്ങളുടെയും വില എന്നിവ കണക്കാക്കുന്നതിനും പ്രസ്തുത സ്ഥലത്ത് എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി ടി സ്കൂൾ പുന:നിർമ്മിക്കുന്നതിനാവശ്യമായിവരുന്ന തുക പൊതുമരാമത്ത് വകുപ്പിനെകൊണ്ട് എസ്റ്റിമേറ്റ് ചെയ്യുന്നതിനും വേണ്ടിവരുന്ന ഭരണപരമായ കാലതാമസമാണ് ടി സ്കൂൾ കൈമാറ്റ ഇടപാടിലും പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള നടപടികളിലും ഉണ്ടായിട്ടുള്ളത്.

(സി) നടപടികൾ പൂർത്തിയാക്കി പുതിയ സ്കൂൾ മന്ദിര നിർമ്മാണം അധികം വൈകാതെ തന്നെ ആരംഭിക്കാൻ സാധിക്കുന്നതാണ്.

## നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ നീന്തൽകുളം

150 (4826) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നീന്തൽകുളം സ്ഥാപിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം അനുവദിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ് നീന്തൽകുളം അനുവദിച്ച് എന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നിന്ന് ഏതെല്ലാം സ്കൂളുകളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഒരു നിയോജകമണ്ഡലത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നുവരുന്നു.

### കുറ്റിപ്പുറം വി.എച്ച്.എസ്.സ്കൂളിലെ കെട്ടിട നിർമ്മാണം

151 (4827) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റിപ്പുറം വി എച്ച് എസ് സി സ്കൂളുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിനും സ്ഥലം ലഭ്യമാക്കുന്നതിനും വേണ്ടി ഡയറക്ടറേറ്റിലുള്ള ഫയലിന്റെയും സർക്കാരിലുള്ള ഫയലിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

<u>ഉത്തരം</u>

കുറ്റിപ്പുറം സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലം വി.എച്ച്.എസ്. സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൈമാറ്റം ചെയ്യുന്നതിനുള്ള ശിപാർശ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ തയ്യാറാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

### പ്രളയത്തിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടവർ

152 (4828) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018- ലെ പ്രളയത്തിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നഷ്ടമായ എത്രപേരിൽ നിന്നും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകരുടെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) ഇവരിൽ ആർക്കെല്ലാം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്; ഇനി എത്ര പേർക്ക് വിതരണം ചെയ്യാനുണ്ടെന്നും ആർക്കെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(സി) കൽപ്പറ്റ മണ്ഡലത്തിലെ അസ്ഹർ എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ആകെ 10814 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകരുടെ പേര് വിവരം അടങ്ങിയ സി.ഡി ഉള്ളടക്കം ചെയ്യുന്നു.*

(ബി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ബയോഡേറ്റ പൂരിപ്പിച്ച് ലഭിക്കുന്നതിനായി നൽകിയതിൽ 97 ബുക്കുകൾ മാത്രം പ്രസ്തുത സ്കൂളുകളിൽ നിന്നും തിരികെ ലഭിക്കാനുണ്ട്. ഇതിന്മേൽ ഉള്ള തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) വയനാട് ജില്ലയിലെ വൈത്തിരി പുൽപ്പാറ അസ്ഹർ എൽ.പി. സ്കൂളിന്റെ മാനേജർ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നില്ലായെന്നതിനാൽ സർക്കാർ സ്കൂൾ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് കൽപ്പറ്റ നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊണ്ട് സർക്കാരിനെ അറിയിച്ചിരുന്നു. അക്കാര്യത്തിൽ കേരള വിദ്യാഭ്യാസ നിയമത്തിലും കേരള വിദ്യാഭ്യാസ ചട്ടത്തിലും പ്രതിപാദിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂളുകളിൽ സ്വിമ്മിംഗ്പൂൾ നിർമ്മിക്കുന്ന പദ്ധതി

153 (4829) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂളുകളിലെ അക്കാദമിക് മികവ് അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കണമെന്ന വിദ്യാഭ്യാസ വകുപ്പിന്റെ ലക്ഷ്യത്തിന്റെ ഭാഗമായി ഓരോ നിയമസഭാ മണ്ഡലത്തിലും ഓരോ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന ചെങ്ങന്നൂർ മണ്ഡലത്തിലെ നിർദിഷ്ട സ്കൂളിൽ എന്നത്തേക്ക് ഈ പദ്ധതി പൂർത്തിയാകും എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഒരു നിയോജകമണ്ഡലത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും, മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി

154 (4830) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്കൂളുകളിലും സേഫ്റ്റി ഓഫീസർമാരെ നിയമിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇത് സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) സ്കൂളുകളിൽ കുട്ടികളെ കൊണ്ടുവരുന്ന കരാർ വാഹനങ്ങളെക്കുറിച്ചുള്ള വിവരം സ്കൂളധികൃതർ ലോക്കൽ പോലീസിന് കൈമാറണമെന്ന നിർദ്ദേശം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുമോ;

(ഡി) സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ സുരക്ഷ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും സ്കൂൾ സേഫ്റ്റി ഓഫീസറെ തെരഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്കൂളുകളിൽ കുട്ടികളെ കൊണ്ടുവരുന്ന കരാർ വാഹനങ്ങളെക്കുറിച്ചുള്ള വിവരം സ്കൂളധികൃതർ ലോക്കൽ പോലീസിന് കൈമാറണമെന്ന നിർദ്ദേശം പാലിക്കുന്നുണ്ട്.

(ഡി) എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ സേഫ്റ്റി കമ്മിറ്റി രൂപാകരിക്കാനും സ്കൂൾ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ഉണ്ടാക്കുന്നതിനും പ്രധാനാധ്യാപകർക്ക് നിർദ്ദേശം നൽകുകയും എല്ലാ സ്കൂളുകളിലും കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവന്ന കാതലായ മാറ്റങ്ങൾ

155 (4831) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഉള്ളടക്കത്തിലും വിനിമയത്തിലും അദ്ധ്യാപക പരിശീലനത്തിലുമെല്ലാം ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കാതലായ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ പുതിയ കാലത്തിന്റെ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് രീതി ശാസ്ത്രങ്ങളിൽ വരുത്തിയ മാറ്റങ്ങൾ വ്യക്തമാക്കുമോ;

(സി) ടീച്ചർ ട്രാൻസ്ഫർമേഷൻ എന്ന കാഴ്ചപ്പാടിലൂന്നി മൗലികതയും ഗുണമേന്മയുമുള്ള അദ്ധ്യാപകരെ വാർത്തെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഡിജിറ്റൽ പഠന സാമഗ്രികൾ തയ്യാറാക്കുന്നതിന് നിലവിൽ അദ്ധ്യാപകർക്ക് കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ തൊഴിൽ നൈപുണികൾ ഉൾപ്പെടുത്തി നൂതന വിദ്യയുടെ സഹായത്തോടെ ഉള്ളടക്കം വിനിമയം ചെയ്യുന്നതിന് 10 ദിവസം നീണ്ടുനിൽക്കുന്നവിധം അദ്ധ്യാപക പരിശീലനം നവീകരിച്ചു.

ഹയർ സെക്കന്ററി വിഭാഗത്തിൽ പാഠപുസ്തകങ്ങളിൽ കാതലായ മാറ്റങ്ങൾ സമയോജിതമായി നടപ്പിലാക്കി വരുന്നുണ്ട്. അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കുന്നതിന് ഓരോ വർഷവും എസ്.സി.ഇ.ആർ.ടി., സീ-മാറ്റ് എന്നിവയുടെ സഹകരണത്തോടെ വിവിധ അദ്ധ്യാപക പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ (LEP) ഭാഗമായി 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനവും, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ട്രാൻസഫർമേഷൻ പ്രോഗ്രാമിന്റെ (HSSTTP) ഭാഗമായി 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷവും നൽകി വരുന്നു. Capacity Enhancement Programme (CEP), Leadership Enhancement Programme (LEP) എന്നിങ്ങനെ രണ്ട് രീതിയിലുള്ള പരിശീലന പരിപാടികൾ രൂപകൽപന ചെയ്ത് നടപ്പിലാക്കി. ഇവയിൽ ഓരോന്നിലും ലെവൽ 1, ലെവൽ 2 എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലായുള്ള പരിശീലനമാണ് ഇപ്പോൾ നടത്തി വരുന്നത്. ആവശ്യാനുസരണം തുടർന്നുള്ള ലെവലുകളിലേയ്ക്ക് പരിശീലനപരിപാടിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതാണ്. ആധുനിക സാങ്കേതിക വിദ്യയുടെയും വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലാനുസൃതമായ മാറ്റങ്ങളുടെയും അടിസ്ഥാനത്തിൽ മൊഡ്യൂൾ തയ്യാറാക്കിയാണ് പ്രസ്തുത പരിശീലനപരിപാടികൾ നടത്തി വരുന്നത്.

(ബി) ക്യൂ ആർ കോഡിന്റെ സഹായത്തോടെ ഡിജിറ്റൽ വിഭവങ്ങളടക്കം സമർത്ഥമായി ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിൽ പുതിയ കാലത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് സമഗ്ര പോർട്ടൽ, ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുക തുടങ്ങിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് 10 ദിവസം നീണ്ടുനിൽക്കുന്ന എച്ച്.എസ്.എസ് ടി.ടി.പി പ്രോഗ്രാം എല്ലാ അദ്ധ്യാപകർക്കും ഇൻഡക്ഷൻ ട്രെയിനിംഗ്, ആർ.പി.മാർക്ക് ഓൺലൈൻ പരിശീലനം എന്നിവ നടപ്പിലാക്കി. ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP) എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷം നൽകിവരുന്നു. വൈജ്ഞാനിക രംഗത്തെ വികാസങ്ങൾക്കൊപ്പം മുന്നേറുന്നതിന് അദ്ധ്യാപകർക്ക് പിന്തുണ നൽകുന്നതിനും പുതിയ ഉൾക്കാഴ്ചകൾ വികസിപ്പിക്കുന്നതിനും നിരന്തര പഠനത്തിന്റെയും ഗവേഷണത്തിന്റെയും സംസ്കാരം പരിപോഷിപ്പിക്കുന്നതിനും സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽപരമായ നൈപുണികൾ വളർത്തുന്നതിനുമാണ് നവീനമായ ഈ അദ്ധ്യാപക വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മികച്ച പഠനാനുഭവങ്ങൾ ഒരുക്കി ഹയർ സെക്കന്ററി വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ അദ്ധ്യാപകരെ സജ്ജമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ശില്പശാല മാതൃകയിൽ മുഴുവൻ സമയ പങ്കാളിത്തത്തോടെയുള്ള റസിഡൻഷ്യൽ കോഴ്സായി ഇത് വിഭാവനം ചെയ്തിരിക്കുന്നു. 10 ദിവസം നീണ്ടുനിൽക്കുന്ന ടീച്ചർ ട്രാൻഫർമേഷൻ പ്രോഗ്രാമിൽ ഗവേഷണ പരിപാടികൾ, അതിഥി പ്രഭാഷണങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ, ലാബ്-ലൈബ്രറി പ്രവർത്തനങ്ങൾ, ഫീൽഡ് ട്രിപ്പ്, കലാസ്വാദനവേളകൾ, അവതരണങ്ങൾ, വിവിധ വൈദഗ്ദ്ധ്യമേഖലകളിലുള്ള പരിശീലനങ്ങൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അനുഭവാധിഷ്ഠിത പഠനത്തിന് പ്രാമുഖ്യം നൽകി ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ആശയതലം വിപുലീകരിക്കുക, വ്യത്യസ്തമായ അറിവുകൾ പങ്ക് വെയ്ക്കുക, പുതിയ ബോധന രീതികൾ സ്വായത്തമാക്കുക തുടങ്ങിയവ ഈ പരിശീലന പരിപാടികൊണ്ട് അദ്ധ്യാപകർക്ക് ഗുണകരമാകുന്നു. ഓരോ വർഷവും 1600 ലധികം അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു.

(ഡി) സമഗ്ര പോർട്ടലിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഡിജിറ്റൽ മാതൃകയിലുള്ള പഠനസാമഗ്രികൾ അദ്ധ്യാപകർ തയ്യാറാക്കി വരുന്നുണ്ട്. ഡിജിറ്റൽ പഠന വിഭവങ്ങൾ കണ്ടെത്തുന്നതിനും സ്വയം തയ്യാറാക്കുന്നതിനുമായി പ്രൈമറി മുതൽ ഹയർസെക്കന്ററി തലം വരെയുള്ള അദ്ധ്യാപകർക്ക് കേരള ഇൻഫ്രസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പരിശീലനം നേടിയ അദ്ധ്യാപകർ തയ്യാറാക്കിയ വിഭവങ്ങളാണ് സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടലിലൂടെ പങ്കുവയ്ക്കപ്പെടുന്നത്.

## വിദ്യാഭ്യാസത്തിനായി കേന്ദ്രം നൽകിയ ഫണ്ടുകൾ

156 (4832) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂൾ വിദ്യാഭ്യാസത്തിനായി കേന്ദ്രം നൽകിയ ഫണ്ടിന്റെ വിശദവിവരങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) കേന്ദ്രം ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ;

(സി) കേന്ദ്രം അനുവദിച്ചിരുന്ന ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പൊതുവിദ്യാലയങ്ങളിൽ സ്ഥിരം റിസോഴ്സ് അദ്ധ്യാപകർ

157 (4833) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനത്തിനായി സ്ഥിരം റിസോഴ്സ് അദ്ധ്യാപകരില്ലാത്തതു മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അത്തരം പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ നിലവിലുള്ള എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ ജില്ലയിലും റിസോഴ്സ് അധ്യാപകരുടെ ആവശ്യമായ എണ്ണവും നിലവിലുള്ള എണ്ണവും വ്യക്തമാക്കുമോ;

(ഡി) സ്ഥിരം റിസോഴ്സ് അധ്യാപകരെ നിയമിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

| ക്രമനമ്പർ | ജില്ല | സി.ഡബ്ല്യു.എസ്.എൻ കുട്ടികൾ |
|---|---|---|
| 1 | തിരുവനന്തപുരം | 11967 |
| 2 | കൊല്ലം | 8763 |
| 3 | പത്തനംതിട്ട | 3031 |
| 4 | ആലപ്പുഴ | 7621 |
| 5 | കോട്ടയം | 7693 |
| 6 | ഇടുക്കി | 5714 |
| 7 | എറണാകുളം | 9651 |
| 8 | തൃശ്ശൂർ | 13765 |
| 9 | പാലക്കാട് | 10875 |
| 10 | മലപ്പുറം | 14083 |
| 11 | കോഴിക്കോട് | 17064 |
| 12 | വയനാട് | 4303 |
| 13 | കണ്ണൂർ | 5935 |
| 14 | കാസർഗോഡ് | 3535 |

( സി)

| ക്രമ നമ്പർ | ജില്ല | എം.എച്ച്.ആർ.ഡി അംഗീകരിച്ചത് | നിലവിലുള്ള ആർ.ടി.മാരുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 269 | 225 |
| 2 | കൊല്ലം | 184 | 178 |
| 3 | പത്തനംതിട്ട | 100 | 100 |
| 4 | ആലപ്പുഴ | 165 | 143 |
| 5 | കോട്ടയം | 205 | 135 |
| 6 | ഇടുക്കി | 124 | 76 |
| 7 | എറണാകുളം | 276 | 190 |
| 8 | തൃശ്ശൂർ | 300 | 136 |
| 9 | പാലക്കാട് | 252 | 181 |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | മലപ്പുറം | 350 | 208 |
| 11 | കോഴിക്കോട് | 337 | 227 |
| 12 | വയനാട് | 80 | 42 |
| 13 | കണ്ണൂർ | 154 | 120 |
| 14 | കാസർഗോഡ് | 90 | 56 |
| | ആകെ | 2886 | 2017 |

(ഡി) നിലവിൽ പരിഗണനയിലില്ല.

**ഖാദർ കമ്മിറ്റി റിപ്പോർട്ട്**

158 (4834) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തൊക്കെ ശുപാർശകളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഭാഷാ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ടാലന്റ് ലാബ് പദ്ധതി**

159 (4835) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തൊക്കയാണ്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കുട്ടികളുടെ വൈവിധ്യമുള്ള കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച ടാലന്റ് ലാബ് പദ്ധതി ഗുണപ്രദമാണോ; വിശദമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റത്തിന്റെ പ്രതിഫലം വിദ്യാർത്ഥികളുടെ പഠനനിലവാരത്തിലും ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലുമായി 44705 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. സ്കൂളിലും ക്ലാസ് മുറികളിലും ഐ.ടി ഉപകരണങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ഡിജിറ്റൽ പഠന വിഭവങ്ങളും പരിശീലനങ്ങളും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ക്രമീകരിച്ച് നടപ്പിലാക്കി വരുന്നു. 'ന്യൂമാറ്റ്സ്', 'സ്റ്റെപ്പ്' തുടങ്ങിയ ഗിഫ്റ്റഡ് കുട്ടികൾക്കുള്ള പദ്ധതികളും 'ഹലോ ഇംഗ്ലീഷ്', മലയാളത്തിളക്കം', 'ശ്രദ്ധ' തുടങ്ങിയ സവിശേഷ പഠനപോഷണ പരിപാടികളും ശാസ്ത്രപാർക്കുകൾ, ശാസ്ത്ര ഗണിത ക്ലാസ്സുകൾ, ഗണിത വിജയം, ഉല്ലാസഗണിതം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) ഗുണപ്രദമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആവിഷ്കരിച്ച സവിശേഷ പദ്ധതിയാണ് 'ടാലന്റ് ലാബ്'. ഓരോ കുട്ടിയിലും അന്തർലീനമായ സർഗ്ഗപ്രതിഭയെ കണ്ടെത്തി പരിപോഷിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) ഉണ്ടായിട്ടുണ്ട്. എസ്.എസ്.എൽ.സി പരീക്ഷയിൽ 2016 മാർച്ചിൽ വിജയ ശതമാനം 96.59 ആയിരുന്നത് 2019 മാർച്ചിൽ 98.11 ആയി മാറി. മുഴുവൻ വിഷയങ്ങളിലും 'എ പ്ലസ്'ലഭിച്ച കുട്ടികളുടെ ശതമാനം 4.8 ൽ നിന്നും 2019 മാർച്ചിൽ 8.59 ശതമാനമായും ഏതെങ്കിലും ഒരു വിഷയത്തിൽ 'എ' പ്ലസ് ലഭിച്ചവരുടെ ശതമാനം 72.9 ശതമാനത്തിൽ നിന്നും 79.48 ശതമാനമായും ഉയർന്നു. ഹയർസെക്കന്ററി തലത്തിലും ഈ മാറ്റങ്ങൾ കാണാം. 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠനയോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ ഇത് 84.33 ശതമാനമായി മാറി. എൽ.എസ്.എസ്., യു.എസ്.എസ് സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ എണ്ണവും സ്കോളർഷിപ്പ് പരീക്ഷ എഴുതാൻ അർഹരായ കുട്ടികളുടെ എണ്ണവും ഈ കാലഘട്ടത്തിൽ വർദ്ധിച്ചിട്ടുണ്ട്.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

160 (4836) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം സ്കൂളുകളിലെ എത്ര ക്ലാസ് മുറികളാണ് ഹൈടെക് ആക്കിയതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടത്തിപ്പിനായി ഇതുവരെ 2,36,62,968 രൂപ (രണ്ട് കോടി മുപ്പത്തിയാറ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## സ്കൂളുകളിലെ ഹൈടെക് പദ്ധതിയുടെ സമ്പൂർണ്ണ വിജയം

161 (4837) ശ്രീ. പി. കെ. ശശി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എട്ടു മുതൽ പന്ത്രണ്ടുവരെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക്ക് പദ്ധതിക്കായി ഐ.ടി. ഉപകരണങ്ങളുടെ വിന്യാസം പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ പാഠാസൂത്രണങ്ങളും ഡിജിറ്റൽ വിഭവങ്ങളും പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സജ്ജീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 'സമഗ്ര', ഓൺലൈൻ കണ്ടന്റ് പോർട്ടൽ ലഭ്യമാക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ; ഈ പോർട്ടൽ ഉപയോഗിച്ച് പദ്ധതിയുടെ ഓരോ ഘട്ടവും മോണിറ്റർ ചെയ്യുന്നതിനും അക്കാദമിക പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൊണ്ടുപോകുന്നതിനും പര്യാപ്തമാകുന്നുണ്ടോ;

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ചുമതലകളാണ് 'കൈറ്റ്'-നെ ഏൽപ്പിച്ചിരുന്നത്; കൈറ്റ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഹൈടെക് പദ്ധതിയുടെ സമ്പൂർണ വിജയത്തിനായി അദ്ധ്യാപകർക്ക് ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങളാണ് നടത്തി വരുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൂർത്തീകരണം അന്തിമഘട്ടത്തിലാണ്. ഇതിനകം 45000 ക്ലാസ് മുറികൾ ഹൈടെക്കായി മാറി.

(ബി) ഉണ്ട്.

(സി) സമഗ്ര ഓൺലൈൻ പോർട്ടൽ പരിശീലനം എല്ലാ അദ്ധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. ഫലപ്രദമായ രീതിയിൽ അക്കാദമിക മോണിറ്ററിംഗിനുള്ള സംവിധാനം സമഗ്ര പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്.

(ഡി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളും സൗകര്യങ്ങളും സേവനങ്ങളും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഡിജിറ്റൽ പഠന വിഭവങ്ങൾ സജ്ജമാക്കി ഓൺലൈൻ സംവിധാനത്തിലൂടെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനുള്ള എല്ലാ സാങ്കേതിക പ്രവർത്തനങ്ങളും കൈറ്റ് ആണ് നടത്തുന്നത്. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അവലോകന യോഗം നടത്താറുണ്ട്.

(ഇ) പഠന-ബോധന പ്രവർത്തനങ്ങൾ ലളിതവും ആയാസ രഹിതവുമാക്കുന്നതിന് ഡിജിറ്റൽ വിഭവങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക് ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പ്രാപ്തരാക്കുന്നതിനുള്ള പ്രത്യേക പരിശീലനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.

## സ്കൂളുകളിൽ പഞ്ചിംഗ് സംവിധാനം

162 (4838) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ഹാജർനില അറിയുന്നതിനായി പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇല്ലായെങ്കിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്തെ ഏതെങ്കിലും സ്കൂളുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

### ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) ഇല്ല.

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഹൈടെക് സ്കൂൾ പദ്ധതി

163 (4839) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര കോടി രൂപയുടെ പദ്ധതികളാണ് പ്രസ്തുത വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള നിർവ്വഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ 3,01,03,863 രൂപ ( മൂന്ന് കോടി ഒരു ലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി അറുപത്തി മൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(സി&ഡി) ഹൈടെക് സ്കൂൾ പദ്ധതി അന്തിമഘട്ടത്തിലാണ്.

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് കിഫ്ബി മുഖാന്തരം ഫണ്ടുകൾ

164 (4840) <u>പ്രൊഫ. കെ.യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനാണ് കിഫ്ബി മുഖാന്തരം ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നടവരമ്പ് മോഡൽ എച്ച്.എസ്.എസ്.-5 കോടി

ജി.വി.എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട -1 കോടി

ജി.ജി.വി.എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട -1 കോടി

(ബി) നടവരമ്പ് മോഡൽ എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ജി.വി.എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജി.ജി.വി.എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട എന്നീ സ്കൂളുകളുടെ നിർമ്മാണത്തിന്റെ SPV യായി KILA യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുളള ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ

165 (4841) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ സമീപകാലങ്ങളിൽ വിജിലൻസ് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | ജില്ല | ബി.ആർ.സി.കളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 12 |
| 2 | കൊല്ലം | 12 |
| 3 | പത്തനംതിട്ട | 11 |
| 4 | ആലപ്പുഴ | 11 |
| 5 | കോട്ടയം | 13 |
| 6 | ഇടുക്കി | 8 |
| 7 | എറണാകുളം | 15 |
| 8 | തൃശ്ശൂർ | 18 |
| 9 | പാലക്കാട് | 13 |
| 10 | മലപ്പുറം | 15 |

| (1) | (2) | (3) |
|---|---|---|
| 11 | കോഴിക്കോട് | 15 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 15 |
| 14 | കാസർഗോഡ് | 7 |
| | ആകെ | 168 |

(ബി) വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനയുടെ വിശദാംശങ്ങൾ വിജിലൻസിൽനിന്നും ലഭ്യമായിട്ടില്ല.

(സി) വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## എം.എൽ.എ.യുടെ വികസന ഫണ്ട് ഉപയോഗിച്ച് വാങ്ങിയ വാഹനങ്ങൾ

166 (4842) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 കാലയളവിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങൾക്കായി എം.എൽ.എ.യുടെ വികസന ഫണ്ട് ഉപയോഗിച്ച് എത്ര വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ;

(ബി) അപ്രകാരം വാങ്ങിയ വാഹനങ്ങളിൽ ഏത് ഫണ്ട് ഉപയോഗിച്ച് വാങ്ങി എന്ന് ആലേഖനം ചെയ്തിട്ടുള്ള ഭാഗം സ്കൂൾ അധികാരികൾ പെയിന്റ് ഉപയോഗിച്ച് മായ്ച്ച് കളഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ ഫണ്ട് വിവരം മായ്ച്ച് കളഞ്ഞ വാഹനങ്ങൾ എത്രയെന്നും സ്ഥാപനങ്ങളുടെ വിവരവും സഹിതം ലഭ്യമാക്കാമോ;

(ഡി) ആരുടെ നിർദ്ദേശപ്രകാരമാണ് വാഹനങ്ങളിൽ നിന്നും എം.എൽ.എ.-യുടെ പേരും ഫണ്ട് വിവരവും മായ്ച്ച് കളഞ്ഞതെന്ന് വകുപ്പ് പരിശോധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) സ്കൂൾ വാഹനങ്ങളിൽ നിന്നും ഫണ്ട് വിവരം നശിപ്പിച്ച സ്കൂൾ മേധാവികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) പൊതുപണം വിനിയോഗിച്ച് എഴുതിയ വാഹനത്തിലെ വിവരങ്ങൾ മായ്ച്ച് കളഞ്ഞ് സർക്കാരിന് നഷ്ടം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) ഇപ്രകാരമുണ്ടായ നഷ്ടം സ്ഥാപനമേലധികാരികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ)

| | | |
|---|---|---|
| 1 | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, നെയ്യാറ്റിൻകര | 5 |
| 2 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, നെയ്യാറ്റിൻകര | 4 |
| 3 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ബാലരാമപുരം | 2 |
| 4 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പാറശ്ശാല | 2 |
| | ആകെ | 13 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ജി) ബാധകമല്ല.

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന്റെ നടപടിക്രമങ്ങൾ

167 (4843) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങി നൽകുന്ന പ്രവൃത്തിയുടെ പ്രൊപ്പോസൽ ലഭിച്ച ശേഷം വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ഇപ്രകാരം ലഭിക്കുന്ന എല്ലാ പ്രൊപ്പോസലുകളിലും ഗവൺമെന്റ് ഉത്തരവ് നൽകുന്നതിന് മുമ്പായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയക്കണമെന്ന നിബന്ധന വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂൾ ബസ് വാങ്ങി നൽകുന്ന പ്രവൃത്തികളുടെ പ്രൊപ്പോസലുകളിൽ ഏതെങ്കിലും ഒരിക്കൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടും വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ടോ; ഇതിന് ആധാരമായ വസ്തുതകൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ സ്കൂൾ ബസ് വാങ്ങുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഭരണാനുമതി ഉത്തരവ് നൽകുകയും ഇതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള ശിപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും പൊതുവിദ്യാഭ്യാസ സെക്രട്ടറി നിയന്ത്രണാധികാരിയായ '4202-01-800-84-Projects Under LAC ADS-Other Projects (NP)'എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും BAMS മുഖേന DDO മാരായ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ടി ശീർഷകത്തിൽ നിന്നും ആവശ്യമായ തുക മാറി നൽകുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും, തുക മാറി നൽകി പ്രവൃത്തി നടപ്പിലാക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തുവരുന്നു.

(സി) ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി ഹെഡ് ഓഫ് അക്കൗണ്ടിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക തികയാതെ വന്നതിനാൽ അധിക ധനാനുമതിക്കായി ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യുകയും 30-10-2019-ന് 4 കോടി രൂപ Additional Authorisation മുഖേന പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിയിട്ടുമുണ്ട്.

**കണ്ണൂർ ജില്ലയിലെ വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട്**

168 (4844) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ഉൾപ്പെടെ വിവിധ പദ്ധതികളിലായി പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിദ്യാലയങ്ങൾക്ക് നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ എത്ര എയ്ഡഡ് വിദ്യാലയങ്ങൾക്ക് നാളിതുവരെ ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക്ക് സ്കൂൾ പദ്ധതിക്ക് 493.5 കോടി രൂപയും, പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് ലാബ് പദ്ധതിക്ക് 292 കോടി രൂപയും മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിക്ക് 705 കോടി രൂപയും സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 288 കോടി രൂപയും ഉൾപ്പെടെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പദ്ധതികൾക്ക് 1778.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 759.33 കോടി രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ 8 സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ചലഞ്ച് ഫണ്ട് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ജൈവവൈവിദ്ധ്യ പാർക്ക്

169 (4845) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിലാണ് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യപാർക്ക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാലയങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രധാനാദ്ധ്യാപകർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ

170 (4846) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഏതൊക്കെ എയ്ഡഡ് സ്കൂളുകളിലാണ് വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതെന്നും വിദ്യാർത്ഥികളുടെ എണ്ണം നേരത്തേതിൽ നിന്നും കുറവുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ എണ്ണത്തിൽ എത്ര കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നിന്നും ലഭ്യമായിട്ടുള്ള 6-ാം പ്രവൃത്തിദിന കണക്ക് പ്രകാരം 2018-19 വർഷം മുൻവർഷത്തെ അപേക്ഷിച്ച് എയ്ഡഡ് മേഖലയിലുള്ള വിദ്യാലയങ്ങളിൽ 104 വിദ്യാലയങ്ങളിൽ കുട്ടികൾ കൂടുകയും 95 എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ കുറയുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം മുൻവർഷത്തെ അപേക്ഷിച്ച് 123 എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ കൂടുകയും 81 സ്കൂളുകളിൽ കുട്ടികൾ കുറയുകയും ചെയ്തിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് 2018-19 വർഷത്തിൽ കാസർഗോഡ് ജില്ലയിൽ ഒരു അംഗീകൃത അൺഎയ്ഡഡ് വിദ്യാലയത്തിന്റെ കുറവാണുണ്ടായത്.

## പുത്തൻതോട് സർക്കാർ ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവൃത്തി

171 (4847) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിൽപെട്ടതും മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചു കോടി രൂപ അനുവദിച്ചതുമായ പുത്തൻതോട് സർക്കാർ ഹയർസെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ മാസ്റ്റർപ്ലാനിന്റെ ഭാഗമായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ; പ്രസ്തുത തുക വിനിയോഗിച്ച് ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചി നിയോജകമണ്ഡലത്തിൽപ്പെട്ടതും മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചുകോടി രൂപ അനുവദിച്ചതുമായ പുത്തൻതോട് സർക്കാർ ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പൈൽ ഫൗണ്ടേഷന്റെ പണികൾ പുരോഗമിക്കുകയാണ്.

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെട്ട ഓരോ സ്കൂളിന്റെയും മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടത്തുന്നത്. ആസ്തിവികസന ഫണ്ടിൽ നിന്ന് അനുവദിച്ച തുകയും കിഫ്ബി ഫണ്ടും ഉൾപ്പെടെ 6.16 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രസ്റ്റുത സ്കൂളിൽ ആരംഭിച്ചിരിക്കുന്നത്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രവൃത്തികൾ**

172 (4848) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉത്തരം

(എ)

1. ജൈവ വൈവിദ്ധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ
2. കെട്ടിട നിർമ്മാണം
3. യൂണിഫോം വിതരണം

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം

173 (4849) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## നെയ്യാറ്റിൻകരയിലെ സ്കൂൾ നീന്തൽകുളം പദ്ധതി

174 (4850) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2019-20 വർഷത്തിൽ പ്രവൃത്തി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നീന്തൽ കുളത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എത്ര തുകയാണ് സ്കൂൾ നിന്തൽ കുളം പദ്ധതിക്ക് അനുവദിക്കുന്നത്;

(ബി) എത് സ്കൂളിനെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ; പദ്ധതി പൂർത്തീകരിക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) നിന്തൽകുളം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ഒരു നിയോജകമണ്ഡലത്തിൽ ഒരു നീന്തൽകുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നുവരുന്നു.

## സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

175 (4851) ശ്രീ. കെ. എൻ. എ ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2019-20-ലെ ബജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി നാളിതുവരെ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) ഈയിനത്തിൽ 2018-19 വർഷത്തിലെ ബജറ്റിൽ നിന്നും ചെലവഴിച്ച തുകയെത്രയെന്നും ഈയിനത്തിൽ പ്രസ്തുത വർഷം അനുവദിച്ച തുകയിൽ നിന്നും എത്ര തുക പിന്നീട് വകമാറ്റി തിരികെയെടുത്തുവെന്നും വിശദമാക്കുമോ;

(സി) 2018-19 വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലുകളിൽ നിലവിൽ എത്രയെണ്ണം പെൻഡിംഗിൽ ഉണ്ട്; ഇതിലേതിലെങ്കിലും തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഭരണാനുമതി നൽകിയ 76 സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

## പാലക്കാട് മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

176 (4852) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വിദ്യാഭ്യാസ പ്ലാൻഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ മുഖാന്തരം ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളിൽ നടത്തിയിട്ടുള്ള പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(സി) ഇത്തരത്തിൽ അനുവദിച്ച സ്കൂളുകളിലെ പ്രവൃത്തികൾ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അടിസ്ഥാന സൗകര്യ വികസനത്തിന് പ്ലാൻ, കിഫ്ബി ഫണ്ടുകൾ മുഖാന്തരം തുക അനുവദിച്ച സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ജി.എച്ച്.എസ്.എസ്. ബിഗ്ബസാർ, പാലക്കാട്
2. ജി.എം.എം.ജി.എച്ച്.എസ്.എസ്. പാലക്കാട്
3. പി.എം.ജി.എച്ച്.എസ്.എസ്. പാലക്കാട്
4. ജി.യു.പി.എസ്. മേപ്പറമ്പ്
5. ജി.യു.പി.എസ്. പുത്തൂർ
6. ജി.എച്ച്.എസ്.എസ്. കുമരപുരം
7. ജി.യു.പി.എസ്. പുത്തൂർ

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**സമഗ്രശിക്ഷ പദ്ധതി**

177 (4853) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാനും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും ലയിപ്പിച്ച് രൂപീകരിച്ച സമഗ്രശിക്ഷ പദ്ധതിയ്ക്കുള്ള കേന്ദ്രസഹായത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; പദ്ധതിപ്രകാരം ലഭിക്കേണ്ട തുക എത്രയാണെന്നാണ് പ്രതീക്ഷിച്ചിരുന്നതെന്നും ആകെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും ബാക്കി തുക ലഭിയ്ക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) മുൻവർഷം അനുവദിച്ച തുക പ്രകാരമുള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തതാണ് പദ്ധതിപ്രകാരമുള്ള തുക സംസ്ഥാനത്തിന് ലഭിയ്ക്കാത്തതിന് കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ പദ്ധതി നടത്തിപ്പിൽ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ അലംഭാവം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സഹായത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 2018-19-ൽ അംഗീകരിച്ച കേന്ദ്ര വിഹിതം 443.96 കോടി രൂപയായിരുന്നു. എന്നാൽ ആയത് 206.05 കോടി രൂപയായി കുറവ് വരുത്തി. സമഗ്രശിക്ഷാ കേരളയുടെ നിരന്തരവും ശക്തവുമായ ഇടപെടൽമൂലം അധികമായി 50 കോടി രൂപകൂടി 2018-19-ൽ അനുവദിച്ച് ആകെ 256.05 കോടി രൂപ ലഭിച്ചു.

(ബി) ഇല്ല.

## പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സ്കൂളുകൾ

178 (4854) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിലെ പ്രളയം മൂലം സംസ്ഥാനത്തെ എത്ര സ്കൂളുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്; ഇവയുടെ നാശനഷ്ടത്തിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കും പൂർണ്ണതോതിൽ നാശനഷ്ടം സംഭവിച്ചവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2018 ആഗസ്റ്റിലെ പ്രളയത്തിൽ 413 സ്കൂളുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇവയുടെ നാശനഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കും പൂർണ്ണതോതിൽ നാശം സംഭവിച്ചവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെ രേഖപ്പെടുത്തിയിരിക്കുന്നു.

ഇടുക്കി ജില്ല

1. ഗവ.എൽ.പി.എസ്. ആനവിരട്ടി - സ്കൂൾ കെട്ടിടത്തിന്റെ പുനർനിർമ്മാണം പഞ്ചായത്ത് പൂർത്തിയാക്കി. ഈ അധ്യയന വർഷം മുതൽ അധ്യയനം തുടങ്ങിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കോഴിമല ഗവ.എൽ.പി.എസ്. -സ്കൂൾ കെട്ടിടത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനായി 'സീഡ്സ് ഇന്ത്യ' എന്ന സംഘടനയ്ക്ക് അനുമതി നൽകി. 26.09.2019-ന് അവർ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രവൃത്തികൾ നടന്നുവരുന്നു.

പാലക്കാട് ജില്ല

ഗവ.ജെ.ബി.എൽ.പി.എസ്. പെരുവമ്പ് - സ്കൂൾ തുടക്കം മുതൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രളയത്തിൽ പ്രസ്തുത കെട്ടിടം ഭാഗികമായി തകർന്നു. ടി കെട്ടിടത്തിന്റെ ഉടമസ്ഥൻതന്നെ പുനർനിർമ്മാണം നടത്തി ഇവിടെ അധ്യയനം നടന്നുവരുന്നു.

വയനാട് ജില്ല

1. ഗവ.എൽ.പി.എസ്. മക്കിമല -സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി. ഈ അധ്യയന വർഷത്തിൽ അധ്യയനം തുടങ്ങി.

2. ഗവ.എൽ.പി.എസ്. കുറിച്ച്യിയാർമല - സ്കൂൾ കെട്ടിടങ്ങൾ പൂർണ്ണമായി തകർന്നു. സ്ഥലംതന്നെ ഒഴുകിപ്പോയി. കെട്ടിടം നിലനിന്നിരുന്ന സ്ഥലം പരിസ്ഥിതിലോല പ്രദേശമായതിനാൽ വീണ്ടും ആ സ്ഥലത്തുതന്നെ കെട്ടിടം നിർമ്മിക്കുന്നത് സുരക്ഷിതമല്ലാത്തതിനാൽ മറ്റൊരു സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുവാൻ ശ്രമിച്ചുവെങ്കിലും സ്ഥലവാസികൾ ടി സ്ഥലത്തുനിന്നും സ്കൂൾ മാറ്റി നിർമ്മിക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. പുതുതായി സ്ഥലം വാങ്ങാൻ കഴിഞ്ഞിട്ടില്ല. അടുത്തുള്ള മദ്രസയിൽ ടി സ്കൂൾ അധ്യയനം നടന്നുവരുന്നു.

3. ഗവ. ഹയർസെക്കന്ററി സ്കൂൾ കുഞ്ഞോം -സർക്കാരിന്റെ അനുവാദത്തോടുകൂടി മദ്രാസ് വൈ.എം.സി.എ. എന്ന സംഘടന പ്രസ്തുത സ്കൂളിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 2019 ജൂലൈ 19-ന് അധ്യയനം ആരംഭിച്ചു.

കാസർഗോഡ് ജില്ലയിലെ ഗവ.എൽ.പി.എസ്. ബാവിക്കര

സർക്കാർ ഫണ്ട് അനുവദിച്ച് സ്കൂൾ കെട്ടിടങ്ങളുടെ പണി ത്വരിതഗതിയിൽ നടന്നുവരുന്നു. പണി പൂർത്തിയായാലുടൻ പുതിയ കെട്ടിടത്തിൽ അധ്യയനം ആരംഭിക്കുന്നതാണ്. ഇപ്പോൾ അടുത്തുള്ള മദ്രസയിൽ ടി സ്കൂൾ അധ്യയനം നടന്നുവരുന്നു.

എറണാകുളം ജില്ലയിലെ ഗവ.എൽ.പി.എസ്. കായനാട്

ഗവ.എൽ.പി.എസ്. കായനാട്ടിൽ 1,00,00,000 (ഒരു കോടി) രൂപയോളം പ്രവർത്തനച്ചെലവ് പ്രതീക്ഷിക്കുന്ന പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത്

നടത്തുവാൻ 'കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ്' എന്ന സംഘടന തയ്യാറാവുകയും സർക്കാർ ആയതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘടനയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ

179 (4855) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് സ്വന്തമായി സ്ഥലം വാങ്ങി സ്കൂൾ കെട്ടിടം പണിയുന്നതിനുള്ള പദ്ധതി സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്കൂളുകളിലെ നീന്തൽ പരിശീലനം

180 (4856) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തൽ പരിശീലനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) നീന്തൽ പരിശീലനത്തിനായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും നീന്തൽ കുളങ്ങൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നീന്തൽ പഠനം നിലവിലുള്ള പാഠ്യപദ്ധതിയുടെ ഭാഗമാണ്. ആരോഗ്യ കായിക വിദ്യാഭ്യാസം ടീച്ചർ ടെക്സ്റ്റിൽ നീന്തലിന്റെ വിശദമായ ഉള്ളടക്ക ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ പുസ്തകങ്ങളിലാണ് നീന്തൽ പഠനം ഘട്ടംഘട്ടമായ രീതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ നീന്തലുമായി ബന്ധപ്പെട്ട വിദഗ്ധരാണ് ഈ ഭാഗം തയ്യാറാക്കിയിട്ടുള്ളത്.

(ബി) ഒരു നിയോജകമണ്ഡലത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പാഠപുസ്തകങ്ങളുടെ പകർപ്പവകാശം**

181 (4857) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളുടെ പകർപ്പവകാശം സംസ്ഥാന സർക്കാരിനു മാത്രമാണോ; ആണെങ്കിൽ ഇത് സ്വതന്ത്രമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പാഠപുസ്തകങ്ങളുടെ പകർപ്പവകാശം സ്വതന്ത്രമാക്കാത്തതിനാൽ പാഠ പുസ്തകങ്ങൾ ഇന്റർനെറ്റിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാഠപുസ്തകങ്ങളുടെ സോഫ്റ്റ്കോപ്പി വ്യാപകമായി ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള സിലബസ് പ്രകാരമുള്ള സ്കൂൾ പാഠപുസ്തകങ്ങളുടെ പകർപ്പവകാശം സംസ്ഥാന സർക്കാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. പകർപ്പവകാശം സ്വതന്ത്രമാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി&സി) പാഠപുസ്തകങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര പോർട്ടലിലും എസ്.സി.ഇ.ആർ.ടി.-യുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിൽനിന്നും പാഠപുസ്തകങ്ങളുടെ സോഫ്റ്റ് കോപ്പികൾ ലഭ്യമാണ്.

**പ്രീ സ്കൂൾ സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി**

182 (4858) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ സ്കൂളുകളിൽ എഴുത്ത്, വാചിക പരീക്ഷകൾ പാടില്ലെന്ന എൻ.സി.ഇ.ആർ.ടി.യുടെ നിർദ്ദേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇത് നടപ്പിലാക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പ്രീ സ്കൂൾ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എസ്.സി.ഇ.ആർ.ടി. 2014-ൽ തയ്യാറാക്കിയ പാഠ്യപദ്ധതിക്കനുസൃതമായ സമീപനം സ്വീകരിച്ചിട്ടുണ്ട്.

(ബി)

1) 2014-ൽ തയ്യാറാക്കിയ പ്രീ സ്കൂൾ പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി പ്രീ സ്കൂൾ അദ്ധ്യാപകർക്കായി കളിപ്പാട്ടം എന്ന പേരിൽ പ്രവർത്തന പുസ്തകം, 3+, 4+ പ്രായക്കാരായ കുട്ടികൾക്കായി പ്രവർത്തന കാർഡുകൾ - 'കളിത്തോണി', അദ്ധ്യാപകർക്കായി വിനിമയ സഹായി എന്നിവ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കളിത്തോണി ഒന്നും രണ്ടും ഭാഗം തയ്യാറാക്കി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അതിൽ ഒന്നാം ഭാഗം അച്ചടിച്ച് സ്കൂളുകളിൽ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഭാഗം തയ്യാറാക്കുന്നത് അവസാന ഘട്ടത്തിലാണ്.

2) സർക്കാർ, സർക്കാർ അംഗീകൃത സ്കൂളുകളിലെ തെരഞ്ഞെടുത്ത പ്രീ സ്കൂൾ അദ്ധ്യാപകർക്കായി 2017-18 അധ്യയന വർഷത്തിൽ 'പ്രശിക്ഷ' എന്ന പേരിൽ ഗവേഷണാടിസ്ഥാനത്തിൽ പരിശീലനം നൽകി.

3) 2018-19 അധ്യയന വർഷത്തിൽ മുഴുവൻ സർക്കാർ, സർക്കാർ അംഗീകൃത പ്രീ സ്കൂളുകളിലെ അദ്ധ്യാപകർക്കും പരിശീലനം നൽകി.

4) ഈ അധ്യയന വർഷവും പരിശീലനം നൽകുന്നതിനായി പ്രീ സ്കൂൾ സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലനം നൽകിവരുന്നു.

5) പ്രീ സ്കൂൾ മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി ദേശീയ സെമിനാർ എസ്.സി.ഇ.ആർ.ടി. നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്നു.

6) പ്രീ സ്കൂൾ നയരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

7) പ്രീ സ്കൂളുകളുടെ അക്കാദമിക നവീകരണത്തിനായി സമഗ്ര ശിക്ഷാ കേരള പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ഓണറേറിയം നൽകുന്ന 414 പ്രീ സ്കൂൾ കേന്ദ്രങ്ങൾക്ക് ആക്ടിവിറ്റി കോർണറുകൾ സജ്ജമാക്കുന്നതിന് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ശാസ്ത്രമൂല, വായനമൂല, പാവമൂല തുടങ്ങി കരിക്കുലം വിഭാവനം ചെയ്യുന്ന വിവിധ പ്രവർത്തനമൂലകൾ സജ്ജീകരിക്കാനും ഇവ പ്രയോജനപ്പെടുത്തുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് പിന്തുണാപ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്.

## പ്രീ പ്രൈമറി വിദ്യാഭ്യാസരംഗം നേരിടുന്ന പ്രശ്നങ്ങൾ

183 (4859) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗം നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പി.ടി.എ.-യുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി വിഭാഗത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരം എസ്.സി.ഇ.ആർ.ടി. പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്.

## സർക്കാർ പ്രീ പ്രൈമറി സ്കൂളുകളുടെ ശാക്തീകരണം

184 (4860) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രീ പ്രൈമറി സ്കൂളുകളുടെ ശാക്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) സർക്കാർ സ്കൂളുകളുടെ ശാക്തീകരണത്തിന് പ്രീ പ്രൈമറി സ്കൂളുകളുടെ ശാക്തീകരണം ഒരു പ്രധാന ഘടകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(സി) പുതിയ സർക്കാർ പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി)

1) 2014-ൽ തയ്യാറാക്കിയ പ്രീ സ്കൂൾ പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി പ്രീ സ്കൂൾ അദ്ധ്യാപകർക്കായി കളിപ്പാട്ടം എന്ന പേരിൽ പ്രവർത്തനപുസ്തകം, 3+, 4+ പ്രായക്കാരായ കുട്ടികൾക്കായി പ്രവർത്തന കാർഡുകൾ - 'കളിത്തോണി', അദ്ധ്യാപകർക്കായി വിനിമയ സഹായി എന്നിവ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, കളിത്തോണി ഒന്നും രണ്ടും ഭാഗം തയ്യാറാക്കി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അതിൽ ഒന്നാം ഭാഗം അച്ചടിച്ച് സ്കൂളുകളിൽ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഭാഗം തയ്യാറാക്കുന്നത് അവസാന ഘട്ടത്തിലാണ്.

2) സർക്കാർ, സർക്കാർ അംഗീകൃത സ്കൂളുകളിലെ തെരഞ്ഞെടുത്ത പ്രീ സ്കൂൾ അദ്ധ്യാപകർക്കായി 2017-18 അധ്യയന വർഷത്തിൽ 'പ്രശിക്ഷ' എന്ന പേരിൽ ഗവേഷണാടിസ്ഥാനത്തിൽ പരിശീലനം നൽകി.

3) 2018-19 അധ്യയന വർഷത്തിൽ മുഴുവൻ സർക്കാർ, സർക്കാർ അംഗീകൃത പ്രീ സ്കൂളുകളിലെ അദ്ധ്യാപകർക്കും പരിശീലനം നൽകി.

4) ഈ അധ്യയന വർഷവും പരിശീലനം നൽകുന്നതിനായി പ്രീ സ്കൂൾ സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലനം നൽകി. തുടർപരിശീലനങ്ങൾ വരും മാസങ്ങളിൽ നൽകുന്നതാണ്.

5) പ്രീ സ്കൂൾ മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി ദേശീയ സെമിനാർ എസ്.സി.ഇ.ആർ.ടി. നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്നു.

6) പ്രീ സ്കൂൾ നയരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

7) പ്രീ സ്കൂളുകളുടെ അക്കാദമിക നവീകരണത്തിനായി സമഗ്രശിക്ഷാ കേരള പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ഓണറേറിയം നൽകുന്ന 414 പ്രീ സ്കൂൾ കേന്ദ്രങ്ങൾക്ക് ആക്ടിവിറ്റി കോർണറുകൾ സജ്ജമാക്കുന്നതിന് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ശാസ്ത്രമൂല, വായനമൂല, പാവമൂല തുടങ്ങി കരിക്കുലം വിഭാവനം ചെയ്യുന്ന വിവിധ പ്രവർത്തനമൂലകൾ സജ്ജീകരിക്കാനും ഇവ പ്രയോജനപ്പെടുത്തുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് പിന്തുണാപ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതിയും പ്രീസ്കൂളുകളുടെ ശാക്തീകരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

**തിരുവനന്തപുരം ജില്ലയിലെ എൽ.പി. സ്കൂളുകളിലെ തസ്തികകൾ**

185 (4861) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 2019-20 അധ്യയന വർഷത്തിൽ ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ എത്ര പുതിയ ഡിവിഷനുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) 2019 ജനവരി ഒന്ന് മുതൽ 2019 ജൂലൈ ഒന്ന് വരെ തിരുവനന്തപുരം ജില്ലയിൽ ഒന്ന് മുതൽ നാല് വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന എത്ര അദ്ധ്യാപകരും എൽ.പി. സ്കൂൾ ഹെഡ്മാസ്റ്ററും വിരമിച്ചിട്ടുണ്ട്;

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.പി. സ്കൂൾ അദ്ധ്യാപകരിൽ നിന്നും ഹെഡ്മാസ്റ്റർ, എച്ച്.എസ്.എ, പി.ഡി. ടീച്ചർ എന്നീ തസ്തികകളിലേയ്ക്ക് ഈ അധ്യയന വർഷം സ്ഥാനക്കയറ്റം ലഭിച്ചവർ എത്ര;

(ഡി) മേൽപ്പറഞ്ഞ കാരണങ്ങളാൽ എൽ.പി. സ്കൂൾ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇവ പി.എസ്.സി. വഴി നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**എച്ച്.എസ്.എ. ഹിന്ദി പാലക്കാട് ജില്ലയിലെ നിയമനം**

186 (4862) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ ഹിന്ദി പാലക്കാട് ജില്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും 2017 ജൂലൈ മാസത്തിനുശേഷം എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; ഇനി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എത്ര ഒഴിവുകൾ നീക്കിവെച്ചിട്ടുണ്ട്;പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ പറ്റാത്ത ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) അന്തർജില്ലാ സ്ഥലംമാറ്റത്തിലൂടെ വന്നിട്ടുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലവിൽ പാലക്കാട് ജില്ലയിൽ എച്ച്.എസ്.എ ഹിന്ദി സംരക്ഷിത അദ്ധ്യാപകർ ജോലിചെയ്യുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017 ജൂലൈ മുതൽ എച്ച്.എസ്.എ. (ഹിന്ദി) തസ്തികയിൽ ഇതുവരെ 35 നിയമനങ്ങൾ നടന്നിട്ടുണ്ട്. 2019-20 വർഷത്തിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി 2 ഒഴിവുകളും 1 ഒഴിവ് സ്ഥാനക്കയറ്റത്തിനും മാറ്റിവച്ചിട്ടുണ്ട്.

സ്ഥലംമാറ്റത്തിനായി ഒരാൾ മാത്രമേ ജില്ലയിലേയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. ആയതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ച 2 ഒഴിവുകളിൽനിന്നും 1 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ബി) 12-7-2020-ന്.

(സി) 2 ഒഴിവുകളാണ് അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ളത്. ആയതിൽ മലപ്പുറം ജില്ലയിൽനിന്നും ശ്രീമതി സുധ കെ. എന്ന അദ്ധ്യാപിക അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

## അലനല്ലൂർ ജി.എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടി

187 (4863) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി അലനല്ലൂർ ജി.എച്ച്.എസ്.എസ്-നെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്, 2018-19 വർഷത്തെ ആസ്തി വികസനഫണ്ടിൽ നിന്നും അനുവദിച്ച 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിന് എസ്റ്റിമേറ്റ് / ഡി.പി.ആർ.ലഭ്യമാക്കുന്നതിലേക്കായി നല്കിയ പാലക്കാട് ജില്ലാ കളക്ടറുടെ 26-10-2018- ലെ ആർ.ഡി.4-3646/2018-ാം നമ്പർ കത്തിന് നാളിതുവരെയായിട്ടും പാലക്കാട് ഡി.ഡി.ഇ. മറുപടി നൽകാത്തത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) ഒരു വർഷമായിട്ടും പ്രസ്തുത കത്തിന് മറുപടി നൽകാതെ,പദ്ധതി നടപ്പാക്കാൻ തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ./എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26-10-2018-ലെ പാലക്കാട് ജില്ലാ കളക്ടറുടെ ആർ.ഡി.എച്ച്/3646/18 കത്ത് പ്രകാരം ജി.വി.എച്ച്.എസ്. അലനല്ലൂർ സ്കൂളിനെ

മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് 25 ലക്ഷം രൂപ മണ്ണാർക്കാട് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ അനുമതിക്കായി ബഡ്ജറ്റ് എസ്റ്റിമേറ്റും ഡി.പി.ആറും 26-3-2019 തീയതിയിലെ കത്തിലൂടെ എ.ഡി.സി.-ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 6-6-2019-ലെ കത്ത് പ്രകാരം ഡി.പി.ആർ. ഓൺലൈൻ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ആയതനുസരിച്ച് 14-6-2019-ലെ ഇ 1/22278/18/കത്ത് പ്രകാരം നടപടി സ്വീകരിക്കാൻ പ്രധാനാദ്ധ്യാപകന് ഡി.ഡി.ഇ. നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

## ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്കുള്ള മികവിന് നൽകുന്ന ഗ്രേസ് മാർക്ക്

188 (4864) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്കുള്ള മികവിന് നൽകുന്ന ഗ്രേസ് മാർക്ക്, മാർക്ക് ലിസ്റ്റിൽ പ്രത്യേകം സൂചിപ്പിക്കണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിധി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാർ 2017-ൽ വിളിച്ച് ചേർത്ത സംസ്ഥാന വിദ്യാഭ്യാസ സെക്രട്ടറിമാരുടെ യോഗത്തിൽ ഗ്രേസ് മാർക്ക് ഒഴിവാക്കുവാൻ എടുത്ത തീരുമാനം സർക്കാർ നടപ്പിലാക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) മോഡറേഷനും ഗ്രേസ് മാർക്കും അവസാനിപ്പിക്കുന്ന കാര്യത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 2018-ൽ എസ്.സി.ഇ.ആർ.റ്റി.-യെ ഏല്പിപ്പിച്ചിരുന്നുവോ; എങ്കിൽ അവർ നൽകിയ റിപ്പോർട്ടിലെ ശിപാർശ എന്താണ്; വിശദമാക്കുമോ ?

### ഉത്തരം

(എ) മോഡറേഷൻ, ഗ്രേസ് മാർക്ക് എന്നിവ സംബന്ധിച്ച ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) മോഡറേഷനും ഗ്രേസ് മാർക്കും സംബന്ധിച്ച വിഷയത്തിൽ എസ്.സി.ഇ.ആർ.ടി. ഒരു വിദഗ്ധ സമിതി റിപ്പോർട്ട് സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ്/ലൈബ്രറി നവീകരണം**

189 (4865) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ്/ലൈബ്രറി നവീകരണത്തിനായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്ന തുകയെത്ര എന്നറിയിക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇപ്രകാരം ഭരണാനുമതി നൽകിയത് ഏതൊക്കെ ഹയർ സെക്കണ്ടറി സ്കൂളുകൾക്കാണ്; വിശദമാക്കുമോ;

(സി) നിലവിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ്; പദ്ധതി നിർവ്വഹണത്തിന് ചുമതല നൽകിയിട്ടുള്ളത് ഏത് ഏജൻസിക്കാണ്; അറിയിക്കുമോ;

(ഡി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ്/ലൈബ്രറി നവീകരണം എന്നത്തേയ്ക്ക് പൂർത്തിയാകും; വ്യക്തമാക്കുമോ?

ഉത്തരം

(എ) 35 കോടി രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും പ്രളയാനന്തരം 12 കോടി രൂപ കുറവ് വരുത്തി 23 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 35 കോടി രൂപ വകയിരുത്തിയിരുന്നു. പൊതുവിദ്യാഭ്യാസ (ഹയർ സെക്കണ്ടറി) ഡയറക്ടറുടെ ശിപാർശയനുസരിച്ച് 7-8-2018-ലെ സ.ഉ.(സാധാ)3026/2018/പൊ.വി.വ. ഉത്തരവ് പ്രകാരം 68 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ്/ലൈബ്രറി നവീകരണത്തിന് 3393.29 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ പ്രളയാനന്തരം ബഡ്ജറ്റ് വിഹിതം 12 കോടി രൂപ കുറവ് ചെയ്തത് 23 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. തുടർന്ന് 22-3-2019-ലെ സ.ഉ. (സാധാ)1126/2019/പൊ.വി.വ. ഉത്തരവ് പ്രകാരം 42 സർക്കാർ ഹയർ

സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തിക്ക് elams-ൽ 452.74383 ലക്ഷം രൂപ അനുവദിക്കുവാൻ പൊതുവിദ്യാഭ്യാസ (ഹയർ സെക്കണ്ടറി) ഡയറക്ടർ ശിപാർശ ചെയ്ത സാഹചര്യത്തിൽ, 17-10-2019-ലെ സ.ഉ.(സാധാ)4282/2019/പൊ.വി.വ. ഉത്തരവ് പ്രകാരം 42 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ്/ലൈബ്രറി നവീകരണത്തിന് 452.74383 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. സ്കൂൾ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) 42 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ്/ലൈബ്രറി നവീകരണ പ്രവൃത്തി ചെയ്യുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സിഡ്കോയെയാണ് പ്രസ്തുത പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്.

(ഡി) 8 മാസമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലാവധി നിശ്ചയിച്ച് നൽകിയിട്ടുള്ളത്.

## ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ

190 (4866) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ സീനിയർ-ജൂനിയർ അദ്ധ്യാപക തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; വിഷയം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതുതായി എത്ര തസ്തികകളാണ് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മേൽ പറയപ്പെട്ട ജൂനിയർ തസ്തികകളിലെ പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) എൽ.ഡബ്ല്യു.എ., ഡെപ്യൂട്ടേഷൻ, ബാച്ച് മാറ്റം മുഖാന്തരമുള്ള ഒഴിവുകളും നേരിട്ടുള്ള നിയമനത്തിനായും തസ്തികമാറ്റ നിയമനത്തിനായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളും എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകരുടെ എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ ഒഴിവുകളും ഉൾപ്പെടുത്തിയിട്ടുള്ള ഒഴിവ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2019-ൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ റഗുലർ നിയമനം നടത്താത്ത തസ്തികകളിൽ ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത അദ്ധ്യാപകരുടെ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകിവരുന്നു.

## സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾ

191 (4867) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര വിദ്യാലയങ്ങളിൽ പ്രിൻസിപ്പൽമാരെ നിയമിക്കാതെ തസ്തിക ഒഴിഞ്ഞു കിടപ്പുണ്ട്; കുട്ടികളുടെ അക്കാദമിക് നിലവാരത്തെ ബാധിക്കുന്ന തരത്തിൽ പ്രഥമാധ്യാപകരെ ഈ വിദ്യാലയങ്ങളിൽ നിയമിക്കാതിരിക്കുന്നത് എന്തുകൊണ്ട്;

(ബി) കേരളത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (ഐ.റ്റി.ഇ.) സ്ഥാപനങ്ങളിൽ ഇരുപത് എണ്ണം എൻ.സി.ടി.ഇ. (നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ) മാനദണ്ഡമനുസരിച്ചുള്ള സംവിധാനങ്ങളില്ലാത്തതിനാൽ അടച്ചുപൂട്ടാൻ എൻ.സി.ടി.ഇ. നോട്ടീസ് നൽകിയിട്ടുണ്ടോ; ഈ സ്ഥാപനങ്ങൾ നിലനിർത്തുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(സി) ഹയർ സെക്കണ്ടറി മേഖല സ്കൂൾ മേഖലയുമായി ഏകീകരിക്കുന്നതിന്റെ ഭാഗമായി ഹയർ സെക്കണ്ടറി പ്രിൻസിപ്പാളിന് സ്കൂളിന്റെ ഭരണപരമായ ചുമതല നല്കാൻ തീരുമാനിച്ചതിനൊപ്പം ആഴ്ചയിൽ പതിനാറ് മണിക്കൂറിലേറെ പഠിപ്പിക്കാനും സമയം കണ്ടെത്തണം എന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ ഇവരുടെ അദ്ധ്യാപന ഭാരം കുറയ്ക്കാൻ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഇല്ലാത്ത പക്ഷം എന്തുകൊണ്ടാണ്;

(ഡി) സംസ്ഥാനത്തെ പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അദ്ധ്യാപക രക്ഷാകർത്തൃസമിതികൾ നടത്തുന്നവയും എന്നാൽ നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നതുമായ ആയിരത്തി അഞ്ഞൂറിലധികം പ്രീ പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഡയറ്റ് സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ നിലവിലുള്ള അവസ്ഥ എന്താണ്; ഭേദഗതി എപ്പോഴേക്ക് പൂർത്തീകരിക്കും; സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാത്തതുമൂലം സ്ഥിര നിയമനം വൈകുന്നതും, നിലവിലുള്ള അധ്യാപകരുടെ സാമ്പത്തികാവകാശങ്ങൾ സംരക്ഷിക്കാൻ പറ്റാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 07-11-2019 തീയതിവരെയുള്ള കണക്ക് പ്രകാരം 38 പ്രിൻസിപ്പൽ തസ്തിക ഒഴിവുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് പ്രിൻസിപ്പൽ പ്രമോഷൻ നടത്തുന്നതിനായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ എച്ച്.എം.-മാരിൽനിന്നും എച്ച്.എസ്.എസ്.ടി.-മാരിൽനിന്നും കോൺഫിഡൻഷ്യൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. അഡ്ഹോക് ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എൻ.സി.ടി.ഇ. നോട്ടീസ് നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതത് സ്ഥാപനമേധാവികളാണ്.

(സി) നിലവിൽ മാറ്റം വരുത്തിയിട്ടില്ല.

(ഡി) 2014-ൽ തയ്യാറാക്കിയ പ്രീ സ്കൂൾ പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി പ്രീ സ്കൂൾ അദ്ധ്യാപകർക്കായി 'കളിപ്പാട്ടം' എന്ന പേരിൽ പ്രവർത്തനപുസ്തകം, 3+, 4+ പ്രായക്കാരായ കുട്ടികൾക്കായി പ്രവർത്തന കാർഡുകൾ - 'കളിത്തോണി', അദ്ധ്യാപകർക്കായി വിനിമയ സഹായി എന്നിവ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുകയും ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർ അച്ചടിച്ച് എല്ലാ പ്രീ പ്രൈമറി സ്കൂളുകൾക്കും വിതരണം ചെയ്യുകയും കളിത്തോണി ഒന്നും രണ്ടും ഭാഗം തയ്യാറാക്കി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മൂന്നാം ഭാഗം തയ്യാറാക്കുന്നത് അവസാന ഘട്ടത്തിലാണ്. സർക്കാർ, സർക്കാർ അംഗീകൃത സ്കൂളുകളിലെ തെരഞ്ഞെടുത്ത പ്രീ സ്കൂൾ അദ്ധ്യാപകർക്കായി 2017-18 അധ്യയന വർഷത്തിൽ 'പ്രശിക്ഷ' എന്ന പേരിൽ ഗവേഷണാടിസ്ഥാനത്തിൽ പരിശീലനം നൽകുകയും 2018-19 അധ്യയന വർഷത്തിൽ മുഴുവൻ സർക്കാർ, സർക്കാർ അംഗീകൃത പ്രീ സ്കൂളുകളിലെ അദ്ധ്യാപകർക്കും ഈ അധ്യയന വർഷം പ്രീ സ്കൂൾ സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്കുമുള്ള പരിശീലനം നൽകുകയുണ്ടായി. പ്രീ സ്കൂൾ മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായുള്ള ദേശീയ സെമിനാർ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ മുഖ്യമന്ത്രി, സാമൂഹ്യനീതി വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്നു. കൂടാതെ പ്രീ സ്കൂൾ നയരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന പ്രീ പ്രൈമറികൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഡയറ്റ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് പുതുക്കിയ സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ഡയറ്റ് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചശേഷം സ്ഥിരനിയമനം നടത്തുന്നതിനും നിലവിലുള്ള ഡയറ്റ് അദ്ധ്യാപകരുടെ അർഹമായ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**ഹയർ സെക്കണ്ടറി ബാച്ചുകൾ മാറ്റുന്ന നടപടി**

192 (4868) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി തലത്തിൽ ആവശ്യമായ കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ നിന്ന് ബാച്ചുകൾ ആവശ്യമുള്ള മേഖലകളിലെ സ്കൂളുകളിലേക്ക് മാറ്റാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ അധ്യയന വർഷം ഏതെല്ലാം സ്കൂളുകളിൽ നിന്ന് ഏതൊക്കെ സ്കൂളുകളിലേക്കാണ് ബാച്ചുകൾ ഇത്തരത്തിൽ മാറ്റിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇപ്രകാരം മാറ്റുന്ന പ്രക്രിയ ഏതുകാലഘട്ടത്തിലാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ;

(ഡി) ഇത്തരത്തിൽ ബാച്ചുകൾ മാറ്റുന്നതുമൂലം ഏത് ജില്ലക്കാണ് കൂടുതൽ നേട്ടമുണ്ടായതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) 2018-19 അധ്യയന വർഷം മുതൽ.

(ഡി) മലപ്പുറം ജില്ലയ്ക്ക്.

**ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പി.എഫ്. അംഗത്വം**

193 (4869) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപർക്ക് പി.എഫ്.ൽ അംഗത്വം ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് ഉള്ളത്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ പി. എഫ്.വിഭാഗത്തിൽ ഓൺലൈനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഫിസിക്കൽ കോപ്പിയായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പി.എഫ്. അപേക്ഷകൾ പരിശോധിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് പി.എഫ്.-ൽ അംഗത്വം ലഭിക്കുവാനായി ഗെയിൻ പി.എഫ്. സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി പ്രിൻസിപ്പൽ മുഖാന്തരം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് രണ്ട് സാക്ഷികൾ ഒപ്പുവച്ച നോമിനേഷൻ ഫോറം, അതാത് ആർ.ഡി.ഡി.-മാർ നൽകുന്ന അപ്പോയിന്റ്മെന്റ് അപ്രൂവൽ ഓർഡറിന്റെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉള്ളടക്കം ചെയ്ത ഫിസിക്കൽ കോപ്പിയും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് (ഹയർ സെക്കണ്ടറി വിഭാഗം) നൽകേണ്ടതാണ്.

(ബി) നിലവിൽ 867 പി.എഫ്. അഡ്മിഷൻ അപേക്ഷകൾ ഓൺലൈനായി ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം - 40
2. കൊല്ലം - 32
3. പത്തനംതിട്ട - 33
4. ആലപ്പുഴ - 60
5. കോട്ടയം - 33
6. ഇടുക്കി - 16
7. എറണാകുളം - 65
8. തൃശ്ശൂർ - 25

9. പാലക്കാട് - 74

10. മലപ്പുറം - 250

11. കോഴിക്കോട് - 145

12. വയനാട് - 20

13. കണ്ണൂർ - 57

14. കാസർഗോഡ് - 17

(സി) ഫിസിക്കൽ കോപ്പി - 881

1. തിരുവനന്തപുരം - 40

2. കൊല്ലം - 32

3. പത്തനംതിട്ട - 35

4. ആലപ്പുഴ - 60

5. കോട്ടയം - 37

6. ഇടുക്കി - 16

7. എറണാകുളം - 65

8. തൃശ്ശൂർ - 27

9. പാലക്കാട് - 76

10. മലപ്പുറം - 252

11. കോഴിക്കോട് - 145

12. വയനാട് - 20

13. കണ്ണൂർ - 59

14. കാസർഗോഡ് - 17

(ഡി) അപാകതകൾ ഇല്ലാത്ത പി.എഫ്. അഡ്മിഷൻ അപേക്ഷകൾ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. അപാകതകൾ ഉള്ളപക്ഷം ആയത് അപേക്ഷകരെ രേഖാമൂലവും ടെലഫോൺ മുഖേനയും അറിയിക്കാറുണ്ട്.

## പ്ലസ് വൺ വിദ്യാർത്ഥികളുടെ തുടർപഠനത്തിന് സഹായം

194 (4870) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷ കഴിഞ്ഞ് പ്ലസ് വണ്ണിന് ഇതു വരെയും സീറ്റ് കിട്ടാത്ത എത്ര കുട്ടികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) തുടർ പഠനത്തിന് ഈ വിദ്യാർത്ഥികൾക്ക് അവസരമില്ലാതെയായതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പത്താം ക്ലാസ് പാസ്സായ വിദ്യാർത്ഥികളുടെയും പ്ലസ് വൺ സീറ്റുകളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്ലസ് വൺ പ്രവേശനത്തിന് കാത്തിരിക്കുന്ന വിദ്യാർത്ഥികളെ തുടർ പഠനത്തിന് ഏത് രീതിയിൽ സഹായിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എസ്.എസ്.എൽ.സി. പരീക്ഷ പസ്സായവരിൽ ഹയർ സെക്കന്ററി ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷിച്ചിട്ട് ഹയർ സെക്കന്ററിയിൽ പ്രവേശനം ലഭിക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) തുടർപഠനത്തിന് വിദ്യാർത്ഥികൾക്ക് അവസരമില്ലാതായിട്ടില്ല. ഹയർ സെക്കന്ററി ഒന്നാം വർഷ റഗുലർ പഠനത്തിന് ചേരാത്ത വിദ്യാർത്ഥികൾക്ക് വി.എച്ച്.എസ്.ഇ., പോളിടെക്നിക്ക്, ഐ.ടി.ഐ., ഓപ്പൺ സ്കൂൾ മുതലയാവ മുഖാന്തരം തുടർപഠനത്തിന് അവസരമുണ്ട്. 2019-20 അധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനം പൂർത്തീകരിച്ചശേഷം എല്ലാ ജില്ലകളിലും സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്.

(സി) പത്താം ക്ലാസ് പാസ്സായ വിദ്യാർത്ഥികളുടെയും പ്ലസ് വൺ സീറ്റുകളുടെയും എണ്ണം ജില്ല തിരിച്ച് അനുബന്ധം-2 ആയി ചേർക്കുന്നു.*

(ഡി) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 30% സീറ്റുകൾ അധികമായി വർദ്ധിപ്പിച്ച് വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശന സാധ്യത വർദ്ധിപ്പിച്ചിരുന്നു. പ്രവേശന പ്രക്രിയ പൂർത്തിയായശേഷവും എല്ലാ ജില്ലകളിലും സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ കലാമേളകളുടെ നടത്തിപ്പ്

195 (4871) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലാമേളകളുടെ നടത്തിപ്പ് രീതിയിൽ ഈ സർക്കാർ വരുത്തിയ പരിഷ്കാരങ്ങൾ വിശദമാക്കാമോ;

(ബി) വിവിധ തലങ്ങളിലെ സ്കൂൾ കലാമേളകൾക്ക് നൽകുന്ന സർക്കാർ ഗ്രാന്റ് എത്രയെന്ന് പട്ടികപ്പെടുത്തി വിശദമാക്കാമോ;

(സി) മേളകളുടെ നടത്തിപ്പിന് കുട്ടികൾ വഴി പൊതുജനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്ന രീതി അവസാനിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 20-10-2017-ലെ സ.ഉ.(കൈ)നമ്പർ 129/2017/പൊ.വി.വ. പ്രകാരമുള്ള പരിഷ്കരിച്ച കലോത്സവ മാന്വലിൽ 6-10-2018-ലെ സ.ഉ.(കൈ)നമ്പർ.144/2018/പൊ.വി.വ. പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി.

(ബി) സബ് ജില്ലാ മത്സരങ്ങൾക്കായി ഈ വർഷം 163 ഉപജില്ലാ ഓഫീസർമാർക്ക് 3,13,50,000 (മൂന്ന് കോടി പതിമൂന്ന് ലക്ഷത്തി അൻപതിനായിരം) രൂപയും റവന്യൂ, ജില്ലാതല മത്സരങ്ങൾക്കായി 14 വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് 2,66,50,000 (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി അൻപതിനായിരം) രൂപയും സർക്കാർ ഗ്രാന്റായി നൽകിയിട്ടുണ്ട്.

(സി) മേളകളുടെ നടത്തിപ്പിന് കുട്ടികൾവഴി പൊതുജനങ്ങളിൽനിന്നും ഫണ്ട് സമാഹരിക്കുന്നില്ല.

## സ്കൂൾ കലാമേളകളുടെ നടത്തിപ്പ്

196 (4872) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോൽസവം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാന സ്കൂൾ കലോൽസവത്തിലെ ജഡ്ജിമാരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(സി) സ്ഥിരം ജഡ്ജിമാരായി വരുന്ന ചിലരുടെ പേരിൽ ആരോപണം ഉന്നയിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വിദ്യാഭ്യാസ വകുപ്പിലേയും ഡി.പി.ഐ.യിലേയും ചില ഉദ്യോഗസ്ഥർ ജഡ്ജി നിയമനത്തിൽ അനധികൃതമായി ഇടപെടുന്നു എന്ന രീതിയിലുള്ള വാർത്തകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) തുടർച്ചയായി ജഡ്ജിമാരായി വരുന്നവരെ ഒഴിവാക്കി ഓരോ മേഖലയിലെയും പരിചയ സമ്പന്നരെ നിയമിച്ച് ആക്ഷേപങ്ങൾ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവം കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പരിചയസമ്പന്നരും അതത് ഇനങ്ങളിൽ അക്കാദമിക് യോഗ്യതയുള്ളവരുമായ വിധികർത്താക്കളിൽനിന്നും തെരഞ്ഞെടുക്കുന്നു.

(സി) സംസ്ഥാന കലോത്സവത്തിൽ ഒരിനത്തിൽ തുടർച്ചയായി രണ്ട് വർഷത്തിൽ കൂടുതൽ വിധികർത്താക്കളായി നിയമിക്കാറില്ല. ആരോപണ വിധേയരായ വിധികർത്താക്കളെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താറുണ്ട്.

(ഡി) വിദ്യാഭ്യാസ വകുപ്പിലെയും ഡി.പി.ഐ.-യിലെയും ചില ഉദ്യോഗസ്ഥർ ജഡ്ജി നിയമനത്തിൽ അനധികൃതമായി ഇടപെടുന്നു എന്ന രീതിയിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംസ്ഥാന കലോത്സവത്തിൽ ഒരിനത്തിൽ തുടർച്ചയായി രണ്ട് വർഷത്തിൽ കൂടുതൽ വിധികർത്താക്കളായി നിയമിക്കാതെയും ആരോപണവിധേയരായ വിധികർത്താക്കളെ പാനലിൽനിന്നും ഒഴിവാക്കിയും ആക്ഷേപങ്ങൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## സ്കൂൾ ഗെയിംസ് ടീം സെലക്ഷനായി എത്തിയവർ കടത്തിണ്ണയിൽ കിടക്കേണ്ടിവന്ന സാഹചര്യം

197 (4873) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ ഗെയിംസ് ടീം സെലക്ഷനായി കണ്ണൂരിലെത്തിയ കൗമാര താരങ്ങൾ ഒരു രാത്രി ഉറങ്ങി വെളുപ്പിക്കാൻ സ്റ്റേഡിയത്തിനടുത്ത കടത്തിണ്ണയിൽ കിടക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾ ബാഗുമായി കടത്തിണ്ണയിൽ കിടക്കുന്ന ചിത്രം 'കായിക കേരളം കടത്തിണ്ണയിൽ' എന്ന അടിക്കുറിപ്പോടെ പുറത്തുവന്നത് ദേശീയ തലത്തിൽ തന്നെ സംസ്ഥാനത്തിനുണ്ടാക്കിയ അവമതിപ്പ് പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ സർക്കാർ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിദ്യാഭ്യാസവകുപ്പ് ഇതിനെക്കുറിച്ച് അന്വേഷിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ ഗെയിംസിന് വരുന്ന കുട്ടികൾക്കായി

അക്കോമഡേഷൻ സെന്റർ ഒരുക്കിയിട്ടുണ്ടായിരുന്നു. അധികൃതരുമായി ബന്ധപ്പെട്ട കുട്ടികൾക്കെല്ലാംതന്നെ അക്കോമഡേഷൻ ഏർപ്പാട് ചെയ്യുകയും അവർ അവിടെ താമസിക്കുകയും മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

(ബി&സി) സംസ്ഥാന സ്കൂൾ ഗെയിംസിന് വരുന്ന കുട്ടികൾക്കായി അക്കോമഡേഷൻ സെന്റർ ഒരുക്കിയിട്ടുണ്ടായിരുന്നു. എല്ലാ മത്സരങ്ങൾക്കും കുട്ടികളുടെ അക്കോമഡേഷൻ വളരെ പ്രാധാന്യത്തോടെയാണ് സർക്കാർ കാണുന്നത്. ആയത് കൃത്യമായി ചെയ്തുവന്നിട്ടുള്ളതുമാകുന്നു. കുട്ടികൾക്കുവേണ്ടി എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടും ഇത്തരത്തിലുള്ള ഒരു സംഭവം ഉണ്ടായത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്.

**സ്കൂൾ കായികമേള**

198 (4874) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് ജില്ലാതലത്തിൽ സ്കൂൾ കായികമേള നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പല സബ് ജില്ലകളിലും മീറ്റ് നടത്തുന്നതിനാവശ്യമായ ഗ്രൗണ്ട് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി ഒരു അസംബ്ലി നിയോജകമണ്ഡലത്തിൽ സബ് ജില്ലാ കായികമേള നടത്തുന്നതിന് പര്യാപ്തമായ ഒരു ഗ്രൗണ്ട് നിർമ്മിക്കുന്നതിന് ഗവൺമെന്റ്/എയിഡഡ് വിദ്യാലയങ്ങളിലെ മതിയായ സ്ഥലസൗകര്യമുള്ള ഒരു സ്കൂൾ ഗ്രൗണ്ട് സംസ്ഥാന കായിക വകുപ്പുമായി സഹകരിച്ച് മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

(ഡി) സബ് ജില്ലാ കായിക മത്സരങ്ങൾ കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എല്ലാ വർഷവും സബ് ജില്ലാ കായികമേള സംഘടിപ്പിച്ചാണ് ജില്ലാ മത്സരത്തിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നത്.

(ബി) സബ് ജില്ലകളിലെ മത്സരങ്ങൾ ജില്ലകളിൽ ലഭ്യമായ ഗ്രൗണ്ടുകളിലാണ് നടത്തുന്നത്.

(സി) ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു സ്കൂളിൽ ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി 2020-21 വർഷം തുക മാറ്റിവയ്ക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്ലാനിംഗ് ബോർഡിൽ പ്ലാൻ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. എല്ലാ സബ് ജില്ലകളിലും കായികമേള നടത്തുന്നതിനായി കായിക വകുപ്പുമായി സഹകരിച്ച് സ്കൂൾ ഗ്രൗണ്ട് മെച്ചപ്പെടുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) സബ് ജില്ലാ കായിക മത്സരങ്ങൾ കാര്യക്ഷമമായ രീതിയിൽ നടത്തുവാൻ നിലവിൽ സാധിക്കുന്നുണ്ട്.

## ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ മാസ്റ്റർ പ്ലാൻ

199 (4875) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മുമ്പ് നേരത്തെ ഭരണാനുമതി ലഭിച്ച് കെട്ടിട നിർമ്മാണം പൂർത്തിയായതിനാൽ ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ മാസ്റ്റർ പ്ലാനിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി മാസ്റ്റർപ്ലാൻ റിവൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. ടി നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും സ്കൂളിൽ നേരിട്ട് അന്വേഷണം നടത്തുകയുണ്ടായി. പൊതുമരാമത്ത് വകുപ്പ് മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പരപ്പനങ്ങാടി അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവർ അന്വേഷണത്തിൽ പങ്കെടുക്കുകയുണ്ടായി. നിലവിൽ ടെണ്ടർ നടത്തി എഗ്രിമെന്റ് വച്ച പദ്ധതിയാണിതെന്നും ദേശീയപാത വികസനത്തിന്റെ ഭാഗമായി സ്ഥലം എടുത്തുപോയതിനാൽ റിവൈസ് ചെയ്ത പ്ലാൻ പ്രകാരം പണി

ആരംഭിക്കുവാൻ അനുമതി നൽകിയ സാഹചര്യമാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. മാസ്റ്റർപ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തുതന്നെയാണ് നബാർഡ് ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നത്. നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടപ്പെടുന്നതിനാൽ നാല് ക്ലാസ്സ് മുറികൾ ഒരുവശത്തും രണ്ട് ക്ലാസ്സ് മുറികൾ എതിർവശത്തും മധ്യത്തിൽ ഇടനാഴിയും വരുന്ന രീതിയിൽ പ്ലാൻ റിവൈസ് ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്.

## എറണാകുളം എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ

200 (4876) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എൽ പി എസ് എ , യു പി എസ് എ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപക തസ്തികകളിൽ നിലിവിലുള്ള ഒഴിവുകൾ പി എസ് സി- യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ സർക്കാർ എൽ പി , യു പി സ്കൂളുകളിൽ എത്ര അധിക തസ്തികകൾ സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) എ.ഇ.ഒ ആഫീസുകൾ തിരിച്ച് ആയതിന്റെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) എൽ.പി.എസ്.എ. - 115 ഒഴിവുകൾ

യു.പി.എസ്.എ. - 35 ഒഴിവുകൾ

(ബി) 2019-20 അധ്യയന വർഷത്തിൽ എൽ.പി.എസ്.ടി. തസ്തികയിൽ ബൈടാൻസ്ഫർ നിയമനത്തിനായി റിപ്പോർട്ട് ചെയ്ത 67 ഒഴിവുകളും യു.പി.എസ്.ടി. തസ്തികയിൽ ബൈടാൻസ്ഫർ നിയമനത്തിനായി റിപ്പോർട്ട് ചെയ്ത 9 ഒഴിവുകളും പി.എസ്.സി.-യിൽ നിലനിൽക്കുന്നുണ്ട്. മിച്ചമുള്ള ഒഴിവുകളിൽനിന്നും തസ്തിക നിർണ്ണയ റിവ്യൂ പൂർത്തിയായശേഷം 2019-20 കേഡർനില അനുസരിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2019-20 അധ്യയന വർഷം സൃഷ്ടിക്കപ്പെട്ട യു.പി.എസ്.ടി അധിക തസ്തികകൾ - 25

2019-20 അധ്യയന വർഷം സൃഷ്ടിക്കപ്പെട്ട എൽ.പി.എസ്.ടി. അധിക തസ്തികകൾ - 22

(ഡി)

| എൽ.പി.എസ്.ടി. അധിക തസ്തിക വിശദാംശങ്ങൾ | | | |
|---|---|---|---|
| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അധിക തസ്തിക | കുറവ് ചെയ്തത് |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ്, എറണാകുളം | | | |
| (1) | (2) | (3) | (4) |
| 1 | ജി.വി.എച്ച്.എസ്.എസ്. ചോറ്റാനിക്കര | 1 | - |
| 2 | ജി.എച്ച്.എസ്.എസ്., പുത്തൻതോട് | - | 2 |
| 3 | ജി.എച്ച്.എസ്. എളമക്കര | 1 | - |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആലുവ | | | |
| 4 | ജി.വി.എച്ച്.എസ്.എസ്. കൈതാരം | 1 | - |
| 5 | ജി.എച്ച്.എസ്. മുപ്പത്തടം | 2 | - |
| 6 | ജി.എച്ച്.എസ്. നൊച്ചിമ | 2 | - |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോതമംഗലം | | | |
| 7 | ജി.വി.എച്ച്.എസ്.എസ്. മാതിരപ്പിള്ളി | - | 1 |
| 8 | ജി.എച്ച്.എസ്. കല്ലിൽ | 1 | - |
| 9 | ഗവ.മോഡൽ എച്ച്.എസ്. ചെറുവട്ടൂർ | 1 | - |
| 10 | ജി.എച്ച്.എസ്.എസ്. ചേരാനല്ലൂർ | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആലുവ | | | |
| 11 | ജി.യു.പി.എസ്. കാക്കനാട് | - | 1 |
| 12 | ജി.എൽ.പി.എസ്. ഉളിയന്നൂർ | 1 | - |
| 13 | ജി.എൽ.പി.എസ്. ശ്രീമൂലനഗരം | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മൂവാറ്റുപുഴ | | | |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | ജി.എൽ.പി.ബി.എസ്. തൃക്കളത്തൂർ | 1 | - |
| 15 | ജി.യു.പി.എസ്. മുളവൂർ | - | 1 |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പിറവം | | | |
| 16 | ജി.എൽ.പി.എസ്. പാഴൂർ | 1 | - |
| 17 | ജി.യു.പി.എസ്. കലമ്പൂർ | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോലഞ്ചേരി | | | |
| 18 | ജി.യു.പി.എസ്. വലമ്പൂർ | 1 | - |
| 19 | ജി.യു.പി.എസ്. ഊരക്കാട് | - | 1 |
| 20 | ജി.ജെ.ബി.എസ്. കണ്യാട്ടുനിരപ്പ് | 1 | - |
| 21 | ജി.എൽ.പി.എസ്. വടവകോട് | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പറവൂർ | | | |
| 22 | ജി.യു.പിഎസ്. കോട്ടുവള്ളി | - | 1 |
| 23 | ജി.എൽ.പി.എസ്. എളന്തിക്കര | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പെരുമ്പാവൂർ | | | |
| 24 | ജി.യു.പി.എസ്. അശമന്നൂർ | - | 1 |
| 25 | ജി.യു.പി.എസ്. കൊമ്പനാട് | - | 1 |
| 26 | ജി.യു.പി.എസ്. അല്ലപ്ര | 2 | - |
| 27 | ജി.ബി.എൽ.പി.എസ്. പെരുമ്പാവൂർ | - | 1 |
| 28 | ജി.എൽ.പി.എസ്. പുല്ലുവഴി | 1 | - |
| 29 | ജി.എൽ.പി.എസ്. സൗത്ത് വാഴക്കുളം | 4 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, തൃപ്പൂണിത്തുറ | | | |
| 30 | ജി.ജെ.ബി.എസ്. ഉദയംപേരൂർ | 2 | - |

| (1) | (2) | (3) | (4) |
|---|---|---|---|
| 31 | ജി.വി.ജെ.ബി.എസ്. ഉദയംപേരൂർ | 2 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, എറണാകുളം | | | |
| 32 | ജി.എൽ.പി.എസ്. വെണ്ണല | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോതമംഗലം | | | |
| 33 | ജി.എൽ.പി.എസ്. ചെറുവട്ടൂർ | - | 1 |
| 34 | ജി.യു.പി.എസ്. കുറ്റിലഞ്ഞി | - | 1 |
| 35 | ജി.എൽ.പി.എസ്. കുറ്റിയാംചാൽ | 1 | - |
| 36 | ജി.യു.പി.എസ്. പൈമറ്റം | 1 | - |
| 37 | ജി.യു.പി.എസ്. പാനിപ്ര | 1 | - |
| | | 34 | 12 |
| | | (34-12=22) | |

| യു.പി.എസ്.ടി. അധിക തസ്തികകൾ | | | |
|---|---|---|---|
| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അധിക തസ്തിക | കുറവ് ചെയ്തത് |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ്, എറണാകുളം | | | |
| 1 | ജി.വി.എച്ച്.എസ്.എസ്. ചോറ്റാനിക്കര | - | 1 |
| 2 | ജി.എച്ച്.എസ്.എസ്. പുത്തൻതോട് | 4 | - |
| 3 | ജി.എച്ച്.എസ്. എളമക്കര | 1 | - |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആലുവ | | | |
| 4 | ജി.എച്ച്.എസ്. പാലിയം-ചേന്ദമംഗലം | - | 1 |
| 5 | ജി.എച്ച്.എസ്. ചെങ്ങമനാട് | 1 | - |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | ജി.എച്ച്.എസ്. കുട്ടമ്മശ്ശേരി | 1 | - |
| 7 | ജിഎച്ച്.എസ്.മൂപ്പത്തടം | 3 | - |
| 8 | ജി.എച്ച്.എസ്. പൂത്തൃക്ക | - | 1 |
| 9 | ജി.എച്ച്.എസ്. നോർത്ത് പറവൂർ | 3 | - |
| 10 | ജി.എച്ച്.എസ്.സൗത്ത് വാഴക്കുളം | 1 | - |
| 11 | ജി.എച്ച്.എസ്. നൊച്ചിമ | 1 | - |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ്, മൂവാറ്റുപുഴ | | | |
| 12 | ജി.എച്ച്.എസ്. പേഴയ്ക്കാപ്പിള്ളി | 2 | - |
| 13 | ജി.എച്ച്.എസ്. മണീട് | - | 1 |
| 14 | ഗവ. ഈസ്റ്റ് എച്ച്.എസ്. മൂവാറ്റുപുഴ | 1 | - |
| 15 | ജി.ജി.എച്ച്.എസ്. പെരുമ്പാവൂർ | - | 1 |
| 16 | ജി.വി.എച്ച്.എസ്.എസ്. പല്ലാരിമംഗലം | 1 | - |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോതമംഗലം | | | |
| 17 | ജി.വി.എച്ച്.എസ്.എസ്. മാതിരപ്പിള്ളി | 1 | - |
| 18 | ജി.എച്ച്.എസ്.എസ്. ചേരാനല്ലൂർ | 2 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മൂവാറ്റുപുഴ | | | |
| 19 | ജി.യു.പി.എസ്. കടാതി | 1 | - |
| 20 | ജി.യു.പി.എസ്. മുളവൂർ | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആലുവ | | | |
| 21 | ജി.യു.പി.എസ്. കാക്കനാട് | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പിറവം | | | |
| 22 | ജി.എൽ.പിഎസ്. പാഴൂർ | - | 1 |

| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോലഞ്ചേരി | | | |
|---|---|---|---|
| (1) | (2) | (3) | (4) |
| 23 | ജി.യു.പി.എസ്. കുമ്മനോട് | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പെരുമ്പാവൂർ | | | |
| 24 | ജി.യു.പി.എസ്. കൊമ്പനാട് | 1 | - |
| 25 | ജി.യു.പി.എസ്. നോർത്ത് ഏഴിപ്രം | 1 | - |
| 26 | ജി.യു.പി.എസ്. നോർത്ത് വാഴക്കുളം | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കൂത്താട്ടുകുളം | | | |
| 27 | ജി.യു.പി.എസ്. കൂത്താട്ടുകുളം | 1 | - |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോതമംഗലം | | | |
| 28 | ജി.യു.പി.എസ്. ചെറുവട്ടൂർ | 1 | - |
| | | 31 | 6 |
| | | (31-6=25) | |

**കേച്ചേരി എൽ.പി.എസ്.-ന് കെട്ടിടം നിർമ്മാണം**

201 (4877) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ കേച്ചേരി എൽ.പി.എസിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

കെട്ടിടം പണി നടന്നുകൊണ്ടിരിക്കുകയാണ്. മെയിൻ സ്ലാബ് കോൺക്രീറ്റിംഗും ഭിത്തി നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ പ്ലാസ്റ്ററിംഗ് ജോലികളാണ് നടന്നുകൊണ്ടിരിക്കുന്നത്.

## പട്ടാമ്പി ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

202 (4878) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി അനുവദിച്ചിട്ടുള്ള 3 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ ഏത് കമ്പനിയ്ക്കാണ് ലഭിച്ചിട്ടുള്ളത്; ഇതിന്റെ മേൽനോട്ടം വഹിക്കുന്നത് ആരാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത പട്ടാമ്പി മണ്ഡലത്തിലെ പട്ടാമ്പി ഹയർ സെക്കണ്ടറി സ്കൂളിന് 3.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് SPV ആയി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ SPV ആയ കൈറ്റിനെ മാറ്റി മറ്റൊരു ഏജൻസിയെ നിയമിക്കണമെന്നാവശ്യപ്പെട്ട് കൈറ്റ് സർക്കാരിലേയ്ക്ക് നൽകിയ കത്ത് പരിശോധിച്ചുവരുന്നു.

## ചാലക്കുടി സെന്റ് തെരേസ് സ്കൂൾ പ്രിൻസിപ്പലിന്റെ അപേക്ഷ

203 (4879) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിലെ പോട്ടയിൽ 2015 മുതൽ പ്രവർത്തനം നടത്തി വരുന്ന സെന്റ് തെരേസ് സ്ക്കൂളിന് ഐ.സി.എസ്.ഇ. അഫിലിയേഷനും, രജിസ്ട്രേഷനും, എൻ.ഒ.സി.യും ലഭിക്കുന്നതിനായുള്ള പ്രിൻസിപ്പാളിന്റെ അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളായ ചാലക്കുടി സെന്റ് തെരേസ് സ്കൂളിന്റെ ഐ.സി.എസ്.ഇ. അംഗീകാരത്തിനുവേണ്ടിയുള്ള എൻ.ഒ.സി-ക്കായുള്ള അപേക്ഷ പരിശോധിച്ചു വരികയാണ്.

## പട്ടാമ്പി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിലുൾപ്പെട്ട സ്കൂളുകൾ

204 (4880) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര വീതം ഫണ്ടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ അഞ്ചു കോടി രൂപയും മൂന്ന കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി നീക്കിവച്ചിട്ടുള്ള ഏതെല്ലാം സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലുൾപ്പെട്ട സ്കൂളുകളിൽ ഇനിയും പ്രവൃത്തികൾ ആരംഭിക്കാത്തവയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ്; ആയതിന്റെ കാരണങ്ങൾ എന്താണ്; വിശദമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന സ്കൂളുകൾക്ക് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| നടുവട്ടം ഗവ. ജനതാ എച്ച്.എസ്.എസ്. | - 5 കോടി |
| ജി.എച്ച്.എസ്.എസ്. വാടാനംകുറിശ്ശി | - 3 കോടി |
| ജി.വി.എച്ച്.എസ്.എസ്. കൊപ്പം, പാലക്കാട് | - 3 കോടി |
| ജി.എച്ച്.എസ്.എസ്. പട്ടാമ്പി | - 3 കോടി |
| ജി.യു.പി.എസ്. പട്ടാമ്പി | - 3 കോടി |
| ജി.എച്ച്.എസ്.എസ്. ചുണ്ടമ്പറ്റ | - 3 കോടി |
| ജി.ഒ.എച്ച്.എസ്.എസ്. പട്ടാമ്പി | - 3 കോടി |
| ജി.എച്ച്.എസ്. വല്ലപ്പുഴ | - 1 കോടി |
| ജി.എച്ച്.എസ്. വിളയൂർ | - 1 കോടി |
| ജി.യു.പി.എസ്. നരിപ്പറമ്പ | - 1 കോടി |

(ബി&സി) 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത നടുവട്ടം ഗവ. ജനതാ എച്ച്.എസ്.എസ്.-ന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം പുരോഗമിച്ചുവരുന്നു.

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത വാടാനംകുറിശ്ശി ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം 85%-ത്തിലധികം പൂർത്തിയായി. നിർമ്മാണം പുരോഗമിച്ചുവരുന്നു. കൊപ്പം ജി.വി.എച്ച്.എസ്.എസ്.-ന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം പുരോഗമിച്ചുവരുന്നു.

കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത പട്ടാമ്പി മണ്ഡലത്തിലെ പട്ടാമ്പി ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് SPV ആയി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ SPV ആയ കൈറ്റിനെ മാറ്റി മറ്റൊരു ഏജൻസിയെ നിയമിക്കണമെന്നാവശ്യപ്പെട്ട് കൈറ്റ് സർക്കാരിലേയ്ക്ക് നൽകിയ കത്ത് പരിശോധിച്ചുവരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ പട്ടാമ്പി ജി.ഒ.എച്ച്.എസ്.എസ്., പട്ടാമ്പി ജി.യു.പി.എസ്., ചുണ്ടമ്പറ്റ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി INKEL-നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി KILA-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ബോണക്കാട് സർക്കാർ യു.പി.എസ്.-ന്റെ അവസ്ഥ**

205 (4881) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് ഉപജില്ലയിലെ ബോണക്കാട് സർക്കാർ യു.പി.എസിൽ ഈ വർഷം എത്ര കുട്ടികളാണ് പഠിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ വർഷത്തിനിടെ പ്രസ്തുത സ്കൂളിൽ പ്രവേശനത്തിനായി ഒരു കുട്ടിപോലും എത്തിയില്ല എന്നത് വസ്തുതയാണോ;

(സി) പ്രസ്തുത സ്കൂളിൽ നിലവിൽ എത്ര അദ്ധ്യാപകരുണ്ടെന്ന് അറിയിക്കാമോ;

(ഡി) പ്രവേശനോത്സവവും വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും നടത്തിയിട്ടും കുട്ടികളെ പ്രസ്തുത സ്കൂളിലേക്ക് ആകർഷിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) പാലോട് ഉപജില്ലയിലെ ബോണക്കാട് സർക്കാർ യു.പി. സ്കൂളിൽ 2019-20 അധ്യയന വർഷം കുട്ടികളൊന്നുംതന്നെ ചേർന്നിട്ടില്ല.

(ബി) അതെ.

(സി) പ്രസ്തുത സ്കൂളിൽ നിലവിൽ പ്രഥമാദ്ധ്യാപകൻ മാത്രമേ ഉള്ളൂ. അദ്ദേഹം സസ്പെൻഷൻ നടപടി നേരിടുന്നു.

(ഡി) ബോണക്കാട് സർക്കാർ യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത് ഒരു ഒറ്റപ്പെട്ട സ്ഥലത്തും പ്രസ്തുത സ്കൂളിൽ ചേർന്ന് പഠിച്ചിരുന്ന കുട്ടികൾ അധികവും സമീപത്തെ ഒരു എസ്റ്റേറ്റിന്റെ ലയത്തിൽ താമസിച്ചിരുന്ന തൊഴിലാളികളുടെ കുട്ടികളുമായിരുന്നു. കുറച്ചുകാലങ്ങളായി എസ്റ്റേറ്റ് പൂട്ടിക്കിടന്നതിനാൽ നിലവിൽ പ്രദേശത്ത് തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ ഇല്ലാത്തതാണ് പ്രസ്തുത സ്കൂളിൽ കുട്ടികൾ ഇല്ലാത്തതിന് കാരണം.

## അരിയല്ലൂർ ജി.യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്താൻ നടപടി

206 (4882) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ അരിയല്ലൂർ ജി.യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ച നിവേദനം കേരള വിദ്യാഭ്യാസ ചട്ടത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ടി കാര്യാലയത്തിൽ പരിശോധിച്ചുവരികയാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിലെ കാലതാമസം

207 (4883) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ ജി.യു.പി.സ്കൂൾ, പറമ്പിൽപീടിക ജി.എൽ.പി. സ്കൂൾ എന്നീ സ്ഥാപനങ്ങൾക്ക് സ്കൂൾ വാഹനം വാങ്ങുന്നതിന് ഭരണാനുമതി ലഭിക്കുകയും തുടർനടപടികൾക്കായി വിദ്യാഭ്യാസവകുപ്പ് ജില്ലാ ഓഫീസിന് നല്കുകയും ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും പദ്ധതി വൈകാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ജില്ലാ ഓഫീസിൽ പ്രസ്തുത ഫയൽ ഏതു സെക്ഷനുകളിലെല്ലാം എത്ര കാലതാമസം വന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ വിദ്യാഭ്യാസവകുപ്പിലേക്ക് നിർവഹണത്തിനായി നൽകുന്ന പല പദ്ധതികളും നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതികൾ വൈകിപ്പിക്കുന്ന അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജി.യു.പി.എസ്. അരിയല്ലൂരിനും പറമ്പിൽ പീടിക ഗവൺമെന്റ് എൽ.പി. സ്കൂളിനും വാഹനം വാങ്ങി നൽകുന്നതിന് 29,54,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വാഹനം വാങ്ങി നൽകുന്നതിന് ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭരണാനുമതി പ്രകാരമുള്ള തുക മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭ്യമാക്കുന്നതിന് ലഭിച്ച ശിപാർശ M2/388/19/GEdn നമ്പർ ഫയലിൽ കൈകാര്യം ചെയ്തുവരുന്നു.

(ബി) വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിലെ സി6 സെക്ഷനിലാണ് ഫയൽ കൈകാര്യം ചെയ്യുന്നത്. ഭരണാനുമതി ലഭിച്ച മുറയ്ക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

(സി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കി കാലതാമസം വരുത്താതെ നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മനഃപൂർവ്വമായി കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

## പെരിന്തൽമണ്ണ പ്രസന്റേഷൻ സ്കൂളിൽ പ്ലസ് വൺ ബാച്ച് മാറ്റം

208 (4884) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ പ്രസന്റേഷൻ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് വൺ സയൻസ് ബാച്ചിന് പകരം കൊമേഴ്സ് ബാച്ച് അനുവദിച്ച് കിട്ടുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടർക്ക് 22.08.2019 -ൽ നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ആവശ്യമായ ഉത്തരവ് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ&ബി) 2019-20 അധ്യയന വർഷം അൺ എയ്ഡഡ് സ്കൂളുകളിൽ കോമ്പിനേഷൻ മാറ്റി നൽകുന്ന വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ പെരിന്തൽമണ്ണ പ്രസന്റേഷൻ ഹയർ സെക്കന്ററി സ്കൂളിന് സബ്ജക്ട് കോമ്പിനേഷൻ മാറ്റി നൽകുന്നത് സംബന്ധിച്ച അപേക്ഷ തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

## എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ യോഗ്യതകൾ

209 (4885) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള യോഗ്യതകളിൽ സർക്കാർ ഉത്തരവ് മുഖേന എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ബിരുദതലത്തിൽ ഭൗതികശാസ്ത്രം മുഖ്യവിഷയമാക്കിയവർക്ക് ഉപവിഷയമായി രസതന്ത്രം പഠിച്ചാൽ മാത്രമേ മേൽപറഞ്ഞ തസ്തികയിൽ നിയമിക്കപ്പെടാൻ അർഹതയുള്ളൂ എന്ന്പുതിയ ഉത്തരവ് മൂലം വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കോഴിക്കോട് സർവ്വകലാശാലയിൽ നിലവിൽ ഭൗതികശാസ്ത്രം മുഖ്യവിഷയമാക്കിയ ബിരുദവിദ്യാർത്ഥികൾക്ക് ഉപവിഷയമായി രസതന്ത്രം പഠിക്കാനുള്ള അവസരം ലഭ്യമാണോ;

(ഡി) ഇല്ലെങ്കിൽ ഇവിടെ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക്എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിന് തടസ്സമാകുന്നുവെന്നുകണ്ട് ഈ ഉത്തരവ് പിൻവലിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കെ.ഇ.ആർ. അധ്യായം XXXI റൂൾ 2(2)(എ) പ്രകാരം ബന്ധപ്പെട്ട വിഷയത്തിലെ ബിരുദവും ബി.എഡുമാണ് എച്ച്.എസ്.എ. കോർ വിഷയങ്ങളിലെ നിയമനങ്ങൾക്കുള്ള യോഗ്യത. കൂടാതെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം. ഡിഗ്രിക്ക് ഫിസിക്സ് മെയിൻ സബ്ജക്ടിനോടൊപ്പം കെമിസ്ട്രിയും കെമിസ്ട്രിയോടൊപ്പം ഫിസിക്സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന നിർദ്ദേശം സർക്കാർ നൽകിയിരുന്നില്ലെങ്കിലും ബഹുമാനപ്പെട്ട KAT-ന്റെ O.A.No.370/12-മേലുള്ള 19-6-2012-ലെ വിധിയെത്തുടർന്ന് പി.എസ്.സി. ടി വ്യവസ്ഥ പിന്തുടരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയുണ്ടായി. ഫിസിക്സ്/കെമിസ്ട്രി വിഷയം ബിരുദതലത്തിൽ മുഖ്യവിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറി വിഷയമായും പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയിലേയ്ക്ക് പരിഗണിച്ചാൽ മതിയെന്ന് എസ്.സി.ഇ.ആർ.ടി.-യുടെ കരിക്കുലം സബ് കമ്മിറ്റി ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 6-6-2019-ലെ സ.ഉ.(കൈ) നമ്പർ 58/19/പൊ.വി.വ. പ്രകാരം ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 6-6-2019 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26-6-2019-ലെ സ.ഉ.(കൈ)നമ്പർ 73/19/പൊ.വി.വ. പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ 6-6-2019 വരെ ഫിസിക്സ്/കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ ബി.എസ്.സി. ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ്. നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെയും എയ്ഡഡ് സ്കൂളിലെ സ്റ്റാറ്റ്യൂട്ടറി അവകാശികളായ കെ.ഇ.ആർ. അധ്യായം XIV എ റൂൾ 43, 51എ, 51ബി അവകാശികളെയും മേൽ ഉത്തരവിന്റെ പരിധിയിൽനിന്നും പിന്നീട് ഒഴിവാക്കുകയുണ്ടായി.

(സി) ലഭ്യമാണ്.

(ഡി) ബാധകമല്ല.

## എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട ഉത്തരവുകൾ

210 (4886) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 26-6-19 ലെ 73/2019, 8-8-2019-ലെ 118/2019, 20-8-2019 ലെ 128/2019 നമ്പർ ഉത്തരവുകൾ പി.എസ്.സി. അംഗീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(സി) കഴിഞ്ഞ ഏഴ് വർഷമായി നിലനില്ക്കുന്ന എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട ആശയക്കുഴപ്പം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഡി) നിലവിൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിലെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത വ്യക്തമാക്കാമോ ;

(ഇ) സർക്കാർ സർവ്വീസിൽ ഒരു തസ്തികയിലേക്കുള്ള നിയമനത്തിന് വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനാണോ അതോ പി.എസ്.സി.ക്കാണോ ഉള്ളതെന്ന കാര്യം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി&ഡി) കെ.ഇ.ആർ. അധ്യായം XXXI റൂൾ 2(2)(എ) പ്രകാരം ബന്ധപ്പെട്ട വിഷയത്തിലെ ബിരുദവും ബി.എഡുമാണ് എച്ച്.എസ്.എ. കോർ വിഷയങ്ങളിലെ നിയമനങ്ങൾക്കുള്ള യോഗ്യത. കൂടാതെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം. ഡിഗ്രിക്ക് ഫിസിക്സ് മെയിൻ സബ്ജക്റ്റിനോടൊപ്പം കെമിസ്ട്രിയും കെമിസ്ട്രിയോടൊപ്പം ഫിസിക്സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന നിർദ്ദേശം സർക്കാർ നൽകിയിരുന്നില്ലെങ്കിലും ബഹുമാനപ്പെട്ട KAT-ന്റെ

O.A.No.370/12-മേലുള്ള 19-6-2012-ലെ വിധിയെത്തുടർന്ന് പി.എസ്.സി. ടി വ്യവസ്ഥ പിന്തുടരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയുണ്ടായി.

ഫിസിക്സ്/കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദതലത്തിൽ മുഖ്യ വിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറി വിഷയമായും പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയിലേയ്ക്ക് പരിഗണിച്ചാൽ മതിയെന്ന് എസ്.സി.ഇ.ആർ.ടി.-യുടെ കരിക്കുലം സബ് കമ്മിറ്റി ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 6-6-2019-ലെ സ.ഉ.(കൈ) നമ്പർ 58/19/പൊ.വി.വ. പ്രകാരം ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 6-6-2019 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26-6-2019-ലെ സ.ഉ.(കൈ)നമ്പർ 73/19/പൊ.വി.വ. പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ 6-6-2019 വരെ ഫിസിക്സ്/കെമിസ്ട്രി ഉപവിഷയമല്ലാതെ ബി.എസ്.സി. ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ്. നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെയും എയ്ഡഡ് സ്കൂളിലെ സ്റ്റാറ്റ്യൂട്ടറി അവകാശികളായ കെ.ഇ.ആർ. അധ്യായം XIV എ റൂൾ 43, 51 എ, 51 ബി അവകാശികളെയും മേൽ ഉത്തരവിന്റെ പരിധിയിൽനിന്നും പിന്നീട് ഒഴിവാക്കുകയുണ്ടായി.

(ഇ) ഒരു തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പ്രായപരിധി, വിദ്യാഭ്യാസ യോഗ്യത എന്നിവ നിശ്ചയിക്കുന്നതിന് ടി തസ്തികയ്ക്ക്, ആ വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായിട്ടാണ്.

### എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യത

211 (4887) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ എച്ച്.എസ്.എ.ഫിസിക്കൽ സയൻസ് തസ്തികയിലെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത എന്താണ്; അറിയിക്കാമോ;

(ബി) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 26-6-2019-ലെ 73/2019, 8-8-2019-ലെ 118/2019, 20-8-2019-ലെ 128/2019 നമ്പർ ഉത്തരവുകൾ പി.എസ്.സി. അംഗീകരിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വകുപ്പിന്റെ 26-6-2019-ലെ 73/2019, 8-8-2019-ലെ 118/2019, 20-8-2019-ലെ 128/2019 നമ്പർ ഉത്തരവുകളനുസരിച്ച് ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതെങ്കിലുമൊന്ന് മുഖ്യവിഷയമായി പഠിച്ച ബിരുദവും ഫിസിക്കൽ സയൻസിലുള്ള ബി.എഡ്.ബിരുദവുമുള്ളവരെ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്ക് പി.എസ്.സി. പുറപ്പെടുവിച്ച 227/16 വിജ്ഞാപന പ്രകാരം മതിയായ യോഗ്യതയായി പരിഗണിക്കുമോ; വിശദമാക്കാമോ;

(ഡി) 227/16 വിജ്ഞാപന പ്രകാരമുള്ള എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്ക് ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതെങ്കിലുമൊന്നിൽ ബിരുദവും ഫിസിക്കൽ സയൻസിലുള്ള ബി.എഡ്. ബിരുദവുമുള്ളവരെ സർക്കാർ ഉത്തരവുണ്ടായിട്ടും ഉദ്യോഗാർത്ഥികളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്താത്തതും കൂടിക്കാഴ്ചയ്ക്ക് വിളിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം വിശദമാക്കാമോ;

(ഇ) കഴിഞ്ഞ ഏഴ് വർഷമായി എച്ച്.എസ്.എ.ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അനിശ്ചിതത്വം പരിഹരിക്കുന്നതിന് മുൻകൈ എടുക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.ഇ.ആർ. അധ്യായം XXXI റൂൾ 2(2)(എ) പ്രകാരം ബന്ധപ്പെട്ട വിഷയത്തിലെ ബിരുദവും ബി.എഡുമാണ് എച്ച്.എസ്.എ. കോർ വിഷയങ്ങളിലെ നിയമനങ്ങൾക്കുള്ള യോഗ്യത. കൂടാതെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം. ഡിഗ്രിക്ക് ഫിസിക്സ് മെയിൻ സബ്ജക്ടിനോടൊപ്പം കെമിസ്ട്രിയും കെമിസ്ട്രിയോടൊപ്പം ഫിസിക്സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന നിർദ്ദേശം സർക്കാർ നൽകിയിരുന്നില്ലെങ്കിലും ബഹുമാനപ്പെട്ട KAT-ന്റെ O.A.No.370/12-ന്മേലുള്ള 19-6-2012-ലെ വിധിയെത്തുടർന്ന് പി.എസ്.സി. ടി വ്യവസ്ഥ പിന്തുടരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയുണ്ടായി. ഫിസിക്സ്/കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദതലത്തിൽ മുഖ്യവിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറി വിഷയമായും പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയിലേയ്ക്ക് പരിഗണിച്ചാൽ

മതിയെന്ന് എസ്.സി.ഇ.ആർ.ടി.-യുടെ കരിക്കുലം സബ് കമ്മിറ്റി ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 6-6-2019-ലെ സ.ഉ.(കൈ) നമ്പർ 58/19/പൊ.വി.വ. പ്രകാരം ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 6-6-2019 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26-6-2019-ലെ സ.ഉ.(കൈ)നമ്പർ 73/19/പൊ.വി.വ. പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ 6-6-2019 വരെ ഫിസിക്സ്/കെമിസ്ട്രി ഉപവിഷയമല്ലാതെ ബി.എസ്.സി. ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ്. നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെ പിന്നീട് ഒഴിവാക്കുകയുണ്ടായി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) 2016-ലെ പി.എസ്.സി. നോട്ടിഫിക്കേഷൻ പ്രകാരം എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്ക് അപേക്ഷിച്ച് പരീക്ഷയെഴുതിയ പലരുടെയും അപേക്ഷകൾ അവർ ഫിസിക്സ്, കെമിസ്ട്രി എന്ന രണ്ട് വിഷയങ്ങളും പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിക്കുന്നുവെന്നും ആയതിനാൽ ഉപവിഷയം പരിഗണിക്കാതെ മാർക്ക് അടിസ്ഥാനത്തിൽ റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. സ.ഉ.(കൈ)നം.58/19/പൊ.വി.വ. ഉത്തരവിന്റെ വെളിച്ചത്തിലല്ല പി.എസ്.സി.-യുടെ ഈ നടപടി എങ്കിലും ഇക്കാര്യത്തിൽ പി.എസ്.സി. സർക്കാരിനെ സമീപിച്ചിട്ടില്ല എങ്കിൽക്കൂടി, ഈ സാഹചര്യത്തിൽ മേൽ ഉത്തരവുതീയതി സംബന്ധിച്ച് ആശയക്കുഴപ്പം പരിഹരിക്കുന്നതിനായാണ് 6-6-2019 മുതൽ മാത്രമെ ടി ഉത്തരവിന് പ്രാബല്യമുള്ളൂവെന്ന് വ്യക്തമാക്കിക്കൊണ്ട് 26-6-2019-ൽ ജി.ഒ.(എം.എസ്.)നം.73/19/പൊ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്.

## എച്ച്.എസ്.എസ്.ടി.(ജൂനിയർ) മലയാളം റാങ്ക് ലിസ്റ്റ്

212 (4888) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മലയാളം ഭാഷാധ്യാപകരുടെ (ജൂനിയർ - സീനിയർ) എത്ര ഒഴിവുകളാണ് നാളിതുവരെ

റിപ്പോർട്ട് ചെയ്തിട്ടുള്ളത്; നിലവിൽ എത്ര താൽക്കാലിക അദ്ധ്യാപകരാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) മലയാളം തസ്തികയിൽ 87 ഒഴിവുകളും സീനിയർ തസ്തികയിൽ 44 ഒഴിവുകളും നിലവിലുണ്ട്. ഇതിൽ ജൂനിയർ തസ്തികയിൽ 2008 മുതൽ 2015 വരെ 40 ബൈട്രാൻസ്ഫർ (എൻ.ജെ.ഡി.) ഒഴിവുകളും 2016 മുതൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 5 ബൈട്രാൻസ്ഫർ ഒഴിവുകളും നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 42 ഒഴിവുകളും ഉൾപ്പെടുന്നു.

സീനിയർ തസ്തികയിൽ പ്രമോഷൻ മുഖേന നിലവിൽ വന്ന 30 ഒഴിവുകളും ഡെപ്യൂട്ടേഷൻ, എൽ.ഡബ്ല്യൂ.എ. എന്നിവമൂലമുണ്ടായ 13 ഒഴിവുകളും പി.എസ്.സി. നിയമന ശിപാർശ ലഭിക്കാനുള്ള ഒരൊഴിവും ഉൾപ്പെടുന്നു. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ റഗുലർ നിയമനം നടത്താത്ത തസ്തികകളിൽ ഗസ്റ്റ് അദ്ധ്യാപകർ സേവനം ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത അദ്ധ്യാപകരുടെ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## മുക്കം നീലേശ്വരം ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന പരീക്ഷ ക്രമക്കേട്

213 (4889) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നീലേശ്വരം ഹയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപകരുടെ സഹായത്തോടെ നടന്ന പരീക്ഷ ക്രമക്കേടിനെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സ് തിരുത്തിയത് ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അദ്ധ്യാപകനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം പരീക്ഷാ തട്ടിപ്പുകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുക്കം നീലേശ്വരം ഹയർ സെക്കന്ററി സ്കൂളിൽ നടന്ന പരീക്ഷ ക്രമക്കേടിനെക്കുറിച്ചുള്ള അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് തിരുത്തിയ അദ്ധ്യാപകനെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം പരീക്ഷാത്തട്ടിപ്പുകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ ഹയർ സെക്കന്ററി പരീക്ഷാ കേന്ദ്രങ്ങളിൽ നിയോഗിച്ചിട്ടുള്ള അതത് സ്കൂളിൽനിന്നുള്ള അഡീഷണൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെ ഒഴിവാക്കിയും പകരം പരീക്ഷാ മാന്വൽ പ്രകാരം മറ്റ് സ്കൂളുകളിലെ അദ്ധ്യാപകരെ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരായി നിയമിക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ കോഴ്സ് നിർത്തലാക്കിയ സാഹചര്യം

214 (4890) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഹിന്ദി, ഉറുദു, അറബി എന്നീ വിഷയങ്ങളിലെ അദ്ധ്യാപകർക്ക് യോഗ്യതയായി നിശ്ചയിച്ചിരുന്ന ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോഴ്സ് നിർത്തലാക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ ഉറുദു അടക്കമുള്ള വിഷയങ്ങളിൽ ബി.എഡ്.- ന് കൂടുതൽ സീറ്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സർക്കാരിന്റെ അക്കാദമിക അതോറിറ്റിയായ എൻ.സി.ടി.ഇ. നിർദ്ദേശപ്രകാരം അദ്ധ്യാപക പരിശീലന കോഴ്സുകൾ നൂറ് ദിവസത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ രണ്ട് വർഷം ദൈർഘ്യമുള്ളവയായിരിക്കണം. എന്നാൽ കേരളത്തിലെ ഒരു വർഷ ഡി.എൽ.എഡ്. കോഴ്സുകൾ എൻ.സി.ടി.ഇ. നിർദ്ദേശപ്രകാരം പുനഃസംഘടിപ്പിക്കാതെ തുടരുന്നത് സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് വഴിവയ്ക്കുമെന്നും ഇത്തരം കോഴ്സുകൾ പൂർത്തിയായവർക്ക് അദ്ധ്യാപകവൃത്തി സ്വീകരിക്കുവാൻ കഴിയാതെ വരുമെന്നുമുള്ള വസ്തുത കണക്കിലെടുത്ത് ഒരു വർഷ ഡി.എൽ.എഡ്. കോഴ്സ് രണ്ട് വർഷമാക്കി പരിഷ്കരിക്കുകയുണ്ടായി.

(സി) ഉറുദു വിഷയത്തിന് ബി.എഡ്.-ന് കൂടുതൽ സീറ്റ് അനുവദിക്കണമെന്ന നിർദ്ദേശം/ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ**

215 (4891) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാങ്ക് ലിസ്റ്റ് കാലഹരണപ്പെടാൻ മാസങ്ങൾ ബാക്കി നിൽക്കെ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ കാരണം പറഞ്ഞ് അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത കാസർഗോഡ് ഡി ഡി ഓഫീസ് അധികൃതരുടെ നടപടി പുന:പരിശോധിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) അന്തർജില്ലാ സ്ഥലംമാറ്റം വൈകുന്നതിനാൽ ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് ഉദ്യോഗാർത്ഥികളെ സഹായിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി 11-11-2019 ആയി നിശ്ചയിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തിരുവനന്തപുരം ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരുടെ ഒഴിവുകൾ**

216 (4892) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ വിഭാഗത്തിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഏതൊക്കെ സ്കൂളുകളിലാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടീച്ചർമാരുടെ എത്ര ഒഴിവുകൾ 2019 ഒക്ടോബറിന് ശേഷം പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) 2019-20 ൽ വിരമിക്കുന്ന ഒഴിവുകൾ പി.എസ്.സി.-യുടെ സർക്കുലർ പ്രകാരം പ്രതീക്ഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണമെന്തെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ ഗവ.എച്ച്.എസ്. നാവായിക്കുളം, ഗവ.എച്ച്.എസ്. പകൽക്കുറി, ഡയറ്റ് ആറ്റിങ്ങൽ, ഗവ.വി.ആർ.എച്ച്.എസ്.

കുളത്തൂർ, ഗവ.എച്ച്.എസ്. കിളിമാനൂർ എന്നീ സ്കൂളുകളിൽ ഉള്ള അഞ്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്താമോ;

(ഇ) 2019-20-ൽ തിരുവനന്തപുരം ജില്ലയിൽ നിന്നും എത്ര ഹൈസ്കൂൾ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാർ വിരമിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഗവ. എച്ച്.എസ്.എസ്. കിളിമാനൂർ, ഗവ. വി.&എച്ച്.എസ്.എസ്. കുളത്തൂർ എന്നീ സ്കൂളുകളിലെ ഓരോ ഒഴിവ് യഥാക്രമം 31-3-2019, 16-8-2019 എന്നീ തീയതികളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2019-20 വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. വർഷാവർഷം തസ്തിക നിർണ്ണയം നടത്തുമ്പോൾ കായികാദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യം കൂടിയുള്ളതിനാലാണ് പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാകാത്തത്.

(ഡി) നിലവിൽ ഒഴിവുകൾ ഉള്ള ഗവ. എച്ച്.എസ്.എസ്. കിളിമാനൂർ, ഗവ. വി.&എച്ച്.എസ്.എസ്. കുളത്തൂർ എന്നീ സ്കൂളുകളിലെ ഓരോ തസ്തിക വീതം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) മൂന്ന് കായികാദ്ധ്യാപകർ 2019-20 അധ്യയന വർഷം തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ വിഭാഗത്തിൽനിന്ന് വിരമിക്കുന്നുണ്ട്.

## എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം ഓൺലൈനാക്കുന്നതിനുള്ള നടപടി

217 (4893) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം ഓൺലൈൻ പോർട്ടൽ വഴിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിലവിൽ നിയമനാംഗീകാരം നൽകുവാനുള്ള ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) എയ്ഡഡ് സ്കൂളിലെ നിയമനാംഗീകാരം ഓൺലൈനാക്കുന്നതിന് മുന്നോടിയായി കെ.ഇ.ആറിൽ പരിഷ്ക്കരണം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ.ഇ.ആർ. അധ്യായം XIV-A ചട്ടം 8 പ്രകാരം വിദ്യാഭ്യാസ ഓഫീസർമാരാണ് നിയമനാംഗീകാരം നൽകുന്നത്.

(സി) 31-5-2019-ലെ സ.ഉ.(കൈ)നമ്പർ 51/2019/പൊ.വി.വ. ഉത്തരവ് പ്രകാരമാണ് എയ്ഡഡ് സ്കൂളിലെ നിയമനാംഗീകാരം ഓൺലൈനായി നടത്തുന്നത്. കെ.ഇ.ആർ. അധ്യായം XIV-A ചട്ടം 8 പ്രകാരമാണ് നിയമനാംഗീകാരം നൽകിവരുന്നത്. ഉപചട്ടം(2) പ്രകാരം അതതുകാലം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചുവേണം നിയമനാംഗീകാരം നൽകാനെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ നിയമനാംഗീകാരം ഓൺലൈനാക്കാൻ സർക്കാർ ഉത്തരവ് നിലവിലുള്ള സാഹചര്യത്തിൽ കെ.ഇ.ആർ.-ൽ പ്രത്യേകമായി ഭേദഗതി ആവശ്യമില്ല.

## ഹൈസ്കൂൾ-ഹയർ സെക്കണ്ടറി ലയനം

218 (4894) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ-ഹയർസെക്കണ്ടറി ലയനത്തോടെ സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യമുണ്ടോ;

(ബി) എങ്കിൽ എത്ര തസ്തികകളാണ് അപ്രകാരം സൃഷ്ടിക്കേണ്ടതെന്ന് അറിയിക്കാമോ;

(സി) എയ്ഡഡ് മേഖലയിൽ എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) ഇക്കാര്യത്തിൽ കൂടുതൽ പഠനത്തിനും ചർച്ചകൾക്കും ശേഷമായിരിക്കും തീരുമാനം കൈക്കൊള്ളുന്നത്.

## മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. മലയാളം റാങ്ക്‌ലിസ്റ്റ്

219 (4895) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ മലയാളം റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) മലപ്പുറം ജില്ലയിലെ വിവിധ സ്കൂളുകളിലായി ഹൈസ്കൂൾ തലത്തിൽ മലയാളം ഭാഷാധ്യാപകരുടെ എത്ര ഒഴിവുകളാണ് നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും നിലവിൽ എത്ര താല്കാലിക അധ്യാപകരാണ് ദിവസ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 23-1-2018-ലെ സ.ഉ.(കൈ)നമ്പർ 6/2018/പൊ.വി.വ. ഉത്തരവിലെ ആനുകൂല്യം പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ച് പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ഈ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 26.07.2017.

(ബി) 91 നിയമനങ്ങൾ.

(സി) 93 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്തർജില്ലാ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, തസ്തികമാറ്റം തുടങ്ങിയവയ്ക്കായി മാറ്റിവച്ച ഒഴിവുകളിലായി 11 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

(ഡി) ലഭിച്ചിട്ടുണ്ട്.

**സ്വകാര്യ സ്കൂളുകൾക്കുള്ള എൻ.ഒ.സി.**

220 (4896) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.സി, ഐ.സി.എസ്.സി, സംസ്ഥാന സിലബസ്സിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ എന്നിവയുടെ എൻ.ഒ.സി. അപേക്ഷ പ്രാദേശിക വിദ്യാഭ്യാസ ആവശ്യം കണക്കിലെടുത്ത് പരിഗണിക്കണം എന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മറ്റെല്ലാ യോഗ്യതകളും ഉണ്ടെങ്കിൽ നിലവിൽ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് സ്കൂൾ ഉണ്ടെന്ന പേരിൽ എൻ.ഒ.സി. അപേക്ഷ നിരസിക്കുവാനാകില്ലായെന്നും ഇത് നടപടി ചട്ടങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമാണെന്നും കോടതി കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വിധി മൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതിനെതിരെ അപ്പീൽ പോകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അംഗീകാരത്തോടെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ സ്കൂളുകൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തുപ്രകാരമുള്ള അംഗീകാരവും/എൻ.ഒ.സി.-യും നൽകിവരുന്നുണ്ട്.

(സി) സ്വകാര്യ വിദ്യാലയമായാലും പൊതുവിദ്യാലയമായാലും ക്ലാസ്സിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളുടെയും ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കണമെന്നുള്ളതാണ് സർക്കാർ നയം. ഇക്കാരണത്താലാണ് സർക്കാർ സ്വകാര്യ വിദ്യാലയങ്ങൾക്ക് പ്രവർത്തിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങൾ ന്യൂനപക്ഷ സ്ഥാപനങ്ങൾക്കും ഭൂരിപക്ഷ സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമായിരിക്കണമെന്നാണ് സർക്കാർ നിലപാട്. ഇക്കാര്യങ്ങൾ സംബന്ധിച്ച് കേരള ഹൈക്കോടതി പുറപ്പെടുവിച്ച നിലവിലെ വിധിയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പുണ്ടായിട്ടുള്ള വിധി പ്രസ്താവത്തിൽനിന്നുമുള്ള വ്യതിയാനങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സർക്കാർ സുപ്രീംകോടതിയിൽ SLP(C) ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**അധ്യയന ദിനങ്ങൾ വീണ്ടെടുക്കാൻ നടപടി**

221 (4897) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭവും മറ്റുമായി നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ വീണ്ടെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇരുനൂറ് പ്രവൃത്തി ദിനങ്ങൾ പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) അവധി ദിനങ്ങളെ സംബന്ധിച്ച് വ്യാജ സന്ദേശം നൽകി കുട്ടികളെയും രക്ഷിതാക്കളെയും ആശങ്കയിലാക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രകൃതിക്ഷോഭവും മറ്റുമായി അധ്യയന ദിനങ്ങൾ നഷ്ടപ്പെട്ട ജില്ലകളിൽ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ വീണ്ടെടുക്കുന്നതിനായി അധിക സമയം കണ്ടെത്തി പഠനപ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിരുന്നു.

(ബി) 2019-20 അധ്യയന വർഷത്തിൽ സ്കൂളുകളിൽ 203 അധ്യയന ദിനങ്ങൾ ലഭിക്കുന്ന രീതിയിലാണ് വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പ്രകൃതിക്ഷോഭവും മറ്റുമായി അധ്യയന ദിനങ്ങൾ നഷ്ടപ്പെട്ട ജില്ലകളിൽ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ വീണ്ടെടുക്കുന്നതിനായി അധിക സമയം കണ്ടെത്തി പഠനപ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്.

(സി) അവധി ദിനങ്ങളെ സംബന്ധിച്ച് വ്യാജ സന്ദേശം നൽകിയ ചില മാധ്യമങ്ങൾക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടന്നുവരുന്നു.

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

222 (4898) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ:</u>
<u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ വളർച്ചാ ഘടകങ്ങൾ തിരസ്കരിച്ചുകൊണ്ടുള്ള അശാസ്ത്രീയമായ സ്കൂൾ ഘടനാ ഏകീകരണം ആയതിനാൽ അത് ഗുണത്തേക്കാൾ ഏറെ ദോഷമുണ്ടാക്കുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായ തരത്തിലുള്ള ഘടനാ മാറ്റം മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുവാൻ പോകുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുവാൻ സാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ദേശീയ വിദ്യാഭ്യാസ കമ്മീഷൻ (ഡോ.കോത്താരി) റിപ്പോർട്ടും ഖാദർ കമ്മിറ്റി റിപ്പോർട്ടും തമ്മിലുള്ള വലിയ വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത വൈരുധ്യം എപ്രകാരം മറികടക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി (എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.) എന്നിവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കുക എന്നതാണ് നിലവിലെ ഏകീകരണംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഏകോപിത ഭരണക്രമത്തിലൂടെ അദ്ധ്യാപകർക്ക് അക്കാദമിക രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുമെന്നതിനാൽ കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാകും.

(ബി) നിലവിൽ അംഗീകരിച്ച ഘടനാമാറ്റംകൊണ്ട് സ്കൂളിനെ ഒരു യൂണിറ്റാക്കി മാറ്റി കുട്ടികളുടെ ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയാണ് ചെയ്തിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് ഘടനാമാറ്റംകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല.

(സി) ഡോ. വി. എസ്. കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളും പരിഗണിച്ചാണ് ഖാദർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

**ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിലെ ന്യൂനതകൾ**

223 (4899) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ വളർച്ച ഘടകങ്ങളെ തിരസ്കരിച്ചുകൊണ്ടുള്ള അശാസ്ത്രീയമായ സ്കൂൾ ഘടനാ ഏകീകരണമായതിനാൽ അത് ഗുണത്തേക്കാൾ ഏറെ ദോഷമുണ്ടാക്കുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായ തരത്തിലുള്ള ഘടനാമാറ്റം മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുവാൻ പോകുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുവാൻ സാധ്യതയില്ലേ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ദേശീയ വിദ്യാഭ്യാസ കമ്മീഷനായ ഡോ.കോത്താരി റിപ്പോർട്ടും ഖാദർ

കമ്മീഷൻ റിപ്പോർട്ടും തമ്മിലുള്ള വലിയ വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എപ്രകാരം മറികടക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി (എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.) എന്നിവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കുക എന്നതാണ് നിലവിലെ ഏകീകരണംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഏകോപിത ഭരണക്രമത്തിലൂടെ അദ്ധ്യാപകർക്ക് അക്കാദമിക രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുമെന്നതിനാൽ കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാകും.

(ബി) നിലവിൽ അംഗീകരിച്ച ഘടനാമാറ്റംകൊണ്ട് സ്കൂളിനെ ഒരു യൂണിറ്റാക്കി മാറ്റി കുട്ടികളുടെ ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയാണ് ചെയ്തിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് ഘടനാമാറ്റംകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല.

(സി) ഡോ. വി. എസ്. കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളും പരിഗണിച്ചാണ് ഖാദർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

**വൈക്കം മണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ച ഫണ്ട്**

224 (4900) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ ഏതെല്ലാം സ്കീം പ്രകാരം വൈക്കം നിയോജകമണ്ഡലത്തിൽ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം സ്ക്കൂളുകളിൽ ആണെന്നും ഓരോ സ്കൂളിനും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) തുക അനുവദിച്ചിട്ടുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ സ്കൂൾ പാഠ്യപദ്ധതിയിൽ

225 (4901) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ ശുചിത്വം, മാലിന്യസംസ്കരണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഇല്ലായെങ്കിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലെ സ്കൂൾ പാഠ്യപദ്ധതിയിൽ ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലയിലെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സയൻസ് വിഷയങ്ങളുമായി ബന്ധപ്പെടുത്തിയും മറ്റ് വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചുമാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ കുട്ടികൾക്ക് അധിക വായനയ്ക്കായി റഫറൻസ് പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾതല ക്ലബ്ബുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായും ഈ വിഷയമേഖല കൈകാര്യം ചെയ്തുവരുന്നു.

(സി) നിലവിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്ന വേളയിൽ ഈ മേഖല കൂടുതൽ സമഗ്രമായി പാഠപുസ്തകങ്ങളിൽ പ്രതിപാദിക്കുന്നതാണ്.

## ക്വാറികളിൽനിന്നുള്ള സ്ഫോടനംമൂലം സ്കൂളിനുണ്ടായ അപകടാവസ്ഥ

226 (4902) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പടേന സർക്കാർ എൽ.പി സ്കൂളിന് സമീപം പ്രവർത്തിക്കുന്ന നാല് ക്വാറികളിൽ നിന്നുള്ള സ്ഫോടനം മൂലം സ്കൂൾ കെട്ടിടത്തിന് വിള്ളൽ വീണ് അപകടാവസ്ഥയിൽ ആയിരിക്കുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപകടാവസ്ഥ സ്കൂളിലെ കുട്ടികൾ പഠനം ഉപേക്ഷിക്കുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനും തുടർ പഠനത്തിനും വിദ്യാഭ്യാസ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്കൂൾ കുട്ടികൾ പഠനം ഉപേക്ഷിച്ചിട്ടില്ല. എന്നാൽ പൊടിപടലങ്ങളാൽ കുട്ടികൾക്ക് അസ്വസ്ഥത ഉണ്ടായതിനാൽ രണ്ട് ദിവസം സ്കൂളിൽ കുട്ടികൾ ഹാജരായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ക്വാറിയുടെ പ്രവർത്തനം നിരോധിച്ചിരിക്കുകയാണ്.

(സി) കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും തുടർപഠനത്തിനും പ്രശ്നങ്ങൾ ഉണ്ടാകുന്നപക്ഷം അക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് ഭരണാനുമതി

227 (4903) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലം ഇല്ലാത്ത സ്കൂളുകൾക്കും സ്ഥലത്തിന്റെ അപര്യാപ്തത മൂലം ബുദ്ധിമുട്ടുന്ന സ്കൂളുകൾക്കും സ്ഥലം വാങ്ങുന്നതിന് പ്രത്യേക പാക്കേജ് രൂപീകരിക്കുമെന്ന് സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയത് പ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രധാനപ്പെട്ട സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് ഭരണാനുമതി നല്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിവേദനത്തിന്മേലുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) പരിശോധിച്ചുവരുന്നു.

## ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബുകളുടെ അടിസ്ഥാന സൗകര്യം

228 (4904) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹയർ

സെക്കണ്ടറി സ്കൂളുകളിലെ ലാബുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഏതൊക്കെ സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലാബുകളിൽ പ്രവൃത്തി പൂർത്തിയായ ലാബുകൾ ഏതൊക്കെയാണെന്നും പൂർത്തിയാകാത്തവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പൂർത്തിയാകാത്ത ലാബുകളുടെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള പദ്ധതികളൊന്നും നിലവിലില്ല.

എന്നാൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 35 കോടി രൂപ വകയിരുത്തിയിരുന്നു. പൊതുവിദ്യാഭ്യാസ (ഹയർ സെക്കണ്ടറി) ഡയറക്ടറുടെ ശിപാർശയനുസരിച്ച് 7-8-2018-ലെ സ.ഉ.(സാധാ)3026/2018/പൊ.വി.വ. ഉത്തരവ് പ്രകാരം 68 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബ്/ലൈബ്രറി നവീകരണത്തിന് 3393.29 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

എന്നാൽ പ്രളയാനന്തരം ബഡ്ജറ്റ് വിഹിതം 12 കോടി രൂപ കുറവ് ചെയ്ത് 23 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. തുടർന്ന് 22-3-2019-ലെ സ.ഉ.(സാധാ)1126/2019/പൊ.വി.വ. ഉത്തരവ് പ്രകാരം, 42 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തിക്ക് elams-ൽ 452.74383 ലക്ഷം രൂപ അനുവദിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത സാഹചര്യത്തിൽ, 17-10-2019-ലെ സ.ഉ.(സാധാ)4282/2019/പൊ.വി.വ. ഉത്തരവ് പ്രകാരം 42 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ്/ലൈബ്രറി നവീകരണത്തിന് 452.74383 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

42 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ലാബ്/ലൈബ്രറി നവീകരണ പ്രവൃത്തി ചെയ്യുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സിഡ്കോയെയാണ് പ്രസ്തുത പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്. സ്കൂൾ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങൾ ഹരിത ക്യാമ്പസാക്കാൻ നടപടി

229 (4905) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) വ്യവസായ പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ ഭിന്ന ശേഷിക്കാർ ഉപജീവനത്തിനായി നിർമ്മിക്കുന്ന പേപ്പർ പേനകൾ ഉപയോഗിക്കുവാൻ തീരുമാനമെടുത്ത പോലെ വിദ്യാലയങ്ങളിലും പ്ലാസ്റ്റിക് പേനകൾക്കു പകരം പേപ്പർ പേനകൾ ഉപയോഗിക്കുവാൻ നിർദേശം നൽകുമോ ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പൊതുവിദ്യാലയങ്ങളെ ഹരിതവൽക്കരിക്കുന്നതിനായി 2017-18, 2018-19, 2019-20 അധ്യയന വർഷങ്ങളിലായി ആകെ 5493 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ഓരോ സ്കൂളിനും 10,000 രൂപ വീതം നൽകിയിട്ടുണ്ട്.

'ഹരിതകേരളം സുന്ദര കേരളം' എന്ന പദ്ധതിയുടെ ഭാഗമായി ഹരിത നിയമാവലി പ്രകാരം ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം എല്ലാ വിദ്യാലയങ്ങൾക്കും നൽകുകയും ഹരിതചട്ടം പാലിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി&സി) പരിശോധിക്കാവുന്നതാണ്.

## മണൽ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും നടപടി

230 (4906) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലിന്റെ ലഭ്യതക്കുറവുമൂലം നിർമ്മാണമേഖലയിൽ വന്നിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണലിന്റെ ലഭ്യതക്കുറവുമൂലം മണൽവാരി ഉപജീവനം നടത്തിവന്നിരുന്ന തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിൽ തുടർച്ചയായി രണ്ട് വർഷങ്ങളിലുണ്ടായ പ്രളയത്തിന്റെ ഭാഗമായി പുഴകളിലും ഡാമുകളിലും സ്വകാര്യ സ്ഥലങ്ങളിലുമെല്ലാം വലിയ തോതിൽ മണൽ അടിഞ്ഞ് കൂടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണൽ ശേഖരിച്ചാൽ പുഴകളിലേയും ഡാമുകളിലേയും സംഭരണശേഷി കൂട്ടാൻ കഴിയുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഇ) പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത വിധത്തിൽ നിബന്ധനകൾക്ക് വിധേയമായി മണൽ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) നടപടിക്രമങ്ങൾ പൂർത്തിയാക്കി മണൽവാരൽ നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണലിന്റെ ലഭ്യതക്കുറവുമൂലം മണൽവാരി ഉപജീവനം നടത്തിവന്നിരുന്ന തൊഴിലാളികൾ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രളയത്തിൽ നദികളിൽ അടിഞ്ഞുകൂടിയ മണൽ ശേഖരിച്ച് പുഴകളുടെ സംഭരണശേഷി കൂട്ടുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഇ) പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ മണൽ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രളയം ബാധിച്ച പ്രധാന നദികളായ പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഭാരതപ്പുഴ എന്നീ നദികളുടെ സാന്റ് ആഡിറ്റിംഗ് പുരോഗമിക്കുന്നുണ്ട്. സാന്റ് ആഡിറ്റിംഗ് റിപ്പോർട്ട് അടിസ്ഥാനമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) നടപടിക്രമങ്ങൾ പൂർത്തിയാക്കി മണൽ വാരൽ നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. സാന്റ് ആഡിറ്റിംഗ് അടിസ്ഥാനമാക്കി ഓരോ നദിയിലെയും മണൽ നിയമാനുസൃതം നീക്കം ചെയ്യുന്നതിന് ജില്ലാതലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**വസ്തു കൈമാറിക്കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ**

231 (4907) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം പ്രത്യേക പ്രോജക്ടിനായി മറ്റൊരു വകുപ്പിന് കൈമാറുന്നതിന് റവന്യൂ വകുപ്പിന്റെ നടപടിക്രമം

പൂർത്തിയാക്കുന്നതിൽ അനന്തമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വസ്തു കൈമാറി കിട്ടാനുള്ള വർഷങ്ങളുടെ കാലതാമസം കാരണം വിവിധ വകുപ്പുകളുടെ ഒട്ടനവധി പദ്ധതികൾ മുടങ്ങിപ്പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം മറ്റൊരു വകുപ്പിന് കൈമാറുന്നതിന് ഭൂമി കൈവശമുള്ള വകുപ്പിന്റെ നിരാക്ഷേപപത്രം, ഭൂമി ആവശ്യമുള്ള വകുപ്പ് അർത്ഥനാപത്രത്തോടൊപ്പം സമർപ്പിക്കുന്ന കേസ്സുകളിൽ റവന്യൂ വകുപ്പിന്റെ നടപടിക്രമം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നില്ല. സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിക്കാതിരിക്കുന്നതിനാലാണ് ഭൂരിഭാഗം കേസുകളിലും കാലതാമസം നേരിടുന്നത്. കൂടാതെ സേവന വകുപ്പുകൾക്ക് സർക്കാർ ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ 5-6-2018-ലെ ജി.ഒ.(എം.എസ്.)നമ്പർ 31/18/റവ. സർക്കാർ ഉത്തരവുപ്രകാരം ലഘൂകരിച്ചിട്ടുമുണ്ട്. ഇതനുസരിച്ച് കോർപ്പറേഷൻ പ്രദേശങ്ങളിൽ 10 സെന്റ്, മുനിസിപ്പൽ പ്രദേശങ്ങളിൽ 25 സെന്റ്, പഞ്ചായത്ത് പ്രദേശങ്ങളിൽ 56 സെന്റ് എന്നീ അളവുകളിലുള്ള ഭൂമി ജില്ലാ കളക്ടർക്കുതന്നെ സർക്കാർ വകുപ്പുകൾക്ക് അനുവദിക്കാവുന്നതാണ്.

(ബി) ഒരു വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റൊരു വകുപ്പിന് ഭൂമി കൈമാറ്റ വ്യവസ്ഥയിലൂടെ കൈമാറുന്നതിന് ഭൂമി കൈവശമുള്ള വകുപ്പിന്റെ നിരാക്ഷേപപത്രം, ഭൂമി ആവശ്യമുള്ള വകുപ്പ് അർത്ഥനയോടൊപ്പം സമർപ്പിക്കുന്നപക്ഷം കാലതാമസം ഒഴിവാക്കാവുന്നതാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത/സ്വയാർജ്ജിത ഭൂമി മറ്റൊരു വകുപ്പിന് വിട്ടുനൽകേണ്ട കേസ്സുകളിൽ നിയമപരമായി ടി ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായശേഷം മാത്രമേ മറ്റൊരു വകുപ്പിന് നിയമപരമായി കൈമാറി നൽകാൻ നിയമം അനുശാസിക്കുന്നുള്ളൂ. നിയമപരവും ഭരണപരവാമായ നടപടികൾ പൂർത്തിയാക്കുന്നതിന് സമയമെടുക്കും. ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം, വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗരപ്രദേശങ്ങളിൽ 10 സെന്റ് വരെയും മിനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള

ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് റവന്യൂ(എ) വകുപ്പിൽനിന്നുള്ള 5-6-2018-ലെ ജി.ഒ.(പി)നമ്പർ 31/18/റവ. നമ്പർ ഉത്തരവുപ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുന്നുണ്ട്.

## ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി

232 (4908) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്യുകയും ആയത് കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഒരു യുണീക് തണ്ടപ്പേർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് ഏത് വില്ലേജിലുള്ള ഭൂമിയുടെയും വിവരങ്ങൾ ഒറ്റ തണ്ടപ്പേരിലൂടെ അറിയാൻ കഴിയും എന്നതാണ് പ്രസ്തുത പദ്ധതിയുടെ നേട്ടം. ഈ പദ്ധതി സംസ്ഥാനത്താകമാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്.

## റവന്യൂ രേഖകളിലെ പിശകുകൾ തിരുത്താൻ നടപടി

233 (4909) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ.അബ്ദു റബ്ബ്:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളിലെ വസ്തു വിവരത്തിലും ഉടമകളുടെ പേരിലും ഉണ്ടായിട്ടുള്ള പിശകുകൾ തിരുത്തുന്നതിനുവേണ്ടി പൊതുജനങ്ങൾ സമർപ്പിച്ച

അപേക്ഷകളിൽ തിരുമാനം കൈക്കൊള്ളാത്ത എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ ഒരു വർഷത്തിലേറെ പഴക്കമുള്ള എത്ര അപേക്ഷകളുണ്ട് എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇവ പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) റവന്യൂ രേഖകളിലെ വസ്തു വിവരത്തിലും ഉടമകളുടെ പേരിലും ഉണ്ടായിട്ടുള്ള പിശകുകൾ തിരുത്തുന്നതിനുവേണ്ടി പൊതുജനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളാത്ത 1,10,030 അപേക്ഷകൾ നിലവിലുണ്ട്.

(ബി) ഒരു വർഷത്തിലേറെ പഴക്കമുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള റെക്കോർഡുകളിൽ സംഭവിച്ചിട്ടുള്ള പിശക് തിരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ 26-8-2017-ലെ സ.ഉ.(എം.എസ്.)303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവ്വേ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം.) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി താലൂക്കിൽ ലാവണമുള്ള സർവ്വേ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവ്വേ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും നൽകിവരുന്നു. കൂടാതെ അപേക്ഷയുടെ സ്റ്റാറ്റസ് അപേക്ഷകനും മേലുദ്യോഗസ്ഥനും പരിശോധിക്കുന്നതിനായി എൽ.ആർ.എം. നടപടിക്രമങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റവന്യൂ രേഖകളിൽ സംഭവിച്ച പിശക് തിരുത്തുന്നതിന് നടപടി

234 (4910) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റീസർവ്വേ ഉദ്യോസ്ഥരുടെ അനാസ്ഥ കൊണ്ടോ മന:പൂർവ്വമോ റവന്യൂ രേഖകളിലെ വസ്തു വിവരത്തിലും ഉടമകളുടെ പേരിലും പിശകുകൾ കടന്നുകൂടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ രേഖകളിൽ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ സംഭവിച്ച പിശക് തിരുത്തുന്നതിനായി നൽകുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് വർഷങ്ങൾ കാലതാമസമാകുന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇത്തരം അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള റിക്കോർഡുകളിൽ സംഭവിച്ചിട്ടുള്ള പിശക് തിരുത്തുന്നതിന് കാലതാമസം നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 26-8-2017-ലെ സ.ഉ.(എം.എസ്.)303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവ്വേ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം.) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി താലൂക്കിൽ ലാവണമുള്ള സർവ്വേ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവ്വേ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും നൽകിവരുന്നു. കൂടാതെ അപേക്ഷയുടെ സ്റ്റാറ്റസ് അപേക്ഷകനും മേലുദ്യോഗസ്ഥനും പരിശോധിക്കുന്നതിനായി എൽ.ആർ.എം. നടപടിക്രമങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

## മലപ്പുറം ജില്ല വിഭജനം

235 (4911) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല വിഭജിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ആരാണ് നിവേദനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

1) കേരള പ്രവാസി സംഘം പൊന്നാനി ഏരിയ കമ്മിറ്റി

2) പൊന്നാനി സ്വരാജ് മെമ്മോറിയൽ ട്രസ്റ്റ് ഭാരവാഹികൾ

3) എസ്.ഡി.പി.ഐ. ജില്ലാ സെക്രട്ടറി

(സി) ജില്ലാ രൂപീകരണം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കണ്ണമാലി വില്ലേജ് ഓഫീസ് രൂപീകരണം

236 (4912) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽപ്പെട്ട തീരദേശ പഞ്ചായത്തായ ചെല്ലാനത്തെ നിവാസികൾക്ക് വില്ലേജ് സംബന്ധമായ ആവശ്യങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനു പരിഹാരമായി നിർദ്ദേശിക്കപ്പെട്ട കണ്ണമാലി വില്ലേജ് ഓഫീസ് രൂപീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് എം.എൽ.എ 27-6-2019 ൽ സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഡി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**വില്ലേജുകളുടെയും താലൂക്കുകളുടെയും വിഭജനം**

237 (4913) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജുകളുടെയും താലൂക്കുകളുടെയും വിഭജനത്തിന്റെ ആവശ്യകത ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം വില്ലേജുകളും താലൂക്കുകളും വിഭജിക്കുന്നതിനുള്ള പ്രൊപ്പോസലാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) തിരൂർ താലൂക്കും പള്ളിക്കൽ, മൂന്നിയൂർ, പുളിക്കൽ, വണ്ടൂർ, മുതുവല്ലൂർ, കുറുവ, നറുകര, പുൽപ്പറ്റ, തിരൂരങ്ങാടി എന്നീ വില്ലേജുകളും വിഭജിക്കുന്നതിന് വിവിധ സംഘടനകളും വ്യക്തികളും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

**അനധികൃത കയ്യേറ്റം തടയുന്നതിന് നിയമം**

238 (4914) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടഭൂമി ഉൾപ്പെടെയുള്ളവയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരികെപ്പിടിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി തയ്യാറാക്കുന്ന കേരള ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(സി) ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബില്ലിന്റെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം തടയുന്നതിന് രൂപീകരിച്ച ജാഗ്രത സ്ക്വാഡുകളുടെ പ്രവർത്തനം ഫലപ്രദമാണോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സ.ഉ.(സാധാ)3778/18/റവ. നമ്പർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുപുറമെ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ടീം സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. രണ്ടാംശനി, ഞായർ ഉൾപ്പെടടെയുള്ള പൊതു അവധി ദിവസങ്ങളിലും ടി സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കർ അധികാരത്തിൽ വന്നതിനുശേഷം 260.4256 ഹെക്ടർ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരികെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി&സി) കേരളാ ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബില്ലിന്റെ കരട് നിലവിൽ എ 1/271/2017/റവ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

(ഡി) പാട്ടക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും ഭൂമി കൈവശം വച്ചിരിക്കുന്ന പാട്ടകക്ഷിക്ക് നിയമാനുസരണം നോട്ടീസ് നൽകി

ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുന്നതിനും പാട്ടക്കുടിശ്ശിക ഒടുക്കുവരുത്താത്ത സാഹചര്യത്തിൽ കക്ഷിയിൽനിന്നും കുടിശ്ശിക ഈടാക്കുന്നതിന് ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിനും പാട്ടവ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം പാട്ടക്കരാർ റദ്ദ് ചെയ്ത് പാട്ട ഭൂമി സർക്കാരിലേയ്ക്ക് എടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഫലപ്രദമാണ്. ഇതിനായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും രൂപീകൃതമായ മോണിട്ടറിംഗ് സെല്ലുകളും ടി സെല്ലുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്ക്വാഡുകളും സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ അതത് വകുപ്പുകളുടെ ഭൂമികളിലെ കയ്യേറ്റം തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 260.4256 ഹെക്ടർ സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരികെ ഏറ്റെടുത്തിട്ടുണ്ട്.

## ആരാധനാലയങ്ങൾ, വായനശാലകൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമിയുടെ വിവരം

239 (4915) <u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരാധനാലയങ്ങൾ, വായനശാലകൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമിയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഇവരുടെ പ്രവർത്തനത്തിനാവശ്യമായ ഭൂമി പതിച്ചുനൽകി ബാക്കി ഭൂമി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ആരാധനാലയങ്ങൾ, വായനശാലകൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയത് ശേഖരിച്ചുവരുന്നു.

(ബി&സി) ഇവരുടെ പ്രവർത്തനത്തിനാവശ്യമായ ഭൂമി മാത്രം വ്യവസ്ഥകൾക്ക് വിധേയമായും വിലയീടാക്കേണ്ടതുള്ളതിന് വിലയീടാക്കിക്കൊണ്ടും പതിച്ചുനൽകി ബാക്കി ഭൂമി സർക്കാർ ഏറ്റെടുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**പാട്ടഭൂമിയുടെ പട്ടയം റദ്ദാക്കൽ**

240 (4916) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ പാട്ടഭൂമിയിൽ വ്യവസ്ഥകൾ ലംഘിച്ച് നിർമ്മാണം നടത്തിയ പാട്ടഭൂമിയുടെ പട്ടയം റദ്ദാക്കി ഭൂമി സർക്കാരിലേക്ക് കണ്ടുകെട്ടുവാൻ ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇടുക്കിയിൽ പട്ടയഭൂമിയിൽ വീട് ഒഴികെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ;

(സി) കാർഷിക മേഖലയുടെ തകർച്ചയും വിളകളുടെ വിലയിടിവും പ്രളയം കൃഷി ഭൂമി ഇല്ലാതാക്കിയതുംമൂലം ബുദ്ധിമുട്ടുന്ന ഇടുക്കിയിലെ കുടിയേറ്റ കർഷകരെ പ്രസ്തുത നിരോധനം എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉത്തരവ് അടിയന്തരമായി പിൻവലിച്ച് കർഷകരെ ബുദ്ധിമുട്ടിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷി, താമസസ്ഥലം, സമീപസ്ഥങ്ങളായ രജിസ്റ്റേർഡ് ഭൂമിയിലേയ്ക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കാണ് ഭൂമി പതിച്ചുനൽകുന്നത്. 1993-ലെ കേരള ഭൂമിപതിവ് (1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷി, താമസസ്ഥലം എന്നിവ കൂടാതെ ചെറിയ കടമുറി പണിയുന്നതിനും ഭൂമി പതിച്ചുനൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ വാണിജ്യപരമായ കെട്ടിടനിർമ്മാണം അനുവദനീയമല്ല. കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 1801/2010 നമ്പർ കേസ്സിലെ 21-1-2010-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ മേഖലയിലെ നിർമ്മാണങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി&ഡി) കാർഷികാവശ്യങ്ങൾക്കുള്ള ഭൂ വിനിയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം കാർഷിക മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊച്ചി നഗരത്തിലെ തീരപ്രദേശങ്ങളിലുള്ളവർക്ക് പട്ടയം**

241 (4917) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ പച്ചാളം, ഷൺമുഖപുരം, വടുതല തീരപ്രദേശങ്ങളിൽ ദശാബ്ദങ്ങളായി സ്ഥിരതാമസമാക്കിയിരിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പട്ടയം നൽകുന്നതിൽ നേരിടുന്ന തടസങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എറണാകുളം ഷൺമുഖപുരം കോളനി നിവാസികളുടെ ഭൂമിപതിവിനുള്ള അപേക്ഷാ വസ്തു തുറമുഖ പ്രദേശമായതിനാൽ, ടി ഭൂമി പതിച്ചുനൽകുന്നതിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് തടസ്സം ഉന്നയിച്ചിട്ടുള്ളതിനാൽ ഭൂമി പതിവ് നടപടികൾ നിർത്തിവച്ചിട്ടുള്ളതാണ്.

വടുതല ജനകീയ കോളനിയിൽ പുഴ പുറമ്പോക്കിൽ താമസിക്കുന്ന 162 കുടുംബങ്ങൾക്ക് 2019 ജനുവരി മാസത്തിൽ നടന്ന പട്ടയമേളയിൽ പട്ടയം നൽകിയിട്ടുള്ളതാണ്.

**കൊല്ലം വെസ്റ്റ് വില്ലേജിലെ കുടുംബങ്ങൾക്ക് പട്ടയം**

242 (4918) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ മുതിരപറമ്പ് ശ്മശാനത്തിന് സമീപം സർക്കാർ പുറമ്പോക്കിലും മുളങ്കാടകം ദേവസ്വം പുറമ്പോക്കിലും കൈകുളങ്ങര ആൽത്തറമൂട്-കല്ലേലിവയൽ സർക്കാർ പുറമ്പോക്കിലും വർഷങ്ങളായി താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ മുതിരപ്പറമ്പ് ശ്മശാനത്തിന് സമീപം സർക്കാർ പുറമ്പോക്കിലും മുളങ്കാടകം ദേവസ്വം പുറമ്പോക്കിലും കൈകുളങ്ങര സർക്കാർ പുറമ്പോക്കിലും താമസിച്ചുവരുന്ന കുടുംബങ്ങളിൽനിന്നും പട്ടയത്തിനായി നിലവിൽ അപേക്ഷകൾ ലഭിച്ചതായി കാണുന്നില്ല.

## അങ്കമാലി മണ്ഡലത്തിൽ പട്ടയം ലഭ്യമാക്കാൻ അപേക്ഷകൾ

243 (4919) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി, പാറക്കടവ്, കാലടി, മറ്റൂർ, കറുകുറ്റി, മഞ്ഞപ്ര, അയ്യംമ്പുഴ, മലയാറ്റൂർ, തുറവൂർ എന്നീ വില്ലേജുകളിൽ പട്ടയം ലഭ്യമാക്കിയവരുടെ പേരും വിലാസവും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) അങ്കമാലി മണ്ഡലത്തിൽ ഇനി പട്ടയം ലഭ്യമാക്കാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് എന്ന് പട്ടയം നൽകാനാകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി, പാറക്കടവ്, കാലടി, മറ്റൂർ, കറുകുറ്റി, മഞ്ഞപ്ര, അയ്യമ്പുഴ, മലയാറ്റൂർ, തുറവൂർ എന്നീ വില്ലേജുകളിൽ പട്ടയം അനുവദിച്ചവരുടെ പേരും വിലാസവും വില്ലേജ് തിരിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അങ്കമാലി മണ്ഡലത്തിൽ വിവിധ വില്ലേജുകളിലായി പട്ടയം ലഭ്യമാക്കാൻ 64 അപേക്ഷകൾ ബാക്കിയുള്ളതായി കാണുന്നു. അർഹതപ്പെട്ട അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പാലക്കാട് നഗരസഭയിലെ താണാവ് രാജീവ് നഗറിലെ കുടുംബങ്ങൾക്ക് പട്ടയം

244 (4920) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരസഭയിലെ താണാവിലുള്ള രാജീവ് നഗറിൽ വർഷങ്ങളായി താമസിച്ചുവരുന്ന പതിനാല് കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവർക്ക് പട്ടയം നൽകുന്നതിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന കാര്യം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ടി വിഷയം സംബന്ധിച്ച് ബഹു<u>മാ</u>നപ്പെട്ട ഹൈക്കോടതിയിൽ WP(C)No.17271/2018 നമ്പർ കേസ് നിലവിലുണ്ട്. പാലക്കാട് - 1 വില്ലേജ്. സർവ്വേ നമ്പർ 3126, 3127, 3129-ൽ ഉൾപ്പെട്ട ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിൽ അല്ലാത്തതിനാൽ ഭൂമിപതിവ് നടപടിക്രമങ്ങൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാകുന്നു. സർവ്വേ നമ്പർ3127, 3129 റെയിൽവേ വകുപ്പിന്റെ അധീനതയിലും സർവ്വേ നമ്പർ 3126 വനം വകുപ്പിന്റെ അധീനതയിലുമാകുന്നു. റെയിൽവേ അധീനതയിലുള്ള ഭൂമി ഭാവി വികസനത്തിന് ആവശ്യമായി വരുന്നതാകയാൽ ടി സ്ഥലത്തിന് പട്ടയം നൽകുവാൻ നിർവ്വാഹമില്ലായെന്ന് റെയിൽവേ അധികൃതർ 20-1-2011-ന് കൂടിയ <u>ബഹു</u>. കേരള നിയമസഭാ പെറ്റീഷൻ കമ്മിറ്റി മുമ്പാകെ അറിയിച്ചിട്ടുള്ളതാകുന്നു. 1-1-1977-ന് മുമ്പ് വനംഭൂമി കയ്യേറിയവരുടെ പട്ടികയിൽ അപേക്ഷകർ ഉൾപ്പെടാത്തതിനാൽ വനഭൂമിക്ക് പട്ടയം നൽകാൻ നിർവ്വാഹമില്ലാത്തതാകുന്നു. ടി വിഷയം സംബന്ധിച്ച WP(C) നമ്പർ 17271/2018 കേസ്സിലെ അന്തിമ വിധിക്ക് അനുസൃതമായി ഇക്കാര്യത്തിൽ ചട്ടപ്രകാരമുള്ള അനന്തരനടപടികൾ സ്വീകരിക്കാവുന്നതാണ്.

### ചാലക്കുടി താലൂക്കിൽ മുരിങ്ങൂർ തെക്കുംമുറി വില്ലേജ്, ശ്രീ. ഒ. എൽ. ജോസിന് പട്ടയം ലഭ്യമാക്കുന്നതിന് നടപടി

245 (T*4921) <u>ശ്രീ .ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിൽ മുരിങ്ങൂർ തെക്കുംമുറി വില്ലേജ്, ഓലിയാപ്പുറം വീട്ടിൽ ശ്രീ. ഒ.എൽ. ജോസിന്റെ കൈവശത്തിൽ ഇരിക്കുന്നതും റിക്കോർഡുകളിൽ ഇടവഴി പുറമ്പോക്ക് എന്ന് കാണിച്ചിട്ടുള്ളതുമായ സർവ്വേ 218/3 ലെ ഭൂമിയ്ക്ക് പട്ടയം ലഭിയ്ക്കുന്നതിനായുള്ള അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിന്നും എൻ.ഓ.സി. അടക്കമുള്ള മുഴുവൻ രേഖകളും നിർദ്ദേശാനുസരണം സമർപ്പിച്ചിട്ടും ഇനിയും പട്ടയം ഇഷ്യൂ ചെയ്തിട്ടില്ലാത്തതിനാൽ കാലതാമസം ഒഴിവാക്കി പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) മുരിങ്ങൂർ തെക്കുംമുറി വില്ലേജിൽ ഓലിയാപ്പുറം ജോസ് എന്നയാളുടെ കൈവശത്തിലുള്ള മുരിങ്ങൂർ തെക്കുംമുറി വില്ലേജ് സർവ്വേ 218/3-ൽ ഉൾപ്പെടുന്ന 0.0409 ഹെക്ടർ ഭൂമി വില്ലേജ് റെക്കാർഡുകൾ പ്രകാരം ഇടവഴി പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഇടവഴി പുറമ്പോക്ക് നിർദ്ദിഷ്ട തദ്ദേശസ്വയംഭരണ സ്ഥാപനമായ കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. ആയത് റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) അപേക്ഷകനായ ശ്രീ. ഒ. എൽ. ജോസിന് കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് വിരോധമില്ല എന്ന പഞ്ചായത്ത് തീരുമാനം 3-8-2012-ൽ ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് ശ്രീ. ഒ. എൽ. ജോസിന്റെ അപേക്ഷ സംബന്ധിച്ച ഫയൽ (നമ്പർ 29045/എൽ3/14/റവ) 17-6-2016-ൽ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അധിഷ്ഠിതമായ ടി പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചശേഷം മാത്രമേ പട്ടയ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ചാലക്കുടി തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുള്ളതും, ഭൂമി പുനർനിക്ഷിപ്തമാക്കി ലഭിക്കുന്ന മുറയ്ക്ക് ശ്രീ. ഒ. എൽ. ജോസിന്റെ കൈവശ ഭൂമിയിന്മേൽ പട്ടയ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കുട്ടമ്പുഴ വില്ലേജിലെ ഹിൽടാക്ക് പ്രദേശങ്ങളിൽ പട്ടയം പതിച്ച് നൽകുന്നതിന് നടപടി

246 (4922) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ വില്ലേജിൽ നൂറ് കണക്കിനാളുകൾ പട്ടയത്തിനു വേണ്ടി അപേക്ഷ നല്കി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 27-7-2011- ലെ സർക്കാർ ഉത്തരവ് പ്രകാരം ഭൂരഹിതർക്ക് വീട് വച്ച് താമസിക്കുവാൻ പതിനഞ്ച് സെന്റ് ഭൂമിക്ക് മാത്രമാണ് പട്ടയം നല്കി വരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1964- ലെ ഭൂമി പതിവ് ചട്ടങ്ങളിൽ 2014-ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം ഹിൽടാക്ക് പ്രദേശങ്ങളിൽ നാല് ഏക്കർ സ്ഥലം വരെ കാർഷിക ആവശ്യങ്ങൾക്ക് പതിച്ച് കൊടുക്കാമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) അത്തരത്തിൽ 2014-ലെ ഭേദഗതി പ്രകാരം ഹിൽട്രാക്ട് ഏരിയ ആയ കുട്ടമ്പുഴയിലും കാർഷിക ആവശ്യങ്ങൾക്ക് നാല് ഏക്കർ ഭൂമി വരെ പതിച്ചു കൊടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഉണ്ട്. 30-9-2014-ലെ G.O.(P)No.425/2014/RD നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പട്ടയത്തിനുള്ള അപേക്ഷകളിൽ നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നാഗഞ്ചേരിമന വാസുദേവൻ നമ്പൂതിരിയുടെ കുടുംബത്തിന് കിടപ്പാടം

247 (4923) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. എ.എൻ. വാസുദേവൻ നമ്പൂതിരി, നാഗഞ്ചേരിമന, അല്ലപ്ര, പെരുമ്പാവൂർ എന്നയാൾ തിരുവനന്തപുരം ജില്ലയിൽ തൈക്കാട് വില്ലേജിലെ 63 സെന്റ് സ്ഥലം ലഭിക്കുവാനായി ആവശ്യപ്പെട്ട റവന്യൂ വകുപ്പിലെ 80383/U1/96 നമ്പർ ഫയലിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരം വ്യക്തമാക്കാമോ;

(ബി) ഭൂപരിഷ്കരണ നിയമത്തിനുശേഷം മുഴുവൻ ഭൂമിയും നഷ്ടപ്പെട്ട ശ്രീ.എ.എൻ. വാസുദേവൻ നമ്പൂതിരിയുടെ കുടുംബത്തിന് ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി കിടപ്പാടം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച ഫയൽ സെക്ഷനിൽ ലഭ്യമല്ലാത്തതാണ്. ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഭൂമി നഷ്ടപ്പെട്ട അദ്ദേഹത്തിന്റെ കുടുംബത്തിന് ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി ഭൂമി നൽകുവാനുള്ള നടപടികളൊന്നും നിലവിലില്ലാത്തതാണ്.

(ബി) ശ്രീ. എ. എൻ. വാസുദേവൻ നമ്പൂതിരിയുടെ കുടുംബത്തിൽനിന്നും ഭൂമി ലഭ്യമാക്കാനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് നിയമാനുസൃതം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടയവിതരണം

248 (4924) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016,2017,2018 എന്നീ വർഷങ്ങളിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇതിൽ എത്ര പേർക്ക് പട്ടയം നൽകിയെന്നും ഇനി എത്ര പേർക്ക് പട്ടയം നൽകാനുണ്ട് എന്നതിന്റെയും വില്ലേജ് അടിസ്ഥാനത്തിലുള്ള വിശദവിവരം നൽകുമോ?

ഉത്തരം

2016, 2017, 2018 എന്നീ വർഷങ്ങളിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പട്ടയത്തിനായി ഭൂമിപതിവ് നിയമപ്രകാരം 23 അപേക്ഷകൾ ലഭിച്ചതിൽ 2 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ഭൂമിപതിവ് നിയമപ്രകാരം നിലവിൽ കോട്ടോപ്പാടം-1 വില്ലേജിൽ 21 അപേക്ഷകളാണ് തീർപ്പുകൽപ്പിക്കാനുള്ളത്.

4 സെന്റ് പട്ടയത്തിനായി 80 അപേക്ഷകൾ ലഭിച്ചതിൽ 60 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. പട്ടയം അനുവദിക്കുവാൻ ബാക്കിയുള്ള വില്ലേജുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അഗളി | - 10 |
| കുമാരംപുത്തൂർ | - 9 |
| കോട്ടോപ്പാടം | - 1 |

K.S.T. Act പ്രകാരം 1257 പട്ടയങ്ങൾ അട്ടപ്പാടി മേഖലയിൽ അനുവദിച്ചിട്ടുണ്ട്.

## രാമൻതുരുത്തിൽ താമസിക്കുന്നവർക്ക് പട്ടയം

249 (4925) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷന്റെ 1-ാം ഡിവിഷനിൽപ്പെട്ട രാമൻതുരുത്തിൽ (വല്ലാർപാടം കണ്ടെയിനർ ടെർമിലിനു സമീപം) 150 വർഷത്തിലേറെയായി താമസിക്കുന്ന 5 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

(ബി) പട്ടയം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ടി സ്ഥലത്തെ കൈവശക്കാരായ 5 കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളതാണ്. പരിശോധനയിൽ 5 കുടുംബങ്ങളും രാമൻതുരുത്തിൽ പല ഭാഗങ്ങളിലായി താമസിച്ചുവരുന്നു. നിലവിലെ കൈവശ പ്രകാരം പട്ടയം അനുവദിക്കുകയാണെങ്കിൽ ബാക്കിയുള്ള സർക്കാർ ഭൂമി സർക്കാർ പദ്ധതികൾക്ക് ഉപയുക്തമാക്കുന്നതിന് വിഘാതമാകുന്നതാണ്. ആയതിനാൽ ടി അപേക്ഷകരെ പുതുവൈപ്പ് വില്ലേജ് റീസർവ്വേ 300/1-ൽപ്പെട്ട 50 സെന്റ് ഭൂമിയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയ ധനസഹായം**

250 (4926) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ലും 2019 ലുമുണ്ടായ പ്രളയത്തിൽ പാലക്കാട് നിയോജക മണ്ഡലത്തിലെ എത്ര വീടുകൾക്ക് പൂർണ്ണമായും ഭാഗികമായും നാശനഷ്ടമുണ്ടായിട്ടുണ്ട്; ഇവരുടെ വിവരം പ്രത്യേകമായി വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ നാശനഷ്ടമുണ്ടായ എത്ര പേർക്ക് എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്;ഇനി എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകാൻ ബാക്കിയുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് നിയോകമണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വീടുകൾ 317 എണ്ണവും ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾ 573 എണ്ണവുമാണ്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട വിശദാംശങ്ങളിൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) പൂർണ്ണമായും നാശനഷ്ടം സംഭവിച്ച 108 വീടുകൾക്ക് 4,00,000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. 61 പേർക്ക് 95100 രൂപ വീതം ആദ്യഗഡു അനുവദിച്ചിട്ടുണ്ട്. പുറമ്പോക്കിൽ താമസിച്ചുവരുന്ന 62 പേരെ ക്ലസ്റ്റർ ഹൗസിലും 61 പേരെ കെയർ ഹോം പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുടെ കൈവശ രേഖയില്ലാത്ത 86 പേർക്ക് ധനസഹായം നൽകിയിട്ടില്ല.

**പ്രളയ ദുരിതാശ്വാസം**

251 (4927) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചു;

(ബി) വസ്തുവകകളും മറ്റും നഷ്ടപ്പെട്ട ഓരോരുത്തർക്കും വിവിധ ഇനങ്ങളിൽ നൽകിയ തുകയുടെ കണക്കും, പേര് വിവരവും മണ്ഡലം തിരിച്ച് നൽകുമോ?

ഉത്തരം

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ (ജൂൺ മുതൽ ആഗസ്റ്റ് വരെ) 451 പേർ മരണപ്പെട്ടു.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 24-10-2019 വരെ 2020.95 കോടി രൂപ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ വീടുകൾക്ക് നഷ്ടം സംഭവിച്ചവരുടെയും 10,000 രൂപ അടിയന്തര സഹായം ലഭിച്ചവരുടെയും താലൂക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ്, ജില്ലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## പ്രളയ ദുരിതാശ്വാസമായ നഷ്ടപരിഹാരത്തുക

252 (4928) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചു;

(ബി) വസ്തുവകകളും മറ്റും നഷ്ടപ്പെട്ട വകയിൽ നാളിതുവരെ എത്രപേർക്ക് എത്ര രൂപ വീതം ആർക്കൊക്കെ നഷ്ടപരിഹാരത്തുക നൽകിയെന്ന് വിശദമാക്കാമോ;

(സി) ഓരോരുത്തർക്കും വിവിധ ഇനങ്ങളിൽ നൽകിയ തുകയുടെ കണക്കും പേര് വിവരവും മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അംഗീകരിച്ചിട്ടുള്ള ദുരന്തങ്ങളിൽ 2019 ജൂൺ മുതൽ ആഗസ്റ്റ് വരെ 132 വ്യക്തികൾ മരണപ്പെട്ടിട്ടുണ്ട്.

(ബി) 2019-ൽ സംസ്ഥാനത്ത് പ്രളയത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി വരുന്നതേയുള്ളൂ. 2019-ലെ പ്രകൃതിക്ഷോഭത്തിൽപ്പെട്ടവർക്ക് അടിയന്തര ധനസഹായമായ 10,000 രൂപ വീതം 1,31,838 കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) മണ്ഡലം തിരിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## കൽപ്പറ്റ മണ്ഡലത്തിലെ പരിസ്ഥിതി ആഘാത പഠനം

253 (4929) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളിൽ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വില്ലേജ് തിരിച്ചുള്ള പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ വാസയോഗ്യമല്ല എന്ന് കണ്ടെത്തിയ സ്ഥലങ്ങളിലുള്ള ജനങ്ങളുടെ പുനരധിവാസം സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ജില്ലയിലെ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രാഥമിക പഠനം നടത്തി. എന്നാൽ കൂടുതൽ വിശദമായ പഠനം ആവശ്യമാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 3-4-2019 -ലെ സർക്കാർ ഉത്തരവ് നമ്പർ 241/2019/ഡി.എം.ഡി. പ്രകാരം വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ഭീഷണിയുള്ള മേഖലകളെക്കുറിച്ച് കോഴിക്കോട് NIT നടത്തിയ വിശദമായ പഠനത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ അച്ചൂരാനം, കൽപ്പറ്റ, കുന്നത്തിടവക, കണിയാമ്പറ്റ, പൊഴുതന, വെങ്ങപ്പള്ളി, ചൂണ്ടേൽ എന്നീ വില്ലേജുകൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ 19-8-2019-ലെ സ.ഉ.(സാധാ)നമ്പർ 520/2019/ഡി.എം.ഡി. ഉത്തരവ് പ്രകാരം 2019 ആഗസ്റ്റ് മാസത്തിൽ ജില്ലയിൽ വിവിധയിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടൽ/മണ്ണിടിച്ചിലിനെത്തുടർന്ന് മണ്ണിടിച്ചിൽ ബാധിത മേഖലകളിലെ പുനരധിവാസം സംബന്ധിച്ച് പഠനം നടത്തുന്നതിനായി 10 സംഘങ്ങളെ നിയോഗിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ വിവരങ്ങൾ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) വാസയോഗ്യമല്ല എന്ന് കണ്ടെത്തിയവർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## \പ്രളയത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം

254 (4930) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ തകർന്ന വീടുകൾക്ക്, വീടിന്റെയും വീട്ടുസാധനങ്ങളുടെയും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും അപ്പീലുകൾ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത അപ്പീലുകളിന്മേൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 2018-ലെ പ്രളയത്തിൽ തകർന്ന വീടുകൾക്ക്, വീടിന്റെയും വീട്ടുസാധനങ്ങളുടെയും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽനിന്നും അപ്പീലുകൾ ലഭിച്ചിട്ടില്ല. 23-7-2019-ലെ സ.ഉ.(കൈ)നമ്പർ 20/19/ഡി.എം.ഡി. ഉത്തരവ് പ്രകാരം വീടുകളുടെ structural damage മാത്രം കണക്കാക്കിയാണ് നാശനഷ്ടത്തിന്റെ തോത് നിർണ്ണയിക്കേണ്ടത് എന്നും വീടിന്റെ വാല്യൂ, വീട്ടിലെ വസ്തുക്കളുടെ വാല്യൂ എന്നിവ ദുരിതാശ്വാസ ധനസഹായത്തിന് പരിഗണിക്കേണ്ടതില്ലാത്തതാണ് എന്നും ഉത്തരവിൽ പരാമർശിക്കുന്നു.

## പ്രളയാനന്തരം വീട് നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം

255 (4931) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പ്രളയത്തിലും കാലവർഷത്തിലും വീട് നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നുമുതൽക്കാണ് ധനസഹായം നൽകി തുടങ്ങിയത്; വിശദവിവരം നൽകുമോ;

(ബി) പാലക്കാട് ജില്ലയിൽ നിന്നും ഇത് സംബന്ധിച്ച കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ വർഷത്തെ പ്രളയത്തിലും കാലവർഷത്തിലും വീട് നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ വിതരണം ആരംഭിച്ചിട്ടില്ല.

(ബി) പാലക്കാട് ജില്ല ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 2019-ലെ പ്രളയത്തിൽ ഭാഗികമായും പൂർണ്ണമായും തകർന്ന വീടുകളുടെ പരിശോധനയ്ക്ക് വില്ലേജ് ഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ, ഐ.ടി. വിദഗ്ധൻ എന്നിവരുടങ്ങുന്ന ടീമുകളെ ഉപയോഗിച്ച് മൊബൈൽ ആപ്പ് വഴി ധനസഹായ വിതരണത്തിന് ആവശ്യമായ വിവരശേഖരണം നടത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച ഡാറ്റ എൻട്രി ജോലികൾ നടന്നുവരുന്നു.

**പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണം**

256 (4932) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ നവീകരിക്കുന്നതിനുള്ള എന്തെല്ലാം നിബന്ധനകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) പല ഗ്രാമീണ റോഡുകളും തകർന്നത് പുനർനിർമ്മിക്കുമ്പോൾ ആധുനിക രീതിയിൽ നിർമ്മാണം നടത്തുന്നതിന് ഈ ഉത്തരവ് തടസ്സമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലവർഷത്തിൽ തകർന്ന റോഡുകൾക്ക് ഡ്രയിനേജ് നിർമ്മിക്കുന്നതിനും മഴവെള്ളത്തിൽ നിന്ന് സംരക്ഷണത്തിനായി ഫില്ലിംഗ് നടത്തുന്നതിനും പുതിയ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനുമായി കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താമോ;

(ഡി) ആയത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച അപേക്ഷയുടെ കോപ്പി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിൽ ഗ്രാമീണ റോഡുകളുടെ അടിയന്തര റിപ്പയറിനായി കിലോമീറ്ററിന് 60,000 രൂപയും മേജർ റോഡുകൾക്ക് കിലോമീറ്ററിന് 1.00 ലക്ഷം രൂപയും (ഒരു ലക്ഷം രൂപ) മാത്രമാണ് അനുവദനീയമായിട്ടുള്ളത്. എന്നിരുന്നാലും 10-10-2012-ലെ സ.ഉ. (കൈ)നമ്പർ 384/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ വരെ

റോഡുകളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ചുവരുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് പുതിയ രീതയിലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകാനാകില്ല. ഗതാഗതം പുനഃസ്ഥാപിക്കുന്നതിനായി അടിയന്തര സ്വഭാവത്തിലുള്ള റിപ്പയർ പ്രവൃത്തികൾ (immediate restoration) മാത്രമാണ് ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം അനുവദനീയമായിട്ടുള്ളത്.

(സി&ഡി) ആധുനിക രീതിയിൽ റോഡുകൾ പുനരുദ്ധരിക്കുന്നതിന് കേന്ദ്ര മാനദണ്ഡപ്രകാരമുള്ള തുക മതിയാകില്ലെന്നും ആയതിനാൽ കൂടുതൽ തുക വിനിയോഗിക്കുന്നതിന് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നേരിട്ട് മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർക്കുന്നു.*

## മാവേലിക്കരയിൽ പ്രളയക്കെടുതിക്ക് നഷ്ടപരിഹാരം

257 (4933) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിലെ പ്രളയക്കെടുതിയിലും 2019-ലെ വെള്ളപ്പൊക്കത്തിലും മാവേലിക്കര താലൂക്കിൽ വീടുകൾ നഷ്ടപ്പെട്ട എത്ര പേർക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വിശദമാക്കുമോ;

(ബി) വീടുകളുടെ നാശനഷ്ടം, വസ്തുവകകൾ, കൃഷിനാശം തുടങ്ങിയ നാശനഷ്ടം സംഭവിച്ചവർക്ക് ഓരോ വിഭാഗത്തിനും നൽകിയ തുകയും വിശദമാക്കുമോ?

### ഉത്തരം

(എ&ബി) മാവേലിക്കര താലൂക്കിൽ 2018 പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക്/നാശനഷ്ടം സംഭവിച്ചവർക്ക് നൽകിയ നഷ്ടപരിഹാരത്തുക വിതരണം ചെയ്തത് പഞ്ചായത്ത് അടിസ്ഥാനത്തിലാണ്. തുക ലഭ്യമായവരുടെ കണക്ക് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| പഞ്ചായത്ത് | ധനസഹായം ലഭിച്ച അപേക്ഷകരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| തഴക്കര | 543 | 38968150 |
| ചെട്ടികുളങ്ങര | 802 | 50888100 |
| തെക്കേക്കര | 63 | 3732650 |
| പാലമേൽ | 69 | 2570000 |
| മാവേലിക്കര മുനിസിപ്പൽ കോർപ്പറേഷൻ | 750 | 55973250 |
| ചുനക്കര | 225 | 17650600 |
| നൂറനാട് | 433 | 29927650 |
| ഭരണിക്കാവ് | 12 | 685000 |
| താമരക്കുളം | 38 | 430000 |
| വള്ളികുന്നം | 62 | 4380000 |
| ചെന്നിത്തല | 1814 | 89138350 |
| ആകെ | 4811 | 294343750 |

മാവേലിക്കര താലൂക്കിൽ കൃഷിനാശം സംഭവിച്ച ഇനത്തിൽ 2951641 രൂപ അർഹരായ കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. 2019-ൽ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## 2018-ലെ പ്രളയത്തിൽ പാലക്കാട് II വില്ലേജിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

258 (4934) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ലെ പ്രളയത്തിൽ പാലക്കാട് II വില്ലേജിൽ പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർ, ഭാഗികമായി വീട് തകർന്നവർ എന്നിവരുടെ എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ;

(ബി) 2018-ലെ പ്രളയത്തിൽ പാലക്കാട് II വില്ലേജിൽ സർക്കാർ വക പൊതുമുതലുകൾക്ക് എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായി; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പാലക്കാട് II വില്ലേജിനെ പ്രളയബാധിത വില്ലേജായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവാക്കപ്പെട്ടതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രളയബാധിത വില്ലേജായി പരിഗണിക്കേണ്ടതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് II വില്ലേജിൽ പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വീടുകൾ 142 എണ്ണവും ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾ 164 എണ്ണവുമാണ്.

(ബി) പാലക്കാട് II വില്ലേജിൽ പൊതുമുതലിന് നാശനഷ്ടം സംഭവിച്ചിട്ടില്ല.

(സി) പാലക്കാട് II വില്ലേജിനെ പ്രളയബാധിത വില്ലേജായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) കൃഷി, റോഡ്, വീട് എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടം, വൈദ്യുതി വിതരണത്തിൽ വരുന്ന നഷ്ടം, ജീവഹാനി എന്നിവയാണ് പ്രളയബാധിത വില്ലേജായി പ്രഖ്യാപിക്കാനുള്ള മാനദണ്ഡങ്ങൾ.

## റാന്നിയിൽ റിവർ മാനേജ്മെന്റിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി തീരസംരക്ഷണം

259 (4935) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും ഓരോന്നിനും ചെലവായ തുകയും ലഭ്യമാക്കാമോ;

(സി) പ്രളയത്തെത്തുടർന്ന് നദീ തീരങ്ങൾ വ്യാപകമായി ഇടിഞ്ഞ റാന്നിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി തീരസംരക്ഷണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെയും ചെലവാക്കിയ തുകളയുടെയും ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രളയത്തെത്തുടർന്ന് നദീതീരം വ്യാപകമായി ഇടിഞ്ഞ റാന്നിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതികൾ ഒന്നുംതന്നെ നിലവിൽ നടപ്പാക്കിവരുന്നില്ല. സാന്റ് ഓഡിറ്റിംഗ് കഴിഞ്ഞ നദികളിൽനിന്ന് മണൽ വാരുന്നതിന് SEIAA-യുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ 2011-നുശേഷം പുഴകളിൽനിന്നും മണൽ ഖനനം നടത്തുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ RMF-ൽ മണൽ വിൽപ്പനയിലൂടെയുള്ള വരുമാനം നിലച്ചിരിക്കുകയാണ്. ടി കാരണത്താലും പത്തനംതിട്ട ജില്ലയുടെ RMF ഫണ്ട് കോടതി നിരവധി എൽ.എ.ആർ. കേസുമായി ബന്ധപ്പെട്ട് അറ്റാച്ച് ചെയ്തിരുന്ന സാഹചര്യത്തിലും RMF ഫണ്ട് ഉപയോഗപ്പെടുത്തി തീരസംരക്ഷണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## കുട്ടിലങ്ങാടി ശ്രീ മേത്രക്കോവിൽ, കീഴ്ത്രക്കോവിൽ എന്നിവയ്ക്ക് സംരക്ഷണ ഭിത്തി

260 (4936) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മങ്കട മണ്ഡലത്തിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ പടിഞ്ഞാറുമുറിയിൽ കടലുണ്ടി പുഴയുടെ തീരത്ത് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീ മേത്രക്കോവിൽ, കീഴ് ത്രക്കോവിൽ എന്നിവയുടെ പുഴയോട് ചേർന്നുള്ള ഭാഗത്തെ സംരക്ഷണ ഭിത്തി ആർ.എം.എഫ്. ഫണ്ടിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ പടിഞ്ഞാറുമുറിയിൽ കീഴ്ത്രക്കോവിൽ ക്ഷേത്രത്തിന് സമീപം കടലുണ്ടിപ്പുഴയിൽ സംരക്ഷണ ഭിത്തി നിർമ്മാണം 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമപ്രകാരം രൂപീകൃതമായ ജില്ലാ വിദഗ്ധ സമിതിയുടെ 6-8-2019-ലെ 87-ാമത് യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിരുന്നു. ജില്ലാ വിദഗ്ധ സമിതി ടി പ്രവൃത്തി RMF-ൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണെന്ന് കണ്ടെത്തുന്ന പക്ഷം, ജില്ലാ വിദഗ്ദ്ധ സമിതി, ശിപാർശ സഹിതം, ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന ഉന്നതതല സമിതിക്ക് സമർപ്പിക്കുന്ന മുറയ്ക്ക്, അംഗീകാരത്തിന് വിധേയമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ റിവർ മാനേജ്മെന്റ് പ്രവൃത്തികൾ**

261 (4937) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ അടിയന്തരമായി പൂർത്തിയാക്കേണ്ട റിവർ മാനേജ്മെന്റ് പ്രവൃത്തികൾ ഏതൊക്കെയാണ്; ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടില്ല; വിശദാംശം ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള പ്രവൃത്തികൾക്കുള്ള നീക്കിയിരിപ്പ് തുക എത്രയാണ്; ഈ ഫണ്ടിൽ നിന്ന് തുകയെന്തെങ്കിലും മറ്റുജില്ലകളിലെ പ്രവൃത്തികൾ നടപ്പിലാക്കാൻ മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഏറ്റവും ഒടുവിൽ ഇത്തരത്തിൽ മാറ്റി നൽകിയതെന്ന് അറിയിക്കുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കുള്ള ചട്ടം പുതുക്കിയത് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുപ്രകാരമാണോ നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്;

(ഡി) പുതുക്കിയ ചട്ടങ്ങൾ അനുസരിച്ച് ഒരു ജില്ലയിലെ ഫണ്ട് മറ്റ് ജില്ലകൾക്ക് മാറ്റി നൽകാൻ വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ അടിയന്തരമായി പൂർത്തിയാക്കേണ്ട നദീസംരക്ഷണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. തൂതപ്പുഴയുടെ വലതുകര സംരക്ഷണം നടുക്കാവ് പാലത്തിന് മുകൾ ഭാഗം (പുലാമന്തോൾ ഗ്രാമപഞ്ചായത്ത്)

2. പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ വളപുരം ഭാഗത്ത് തൂതപ്പുഴയുടെ വലതുകര സംരക്ഷണം.

3. പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ ധന്വന്തരി ക്ഷേത്രത്തിന് സമീപം തൂതപ്പുഴയുടെ വലതുകര സംരക്ഷണം.

4. പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ ഇട്ടക്കടവ് പാലത്തിനും കട്ടുപ്പാറ ചെക്ക്ഡാമിനും ഇടയിൽ തൂതപ്പുഴയുടെ ഇടതുകര സംരക്ഷണം.

ഈ നാല് പ്രവൃത്തികൾക്കും തുക അനുവദിച്ചിട്ടില്ല. മുകളിൽ പ്രസ്താവിച്ച ആദ്യ രണ്ട് പ്രവൃത്തികൾക്കും ജില്ലാ വിദഗ്ദ്ധ സമിതിയുടെ പരിശോധന 30-10-2019 -ൽ നടന്നിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിലെ നീക്കിയിരിപ്പ് തുക 1,52,84,643 രൂപയാണ്. പത്തനംതിട്ട ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 39,60,934 രൂപ പത്തനംതിട്ടയിൽ നദീതീര സംരക്ഷണ പ്രവൃത്തികൾക്ക് ഏറ്റെടുത്ത കരാറുകാർക്ക് നൽകുവാനായി ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. ഇതിൽ 21,39,605 രൂപ കരാറുകാർക്ക് അനുവദിക്കാനായി പത്തനംതിട്ട ജില്ലാ കളക്ടർ ഉത്തരവിറക്കുകയും ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുള്ളതും ആണ്. എന്നാൽ ട്രഷറി നിയന്ത്രണം കാരണം ടി ഫണ്ട് ഇതുവരെ കൈമാറിയിട്ടില്ല.

(സി) 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും പ്രകാരം പുറപ്പെടുവിച്ച ചട്ടം പ്രകാരമുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. എന്നാൽ പ്രസ്തുത ചട്ടത്തിലെ 22-ാം ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഭേദഗതി ചട്ടം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ഡി) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടത്തിലെ സെക്ഷൻ 22 എ പ്രകാരം ഒരു കോടിയോ അതിൽ കൂടുതലോ നീക്കിയിരിപ്പുള്ള ഏതൊരു ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും അങ്ങനെയുള്ള തുകയുടെ അൻപത് ശതമാനത്തിൽ കവിയാത്ത ഒരു തുക ആ ജില്ലയ്ക്ക് ഉടൻ ആവശ്യമില്ലാത്ത പക്ഷം സർക്കാരിന് പ്രത്യേക ഉത്തരവ് വഴി വരുമാനം കുറഞ്ഞ മറ്റ് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടുകളിലേയ്ക്ക് നദീതീര വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിലേയ്ക്കോ ഈ ചട്ടങ്ങളിൽ പരാമർശിക്കുന്ന, മറ്റെന്തെങ്കിലും ചെലവുകൾ അടിയന്തരമായി വിനിയോഗിക്കുന്നതിലേയ്ക്കോ വേണ്ടി കൈമാറാവുന്നതാണ്. പുതുക്കി പ്രസിദ്ധീകരിക്കുന്ന ചട്ടങ്ങൾ പ്രകാരം 'ഒരു ജില്ലയിലെ ഫണ്ടിലെ നീക്കിയിരിപ്പ്, പ്രസ്തുക ജില്ലയിലെ ആവശ്യം നിവേറ്റുന്നതിലധികമായിരിക്കുന്ന ഒരു സംഗതിയിൽ, അപ്രകാരമുള്ള നീക്കിയിരുപ്പു തുകയുടെ ഇരുപത്തിയഞ്ച് ശതമാനത്തിൽ കവിയാത്ത തുക, പ്രസ്തുത ജില്ലയ്ക്ക് ഉടൻ ആവശ്യമില്ലാത്ത പക്ഷം, സർക്കാരിന് ഒരു പ്രത്യേക ഉത്തരവുവഴി, വരുമാനം കുറവുള്ള ജില്ലകളിലെ ഫണ്ടിലേയ്ക്ക് പ്രസ്തുത ജില്ലകളിലെ നദീതീര സംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്കായി അനുവദിക്കാവുന്നതാണ്.'

## പാറ പുറമ്പോക്ക് കയ്യേറ്റത്തിനെതിരെ നടപടി

262 (4938) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരം പാറ പുറമ്പോക്ക് കൈയ്യേറ്റത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് തഹസിൽദാർക്ക് അധികാരമുണ്ടോ; എങ്കിൽ ഏത് സെക്ഷൻ പ്രകാരമാണ് പുറമ്പോക്കിൽ പാറ പൊട്ടിക്കുന്നതിന് പിഴ ഈടാക്കുന്നത്; വ്യക്തമാക്കുമോ;

(ബി) തഹസിൽദാരുടെ ഇക്കാര്യത്തിലുള്ള നടപടിക്രമത്തിനെതിരെ അപ്പീൽ നൽകാമോ; എങ്കിൽ ആർക്കാണ് അപ്പീൽ നൽകേണ്ടത്; ബന്ധപ്പെട്ട സെക്ഷൻ ഉൾപ്പെടെ വിശദമാക്കാമോ;

(സി) തഹസിൽദാരുടെ നടപടിയിൽ പിഴവ് ഉണ്ടെന്ന് വരുകിൽ തഹസിൽദാർക്ക് എതിരായി പോലീസ് കേസ്, പ്രോസിക്യൂഷൻ തുടങ്ങിയ നിയമ നടപടികൾ സ്വീകരിക്കാമോ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് 2017 -മുതൽ എത്ര കേസുകളിൽ സർക്കാർ പ്രോസിക്യൂഷന് അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) കേരള ഭൂസംരക്ഷണ നിയമത്തിലെ വകുപ്പ് 15 പ്രകാരം പ്രസ്തുത ആക്ട് പ്രകാരം ജില്ലാ കളക്ടർക്ക് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും തഹസീൽദാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഗസറ്റ് വിജ്ഞാപനം മുഖേന LRD4-18737/E7/റവന്യൂ തീയതി 1-10-1958 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള ഭൂസംരക്ഷണ നിയമം 1957 സെക്ഷൻ 6 (2), 6 (3) പ്രകാരം പാറ പുറമ്പോക്ക് കയ്യേറ്റത്തിനെതിരെ പിഴ ഈടാക്കുന്നതിന് തഹസീൽദാർക്ക് അധികാരമുണ്ട്.

(ബി) തഹസീൽദാരുടെ ഇക്കാര്യത്തിലുള്ള നടപടിക്രമത്തിനെതിരെ ഭൂസംരക്ഷണ നിയമം സെക്ഷൻ 16(1) (ബി) പ്രകാരം റവന്യൂ ഡിവിഷണൽ ആഫീസർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(സി) തഹസീൽദാരുടെ നടപടിയിൽ പിഴവ് ഉണ്ടെങ്കിൽ തഹസീൽദാർക്കെതിരെ പോലീസ് കേസ്, പ്രോസിക്യൂഷൻ തുടങ്ങിയ നടപടി സ്വീകരിക്കുന്നതിന് കെ.എൽ.സി. ആക്ടിൽ വ്യവസ്ഥയില്ല. എന്നാൽ കെ.എൽ.സി. നിയമപ്രകാരം, ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥൻ ഉത്തരവാദിത്വ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയാൽ, കേരള ഭൂസംരക്ഷണ നിയമത്തിലെ 2009-ലെ ഭേദഗതി നിയമം വകുപ്പ് 7(c) പ്രകാരം, ടി

ഉദ്യോഗസ്ഥൻ 3 വർഷത്തിൽ കുറയാത്തതും 5 വർഷത്തിൽ കവിയാത്തതുമായ ജയിൽവാസത്തിനും 50,000 രൂപയിൽ കുറയാത്തതും എന്നാൽ 2 ലക്ഷം വരെയാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടാൻ അർഹതയുള്ളതാണ്.

## ആറന്മുള വിമാനത്താവള പദ്ധതിക്കായി സ്വകാര്യ വ്യക്തി വാങ്ങിയ ഭൂമി

263 (4939) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള പദ്ധതിക്കായി സ്വകാര്യ വ്യക്തി വാങ്ങിയ 293 ഏക്കർ ഭൂമി മിച്ചഭൂമിയാണെന്ന് കാണിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ടോ;

(സി) ഈ സ്റ്റേ ഉത്തരവിനെതിരെ കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഈ കേസിൽ ഹൈക്കോടതിയെ സമീപിക്കുവാനുള്ള കാലാവധി അവസാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. കെ. ജെ. എബ്രഹാം S/o. ജോസഫ്, കലമണ്ണിൽ വീട്, കോഴഞ്ചേരി [ചെയർമാൻ, ചാരിറ്റബിൾ എഡ്യൂക്കേഷൻ ആന്റ് വെൽഫയർ സൊസൈറ്റി (രജി. നമ്പർ 373/83) കോഴഞ്ചേരി & ചെയർമാൻ, ചാരിറ്റബിൾ എഡ്യൂക്കേഷണൽ സൊസൈറ്റി നമ്പർ പി. 72/04], എന്നയാളുടെ കൈവശമുണ്ടായിരുന്ന 118.74.65 ഹെക്ടർ ഭൂമി (293.42 ഏക്കർ) 1963-ലെ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 85 പ്രകാരം മിച്ചഭൂമിയായി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് 12-7-2017-ൽ എസ്.എം.1/12/Kzhy നമ്പർ പ്രകാരം കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവായിട്ടുണ്ട്.

(ബി) ശ്രീ. കെ. ജെ. എബ്രഹാം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 474/2017 (ഐ.എ.2111/2017 നമ്പർ സിവിൽ റിവിഷൻ പെറ്റീഷനിൽ 14-8-2017-ൽ പുറപ്പെടുവിച്ച ഉത്തരവിൽ, " There shall be an interim order that the parties shall maintain 'Status Quo' as it existed on today until further orders, in respect of the property involved in the dispute. Call records post after receipt of records" എന്ന് ഉത്തരവായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ കേസ് റിക്കാർഡുകൾ ബഹു. കേരള ഹൈക്കോടതിയിൽ 31-8-2017-ൽ നേരിട്ട് സമർപ്പിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവച്ചിട്ടുള്ളതുമാണെന്ന് കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ അറിയിച്ചിട്ടുണ്ട്.

(സി) സ്റ്റേ നീക്കം ചെയ്യുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതുണ്ടോയെന്നും കേസിന്റെ നിലവിലെ അവസ്ഥയും ആരാഞ്ഞുകൊണ്ട് കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡ് 8-3-2019-ന് അഡ്വക്കേറ്റ് ജനറലിന് കത്തയച്ചിരുന്നു. ബഹു. കേരള ഹൈക്കോടതി ആവശ്യപ്പെട്ട പ്രകാരം കേസ് റിക്കാർഡുകളും താലൂക്ക് ലാൻഡ് ബോർഡ് നേരിട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

(ഡി) 14-8.2017-ലെ ഐ.എ.2111/2017-ൽ സി.ആർ.പി. (എൽ.ആർ) 474/2017 നമ്പർ ഉത്തരവിൽ സമയപരിധി നിഷ്കർഷിച്ചിട്ടില്ല.

## ഹാരിസൺസ് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി

264 (4940) <u>ഡോ. എം. കെ. മുനീർ:</u>

<u>ശ്രീ. പി. കെ. ബഷീർ:</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസ് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കുവാൻ ഹൈക്കോടതിയും സുപ്രീംകോടതിയും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) സിവിൽ കോടതിയിൽ കേസ്സ് നടത്തുന്നതിന് റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും അവരുടെ മുൻഗാമികളും അവരിൽനിന്നും ഭൂമി നേടിയവരും സമാനമായ മറ്റുള്ളവരും കൈവശം വച്ചിരിക്കുന്നതും നിയമംമൂലം കൈമാറ്റം ചെയ്തിട്ടില്ലാത്തതുമായ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി അത്തരം ഭൂമി സ്ഥിതി ചെയ്യുന്ന

അധികാരപരിധിയിൽ വരുന്ന സിവിൽ കോടതിയിൽ സർക്കാരിനുവേണ്ടി കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-2019-ലെ സ.ഉ. (കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

ഹാരിസൺ മലയാളം ലിമിറ്റഡും അവരുടെ മുൻഗാമികളായ മലയാളം പ്ലാന്റേഷനും കൈവശം വച്ചിരിക്കുന്നതും വിൽപ്പന നടത്തിയിട്ടുള്ളതുമായ 76000-ത്തിലധികം ഏക്കർ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച തർക്കം സിവിൽ കോടതിയിൽ സർക്കാർ കേസ് നടത്തി സ്ഥാപിച്ചെടുക്കേണ്ട പശ്ചാത്തലത്തിൽ അത്തരം കേസ്സുകളുടെ ഫലപ്രദമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം എ 1/116/18/റവ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

**ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്ക മണ്ണടിപ്പാലം നിർമ്മാണം**

265 (4941) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട പള്ളിക്ക മണ്ണടിപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് സംബന്ധിച്ച നടപടികളിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ അലൈൻമെന്റ് സ്കെച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയിലുൾപ്പെട്ട ഇരുപത്തിയേഴ് സെന്റ് നിലം ഉപയോഗിക്കുന്നതിന് അനുമതി തേടിയിട്ടുണ്ടോയെന്നും പ്രസ്തുത നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പള്ളിക്ക മണ്ണടിപ്പാലം അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള പഴയ ഭൂമിയേറ്റെടുക്കൽ നടപടികൾ കാലഹരണപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ആദിച്ചനല്ലൂർ വില്ലേജിലെ 0.83 ഹെക്ടർ സ്ഥലവും മീനാട് വില്ലേജിലെ 0.17 ഹെക്ടർ സ്ഥലവും ഉൾപ്പെടെ 1 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള പുതുക്കിയ അർത്ഥന 24-2-2018-ൽ അർത്ഥനാധികാരിയായ കൊല്ലം പൊതുമരാമത്ത് (നിരത്ത്) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളതാണ്.

24-7-2019-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ആയതുപ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കലിന്റെ ഭരണാനുമതി, പുതിയ അലൈൻമെന്റ് സ്കെച്ച്, കേരള തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം, 2008 പ്രകാരം നിലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് എന്നിവ ലഭ്യമാക്കുവാൻ അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) പുതിയ അലൈൻമെന്റ് സ്കെച്ച് അർത്ഥനാധികാരി ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

(സി) മണ്ണടിപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്ത ആദിച്ചനല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 358/2, 360/1, 360/2, 360/3, 360/4, 360/5 എന്നിവയിൽ നിലമായി ഉൾപ്പെട്ട 0.049 ഹെക്ടർ സ്ഥലം നികത്തുന്നതിനുള്ള അനുമതി 4-1-2013-ലെ കൃഷി (എൻ.സി.എ) വകുപ്പിന്റെ സ.ഉ. (എം.എസ്) നമ്പർ 10/2013/കൃഷി നമ്പർ പ്രകാരം ലഭ്യമായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട നിലത്തിലെ വിസ്തീർണ്ണം 0.1133 ഹെക്ടർ ആയതിനാൽ വിസ്തീർണ്ണ വ്യത്യാസം വരുന്ന 0.0623 ഹെക്ടർ ഭൂമിക്ക് നിലം നികത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## ഭൂ പതിവ് ചട്ടങ്ങൾ

266 (4942) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂ പതിവ് ചട്ടങ്ങൾ ഏറ്റവും അവസാനമായി ഭേദഗതി ചെയ്തത് എന്നാണെന്ന് അറിയിക്കുമോ;

(ബി) നിലവിൽ ഭൂ പതിവ് ചട്ടങ്ങളിലെ ഭേദഗതി നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത ഭേദഗതി നിർദ്ദേശം ഏത് വകുപ്പിന്റെ പരിഗണനയിലാണെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2-2-2018- ൽ ജി.ഒ. (പി) നമ്പർ 7/2018/ആർ.ഡി. പ്രകാരം 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലും 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടത്തിലും ചില ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ലാൻഡ് റവന്യൂ ബോർഡ് ജില്ലാതല കമ്മിറ്റികൾ

267 (4943) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് റവന്യൂ ബോർഡിന്റെ ഘടനയും പ്രവർത്തനവും എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ബോർഡുമായി ബന്ധപ്പെട്ട കമ്മിറ്റികൾ എല്ലാ ജില്ലകളിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാതല കമ്മിറ്റിയുടെ രൂപവൽക്കരണത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ജില്ലാതല കമ്മിറ്റികളുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ലാൻഡ് റവന്യൂ ബോർഡ് എന്നൊരു ബോർഡ് നിലവിലില്ല. കേരള ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് വകുപ്പ് 100(1) പ്രകാരം സ്റ്റേറ്റ് ലാൻഡ് ബോർഡ്, 100 (എ) പ്രകാരം താലൂക്ക് ലാൻഡ് ബോർഡുകൾ, 100 (ഡി) പ്രകാരം ലാൻഡ് റിഫോംസ് റിവ്യൂബോർഡ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഒരു ലാൻഡ് ബോർഡും ഒരു ലാൻഡ് റിഫോംസ് റിവ്യൂബോർഡും 75 താലൂക്ക് ലാൻഡ് ബോർഡുകളുമാണ് നിലവിലുള്ളത്.

(സി&ഡി) കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 (3) ൽ പ്രകാരമുള്ള ഒഴിവിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിലവിലെ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദ പരിശോധന നടത്തി അർഹമായ കേസ്സുകൾ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും 3-5-3012-ലെ ജി.ഒ. (ആർ.റ്റി) 2544/2012/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാകളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

## മുന്നാട് ഖാദി യൂണിറ്റിന് റവന്യൂ സ്ഥലം അനുവദിക്കാൻ നടപടി

268 (4944) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പയ്യന്നൂർ ഖാദി സെന്ററിന്റെ കീഴിൽ മുന്നാട് പ്രവർത്തിക്കുന്ന ഖാദി യൂണിറ്റിന് റവന്യൂ സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രപ്പോസലിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രൊപ്പോസൽ നിലവിൽ റവന്യൂ വകുപ്പിന്റെ ഏത് ഓഫീസിലാണ് ഉള്ളതെന്നും തുടർനടപടി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ പയ്യന്നൂർ ഖാദി സെന്ററിന്റെ കീഴിൽ മുന്നാട് പ്രവർത്തിക്കുന്ന ഖാദി യൂണിറ്റിന് റവന്യൂ ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിച്ച പ്രൊപ്പോസൽ 12-11-2019-ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് 250/L4/19/റവ നമ്പർ ഫയലിൽ പരിശോധിച്ച് ഭൂമി പാട്ടത്തിന് നൽകുന്നതിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

## തൃക്കാക്കര മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമി

269 (4945) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കാക്കര നിയോജകമണ്ഡലത്തിൽ പുറമ്പോക്ക് ഭൂമി എവിടെയെല്ലാമാണുള്ളതെന്നും ഓരോന്നിന്റെയും വിസ്തീർണ്ണം എത്രയെന്നും സർവ്വേ നമ്പർ സഹിതം അറിയിക്കാമോ?

ഉത്തരം

തൃക്കാക്കര നിയോജകമണ്ഡലത്തിൽ പുറമ്പോക്ക് ഭൂമി എവിടെയെല്ലാമാണുള്ളതെന്നും ഓരോന്നിന്റെയും വിസ്തീർണ്ണം എത്രയെന്നും സർവ്വേ നമ്പർ സഹിതം അനുബന്ധമായി ചേർത്തിട്ടുണ്ട്.* എറണാകുളം വില്ലേജിൽ തൃക്കാക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ (3 ബൂത്തുകൾ) സർക്കാർ പുറമ്പോക്ക് ഭൂമി ഇല്ല.

## ഇരിങ്ങാലക്കുട ലാൻഡ് ട്രൈബ്യൂണലിന്റെ പ്രവർത്തന പരിധി

270 (4946) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ വേണ്ടി ഇരിങ്ങാലക്കുടയിൽ അനുവദിച്ച ലാൻഡ് ട്രൈബ്യൂണലിന്റെ പ്രവർത്തനപരിധിയിൽ മുകുന്ദപുരം താലൂക്ക് ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇരിങ്ങാലക്കുട മണ്ഡലത്തിലെ കൂടുതൽ പ്രദേശങ്ങളും ഉൾപ്പെടുന്ന മുകുന്ദപുരം താലൂക്ക് പ്രസ്തുത ലാൻഡ് ട്രൈബ്യൂണലിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉൾപ്പെടുത്തിയിട്ടില്ല. ചാലക്കുടി, കൊടുങ്ങല്ലൂർ താലൂക്കുകളെയാണ് ഇരിങ്ങാലക്കുടയിൽ അനുവദിച്ച ലാൻഡ് ട്രൈബ്യൂണലിന്റെ അധികാര പരിധിയായി വിജ്ഞാപനം ചെയ്തിട്ടുള്ളത്.

(ബി) ലാൻഡ് ട്രൈബ്യൂണലുകൾ സ്ഥാപിച്ചിരിക്കുന്നത് മണ്ഡലാടിസ്ഥാനത്തിലല്ല. ഇപ്പോൾ മുകുന്ദപുരം താലൂക്ക് തൃശ്ശൂർ ലാൻഡ് ട്രൈബ്യൂണലിന്റെ പരിധിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ താലൂക്കിലും തീർപ്പാക്കാൻ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കൂടി പരിഗണിച്ചാണ് ലാൻഡ് ട്രൈബ്യൂണലിന്റെ അധികാരപരിധി നിശ്ചയിച്ചത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ചല്ല. മുകുന്ദപുരം താലൂക്കിലെ ജനങ്ങൾക്ക് തൃശ്ശൂർ ലാൻഡ് ട്രൈബ്യൂണലിൽ വരുന്നതിന്റെ യാത്രാദൂരം പരിഗണിച്ച് അനിവാര്യമാണെന്ന് കാണുന്നപക്ഷം മുകുന്ദപുരം താലൂക്ക് ആസ്ഥാനമാക്കി സ്പെഷ്യൽ സിറ്റിംഗുകൾ നടത്താവുന്നതാണ്.

## സംസ്ഥാനത്തെ ലാന്റ് ട്രിബ്യൂണലുകൾ

271 (4947) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാൻഡ് ട്രിബ്യൂണൽ വഴി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ട്രിബ്യൂണലിന് മുമ്പാകെ ഈ സർക്കാർ നിലവിൽ വരുമ്പോൾ എത്ര ഫയലുകളുണ്ടായിരുന്നുവെന്നും ഈ സർക്കാർ കാലയളവിൽ ആരംഭിച്ചവ എത്രയെന്നും, ആയതിൽ എത്ര ഫയലുകളിന്മേൽ തീർപ്പ്കല്പിക്കുകയുണ്ടായി എന്നും ആയതു വഴി എത്ര പേർക്ക് പട്ടയങ്ങൾ/ക്രയസർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനത്ത് എത്ര ലാൻഡ് ട്രിബ്യൂണലുകൾ ഉണ്ടായിരുന്നുവെന്നും ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ എത്ര ലാൻഡ് ട്രിബ്യൂണലുകൾ പുതുതായി പ്രവർത്തനം തുടങ്ങിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1963-ലെ കേരള ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്ന പ്രവർത്തനങ്ങളാണ് ലാന്റ് ട്രിബ്യൂണലുകൾ നടത്തുന്നത്. 1-4-1964-ന് മുമ്പ് ജന്മി കുടിയാൻ ബന്ധത്തിൽ ഭൂമി കൈവശം വച്ച് കൃഷി ചെയ്ത് വന്നിരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ തുടങ്ങിയവർക്ക് നിയമാനുസൃത അർഹത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന പ്രവർത്തനമാണ് ലാന്റ് ട്രിബ്യൂണലുകളിൽ പ്രധാനമായും നടന്നുവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തീർപ്പാക്കാൻ ഉണ്ടായിരുന്ന ലാന്റ് ട്രിബ്യൂണൽ കേസ്സുകൾ-200541.

ഈ സർക്കാർ കാലയളവിൽ ലഭിച്ച പുതിയ അപേക്ഷകൾ-55285.

ആകെ തീർപ്പാക്കാൻ ഉണ്ടായിരുന്നത് - 255826.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീർപ്പാക്കിയ ലാൻഡ് ട്രിബ്യൂണൽ കേസ്സുകൾ - 130504.

തീർപ്പാക്കാനായി ബാക്കിയുള്ള ഫയലുകൾ - 125322.

(സി) ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ സംസ്ഥാനത്ത് 17 ലാന്റ് ട്രിബ്യൂണലുകളും 16 ദേവസ്വം ലാന്റ് ട്രിബ്യൂണലുകളും ഉണ്ടായിരുന്നു. കൂടാതെ ഏറ്റവും കൂടുതൽ കേസ്സുകൾ തീർപ്പാക്കാനുണ്ടായിരുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ മറ്റ് ജോലികളിലേർപ്പെട്ടിരുന്ന 31 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകിയിരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാന്റ് ട്രിബ്യൂണലിലെ കേസ്സുകൾ തീർപ്പാക്കാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. അതിന്റെ ഫലമായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ കേസ്സുകൾ ഏറെക്കുറെ പൂർണ്ണമായി തീർപ്പാക്കുകയുണ്ടായി. ഈ ജില്ലകളിലെ 6 ലാന്റ് ട്രിബ്യൂണലുകളെ കൂടുതൽ കേസ്സുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലേയ്ക്ക് വിന്യസിച്ച് 6 പുതിയ ലാന്റ് ട്രിബ്യൂണലുകൾ ആരംഭിച്ചിട്ടുണ്ട്. 31 സ്പെഷ്യൽ ഓഫീസർമാർക്ക് അധിക ചുമതല നൽകിയിരുന്നതിനാൽ ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കൽ ജോലി നിർവ്വഹിക്കാനുണ്ടായിരുന്ന 16 ഓഫീസുകളെ ലാന്റ്

ട്രിബ്യൂണലിന്റെ അധിക ചുമതലയിൽനിന്ന് ഒഴിവാക്കി. ബാക്കിയുള്ള 15 ഓഫീസുകൾ ഈയിനത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ അട്ടപ്പാടിയിലെ ആദിവാസികളുടെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു സ്പെഷ്യൽ ലാന്റ് ട്രിബ്യൂണൽ പുതുതായി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും എൽ.റ്റി. കേസ് തീർപ്പാക്കുന്നതിന്റെ അധിക ചുമതല നൽകുകയുണ്ടായി. ഈയിനത്തിൽ 34 ലാന്റ് ട്രിബ്യൂണൽ പുതുതായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ലാന്റ് ട്രിബ്യൂണലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ:

1. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാന്റ് ട്രിബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ)-ക്ക് ലാന്റ് ട്രിബ്യൂണലുകളുടെ ചുമതല നൽകി ലാന്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാന്റ് ട്രിബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസർമാരായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

3.ലാന്റ് ട്രിബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം ചെയ്യുകയുണ്ടായി.

4.ലാന്റ് ട്രിബ്യൂണലിലെ ജീവനക്കാർക്ക് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

5.ജന്മിമാർ നോട്ടീസ് കൈപ്പറ്റാത്ത കേസ്സുകളിൽ പബ്ലിക് നോട്ടീസ് പ്രദർശിപ്പിച്ച് നടപടി തുടരാനും ജന്മിമാർ contest ചെയ്യാത്ത കേസ്സുകളിൽ എക്സ് പാർട്ടി ആയി വിധി പ്രസ്താവിക്കാനും നിലവിൽ കഴിയുന്നുണ്ട്.

6. കേരളത്തിലുണ്ടായിരുന്ന 300-ഓളം ലാന്റ് ട്രിബ്യൂണലുകളിലെ കേസ് റിക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചിട്ടുണ്ട്.

7. ജില്ലകളിൽ ഒന്നാംഘട്ട ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയായാൽ ജനങ്ങൾക്ക് ലാന്റ് ട്രിബ്യൂണൽ പട്ടയ പകർപ്പുകൾ വെബ്സൈറ്റിലൂടെ ലഭ്യമാകും.

8. കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സ്റ്റേറ്റ് ലാന്റ് ബോർഡ് നടത്തിവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെപ്പറയുന്ന ലാന്റ് ട്രിബ്യൂണലുകൾ സ്ഥാപിച്ചിട്ടുണ്ട്.

പുതുതായി രൂപീകരിച്ചത് - 6 എണ്ണം.

അട്ടപ്പാടിക്ക് വേണ്ടി മാത്രം ചുമതല നൽകിയത് - 1 എണ്ണം.

താലൂക്ക് തഹസിൽദാർമാർക്ക് ലാന്റ് ട്രിബ്യൂണലിന്റെ ചുമതല നൽകിയത് - 34 എണ്ണം.

സ്പെഷ്യൽ തഹസിൽദാർമാർക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയത് - 15 എണ്ണം.

ആകെ ട്രിബ്യൂണലുകൾ - 56 എണ്ണം.

**കൽപ്പറ്റ മണ്ഡലത്തിൽ വിതരണം ചെയ്ത പ്രളയ ധനസഹായം**

272 (4948) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ പതിനായിരം രൂപ വീതം ധനസഹായം നൽകുന്നതിന് എത്ര ആളുകളെ കണ്ടെത്തിയിട്ടുണ്ട്; ഇതിൽ ക്യാമ്പുകളിൽ കഴിഞ്ഞവർ എത്ര; ബന്ധുവീടുകളിൽ കഴിഞ്ഞവർ എത്ര; മറ്റ് അർഹതപ്പെട്ടവർ എത്ര; വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ കണ്ടെത്തിയവരിൽ എത്ര ആളുകൾക്ക് ഇതുവരെ ധനസഹായം വിതരണം ചെയ്തു; ഇനി എത്ര ആളുകൾക്ക് ധനസഹായം വിതരണം ചെയ്യാനുണ്ട്;

(സി) ധനസഹായം യഥാസമയം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് കാരണമെന്താണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രളയ ധനസഹായം വിതരണം ചെയ്യുന്നവരുടെ പട്ടിക മണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച ദുരിതാശ്വാസ ധനസഹായം

273 (4949) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ലെ പ്രളയത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ വീടുകളിൽ വെള്ളം കയറി എത്ര പേർക്ക് നാശനഷ്ടവും ദുരിതവും ഉണ്ടായിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് ദുരിതാശ്വാസ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) 2019-ലെ പ്രളയത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ 229 വീടുകളിൽ വെള്ളം കയറി.

(ബി) ആലത്തൂർ താലൂക്കിൽ 11-11-2019 വരെ 692 കുടുംബങ്ങൾക്ക് 10,000 രൂപ വീതം അടിയന്തിര ധനസഹായം നൽകിയിട്ടുണ്ട്.

## റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം

274 (4950) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പ്രളയത്തിലും കാലവർഷത്തിലും തകർന്ന റോഡുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനാവശ്യമായ തുക ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത തുക ഈ പ്രവൃത്തികൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. 2019-ൽ കാലവർഷക്കെടുതികളിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വിവിധ ജില്ലകളിലായി 91,74,44,000 രൂപയുടെ (തൊണ്ണൂറ്റൊന്നുകോടി എഴുപത്തിനാല് ലക്ഷത്തി നാൽപ്പത്തിനാലായിരം രൂപ മാത്രം) ഭരണാനുമതി

നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഇപ്രകാരം 971.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) പ്രളയക്കെടുതികളിൽ തകർന്ന റോഡുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ കളക്ടർ ശിപാർശ സമർപ്പിച്ചിട്ടില്ല.

**പ്രളയക്കെടുതിയിൽ തകർന്ന വീടുകൾ**

275 (4951) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 ആഗസ്റ്റിലുണ്ടായ പ്രളയക്കെടുതിയിൽ എത്ര വീടുകൾ പൂർണ്ണമായി തകർന്നു എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര വീടുകൾ പുനർനിർമ്മിച്ചു എന്നതിന്റെ ജില്ലതിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇതിനായി സർക്കാർ അനുവദിച്ച തുക എത്രയാണ് എന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ-സി)

| ജില്ല | പൂർണ്ണമായും തകർന്ന വീടുകളുടെ എണ്ണം | പുനർനിർമ്മിച്ച വീടുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 320 | 214 | 89275400 |
| കൊല്ലം | 202 | 116 | 48767350 |
| പത്തനംതിട്ട | 696 | 387 | 159496850 |
| ആലപ്പുഴ | 4034 | 986 | 662748800 |
| കോട്ടയം | 1162 | 386 | 154400000 |
| ഇടുക്കി | 1852 | 1063 | 644672643 |
| എറണാകുളം | 2406 | 1768 | 694376150 |
| തൃശ്ശൂർ | 3919 | 1888 | 2964672600 |
| പാലക്കാട് | 1846 | 1250 | 1205348800 |

| (1) | (2) | (3) | (4) |
|---|---|---|---|
| മലപ്പുറം | 491 | 309 | 170882050 |
| കോഴിക്കോട് | 256 | 115 | 45250000 |
| വയനാട് | 1127 | 213 | 250493099 |
| കണ്ണൂർ | 173 | 83 | 124640934 |
| കാസർഗോഡ് | 43 | 29 | 20798700 |

## ലാന്റ് അസസ്മെന്റ് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളുടെ ഭൗതിക സാഹചര്യം

276 (4952) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് അസൈൻമെന്റ് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾക്ക് സ്വന്തമായി വാഹനം, കമ്പ്യൂട്ടർ, ഫോട്ടോകോപ്പി മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള ലാന്റ് അസസ്മെന്റ് ഓഫീസുകളിലൊന്നുംതന്നെ ഔദ്യോഗിക വാഹനം നിലവിലില്ലാത്തതാണ്.

കണ്ണൂർ, ഇടുക്കി ജില്ലകളിലെ ലാന്റ് അസസ്മെന്റ് ഓഫീസുകളിൽ കംപ്യൂട്ടർ, ഫോട്ടോകോപ്പി മെഷീൻ എന്നിവ നിലവിലുണ്ട്. എന്നാൽ തൃശ്ശൂർ ജില്ലയിലെ ഓഫീസിൽ ഒരു കംപ്യൂട്ടർ മാത്രമേ നിലവിലുള്ളൂ.

(ബി) ഓഫീസ് പ്രവർത്തനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്.

## കൊല്ലം ക്രൗതർ മസോണിക് ഹാൾ

277 (4953) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്കിൽ എസ്.പി. ഓഫീസിന് സമീപം സ്ഥിതിചെയ്യുന്ന ക്രൗതർ മസോണിക് ഹാൾ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലാണോ; ഉടമസ്ഥത സംബന്ധിച്ച് തർക്കങ്ങളോ സിവിൽ വ്യവഹാരങ്ങളോ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 149-ൽ റീസർവ്വേ നമ്പർ 18-ൽപ്പെട്ട 38.26 ആർസ് സർക്കാർ പുറമ്പോക്ക് സ്ഥലത്താണ് ക്രൗതർ മസോണിക് ഹാൾ നിലനിൽക്കുന്നത്. ഫ്രീമേസൺസ് ലോഡ്ജ് സൊസൈറ്റിക്ക് കുത്തകപ്പാട്ടം നൽകിയ സ്ഥലം വ്യവസ്ഥ ലംഘിച്ചതിനെത്തുടർന്നും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ലീസായി പുതുക്കാൻ തയ്യാറാകാത്തതിനാലും പാട്ടം റദ്ദ് ചെയ്ത് സ്ഥലം സർക്കാർ കസ്റ്റഡിയിൽ ഏറ്റെടുക്കുന്നതിന് ജി.ഒ. (എം.എസ്) 257/10/ആർ.ഡി. തീയതി 29-6-10 പ്രകാരം സർക്കാർ ഉത്തവായിരുന്നതാണ്. ടി സ്ഥലം കോടതി സമുച്ചയ നിർമ്മാണത്തിന് അനുവദിച്ച് ജി.ഒ. (എം.എസ്) 105/11/ആർ.ഡി. തീയതി 26-2-11 പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കൊല്ലം സബ് കോടതിയിലെ സിവിൽ കേസ് ഒ.എസ്. 813/09 നമ്പർ കേസ്സിലേയും ബഹു. ഹേക്കോടതിയിലെ ഡബ്ല്യു.പി.സി. 5379/16 നമ്പർ കേസ്സിലേയും സ്റ്റേ ഉത്തരവുകൾ കാരണം സ്ഥലം സർക്കാർ കസ്റ്റഡിയിൽ ഏറ്റെടുക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ സിവിൽ കേസ് ഒ.എസ്. 813/09 നമ്പർ കേസ് തള്ളി തീർപ്പാക്കി 28-2-2019-ൽ കോടതി ഉത്തരവായിട്ടുണ്ട്. തുടർന്ന് സർക്കാർ സ്ഥലമെന്ന് വ്യക്തമാക്കി ടി സ്ഥലത്ത് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഡബ്ല്യു.പി.സി. 5379/16 നമ്പർ കേസ്സിലെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടില്ല. ഒ.എസ്. 813/09 നമ്പർ സിവിൽ കേസ് തള്ളിയതിനെതിരെ പാട്ടകക്ഷി ബഹു. ഹൈക്കോടതിയിൽ ഒ.പി. (സിവിൽ) 1213/19 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്.

## കണ്ണൂർ ജില്ലയിലെ വില്ലേജ് ഓഫീസുകളുടെ വിഭജനം

278 (4954) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂവിസ്തൃതിയും ജനസംഖ്യയും കൂടുതലുള്ള വില്ലേജ് ഓഫീസുകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ കണ്ണൂർ ജില്ലയിൽ ഏതെല്ലാം വില്ലേജുകൾ വിഭജിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ

തുടർന്നുവന്നിരുന്നു. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജിലെ വലിയ ജനസംഖ്യയും വിസ്തൃതിയും ജനങ്ങളുടെ ബുദ്ധിമുട്ടും കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ചെറുവത്തൂർ വില്ലേജ് വിഭജിച്ച് തുരുത്തി എന്ന ഒരു പുതിയ വില്ലേജ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി&സി) കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് വില്ലേജ് വിഭജനം സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

## വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം

279 (4955) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഓരോ പ്രവൃത്തിയും ഏതൊക്കെയാണെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിയിട്ടുള്ള പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി

280 (4956) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ എത്ര വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(സി) അവശേഷിക്കുന്ന വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇരിക്കൂർ നിയമസഭാ മണ്ഡലത്തിൽപ്പെട്ട ഉദയഗിരി, ന്യൂ നടുവിൽ, ചെങ്ങളായി എന്നീ 3 വില്ലേജ് ഓഫീസുകൾക്കാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

(ബി) ഉദയഗിരി, ന്യൂ നടുവിൽ എന്നീ വില്ലേജോഫീസുകളുടെ പണികൾ പൂർത്തിയായിട്ടുള്ളതാണ്. ചെങ്ങളായി വില്ലേജോഫീസിന്റെ പണി എഗ്രിമെന്റ് ഘട്ടത്തിലാണ്. നവംബർ 15-നകം പ്രസ്തുത വില്ലോജോഫീസ് നിർമ്മാണം ആരംഭിക്കുന്നതാണ്.

(സി) പരിശോധിക്കാവുന്നതാണ്.

**വിളപ്പിൽ സ്മാർട്ട് വില്ലേജ് ഓഫീസ്**

281 (4957) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന്റെ നിർമ്മാണ ചുമതല ആർക്കാണെന്നും ഇതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2019-20 പ്ലാൻ സ്കീം പ്രകാരം വളപ്പിൽ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസായി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസിയെ തീരുമാനിച്ച് എസ്റ്റിമേറ്റ് ലഭ്യമാക്കി കരാറിലേർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ ജില്ലാ കളക്ടർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകുകയും ആദ്യഗഡുവായി 8,80,000 രൂപ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. ഗവൺമെന്റ് അംഗീകൃത നിർമ്മാണ ഏജൻസിയായ 'കെൽ' മുഖാന്തരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ നിർമ്മാണ ഏജൻസിയുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും അടിയന്തിരമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വില്ലേജോഫീസുകളുടെ നവീകരണം

282 (4958) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജോഫീസുകളുടെ നവീകരണത്തിന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ; ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വില്ലേജാഫീസുകളുടെ നവീകരണത്തിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

| ക്രമ നമ്പർ | വില്ലേജിന്റെ പേര് | നിർമ്മാണ പ്രവർത്തനം | തുക |
|---|---|---|---|
| 1 | കരുപ്പൂര് | വില്ലേജ് ഓഫീസ് നിർമ്മാണം | 39,62,293 |
| 2 | വെമ്പായം | അറ്റകുറ്റപ്പണി | 5,00,000 |
| 3 | വെമ്പായം | ചുറ്റുമതിൽ നിർമ്മാണം | 2,85,515 |
| 4 | മാണിക്കൽ | ചുറ്റുമതിൽ നിർമ്മാണം | 1,81,478 |
| 5 | മാണിക്കൽ | അഡീഷണൽ റൂം നിർമ്മാണം | 6,30,000 |
| 6 | വിതുര | വില്ലേജ് ഓഫീസ് നിർമ്മാണം | 44,00,000 |
| 7 | കോലിയക്കോട് | അറ്റകുറ്റപ്പണി | 5,00,000 |
| 8 | കോലിയക്കോട് | അഡീഷണൽ റൂം നിർമ്മാണം | 10,00,000 |
| 9 | നെടുമങ്ങാട് | ചുറ്റുമതിൽ നിർമ്മാണം | 5,00,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വെമ്പായം, മാണിക്കൽ എന്നീ വില്ലേജ് ഓഫിസുകളിലെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. കരുപ്പൂര് വില്ലേജ് ഓഫീസ് നിർമ്മാണം ഫണ്ട് ലഭിക്കുന്നതിനുണ്ടായ കാലതാമസം കാരണം പൂർത്തിയായിട്ടില്ല. 2019-20 പ്ലാൻ സ്കീമിൽ ഉൾപ്പെട്ട വിതുര, കോലിയക്കോട്, നെടുമങ്ങാട് എന്നീ വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## റവന്യൂ വകുപ്പ് ജീവനക്കാരുടെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ്

283 (4959) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ഫീൽഡ് ജോലികൾ കൂടുതലുള്ള വില്ലേജ് ഓഫീസുകളിലെയും താലൂക്ക് ഓഫീസുകളിലെയും ജീവനക്കാർക്ക് ജോലി ഭാരം കൂടുതലായതിനാൽ പ്രമോഷൻ ടെസ്റ്റുകൾക്ക് തയ്യാറാകുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതു പരിഗണിച്ച് റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിന് സാവകാശം അനുവദിച്ചു നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(സി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരീക്ഷകൾക്ക് സർക്കാർ അംഗീകരിച്ചു നൽകിയിട്ടുള്ള മാനദണ്ഡപ്രകാരമുള്ള പുസ്തകങ്ങൾ ലഭ്യമല്ലാത്തതു കാരണം ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പുസ്തകങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) യഥാസമയം ടെസ്റ്റുകൾ പാസ്സാകാത്തവർക്ക് ടെസ്റ്റ് പാസ്സായശേഷവും പ്രമോഷൻ നൽകേണ്ടതില്ല എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അത് പിൻവലിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) സി.ആർ.പി.സി.,ഐ.പി.സി.,ഐ.ഇ.എ. തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി നടത്തുന്ന ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ എല്ലാ വർഷവും നടത്തുന്നില്ല എന്ന ആക്ഷേപം റവന്യൂ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) എൽ.എൽ.ബി. ബിരുദം നേടിയ റവന്യൂ വകുപ്പിലെ ജീവനക്കാരെ പ്രൊമോഷന് വേണ്ടി പരിഗണിക്കുമ്പോൾ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റിൽ പാസ്സാകണമെന്നത് ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കാമോ;

(ജി) എൽഎൽ.ബി. യുടെ സിലബസിലില്ലാത്ത മെഡിക്കൽ ജ്യൂറിസ് പ്രൂഡൻസ്, ടോക്സിക്കോളജി എന്നീ പരീക്ഷകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് മാത്രം നിർബന്ധമാക്കിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ആയത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിലെ ഫീൽഡ് ജോലികൾ കൂടുതലുള്ള വില്ലേജ്, താലൂക്ക് ഓഫീസുകളിലെ ജീവനക്കാർക്ക് ജോലി ഭാരം കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതുകാരണം പ്രൊമോഷൻ ടെസ്റ്റുകൾക്ക് തയ്യാറാകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ അപ്രകാരമൊരു പരിശോധന നടത്തേണ്ടി വന്നിട്ടില്ല.

(ബി) റവന്യൂ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂളുകളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി ജീവനക്കാർക്ക് ലഭിക്കുന്നുണ്ട്. കൂടുതൽ സാവകാശം അനുവദിച്ച് നൽകുന്നതിന് നിലവിലെ നിയമപ്രകാരം സാധിക്കുന്നതല്ല.

(സി) ലാന്റ് റവന്യൂ മാന്വൽ വാല്യം VI മാത്രമാണ് ലാന്റ് റവന്യൂ കമ്മീഷണർ പ്രസിദ്ധീകരിക്കുന്നത്. പരീക്ഷകൾക്കാവശ്യമായ മറ്റ് പുസ്തകങ്ങൾ റവന്യൂ വകുപ്പ് പ്രസിദ്ധീരിക്കുന്നില്ല. മറിച്ച് ഗവൺമെന്റ് പ്രസ് മുഖേനയും അംഗീകൃത സ്വകാര്യ പ്രസാധകർ മുഖേനയും വിപണനം ചെയ്യുന്നവയാണ്. ലാന്റ് റവന്യൂ മാന്വലിൽ വാല്യം VI കമ്മീഷണറേറ്റ്, കളക്ടറേറ്റ് തുടങ്ങിയ ഓഫീസുകൾ മുഖേന വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഒഴിവുണ്ടാകുന്ന ദിവസം യോഗ്യത നേടിയ സീനിയറായ ഉദ്യോഗസ്ഥന് നിയമപ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചുവരുന്നുണ്ട്.

(ഇ) ക്രിമിനൽ ജുഡീഷ്യൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് സ്വീകരിക്കുന്നത്. ആയതിനാൽ ഇക്കാര്യം റവന്യൂ വകുപ്പ് പരിശോധിച്ചിട്ടില്ല.

(എഫ്) കേരള റവന്യൂ സർവ്വീസ് സ്പെഷ്യൽ റൂൾ, 1980-ലെ ചട്ടം 6(a) പ്രകാരം അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ലഭിച്ച നിയമബിരുദം അല്ലെങ്കിൽ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് വിജയിച്ചിരിക്കണമെന്നത്

യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നതിനാലാണ് എൽ.എൽ.ബി. ബിരുദം നേടിയ റവന്യൂ വകുപ്പിലെ ജീവനക്കാരെ പ്രൊമോഷനുവേണ്ടി പരിഗണിക്കുമ്പോൾ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പാസ്സാകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ജി) റവന്യൂ വകുപ്പിലെ തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥർ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ പദവി കൂടി വഹിക്കുന്നവരാകയാൽ അസ്വാഭാവിക മരണങ്ങൾ, കസ്റ്റഡി മരണങ്ങൾ എന്നിവയിലെല്ലാം ഇൻക്വസ്റ്റ് തയ്യാറാക്കുന്നത് ടി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിലും ചുമതലയിലുമാകയാൽ മെഡിക്കൽ ജൂറിസ്പ്രൂഡൻസ് പരീക്ഷ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് ആവശ്യമാണ്. ക്രിമിനൽ, ജുഡീഷ്യൽ ടെസ്റ്റിൽ ടി പരീക്ഷ ഒഴിവാക്കുന്നത് അഭികാമ്യമല്ല.

## വില്ലേജ് ഓഫീസർ തസ്തികയും ഉത്തരവാദിത്വങ്ങളും

284 (4960) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസർ തസ്തിക പ്രത്യേക തസ്തികയാക്കി ഉയർത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലിവൽ എത്ര വില്ലേജ് ഓഫീസർമാർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) വില്ലേജ് ഓഫീസർമാരുടെ ജോലികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) വില്ലേജ് ഓഫീസർമാരുടെ ജോലിഭാരം കുറയ്ക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിൽ എച്ച്.സി./ആർ.ഐ./വി.ഒ. തസ്തികകൾ ഒരേ ശമ്പള സ്കെയിലിലും ഒരേ സീനിയോറിറ്റി പട്ടിക പ്രകാരമുള്ളതും പരസ്പരം മാറാവുന്നതുമായ തസ്തികകളായിരുന്നു. പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ വില്ലേജ് ആഫീസർമാർക്ക് 29200-62400 എന്ന സ്കെയിലിലും എച്ച്.സി. /ആർ.ഐ. തസ്തികയ്ക്ക് 27800-59400 എന്ന സ്കെയിലിലും അനുവദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ തസ്തികയുടെ പദവിയും ആനുകൂല്യങ്ങളും ഉയർത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) സംസ്ഥാനത്ത് ആകെ 1553 വില്ലേജ്ആഫീസർ തസ്തികകളാണുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.:

| ക്രമ നമ്പർ | ജില്ല | വില്ലേജ് ആഫീസർമാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 121 വില്ലേജ് ആഫീസർമാർ (3 ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ) |
| 2 | കൊല്ലം | 108 |
| 3 | പത്തനംതിട്ട | 70 |
| 4 | ആലപ്പുഴ | 99 |
| 5 | കോട്ടയം | 100 |
| 6 | ഇടുക്കി | 68 |
| 7 | എറണാകുളം | 127 |
| 8 | തൃശ്ശൂർ | 183 വില്ലേജ് ആഫീസർമാർ (59 ഗ്രൂപ്പ് വില്ലേജ് ആഫീസുകൾ ഉൾപ്പെടെ) |
| 9 | പാലക്കാട് | 157 |
| 10 | മലപ്പുറം | 138 |
| 11 | കോഴിക്കോട് | 118 |
| 12 | വയനാട് | 49 |
| 13 | കണ്ണൂർ | 132 |
| 14 | കാസർഗോഡ് | 83 വില്ലേജ് ആഫീസർമാർ (29 ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ) |

(സി) 1. ഭൂമിയിന്മേൽ ചുമത്തപ്പെട്ട നികുതികളായ അടിസ്ഥാന ഭൂനികുതി, ആഡംബര നികുതി, കെട്ടിട നികുതി തുടങ്ങി ലാൻഡ് റവന്യൂ വകുപ്പ് ചുമത്തുന്ന എല്ലാവിധ നികുതികളും കരങ്ങളും വരികളും സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കേണ്ടതായ മറ്റ് തുകകളും യഥാസമയം പിരിക്കുക.

2.തഹസിൽദാരുടെ നിർദ്ദേശാനുസരണം റവന്യൂ റിക്കവറി നിയമമനുസരിച്ച് വസൂലാക്കേണ്ടതായ കുടിശ്ശികകളും മറ്റ് തുകകളും നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഈടാക്കുക.

3. ജപ്തി ചെയ്ത ജംഗമങ്ങൾ, വിൽക്കുന്നതുവരെ നാശനഷ്ടങ്ങളില്ലാതെ സൂക്ഷിക്കുകയും ജപ്തി ചെയ്ത വകയിലോ അല്ലാതെയോ മേലാദായമെടുക്കുന്നതും അല്ലാത്തതുമായ സ്ഥാവര വസ്തുക്കൾ കാര്യക്ഷമമായി സംരക്ഷിക്കുകയും ചെയ്യുക.

4. നികുതിദായകരിൽനിന്നും കുടിശ്ശികക്കാരിൽനിന്നും പിരിച്ചെടുക്കുന്ന തുകകൾ നടപടിക്രമങ്ങൾ പാലിച്ച് യഥാസമയം സർക്കാർ ഖജനാവിൽ അടയ്ക്കുക.

5. സർക്കാർ വക ഭൂമികളിൽ അനധികൃത പ്രവേശനം ഉണ്ടാകാതെ സൂക്ഷിക്കുകയും കയ്യേറ്റമുണ്ടായാൽ വിവരം യഥാസമയം ബന്ധപ്പെട്ട അധികാരിക്ക് റിപ്പോർട്ട് ചെയ്ത് അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കയ്യേറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

6. ഭൂസംരക്ഷണം, ഭൂമി പതിവ്, ഭൂമി ഏറ്റെടുക്കൽ, ഭൂമി വിട്ടൊഴിയൽ, ജമമാറ്റം (പോക്കുവരവ്), അന്യം നിൽപ്പ്, റവന്യൂ റിക്കവറി, ഭൂവിനിയോഗം, നെൽവയൽ തണ്ണീർത്തട സംരക്ഷണം എന്നീ റവന്യൂ കേസ്സുകളിൽ സ്ഥല പരിശോധനകളും അന്വേഷണങ്ങളും നടത്തി സ്കെച്ചും മഹസ്സറും തയ്യാറാക്കി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുക.

7. വില്ലേജ് അതിർത്തിയിലെയും സർക്കാർ ഭൂമികളിലെയും സർവ്വേ അതിരടയാളങ്ങൾ സംരക്ഷിക്കുകയും ഭൂമിയെ സംബന്ധിച്ചുള്ള എല്ലാ റിക്കാർഡുകളും കൃത്യമായി സൂക്ഷിക്കുകയുംചെയ്യുക.

8. സ്പെഷ്യൽ വില്ലേജ് ആഫീസർ/വില്ലേജ് അസിസ്റ്റന്റ് തയ്യാറാക്കുന്ന പ്രതിമാസ മുതൽ-പിരിവ്-ബാക്കി പത്രികകൾ ബന്ധപ്പെട്ട നാൾവഴി, രസീത് ബുക്കുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവയുമായി വേണ്ടുംവിധം ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി യഥാസമയം താലൂക്ക് ആഫീസിൽ എത്തിക്കുക.

9. മേലുദ്യോഗസ്ഥർക്ക് സമർപ്പിക്കേണ്ട എല്ലാ റിപ്പോർട്ടുകളും ആനുകാലികങ്ങളും കൃത്യസമയത്തയയ്ക്കുക.

10. സ്പെഷ്യൽ വില്ലേജ് ഓഫീസർ/വില്ലേജ് അസിസ്റ്റന്റ്/വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തയ്യാറാക്കുന്ന എല്ലാ അക്കൗണ്ടുകളും രജിസ്റ്ററുകളും യഥാസമയം പരിശോധിക്കുകയും ആണ്ടുതോറും ജമാബന്തിക്ക് മുമ്പായി വാർഷിക ലാന്റ് റവന്യൂ അക്കൗണ്ട് (തവണ മുടക്കം) എഴുതി പൂർത്തിയാക്കി ബന്ധപ്പെട്ട രജിസ്റ്ററുകളും അക്കൗണ്ടുകളുമായി ഒത്തുനോക്കി പരിശോധനയ്ക്കായി മേയ് മാസം 15-ാം തീയതിക്ക് മുമ്പായി തയ്യാറാക്കി വയ്ക്കുകയും ചെയ്യുക.

11. വില്ലേജ് ഭരണത്തിന് ലഭ്യമാക്കിയിട്ടുള്ള എല്ലാവിധ അക്കൗണ്ടുകളുടെയും രജിസ്റ്ററുകളുടെയും ലഡ്ജറുകളുടെയും രേഖകളുടെയും സ്കെച്ചുകളുടെയും മാപ്പുകളുടെയും ഫർണ്ണിച്ചറുകളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും മറ്റ് ഉപകരണങ്ങളുടെയും കസ്റ്റോഡിയൻ എന്ന നിലയിൽ അവയെല്ലാം ശരിയായും ഭംഗിയായും സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക.

12. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കുക.

13. റവന്യൂ വകുപ്പിൽനിന്നും അനുവദിക്കേണ്ടതായ വിവിധ സാക്ഷ്യപത്രങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി തങ്ങളെ അധികാരപ്പെടുത്തിയിട്ടുള്ള സാക്ഷ്യപത്രങ്ങൾ യഥാസമയം അനുവദിക്കുകയും നിരസിക്കേണ്ട കേസ്സുകളിൽ വിവരം അപേക്ഷകനെ അറിയിക്കുകയും തഹസിൽദാർ അനുവദിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ സംഗതിയിൽ വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക.

14. സെൻസസ്, ഇലക്ഷൻ എന്നിവ സംബന്ധിച്ച് മേലധികാരികൾ നിർദ്ദേശിക്കുന്ന എല്ലാ ജോലികളും കൃത്യമായും സൂക്ഷ്മമായും നിർവ്വഹിക്കുക.

15. ദേശീയ സമ്പാദ്യ പദ്ധതി വിജയപ്രദമാക്കാൻ ജില്ലാ കളക്ടറുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

16. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, അഗ്നിബാധ തുടങ്ങിയ ദുരന്തങ്ങൾ/അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ വിവരം ഉടനടി തഹസിൽദാരെയും ജില്ലാ കളക്ടറെയും അറിയിക്കുകയും അവരുടെ നിർദ്ദേശാനുസരണം അനുയോജ്യമായ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

17. വില്ലേജുതല ജനകീയ സമിതികൾ യഥാസമയം വിളിച്ചുചേർക്കുകയും യോഗതീരുമാനങ്ങൾ നിയമാനുസൃതം നടപ്പിലാക്കുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

18. ഇ-ഡിസ്ട്രിക്ട് ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ഭൂരേഖ) എന്നീ ഓൺലൈൻ സംവിധാനങ്ങളിൽ രേഖകൾ/സാക്ഷ്യപത്രങ്ങൾ അംഗീകരിക്കുകയും ഇ-പേമെന്റ് സംവിധാനത്തിൽ ചെലാനുകൾ തയ്യാറാക്കുകയും ചെയ്യുക.

19. ലാന്റ് റവന്യൂ രജിസ്റ്ററുകളും അക്കൗണ്ടുകളും തയ്യാറാക്കുക, മുതൽ-പിരിവ്-ബാക്കി പത്രികകൾ തയ്യാറാക്കുക, ഫീൽഡ് ജോലികൾ നിർവ്വഹിക്കുക എന്നിവയിൽ വില്ലേജ് അസിസ്റ്റന്റ്, സ്പെഷ്യൽ വില്ലേജ് ആഫീസർ, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നിവർക്ക് അനുയോജ്യമായ രീതിയിൽ ജോലികൾ വീതിച്ചുനൽകുക.

20. കളക്ടറേറ്റ് പരിശോധനാ വിഭാഗം, താലൂക്ക് പരിശോധനാ വിഭാഗം, ജമാബന്തി ഓഫീസർ, നിയമപരമായി അധികാരപ്പെടുത്തപ്പെട്ട മറ്റ് പരിശോധനാ ഉദ്യോഗസ്ഥർ എന്നിവർ തയ്യാറാക്കി നൽകുന്ന പരിശോധനാക്കുറിപ്പുകൾക്ക് ഉടനടി ന്യൂനതാപരിഹാര മറുപടികൾ തയ്യാറാക്കി നൽകുക.

(ഡി) നികുതി പിരിവ്, സർട്ടിഫിക്കറ്റുകൾ അനുവദിക്കൽ, പോക്കുവരവ്, റവന്യൂ റിക്കവറി എന്നിവ ഓൺലൈനാക്കിയിട്ടുണ്ട്. വില്ലേജുകളിലെ അധികജോലിഭാരം കണക്കിലെടുത്ത് വില്ലേജ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും സഹായകരമായ വിധത്തിൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം സ്ഥാപിക്കുന്നതിനും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ പകുതി തസ്തികകളെ വില്ലേജ് അസിസ്റ്റന്റുമാരാക്കുന്നതിനുമുള്ള പ്രൊപ്പസലുകൾ സർക്കാർ പരിശോധിച്ച് വരുന്നു.

**വർക്കല താലൂക്ക് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക**

285 (4961) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്ക് ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രവർത്തന ക്രമീകരണാർത്ഥം ജീവനക്കാരെ നിയമിക്കുന്നതിന് പകരം പ്രസ്തുത തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ റവന്യൂ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല താലൂക്ക് ഓഫീസിൽ നിലവിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക അനുവദിച്ചിട്ടില്ല. തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ശിപാർശകളൊന്നും നിലവിലില്ല.

(ബി) 6 ഒഴിവുകളുണ്ട്.

**ഐ.എസ്.ആർ.ഒ.-യ്ക്കായി വലിയമലയിലെ ഭൂമി ഏറ്റെടുക്കൽ**

286 (4962) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയമലയിലെ ഐ.എസ്.ആർ.ഒ, എൽ.പി.എസ്.സി എന്നിവ വിപുലീകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച 15-5-2019 ലെ പ്രാരംഭ വിജ്ഞാപനത്തിൽ എത്ര ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഭേദഗതികൾ ഓരോന്നും എത് ഗസറ്റിലാണെന്നും അതിന്റെ എസ്.ആർ.ഒ നമ്പർ ഏതൊക്കെയാണെന്നും ഭേദഗതികൾ എന്താവശ്യത്തിനാണെന്നും വിശദമാക്കാമോ;

(സി) ഈ നോട്ടിഫിക്കേഷനുകൾ മലയാളം ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മലയാള പത്രങ്ങളിൽ പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) നോട്ടിഫിക്കേഷന്റെ മലയാളത്തിലുള്ള പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 15-5-2019-ൽ പ്രാരംഭ വിജ്ഞാപനം ഉണ്ടായിട്ടുള്ളതും തുടർന്ന് രണ്ട് ഭേദഗതികൾ വരുത്തിയിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ഭേദഗതികൾ 26-7-2019-ലെ 1700 നം. അസാധാരണ ഗസറ്റ് പ്രകാരവും (എസ്.ആർ.ഒ നമ്പർ 496/2019), 2-8-19-ലെ 1755 നമ്പർ അസാധാരണ ഗസ്റ്റ് പ്രകാരവും (എസ്.ആർ.ഒ നമ്പർ 510/2019) പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

26-7-2019-ലെ ഗസറ്റ് വിജ്ഞാപനം വില്ലേജിന്റെ പേര് തിരുത്തുന്നതിന് വേണ്ടിയും 2-8-2019-ലെ വിജ്ഞാപനം വിസ്തീർണ്ണം സൂചിപ്പിക്കുന്ന ഏകകം തിരുത്തുന്നതിനും ഏറ്റെടുക്കുന്ന ഭൂമി അർബൻ ഏരിയയിൽ ഉൾപ്പെട്ടുവരുന്നത് സംബന്ധിച്ച വ്യക്തത വരുത്തുന്നതിനുമാണ്.

(സി) ഉണ്ട്. പ്രസ്തുത നോട്ടിഫിക്കേഷനുകൾ 30-6-2019, 31-8-2019 തീയതികളിലെ മാതൃഭൂമി ദിനപത്രത്തിലും 1-9-2019-ലെ മാധ്യമം ദിനപത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(ഡി) നോട്ടിഫിക്കേഷന്റെ മലയാളത്തിലുള്ള പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

## എൻ.പി.ഒ.എൽ.-ന്റെ ചുറ്റിലും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം

287 (4963) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കരയിലുള്ള നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യാനോഗ്രാഫിക് ലബോറട്ടറി (എൻ.പി.ഒ.എൽ) ന്റെ അതിർത്തിയോട് ചേർന്നുകിടക്കുന്ന 25 മീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൈവശമുണ്ടായിരുന്ന ഭൂമിയുടെ ഭൂരിഭാഗവും എൻ.പി.ഒ.എൽ. ന് വിട്ടുകൊടുത്തതിനു ശേഷം ബാക്കിയുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ളത് ഇവിടത്തെ ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഏർപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യാ ഗവൺമെന്റിന്റെ 19-2-2010-ലെ SRO-II പ്രകാരമുള്ള ഗസറ്റ് പരസ്യം, 7-3-2010 മുതൽ 13-3-2010 വരെയുള്ള ഗസറ്റ് ഓഫ് ഇന്ത്യയിൽ പ്രസിദ്ധീകരിച്ചിരുന്നതും ടി ഗസറ്റ് പരസ്യത്തിൽ വർക്ക്സ് ഓഫ് ഡിഫൻസ് ആക്ട് 1903 (7 of 1903) പ്രകാരം എൻ.പി.ഒ.എൽ. തൃക്കാക്കര പി.ഒ, കൊച്ചിയുടെ അതിരിനോട് ചേർന്ന് കിടക്കുന്ന 25 മീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും എറണാകുളം ജില്ലാകളക്ടർ ഇപ്രകാരമുള്ള സ്കെച്ച് പ്ലാൻ അനുസരിച്ച് സ്ഥലം പരിശോധിക്കണമെന്നും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലും നിയന്ത്രിത മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് NOC നൽകുന്നതുമായി ബന്ധപ്പെട്ട 4-6-2018-ൽ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രതിരോധ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും തൃക്കാക്കരയിലുള്ള നേവൽ ഫിസിക്കൽ & ഓഷ്യാനോഗ്രാഫിക് ലബോറട്ടറിയുടെ അതിർത്തിയോട് ചേർന്ന് കിടക്കുന്ന 25 മീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**കൊപ്പം പഞ്ചായത്തിലെ പൊതുസ്ഥലങ്ങളുടെ കയ്യേറ്റം**

288 (4964) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്പം പഞ്ചായത്തിൽ കൊപ്പം ടൗണിൽ നിന്നും ഒന്നര കിലോമീറ്ററിനുള്ളിൽ പൊതുസ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യേറിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നിയമലംഘന നടപടികൾ കണ്ടെത്തുവാനായി ഒരു സർവ്വേ നടത്തി സർക്കാരിന്റെ സ്ഥലങ്ങൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പഞ്ചായത്തിൽ വിവിധ വകുപ്പുകളുടെ എത്ര ഭൂമി ഉപയോഗ ശൂന്യമായി കിടക്കുന്നുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) കൊപ്പം പഞ്ചായത്തിൽ ടൗണിൽ നിന്നും 1.5 കി.മീറ്ററിനുള്ളിൽ മൃഗാശുപത്രിക്ക് സമീപവും കരിങ്ങനാടിന് സമീപവും കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ സർവ്വേയർ പരിശോധിച്ച് കയ്യേറ്റം കണ്ടെത്തി സ്കെച്ച് സഹിതം പൊതുമരാമത്ത് വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) ഉപയോഗശൂന്യമായ ഭൂമി ഇല്ല.

**തഴക്കര, വെട്ടിയാർ വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം**

289 (4965) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര വില്ലേജാഫീസ്, വെട്ടിയാർ വില്ലേജാഫീസ് എന്നിവ ശോചനീയാവസ്ഥയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018-19-ലെ പ്ലാൻ സ്കീമിൽ തഴക്കര വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ തഴക്കര വില്ലേജ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടില്ല. വെട്ടിയാർ വില്ലേജാഫീസ് കെട്ടിടം പുനർനിർമ്മാണം റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## തെറ്റായ പോക്കുവരവ് റദ്ദുചെയ്യാൻ നടപടി

290 (4966) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ വില്ലേജ് റീസർവ്വേ ബ്ലോക്ക് നമ്പർ 10-ലെ റീസർവ്വേ നമ്പർ 278/1-ൽപ്പെട്ട 7 ആർ 70 ച.മീറ്റർ സ്ഥലം പത്തനംതിട്ട എസ്.ആർ.ഒ.യിലെ 1783/2016 നമ്പർ ധനനിശ്ചയപ്രകാരം നടത്തിയ കൈമാറ്റാധാരത്തിൽ ഏതെങ്കിലും തരത്തിലുള്ള പിശക് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആധാരം പോക്കുവരവ് ചെയ്യുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ, പിശകായി മറ്റൊരു ആധാരം തയ്യാറാക്കി ആയത് പോക്കുവരവ് ചെയ്ത് നൽകിയതിനാൽ ശരിയായ റീസർവ്വേ നമ്പരിലുള്ള ആധാരം പോക്കുവരവ് ചെയ്യാൻ നിർവ്വാഹമില്ല എന്ന മറുപടി അപേക്ഷകന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) റീസർവ്വേ നമ്പർ, കൈവശം, വിസ്തീർണ്ണം ആയവ ബോധ്യപ്പെട്ട് പോക്കുവരവ് ചെയ്യേണ്ട ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അനാസ്ഥമൂലം സംഭവിച്ച തെറ്റായ പോക്കുവരവ് റദ്ദ് ചെയ്യേണ്ട ഉത്തരവാദിത്തം സർക്കാരിൽ നിക്ഷിപ്തമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഉത്തരവാദിത്വപ്പെട്ട ജീവനക്കാരുടെ പിഴവുമൂലം സംഭവിച്ച തെറ്റായ പോക്കുവരവ് റദ്ദ് ചെയ്യുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) റീസർവ്വേ റിക്കാർഡിൽ ജീവനക്കാരുടെ ശ്രദ്ധക്കുറവ് മൂലം സംഭവിച്ചിട്ടുള്ള തെറ്റായ പോക്കുവരവ് അടിയന്തരമായി റദ്ദ് ചെയ്യുമോ;

(എഫ്) പ്രസ്തുത വിഷയത്തിന്മേൽ അടൂർ എം.എൽ.എ. 2017-ൽ നൽകിയ നിവേദനത്തിന്മേൽ പത്തനംതിട്ട ജില്ലാ കളക്ടർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ടി ആധാരത്തിലെ സർവ്വേ നമ്പരും വിസ്തീർണ്ണവും ചേർത്ത് തയ്യാറാക്കിയ മറ്റൊരു ധനനിശ്ചാധാരം പോക്കുവരവ് ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ആധാരം പോക്കുവരവ് ചെയ്യുവാൻ നിർവ്വാഹമില്ല എന്ന് അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്.

(സി) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം സംഭവിക്കുന്ന തെറ്റായ പോക്കുവരവ് റദ്ദ് ചെയ്യുന്നതിന് ആർ.ഡി.ഒ.യ്ക്ക് അപ്പീലും ജില്ലാ കളക്ടർക്ക് റിവിഷൻ ഹർജിയും നൽകാവുന്നതാണ്.

(ഡി) ഉത്തരവാദപ്പെട്ട ജീവനക്കാരുടെ പിഴവ്മൂലം സംഭവിച്ച തെറ്റായ പോക്കുവരവ് റദ്ദ് ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങൾ ഇല്ല. എന്നാൽ മേൽ കേസ്സിൽ തണ്ടപ്പേർ കക്ഷിയുടെ പേരിൽ ഉണ്ടായിരുന്ന വസ്തു ടിയാൻതന്നെ മകന്റെ പേരിൽ എഴുതി നൽകിയശേഷം പോക്കുവരവ് ചെയ്തുനല്കി. തുടർന്ന് ടി വസ്തു തന്നെ മകളുടെ പേരിൽ ആധാരം നടത്തുകയും ടി ആധാരത്തിൽ മുമ്പ് നടത്തിയ ആധാരത്തെക്കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതുമാണ്. ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടതിൽ അവകാശത്തർക്കം നിലനിൽക്കുന്നതിനാൽ പോക്കുവരവ് റദ്ദ് ചെയ്യാൻ കഴിയുകയില്ല.

(ഇ) റീസർവ്വേ റിക്കാർഡിൽ ഉണ്ടാകുന്ന പിശകുകൾ സർവ്വേയർമാർ മുഖേന പരിശോധന നടത്തി പരിഹരിച്ചുവരുന്നു. എന്നാൽ മേൽ വിഷയം റീസർവ്വേ റിക്കാർഡിലെ പിശകുമൂലം സംഭവിച്ചതല്ല.

(എഫ്) ടി നിവേദനം തുടർനടപടികൾക്കായി താലൂക്ക് ഓഫീസിൽ ലഭ്യമാക്കിയിട്ടുള്ളതും വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെയും സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ കക്ഷികളെ നേരിൽ കേട്ടിട്ടുള്ളതും മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിൽനിന്നും അവകാശത്തർക്കം നിലനിൽക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതും ടി വിഷയത്തിൽ സിവിൽ കോടതി മുഖേനയേ തീർപ്പ് കൽപ്പിക്കുവാൻ കഴിയുകയുള്ളൂയെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ കക്ഷികളെ ടി വിവരം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

## പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് ഭൂമി ഏറ്റെടുക്കൽ

291 (4967) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് മലപ്പുറം കളക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭരണപരമായ ചെലവുകൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനും റോഡ് നിർമ്മാണത്തിനും വേണ്ടിയുള്ള തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-5-2018-ലെ സ.ഉ.(സാധാ) 1984/2018/റവ നമ്പർ ഉത്തരവുപ്രകാരം കോട്ടക്കൽ വില്ലേജിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട റോഡ് നിർമ്മാണത്തിനായി 2.3276 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിരുന്നു. 26-10-2018-ലെ സ.ഉ. (അച്ചടി) 67/2018/റവ പ്രകാരം രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റി എന്ന ഏജൻസി സാമൂഹ്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 6-8-2019-ലെ സ.ഉ.(കൈ) 256/2019/റവ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) ഇല്ല.

(ഡി) 6-8-2019-ലെ സ.ഉ. (കൈ) 256/2019/റവ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട സാഹചര്യത്തിൽ 11(1) വിജ്ഞാപനം, 19(1) പ്രഖ്യാപനം എന്നിവ പ്രസിദ്ധപ്പെടുത്തി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## മാവേലിക്കര താലൂക്ക് ഓഫീസ് കെട്ടിട നിർമ്മാണം

292 (4968) ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ഓഫീസ് കെട്ടിടം പഴക്കമേറിയതും സ്ഥല പരിമിതികൾ ഉള്ളതുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത താലൂക്കാഫീസിന്റെ കെട്ടിട നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര താലൂക്ക് ഓഫീസ് കെട്ടിട പുനർനിർമ്മാണം റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) PWD കെട്ടിട വിഭാഗം മുഖേന 5 കോടി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കെട്ടിട നിർമ്മാണത്തിനും ഫർണ്ണിച്ചർ മുതലായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി തയ്യാറാക്കിയിട്ടുണ്ട്.

**കയ്പമംഗലം മണ്ഡലത്തിൽ മതിലകത്ത് റവന്യൂ ടവർ**

293 (4969) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ 2016-17 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മതിലകത്തെ പുതിയ റവന്യൂ ടവറിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; റവന്യൂ ടവർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) റവന്യൂ ടവറിന്റെ നിർമ്മാണം സംബന്ധിച്ച ഫയൽ ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലുമായി പ്രഖ്യാപിച്ച പദ്ധതികളിൽ ഒന്നാണ് തൃശ്ശൂർ ജില്ലയിലെ മതിലകം റവന്യൂ ടവർ പദ്ധതി. 16-11-2016-ൽ ടി പദ്ധതി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ച് ഭവന നിർമ്മാണ വകുപ്പ് ഉത്തരവായെങ്കിലും കിഫ്ബി പദ്ധതി പ്രകാരമുള്ള റവന്യൂ ടവർ നിർമ്മാണം സംബന്ധിച്ച വിഷയം റവന്യൂ വകുപ്പുതന്നെ കൈകാര്യം ചെയ്യണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ വകുപ്പിന്റെ പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും തുടർന്ന് റവന്യൂ വകുപ്പ് 31-8-2018-ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയമിക്കുകയുമുണ്ടായി. മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊടുങ്ങല്ലൂർ താലൂക്കിലെ പാപ്പിനിവട്ടം വില്ലേജ് സർവ്വേ 63/10(A)-യിൽപ്പെട്ട 32 സെന്റ് ഭൂമിയാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിച്ചിരുന്നത്. എന്നാൽ അവിടേയ്ക്കുള്ള

പാത ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടങ്ങൾക്കിടയിലൂടെ 3.5 മീറ്റർ വീതി മാത്രമുള്ളതും മറ്റുപല അസൗകര്യങ്ങളുള്ളതും ആയതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം അനുവദിച്ച് നല്കണമെന്ന് ബോർഡ് അഭ്യർത്ഥിക്കുകയും അതിൻപ്രകാരം കുളിമുട്ടം വില്ലേജിൽ സർവ്വേ 230/1 എ 6-ൽപ്പെട്ട 0.1214 ഹെക്ടർ ഭൂമി പദ്ധതിക്കായി തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഭൂമി കൈമാറ്റം ചെയ്ത് ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം

294 (4970) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കീച്ചേരി, കുലയറ്റിക്കര എന്നീ വില്ലേജുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച ഫയൽ നടപടികൾ ഏതു വകുപ്പിന്റെ പരിഗണനയിലാണെന്നും ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അവസാനം ഉണ്ടായ തീരുമാനം ഏതു വകുപ്പ് എന്ന് കൈക്കൊണ്ടുവെന്നും തീരുമാനം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത വിഷയം റവന്യൂ വകുപ്പിൽ പരിഗണിക്കുകയും സംസ്ഥാനത്തിന്റെ പൊതു ധനസ്ഥിതി മെച്ചപ്പെടുത്തുന്ന അവസരത്തിൽ പരിശോധിക്കാവുന്നതാണെന്ന് 6-4-2019-ൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

### കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിൽ പട്ടയം ലഭ്യമാക്കാൻ നടപടി

295 (4971) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിൽ മിച്ചഭൂമി പതിച്ച് കിട്ടിയവർ കൈമാറിയ ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം ലഭിക്കാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ 80 ശതമാനം പേർക്കും പട്ടയം നൽകിയ സ്ഥിതിക്ക് അവശേഷിക്കുന്നവർക്ക് കൂടി പട്ടയം ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിൽ മിച്ചഭൂമി പതിച്ചുകിട്ടിയവരിൽ നിശ്ചിത കാലാവധിക്കുമുമ്പ് കൈമാറ്റം ചെയ്യപ്പെട്ട കേസ്സുകളിൽ അപേക്ഷകർക്ക് സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് അകാലകൈമാറ്റം സാധൂകരിച്ച് നൽകുന്നതാണ്. ടി കേസ്സുകളിൽ പട്ടയം നൽകാറില്ല.

(ബി) അകാല കൈമാറ്റ സാധൂകരണത്തിനായി ജില്ലാ കളക്ടറിൽ നിന്നും ലഭിച്ച 47 കേസ്സുകളിൽ 46 എണ്ണം സാധൂകരിച്ച് ഉത്തരവായിട്ടുള്ളതും ഒരെണ്ണത്തിൽ ജില്ലാ കളക്ടറിൽ നിന്നും അധിക വിവര റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അകാലകൈമാറ്റം സാധൂകരിച്ചുകഴിഞ്ഞാൽ പുതുതായി പട്ടയം നൽകേണ്ടതില്ല.

**ഇരിമ്പിളിയം, മേൽമുറി വില്ലേജ് ഓഫീസുകളുടെ നിർമ്മാണം**

296 (4972) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം, മേൽമുറി എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച് മലപ്പുറം ജില്ലാകളക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ടെൻഡർ നടപടികൾ ഏതുവരെയായി എന്നുള്ള വിവരം അറിയിക്കുമോ;

(സി) നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 2019-20 വർഷത്തെ പ്ലാൻ സ്കീമിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള മേൽമുറി വില്ലേജ് ഓഫീസിലെ കെട്ടിട നിർമ്മാണത്തിന് മലപ്പുറം ജില്ലാകളക്ടർ നിർവ്വഹണ ഏജൻസിയിൽനിന്നും ലഭ്യമായ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും എഗ്രിമെന്റ് വയ്ക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇരിമ്പിളിയം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാകളക്ടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ നിർവ്വഹണ ഏജൻസിയായി തീരുമാനിച്ച് എഗ്രിമെന്റിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മേൽമുറി വില്ലേജാഫീസ് നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് മലപ്പുറം ജില്ലാകളക്ടർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇരിമ്പിളിയം വില്ലേജ് ഓഫീസ് പുനർനിർമ്മാണം റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രളയബാധിതർക്ക് ഭവന നിർമ്മാണം

297 (4973) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയത്തിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പൂർണ്ണമായി ഭവനം നഷ്ടപ്പെട്ട എത്ര പേർക്കാണ് ഭവന നിർമ്മാണത്തിന് തുക നൽകിയിട്ടുള്ളത് വ്യക്തമാക്കാമോ;

(ബി) ഭാഗികമായി തകർന്ന എത്ര കുടുംബങ്ങൾക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്; വിവരിക്കാമോ;

(സി) ലഭ്യമായതും നടപടിക്രമങ്ങൾ പൂർത്തീകരിച്ചതുമായ എത്ര അപേക്ഷകർക്കാണ് തുക നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയത്തിൽ പൂർണ്ണമായി ഭവനം നഷ്ടപ്പെട്ടവരുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ചെങ്ങന്നൂർ താലൂക്കിൽ 230 പേർക്കാണ് ഭവന നിർമ്മാണത്തിന് ആശ്വാസ ധനസഹായം നൽകിയിട്ടുള്ളത്.

(ബി) ഭാഗികമായി വീട് തകർന്ന 199000 കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) 446 അപേക്ഷകർക്കാണ് തുക നൽകുവാനുള്ളത്.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ വില്ലേജാഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

298 (4974) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലുള്ള ഏതെല്ലാം വില്ലേജാഫീസുകൾക്കാണ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുള്ളത്; സ്വന്തമായി കെട്ടിടമില്ലാത്ത ഏതെങ്കിലും വില്ലേജാഫീസ് നിലവിലുണ്ടോ; അറിയിക്കുമോ;

(ബി) ചുറ്റുമതിലും നവീകരിച്ച കെട്ടിടവും ആവശ്യമുള്ള വില്ലേജാഫീസുകൾ ഏതൊക്കെയാണ്; ഇതിൽ ഏതെല്ലാം വില്ലേജാഫീസുകൾക്ക് എത്ര തുക വീതം എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അടിസ്ഥാന സൗകര്യം ആവശ്യമുള്ള മറ്റ് വില്ലേജാഫീസുകൾക്ക് കൂടി തുക അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുള്ളതോ സ്വന്തമായി കെട്ടിടമില്ലാത്തതോ ആയ വില്ലേജാഫീസുകൾ ഒന്നുംതന്നെയില്ല.

(ബി) കാര്യവട്ടം, കരുവമ്പലം, ആലിപ്പറമ്പ് വില്ലേജ് ഓഫീസുകൾക്ക് ചുറ്റുമതിലും പെരിന്തൽമണ്ണ, അരക്കുപറമ്പ്, വെട്ടത്തൂർ വില്ലേജ് ഓഫീസുകൾക്ക് നവീകരണവും ആവശ്യമാണ്. ഇതിൽ ആലിപ്പറമ്പ്, വെട്ടത്തൂർ, പെരിന്തൽമണ്ണ, കാര്യവട്ടം, അരക്കുപറമ്പ് എന്നീ വില്ലേജ് ഓഫീസുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കൽ പ്രവൃത്തിക്ക് 50,000 രൂപ വീതവും പെരിന്തൽമണ്ണ, അരക്കുപറമ്പ്, വെട്ടത്തൂർ എന്നീ വില്ലേജ് ഓഫീസുകളിൽ അറ്റകുറ്റപ്പണി എന്നീ പ്രവൃത്തികൾക്ക് 4,25,000 രൂപ വീതവും 2017-18 പ്ലാൻ സ്കീമിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ആലിപ്പറമ്പ് വില്ലേജ് ഓഫീസ് അഡീഷണൽ റൂം നിർമ്മാണത്തിന് 2015-16 സാമ്പത്തിക വർഷത്തെ റവന്യൂ റിക്കവറി പ്രവർത്തന പുരോഗതിക്ക് സമ്മാനമായി ലഭിച്ച തുകയിൽ 6,00,100 രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

**കരുനാഗപ്പള്ളിയിൽ മിനി സിവിൽ സ്റ്റേഷൻ അനക്സ്**

299 (4975) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിലെ പല പ്രധാന ഓഫീസുകളും സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും ദേശീയപാത വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഇപ്പോഴുള്ള മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചുനീക്കുന്ന സാഹചര്യമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവിടെ ലഭ്യമായ സർക്കാർ ഭൂമിയിൽ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിനുവേണ്ടി ബജറ്റിൽ നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതും ആയതിന് 2019-20 ലെ ബജറ്റിൽ 20% ടോക്കൺ തുക അനുവദിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ;

(സി) ഇവിടെ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കിലെ മിനി സിവിൽ സ്റ്റേഷന്റെ പ്രധാന പ്രവേശനകവാടത്തോട് ചേർന്ന സ്ഥലം ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-20-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (മരാമത്ത് പണികളിലെ വിശദ വിവരങ്ങൾ-ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ)ക്രമ നം.2106 പ്രകാരം കരുനാഗപ്പള്ളി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിനുവേണ്ടി 40,00,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിന് കരുനാഗപ്പള്ളി ടൗണിൽനിന്നും മാറി എൻ.എച്ച്. 66-ന് ഏകദേശം 750 മീറ്റർ കിഴക്കുമാറി കെ.ഐ.പി. വക അനുയോജ്യമായ ഭൂമിയുണ്ടെന്ന് കണ്ടെത്തുകയും പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), കെ.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 2-5-2019-ൽ കത്ത് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ലയ്ക്ക് പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

300 (4976) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ലെ പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി മലപ്പുറം ജില്ലക്ക് എത്ര രൂപ അനുവദിച്ചു; അതിൽ എത്ര രൂപ ചെലവഴിച്ചു; ഏതെല്ലാം ഇനങ്ങൾക്ക്; വ്യക്തമാക്കാമോ;

(ബി) പ്രളയത്തിൽ എടവണ്ണപ്പാറ ടൗണിൽ ചാലിയപ്പുറം ഗവൺമെന്റ് സ്കൂളിന് മുൻവശത്തെ അപകടാവസ്ഥയിലായ കെട്ടിടം പൊളിച്ച് നീക്കിയതിന് സർക്കാർ നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് അറിയിക്കാമോ;

(സി) ഭിന്നശേഷിക്കാരനായ ഒരു വ്യക്തിയുടെ ഏക വരുമാന മാർഗ്ഗമായ പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റേണ്ടി വന്നതിനാൽ അദ്ദേഹത്തിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകാൻ കഴിയുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## മൂവാറ്റുപുഴയിൽ റീ-സർവ്വേ ആരംഭിക്കുന്നതിനുള്ള നടപടി

301 (4977) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്കിലെ ഒരു വില്ലേജിലും റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ;

(ബി) റീ-സർവ്വേ പൂർത്തിയാക്കാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അടിയന്തിരമായി റീ-സർവ്വേ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീസർവ്വേ ജോലികൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള നല്ലൊരു ശതമാനം ജീവനക്കാരെയും താലൂക്കിലെ എൽ.ആർ.എം. ജോലികൾക്കും സർക്കാരിന്റെ വികസന പ്രവർത്തനം മുൻനിർത്തിയുള്ള അടിയന്തിര സർവ്വേ ജോലികൾക്കും മറ്റ് സ്പെഷ്യൽ സർവ്വേ ജോലികൾ എന്നിവയ്ക്കായി വിനിയോഗിക്കുന്നതിനാലാണ് റീ-സർവ്വേ ജോലികൾ തടസ്സപ്പെടുകയും കാലതാമസം നേരിടുകയും ചെയ്യുന്നത്.

(ബി) റീ-സർവ്വേ പൂർത്തിയാകാത്ത വില്ലേജുകളിൽ റവന്യൂ വകുപ്പ് മുഖാന്തിരം നിലവിൽ റവന്യൂ ഭരണത്തിലിരിക്കുന്ന റിക്കാർഡുകൾ പ്രകാരം പോക്കുവരവ് ചെയ്യുന്നതിനും കരം അടയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾക്ക് യാതൊരു തടസ്സവുമില്ലാത്തതാണ്. ആയതിനാൽ റീ-സർവ്വേ പൂർത്തിയാക്കാത്തതുമൂലം പൊതുജനങ്ങളക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി കാണുന്നില്ല. എറണാകുളം

ജില്ലയിലെ സർവ്വേയർമാരിൽ ഭൂരിഭാഗം ജീവനക്കാരെയും സ്പെഷ്യൽ സർവ്വേ, എൽ.എ. ജോലികൾ, എൽ.ആർ.എം. ജോലികൾ, എൻ.എച്ച്. ജോലികൾ എന്നിവയ്ക്കായി നിയോഗിക്കേണ്ടിവരുന്നതിനാൽ റീസർവ്വേ ജോലികൾ പൂർണ്ണതോതിൽ നിർവ്വഹിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. സർക്കാരിന്റെ അംഗീകൃത ഏജൻസികളെ നിയോഗിച്ച് സർവ്വേ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ ആരംഭിക്കുമ്പോൾ കൂടുതൽ വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

## റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

302 (4978) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ദഗതിയിലായിരുന്ന റീ-സർവ്വേ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ പുനരാരംഭിക്കാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ ദ്രുതഗതിയിൽ തീർപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) റീ-സർവ്വേ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഡയറക്ടറേറ്റിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) റീ-സർവ്വേ സമയബന്ധിതമായി തീർപ്പാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള അംഗീകൃത ഏജൻസികളെ ഏൽപ്പിക്കുന്നതിനും അതിന്റെ മേൽനോട്ടവും അന്തിമ തീർപ്പും സർവ്വേ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിജപ്പെടുത്തിയിരുന്ന റീ-സർവ്വേ പ്രവർത്തനങ്ങൾ 24-1-2017-ലെ സ.ഉ.(എം.എസ്)28/2017 റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആധുനിക സാങ്കേതിക വിദ്യ സഹായത്തോടെയും, പൊതുജന

പങ്കാളിത്തത്തോടെയും കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടുകൂടി പുനരാരംഭിച്ചിട്ടുള്ളതാണ്. ഇതുപ്രകാരം കാസർഗോഡ് ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ ഹോസ്ദുർഗ് താലൂക്കിലെ 10 വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 25 വില്ലേജുകളുടെ റീസർവ്വേ പൂർത്തീകരിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും നിലവിൽ 30 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാൻഡ് സർവ്വേ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർവ്വേ വകുപ്പ് പുനഃസംഘടിപ്പിച്ചും ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Station) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ചും സർവ്വേ നടപടികൾ ത്വരിതപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ച് വരുന്നു.

(സി) 26-8-17-ലെ സ.ഉ.(എം.എസ്) 303/2017/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റീ-സർവ്വേ സംബന്ധിച്ച പരാതി പരിഹരിക്കുന്നത് ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് താലൂക്കിൽ ലാവണമുള്ള സർവ്വേ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവ്വേ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു.

(ഡി) റീ-സർവ്വേ പ്രവർത്തനങ്ങളുടെ ഏകോപനം, കാര്യക്ഷമമായ പ്രവർത്തനം എന്നിവ മുൻനിർത്തി എല്ലാ ജില്ലകളിലേയും മുതിർന്ന സർവ്വേ ഓഫീസർമാരെ ഉൾപ്പെടുത്തി സർവ്വേ ഡയറക്ടറേറ്റിൽ മാസംതോറും വീഡിയോ കോൺഫറൻസിലൂടെ പുരോഗതി വിലയിരുത്തി അവലോകനം നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(ഇ) കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വേ ട്രെയിനിംഗ് സ്കൂളിൽനിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തി വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതുപ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാൻഡ് സർവ്വേ നടപ്പിലാക്കുന്നതിനുള്ള പരീക്ഷണ സർവ്വേ നടത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോട്ടയം ജില്ലയിലെ റീ-സർവ്വേ നടപടികൾ

303 (4979) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാത്ത എത്ര താലൂക്കുകളുണ്ടെന്ന് വെളിപ്പെടുത്താമോ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(ബി) വൈക്കം താലൂക്കിൽ നടന്നു വരുന്ന റീ-സർവ്വേ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വൈക്കത്ത് അനുവദിക്കപ്പെട്ട റീ-സർവ്വേ ഓഫീസ് എന്നു മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന്അറിയിക്കാമോ;

(ഡി) വൈക്കം താലൂക്കിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിൽ ആകെയുള്ള 5 താലൂക്കുകളിൽ 4 താലൂക്കുകളുടെ (കോട്ടയം, മീനച്ചിൽ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി) റീ-സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. വൈക്കം താലൂക്കിലെ 13 വില്ലേജുകൾ റീ-സർവ്വേ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുണ്ട്.

(ബി) വൈക്കം താലൂക്കിൽ ആകെ 18 വില്ലേജുകളാണുള്ളത്. ഇതിൽ കടുത്തുരുത്തി, കോതനല്ലൂർ, മാഞ്ഞൂർ, മുളക്കുളം, ഞീഴൂർ എന്നീ വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന്

കൈമാറിയിട്ടുണ്ട്. ടി താലൂക്കിലെ മുട്ടുചിറ വില്ലേജിന്റെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരം സർവ്വേ റിക്കാർഡുകൾ 11-11-2019-ന് പ്രദർശിപ്പിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ വടയാർ വില്ലേജിന്റെ റീ-സർവ്വേ പ്രവർത്തനങ്ങൾക്കുള്ള റിക്കാർഡ് കളക്ഷൻ ജോലികൾ നടന്നുവരുന്നു.

(സി) നിലവിൽ വൈക്കം താലൂക്കിൽ റീ-സർവ്വേ സൂപ്രണ്ടാഫീസ് പ്രവർത്തിച്ചുവരുന്നുണ്ട്. റീ-സർവ്വേ നടപടികൾ പൂർത്തിയായ ചങ്ങനാശ്ശേരി താലൂക്കിലെ റീ-സർവ്വേ സൂപ്രണ്ട് ഓഫീസ് വൈക്കം താലൂക്കിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിലേക്ക് മാനദണ്ഡപ്രകാരമുള്ള കെട്ടിടം കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി റീ-സർവ്വേ ഓഫീസ് മാറ്റുന്നതിനെതിരെ നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും അതുവരെ ചങ്ങനാശ്ശേരി താലൂക്കിലെ റീസർവ്വേ സൂപ്രണ്ട് ഓഫീസ് മാറ്റുന്ന നടപടികൾ നിർത്തിവയ്ക്കുവാനും സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) വൈക്കം താലൂക്കിലെ ആകെ 18 വില്ലേജുകളിൽ 5 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. മുട്ടുചിറ വില്ലേജിന്റെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരം സർവ്വേ റിക്കാർഡുകൾ 11-11-2019-ന് പ്രദർശിപ്പിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ജില്ലയിൽ റീ-സർവ്വേ ജോലികൾക്കായി 56 സർവ്വേയർമാരെ നിയോഗിച്ചിട്ടുണ്ടെങ്കിലും ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ചിട്ടുള്ള 5 പേരും ജില്ലയിലെ സ്പെഷ്യൽ സർവ്വേ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള 23 പേരെയും കഴിച്ച് ശേഷിക്കുന്ന 28 സർവ്വേയർമാരെ ഉപയോഗിച്ച് മുട്ടുചിറ വില്ലേജിന്റെ റീ-സർവ്വേ പൂർത്തീകരിക്കുന്നതിനും തുടർന്ന് വടയാർ വില്ലേജിന്റെ റീ-സർവ്വേ പ്രവർത്തനം ആരംഭിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

**പൂഞ്ഞാർ മണ്ഡലത്തിലെ റീ-സർവ്വേ നടപടികൾ**

304 (4980) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ റീ-സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തീകരിയ്ക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ആകെയുള്ള 14 വില്ലേജുകളുടെയും റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ടി വില്ലേജുകളുടെ വിവരം ചുവടെ ചേർക്കുന്നു. 1) കൊണ്ടൂർ 2) ഈരാറ്റുപേട്ട 3) പൂഞ്ഞാർ 4) പൂഞ്ഞാർ നടുഭാഗം 5) തീക്കോയി 6) പൂഞ്ഞാർ തെക്കേക്കര 7) മുണ്ടക്കയം 8) കോരുത്തോട് 9) എരുമേലി വടക്ക് 10) കൂവപ്പള്ളി 11) കാഞ്ഞിരപ്പള്ളി 12) ഇടക്കുന്നം, 13) കൂട്ടിക്കൽ 14)എരുമേലി തെക്ക്.

(സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുഴുവൻ വില്ലേജുകളും 1989 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

**റീ-സർവ്വേ നടപടി സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള തീരുമാനം**

305 (4981) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ റീസർവ്വേ പൂർത്തിയാക്കുന്ന പ്രവൃത്തി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത തീരുമാനമെടുത്തത് എന്തുകൊണ്ടാണെന്നുള്ള കാര്യങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ)10-5-2018-ലെ സ.ഉ.(എം.എസ്) 181/2018/റവന്യൂ നമ്പർ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ ട്രെയിനിംഗ് സ്കൂളിൽ നിന്നും ട്രെയിനിംഗ് ലഭിച്ചവരെ ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാന്റ് സർവ്വേ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർവ്വേ വകുപ്പിലെ റീ-സർവ്വേ യൂണിറ്റുകളിലെ ജീവനക്കാരെ നിലവിൽ റീസർവ്വേ പ്രവർത്തനങ്ങൾക്കുപരിയായി സ്പെഷ്യൽ സർവ്വേ LA ജോലികൾ, LRM ജോലികൾ, NH ജോലികൾ എന്നിവയ്ക്കായും നിയോഗിച്ചുവരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാനത്തെ റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയുകയില്ല എന്ന വസ്തുത കണക്കിലെടുത്താണ് സർക്കാർ അംഗീകൃത ഏജൻസികിളുടെ സേവനം പ്രയോജനപ്പെടുത്തി റീ-സർവ്വേ നടത്താൻ തീരുമാനമെടുത്തത്.

**റീ-സർവ്വേ നടപടികൾ**

306 (4982) <u>ശ്രീ. കെ. എം.ഷാജി:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും വെളിപ്പെടുത്താമോ ;

(ബി) റീസർവ്വേ സംബന്ധിച്ച പരാതികൾക്ക് ശാശ്വതപരിഹാരം കാണുന്നതിന് റവന്യൂ-സർവ്വേ വകുപ്പുകളുടെ പ്രവർത്തനത്തിൽ ഏകോപനം വേണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും 30 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ പുരോഗതിയിലുമാണ്. റീ-സർവ്വേ കൂടാതെ ലാന്റ് റിക്കാർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം.), ലാന്റ് അസൈൻമെന്റ്, ലാന്റ് അക്വിസേഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വേ, കോടതി നിർദ്ദേശ പ്രകാരമുള്ള സർവ്വേ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായിവരുന്ന ജീവനക്കാരെ റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നല്കിവരുന്നു. കൂടാതെ ഫോറസ്റ്റ്, ദേവസ്വം, ഇൻഡസ്ട്രിയൽ, വഖഫ് തുടങ്ങിയ എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും ആവശ്യപ്രകാരമുള്ള സർവ്വേ പ്രവർത്തനങ്ങൾക്കും റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് ജീവനക്കാരെ

നിയോഗിച്ചുവരുന്നു. ഈ സാഹചര്യത്തിൽ റീ-സർവ്വേ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് കൃത്യമായി കണക്കാക്കുവാൻ കഴിയുകയില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ടറുടെ കീഴിൽ താലൂക്ക് തലത്തിൽ സൂപ്രണ്ട് ഓഫീസുകൾ ക്രമീകരിച്ച് സർവ്വേ-റവന്യൂ വകുപ്പുകളുടെ ഏകോപനത്തോടെ ജോലി ചെയ്യുന്ന തരത്തിൽ വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## റീ-സർവ്വേ റിക്കാർഡുകൾ ലഭ്യമാകാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

307 (4983) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വെ പൂർത്തിയാക്കാത്ത വില്ലേജുകളിൽ റിക്കാർഡുകളും സ്കെച്ചുകളും ലഭ്യമല്ലാത്തതു മൂലം ഉണ്ടാകുന്ന ഭരണപരമായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള പരിഹാരമായി എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വേ ട്രെയിനിംഗ് സ്കൂളിൽനിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാന്റ് സർവ്വേ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർവ്വേ വകുപ്പ് പുന:സംഘടിപ്പിച്ചും ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ചും സർവ്വേനടപടികൾ ത്വരിതപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

## സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ

308 (4984) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബാക്കി റീ-സർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) റീ-സർവ്വേ നടപടികൾക്കായി ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പുറം കരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 54.44% റീ-സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) റീ-സർവ്വേ കൂടാതെ ലാന്റ് റിക്കാർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം.), ലാന്റ് അസൈൻമെന്റ്, ലാന്റ് അക്വിസേഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വേ, കോടതി നിർദ്ദേശ പ്രകാരമുള്ള സർവ്വേ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായിവരുന്ന ജീവനക്കാരെ റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് നൽകി വരുന്നതിനാലും, കൂടാതെ ഫോറസ്റ്റ്, ദേവസ്വം, ഇൻഡസ്ട്രിയൽ, വഖഫ് തുടങ്ങിയ എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും ആവശ്യപ്രകാരമുള്ള സർവ്വേ പ്രവർത്തനങ്ങൾക്കും റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതിനാൽ സംസ്ഥാനത്തെ റീ-സർവ്വേ പൂർത്തിയാക്കൽ കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല.

(സി) റീ-സർവ്വേ നടപടികൾക്കായി ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വേ ട്രെയിനിംഗ് സ്കൂളിൽനിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ

നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി പുറംകരാർ നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ വില്ലേജുകളിലെ റീ-സർവ്വേ നടപടികൾ

309 (4985) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്; ഇനി ഏതെല്ലാം വില്ലേജുകൾ റീസർവ്വെ പൂർത്തിയാക്കാൻ ബാക്കിയുണ്ട്;വിശദമാക്കാമോ;

(ബി) റീസർവ്വെയുടെ അടിസ്ഥാനത്തിലുള്ള പരാതികൾ പരിഹരിയ്ക്കുന്നതിന് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എല്ലാ വില്ലേജുകളിലും റീ-സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആകെയുള്ള 12 വില്ലേജുകളിലും നാളിതുവരെ റീ-സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ റീ-സർവ്വേയുടെ അടിസ്ഥാനത്തിലുള്ള പരാതികൾ നിലവിലില്ല.

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആകെയുള്ള 12 വില്ലേജുകളിൽ ജീവനക്കാരുടെ അഭാവംമൂലം നാളിതുവരെ റീ-സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതുപ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാന്റ് സർവ്വേ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി പരീക്ഷണ സർവ്വേ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർവ്വേ വകുപ്പ് പുന:സംഘടിപ്പിച്ചും ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ചും സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുവാനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നുണ്ട്. മേൽ നടപടികൾ ആരംഭിക്കുമ്പോൾ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലുൾപ്പെടെ സംസ്ഥാനത്തിലെ കൂടുതൽ വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സർവ്വേയും ഭൂരേഖയും വകുപ്പിലെ നിയമനം

310 (4986) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര എന്നും എപ്പോൾ റിപ്പോർട്ട് ചെയ്യാൻ സാധിക്കുമെന്നും അറിയിക്കുമോ;

(ബി) സർവ്വേയും ഭൂരേഖയും വകുപ്പിലെ സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികയിൽ നടന്ന മുൻനിയമനങ്ങൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ആണോ നികത്തിയിട്ടുള്ളത് എന്നും മേൽപ്പടി നിയമനങ്ങൾ സ്ഥിരം നിയമനങ്ങളാണോ എന്നും വ്യക്തമാക്കുമോ;

(സി) ഇങ്ങനെ നടത്തിയ നിയമനങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ഉണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള ഒഴിവുകൾക്ക് തുടർച്ചാനുമതി വേണമെന്ന സാങ്കേതികത്വം വ്യക്തമാക്കാമോ?

### ഉത്തരം

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത 127 ഒഴിവുകളുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സർവ്വേയും ഭൂരേഖയും വകുപ്പിലെ സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികയിൽ നടന്ന മുൻനിയമനങ്ങൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിയിട്ടുള്ളതാണ്.

(സി) സർവ്വേ വകുപ്പിൽ നിലവിലുള്ള 2999 തസ്തികകളിൽ പി.എസ.സി. റാങ്ക് ലിസ്റ്റിൽ നിന്നുമാണ് നിയമനം നടത്തിയിരിക്കുന്നതെങ്കിലും പ്രസ്തുത തസ്തികകൾ സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനങ്ങൾക്കായി താൽക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ടവയാണ്. ആയതിനാലാണ് ഓരോ വർഷവും തുടർച്ചാനുമതി നൽകേണ്ടിവരുന്നത്. നിലവിൽ ടി താൽക്കാലിക തസ്തികൾക്ക് 30-9-2020 വരെ (ഒരു വർഷത്തേയ്ക്ക്) തുടർച്ചാനുമതി നൽകിയിട്ടുള്ളതിനാൽ സർവ്വേ വകുപ്പിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് തടസ്സങ്ങളില്ല.

## സർവ്വേയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ

311 (4987) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ എൽ.ഡബ്ല്യൂ.എ. വിഭാഗത്തിൽപ്പെട്ട ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ബി) 31-10-2019 അടിസ്ഥാനത്തിൽ 6 മാസത്തിൽ കൂടുതലായി എത്ര എൽ.ഡബ്ല്യൂ.എ. ഒഴിവുകളാണ് നിലവിലുള്ളത്; അറിയിക്കുമോ;

(സി) സർവ്വേയും ഭൂരേഖയും വകുപ്പിൽ സെക്കന്റ് ഗ്രേഡ് സർവ്വേയർക്ക് 31-10-2019 അടിസ്ഥാനമാക്കി സിനിയോരിറ്റി ലിസ്റ്റ് പ്രകാരം എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; ഇതിൽ നിന്നും വകുപ്പ് വിട്ടു പോയ എത്ര പേരാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) അപ്രകാരം വന്ന ഒഴിവുകൾ സർവ്വേയർ ഗ്രേഡ് 2 പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും നിയമനം ലഭിക്കാൻ അർഹമാണോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ എൽ.ഡബ്ല്യൂ.എ. വിഭാഗത്തിൽ 18 ഒഴിവുകൾ നിലവിലുണ്ട്.

(ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ 31-10-2019 അടിസ്ഥാനത്തിൽ 6 മാസത്തിൽ കൂടുതലായി 17 ഒഴിവുകൾ നിലവിലുണ്ട്.

(സി) സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികയിൽ 30-4-2018 വരെയുള്ള ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് ലഭ്യമാണ്. പ്രസ്തുത ലിസ്റ്റിൽ 779 പേർ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പട്ടികയിൽനിന്നും 18 ജീവനക്കാർ വകുപ്പ് വിട്ടുപോയിട്ടുള്ളതാകുന്നു.

(ഡി) സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികയിലെ നിലവിലുള്ള ഒഴിവുകളിൽ (വകുപ്പ് വിട്ടുപോയതുൾപ്പെടെ) പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നാണ് നിയമനം നടത്തപ്പെടുന്നത്.

## ഗൃഹശ്രീ പദ്ധതി

312 (4988) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതിയുടെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഗൃഹശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് മങ്കട നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ നാളിതുവരെ ലഭ്യമായിട്ടുണ്ട്;

(സി) പ്രസ്തുത അപേക്ഷകളിൻമേൽ ഭവന നിർമ്മാണ ബോർഡിന്റെ വിഹിതം അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മങ്കട നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തുനിന്നും 2013-2016 വർഷങ്ങളിലായി 89 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 88 പേർ വീടുപണി പൂർത്തിയാക്കി എല്ലാ ഗഡുക്കളും കൈപ്പറ്റിയിട്ടുണ്ട്. ഒരാൾക്ക് ഭാഗികമായി പണി പൂർത്തിയാക്കിയതനുസരിച്ച് 3 ഗഡുക്കൾ നൽകിയിട്ടുള്ളതും ഇനി ഒരു ഗഡു നൽകുവാനുമുണ്ട്. 2017-18, 2018-19, 2019-20 വർഷങ്ങളിലായി മങ്കട നിയോജകമണ്ഡലത്തിൽനിന്നും 75 വീടുകൾക്കായി സ്പോൺസർമാരിൽനിന്നും (വ്യക്തികൾ/സംഘടന) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

2017-18, 2018-19 വർഷത്തെ ബഡ്ജറ്റിൽ ഗൃഹശ്രീ പദ്ധതിക്കായി തുക വകകൊള്ളിച്ചിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ ടി പദ്ധതിക്കുള്ള ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 19-10-2019-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനപ്രകാരം ലൈഫ്മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായും എൽ.എസ്.ജി.ഡി. അഡീഷണൽ ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്ത് തീരുമാനം എടുക്കാൻ ബോർഡിന് നിർദ്ദേശം നൽകിയിരുന്നു.

**ഭവന നിർമ്മാണ ബോർഡിന്റെ വളവനാട്ടുള്ള ഭൂമി**

313 (4989) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആലപ്പുഴ ജില്ലയിലെ വളവനാട്ടുള്ള ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച കൈമാറ്റ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വസ്തുവിന്റെ വില നിശ്ചയിച്ച് ഭവന നിർമ്മാണ ബോർഡിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) 6-3-2019-ൽ ബഹു. ധനകാര്യ-കയർ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ കൂടിയ ആലപ്പുഴ മൊബിലറ്റി ഹബ് പ്രോജക്ടിന്റെ അവലോകന യോഗത്തിൽ ആലപ്പുഴ വികസന പരിപാടിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ

താലൂക്കിലെ ഭവന നിർമ്മാണ ബോർഡ് വക 2.7385 ഹെക്ടർ (6.76 ഏക്കർ) ഭൂമിയുടെ വാല്യൂവേഷൻ തയ്യാറാക്കുന്നതിന് റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയും വാല്യൂവേഷൻ അനുസരിച്ചുള്ള തുക ഭവന നിർമ്മാണ ബോർഡിന് ബഡ്ജറ്റ് അലോക്കേഷൻ മുഖേന നൽകുവാനും തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ വാല്യൂവേഷൻ നിശ്ചയിച്ച് ഭൂമിയുടെ വില ബോർഡിന് ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

314 (4990) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള എറണാകുളം മറൈൻ ഡ്രൈവിലെ 18 ഏക്കർ ഭൂമിയിൽ 3500 കോടി രൂപ മുടക്കി ബൃഹത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് 2019-20 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ കൊച്ചി മറൈൻ ഡ്രൈവിന് സമീപം ബോർഡിന് സ്വന്തമായുള്ള 17.9 ഏക്കർ ഭൂമിയിൽ 3500 കോടി രൂപ മുതൽ മുടക്കി ഒരു പദ്ധതി നടപ്പിലാക്കുവാൻ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം 2019 ജൂൺ 20-ന് ബഹു. മുഖ്യമന്ത്രി കനകക്കുന്ന് കൊട്ടാരത്തിൽവച്ച് നടത്തുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### ഭവന നിർമ്മാണ ബോർഡ് മുഖേന വായ്പ പദ്ധതി

315 (4991) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകളും ഇതര ധനകാര്യ സ്ഥാപനങ്ങളും ഇടത്തരം വരുമാനക്കാർക്ക് അപ്രാപ്യമായിരിക്കെ, സ്വന്തം ഭവനമെന്ന അവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് മുഖേന മുൻ കാലങ്ങളിലെ പോലെ ഭവന വായ്പ പദ്ധതി നടപ്പിലാക്കുമോ;

(ബി) ഇതിനായി നാഷണൽ ഹൗസിംഗ് ഫൈനാൻസ് കോർപ്പറേഷൻ, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഭവന രംഗത്ത വിദേശ ഏജൻസികളിൽ നിന്നോ കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്ത് ഹൗസിംഗ് ബോർഡിനെ ഏല്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 1977 മുതൽ ദുർബല/താഴ്ന്ന/ഇടത്തരം/ഉയർന്ന വിഭാഗക്കാർക്കായി വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് ബോർഡ് നടപ്പിലാക്കി വന്നിരുന്നു. ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയായി ധനസമാഹരണം നടത്തിയാണ് ടി വായ്പാ പദ്ധതികൾ നടപ്പിലാക്കി വന്നിരുന്നത്. ആയതിന് സർക്കാർ ഗ്യാരന്റി നൽകിയിരുന്നു. പിന്നീട് സർക്കാർ ഗ്യാരന്റി നൽകാത്തതുകാരണം ഹഡ്കോയിൽനിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ ബോർഡിന് ധനസമാഹരണം സാധ്യമാകാത്തതിനാലാണ് പുതിയ ദുർബല/താഴ്ന്ന/ഇടത്തരം വിഭാഗത്തിൽപ്പെട്ട വായ്പാ പദ്ധതികൾ ആരംഭിക്കുവാൻ കഴിയാത്തത്. നാഷണൽ ഹൗസിംഗ് ഫൈനാൻസ് കോർപ്പറേഷൻ, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഭവന രംഗത്തെ വിദേശ ഏജൻസികളിൽനിന്നോ കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്ത് ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ**

316(4992) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡിന്റേതടക്കമുള്ള ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അതിന്റെ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്നറിയിക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് ഭവന പദ്ധതിയിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്കുവേണ്ടി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി അനുയോജ്യമായതും ഉപയോഗിക്കാതെ കിടക്കുന്നതുമായ സർക്കാർ വക ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപന വക ഭൂമിയും ഉപയോഗിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഭൂരഹിത-ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് അതാത് തദ്ദേശ സ്വംയഭരണ സ്ഥാപനതലത്തിൽ തന്നെ ഭൂമി ലഭ്യമാക്കി ഫ്ലാറ്റുകൾ/ക്ലസ്റ്റർ ഹോം നിർമ്മിച്ച് നൽകുന്നതിനാണ് ലൈഫ് മിഷൻ തീരുമാനിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി പരമാവധി എല്ലാ തലത്തിലുമുള്ള ഭൂമി ലഭ്യമാക്കുക എന്നുള്ളതാണ് ലക്ഷ്യം.

(സി) സംസ്ഥാനത്തെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭവനം നൽകുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് ലൈഫ് മിഷൻ. ആയതിനാൽ ഇതിന്റെ ഭാഗമായുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം ലൈഫ് മിഷൻ മുഖേന നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## റാന്നി മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

317 (4993) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിൽ എവിടെയൊക്കെയാണ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) റാന്നി താലൂക്കിൽ ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലമുണ്ട് എന്നും എത്ര വർഷമായി ഈ സ്ഥലം ഹൗസിംഗ് ബോർഡിന്റെ കൈവശം ഇരിക്കുന്നു എന്നും ഇവിടെ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ എന്നും അറിയിക്കുമോ;

(സി) നിരവധി സർക്കാർ ഓഫീസുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉള്ള റാന്നി താലൂക്കിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിൽ ഈ സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം (പേരൂർക്കട എൻ.സി.സി. നഗർ WWH)

2. കോട്ടയം ഗാന്ധി നഗർ (WWH)

3.എറണാകുളം (കാക്കനാട് WWH, ഇടപ്പള്ളി WWH)

4. തൃശ്ശൂർ (കിഴക്കേ ചാലക്കുടി WWH, പുല്ലഴി WWH,

മുളങ്കുന്നത്തുകാവ് WWH)

5. ഇടുക്കി (മുട്ടം WWH, കട്ടപ്പന WWH)

6. കോഴിക്കോട് (ചേവായൂർ WWH)

(ബി) റാന്നി താലൂക്കൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിൽ 1.02 ഏക്കർ സ്ഥലമുണ്ട്. 24 വർഷമായി ബോർഡിന്റെ കൈവശത്തിലുള്ള സ്ഥലം പ്ലോട്ടുകളായി വിൽപ്പന നടത്തുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ടി സ്ഥലം പ്ലോട്ടുകളായി വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം കൂടി നടന്നുവരുന്നു.

## ഗൃഹശ്രീ പദ്ധതി

318 (4994) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച് ഭവനനിർമ്മാണ ബോർഡ് മുഖേന വിജയകരമായി നടപ്പിലാക്കി വന്നതും രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡിയും ഒരു ലക്ഷം രൂപ വീതം ഉപഭോക്താവിന്റേയും സ്പോൺസറുടെയും വിഹിതവും ചേർത്ത് നാല് ലക്ഷം രൂപ ചെലവു വരുന്ന വീടുകൾ നിർമ്മിക്കുന്നതും തിരിച്ചടവ് ഇല്ലാത്തതുമായ ഗൃഹശ്രീ പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്;വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിനായി എത്ര അപേക്ഷകൾ നിലവിലുണ്ട്; 2019-20 കാലയളവിൽ ഈ പദ്ധതിയുടെ സബ്സിഡിക്കായി എന്ത് തുകയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പദ്ധതിയുടെ സബ്സിഡി തുക നാല് ലക്ഷം രൂപയായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗൃഹശ്രീ പദ്ധതി പ്രകാരം 2013 മുതൽ 2018 വരെ ബഡ്ജറ്റ് ഫണ്ട് ലഭിച്ചതനുസരിച്ച് നാളിതുവരെയായി 3054 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതും 169 വീടുകളുടെ നിർമ്മാണം ഘട്ടംഘട്ടമായി പൂർത്തീകരിച്ചുവരുന്നതുമാണ്.

(ബി) ഗൃഹശ്രീ പദ്ധതിപ്രകാരം 2017-20 വരെ സ്പോൺസർമാരിൽനിന്നും (വ്യക്തികൾ/സംഘടന) 3800 വീടുകൾക്കുള്ള അപേക്ഷകൾ നിലവിലുണ്ട്. 2019-20 കാലയളവിൽ ഗൃഹശ്രീ പദ്ധതിയുടെ സബ്സിഡിക്കായി ബഡ്ജറ്റിൽ 3236 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

**കാട്ടാക്കട മണ്ഡലത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ ഭവന സമുച്ചയം**

319 (4995) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി സംസ്ഥാന നിർമ്മിതികേന്ദ്രം നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സമുച്ചയ നിർമ്മാണം വൈകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാട്ടാക്കട പഞ്ചായത്തിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന് 2019-20 സാമ്പത്തിക വർഷം 374 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്ര ഡയറക്ടറുടെ ആവശ്യമനുസരിച്ച് ബഡ്ജറ്റ് വിഹിതം അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ഭവന നിർമ്മാണ ബോർഡ് പുന:സംഘടന**

320 (4996) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-3-2019 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ ഭവനനിർമ്മാണ ബോർഡിന്റെയും,

ഭവനനിർമ്മാണ വകുപ്പിന്റെയും പ്രസക്തി ഇല്ലാതായതിനാൽ അവ നിർത്തലാക്കുന്നത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ പി.ആന്റ്.എ.ആർ.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയെയും ഭവനനിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിരുന്നോ;

(ബി) ഇവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഭവനനിർമ്മാണ ബോർഡ് നിർത്തലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ വായ്പാ പദ്ധതികളോ തനത് നിർമ്മാണപദ്ധതികളോ ഇല്ലാതെ നിർജ്ജീവാവസ്ഥയിൽ തുടരുന്ന ബോർഡ് പുനസംഘടിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഭവന നിർമ്മാണ ബോർഡിനെ എന്തൊക്കെ ചുമതലകളാണ് ഏൽപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭവന നിർമ്മാണ വകുപ്പും സംസ്ഥാന ഭവന നിർമ്മാണ ബോർഡും നിർത്തലാക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് സർക്കാർ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) സംസ്ഥാന ഭവനനിർമ്മാണ ബോർഡോ, ഭവന നിർമ്മാണ വകുപ്പോ നിർത്തലാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി&ഡി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി കൊച്ചി മറൈൻ ഡ്രൈവിലുള്ള 17.09 ഏക്കർ ഭൂമിയിൽ ഓഫീസ്, കൊമേഴ്സ്യൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും സ്റ്റാർ ഹോട്ടലും സർവ്വീസ് അപ്പാർട്ടുമെന്റ്സും അടക്കമുള്ള അന്താരാഷ്ട്ര എക്സിബിഷൻ സിറ്റി പദ്ധതി PPP മാതൃകയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. മറ്റ് പുതിയ ചുമതലകൾ ഭവനനിർമ്മാണ ബോർഡിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നിലവിലെ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## തൃപ്പൂണിത്തുറ മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിന്റെ സ്ഥലം

321 (4997) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണ്ണിത്തുറ മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലം ഉപയോഗിക്കാതെ നിലവിലുണ്ട് എന്ന് അറിയിക്കുമോ;

(ബി) അവയുടെ വിശദാംശം വില്ലേജ് തിരിച്ച് വിശദമാക്കാമോ;

(സി) അവിടെ എന്തെല്ലാം പദ്ധതികളാണ് ബോർഡ് വിഭാവനം ചെയ്യുന്നതെന്ന് അറിയിക്കുമോ;

(ഡി) ആയതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) തൃപ്പൂണിത്തുറ മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ സ്ഥലമില്ല.

**ഹൗസിംഗ് വകുപ്പിലെ നിയമന രീതി**

322 (4998) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് (ടെക്നിക്കൽ സെൽ) വകുപ്പിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വകുപ്പിലെ നിയമനരീതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അവസരമില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹൗസിംഗ് കമ്മീഷണർ വകുപ്പിലെ ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് മുമ്പ് ഏത് വകുപ്പിൽ നിന്നാണ് നിയമനം നടത്തി വന്നിരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 19-4-1986-ലെ സ.ഉ.(സാധാ)നമ്പർ 64/86/ഭവനം ഉത്തരവ് പ്രകാരം ഹൗസിംഗ് കമ്മീഷണറേറ്റിൽ 18 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഹൗസിംഗ് (ടെക്നിക്കൽ സെൽ) വകുപ്പിൽ നിലവിൽ ചീഫ് പ്ലാനർ (ഹൗസിംഗ്), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥ പ്രകാരവും അസിസ്റ്റന്റ് എഞ്ചിനീയർ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2, ക്ലർക്ക്, ഡ്രൈവർ ഗ്രേഡ് 2, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ പി.എസ്.സി. മുഖേനയുമാണ് നിയമനം നടത്തുന്നത്.

(സി) ജില്ലാ കാര്യാലയങ്ങളോ, ഉപകാര്യാലയങ്ങളോ ഇല്ലാത്തതിനാൽ ജീവനക്കാർക്ക് പ്രൊമോഷൻ സാധ്യത വിരളമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഹൗസിംഗ് കമ്മീഷണറേറ്റിലെ ഒഴിവുകളിൽ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 2004 വരെയും ക്ലാർക്ക് തസ്തിയിൽ 2009 വരെയും ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നുമാണ് നിയമനം നടത്തിയിരുന്നത്. 2004 മുതൽ ഡ്രൈവർ ഗ്രേഡ് 2 തസ്തികയിലും തുടർന്ന് ഓഫീസ് അറ്റൻഡന്റ്, ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകളിലും പി.എസ്.സി. മുഖേനയാണ് നിയമനം നടത്തിവരുന്നത്.

**ചാലക്കുടി ഹൗസിംഗ് ബോർഡ് സ്ഥലത്ത് പ്രോജക്ട്**

323 (4999) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരത്തിന്റെ ഹൃദയഭാഗത്തെ ഹൗസിംഗ് ബോർഡ് വക വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് എന്തെങ്കിലും പ്രോജക്ട് നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് അനുയോജ്യമായ വാണിജ്യ സമുച്ചയം ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രത്യേക പ്രോജക്ടുകളൊന്നും ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല. ചാലക്കുടി ഭവന പദ്ധതിയിൽ കൊമേഴ്സ്യൽ ഏരിയ ആയി നിശ്ചയിച്ചിട്ടുള്ള സ്ഥലം ഭാരത് പെട്രോളിയം കോർപ്പറേഷന്റെ ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന് വാടകയ്ക്ക് നൽകുന്നതിനായി ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ വാണിജ്യ സമുച്ചയം പോലെയുള്ള പ്രോജക്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് തീരുമാനമൊന്നും എടുത്തിട്ടില്ല.

**കാലാവസ്ഥാ വ്യതിയാനം മത്സ്യസമ്പത്തിൽ വരുത്തിയ കുറവ്**

324 (5000) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മത്സ്യസമ്പത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) ഏതെങ്കിലും പ്രത്യേകയിനം മത്സ്യങ്ങൾക്കു കുറവ് വരുന്നുണ്ടോ;ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വകുപ്പുതല പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയരുന്നതും മഴയുടെ ലഭ്യത കുറയുന്നതും പ്രളയവും ചുഴലിക്കാറ്റും എല്ലാം മത്സ്യ ലഭ്യതയിൽ കുറവുണ്ടാക്കിയിട്ടുണ്ട്.

(ബി) ചാളയുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന ഫിഷറീസ് വകുപ്പ് നേരിട്ട് പഠനങ്ങൾ നടത്തിയിട്ടില്ല. CMFRI പോലുള്ള കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളാണ് പഠനങ്ങൾ നടത്തുന്നത്. CMFRI നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2012-ലെ കണക്കനുസരിച്ച് ഇന്ത്യയിലെ ചാളയുടെ ലഭ്യത 7.2 ലക്ഷം ടൺ ആയിരുന്നു. 2016 ആയപ്പോൾ ഇത് 2.7 ലക്ഷം ടൺ ആയി കുറയുകയും പിന്നീട് 2018-ൽ 3.4 ലക്ഷം ടൺ ആയി ഉയരുകയും ചെയ്തിട്ടുണ്ട്. ആനുപാതികമായി കേരളത്തിലെ ചാളയുടെ ലഭ്യത കുറയുന്ന പ്രവണതയാണ് കാണുന്നത്. കൂടാതെ തെക്കുപടിഞ്ഞാറൻ തീരത്തെ തുടർച്ചയായ കൊടുങ്കാറ്റുകളും മറ്റ് പ്രതികൂല കാലാവസ്ഥയുംമൂലം മത്സ്യബന്ധന ദിനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. എന്നിരുന്നാലും ഇന്ത്യൻ മത്തിയിനങ്ങളുടെ കാലാവസ്ഥാനുബന്ധ vulnerability വിശകലന പഠനം നടത്തിയപ്പോൾ തെക്കുപടിഞ്ഞാറൻ തീരത്ത് ചാളയുടെ vulnerability കുറവാണെന്നും ICAR-CMFRI കണ്ടെത്തിയിട്ടുണ്ട്. എങ്കിലും കാലാവസ്ഥ വ്യതിയാനത്തിന്റെയും കഴിഞ്ഞ കുറേ വർഷങ്ങളിലെ അമിത മത്സ്യബന്ധനത്തിന്റെയും കൂടാതെ അതിതീവ്ര കാലാവസ്ഥ പ്രതിഭാസങ്ങൾ മൂലമുണ്ടാകുന്ന മത്സ്യബന്ധന ദിനങ്ങളുടെ എണ്ണത്തിലെ കുറവിന്റെയും ഫലമായി ചാളയുടെ ലഭ്യതയിൽ വൻതോതിൽ കുറവുണ്ടാകുന്നു.

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പ്രവർത്തനം**

325 (5001) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) ഏതുവർഷം വരെയുള്ള കടങ്ങളാണ് ഇപ്പോൾ കമ്മീഷന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന എത്ര തുകയ്ക്കുള്ള വായ്പകളിലാണ് തീർപ്പ് ഉണ്ടായിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ അഞ്ചാം വകുപ്പ് പ്രകാരം ആക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ എല്ലാ അധികാരങ്ങളും ഉപയോഗിക്കാനും കാര്യനിർവ്വഹണത്തിന് അതിന്റേതായ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുവാനും കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്ട് )പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ട്. സഹകരണ ബാങ്കുകൾ, ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളാണ് കമ്മീഷൻ മുഖ്യമായും പരിഗണിച്ചത്. മത്സ്യത്തൊഴിലാളികൾ വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിന് അല്ലാതെ എടുത്തിട്ടുള്ള എല്ലാതരം വായ്പകളും കടാശ്വാസത്തിനായി പരിഗണിച്ചുവരുന്നു. 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്ട് 2018-ലെ 38-ാം ആക്ട് പ്രകാരം മത്സ്യത്തൊഴിലാളികൾ 2008 ഡിസംബർ 31 വരെ എടുത്ത വായ്പകൾ കൂടി കടാശ്വാസത്തിനായി പരിഗണിച്ചുവരുന്നു. 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ആക്ട് (2018-ലെ 38-ാം ആക്ട് )9 എ വകുപ്പ് പ്രകാരം കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിനായി ലഭിച്ച പരാതികൾ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്ത മത്സ്യത്തൊഴിലാളികളുടെയും മത്സ്യഫെഡ് മുഖേന വായ്പ ലഭിച്ച മത്സ്യത്തൊഴിലാളികളുടെയും ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും വായ്പ എടുത്ത മത്സ്യത്തൊഴിലാളികളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും

വായ്പയെടുത്ത മത്സ്യത്തൊഴിലാളികളുടെയും അപേക്ഷകൾ കടാശ്വാസത്തിന് അർഹത കണ്ടെത്തി കടാശ്വാസ തുക അനുവദിക്കാനായി ശിപാർശ ചെയ്തുവരുന്നു.

ആക്ടിലെ 9-ാം വകുപ്പനുസരിച്ച് വാണിജ്യ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നെടുത്ത കടങ്ങളെ സംബന്ധിച്ചിടത്തോളം RBI നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഒറ്റത്തവണ തീർപ്പാക്കലിലൂടെയാണ് കടാശ്വാസത്തുക നിശ്ചയിക്കേണ്ടത്. ഇതനുസരിച്ച് വിവിധ സ്ഥലങ്ങളിൽ വച്ച് നടത്തിയ അദാലത്തിൽ അപേക്ഷകരുടെ കടങ്ങൾക്ക് ആനുകൂല്യത്തുക നിശ്ചയിക്കുകയും XX (20-ാമത്) വരെയുള്ള അദാലത്ത് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്.

<u>മൊറട്ടോറിയം</u>

കടാശ്വാസ കമ്മീഷൻ ബിൽ കേരള നിയമസഭയുടെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിൽ ആയിരുന്നപ്പോൾതന്നെ മത്സ്യത്തൊഴിലാളികൾക്ക് ഒരു അടിയന്തര ആശ്വാസ നടപടി എന്ന നിലയ്ക്ക് സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും അവർ സ്വീകരിച്ച വായ്പകളിന്മേൽ എടുത്തിട്ടുള്ളതും തുടർന്ന് വരുന്നതുമായ ജപ്തി റിക്കവറി നടപടികൾക്ക് 2-11-2007 മുതൽ 6 മാസത്തേയ്ക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിക്കുകയും വിവിധ കാലഘട്ടങ്ങളിലായി ദീർഘിപ്പിച്ച് വരികയും ചെയ്യുന്നു.

(ബി) 31-12-2008 വരെയുള്ള കടങ്ങളാണ് ഇപ്പോൾ കമ്മീഷന്റെ പരിഗണനയിലുള്ളത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ, മത്സ്യഫെഡ്, നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് റീഫണ്ട് എന്നിങ്ങനെയായി ആകെ കടാശ്വാസത്തിനായി 1489.06 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം I *ആയി ചേർക്കുന്നു. സഹകരണ സംഘം രജിസ്ട്രാർ തീർപ്പാക്കിയ 3,96,72,267 രൂപയുടെ വായ്പകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II* ആയി ചേർക്കുന്നു. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് റീഫണ്ട് ആനുകൂല്യം നൽകിയ 63,38,728 രൂപയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III* ആയി ചേർക്കുന്നു.

നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകൾ, സർക്കാർ ധനകാര്യ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിൽനിന്നും ലോൺ വാങ്ങിയവർക്ക് കടാശ്വാസമായി കമ്മീഷൻ ശിപാർശ ചെയ്യുന്ന തുക അനുവദിക്കുന്നത് അതാത് ബാങ്കിന്റെ ഹെഡ് ഓഫീസിലേയ്ക്കാണ്. ടി വായ്പകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ക്രോഡികരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) മത്സ്യത്തൊഴിലാളി അല്ലെങ്കിൽ അനുബന്ധ മത്സ്യത്തൊഴിലാളി ആണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ (മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വം, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ) ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നുള്ള വ്യക്തിഗത വാർഷിക വരുമാനം 60,000 രൂപയിലും കുടുംബ വാർഷിക വരുമാനം 2,00,000 രൂപയിലും അധികരിക്കാത്ത വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട വായ്പ സ്ഥാപനത്തിൽനിന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം കമ്മീഷൻ സെക്രട്ടറിക്ക് നേരിട്ടോ, തപാൽ മുഖേനയോ നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതും കമ്മീഷൻ അതാത് ജില്ലകളിൽവച്ച് അർഹത കണ്ടെത്തുന്നതിനായി നടത്തുന്ന സിറ്റിംഗുകളിൽ പങ്കെടുക്കേണ്ടതുമാണ്. കടാശ്വാസത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളെ അവരവരുടെ ജില്ലകളിൽ/ഹെഡ് ഓഫീസിൽവച്ച് കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ നോട്ടീസ് അയച്ച് വരുത്തി കടാശ്വാസത്തിന് അർഹതാ നിർണ്ണയം നടത്തുന്നു. അർഹരായവരുടെ പട്ടിക തയ്യാറാക്കി കടാശ്വാസം അനുവദിക്കുന്നതിനായി ശിപാർശ ചെയ്യുന്നു. സഹകരണ സ്ഥാപനങ്ങളിലെ വായ്പകളെ സംബന്ധിച്ചിടത്തോളം ഫിഷറീസ് ഡയറക്ടറുടെ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനുംകൂടി ഒരുമിച്ച് ബന്ധപ്പെട്ട വായ്പ സ്ഥാപനങ്ങൾ സന്ദർശിച്ച് നടത്തുന്ന ആഡിറ്റ് പ്രകാരം കടാശ്വാസം നൽകേണ്ട തുക നിശ്ചയിക്കുന്നു. അപ്രകാരം നിശ്ചയിക്കുന്ന തുക സഹകരണ രജിസ്ട്രാർക്ക് റിലീസ് ചെയ്തു നൽകുന്നു. സഹകരണ രജിസ്ട്രാർ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക വരവ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ചിടത്തോളം കടാശ്വാസത്തിന് അർഹത കണ്ടെത്തിയ കേസ്സുകളിൽ കടാശ്വാസ കമ്മീഷൻ ബന്ധപ്പെട്ട ബാങ്ക് പ്രതിനിധികളുമായി സംയുക്തമായി നടത്തുന്ന അദാലത്തിൽ കടാശ്വാസമായി നൽകേണ്ട തുക നിശ്ചയിക്കുന്നു. തുടർന്ന് കമ്മീഷൻ സമർപ്പിക്കുന്ന ലിസ്റ്റ് പ്രകാരം ഫിഷറീസ് ഡയറക്ടർ ബന്ധപ്പെട്ട ബാങ്കുകൾക്ക് തുക റിലീസ് ചെയ്തു നൽകുന്നു.

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സബ്സിഡി ഇനത്തിൽ മണ്ണെണ്ണ

326 (5002) ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ് വഴി സബ്സിഡി ഇനത്തിൽ മണ്ണെണ്ണ നൽകാൻ പദ്ധതി നടപ്പിലാക്കിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ മണ്ണെണ്ണ സബ്സിഡി ഇനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭീമമായ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത സബ്സിഡി ഇനത്തിൽ കുടിശ്ശിക വരുത്താനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സർക്കാർ വരുത്തിയ കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) നടപ്പിലാക്കിയിരുന്നു. മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് തീരദേശ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള മണ്ണെണ്ണ ബങ്കുകൾ വഴി 2015 ജൂലൈ മുതൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്തുവരുന്നു. സബ്സിഡിയായി ലിറ്ററിന് 25 രൂപ വീതം ഡി.ബി.റ്റി. ആയി മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിൽ നൽകുന്നു. 2015-16-ൽ 6371.552 കിലോ ലിറ്റർ മണ്ണെണ്ണയാണ് വിതരണം നടത്തിയത്. ഇതിനായി 15.92 കോടി രൂപ ചെലവഴിച്ചു.

(ബി&സി) കുടിശ്ശിക വരുത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെപ്പറയുന്ന പ്രകാരം മണ്ണെണ്ണ വിതരണം ചെയ്തുവരുന്നു.

| വർഷം | അളവ് (കിലോലിറ്ററിൽ) | തുക (കോടി രൂപയിൽ) |
|---|---|---|
| 2016-17 | 13162.68 | 31.5 |
| 2017-18 | 20003.5 | 44.7 |
| 2018-19 | 15463.31 | 41.38 |

2019-20-ൽ ഇതിനകം ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ സബ്സിഡി തുകയായ 20.58 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ സബ്സിഡി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. 2019-20 വർഷം ഈ ഇനത്തിൽ 56.25 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**തീരദേശ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി പദ്ധതികൾ**

327 (5003) ശ്രീ. എസ്. ശർമ്മ:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി വഴി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനുള്ള പദ്ധതിയെക്കുറിച്ചും ഏതെല്ലാം ഹാർബറുകളാണ് കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(സി) ഹാർബർ നിർമ്മാണത്തിന് കേന്ദ്രസർക്കാരിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ ആഴം കൂട്ടാനുള്ള പദ്ധതിയെക്കുറിച്ചും പരീക്ഷണാടിസ്ഥാനത്തിൽ പൂന്തുറയിൽ നിർമ്മിക്കുന്ന ഓഫ് ഷോർ ബ്രേക്ക് വാട്ടറിനെക്കുറിച്ചും അറിയിക്കാമോ?

ഉത്തരം

(എ) തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി തീരസംരക്ഷണ പ്രവൃത്തികൾ, മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം, തീരദേശ സ്കൂളുകളുടെ

നവീകരണം, മത്സ്യ മാർക്കറ്റുകളുടെ നവീകരണം എന്നിവ കിഫ്ബി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾ (7 എണ്ണം), പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം, പൂന്തുറ ഓഫ് ഷോർ ബ്രേക്ക് വാട്ടർ എന്നിവയ്ക്ക് കിഫ്ബിയുടെ അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 294.72 കോടി രൂപയ്ക്ക് സ്കൂളുകളും 193.46 കോടി രൂപയ്ക്ക് മാർക്കറ്റുകളും നിർമ്മിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ 64.84 കോടി രൂപ അടങ്കൽ വരുന്ന 57 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും കിഫ്ബിയുടെ സൂക്ഷ്മപരിശോധന പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിലുൾപ്പെടുത്തി നടപ്പാക്കുന്ന മാർക്കറ്റുകളുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

(ബി) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം, ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖം എന്നിവയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും തുടർന്ന് പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന് 112.22 കോടി രൂപയുടെ അനുമതി കിഫ്ബി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ചുവരുന്നു.

ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ 98.16 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ പരിശോധിച്ചുവരുന്നു.

(സി) കേന്ദ്ര സർക്കാരിൽനിന്നും മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന് സഹായം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഹാർബറിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ലഭ്യമായകേന്ദ്ര വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം | 4949 | 1050 |
| 2 | ചേറ്റുവ മത്സ്യബന്ധന തുറമുഖം | 3024 | 2301 |
| 3 | താനൂർ മത്സ്യബന്ധന തുറമുഖം | 4487 | 2550 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം | 6399 | 3199.50 |
| 5 | വെള്ളയിൽ മത്സ്യബന്ധന തുറമുഖം | 3930.2 | 1750 |
| 6 | തലായ് മത്സ്യബന്ധന തുറമുഖം | 3479.5 | 1989.75 |
| 7 | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം | 4880 | 1880 |
| 8 | ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം | 2906 | 2179.5 |

(ഡി) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിൽ വാർഷിക ഡ്രെഡ്ജിംഗ് അത്യന്താപേക്ഷിതമാണ്. നിലവിൽ 50% കേന്ദ്ര ധനസഹായ പദ്ധതിയിലുൾപ്പെടുത്തി നീണ്ടകര മത്സ്യബന്ധന തുറമുഖ ബേസിന്റെ ഡ്രെഡ്ജിംഗ് (180 ലക്ഷം) പ്രവൃത്തി പുരോഗമിച്ചുവരുന്നു. പൂന്തുറ വലിയതുറ ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് NIOT ലഭ്യമാക്കിയ ഡിസൈൻ പ്രകാരം 100 മീറ്റർ നീളത്തിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടറുകൾ തീരത്തുനിന്നും 100 മീറ്റർ അകലത്തിൽ തീരത്തിന് സമാന്തരമായി നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതുമൂലം തീരത്തോടടുക്കുന്ന വൻതിരമാലകളുടെ ശക്തി കുറയുകയും തീരശോഷണ സാധ്യത ഇല്ലാതാകുകയും ചെയ്യും. ഇതോടൊപ്പംതന്നെ ഓഫ് ഷോർ ബ്രേക്ക് വാട്ടറിനും തീരത്തിനും ഇടയിലുള്ള ബീച്ച് നറിഷ്മെന്റ് ചെയ്ത് കരയാക്കി മാറ്റുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. NIOT -യുടെ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 17.80 കോടി രൂപയുടെ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ ലൈഫ് ജാക്കറ്റുകൾ**

328 (5004) <u>ശ്രീ. പാറക്കൽ അബ്ദുല്ല :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് ജോലിയിൽ ഏർപ്പെടുമ്പോൾ ധരിക്കാൻ ലഭ്യമാക്കിയ ലൈഫ് ജാക്കറ്റുകൾ ധരിച്ച് ജോലി ചെയ്യാൻ കഴിയില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധരിച്ച് അൽപം സമയം കഴിഞ്ഞാലുടൻ ശ്വാസതടസ്സം അനുഭവപ്പെടുമെന്നും കൂടാതെ വല വലിച്ച് കയറ്റാനടക്കം ഇതു തടസ്സമാകും എന്ന കാര്യവും പരിശോധിക്കുകയുണ്ടായോ;

(സി) സ്ഥലപരിമിതി കാരണം പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ കൊണ്ടുപോകാൻ മത്സ്യത്തൊഴിലാളികൾ മടിക്കുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ ഇക്കാര്യങ്ങളിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത് വരുന്ന ലൈഫ് ജാക്കറ്റിനെ സംബന്ധിച്ച് ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഓഖി ദുരന്തത്തിന്റെ ആഘാതം ഏൽക്കേണ്ടി വന്ന മത്സ്യത്തൊഴിലാളികൾക്ക് ഭാവിയിൽ ഇത്തരം ദുരന്തങ്ങളിൽനിന്നും രക്ഷ നേടുക എന്ന ലക്ഷ്യത്തോടെ ആദ്യ ഘട്ടത്തിൽ ഇൻഫ്ലാറ്റബിൾ ലൈഫ് ജാക്കറ്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ നൽകുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ മുഖേന ലഭ്യമായ കമ്പനികളുടെ ലൈഫ് ജാക്കറ്റുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് തീരുമാനിക്കുകയും എന്നാൽ ടി ഇൻഫ്ലാറ്റബിൾ ലൈഫ് ജാക്കറ്റുകൾ കഴുത്ത് ചുറ്റി രൂപ കൽപ്പന ചെയ്തിട്ടുള്ളതിനാൽ വായു നിറഞ്ഞ് കഴിയുമ്പോൾ കഴുത്ത് ഞെരുങ്ങുകയും ശ്വാസ തടസ്സമുണ്ടായി മത്സ്യത്തൊഴിലാളികൾക്ക് നീന്താൻ കഴിയാതെ വരുന്നതായും പ്രയോഗിക പരിശോധനയിൽ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാധാരണ രീതിയിലുള്ള ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് തീരുമാനിക്കുകയും 40,000 എണ്ണം സാധാരണ രീതിയിലുള്ള ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്ത് വരികയുമാണ്.

(സി) മത്സ്യത്തൊഴിലാളികൾ പൊതുവെ സുരക്ഷാ ഉപകരണങ്ങൾ കരുതുന്ന കാര്യത്തിൽ തൽപരരല്ല. എന്നാലും ഒരു മത്സ്യത്തൊഴിലാളി പോലും സുരക്ഷാ ഉപകരണങ്ങളുടെ അഭാവത്തിൽ കടലിൽ മരണപ്പെടരുത് എന്ന ലക്ഷ്യത്തോടെ ടി സുരക്ഷാ ഉപകരണങ്ങൾ മത്സ്യബന്ധനത്തിന് പോകുമ്പോൾ കരുതുന്നതിനുള്ള ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ സുരക്ഷാ ഉപകരണങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന വിധത്തിൽ കെ.എം.എഫ്.ആർ. ആക്ട്, റൂൾ എന്നിവയിൽ ഉൾപ്പെടുത്തി നിയമ വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2018 സെപ്റ്റംബർ 1 കെ.എം.എഫ്.ആർ. ആക്ട് ഭേദഗതിയിൽ മത്സ്യബന്ധന യാനങ്ങളിൽ ജീവൻ രക്ഷാ ഉപകരണങ്ങളും fire fighting ഉപകരണങ്ങളും നിഷ്കർഷിക്കയും 2019 സെപ്റ്റംബർ 1 മുതൽ നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തുന്ന യാനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും മത്സ്യത്തൊഴിലാളി നേതാക്കളുടെയും പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്ത് ടി വിഷയത്തിൽ ബോധവൽക്കരണം നടത്തിവരുന്നു. മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് സ്റ്റേഷനുകൾ, മത്സ്യഭവനുകൾ, ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവ വഴി ബോധവൽക്കരണം നടത്തുന്നുണ്ട്.

## മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്കും ആശ്രിതർക്കും നൽകുന്ന സഹായങ്ങൾ

329 (5005) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ടു വരവെ എത്ര തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അത്തരത്തിൽ മരണപ്പെട്ടിട്ടുള്ളവരുടെ ആശ്രിതരായ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ അവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ തലത്തിൽ നിന്നും ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ടുവരവെ സംസ്ഥാനത്ത് ആകെ 334 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 102 പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ മുഖേന മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽ മരണപ്പെട്ടവർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ അർഹതാ മാനദണ്ഡപ്രകാരം ഇൻഷ്വറൻസ് ക്ലെയിം തുകയായി 16-12-2017 വരെ 5,00,000 രൂപയും 17-12-2017 മുതൽ 10,00,000 രൂപയും അനുവദിക്കുന്നുണ്ട്. മത്സ്യബന്ധന സമയത്ത് അപകടംമൂലമല്ലാതെ ആകസ്മിക

കാരണങ്ങളാൽ മരണമടയുന്നവരുടെ കുടുംബത്തിന് 50,000 രൂപ നൽകുന്നുണ്ട്. കൂടാതെ മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 10,000 രൂപ അടിയന്തര മുൻകൂർ ധനസഹായം അനുവദിക്കുന്നുണ്ട്. 01-3-2018 മുതൽ PMJJBY/PMSBY പദ്ധതി പ്രകാരം അപകടമരണത്തിന് 4 ലക്ഷം രൂപയും ആം ആദ്മി ബീമായോജന പദ്ധതി പ്രകാരം അപകടമരണത്തിന് 75,000 രൂപയും അനുവദിക്കുന്നുണ്ട്. മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് വിധവാപെൻഷനും നൽകിവരുന്നു. ഓഖി ദുരന്തത്തിൽ കാണാതായവരുടെയും മരണമടഞ്ഞവരുടെയും കുടുംബത്തിന് 20 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി. ഇതുകൂടാതെ അവരുടെ മക്കളുടെ വിദ്യാഭ്യാസം മുന്നോട്ട് കൊണ്ടുപോകുന്നതിന് 2037 വരെ നീണ്ടുനിൽക്കുന്ന 13 കോടി രൂപയുടെ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 41 വിധവകൾക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകുകയും ചെയ്തു.

(സി) 7-12-2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി മത്സ്യബോർഡിൽ നടപ്പിലാക്കിവരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. അപകടമരണത്തിന് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയും പ്രധാൻമന്ത്രി സുരക്ഷാ ബീമയോജന, ആം ആദ്മി ബീമ യോജന എന്നീ പദ്ധതികൾ മത്സ്യബോർഡ് നടപ്പിലാക്കിവരുന്നു.

17-12-2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/അവരുടെ നിയമാനുസൃത ആശ്രിതർക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## മത്സ്യബന്ധന യാനങ്ങൾ, വല മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് ഇൻഷ്വറൻസ്

330 (5006) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനയാനങ്ങൾക്കും, വല, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കുമുള്ള ഇൻഷ്വറൻസ് സ്കീമിൽ ഏതു സമയത്തും ചേരാൻ പറ്റുമോ; പണം അടയ്ക്കാനുള്ള സൗകര്യം വകുപ്പ് ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനായുള്ള അപേക്ഷ ഫോറങ്ങൾ എവിടെയാണ് ലഭിക്കുന്നത്;

(സി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത സ്കീമിൽ എത്ര യാനങ്ങൾ രജിസ്റ്റർ ചെയ്ത് പണമടച്ചിട്ടുണ്ട്; സംസ്ഥാനത്ത് ഇതുവരെ ആകെ എത്ര വള്ളങ്ങൾ സ്കീമിൽ അംഗങ്ങളായിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഭരണാനുമതി നൽകുന്ന സാമ്പത്തിക വർഷം തീരുന്നതിനുമുമ്പായി (മാർച്ച് 31) ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളാകാവുന്നതാണ്. ടി പദ്ധതിക്കായി ഗുണഭോക്തൃവിഹിതം ജില്ലാ ഓഫീസുകൾ മുഖേന അടയ്ക്കാവുന്നതാണ്. അപേക്ഷാ ഫോറവും മാർഗ്ഗ നിർദ്ദേശങ്ങളും മത്സ്യഭവനുകളിലും ജില്ലാ ഓഫീസുകളിലും ലഭ്യമാണ്.

(സി) 2018-19 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽനിന്നും 20 മത്സ്യബന്ധന യാനങ്ങൾ ഇൻഷ്വറൻസ് പരിരക്ഷ പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 647 യാനങ്ങൾ ടി പദ്ധതിയിൽ അംഗമായിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം പദ്ധതിക്കായുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള നടപടികൾ ജില്ലകളിൽ നടന്നുവരുന്നു.

**മഹാ ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ**

331 (5007) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹ ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ കടലാക്രമണത്തിന്റെയും ഫലമായി സംസ്ഥാനത്തെ തീരദേശമേഖലയിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എപ്രകാരമുള്ള നാശനഷ്ടങ്ങളാണ് സംഭവിച്ചതെന്നും ആയതു വഴി എത്ര തുകയുടെ നാശനഷ്ടം സംഭവിച്ചുവെന്നും എത്ര തുക ധനസഹായമായി നൽകിയെന്നും എത്രപേർക്ക് ആയതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങൾ എന്തൊക്കെയാണെന്നും എത്ര തുകയുടെ നാശനഷ്ടം

സംഭവിച്ചുവെന്നും എന്തൊക്കെ സഹായങ്ങൾ സർക്കാർ നൽകിയെന്നും എത്രപേർക്ക് ആയതിന്റെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മഹ ചുഴലിക്കാറ്റിന്റെയും അനുമൂലമുണ്ടായ കടലാക്രമണത്തിലും സംസ്ഥാനത്തെ തീരദേശ മേഖലയിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ തീര മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് പൂർണ്ണമായും ഭാഗികമായും നാശനഷ്ടമുണ്ടായതിനും വള്ളം, വല എന്നിവ നഷ്ടപ്പെട്ടതിനും യാനങ്ങളുടെ എഞ്ചിനുകൾക്ക് നാശനഷ്ടം സംഭവിച്ചതിനും ആനുകൂല്യങ്ങൾക്കായി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അനുപ്രകാരം എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചു എന്ന് തിട്ടപ്പെടുത്തി വരികയാണ്. കൂടാതെ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽപ്പെട്ട ഓരോ മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്.

(സി) മഹ ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിലെ ഫോർട്ട് കൊച്ചി, കണ്ണമാലി, മാനാശ്ശേരി എന്നീ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. നാശനഷ്ടത്തുക എത്രയെന്ന് തിട്ടപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ആർക്കും ധനസഹായം അനുവദിച്ച് നൽകിയിട്ടില്ല.

മഹ ചുഴലിക്കാറ്റിന്റെയും അതിതീവ്ര ന്യൂനമർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ മീൻ പിടിക്കാൻ പോകാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ഒരാഴ്ചത്തെ സൗജന്യ റേഷൻ നൽകുന്നതിനും ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന് 2,000 രൂപ വച്ച് 1,60,836 മത്സ്യത്തൊളിലാളി കുടുംബങ്ങൾക്ക് തുക അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

## പ്രളയ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

332 (5008) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ ചെങ്ങന്നൂർ മണ്ഡലത്തിൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്കും എൻജിനുകൾക്കും കേടുപാടുകൾ സംഭവിച്ച് നഷ്ടങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) നഷ്ടപരിഹാരത്തിനായി വകുപ്പ് തലത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്രപേർക്ക് നൽകുവാനുണ്ടെന്നും വിശദമാക്കാമോ;

(ഡി) ഇവർക്ക് നഷ്ടപരിഹാരം നൽകുവാനുണ്ടായ കാലതാമസത്തിന്റെ കാരണം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ ചെങ്ങന്നൂർ മണ്ഡലത്തിൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്കും എഞ്ചിനുകൾക്കും കേടുപാടുകൾ സംഭവിച്ച് നഷ്ടങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നഷ്ടപരിഹാരത്തിനായി വകുപ്പുതലത്തിൽ 295 അപേക്ഷകളാണ് ലഭിച്ചത്. അതിൽ ചെങ്ങന്നൂർ മണ്ഡലത്തിൽ 194 അപേക്ഷകളാണ് ലഭിച്ചത്.

(സി) ഇതിൽ 289 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 5 പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്.

(ഡി) ഇനി നഷ്ടപരിഹാരം നൽകാനുള്ള 5 അപേക്ഷകളിൽ എഞ്ചിനും വള്ളവും ഒന്നുംതന്നെ ഹാജരാക്കിയിട്ടില്ല എന്നതിനാലാണ് നഷ്ടപരിഹാരം നൽകാതിരുന്നത്. പ്രളയത്തിൽ രക്ഷാപ്രവർത്തനം നടത്തിയ ബോട്ടുകൾക്കും വള്ളങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടില്ല.

**ഉൾനാടൻ മത്സ്യകൃഷി**

333 (5009) <u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുതും വലുതുമായ കുളങ്ങളിലും പാടശേഖരങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ഉൾനാടൻ മത്സ്യഭവനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തിയും ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും ചെറുതും വലുതുമായ കുളങ്ങളിലും പാടശേഖരങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മത്സ്യ വിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിലവിലുള്ള ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ എന്നിവയുടെ പൂർത്തീകരണം, നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെ/ഹാച്ചറികളുടെ വികസനം, നടത്തിപ്പ്, സംരക്ഷണം, നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം മത്സ്യവിത്തുൽപ്പാദന യൂണിറ്റുകളുടെ നിർമ്മാണം എന്നിവയ്ക്കായി 1800 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതനുസരിച്ച് മത്സ്യവിത്തുൽപ്പാദന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നടപ്പുസാമ്പത്തികവർഷം വിവിധ സീഡ് ഫാമുകൾ/ഹാച്ചറികളിലായി 977.28 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പുതിയ ഉൾനാടൻ മത്സ്യഭവനുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യോൽപ്പാദനത്തിനും മത്സ്യ ഉദ്യാനകൃഷി വികസിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യബന്ധന വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി ഒന്നാം ഘട്ടമെന്ന നിലയിൽ 16 ഉൾനാടൻ മത്സ്യഭവനുകൾ പുതുതായി ആരംഭിക്കുകയും പ്രസ്തുത മത്സ്യഭവനുകളിൽ 16 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരുടെയും 16 ഫിഷറീസ് സബ് ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**ഇടക്കൊച്ചി ഫിഷ് ഫാമിൽ നവീകരണ പദ്ധതികൾ**

334 (5010) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ഇടക്കൊച്ചി ഫിഷ് ഫാമിൽ നടത്തുന്ന നവീകരണ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് ഇതിൽ പൂർത്തീകരിക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ആകെ എത്ര തുകയാണ് പ്രസ്തുത നവീകരണ പദ്ധതികൾക്കായി ചെലവഴിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ XX-ൽ ഉൾപ്പെടുത്തി ഇടക്കൊച്ചി ഫിഷ് ഫാം നവീകരണത്തിനായി 12.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി പ്രകാരം 8 പോണ്ടുകളുടെയും അതിനോടനുബന്ധിച്ചുള്ള കൾവർട്ടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള തുക വിനിയോഗിച്ചുകൊണ്ട് തുടർപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ 6.5x13m വലിപ്പമുള്ള 4 റിയറിംഗ് കുളങ്ങൾ, 4x2m വലിപ്പമുള്ള നഴ്സറി പോണ്ടുകൾ, ഓഫീസ്, സ്റ്റോർ, റസ്റ്റോറന്റ് വൈദ്യുതീകരണം എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) അഡീഷണൽ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി റസ്റ്റോറന്റ് കം ഓഫീസ് ബിൽഡിംഗ്, റിയറിംഗ് കുളങ്ങൾ, നഴ്സറി കുളങ്ങൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(സി) ഇടക്കൊച്ചി ഫിഷ് ഫാം നവീകരണത്തിനായി 1200.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതിൽ 902.41 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾ പൂർത്തിയാകുമ്പോൾ 1200.00 ലക്ഷം രൂപ പൂർണ്ണമായും ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇടക്കൊച്ചി ഫിഷ് ഫാമിൽ ടൂറിസം പദ്ധതി**

335 (5011) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണ്ണിത്തുറ നിയോജക മണ്ഡലത്തിലെ ഇടക്കൊച്ചി ഫിഷ് ഫാമിൽ ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ബ്രിഡ്ജ്, ബോട്ട് ജെട്ടി, ഫെൻസിംഗ്, ലാന്റ്സ്കേപ്പിംഗ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 116.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സൈക്കിൾ

336 (5012) ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സ്കൂൾ വിദ്യാർത്ഥികളായ കുട്ടികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് സൈക്കിൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഏതൊക്കെ സ്കൂളുകളിൽ നിന്നാണ് വിദ്യാർത്ഥികളുടെ പേരുവിവരം ലഭിച്ചതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ നൽകുന്ന പദ്ധതി 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയത് കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിലാണ്. നടപ്പ് വർഷ പദ്ധതിയിൽ തിരുവനന്തപുരം ജില്ലയെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

## പുതിയങ്ങാടിയിൽ പുതിയ ഐസ് പ്ലാന്റ്

337 (5013) <u>ശ്രീ .റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ നിലവിലുള്ള ഉപയോഗശൂന്യമായ ഐസ് പ്ലാന്റ് പൊളിച്ചുമാറ്റി പുതിയ ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് പത്തൊൻപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെയായി ഭരണാനുമതി ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കാൻ കാലതാമസമെന്താണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കടലോര മേഖലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സംസ്കരിക്കുന്നതിനാവശ്യമായ ഐസ് പ്ലാന്റുകളും മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ കോൾഡ് സ്റ്റോറേജും അത്യാവശ്യമാണ്. എന്നാൽ പുതിയങ്ങാടിയിൽ പുതിയ ഐസ് പ്ലാന്റ് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ തൊട്ടടുത്തുതന്നെ ഫിഷറീസ് പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രം സർക്കാരിന്റെ ആർദ്രം മിഷൻ പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നുണ്ട്. ആയതിനാൽ ഐസ് പ്ലാന്റിന്റെ പ്രവർത്തനം ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാൻ സാധ്യതയുണ്ട്. മാത്രവുമല്ല, ഐസ് പ്ലാന്റിന്റെ നിർമ്മാണത്തിനായുള്ള ശീർഷകത്തിൽ 2019-20 വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല.

**തഴക്കര, തെക്കേക്കര ഗ്രാമപഞ്ചായത്തുകളിലെ റോഡുകൾക്ക് അനുമതി**

338 (5014) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ മന്ദാലിൻക്ഷേത്രം - നിരവിനാൽ റോഡ്, തെക്കേക്കര ഗ്രാമപഞ്ചായത്തിലെ മാലിവേൽ എൽ.പി.എസ്-കുന്നേൽ ജംഗ്ഷൻ റോഡ് എന്നിവയുടെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ഭരണ-സാങ്കേതികാനുമതിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ മന്ദാലിൽ ക്ഷേത്രം - നിരവിനാൽ റോഡ് പ്രവൃത്തിക്ക് 1-11-19-ൽ 101.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നല്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽനിന്നും സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തെക്കേക്കര ഗ്രാമപഞ്ചായത്തിലെ മാലിവേൽ

എൽ.പി.എസ്.- കുന്നേൽ ജംഗ്ഷൻ റോഡ് പ്രവൃത്തിയുടെ 63.00 ലക്ഷം രൂപ അടങ്കൽ തുകവരുന്ന എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

## തലശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡുകളുടെ അടിസ്ഥാന സൗകര്യ വികസനം

339 (5015) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തീരദേശ റോഡുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഫണ്ട് അനുവദിച്ച മുഴുവൻ റോഡുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ റോഡുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഫണ്ട് അനുവദിച്ച മുഴുവൻ റോഡുകളുടെയും വിശദാംശം അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്നു

(ബി) പൂർത്തിയാക്കാത്ത പ്രവൃത്തികളും സ്വീകരിച്ച നടപടികളും അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

## മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് റോഡുകൾ

340 (5016) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച വിവിധ റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് നിർമ്മാണങ്ങൾക്കാവശ്യമായ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനും നിർമ്മാണത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 റോഡ് പ്രവൃത്തികൾക്ക് 965.11 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. ഇതിൽ 6 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2 റോഡ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സ്ഥലം പഞ്ചായത്തിൽനിന്നും രേഖാമൂലം കൈമാറി ലഭിക്കാത്തതിനാൽ സാങ്കേതികാനുമതി നൽകാൻ സാധിച്ചിട്ടില്ല. ഒരു റോഡ് പ്രവൃത്തിയുടെ ഭരണാനുമതി (110.00 ലക്ഷം) റദ്ദാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഭരണാനുമതി നൽകിയ 14 റോഡ് പ്രവൃത്തികളിൽ 8 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികനുമതി നൽകിയിട്ടുണ്ട്. ഇതിൽ 6 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2 റോഡ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി പഞ്ചായത്തിൽനിന്നും റോഡിനാവശ്യമായ സ്ഥലം രേഖാമൂലം കൈമാറി ലഭിക്കാനുണ്ട്. സ്ഥലം ലഭ്യമാകുന്നതിനനുസൃതമായി സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊഴിയൂർ - പരുത്തിയൂർ റോഡ് നിർമ്മാണം**

341 (5017) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ-പരുത്തിയൂർ റോഡ് തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ റോഡ് പുനർനിർമ്മാണത്തിന് എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണപ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം പൊഴിയൂരിലെ വിവിധ പ്രവൃത്തികൾ എറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ-പരുത്തിയൂർ റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി റോഡ് നിലവിൽ കുളത്തൂർ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത റോഡിന്റെ പുനർ നിർമ്മാണ ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഇതുവരെ ഏൽപ്പിച്ചിട്ടില്ല. തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ എന്ന പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിന് കുളത്തൂർ പഞ്ചായത്തിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കി റോഡ് വിട്ടുതന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന റോഡിന്റെ പുനർ നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതിന് പരിഗണിക്കുന്നതാണ്.

(ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൊഴിയൂരിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് യാതൊരു വിമുഖതയും കാണിക്കുന്നില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഏൽപ്പിക്കുന്ന പൊഴിയൂരിലെ വിവിധ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം**

342 (5018) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി പ്രദേശത്ത് കടൽക്ഷോഭം മൂലം ഉണ്ടാകുന്ന വ്യാപക നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് കടൽഭിത്തി നിർമ്മിക്കാൻ 2018-19-ലെ ബഡ്ജറ്റിൽ പറഞ്ഞ പ്രകാരമുള്ള തുക വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

2018-19-ലെ ബഡ്ജറ്റിലുള്ളതും ഭരണാനുമതി ഇല്ലാത്തതുമായ പ്രവൃത്തികളിൽ പരപ്പനങ്ങാടി സദാംബീച്ച്, ഹവൽ ബീച്ച്, പുത്തൻ കടപ്പുറം,

ഒട്ടുമ്മൽ, ചാപ്പപ്പടി, ആലുങ്ങൽ ഫിഷ് ലാന്റിംഗ് സെന്റർ, വളപ്പിൽ എന്നിവിടങ്ങളിൽ കടൽഭിത്തി നിർമ്മാണം (ബഡ്ജറ്റ് നമ്പർ 6495/262 Vol 2 ടോക്കൺ പ്രൊവിഷൻ 100 അടങ്കൽ തുക 5000 ലക്ഷം) ഉൾപ്പെട്ടിരുന്നു.

പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ വളപ്പിൽ മഖാമിലെ സി.പി. 1710-ന് സമീപത്ത് 100 മീറ്റർ നീളത്തിൽ ജിയോസിന്തറ്റിക് ട്യൂബ് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്നതിന് 84 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് 27-5-2019-ലെ സ.ഉ. (കൈ)നമ്പർ 20/2019/ജ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാർബർ ഡിപ്പാർട്ടുമെന്റ് പ്രസ്തുത സ്ഥലത്ത് ഒരു കോൺക്രീറ്റ് സംരക്ഷണവാൾ നിർമ്മിച്ചതിനാൽ കടൽഭിത്തി നിർമ്മാണം ആവശ്യമാണോയെന്ന് പുന:പരിശോധിക്കുന്നതാണ്.

കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ പരപ്പനങ്ങാടി പ്രദേശത്ത് സ.ഉ 15-6-2019-ലെ (കൈ)നമ്പർ 21/2019/ജവിവ ഉത്തരവ് പ്രകാരം തീരദേശമേഖലകളിൽ അടിയന്തരമായി കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കോർവാൾ ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## മത്സ്യഗ്രാമങ്ങളിലുള്ളവർക്ക് പട്ടയ വിതരണം

343 (5019) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ തങ്കശ്ശേരി, വാടി, പള്ളിത്തോട്ടം എന്നീ മത്സ്യഗ്രാമങ്ങളിലെ എത്രപേരുടെ പട്ടയത്തിനുള്ള അപേക്ഷയാണ് പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി)ഫിഷറീസ് വകുപ്പിൽ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് വാടിയിൽ നിന്നും ദേശീയ പാതയിലേയ്ക്കുള്ള റോഡ് വികസനത്തിന്റെ ഭാഗമായി 6

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ കൈവശം കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 249-ൽ സർവ്വേ നമ്പർ 46-ൽപ്പെട്ട 4.99 ആർ സ്ഥലം ഉപയോഗിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ടി കുടുംബങ്ങളിൽ പട്ടയമില്ലാത്ത 5 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് നിന്നും 2 സെന്റ് വീതം സ്ഥലം ഓരോ കുടുംബത്തിനും മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കൊച്ചി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ

344 (5020) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിൽ എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പ്രവൃത്തികളിൽ എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് സാങ്കേതികാനുമതി നൽകാനുള്ളത്; പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇനി ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി 235.80 ലക്ഷം രൂപയുടെ 7 പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | | |
| 1 | കുമ്പളങ്ങി ആഞ്ഞിലിത്തറ റോഡ് | 33 |
| 2 | കാട്ടിപ്പറമ്പ് കളത്തറ റോഡ് | 55 |
| 2017-18 | | |
| 1 | ചെല്ലാനം പഞ്ചായത്തിലെ വാർഡ് 14-ലുൾപ്പെട്ട ഫിഷർമെൻ കോളനി റോഡ് | 59.30 |
| 2 | കരിയിത്തറ റോഡ് | 24.10 |
| 3 | പോസ്റ്റ് ഓഫീസ് റോഡ് | 30 |
| 2018-19 | | |
| 1 | കുമ്പളങ്ങി സെന്റ് മേരീസ് റോഡ് | 15 |
| 2 | കുമ്പളം പഞ്ചായത്തിലെ മാഞ്ഞിലിക്കാട് ഫുട്ട്പാത്തിലെ ഇന്റർലോക്കിംഗ് പ്രവൃത്തി | 19.40 |
| | ആകെ | 235.80 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പ്രവൃത്തികളിൽ നബാർഡ് പ്രവൃത്തി, തീരദേശ റോഡ് പ്രവൃത്തികൾ ഉൾപ്പെടെ 1369.10 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും പൂർത്തീകരിക്കാനുള്ള കാലതാമസം സംബന്ധിച്ച വിവരങ്ങളും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

(സി) തീരദേശ റോഡുകളുടെ നിരവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ 261.20 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകാനുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനും ആക്ഷൻ ഹാൾ, ക്യാന്റീൻ, ഡോർമെറ്ററി, ഓവർഹെഡ് വാട്ടർ ടാങ്ക്, നെറ്റ്മെൻഡിംഗ് ഷെഡ്, ടോയ്‌ലെറ്റ് ബ്ലോക്ക്, ലോക്കർറൂം, പാർക്കിംഗ് ഏരിയ ആന്റ് ഡ്രെയിൻ, ഗിയർഷെഡ് എന്നിവ നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഏകദേശം 54 കോടി എസ്റ്റിമേറ്റ് തുക വരുന്ന ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തീരദേശ റോഡുകളുടെ വികസന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുകയും ഭരണാനുമതി നൽകാത്തതുമായ റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ.നമ്പർ | 2017-18 ലിസ്റ്റ് - 3 |
|---|---|
| 16 | ചെല്ലാനം പഞ്ചായത്ത് വാർഡ് 16-ലെ കുന്നേപ്പാലത്തിൽനിന്നും വടക്കോട്ട് ഉപ്പത്തക്കാട്ടുതോടിന് ഇരുവശവും കൽച്ചിറയോടുകൂടിയ നടപ്പാത നിർമ്മാണം. |
| | 2019-20 ലിസ്റ്റ് - 1 |
| 137 | വാർഡ്-10 പുത്തൻതോട് ഫിഷറീസ് ഗ്യാപ്പ് റോഡിൽനിന്ന് തെക്കോട്ട് റോഡ് |
| 138 | കണ്ണമാലി ഫിഷർമെൻ കോളനിയിലേക്കുള്ള ജനതാ റോഡ് നിർമ്മാണം |
| 139 | വാർഡ് 18 ചെല്ലാനം കമ്പനിപ്പടി കടപ്പുറം വരെ റോഡും അരികിൽ കവർ സ്ലാബോടുകൂടിയ കാനയും നിർമ്മാണം |
| 141 | കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് വാർഡ് 16-ലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന്. |
| | 2019-20 ലിസ്റ്റ് 5-ൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന എസ്റ്റിമേറ്റുകൾ ഭരണാനുമതിയ്ക്കായി സമർപ്പിക്കാനുണ്ട്. |
| 14 | കളത്തുമുറി മുതുകുപുരം റോഡ് |
| 15 | വാടച്ചിറ റോഡ് |
| 16 | സുനാമി കോളനി തറേപ്പറമ്പ് റോഡ് |
| 17 | പോട്ടമുറി കോളനി റോഡ് |

**ലൈവ്‌ലിഹുഡ് പദ്ധതി**

345 (5021) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തറ നിയോജകമണ്ഡലത്തിലെ കുമ്പളത്ത് നിർമ്മാണം ആരംഭിച്ച ലൈവ്‌ലിഹുഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ;

(ഡി) പദ്ധതി സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുമ്പളത്ത് നിർമ്മാണം ആരംഭിച്ച ലൈവ്‌ലിഹുഡ് പദ്ധതിയിൽ ഫില്ലിംഗ് വർക്കുകൾക്കുശേഷം പൈലിംഗ് വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ആകെ ഇരുന്നൂറ്റി മുപ്പത്തി രണ്ട് സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം വരുന്ന 12 സ്റ്റാൾ, ഒരു ചിൽ റൂം, ഒരു ലേല ഹാൾ എന്നീ നിർമ്മാണ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ടി പദ്ധതി 2020 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കശുവണ്ടി മേഖലയുടെ ആധുനികവൽക്കരണം**

346 (5022) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ.സി.ജോസഫ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയെ നിലനിർത്തുന്നതിനും അതിൽ പ്രവർത്തിക്കുന്ന പാവപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്വകാര്യമേഖലയിൽ പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാത്തത് എന്തുകൊണ്ടാണ്; വിശദമാക്കാമോ;

(സി) സ്വകാര്യ ഫാക്ടറികൾക്ക് പ്രവർത്തന മൂലധനമായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേക്ക് സർക്കാർ ഏറ്റെടുക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പ്രസ്തുത സഹായം നൽകി;അറിയിക്കാമോ;

(ഡി) കശുവണ്ടി വ്യവസായ മേഖലയുടെ ആധുനികവൽക്കരണത്തിന് എന്തൊക്കെ സഹായങ്ങളാണ് കാപ്പെക്സിനും, കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനും ഈ സർക്കാർ നൽകിയത്;

(ഇ) കശുവണ്ടി ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ എതൊക്കെയാണ്; അത് വിജയപ്രദമാണോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാദ്ധ്യത പുനഃക്രമീകരിച്ച് അധികവായ്പ നൽകിവരുന്നുണ്ട്. പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

സ്വകാര്യമേഖലയിൽ പൂട്ടിക്കിടന്നിരുന്ന 485 ഫാക്ടറികൾ ഇപ്പോൾ തുറന്ന് പ്രവർത്തിച്ചുവരുന്നുണ്ട്. നൂറോ നൂറിലധികമോ തൊഴിലാളികൾ ജോലി ചെയ്തുവരുന്ന ഫാക്ടറികളിൽ ഇനി തുറന്ന് പ്രവർത്തിക്കാനുള്ളത് 75-ൽ താഴെ ഫാക്ടറികൾ മാത്രമാണ്. പത്തുവർഷത്തിനിടയിൽ ആരംഭിച്ചതും വളരെ കുറച്ച് തൊഴിലാളികൾ ജോലി ചെയ്യുന്നതുമായ ഫാക്ടറികൾ മാത്രമാണ് ഇനി തുറന്ന് പ്രവർത്തിക്കാനുള്ളത്.

(ഡി) 2016-17 മുതൽ 2018-19 വരെ പദ്ധതി വിഹിതമായും ഗ്രാറ്റുവിറ്റി നൽകുന്നതിനായും ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനുമായി ആകെ 56.16 കോടി രൂപ കാപ്പെക്സിന് അനുവദിച്ചിട്ടുണ്ട്. 2019-20-ൽ ഈയിനത്തിൽ 2.50 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

കാപ്പെക്സ് ഫാക്ടറികളിലെല്ലാംതന്നെ ആധുനികവൽക്കരണത്തിന്റെയും ഭാഗികമായ യന്ത്രവൽക്കരണത്തിന്റെയും ഭാഗമായി ആവശ്യാനുസരണമുള്ള കട്ടിംഗ് മെഷീനുകൾ വാങ്ങി നൽകിയിട്ടുണ്ട്. പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ മുതലായവ വാങ്ങി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പൊളിച്ചു നീക്കി ആധുനിക സൗകര്യങ്ങളോടുകൂടി പുനർനിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും തൊഴിൽ സൗഹാർദ്ദ അന്തരീക്ഷം ഉണ്ടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോല തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷേമപദ്ധതികളായ ഇ.എസ്.ഐ., ഇ.പി.എഫ്, ആർ.ഡബ്ല്യൂ.എഫ്. മുതലായവ കുടിശ്ശിക കൂടാതെ അടച്ചുവരികയാണ്.

2016-17 മുതൽ 2019-20 വരെ പദ്ധതി വിഹിതമായും ഗ്രാറ്റുവിറ്റി ഇനത്തിലും ബാങ്കുകൾക്ക് കുടിശ്ശികയായ കടം ഒറ്റത്തവണ കൊടുത്തുതീർക്കുന്നതിനും ആധുികവൽക്കരണത്തിനും മറ്റുമായി 275 കോടിയിലധികം രൂപ അനുവദിച്ചിട്ടുണ്ട്. കെ.എസ്.സി.ഡി.സി.-ക്ക് 2017-18 സാമ്പത്തിക വർഷം ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി സർക്കാർ അനുവദിച്ച 40 കോടി രൂപ വിനിയോഗിച്ച് കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഫില്ലിംഗ്-പായ്ക്കിംഗ് ഷെഡ്ഡുകളുടെ നിർമ്മാണം, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ നിർമ്മാണം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ സ്ഥാപനം, ഡൈനിംഗ് ഹാൾ, തൊട്ടിപ്പുര, ഷെഡ്ഡുകളുടെ നവീകരണം, ആവശ്യത്തിന് ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയും സാധ്യമാക്കിയിട്ടുള്ളതാണ്.

(ഇ) <u>കാപ്പെക്സ്</u>

കാപ്പെക്സിലെ വിറ്റുവരവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ Pepper coated, Chilly coated, Roasted and salted കശുവണ്ടിപ്പരിപ്പ് എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്തുവരികയാണ്. ആഭ്യന്തര വിപണിയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന്റെ ഭാഗമായി 2019-20 കാലയളവിൽ റീട്ടെയിൽ സെയിൽസിനും ഫ്രാഞ്ചൈസി സെയിൽസിനും കൂടുതൽ പരിഗണന നൽകിവരികയാണ്. ആകെ വിറ്റുവരവിന്റെ 20% ആഭ്യന്തര വിപണിയിൽ വിൽപ്പന നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>കെ.എസ്.സി.ഡി.സി.</u>

കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ട് പരിപ്പിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ സോഡ, കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും കോർപ്പറേഷൻ ഉൽപ്പാദിപ്പിച്ച് വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്.

കാഷ്യൂ സൂപ്പ്, കാഷ്യൂ വിറ്റാ എന്നിവ ചൂടോടെ അപ്പപ്പോൾ ഉപയോഗിക്കാവുന്ന വിധത്തിലും വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്. കൂടാതെ കേരളാ ബ്രാൻഡ് ജംബോ സൈസ് കശുവണ്ടിപ്പരിപ്പ് കമ്പോളത്തിൽ വിൽപ്പനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്,

കശുവണ്ടിപ്പരിപ്പിന്റേയും മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെയും ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ മാർക്കറ്റ്ഫെഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും മാർക്കറ്റ്ഫെഡ് വഴി കേരളത്തിനകത്തും പുറത്തും കശുവണ്ടിപ്പരിപ്പ് വിറ്റഴിക്കുന്നതിനുള്ള വിപണി ശൃംഖല ആരംഭിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര മാർക്കറ്റിലെ കശുവണ്ടിപ്പരിപ്പിന്റെ വിപണനം ഇതിലൂടെ ഗണ്യമായ നിലയിൽ മെച്ചപ്പെട്ടിട്ടുള്ളതാണ്. കൂടാതെ തിരുപ്പതി ക്ഷേത്രത്തിലേയ്ക്ക് ലഡു ഉണ്ടാക്കുന്നതിനാവശ്യമായ കശുവണ്ടിപ്പരിപ്പ് നൽകുന്നതിനുള്ള കരാറിൽ കാഷ്യൂ കോർപ്പറേഷൻ ഏർപ്പെട്ടിട്ടുള്ളതും ഇപ്രകാരം 2 തവണകളായി 20 ടൺ സ്ലിറ്റഡ് കശുവണ്ടിപ്പരിപ്പ് തിരുപ്പതി ക്ഷേത്രത്തിലേയ്ക്ക് നൽകിയിട്ടുള്ളതുമാണ്.

കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിജയപ്രദമായാണ് നടന്നുവരുന്നത്.

**കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ**

347 (5023) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ കശുവണ്ടി ഫാക്ടറികളിൽ 2019 ജനുവരി ഒന്ന് മുതൽ ഒക്ടോബർ മുപ്പത് വരെ എത്ര ദിവസത്തെ തൊഴിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര സ്വകാര്യ കശുവണ്ടി ഫാക്ടറികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ;

(സി) എത്ര സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്നും അവയിൽ ശരാശരി എത്ര ദിവസം തൊഴിൽ നൽകുന്നതിന് ഈ വർഷം കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

(ഡി) എല്ലാ വിഭാഗം ഫാക്ടറികൾക്കും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി തൊഴിലാളികൾക്ക് പ്രതിവർഷം നൂറ്റി അമ്പത് ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2019 ജനുവരി 1 മുതൽ ഒക്ടോബർ 30 വരെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ കാപെക്സിൽ 171 ദിവസത്തെ തൊഴിലും കെ.എസ്.സി.ഡി.സി.-യിൽ 136 ദിവസത്തെ തൊഴിലും നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്ത് ആകെ 854 സ്വകാര്യ ഫാക്ടറികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| ജില്ല | സ്വകാര്യ ഫാക്ടറികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 90 |
| കൊല്ലം | 664 |
| പത്തനംതിട്ട | 38 |
| ആലപ്പുഴ | 52 |
| എറണാകുളം | 2 |
| തൃശ്ശൂർ | 3 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 4 |
| ആകെ | 854 |

(സി) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് കീഴിൽ 485 സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ശരാശരി 156 ദിവസത്തെ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കേരള കാഷ്യു ബോർഡിന്റെ വാർഷിക തോട്ടണ്ടി സംഭരണ ലക്ഷ്യം ഒരു ലക്ഷം ടണ്ണായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുമേഖലയിലേതുപോലെതന്നെ സ്വകാര്യമേഖലയിലേയും കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത തോട്ടണ്ടി ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു.

### കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

348 (5024) <u>ശ്രീമതി പി. അയിഷാ പോറ്റി:</u>
<u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. സജി ചെറിയാൻ:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മറ്റു രാജ്യങ്ങളിൽ നിന്നും അസംസ്കൃത കശുവണ്ടി ഇടനിലക്കാരില്ലാതെ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി അത്യുല്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ കൂടുതൽ പ്രദേശങ്ങളിൽ നട്ടു വളർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) പരമ്പരാഗത തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ എന്തെല്ലാം ആധുനികവത്കരണമാണ് ഈ മേഖലയിൽ കൊണ്ടുവരാൻ സാധിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) തോട്ടണ്ടിയുടെ ദൗർലഭ്യം കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളിലൊന്നാണ്. ഇറക്കുമതിയിലൂടെയാണ് കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നത്. എന്നാൽ ലഭ്യമായ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കലാണ് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ലക്ഷ്യമിടുന്നത്.

സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തര തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1.<u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധന സഹായമായി നൽകുന്നു.

2. <u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000/ രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. <u>മുറ്റത്തൊരു കശുമാവ്</u> - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതിപ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകിവരുന്നു.

4. <u>ഹൈഡെൻസിറ്റി പ്ലാന്റിംഗ്</u> - ഈ പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു.

5. <u>മാതൃക കശുമാവിൻ തോട്ടം</u> - സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുംകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

(ബി) അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് തുടർച്ചയായി കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്ന് നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്തുവരുന്നു. ഇതിനകം 20,000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഗവൺമെന്റ് ടു ഗവൺമെന്റ് സംവിധാനത്തിൽ തോട്ടണ്ടി നേരിട്ട് സംഭരിക്കാൻ കേരള കാഷ്യൂ ബോർഡ് ശ്രമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കേരള കാഷ്യൂ ബോർഡ്, ഐവറികോസ്റ്റിലെ കോട്ടൺ ആന്റ് കാഷ്യൂ

കൗൺസിലുമായി 18-4-2019-ൽ ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സമാന രീതിയിൽ സെനഗൽ സർക്കാരുമായും ഒരു ധാരണാപത്രം ഒപ്പിടുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കെ.എസ്.ഐ.സി.സി. അത്യുൽപ്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നതോടൊപ്പം, കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി കർഷക പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയും നടത്തുന്നുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കേരളത്തിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് കുറഞ്ഞ സ്ഥലത്ത് കൂടുതൽ തൈകൾ നടുക എന്ന ലക്ഷ്യത്തോടെ ഹൈഡെൻസിറ്റി പ്ലാന്റിംഗ് എന്ന പുതിയ രീതി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

(ഡി) പരമ്പരാഗത കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 2017-18 ബഡ്ജറ്റിൽ വകയിരുത്തി നൽകിയ 40 കോടി രൂപ വിനിയോഗിച്ച് ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനം, നവീകരണ പദ്ധതികൾ, അത്യാധുനിക രീതിയിലുള്ള ഫില്ലിംഗ്, പാക്കിംഗ് സെന്ററുകളുടെ സ്ഥാപനം, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, ആധുനികരീതിയിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകൾ, ഡൈനിംഗ് ഹാൾ, തൊട്ടിപ്പുര, ജോലിസ്ഥലത്ത് ആവശ്യത്തിന് ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവ തുടരുന്നു.

കാപ്പെക്സ് ഫാക്ടറികളിൽ ആധുനികവൽക്കരണത്തിന്റെയും ഭാഗികമായ യന്ത്രവൽക്കരണത്തിന്റെയും ഭാഗമായി ഷെല്ലിംഗ് സെക്ഷനുകളിൽ കട്ടിംഗ് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. അയതുപോലെ പീലിംഗ് ടേബിൾ, ട്രേഡിംഗ് ടേബിൾ എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ഘട്ടംഘട്ടമായി പൊതുമേഖലയിലെ മുഴുവൻ ഫാക്ടറികളും ആധുനികവൽക്കരിക്കാനും ഭാഗികമായി യന്ത്രവൽക്കരിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(നക്ഷത്രചിഹ്നമിടാത്ത 4819-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II റൂളിംഗ്

ചോദ്യങ്ങളുടെ എഡിറ്റിംഗ് സംബന്ധിച്ച പരാതി

മി. സ്പീക്കർ: 2019 ഒക്ടോബർ 31-ാം തീയതി ശ്രീ. സണ്ണി ജോസഫ് ചോദ്യോത്തരവേളയിൽ ഉന്നയിച്ച ചട്ടം 36 (2) പ്രകാരമുള്ള വ്യവസ്ഥയെ സംബന്ധിച്ചുള്ള റൂളിംഗ്.

2019 ഒക്ടോബർ 31-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 91-ാം നമ്പർ ചോദ്യം അഡ്മിറ്റ് ചെയ്തിട്ടുള്ളത് കേരള നിയമസഭയിലെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ, ചോദ്യങ്ങൾ അഡ്മിറ്റ് ചെയ്യുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന ചട്ടം 36 (2) (സി)-യിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് ചോദ്യോത്തരവേളയിൽ ചൂണ്ടിക്കാട്ടിയിരുന്നു. അക്കാര്യം പരിശോധിക്കാമെന്ന് ചെയർ തദവസരത്തിൽ ഉറപ്പ് നൽകുകയും വിഷയം പരിശോധിക്കുകയുമുണ്ടായി.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതുപോലെ പ്രസ്തുത ചോദ്യ നോട്ടീസിൽ 36 (2) (സി) പ്രകാരം ഒന്നാം പിരിവിലെ ആദ്യ ഭാഗം എഡിറ്റ് ചെയ്ത് ഒഴിവാക്കാമായിരുന്നു. ചോദ്യങ്ങളുടെ സാരാംശത്തിൽ മാറ്റംവരാതെ ചട്ടങ്ങളിലെ വ്യവസ്ഥയ്ക്ക് വിധേയമായി ആവശ്യമായ എഡിറ്റിംഗ് നടത്തേണ്ടതാണെന്നും ഭാവിയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരുകാര്യംകൂടി ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുകയാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 36-ലാണ് ചോദ്യങ്ങൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ, പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിരവധി ചോദ്യ നോട്ടീസുകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. വ്യവസ്ഥകൾ പാലിക്കാത്ത ചോദ്യ നോട്ടീസുകളിൽ സാരാംശത്തിന് ഭംഗംവരാതെ എഡിറ്റിംഗ് നടത്തിയാലും അതുസംബന്ധിച്ച് പലപ്പോഴും പരാതികൾ ഉയർന്നുവരാറുണ്ട്. ആയതിനാൽ പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുവേണം നോട്ടീസുകൾ നൽകേണ്ടതെന്നും അല്ലാത്തപക്ഷം ചട്ടം അനുശാസിക്കുംപ്രകാരം എഡിറ്റിംഗിന് വിധേയമാക്കുന്നതാണെന്നും ഒരിക്കൽക്കൂടി അറിയിക്കുകയാണ്.

ചോദ്യോത്തരങ്ങൾക്കായി സഭയിൽ നീക്കിവയ്ക്കുന്ന സമയത്തിന്റെ ഫലപ്രദമായ വിനിയോഗം സംബന്ധിച്ചും ബഹുമാനപ്പെട്ട അംഗങ്ങളെ ഒരു കാര്യം ഓർമ്മിപ്പിക്കുവാൻ ചെയർ ആഗ്രഹിക്കുകയാണ്. നക്ഷത്രചിഹ്നമിട്ട 30 ചോദ്യങ്ങളിൽ കേവലം രണ്ടോ മൂന്നോ ചോദ്യങ്ങളാണ് ഇപ്പോൾ മറുപടി പറയാൻ സഭാതലത്തിൽ വരുന്നത്. ഇതിന് പ്രധാനപ്പെട്ട കാരണം ഉപചോദ്യങ്ങൾക്ക് അവസരം കിട്ടുന്ന അംഗങ്ങൾ ആഗ്രഹിക്കുന്ന വിവരങ്ങൾ ആരായുന്നതിനുപകരം ചട്ടങ്ങൾ അനുശാസിക്കുന്നതിൽനിന്ന് വ്യത്യസ്തമായും ചെയറിന്റെ പലപ്പോഴുമുള്ള നിർദ്ദേശത്തിന് വിരുദ്ധമായും പ്രസ്താവനകൾ നടത്തുന്നതിനും നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നതിനും കൂടുതൽ സമയം എടുക്കുന്നുവെന്നുള്ളതാണ്. ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ നേരിട്ട് മറുപടി പറയുന്ന ചോദ്യങ്ങളുടെ എണ്ണം കുറയ്ക്കുകയും വളരെ ശ്രമകരമായി പഠിച്ച് ചോദ്യങ്ങൾ ചോദിച്ചിട്ടുള്ള മറ്റ് അംഗങ്ങളുടെ ചോദ്യങ്ങൾ സഭാതലത്തിൽ വരുന്നതിനും മറുപടി ലഭിക്കുന്നതിനും തടസ്സമാകുകയും ചെയ്യുന്നുണ്ട്. മാത്രമല്ല ഉപചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള മറ്റ് അംഗങ്ങളുടെ അവസരം നഷ്ടപ്പെടുത്തുകയും ചെയ്യുകയാണ് ഇതുവഴി സംഭവിക്കുന്നത്. ആവശ്യപ്പെടുന്ന എല്ലാ അംഗങ്ങൾക്കും അവസരം നൽകണമെന്നാണ് ചെയറിന്റെ ആഗ്രഹം. എല്ലാ മാനദണ്ഡങ്ങളും പാലിച്ച് വിവിധ കക്ഷിനേതാക്കളെയും മുൻ മന്ത്രിമാരെയുമെല്ലാം പരിഗണിച്ചുകൊണ്ടാണ് ഉപചോദ്യങ്ങൾ നൽകുന്നത്. ഉപചോദ്യങ്ങൾ ഉന്നയിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും ഇക്കാര്യത്തിൽ മിതത്വം പാലിക്കണമെന്നും എല്ലാ അംഗങ്ങൾക്കും അവസരം ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും അതുവഴി സഭയിൽ ചർച്ച ചെയ്യപ്പെടുന്ന ചോദ്യങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സഹകരിക്കണമെന്നും ചെയർ അഭ്യർത്ഥിക്കുകയാണ്.

## III അറിയിപ്പ്

### സമയക്ലിപ്തത പാലിക്കുന്നതുസംബന്ധിച്ച്

മി. സ്പീക്കർ: ഇന്ന് റൂൾ 50 പ്രകാരമുള്ള അടിയന്തരപ്രമേയം എടുക്കുന്നതിന് മുമ്പ് ഒരു കാര്യം ഓർമിപ്പിക്കാനുള്ളത്, ഇന്ന് ഉച്ചയ്ക്കുശേഷം 03.30-ന് ഗവർണ്ണർ പങ്കെടുക്കുന്ന ജി. കാർത്തികേയൻ - ഇ. കെ. നായനാർ മെമ്മോറിയൽ മാധ്യമ അവാർഡുകളുടെ വിതരണവും സഭാ ടി.വി.-യുടെ ലോഗോ പ്രകാശനവും അതിനുശേഷം നിയമസഭാംഗങ്ങൾ പങ്കെടുക്കുന്ന ചില കലാപരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ നിർദ്ദേശങ്ങൾ ഞങ്ങൾ പാലിക്കാം. പക്ഷെ, മൂന്ന് ബില്ലുകളാണ് ഇന്നത്തെ

കാര്യവിവരപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൂന്നര മണിക്ക് സഭാനടപടികൾ പൂർത്തിയാക്കുന്നത് എങ്ങനെയാണ്? ഇന്നലെ സഭാനടപടികൾ രാത്രി 07.00 മണിക്കാണ് അവസാനിച്ചത്. ഒന്നുകിൽ ഒരു ബിൽ അടുത്ത ദിവസത്തേയ്ക്ക് മാറ്റി വയ്ക്കണം.

മി. സ്പീക്കർ: അങ്ങയുടെ നിർദ്ദേശപ്രകാരം രണ്ട് ബില്ലുകൾ നേരത്തെ മാറ്റിയിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങേയ്ക്ക് ഒരു ബിൽ അടുത്ത ദിവസത്തേയ്ക്ക് മാറ്റി വയ്ക്കാവുന്നതാണ്.

മി. സ്പീക്കർ: ഇന്ന് ഏഴ് പേർ മാത്രമാണ് സംസാരിക്കാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സഭയുടെ സെൻസ് മനസ്സിലാക്കി അങ്ങേയ്ക്ക് ചെയ്യാവുന്നതേയുള്ളൂ. ഇന്ന് മൂന്നരയ്ക്ക് സഭാനടപടികൾ തീരുന്ന പ്രശ്നമേയില്ല; എങ്ങനെയാണ് തീരുന്നത്? എത്ര restrain ചെയ്താലും മൂന്നര മണിക്ക് തീരില്ലെന്നുള്ളത് അങ്ങേയ്ക്കും അറിയാവുന്നതാണ്. അതിനൊരു ഉപാധി അങ്ങ് കണ്ടുപിടിക്കണം.

മി. സ്പീക്കർ: ഇന്ന് അധികംപേർ സംസാരിക്കാനില്ല. ഞാൻ എന്റെ ഒരു അഭിപ്രായം പറയുന്നതിൽ അങ്ങേയ്ക്ക് വിരോധമുണ്ടോ? ടൈം മാനേജ്മെന്റ് എന്നുപറയുന്നത് ആധുനിക സമൂഹത്തിന്റെ മുഖലക്ഷണങ്ങളിലൊന്നാണ്. "Data is the new oil" എന്നാണ് ഇന്നലെ ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞത്. അതുപോലെ പുതിയകാലത്ത് " Time is money" ആണ്. ടൈം മാനേജ് ചെയ്തുകൊണ്ട് കാര്യങ്ങൾ നിർവ്വഹിക്കുക എന്നുപറയുന്നത് പുതിയ കാലത്തിന്റെ പ്രത്യേകതയാണ്. പണ്ട് നമ്മൾ പ്രസംഗിച്ചിരുന്നില്ലേയെന്ന് ചോദിച്ചാൽ, പണ്ട് നമ്മൾ കപ്പലിൽ യാത്ര ചെയ്ത് ഒരു മാസം എടുത്താണ് വിദേശത്തേയ്ക്ക് പോയിക്കൊണ്ടിരുന്നത്. ഇപ്പോൾ അങ്ങനെ ആരെങ്കിലും പോകുന്നുണ്ടോ? കാലം മാറുന്നതിനനുസരിച്ച് സമയത്തെ സംബന്ധിച്ചുള്ള ബോധ്യവും നമുക്കുണ്ടാകുന്നത് നല്ലതാണ്. ഞാനൊരു ഉദാഹരണം പറയാം. ഒരു വാദത്തിന് വേണ്ടി പറയുന്നതല്ല. എല്ലാ അംഗങ്ങൾക്കും ബാധകമാണ്. ആഫ്രിക്കയിൽ നടന്ന ഒരു ലോകസമ്മേളനത്തിൽ പങ്കെടുക്കാനുള്ള അവസരം എനിക്ക് ലഭിക്കുകയുണ്ടായി. അവിടെ ഇന്ത്യയിൽ നിന്നുള്ള വിവിധ യുവജനനേതാക്കൾ അതിൽ പങ്കെടുത്തിരുന്നു. അവിടുത്തെ പ്രസിഡന്റ് ഞങ്ങളോട് പറഞ്ഞത്, "we can conduct our meeting next day at 09.00 am." ഞങ്ങൾ എല്ലാവരും 08.55-ന് തയ്യാറായിരുന്നു. എന്നാൽ പ്രസിഡന്റ് വന്നത് രണ്ട് മണിക്കാണ്. യൂറോപ്പിൽ

നിന്നുള്ള ഒരാൾ എഴുന്നേറ്റ് നിന്നുകൊണ്ട് പറഞ്ഞു, this is undesirable, unbelievable, unimaginable എന്ന്. അദ്ദേഹം വളരെ സൗമ്യമായി ചോദിച്ചു "you don't have an idea about African time. This is Africa". സമയത്തെക്കുറിച്ചുള്ള ആധുനിക സമൂഹത്തിന്റെ വളർച്ചയിലേയ്ക്ക് ഞങ്ങൾ എത്തിയിട്ടില്ലായെന്ന് ആഫ്രിക്കൻ പ്രസിഡന്റ് തന്നെ പറയുകയാണ്. സമയബോധ്യം എന്നുപറയുന്നത് പുതിയ കാലത്തിന്റെയും പുതിയ സമൂഹത്തിന്റെയും വളർച്ചയുടെകൂടി മുഖലക്ഷണങ്ങളിലൊന്നാണ് എന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് 'brief is beautiful' എന്ന ഒരു തത്വം എല്ലാവരും പാലിക്കണമെന്നുള്ള ആഗ്രഹത്തിന്റെ പേരിൽ പറയുന്ന അഭിപ്രായമാണ്. ഞാൻ ആരെയും ഒഴിവാക്കുന്നില്ല. ഈ സഭയിലെ മന്ത്രിമാർ ഉൾപ്പെടുന്ന എല്ലാം അംഗങ്ങൾക്കും ഇത് ബാധകമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ടൈം മാനേജ്മെന്റിനെപ്പറ്റി പറയുന്നത് പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഇത് നിയമനിർമ്മാണ സഭയാണ്. നിയമങ്ങൾ തലനാരിഴകീറി പരിശോധിച്ച് സൂക്ഷ്മമായി കൈകാര്യം ചെയ്ത് പാസ്സാക്കേണ്ടതാണ്. അങ്ങ് ഇന്ന് പറഞ്ഞതനുസരിച്ച് മൂന്ന് ബില്ലുകളുടെ രണ്ടാം വായനയും ക്ലോസ് ബൈ ക്ലോസ് ചർച്ചയും നടത്തി മൂന്നര മണിക്ക് സഭ പിരിയണമെന്ന് പറഞ്ഞാൽ ഈ നിയമനിർമ്മാണ സഭ അതിന്റെ ഉത്തരവാദിത്വം പാലിക്കുന്നില്ലെന്നുള്ള ദൗർഭാഗ്യകരമായ കാര്യമായിരിക്കും ഇവിടെ നടക്കുന്നത്. ഏത് ചെറിയ ബില്ലാണെങ്കിലും ഓരോ ബില്ലും സഭയിൽ വരുമ്പോൾ ആ ബില്ലിന്റെ മൂലനിയമത്തെക്കുറിച്ചും ബില്ലിന്റെ അമെന്റ്മെന്റിനെക്കുറിച്ചുമൊക്കെ സംസാരിക്കുന്ന നല്ല കീഴ്വഴക്കമാണുള്ളത്. ചിലപ്പോൾ ഭേദഗതികളും ചർച്ചകളും വരും. അതുകൊണ്ട് ഒരു കാരണവശാലും നിയമനിർമ്മാണത്തിൽ വെള്ളം ചേർക്കുന്ന ഒരു നടപടിക്കും സഭ മുതിരരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് പറയുന്നത് ശരിയാണ്. അങ്ങ് ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ അതിൽ ഒതുങ്ങിനിന്ന് സംസാരിക്കാൻ ശ്രദ്ധിക്കാറുണ്ട്. പക്ഷെ പല പ്രസംഗങ്ങളും ബില്ലിൽ ഒതുങ്ങി നിന്നിട്ടാണോയെന്നുള്ളത് സ്വയം പരിശോധിക്കേണ്ടതാണ്. സ്വയംബോധ്യത്തിന്റെ അടിസ്ഥാനത്തിൽ എടുക്കേണ്ട കാര്യമാണ്. ഇതൊന്നും കർശനമായി ബലപ്രയോഗത്തിലൂടെ നടപ്പിലാക്കേണ്ട കാര്യമല്ല. ബലം പ്രയോഗിച്ച് ഒന്നര മണിക്ക് സഭ പിരിയുന്ന അനുഭവം ഇവിടെയുണ്ടായിരുന്നു. അങ്ങനെയൊരു രീതി നമ്മൾ സ്വീകരിച്ചിട്ടില്ല. മൈക്ക് ഓഫാക്കിയും, എന്ത് സംഭവിച്ചാലും ഉച്ചയ്ക്ക് ഒന്നര മണിക്കുതന്നെ സഭ പിരിയും. നമ്മുടെ മുൻകാല പരിണതപ്രജ്ഞരായ പലരും ആ രീതി സ്വീകരിച്ചിട്ടുണ്ട്. അതൊന്നും നമ്മൾ സ്വീകരിച്ചിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ ഇപ്പോൾ നടത്തിയിട്ടുള്ള പരാമർശത്തിൽ, ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായിരുന്ന സമയത്ത് കൃത്യമായി രാവിലെ 08.30-ന് സഭ തുടങ്ങി ഉച്ചയ്ക്ക് 01.30-ന് അവസാനിപ്പിച്ചിട്ടുണ്ട്. രണ്ടും മൂന്നും ബില്ലുകൾ എടുത്തിട്ടുണ്ട്. വിചാരിച്ചാൽ ഇതൊക്കെ കഴിയും. അദ്ദേഹം ഇടപെടേണ്ടതുപോലെ ഇടപെട്ടിട്ടുണ്ട്. അതിൽ ചിലപ്പോൾ കുറേ നിയന്ത്രണങ്ങൾ വച്ചിട്ടുമുണ്ടാകും. കൃത്യം 08.30-ന് തുടങ്ങി 01.30-ന് സഭ പിരിയുന്നതിനുമുമ്പ് മൂന്ന് ബില്ലുകൾ എടുത്ത അനുഭവം ഇവിടെയുണ്ട്.

# IV അടിയന്തരപ്രമേയം

## കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

മി. സ്പീക്കർ: സർക്കാരിന്റെയും കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന്റെയും കെടുകാര്യസ്ഥതയും പിടിപ്പുകേടുംമൂലം കെ.എസ്.ആർ.ടി.സി. ജീവനക്കാർ നേരിടുന്ന പ്രതിസന്ധിയും ബസ് സർവ്വീസുകൾ മുടങ്ങുന്നതുകാരണം സാധാരണ ജനങ്ങളനുഭവിക്കുന്ന കഷ്ടതയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം. വിൻസെന്റ് എം.എൽ.എ., ഉൾപ്പെടെയുള്ള അംഗങ്ങൾ നൽകിയിട്ടുള്ള നോട്ടീസ് പ്രകാരം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമല്ലെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. എന്റെ അനുഭവത്തിൽ ഈ സമ്മേളനത്തിൽ മാത്രമല്ല, ഇതിനുമുമ്പുള്ള പല സമ്മേളനങ്ങളിലും കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധിയെക്കുറിച്ച് പല തരത്തിലുള്ള ചർച്ചകളും നടത്തിയിട്ടുണ്ട്. മാറിമാറിവന്ന ഗവൺമെന്റുകളുടെ കാലത്തും അത്തരത്തിലുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. സഭ ചർച്ചചെയ്യാത്തതുകൊണ്ടുള്ള പ്രശ്നമല്ല കെ.എസ്.ആർ.ടി.സി.-യിലുള്ളതെന്നുള്ളതുകൊണ്ടാണ് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന നിലപാട് ഞാനിവിടെ വ്യക്തമാക്കിയത്. കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക പ്രതിസന്ധിയുണ്ട്. അതറിയാത്ത എം.എൽ.എ.-മാരാരും ഈ സഭയിലുണ്ടെന്ന് തോന്നുന്നില്ല. പ്രതിസന്ധിമൂലം ചില ഘട്ടങ്ങളിൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. തീരെ കൊടുക്കാതിരുന്നിട്ടില്ല, എന്നാൽ പൂർണ്ണതോതിൽ പലപ്പോഴായി കൊടുക്കാൻ

കഴിഞ്ഞിട്ടില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുക, ചെലവ് ചുരുക്കുക, സർക്കാരിന്റെ സാമ്പത്തിക സഹായം കൂടുതൽ ലഭ്യമാക്കാൻ ശ്രമിക്കുക എന്നിവയാണ് ഇതിനുള്ള പരിഹാരം. മുമ്പൊരുകാലത്തുമില്ലാത്തവിധത്തിൽ ഈ സർക്കാർ ഓരോ വർഷവും 1000 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ളത്. അത് പോരെന്നുള്ള അഭിപ്രായമുണ്ടാകും. പക്ഷേ ഈ രൂപത്തിലുള്ള സാമ്പത്തിക സഹായം ഇതിനുമുമ്പ് ഒരുകാലത്തും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടില്ല. സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്തിൽനിന്നും 5 കോടി രൂപയോളം മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കേണ്ടിവന്നതാണ് ഇപ്പോഴുണ്ടായ പ്രതിസന്ധിക്ക് കാരണം. മറ്റാവശ്യമെന്ന് പറയുന്നത്, ജീവനക്കാരുടെ ആവശ്യങ്ങൾക്കായി അടയ്ക്കാനുള്ള തുക അടച്ചതാണ്. അല്ലാതെ മറ്റ് തരത്തിൽ ചെലവായതല്ല. പെൻഷൻ തുക പൂർണ്ണമായും നൽകുന്ന ആദ്യത്തെ സർക്കാരാണിതെന്ന കാര്യവും നമ്മൾ ഈ ഘട്ടത്തിൽ ഓർക്കേണ്ടതുണ്ട്. ഞാൻ എല്ലാ അവകാശവാദങ്ങളും ഉന്നയിക്കുന്നില്ല. ഇന്നത്തെ പരിമിതമായ സാഹചര്യത്തിൽ നിന്നുകൊണ്ട് പരമാവധി കാര്യങ്ങൾ ചെയ്തുതീർക്കാനുള്ള ശ്രമങ്ങൾക്കിടയിലാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ രണ്ട് സുപ്രധാന കോടതി വിധികളുണ്ടായത്. ആ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരെ പിരിച്ചുവിടേണ്ടിവരികയും പി.എസ്.സി. അഡ്വൈസ് ചെയ്ത പ്രകാരം 2400-ലധികം കണ്ടക്ടർമാരെ നിയമിക്കേണ്ടതായും വന്നു. അത് പരിഹരിച്ചുവരുന്നതിനിടയിലാണ് ഡ്രൈവർമാരെ പിരിച്ചുവിടാനുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുണ്ടായത്. അതുകൊണ്ട്, പല സർവ്വീസുകളും നിർത്തലാക്കേണ്ടി വന്നിട്ടുണ്ട്. അതിനെല്ലാം പടിപടിയായി പരിഹാരം കണ്ടെത്താനുള്ള ആത്മാർത്ഥമായ ശ്രമം സർക്കാരും അതിനേക്കാൾ ഊർജ്ജിതമായ പ്രവർത്തനം കെ.എസ്.ആർ.ടി.സി.-യും നടത്തുന്നുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങ് ഒഴികെ ഈ സഭയിലുള്ള ആരും ഇപ്പോൾപ്പറഞ്ഞ വാദഗതിയോട് യോജിക്കില്ല. ഈ സഭയിൽ പല അടിയന്തരപ്രമേയങ്ങളും കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ സഭയിലെ ഭരണകക്ഷി അംഗങ്ങളുടെ മാനസിക പിന്തുണയുള്ള ഒരു അടിയന്തരപ്രമേയമായിരിക്കും ഇതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ ദിവസവും ഒരു ഭരണകക്ഷി എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് സംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചിരുന്നു. സർവ്വശ്രീ. കോവൂർ കുഞ്ഞുമോൻ, കെ. ബി. ഗണേഷ് കുമാർ തുടങ്ങിയ എം.എൽ.എ.-മാർ എത്ര തവണയാണ് ഇവിടെ ഇതുമായി ബന്ധപ്പെട്ട് ബഹളമുണ്ടാക്കിയിട്ടുള്ളത്. എല്ലാ കാര്യങ്ങളിലും സർക്കാരിനെ അഭിനന്ദിക്കുന്ന സർവ്വശ്രീ എ. എൻ. ഷംസീറും എം.

സ്വരാജും ഇക്കാര്യത്തിൽ പ്രതിഷേധവുമായി രംഗത്ത് വന്നിട്ടുള്ളത് അങ്ങ് കണ്ടിട്ടുണ്ട്. ദീർഘകാലം തൊഴിലാളിരംഗത്ത് പ്രവർത്തിക്കുകയും മന്ത്രിയായിരിക്കുകയും ചെയ്ത ശ്രീ. സി. ദിവാകരൻ, കഴിഞ്ഞ ദിവസം വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ബില്ലിന്റെ ചർച്ചാവേളയിൽ ഇത് അടച്ചുപൂട്ടണമെന്നുവരെ ക്ഷമകെട്ട് പറയുകയുണ്ടായി. അടച്ചുപൂട്ടണമെന്നുള്ള സെൻസിലല്ല പറഞ്ഞത്. ഈ സ്ഥാപനത്തെ നേരെയാക്കാൻ നിങ്ങൾക്ക് കഴിയാത്തതിലുള്ള നിരാശകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. കോടതി വിധി വന്നപ്പോഴാണ് ചില സർവ്വീസുകൾ റദ്ദാക്കിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കോടതിവിധി വന്നപ്പോൾ മാത്രമാണോ സർവ്വീസുകൾ റദ്ദാക്കിയിട്ടുള്ളത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, 10,000 രൂപ വരുമാനമില്ലാത്ത എല്ലാ സർവ്വീസുകളും റദ്ദാക്കണമെന്നാണ് പല ഡിപ്പോകൾക്കും കൊടുത്തിട്ടുള്ള നിർദ്ദേശം. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നത് ആരാണ്? 10,000 രൂപ വരുമാനമില്ലാത്ത ഷെഡ്യൂളുകൾ റദ്ദാക്കിയാൽ ആ ബസ്സിനെമാത്രം ആശ്രയിച്ച് യാത്ര ചെയ്യുന്ന സാധാരണക്കാരന് എന്ത് മറുപടിയാണ് കൊടുക്കാൻ കഴിയുക? തല ചായ്ക്കാൻ വീടില്ലാത്തവർ, ലൈഫ് പദ്ധതിപ്രകാരം അനുവദിക്കുന്ന 450 സ്ക്വയർഫീറ്റ് വീടിനുവേണ്ടി പഞ്ചായത്തുകൾ കയറിയിറങ്ങുന്ന ആയിരക്കണക്കിന് സാധാരണക്കാരായ ആളുകൾ, കൂലിപ്പണിക്കാർ, ക്ഷേമപെൻഷന്റെയും തൊഴിലുറപ്പിന്റെയും വരുമാനം കൊണ്ടുമാത്രം ജീവിക്കുന്നവർ, സ്കൂളുകളിലും കോളേജുകളിലും പഠിക്കാൻ പോകുന്ന സാധാരണക്കാരായ കുട്ടികൾ എന്നിവർ ഉൾപ്പെടെ കാൽ കോടിയിലധികം ആളുകളാണ് ഓരോ ദിവസവും കെ.എസ്.ആർ.ടി.സി.-യെ ആശ്രയിക്കുന്നത്. രാവിലെ ബസ് സ്റ്റോപ്പിൽ അതുവഴി പോകുന്ന വാഹനങ്ങളുടെ വിഷപ്പുകയും പൊടിയും ശ്വസിച്ചുകൊണ്ട് ആളുകൾ വന്നുനിൽക്കുമ്പോൾ 50 പേർ കയറേണ്ട സ്ഥാനത്ത് 150 പേരെയും കുത്തിനിറച്ച് ബസ്സ് വരികയും സാഹസികമായി അതിനകത്ത് കയറിക്കൂടി സൂചികുത്താനിടമില്ലാത്ത സ്ഥലത്ത് കാലുംകുത്തി ശ്വാസംമുട്ടി വിയർത്തൊലിച്ചുകൊണ്ടാണ് ആളുകൾ നരകയാത്ര നടത്തുന്നത്. വൈകുന്നേരവും വീട്ടിലേയ്ക്ക് പോകുമ്പോൾ ഈ സ്ഥിതി തുടരുകയാണ്. അടുത്ത ദിവസം വീണ്ടും രാവിലെ ബസ് സ്റ്റോപ്പിൽ ബസ് കാത്ത് നിൽക്കും, അവർക്ക് യാത്ര ചെയ്യാൻ വേറെ മാർഗ്ഗമില്ല. അങ്ങനെയുള്ളവരുടെ മുഖത്തുനോക്കി ബസ് സർവ്വീസ് നടത്തുമ്പോൾ 10,000 രൂപ വരുമാനമില്ലെങ്കിൽ സർവ്വീസ് റദ്ദാക്കുമെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? പാവപ്പെട്ടവർ ഓരോ ബസ്സിനും 10,000 രൂപ വരുമാനമുണ്ടാക്കി കൊടുക്കണമെന്നാണോ സർക്കാർ പറയുന്നത്? പത്ത് ഇലക്ട്രിക് ബസ്സുകൾ സർക്കാർ വാടകയ്ക്കെടുത്തു. നിങ്ങളുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഓരോ ബസ്സിനും ഒരു ദിവസം സർവ്വീസ് നടത്തുമ്പോൾ 10,000

രൂപ നഷ്ടമാണ്. അങ്ങനെ പത്ത് ബസ്സുകൾക്ക് ഒരു ദിവസം ഒരു ലക്ഷം രൂപയാണ് നഷ്ടം. ഒരു വർഷം 365 ലക്ഷം രൂപ നഷ്ടമാണ്. പത്ത് വർഷത്തേയ്ക്കാണ് നിങ്ങൾ കോൺട്രാക്ട് എടുത്തിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ അവതരിച്ച മിശിഹാമാരാണ് ഈ കരാറുണ്ടാക്കിയിരിക്കുന്നത്. പത്ത് വർഷംകൊണ്ട് 3650 ലക്ഷം രൂപ ഈ കോർപ്പറേഷന് നഷ്ടം വരുത്തുകയാണ്. Maha Voyage എന്ന കമ്പനിയുടെ നിയന്ത്രണത്തിലുള്ള പത്ത് വോൾവോ ബസ്സുകൾ വാടകയ്ക്കെടുത്തു. ആ ബസ്സുകൾക്ക് മഹാരാഷ്ട്രയിലെ ചില എൻ.സി.പി. നേതാക്കന്മാരുമായി ബന്ധമുള്ളതാണെന്ന് പറയപ്പെടുന്നു. ഈ ബസ്സുകൾ കർണ്ണാടകയിലെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് പരിശോധിച്ചു. പെർമിറ്റും ഇൻഷ്വറൻസുമില്ലാത്ത ബസ്സുകൾ വാടകയ്ക്കെടുത്ത് ഇവിടെ സർവ്വീസ് നടത്തുകയാണ്. ഇങ്ങനെയൊരു തീരുമാനം കെ.എസ്.ആർ.ടി.സി.-ക്ക് നാണക്കേടല്ലേ ഉണ്ടാക്കിയിരിക്കുന്നത്? സർവ്വീസുകൾ ഓരോന്നായി കെ.എസ്.ആർ.ടി.സി. റദ്ദാക്കിക്കൊണ്ടിരിക്കുകയാണ്. ബസ്സുകൾ വാടകയ്ക്കെടുത്താണ് ഓടിക്കുന്നതെങ്കിൽ ഇതിനെ "കേരള ഹയർ സർവ്വീസ് കോർപ്പറേഷൻ' എന്നുവിളിക്കുന്നതല്ലേ ഉചിതം? ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും സർവ്വശ്രീ വി. എസ്. ശിവകുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർ മന്ത്രിമാരുമായിരുന്ന യു.ഡി.എഫ്. ഭരണകാലത്ത് ഏതെങ്കിലും ഒരു ബസ് വാടകയ്ക്കെടുത്തിട്ടുണ്ടോ? അന്ന് ഇതുസംബന്ധിച്ച് ഒരു പ്രൊപ്പോസൽ വന്നപ്പോൾതന്നെ സി.ഐ.ടി.യു.-ക്കാർ പറഞ്ഞത് ഞങ്ങൾ ഈ കോമ്പൗണ്ടിൽ ഒരു വാടക ബസ്സുപോലും കയറ്റില്ലെന്നാണ്. ഇന്നും ഇതുപറഞ്ഞ സി.ഐ.ടി.യു.-ക്കാരൊക്കെ അവിടെത്തന്നെയുണ്ട്. എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ അവരുടെ പെൻഷൻ മുടങ്ങാതെ നൽകുമെന്നാണ് പറഞ്ഞത്. പെൻഷൻ മുടങ്ങിയിട്ട് ഇപ്പോൾ അഞ്ചുമാസം വരെയായി. 15 പേരാണ് പെൻഷൻ മുടങ്ങിയതിന്റെ പേരിൽ ചികിത്സതേടാൻ കഴിയാത്തവിധം കഷ്ടപ്പാട് അനുഭവിച്ചതിനെത്തുടർന്ന് ആത്മഹത്യ ചെയ്തത്. ഏറ്റവും ഒടുവിൽ ശിവദാസ് എന്നയാൾ ആത്മഹത്യ ചെയ്തപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് വിരമിച്ച ഒരു ജീവനക്കാരന്റെ മകൾ തന്റെ ഫേസ്ബുക്കിൽ മുഖ്യമന്ത്രിയുടെ ഓഫീസ് ടാഗ് ചെയ്ത് എഴുതിയ ഒരു പോസ്റ്റുണ്ട്. അത് എല്ലാവരെയും വേദനിപ്പിക്കുന്ന ഒരു കുറിപ്പാണ്. ആ കുറിപ്പ് തുടങ്ങുന്നത് ഇങ്ങനെയാണ് "ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന് ഒരു ഇടതുപക്ഷ അനുഭാവി എഴുതുന്നത്, ഇന്നലെവരെ സമരത്തിലുണ്ടായിരുന്ന ശിവദാസ് എന്നയാളുടെ മരണവാർത്ത ഞെട്ടലോടെയാണ് കേട്ടത്....." അദ്ദേഹത്തിന്റെ താമസസ്ഥലത്തെക്കുറിച്ചൊക്കെ അതിൽ വിവരിക്കുന്നുണ്ട്. മൂന്നര സെന്റ് സ്ഥലത്ത് ഒറ്റമുറി വീട്, അദ്ദേഹം ഒരു ഹൃദ്രോഗിയാണ്. മരുന്നിന്റെ ചെലവിനും മറ്റുമായി വീടിനുമുന്നിൽ തുണികൾ

ഇസ്തിരിയിട്ട് കൊടുക്കുന്ന ഒരു കട നടത്തുന്നുണ്ടായിരുന്നു. മാസങ്ങളായി പെൻഷൻ മുടങ്ങിയതുകൊണ്ട് ആ കടയിൽ നിന്ന് ലഭിക്കുന്ന വരുമാനം വീട്ടുചെലവുകൾക്കായി ഉപയോഗിക്കുന്നു. സ്വാഭാവികമായും മരുന്ന് രണ്ടാം സ്ഥാനത്തായി. പകൽ ജോലി ചെയ്യുന്നതുകാരണം റിലേ സത്യാഗ്രഹത്തിന് രാത്രി ഇരിക്കാമെന്നുള്ള ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുത്തു. അങ്ങനെ ഒരു ദിവസം സത്യാഗ്രഹം കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങാൻ ബസ് കയറിയപ്പോൾ നെഞ്ചുവേദന വന്ന് കുഴഞ്ഞുവീഴുകയായിരുന്നു. ഹൃദ്രോഗിയായ അയാളുടെ മരുന്ന് മുടങ്ങിയതുകൊണ്ടാണ്, മരുന്ന് വാങ്ങാൻ പൈസയില്ലാത്തതുകൊണ്ടാണ്, പകൽ വിശ്രമമില്ലാതെ ജോലി ചെയ്തിട്ടാണ് രാത്രി സമരത്തിനിറങ്ങിയത്. ഇത്രയും കാലം സി.പി.ഐ.(എം) അനുഭാവിയായിരുന്ന ആളാണ്, അയാളാണ് മരിച്ചത്. കഴിഞ്ഞ ഇലക്ഷനും വോട്ട് ചെയ്ത ആളാണ്. ഇങ്ങനെയുള്ള പതിനഞ്ചോളം ആളുകളാണ് ആത്മഹത്യ ചെയ്തത്. അഞ്ച് മാസം പെൻഷൻ മുടങ്ങിയപ്പോൾ, മുടങ്ങിയ പെൻഷൻ കൊടുക്കുന്നതിനുവേണ്ടി ഉദ്ഘാടനം നടത്തിയ സർക്കാരാണ് നിങ്ങളുടേത്. ഉദ്ഘാടനമല്ല, കെ.സ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ച് പെൻഷൻ കിട്ടാതെ മരണമടഞ്ഞവർക്കുവേണ്ടി അനുസ്മരണ സമ്മേളനമാണ് നിങ്ങൾ നടത്തേണ്ടിയിരുന്നത്. ഇതുപോലെ പരിഹാസ്യമായ ഒരു നടപടിയുണ്ടോ? ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിലിരുന്നപ്പോൾ 2456 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിരുന്ന സ്ഥാനത്ത് നിങ്ങൾ 101 ബസ്സുകൾ മാത്രമാണ് ഇറക്കിയത്. പുതിയ ബസ്സുകൾ ഇറക്കുന്നതിനുപകരം നിങ്ങൾ വാടക ബസ്സിന്റെ പിറകെ ഓടുകയാണ് ചെയ്തത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ജീവനക്കാർക്ക് അർഹമായ ശമ്പളപരിഷ്കരണം നടപ്പാക്കിയപ്പോൾ നിങ്ങൾ ശമ്പളപരിഷ്കരണം നിഷേധിക്കുകയാണ് ചെയ്തത്. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് കുടിശ്ശികയുണ്ടായിരുന്ന 42 ശതമാനം ഉൾപ്പെടെ 104 ശതമാനം ഡി.എ.-യും കുടിശ്ശിക തീർത്ത് ജീവനക്കാർക്ക് കൊടുക്കുകയുണ്ടായി. നിങ്ങൾ ഇപ്പോഴും 6 ശതമാനം ഡി.എ. കുടിശ്ശിക വരുത്തിയിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശരാശരി 35 ലക്ഷം ആളുകൾ ദിനംപ്രതി കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്ര ചെയ്തിരുന്നു. ഇന്ന് യാത്ര ചെയ്യുന്ന ആളുകളുടെ എണ്ണം 27 ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. അന്ന് 4900 ഷെഡ്യൂളുകൾ ഉണ്ടായിരുന്നത് ഇന്ന് 4200 ഷെഡ്യൂളുകളായി. 700 ഷെഡ്യൂളുകൾ കുറഞ്ഞിരിക്കുകയാണ്.

ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് നിയമനത്തിന്റെ കാര്യത്തിൽ സർവ്വകാല റെക്കോർഡായിരുന്നു കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായിരുന്നത്. ശ്രീ. വി. എസ്. ശിവകുമാർ മന്ത്രിയായിരുന്നപ്പോൾ 10 വർഷം സർവ്വീസുള്ള 4000 പേർക്ക് സ്ഥിരനിയമനം നൽകുകയും 20,235 പേരെ പി.എസ്.സി. വഴി

നിയമിക്കുകയും ചെയ്തു. ആകെ 25,000-ത്തോളം പേരെ നിയമിച്ചപ്പോൾ നിങ്ങൾ 9,560 പേരെ പിരിച്ചുവിടുകയാണ് ചെയ്തത്. മന്ത്രി അപ്പോഴും കോടതി വിധിയെന്നാണ് പറയുന്നത്. ഒരർത്ഥത്തിൽ ഇത് ചോദിച്ചുവാങ്ങിയ വിധിയല്ലേ? പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് കോടതിയിൽ കേസുമായി പോയപ്പോൾ ഇപ്പോൾ ഒഴിവുകളില്ലെന്നാണ് നിങ്ങൾ പറഞ്ഞത്. ആ സമയത്ത് 4000-ത്തോളം ഒഴിവുകൾ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായിരുന്നു. ഹർജിക്കാർ നിലവിലുള്ള താൽക്കാലിക ജീവനക്കാരുടെ എണ്ണം കോടതിയിൽ സമർപ്പിച്ചപ്പോൾ താൽക്കാലികമായി ജോലി നോക്കുന്നവരെ പിരിച്ചുവിടണമെന്ന് പറഞ്ഞു. കോടതി ഉത്തരവിനെത്തുടർന്ന് നിങ്ങൾ കണ്ടക്ടർമാരെ നിയമിച്ചു. 4000 പേർ റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്നെങ്കിലും ആയിരത്തി ചില്വാനം ആളുകളാണ് കണ്ടക്ടർമാരായി ജോലിയിൽ പ്രവേശിക്കാൻ വന്നത്. ഓരോ വർഷവും ഉണ്ടാകുന്ന റിട്ടയർമെന്റുകളുടെ എണ്ണം എടുത്താൽതന്നെ 1500-ഓളം ഒഴിവുകളാണ് ഉണ്ടാകുന്നത്. കെ.എസ്.ആർ.ടി.സി. എടുത്ത നിലപാടാണ് യഥാർത്ഥത്തിൽ താൽക്കാലികക്കാരെ പിരിച്ചുവിടാൻ കാരണമായത്. ഡ്രൈവർമാരുടെ കാര്യത്തിലും അതുതന്നെയാണ് സംഭവിച്ചത്. ഒഴിവില്ലായെന്ന് പറഞ്ഞപ്പോൾ, അവിടെയുള്ള താൽക്കാലിക ജീവനക്കാരുടെ കണക്ക് കോടതിയിൽ സമർപ്പിക്കുകയും അത് പരിശോധിച്ച കോടതി അവരെ പിരിച്ചുവിടാൻ പറയുകയും ചെയ്തു. നിലവിൽ ഇപ്പോഴും ഒഴിവുണ്ടല്ലോ? അതുകൊണ്ടാണ് ഇത് ചോദിച്ചുവാങ്ങിയ വിധിയെന്ന് പറയുന്നത്.

മി. സ്പീക്കർ: ...പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. വിൻസെന്റ്: സർ, ഈ പ്രതിസന്ധി മറികടക്കാൻ സർക്കാർ പ്രൊഫ. സുശീൽഖന്ന റിപ്പോർട്ട് നടപ്പിലാക്കി. എന്നാൽ കെ.എസ്.ആർ.ടി.സി. രക്ഷപ്പെട്ടില്ല. ആ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുമുമ്പ്, ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിലിരുന്നപ്പോൾ ആകെ കടം 2130 കോടി രൂപയാണ്. 1965-ൽ കെ.എസ്.ആർ.ടി.സി. രൂപം കൊണ്ടതുമുതലുള്ള കണക്കാണ്. ഇപ്പോൾ അത് 4320 കോടി രൂപയായി മാറിയിരിക്കുന്നു. ഉമ്മൻ ചാണ്ടി സർക്കാർ പകുതി പെൻഷൻ ബാധ്യത ഏറ്റെടുത്തെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ഏതെങ്കിലും ഒരു കാലയളവ് നിശ്ചയിച്ചല്ല അദ്ദേഹം ബാധ്യത ഏറ്റെടുത്തത്. എല്ലാ കാലത്തേയ്ക്കും വേണ്ടിയാണ്. നിങ്ങൾ പെൻഷൻ ബാധ്യത മുഴുവൻ ഏറ്റെടുത്തത് പ്രൊഫ.സുശീൽഖന്ന റിപ്പോർട്ട് നടപ്പിലാക്കുന്ന രണ്ട് വർഷത്തേയ്ക്ക് മാത്രമാണെന്നുള്ളതാണ് വ്യത്യാസം. പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ആ രണ്ടു വർഷം കൊണ്ട് കെ.എസ്.ആർ.ടി.സി. ലാഭത്തിലാകുമെന്നാണ് നിങ്ങൾ പറഞ്ഞത്. ലാഭത്തിലാകുന്ന രണ്ടുവർഷക്കാലത്തേയ്ക്ക് ശമ്പളവും പെൻഷനും ഞങ്ങൾ കൊടുക്കുമെന്നാണ് പറഞ്ഞത്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ് . 12 മിനിറ്റായി.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കെ.എസ്.ആർ.ടി.സി. ഇപ്പോൾ ഭീകരമായ പ്രതിസന്ധിയിലേയ്ക്കാണ് പോകുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് കേരളത്തിൽ നിന്നും ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് സൂപ്പർ ക്ലാസ്സ് സർവ്വീസുകളിലൂടെയാണ്. ആ സൂപ്പർ ക്ലാസ്സ് സർവ്വീസുകളിലേയ്ക്കുള്ള 390 പുതിയ ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കിയിരിക്കുകയാണ്. ഒന്നരവർഷം കഴിയുമ്പോൾ 2,500 ബസ്സുകളുടെ ഓട്ടം നിലയ്ക്കും. അന്ന് പുതിയ ഗവൺമെന്റ് വരുമ്പോൾ സൂപ്പർ ക്ലാസ്സ് റൂട്ടുകളിലേയ്ക്ക് ഓടിക്കാൻ ഒരു ബസ്സുപോലുമുണ്ടാകില്ല. 2000 ബസ്സുകൾ ഇറക്കണമെന്ന് വിചാരിച്ചാൽതന്നെ ഒന്നരവർഷം വേണ്ടിവരും. കെ.എസ്.ആർ.ടി.സി. പൂർണ്ണമായും നിന്നുപോകുന്ന അവസ്ഥയാണ്. പമ്പുകൾ കൊണ്ടുവരാൻ ശ്രമിക്കുന്ന ഗവൺമെന്റ്, ബസ്സുകൾ കൊണ്ടുവരാൻകൂടി ശ്രമിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശമ്പളം മുടങ്ങിയിരിക്കുകയാണ്. ഇൻസ്റ്റാൾമെന്റായിട്ടാണ് ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ മാസം ശമ്പളത്തിന്റെ 60 ശതമാനം കൊടുത്തു. ഇനി വരുന്ന അടുത്ത മാസം ശമ്പളം തന്നെ കിട്ടുമെന്നുറപ്പില്ല. ഈ നിലയിൽ ശമ്പളം മുഴുവനും കൊടുക്കാതെ പെൻഷൻകാരെ ബുദ്ധിമുട്ടിച്ചുകൊണ്ട് സർവ്വീസുകൾ റദ്ദാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. എല്ലാം ശരിയാക്കും എന്നുപറഞ്ഞാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നത്. 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്ന് ജനങ്ങൾ വിശ്വസിച്ചു. ഇന്ന് അതേ ജനങ്ങൾ 'എൽ.ഡി.എഫ്. പോകും എല്ലാം ശരിയാകും' എന്ന് വിശ്വസിക്കുന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. യഥാസമയം ബസ്സുകൾ ഓടിക്കാതെ, സർവ്വീസുകൾ റദ്ദ് ചെയ്തുകൊണ്ട്, വിദ്യാർത്ഥികൾക്കുള്ള ഓർഡിനറി ബസ്സുകൾ റദ്ദാക്കിക്കൊണ്ട്, സ്കൂൾ/കോളേജ് സമയം തെറ്റിച്ച് ബസ് ഓടിച്ചുകൊണ്ട് സാധാരണക്കാരായ യാത്രക്കാരെ സർക്കാർ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട മെമ്പർ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പ് ഞാൻ സംസാരിച്ചപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ ഒരു പ്രതിസന്ധിയുമില്ല എന്ന് പറഞ്ഞിട്ടില്ല. സാമ്പത്തിക പ്രതിസന്ധിയുണ്ട് എന്നുതന്നെയാണ് ഞാൻ പറഞ്ഞത്. അത് ഏതെങ്കിലുമൊരു ഗവൺമെന്റിന്റെ കാലത്തുണ്ടായ സാമ്പത്തിക പ്രതിസന്ധിയല്ലെന്ന് അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ട്. ഇതിനുമുൻപ് യു.ഡി.എഫ്.

ഭരിച്ചിരുന്നപ്പോഴുള്ള ബഹുമാനപ്പെട്ട മുൻ മന്ത്രിമാർ ഇവിടെ ഇരിപ്പുണ്ട്. അന്നും ഈ സഭയിൽ ഇതുപോലുള്ള പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇത് ഈ സർക്കാരിന്റെ സൃഷ്ടി മാത്രമല്ല എന്നാണ് അന്നത്തെ ബഹുമാനപ്പെട്ട മന്ത്രിമാരും മറുപടി നൽകിയിട്ടുള്ളത്. ഈ സഭയിൽ ഇല്ലാത്ത ഒരു മുൻമന്ത്രിയുണ്ട്, ശ്രീ. ആര്യാടൻ മുഹമ്മദ്. ഇവിടെ ഭരണകക്ഷിയിലെ രണ്ട് എം.എൽ.എ.-മാർ ഏതോ ഒരു ശാപവചനം പറഞ്ഞുവെന്ന് അങ്ങ് ഉന്നയിച്ചല്ലോ. മന്ത്രിക്കസേരയിൽ ഇരുന്നുകൊണ്ട് ഈ സ്ഥാപനം അടച്ചുപൂട്ടി താക്കോൽ വലിച്ചെറിയുമെന്ന് പ്രഖ്യാപിച്ചത് അന്നത്തെ ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദാണ്. അതുകൊണ്ടൊന്നും ഞാൻ അഭിമാനിക്കുന്നില്ല. അങ്ങനെ ചെയ്യണമെന്നല്ല, അതൊന്നും മറന്ന് സംസാരിക്കരുതെന്നേ ഞാൻ പറയുന്നുള്ളൂ. എങ്ങനെയാണ് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുക; സാമ്പത്തിക പ്രതിസന്ധി പരിഹരിക്കണമെങ്കിൽ നമുക്ക് രണ്ട് കാര്യങ്ങൾ ചെയ്തേ മതിയാകൂ. ഒന്ന്, ചെലവ് ചുരുക്കുക. രണ്ട്, വരുമാനം വർദ്ധിപ്പിക്കുക. അല്ലാതെ ഒരു അത്ഭുതവിദ്യയും ആര് ഈ കസേരയിലിരുന്നാലും പോയാലും സാധിക്കുകയില്ല. അപ്പോൾ ചില കയ്പേറിയ നടപടികൾ സ്വീകരിക്കേണ്ടിവരും. ഇപ്പോൾ പോകുന്നതുപോലെ പോകട്ടെയെന്നുവച്ചാൽ നാളെ ആരും പറയാതെ കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടേണ്ടിവരും. ആ ഒരു സാഹചര്യത്തിലേയ്ക്ക് പോകരുതെന്നതാണ് സർക്കാരിന്റെ മുമ്പിലുള്ള ആദ്യത്തെ പ്രശ്നം. രണ്ടാമത്തെ പ്രശ്നം, ഇത് രണ്ട് കടമകൾ നിർവ്വഹിക്കുന്നൊരു മേഖലയാണ്. ഒന്ന്, ഒരു വ്യവസായ സ്ഥാപനമെന്ന നിലയിൽ സാമ്പത്തിക പ്രതിസന്ധിയില്ലാതെ ടി സ്ഥാപനത്തെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കണം, ലാഭകരമാക്കണമെന്ന വാക്ക് ഞാൻ ഉപയോഗിക്കുകയില്ല. രണ്ട്, ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയും വേണം. ഈ രണ്ട് നിലപാടുകൾ സ്വീകരിക്കുന്നത് എളുപ്പമുള്ള വിദ്യയാണെന്ന് ആരും കരുതുമെന്ന് എനിക്ക് തോന്നുന്നില്ല. ചില കടുത്ത നടപടികൾ സ്വീകരിക്കേണ്ടിവരും. അതിൽ ചെലവ് ചുരുക്കേണ്ട മേഖലകൾ ഏതൊക്കെയാണ്? മാനവവിഭവശേഷി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ചെലവ് ചുരുക്കലാണ് അതിൽ ഒന്നാമത്തെ മേഖല. നമ്മുടെ സംസ്ഥാനത്തെ ബസ്/സ്റ്റാഫ് അനുപാതം ഇന്ത്യയിലെ ഏറ്റവും കൂടിയ നിരക്കിലുള്ള അനുപാതമാണെന്ന് എല്ലാവർക്കുമറിയാം. മറ്റ് സംസ്ഥാനങ്ങളിൽ സ്റ്റാഫ് പാറ്റേൺ കുറച്ചുകുറച്ചു കൊണ്ടുവന്നു. അങ്ങനെ കുറച്ചുകൊണ്ടു വരുന്നതുപോലുള്ള നടപടികൾ നമുക്ക് പടിപടിയായി സ്വീകരിക്കേണ്ടിവരും. അതിന്റെ ഭാഗമായി സ്റ്റാഫ് പാറ്റേണിൽ ആളുകൾ ഒഴിവുണ്ടെന്ന നിലപാട് സ്വീകരിക്കാൻ സാധിക്കുകയില്ല. ഇവിടെ കോടതിയിൽ തോറ്റതാണെന്ന്

പറഞ്ഞല്ലോ; ഏതെങ്കിലുമൊരു കാലത്ത് കെ.എസ്.ആർ.ടി.സി.-യിൽ സ്റ്റാഫ് പാറ്റേൺ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ടോ? ആയിരം ബസ്സുകൾ വാങ്ങിക്കുന്നതിന്റെ പേരിൽ ഒൻപതിനായിരം ഒഴിവുകളുണ്ടെന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് പതിനായിരം പേരുടെ ലിസ്റ്റുണ്ടാക്കിയ സാമ്പത്തിക ശാസ്ത്രത്തിൽ ഞാൻ നിൽക്കുന്നില്ല. അങ്ങനെയാണ് പി.എസ്.സി. ഒരുപാട് ആളുകളെ അഡ്വൈസ് ചെയ്തത്. എം-പാനൽ ജീവനക്കാരെ സ്ഥിരം ഒഴിവുകളിലേയ്ക്കാണോ താൽക്കാലിക ഒഴിവുകളിലേയ്ക്കാണോ എടുക്കുന്നത്; താൽക്കാലിക ഒഴിവുകളിലേയ്ക്കാണെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. സ്ഥിരം ഒഴിവുകളും താൽക്കാലിക ഒഴിവുകളും തമ്മിൽ വ്യത്യാസമുണ്ട്. താൽക്കാലിക ഒഴിവുകളിലേയ്ക്കാണ് എം-പാനൽ ജീവനക്കാരെ എടുത്തുതുടങ്ങിയത്. ആ എം-പാനൽ ജീവനക്കാരിൽ നാലായിരം പേരെ നിയമിച്ചുവെന്ന അഭിമാനം, അതിനെയാണ് കോടതി പിൻവാതിൽ നിയമനം സാധൂകരിക്കാനുള്ള നടപടിയെന്ന് വിശേഷിപ്പിച്ചത്. അങ്ങനെയൊന്നും ചെയ്യാൻ തൽക്കാലം ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. പടിപടിയായി മാനവവിഭവശേഷിയുടെ അതിപ്രസരം കുറച്ചുകൊണ്ടുവരികയാണ് ഒരു നടപടി. രണ്ടാമത്തേത്, ലാഭമുണ്ടാകുന്നില്ലെങ്കിലും ഡ്രൈവറുടെയും കണ്ടക്ടറുടെയും ശമ്പളവും ഡീസലടിക്കാനുള്ള വരുമാനവും ഉണ്ടാകുന്നില്ലെങ്കിൽ യാത്രക്കാരില്ലെന്നാണ് അതിനർത്ഥം. യാത്രക്കാരുണ്ടെങ്കിൽ അങ്ങനെ സംഭവിക്കുമോ; അപ്പോൾ റൂട്ടുകൾ പുനഃക്രമീകരിക്കേണ്ടിവരും. റൂട്ടുകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ചെയ്യുന്നതിന്റെ ഭാഗമായി ചില ഡിപ്പോകളിൽനിന്നും ബസ്സുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. ആ ക്രമീകരണം, അതത് ഡിപ്പോകളുടെ പ്രശ്നമെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമാണ്. ഞാനത് അഡ്മിറ്റ് ചെയ്യുന്നു. പക്ഷെ കെ.എസ്.ആർ.ടി.സി.-യുടെ പുനഃക്രമീകരണം പൂർത്തിയാകുമ്പോൾ ആ ഘട്ടത്തിൽ മാറ്റമുണ്ടാക്കാൻ കഴിയും. ഈ രൂപത്തിലുള്ള ക്രമീകരണങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽപ്പോലും ഒരുകാലത്തും വരവുചെലവുകൾ തമ്മിൽ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് ഒരിക്കലും സാധിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം നമ്മൾ അംഗീകരിച്ചേ മതിയാകൂ.

ഈ ഗവൺമെന്റ് വന്നതിനുശേഷം 5 മാസം പെൻഷൻ മുടങ്ങിയോയെന്ന് എനിക്കറിയില്ല. അത് പഴയ ഓർമ്മയാണ്. അങ്ങനെ മുടങ്ങിയതുകൊണ്ടാണല്ലോ 2016 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ 45 ദിവസം നീണ്ടുനിന്ന സമരം സെക്രട്ടേറിയറ്റിന് മുമ്പിൽ നടന്നത്. സർക്കാർ പെൻഷൻ ബാധ്യതയേറ്റെടുക്കുമെന്ന് അന്നാണ് പറഞ്ഞത്. ആ പെൻഷൻ ബാധ്യത ഏറ്റെടുത്തിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, ഈ സർക്കാരിന്റെ കാലത്ത് അഞ്ച് മാസക്കാലം പെൻഷൻ മുടങ്ങിയിട്ടുണ്ട്. അത് പരിശോധിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പരിശോധിക്കാം. എന്തെങ്കിലും തെറ്റ് ചൂണ്ടിക്കാണിച്ചാൽ നമുക്കത് പരിശോധിക്കാം. അതിനൊരു പ്രശ്നവുമില്ല. പക്ഷെ ഇങ്ങനെ അടച്ചാക്ഷേപിക്കുന്നതിലുള്ള പ്രയാസമേ പറഞ്ഞുള്ളൂ. ഇത് എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുന്നൊരു പ്രശ്നമല്ല. ജീവനക്കാരുടെ മറ്റാനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ കുടിശ്ശികയുണ്ടായിട്ടുണ്ടെന്ന ഉത്തരം എന്റെ മേശപ്പുറത്തിരിക്കുന്നുണ്ട്. അതുണ്ടായതിൽ ഞാനാരെയും കുറ്റപ്പെടുത്തുകയല്ല. ഓരോ കാലത്തും ഓരോ മാസവും ഓരോ തരത്തിലാണ് അവിടത്തെ പ്രശ്നങ്ങൾ പരിഹരിച്ച് മുമ്പോട്ടുപോകുന്നത്. ആ കാലത്തും ഗവൺമെന്റ് നല്ല സപ്പോർട്ട് നൽകിയിട്ടുണ്ട്. ഗവൺമെന്റിന്റെ സപ്പോർട്ടോടുകൂടിയാണ് എല്ലാക്കാലത്തും കെ.എസ്.ആർ.ടി.സി. പ്രവർത്തിച്ചിട്ടുള്ളത്. പക്ഷെ സർക്കാരിന്റെ സഹായം മാത്രം ആശ്രയിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സ്ഥാപനമായി കെ.എസ്.ആർ.ടി.സി.-യെ മാറ്റാൻ കഴിയില്ല. സ്വന്തം കാലിൽ നിൽക്കാനുള്ള ശേഷി അവർക്കുണ്ടാക്കിക്കൊടുക്കേണ്ടതുണ്ട്. വാടക ബസ്സുകളെ സംബന്ധിച്ച് പിന്നീട് പറയാം. നിശ്ചിത വരവുണ്ടായാൽ മാത്രമേ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയൂ. ഓരോ കിലോമീറ്റർ ഓടുന്നതിനുള്ള ശാസ്ത്രീയമായ വരവ് ലക്ഷ്യമാക്കണം. അങ്ങനെയൊരു ലക്ഷ്യംവച്ച് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതൊരു മാറ്റത്തിന്റെ കാലമാണ്. ശമ്പളം മുടങ്ങാതിരിക്കാനുള്ള അഡീഷണൽ സാമ്പത്തിക സഹായം ചെയ്യാൻ കഴിയുമോയെന്ന് ആലോചിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും ഞാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളോട് സ്വീകരിക്കുന്ന നയംതന്നെയാണ് കെ.എസ്.ആർ.ടി.സി.-യോടും സർക്കാർ സ്വീകരിക്കുന്നത് പ്രയാസസങ്ങളുണ്ടെങ്കിലും അവ അതിജീവിച്ച് മുന്നോട്ടുപോകാനുള്ള സഹായകരമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. അല്പം കാലതാമസം ഉണ്ടാകും. അന്നുണ്ടാക്കിയ കൺസോർഷ്യം/പാക്കേജിൽ 13.50% പലിശയ്ക്കാണ് പണം കടമെടുത്തുകൊണ്ടിരുന്നത്. ആ കൺസോർഷ്യം പുതുക്കിയപ്പോഴാണ് 3100 കോടി രൂപ വായ്പയെടുത്ത് പഴയ കടം മുഴുവൻ തീർത്തത്. ആ സ്ഥാനത്ത് പലിശയിനത്തിൽ മാത്രം 1.50 കോടി രൂപയുടെ ചെലവ് കുറവാണ് ഒരു ദിവസം കെ.എസ്.ആർ.ടി.സി.യിൽ ഉണ്ടായിട്ടുള്ളത്. ആ അധിക വരുമാനം റിഫ്ലെക്ട് ചെയ്തില്ല. അന്നത് നിശ്ചയിക്കുമ്പോൾ 64 രൂപയായിരുന്നു ഡീസലിന് വിലയെങ്കിൽ ഇപ്പോഴത് 71 രൂപയായി മാറി. നമ്മൾ ചെലവ് ചുരുക്കാൻ നടത്തുന്ന ഓരോ നടപടിയും വെള്ളത്തിൽ വരച്ച വരപോലെയാകുകയാണ്. അത് സർക്കാരിന്റെ കുറ്റമല്ല. പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചത് നമ്മുടെ

കുറ്റമല്ലല്ലോ; സ്വാഭാവികമായും സംഭവിച്ചതാണ്. അതിന് ആരെയെങ്കിലും കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ; ഞാനത് സമ്മതിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതിൽ ഒരു factual error ഉണ്ട്. കൺസോർഷ്യമുണ്ടാക്കിയത് ഞാൻ തന്നെയാണ്. കൺസോർഷ്യത്തിൽ എല്ലാ നാഷണലൈസ്ഡ് ബാങ്കുകളെയും ചേർത്തു. അതിൽ പലിശ 13.50 ശതമാനമാണോയെന്ന് അങ്ങ് പരിശോധിക്കണം. നാഷണലൈസ്ഡ് ബാങ്കുകൾ ധനസഹായം നൽകി അന്ന് ഞങ്ങൾ മുന്നോട്ടുപോയി. പോംവഴികൾ കണ്ടെത്തുന്നില്ലെന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഒരു ദിവസം കെ.എസ്.ആർ.ടി.സി.-യെ ഇങ്ങോട്ട് ഏൽപ്പിച്ചാൽമതി മുഴുവൻ ശരിയാക്കിത്തരാമെന്ന് ഞങ്ങൾ അവിടെയും നിങ്ങൾ ഇവിടെയും ഇരുന്നപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഒരിക്കൽ പറഞ്ഞു. കുറെ ദിവസമായില്ലേ, 40 മാസത്തിൽ ഈ ഒരു നല്ല ദിവസം കണ്ടില്ലല്ലോ എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്ത് പ്രതിസന്ധി വന്നിട്ടുണ്ടെങ്കിലും ഇതുവരെ ശമ്പളം മുടങ്ങിയിട്ടില്ലായിരുന്നു. ഇപ്പോൾ ശമ്പളം രണ്ട് ഘട്ടമായി കൊടുക്കുന്നു. ആദ്യഘട്ടം കൊടുക്കുമ്പോൾ ബാങ്കിൽ നിക്ഷേപിക്കുകയാണ്. പലിശയും ബാങ്കുകളിലെ ഡെപ്പോസിറ്റുമായി ആ തുക അവരുടെ കയ്യിൽ കിട്ടുന്നില്ല. അങ്ങിവിടെ നിരവധി കാര്യങ്ങൾ പറഞ്ഞു. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനുവേണ്ടി 9500 ജീവനക്കാരെ പിരിച്ചുവിട്ടു. പുതിയ ബസ്സുകൾ ഇറക്കുന്നില്ല. ശമ്പളംപോലും കൊടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നു. 3100 കോടി രൂപയുടെ കൺസോർഷ്യമാണ്. ഇവിടെ പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യം കടമെടുക്കാൻ കഴിയില്ലെന്നുള്ളതാണ്. അതുകൊണ്ടാണ് ശമ്പളം കൊടുക്കാൻ സാധിക്കാത്തത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ കടം ആവശ്യത്തിനെടുക്കുകയും അത് വീട്ടുകയും ചെയ്യും. ഇപ്പോൾ പരിഷ്കാരങ്ങളുണ്ടാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ബസ്സുമില്ല; ജീവനക്കാർക്ക് ശമ്പളം കൊടുക്കാനും സാധിക്കുന്നില്ല. കൃത്യസമയത്ത് ശമ്പളമെങ്കിലും കൊടുക്കാൻ നടപടിയുണ്ടാകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഈ വിഷയം ചർച്ച ചെയ്യുന്നുണ്ടെങ്കിൽ ചർച്ച ചെയ്യുക അല്ലെങ്കിൽ പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ചർച്ച ചെയ്യുന്നില്ല. കൺസോർഷ്യമുണ്ടാക്കിയതിലെ പലിശനിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ പരിശോധിക്കാം. പക്ഷേ ബാങ്കുകളിൽനിന്നും കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കടം വാങ്ങിയാണ് അന്നും ശമ്പളം കൊടുത്തുകൊണ്ടിരുന്നത്. എന്നാൽ ഇന്ന്

അങ്ങനെ വാങ്ങുന്നില്ല. ആ മാർഗ്ഗം വേണമെങ്കിൽ പരിശോധിക്കാം. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന ഇരുപത് കോടി രൂപയും ചേർത്താണ് ഇപ്പോൾ ശമ്പളം കൊടുക്കുന്നത്. ആ വ്യത്യാസം ശ്രീ. വി. എസ്. ശിവകുമാർ മനസ്സിലാക്കണം. ഇങ്ങനെ ചില പ്രയാസങ്ങളുണ്ട്. ആ പ്രയാസങ്ങളുടെ നടുവിലും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുകയെന്ന നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. ആ നിലപാടുമായി സർക്കാർ മുന്നോട്ടുപോകും. പ്രയാസങ്ങളുണ്ടെങ്കിൽ ആ പ്രയാസങ്ങളെ അതിജീവിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്ന വിശ്വാസം തന്നെയാണ് ഗവൺമെന്റിനുള്ളത്. അതിന് എല്ലാ അംഗങ്ങളും സഹകരിക്കണമെന്നുമാത്രം അഭ്യർത്ഥിക്കുന്നു. ഈ സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കുളിപ്പിച്ചുകുളിപ്പിച്ച് കുഞ്ഞില്ലാതായി എന്നുപറഞ്ഞതുപോലെ, പരിഷ്കാരങ്ങൾ വരുത്തിവരുത്തി കെ.എസ്.ആർ.ടി.സി. പൂട്ടേണ്ട അവസ്ഥയിലേയ്ക്ക് ഈ ഗവൺമെന്റ് ഇന്നെത്തിയിരിക്കുന്നുവെന്നതാണ് സത്യം. അടുത്ത കാലത്തൊന്നും കരകയറാൻ കഴിയാത്തവിധത്തിലുള്ള പടുകുഴിയിലേയ്ക്കാണ് കെ.എസ്.ആർ.ടി.സി.യെ എൽ.ഡി.എഫ്. ഗവൺമെന്റ് എത്തിച്ചിരിക്കുന്നത്. ഒരു ഗവൺമെന്റിന്റെ കാലത്തും ഇതുപോലൊരു വൻതകർച്ച കെ.എസ്.ആർ.ടി.സി. നേരിട്ടിട്ടില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി പറയേണ്ടതായിരുന്നു. ഈ അടിയന്തരപ്രമേയം അവതരിപ്പിച്ചതുകൊണ്ട് ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും കൂടുതൽ തുക ആവശ്യപ്പെടാനുള്ള അവസരം നൽകിയതിന് ഞങ്ങളോട് അങ്ങ് നന്ദി പറയണമെന്നാണ് എനിക്ക് പറയാനുള്ളത്. നേരിട്ട് പറഞ്ഞിട്ടും പ്രയോജനമില്ലാത്തതുകൊണ്ട് ഞങ്ങളിലൂടെ അങ്ങേയ്ക്ക് പറയാനുള്ള അവസരമുണ്ടായിയെന്നുള്ള കാര്യത്തിൽ നന്ദി പറയേണ്ടത് ഞങ്ങളോടാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. എന്നാൽ ഇവിടെ ഇടിവെട്ടിയവനെ പാമ്പ് കടിച്ചു എന്നതുപോലെ ധനകാര്യ വകുപ്പുമന്ത്രി ഗതാഗത വകുപ്പിൽനിന്നും പണമെടുത്തുകൊണ്ടുപോയിരിക്കുകയാണ്. പെൻഷൻ ആനുകൂല്യം കൊടുക്കേണ്ട 47 കോടി രൂപ ധനകാര്യ വകുപ്പ് വകമാറ്റി ചെലവഴിച്ചിരിക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: വാക്കൗട്ട് സ്പീച്ചിലും ഇടപെടുണ്ടോ? ശ്രദ്ധയിൽപ്പെടുത്തലൊക്കെ ബില്ലിന്റെ ചർച്ചയിലേയുള്ളൂ. അങ്ങിരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, കെ.എസ്.ആർ.ടി.സി.യിൽ നിന്ന് മാത്രമല്ല, എല്ലായിടത്തുനിന്നും ധനകാര്യ വകുപ്പ് ഇപ്പോൾ പണം സമാഹരിക്കുകയാണ്. കിഫ്ബി ഒഴികെയുള്ള എല്ലാ പണവും ട്രഷറിയിലിടണമെന്നാണ് പറയുന്നത്. കിഫ്ബിയുടെ പണം മാത്രം ന്യൂജനറേഷൻ ബാങ്കിലേ നിക്ഷേപിക്കുകയുള്ളൂ. സഹകരണ ബാങ്കുകളുടെ പണംപോലും മുക്കാൽ ശതമാനം പലിശ കൂട്ടിക്കൊടുത്ത് വാങ്ങുകയാണ്. സംസ്ഥാനത്തെ സാമ്പത്തികസ്ഥിതിയുടെ യഥാർത്ഥ ചിത്രമാണ് ഇവിടെ കാണാൻ കഴിയുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിലെ വാഗ്ദാനങ്ങളിൽ 56 എണ്ണം നടപ്പാക്കിയെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. പ്രകടന പത്രിക 222-ൽ കെ.എസ്.ആർ.ടി.സി. എങ്ങനെ ശരിയാക്കുമെന്ന് വിവരിക്കുന്നുണ്ട്. 'കെ.എസ്.ആർ.ടി.സി.-യുടെ കടഭാരം ഏറ്റെടുക്കുന്നതടക്കം സമഗ്രമായ പുനരുദ്ധാരണ പാക്കേജ് നടപ്പാക്കും ജീവനക്കാർക്ക് സമയബന്ധിതമായി പെൻഷൻ കിട്ടുമെന്ന് ഉറപ്പാക്കും കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ സംരക്ഷിക്കും' എന്നൊക്കെ പറയുന്നുണ്ട്. പ്രകടന പത്രികയിൽ കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് പറഞ്ഞ ഏതെങ്കിലുമൊരുകാര്യം നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ? ഒരു കാര്യവും നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാണ്. ആദ്യപടിയായി, കടഭാരമേറ്റെടുക്കൽ നടന്നോ? കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ കടഭാരവും ഏറ്റെടുക്കുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞിട്ട് കടഭാരം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുമാത്രമല്ല, കടം ഇരട്ടിയായി വർദ്ധിക്കുകയാണ് ചെയ്തത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്നും ഒഴിയുമ്പോൾ 2130 കോടി രൂപയായിരുന്ന കടബാധ്യതയെങ്കിൽ ഇപ്പോൾ അത് 4320 കോടി രൂപയാണ്. കടബാധ്യത ഇരട്ടിയായി വർദ്ധിക്കുകയാണ് ചെയ്തത്. ഗവൺമെന്റ് ഏറ്റെടുക്കുമോ? ഈ കടഭാരം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഏറ്റെടുക്കുമോ? ജീവനക്കാർക്ക് സമയബന്ധിതമായി പെൻഷൻ കൊടുക്കുമെന്നതാണ് രണ്ടാമത്തെ വാഗ്ദാനം, അഞ്ച് മാസത്തെ പെൻഷൻ കിട്ടാനുണ്ടെന്ന കാര്യം ബഹുമാന്യനായ മന്ത്രിക്കുപോലും അറിയില്ല. ഇതാണ് സ്ഥിതി. അഞ്ചുമാസമായി പെൻഷൻ കൊടുക്കുന്നില്ലെന്ന് ജീവനക്കാർ ഞങ്ങളോട് പറഞ്ഞതാണ്. പെൻഷൻ വാങ്ങുന്നവർ പട്ടിണിസമരം നടത്തിയശേഷമാണ് അവർക്ക് പെൻഷൻ കൊടുത്തത്. ഇപ്പോഴും ശമ്പളംപോലും കൊടുക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. രണ്ട് ഗഡുക്കളായാണ് ശമ്പളം കൊടുക്കുന്നത്. തൊഴിലാളികൾക്ക് രണ്ട് ഗഡുവായി ശമ്പളം കൊടുക്കുന്ന അവസ്ഥ കേരളത്തിലെ ഏതെങ്കിലുമൊരു

സ്ഥാപനത്തിലുണ്ടോ? ശമ്പളത്തിനുവേണ്ടി ജീവനക്കാർ എല്ലാ മാസവും സമരം ചെയ്യേണ്ട അവസ്ഥയാണ് കെ.എസ്.ആർ.ടി.സി.-യിലുള്ളത്. തലതിരിഞ്ഞ പരിഷ്കാരങ്ങൾ, കെടുകാര്യസ്ഥത, സർക്കാരിന്റെ വാഗ്ദാനലംഘനങ്ങൾ, ജീവനക്കാരെ പിരിച്ചുവിടൽ എന്നിവയാണ് കെ.എസ്.ആർ.ടി.സി.-യുടെ ഈ ദുരവസ്ഥയ്ക്ക് കാരണം. പ്രൊഫ. സുശീൽകുമാർ ഖന്ന റിപ്പോർട്ട് നടപ്പാക്കുന്നതോടെ കെ.എസ്.ആർ.ടി.സി. സ്വന്തം കാലിൽ നിൽക്കുമെന്നാണ് മൂന്നുവർഷം മുമ്പ് ഈ സഭയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. കെ.എസ്.ആർ.ടി.സി.-ക്ക് ശമ്പളവും പെൻഷനും കൊടുക്കാൻ മറ്റാരെയും ഇനി ആശ്രയിക്കേണ്ടിവരില്ല, പ്രൊഫ.സുശീൽകുമാർ ഖന്ന റിപ്പോർട്ട് നടപ്പാക്കി എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്നുപറഞ്ഞ ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. മൂന്നര വർഷം കഴിഞ്ഞിട്ടും അതിൽനിന്ന് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിയാത്ത ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. കെ.എസ്.ആർ.ടി.സി. സ്വന്തം കാലിൽ നിൽക്കുമെന്നുപറഞ്ഞ വകുപ്പുമന്ത്രിയോട് ഞാൻ പറയട്ടെ, കെ.എസ്.ആർ.ടി.സി. സ്വന്തം കാലിൽ നിൽക്കുകയല്ല, മുട്ടിലിഴയുന്ന കാഴ്ചയാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. യു.ഡി.എഫ്. ഭരണകാലവുമായി ഞാൻ താരതമ്യപഠനം നടത്തുന്നില്ല. അതുസംബന്ധിച്ച് ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിച്ചതിനാൽ ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. അങ്ങ് ഇവിടെ പറയുന്നതെന്താണ്? കേരളത്തിൽ രൂക്ഷമായ തൊഴിലില്ലായ്മ നേരിടുന്ന കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ ഒരു നിയമനവും നടത്തുന്നില്ലെന്ന് പറയുന്ന ആദ്യത്തെ മന്ത്രിയായിരിക്കും ശ്രീ. എ. കെ. ശശീന്ദ്രൻ എന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഇനി ആരെയും നിയമിക്കില്ല. ഞങ്ങൾ ചെയ്തത് തെറ്റാണെന്നാണ് അങ്ങ് പറയുന്നത്. മൂന്നര വർഷത്തിനിടയിൽ പെൻഷനായി പിരിഞ്ഞവർ 4200, വേറെ ജോലികിട്ടി ഏകദേശം 3000-ത്തോളം പേരും പോയിട്ടുണ്ട്. ഏതാണ്ട് 7500 -ഓളം സ്ഥിരം ഒഴിവുകൾ ഇവിടെയുണ്ടായിട്ടും അത് നികത്താൻ നടപടി സ്വീകരിക്കുന്നില്ല. ബസും ജീവനക്കാരും തമ്മിലുള്ള റേഷ്യോയെപ്പറ്റിയാണ് പറയുന്നത്. ഒരു ഗവൺമെന്റിനും യോജിച്ച നടപടിയല്ല. കെ.എസ്.ആർ.ടി.സി.-യിൽ നിയമനനിരോധനം നടപ്പാക്കുന്നുവെന്നതാണ് വസ്തുത. കോടതിയുടെ തീരുമാനമുണ്ടായി, എംപാനൽ ജീവനക്കാരെ പിരിച്ചുവിട്ടു. കോടതിയിൽ നല്ല രീതിയിൽ കേസ് നടത്താത്തതുകൊണ്ടാണ് പിരിച്ചുവിട്ടത്. എംപാനലുകാരായ ഡ്രൈവർമാരെയും കണ്ടക്ടർമാരെയും കൂട്ടത്തോടെ പിരിച്ചുവിടാനിടയാക്കിയത് സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടും കോടതിയിൽ ശരിയായി കേസ് നടത്താത്തതുകൊണ്ടുമാണ്. ആ കുടുംബങ്ങൾ പെരുവഴിയിലായി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു താൽക്കാലിക ജീവനക്കാരെയും പിരിച്ചുവിട്ടില്ല. ശ്രീ. വി. എസ്. ശിവകുമാർ മന്ത്രിയായിരുന്ന

കാലത്താണ് 4000 പേരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചത്. അതിനുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായപ്പോൾ ഏറ്റവും കൂടുതൽ ആളുകൾക്ക് ജോലി കൊടുക്കാനുള്ള നടപടി സ്വീകരിച്ചു. കെ.എസ്.ആർ.ടി.സി. ഒരു പബ്ലിക് യൂട്ടിലിറ്റി സർവ്വീസാണ്. ജനങ്ങളെ സേവിക്കേണ്ട സർവ്വീസാണ്. അവിടെ കടമുണ്ടാകും. ആ കടബാധ്യത ഏറ്റെടുക്കാമെന്ന് പറഞ്ഞ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും ഇപ്പോൾ ഒന്നും മിണ്ടുന്നില്ല. അഞ്ച് വർഷം സർവ്വീസുള്ളവരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമരം ചെയ്ത സി.ഐ.റ്റി.യു.-കാരെ, സി.പി.ഐ.(എം)-കാരെ ഇപ്പോൾ കാണാനില്ല. അന്നത്തെ ഗവൺമെന്റിനെതിരെ ദിവസങ്ങളോളം സമരം ചെയ്തവർ ഇപ്പോൾ എന്താണ് മിണ്ടാത്തത്? അവർ താൽക്കാലിക ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുകയാണ് ചെയ്തത്. ഇന്ന് കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിതിയെന്താണ്? ജീവനക്കാരുടെ ക്ഷാമം അനുഭവപ്പെടുകയാണ്. നിയമനം മരവിപ്പിച്ചതോടെ അത് രൂക്ഷമാകുകയാണ്. ബസ്സുകളോടിക്കാൻ ആളില്ല, ഷെഡ്യൂളുകൾ റദ്ദാക്കുന്നു. പൊതുജനം കെ.എസ്.ആർ.ടി.സി.യെ കൈവിടുന്ന സ്ഥിതിയാണ് കാണാൻ സാധിക്കുന്നത്. വർഷത്തിൽ ആയിരം പുതിയ ബസ്സുകൾ നിരത്തിലിറക്കുമെന്നായിരുന്നു ആദ്യത്തെ ബഡ്ജറ്റിൽ ഡോ. ടി.എം. തോമസ് ഐസക് പ്രഖ്യാപിച്ചത്. അദ്ദേഹത്തിന്റെ പ്രഖ്യാപനം എവിടെപ്പോയി? 1000 ബസ്സുകളിറക്കുമെന്ന് പറഞ്ഞിട്ട് 101 പുതിയ ബസ്സുകൾ മാത്രമാണിറക്കിയത് എന്നുള്ള കാര്യം മറക്കരുത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആകെ 2456 ബസ്സുകളാണ് 5 വർഷംകൊണ്ട് പുറത്തിറക്കിയത്. ശബരിമല സീസൺ ആരംഭിക്കുകയാണ്. ആ സമയത്ത് പുതിയ ബസ്സുകൾ അങ്ങോട്ടാണ് ആദ്യം ഓടിക്കുന്നത്. അതാണ് വർഷങ്ങളായി ചെയ്യുന്നത്. ഇത്തവണ പുതിയ ഒറ്റ ബസ്സുപോലും ശബരിമല മണ്ഡല-മകരവിളക്ക് കാലത്ത് ഓടിക്കാൻ കഴിയാത്ത ദുഃസ്ഥിതിയിലാണ് കെ.എസ്.ആർ.ടി.സി. നിൽക്കുന്നത്. 1000 സി.എൻ.ജി. ബസ്സുകൾ വാങ്ങാൻ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തി. ഒരൊറ്റ ബസ്സും വാങ്ങിയില്ല. കിഫ്ബി വഴി 1000 ബസ്സുകൾ ഉടനെ നിരത്തിലിറക്കുമെന്നായിരുന്നു 2018-19-ലെ ബഡ്ജറ്റിൽ ഡോ. ടി.എം. തോമസ് ഐസക്കിന്റെ പ്രഖ്യാപനം. 1000 ബസ്സുകൾ വരുന്നുവെന്നത് വലിയ വാർത്തയായിരുന്നു. കെ.എസ്.ആർ.ടി.സി. രക്ഷപ്പെടാൻ പോകുന്നു. 2018-19-ലെ ബഡ്ജറ്റിൽ പറഞ്ഞതുപോലെ ഒരൊറ്റ ബസ്സുപോലും നിരത്തിലിറങ്ങിയില്ല എന്നുള്ളത് ഈ ഗവൺമെന്റ് സമ്മതിക്കേണ്ട കാര്യമല്ലേ? 2018-19-ൽത്തന്നെ വീണ്ടും 2000 ബസ്സുകൾകൂടി വാങ്ങാനുള്ള തുക കിഫ്ബിയിൽനിന്നും ലഭ്യമാക്കുമെന്നും പറഞ്ഞു. ബഡ്ജറ്റിലെ 98-ാം പേജിൽ 155-ാം പാരഗ്രാഫിൽ ഡോ. ടി.എം. തോമസ് ഐസക് തുടർന്നും പറയുന്നുണ്ട്. പക്ഷേ ഒന്നും നടന്നില്ല. ഈ പ്രഖ്യാപനങ്ങളെല്ലാം

ജലരേഖയായി നിന്നുവെന്നുള്ളത് യാഥാർത്ഥ്യമല്ലേ? ഇതെല്ലാം ഞങ്ങൾ പറയുന്നതല്ല. ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ആന കൊടുത്താലും ആശ കൊടുക്കരുത്. കെ.എസ്.ആർ.ടി.സി.-യിൽ 101 ബസ്സുകളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് വാങ്ങിയത്. ധനകാര്യ വകുപ്പുമന്ത്രിക്കുപുറമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇത് ചെയ്യുന്നുണ്ട്. 1500 ഇലക്ട്രിക്കൽ ബസ്സുകൾ വാങ്ങുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. ഒന്നും നടന്നില്ല. പുതിയ ബസ്സുകൾ വാങ്ങാത്തതുകാരണം പഴഞ്ചൻ ബസ്സുകൾതന്നെ സൂപ്പർ ഫാസ്റ്റും സൂപ്പർ എക്സ്പ്രസ്സുമായി ഓടിക്കുകയാണ്. പുതിയ ബസ് വാങ്ങിയാൽ ആദ്യ 5 വർഷം സൂപ്പർ ക്ലാസിൽ ഓടിക്കുകയാണ് പതിവ്. ഈ സർക്കാർ 5 എന്നുള്ളത് 7 വർഷമാക്കി. അത് പിന്നെയും 2 വർഷംകൂടി നീട്ടി 9 വർഷമാക്കാനാണ് ശ്രമം. അതിന് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. ഇങ്ങനെ പഴഞ്ചൻ വണ്ടികൾ സൂപ്പർ ഫാസ്റ്റായും സൂപ്പർ എക്സ്പ്രസ്സായും ഓടിക്കുന്നത് അപകടകരമാണ്. അതുകൊണ്ടാണ് ജനങ്ങൾ ആ ബസ്സുകളിൽ കയറാൻ മടിക്കുന്നതും കളക്ഷനിൽ കുറവുണ്ടാകുന്നതും. ഈയടുത്ത മാസങ്ങളിൽ 365 സൂപ്പർ ക്ലാസ് ബസ്സുകൾ കാലാവധി കഴിഞ്ഞ് പുറത്താകും. പകരം ബസ്സില്ലാത്തതുകാരണം ഈ റൂട്ടുകളിൽ ബസ് ഓടിക്കാനാകില്ല. സ്വകാര്യ ബസ്സുകൾ ആ റൂട്ടുകൾ കൊണ്ടുപോകും. ഞാൻ ദീർഘിപ്പിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യെ നന്നാക്കാൻവേണ്ടി അധികാരത്തിൽ വന്നവരാണിവർ. എന്തുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത ഏറ്റെടുക്കുന്നില്ല; നിയമന നിരോധനം നീക്കുന്നില്ല; ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ല; ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്നില്ല; ഈ സംസ്ഥാനത്തെ ജനങ്ങളുടെ യാത്രാദുരിതങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഒരു കാര്യത്തിനും ഉറപ്പില്ല. ഇത് എങ്ങനെ നന്നാകുമെന്നോ മുന്നോട്ടുപോകുമെന്നോ അറിയില്ല. കെ.എസ്.ആർ.ടി.സി.-യെ ഇത്രയും ദുരിതത്തിലെത്തിച്ച സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, വരുംകാലത്തെ പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് വരാൻ സാധ്യതയുള്ള ഒരു ചോദ്യം 'കേരളത്തിലെ കെ.എസ്.ആർ.ടി.സി. ഭരിച്ച അവസാനത്തെ വകുപ്പുമന്ത്രി ആരാണ്?' അതിന്റെ ഉത്തരം അങ്ങയുടെ പേര് ആകാതിരിക്കട്ടെ എന്ന പ്രാർത്ഥനയാണ് എനിക്കുള്ളത്. ഈ പ്രതിസന്ധി ഇത്ര രൂക്ഷമാകാനുള്ള കാരണം അങ്ങയുടെ വലതുഭാഗത്തിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയാണ്. പ്രതിമാസം 20 കോടി രൂപ

കെ.എസ്.ആർ.ടി.സി.-യുടെ ശമ്പളവുമായി ബന്ധപ്പെട്ട് കൊടുക്കാമെന്ന് പറഞ്ഞിട്ട് അതിനകത്തുനിന്ന് 5 കോടി രൂപ പിടിച്ചുവയ്ക്കാൻ ഈ ധനകാര്യ വകുപ്പുമന്ത്രിക്കല്ലാതെ വേറെ ആർക്കെങ്കിലും സാധിക്കുമോ? സത്യത്തിൽ ആ 20 കോടി രൂപ കൃത്യമായി കൊടുത്തിരുന്നുവെങ്കിൽ ഈ പ്രശ്നം പരിഹരിക്കാമായിരുന്നല്ലോ. ഈ 20 കോടി രൂപയിൽ നിന്ന് ഏകദേശം മൂന്നരക്കോടി രൂപ നേരെ എണ്ണക്കമ്പനിക്ക് കൊടുക്കുകയാണ്. പിന്നെ ഓഡിറ്റ് ഫീസായി ഒരു കോടി രൂപ വേറെ കൊടുക്കുകയാണ്. ധനകാര്യ സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ള 50 ലക്ഷം രൂപ കൊടുക്കണം. ഈ പറഞ്ഞ 20 കോടി രൂപയിൽനിന്നും വീണ്ടും 5 കോടി രൂപ പിടിച്ചെടുക്കുന്ന ധനകാര്യ വകുപ്പ് സത്യത്തിൽ കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ഇവിടത്തെ സി.ഐ.ടി.യു. കൊടുത്തിട്ടുള്ള ഒരു റിപ്പോർട്ടുണ്ട്. അധികാര വികേന്ദ്രീകരണം പാളി, കെ.എസ്.ആർ.ടി.സി. വിഭജന നേട്ടമുണ്ടാക്കിയില്ല എന്ന സി.ഐ.ടി.യു. റിപ്പോർട്ട് വ്യവസായ രേഖയായി കൊടുത്തിട്ടുള്ളതാണ്. അതിൽ പറയുന്ന മാസം 30 കോടി രൂപയെങ്കിലും അധിക വരുമാനമുണ്ടാക്കിയാൽ കോർപ്പറേഷന് പിടിച്ചുനിൽക്കാനാകുമെന്ന്. അറ്റകുറ്റപ്പണികൾ തീർത്ത് ബസ്സുകൾ നിരത്തിലിറക്കുന്നതിനുപുറമെ കിഫ്ബി സഹായത്തോടെ പുതിയ ബസ്സുകളിറക്കണമെന്നുപറയുന്നത് സി.ഐ.ടി.യു. ആണ്. അതെങ്കിലും ധനകാര്യ വകുപ്പുമന്ത്രി കേൾക്കേണ്ടതല്ലേ? ഇപ്പോൾത്തന്നെ കട്ടപ്പുറത്ത് എത്ര ബസ്സുകളുണ്ട്? നവീകരണത്തിനുവേണ്ടി കൊടുക്കുന്ന തുകയൊക്കെ വകമാറ്റി ചെലവഴിക്കുകയല്ലേ? സ്പെയർ പാർട്സിന്റെ തുക, ടിക്കറ്റ് മെഷീൻ ഉണ്ടാക്കേണ്ട തുക, ടയറിന്റെ തുക ഇവയെല്ലാം വകമാറ്റി ചെലവഴിച്ചാൽ കട്ടപ്പുറത്തുനിന്ന് കെ.എസ്.ആർ.ടി.സി. ബസ് എപ്പോഴാണ് നിരത്തിലിറങ്ങുന്നത്? കട്ടപ്പുറത്തുതന്നെ എത്ര ബസ്സുകളുണ്ട് എന്നതിനെപ്പറ്റിയും സി.ഐ.ടി.യു. റിപ്പോർട്ടിൽ പറയുന്നുണ്ട്. ബസ്സുകൾ കട്ടപ്പുറത്ത് നിർത്തിയിട്ട് ബസ് വാടകയ്ക്കെടുക്കുന്നതിന് ശ്രമം നടത്തുന്നത് ഒരു ക്രിമിനൽ കുറ്റമല്ലേ? ആരുടെയടുത്തുനിന്നാണ് ബസ്സുകൾ വാടകയ്ക്കെടുക്കാൻ പോകുന്നത്; ഊരാളുങ്കൽ സൊസൈറ്റിയിൽ നിന്നാണ്. ഊരാളുങ്കൽ സൊസൈറ്റിയെ പിടിച്ചുനിർത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്നത് ശരിയാണോ? പുതിയ ബസ്സുകൾ കിഫ്ബിയിലൂടെ വാങ്ങാതിരിക്കുന്നതിന്റെ പിന്നിലുള്ള ഗൂഢാലോചനയും ആ രീതിയിൽ പരിഗണിക്കപ്പെടേണ്ടിവരില്ലേ? കഴിഞ്ഞ കാലത്തും പ്രതിസന്ധി ഉണ്ടായിരുന്നുവെന്ന് അങ്ങിവിടെ പറഞ്ഞല്ലോ; കെ.എസ്.ആർ.ടി.സി.-യിലെ ഒരു ജീവനക്കാരന്റെ മകൾ ഫേസ്ബുക്കിൽ എഴുതിയിട്ടുള്ളത്, 'അച്ഛൻ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷണറാണ്. പെൻഷൻ മുടങ്ങുന്നത് എല്ലാ സർക്കാരിന്റെയും കാലത്ത് തുടർക്കഥയാണെങ്കിലും

ഇത്ര കൂടുതൽ കാലം ആദ്യമായാണ് ഇത് സംഭവിക്കുന്നത് എന്ന് ഒരു കമ്മ്യൂണിസ്റ്റുകാരനായ ഒരു വ്യക്തിയുടെ മകൾ എഴുതിയിരിക്കുകയാണ്. അവർ അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ് നമുക്ക് തല ഉയർത്തി നിന്ന് പറയാനാകും, നാളെയും ഞാൻ ഇടതുപക്ഷത്താണെന്നാണ് എന്റെ പ്രതീക്ഷ' എന്നുപറയണമെങ്കിൽ മരിച്ചുകൊണ്ടിരിക്കുന്ന ഈ മനുഷ്യരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. 'പ്രതീക്ഷകൾ ഇനിയും ബാക്കി നിൽക്കുന്നുണ്ട് സർ' എന്ന് മുഖ്യമന്ത്രിയോട് പറഞ്ഞുകൊണ്ടാണ് അവർ ആ ഫേസ്ബുക്ക് പോസ്റ്റ് അവസാനിപ്പിക്കുന്നത്. അങ്ങനെ പ്രതീക്ഷയോടുകൂടിയാണ് കാത്തിരിക്കുന്നത്. ഏതെങ്കിലുമൊരു പാർട്ടിയുടെയോ ജനവിഭാഗത്തിന്റെയോ ആളുകളല്ല. അവർ പാവപ്പെട്ട ജീവനക്കാരാണ്. ആ ജീവനക്കാർക്ക് പെൻഷൻ, വേതനം എന്നിവ കൊടുക്കാൻപോലും കഴിയാത്ത ഒരവസ്ഥയിൽ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പറഞ്ഞിട്ടെന്ത് കാര്യം?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, നിങ്ങളുടെ ഭരണകാലത്ത് ഏകദേശം നാലായിരം കോടിയോളം രൂപ ബാങ്കുകളിൽ നിന്ന് കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി കടം വാങ്ങി കടത്തിലേയ്ക്ക് തള്ളിവിട്ടിരിക്കുകയായിരുന്നില്ലേ; ആ കടവുംകൂടി വച്ചുകൊണ്ടല്ലേ ഞങ്ങളിത് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്?

<u>ഡോ. എം. കെ. മുനീർ</u>: സർ, ഞങ്ങളുടെ കാലഘട്ടത്തിലുള്ള വീഴ്ചകളെ നിങ്ങൾ ആവർത്തിക്കേണ്ട ആവശ്യമില്ലല്ലോ;

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ആ ബാധ്യതയിൽ നിന്നും ഒഴിഞ്ഞുമാറാൻ ഈ ഗവൺമെന്റിന് കഴിയില്ല. അത് ഏറ്റെടുക്കേണ്ടി വരും.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഇത് കഴിഞ്ഞ ഒരു ഭരണകാലഘട്ടത്തിൽ മാത്രം ഉണ്ടായതല്ലല്ലോ; അങ്ങ് പറഞ്ഞതുപോലെ, അതിനുമുമ്പും കെ.എസ്.ആർ.ടി.സി. മന്ത്രിമാർ ഉണ്ടായിട്ടുണ്ട്. ഇത് കാലാകാലങ്ങളിൽ വന്നിട്ടുള്ള വിഷയമാണ്. പക്ഷേ അത് പരിഹരിക്കുന്നതിനുപകരം കൂടുതൽ രൂക്ഷമാക്കിയിരിക്കുകയാണ്. പിരിച്ചുവിട്ട ജീവനക്കാരുടെ വിഷയം തന്നെയല്ലേ നിങ്ങളെ രൂക്ഷമായ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്? ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഒരു stand still അവസ്ഥയിലേയ്ക്ക് വരുന്നതിൽ ഈ ഗവൺമെന്റിന് മാത്രമാണ് പങ്കുള്ളത്. അതിൽ മറ്റുള്ള ഒരു ഗവൺമെന്റിനെയും കുട്ടിക്കുഴയ്ക്കേണ്ട ആവശ്യമില്ല. മുഖ്യമന്ത്രിയും ധനകാര്യ/ഗതാഗത വകുപ്പുമന്ത്രിമാരും ഒരുമിച്ചിരുന്നാൽ തീർക്കാവുന്ന പ്രശ്നം മാത്രമേ ഇപ്പോഴുമുള്ളൂ. 30 കോടി രൂപയുടെ ഗ്യാപ് ഫിൽ ചെയ്യുന്നതിനുവേണ്ടി എത്രയെത്ര കാര്യങ്ങൾ ഇവിടെ ചെയ്യുന്നു?

കിഫ്ബിയെക്കുറിച്ച് ധാരാളം കാര്യങ്ങൾ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത് നിങ്ങളുടെ ബഡ്ജറ്റിലല്ലേ? കിഫ്ബിയെക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാൻ പറ്റുന്നില്ലെങ്കിൽ വേറെയെന്ത് കരകയറ്റാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്? ഇതൊന്നും ചർച്ചയ്ക്ക് വിധേയമാക്കാത്തതിന്റെ പേരിലുള്ള പ്രതിഷേധം അറിയിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

11.00 A.M.]

<u>ശ്രീ. സി. എഫ്. തോമസ്:</u> സർ, ഈ വിഷയം ചർച്ചചെയ്തിരുന്നെങ്കിൽ കുറച്ച് മാറ്റങ്ങൾ വരുത്താമായിരുന്നു. ഞാൻ എന്റെ അനുഭവം പറയുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾ എട്ടും പത്തും പേർ ഒരുമിച്ച് നിൽക്കുകയാണ്. അവിടെ ഓടിക്കൊണ്ടിരുന്ന ട്രാൻസ്പോർട്ട് ബസ്സില്ല. വേറൊരു യാത്രാസൗകര്യവുമില്ല. രണ്ട് മണിക്കൂർ കാത്തുനിന്നിട്ട് അവർ വീട്ടിലേയ്ക്ക് മടങ്ങുകയാണ്. പബ്ലിക് യൂട്ടിലിറ്റി സർവ്വീസാണ്, പബ്ലിക് ട്രാൻസ്പോർട്ടാണിത്. പൊതുമേഖലയെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സംരക്ഷിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ജനങ്ങളെ നോക്കണ്ടേ? പാവപ്പെട്ടവരെ നോക്കാൻ സർക്കാരിന് പ്രത്യേക ബാദ്ധ്യതയില്ലേ? റേഷൻ കൊടുക്കുന്നുണ്ടല്ലോ; നഷ്ടം സഹിക്കുന്നില്ലേ; വെള്ളവും വെളിച്ചവും കൊടുക്കുന്നില്ലേ; വഴി നന്നാക്കണ്ടേ? പാവപ്പെട്ട കുട്ടികൾക്ക് സ്കൂളിൽ പോകാൻപോലും സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഷെഡ്യൂൾ ക്യാൻസൽ ചെയ്യുന്നതിൽ എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നത്? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പരിമിതമായ സാഹചര്യങ്ങൾ വച്ചുകൊണ്ട് പൊതുജനങ്ങളെ ഏറ്റവും കുറച്ചു ദ്രോഹിക്കാൻ എങ്ങനെ സാധിക്കുമെന്നെങ്കിലും ചർച്ച ചെയ്യാമായിരുന്നു. ഞാൻ അതിനെ അങ്ങനെ വിശേഷിപ്പിക്കുകയാണ്. അങ്ങനെയൊരു ചർച്ചയ്ക്ക് അവസരം നൽകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, മാനവവിഭവശേഷി ശാസ്ത്രീയമായി ഉപയോഗിച്ചായാലും മറ്റെങ്ങനെയായാലും കുഴപ്പമില്ല, റദ്ദാക്കപ്പെട്ട ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കാനുള്ള നടപടിയുണ്ടാകണം. 10,000 രൂപ കളക്ഷനില്ലാത്ത

ഷെഡ്യൂളുകളാണ് ഒഴിവാക്കുന്നതെന്നാണ് അങ്ങിവിടെ സൂചിപ്പിച്ചത്. ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലല്ല അത് ചെയ്തിട്ടുള്ളത്. ലാഭകരമായി ഓടുന്ന അനവധി റൂട്ടുകൾ നിർത്തലാക്കിയിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതുസംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ആലോചിക്കാനുള്ള നടപടി അങ്ങേയ്ക്ക് സ്വീകരിക്കാമായിരുന്നു. അങ്ങത് ചെയ്തില്ല. പലപ്പോഴും ഇതുമായി ബന്ധപ്പെട്ട് എത്രയോ പരാതികൾ ഉണ്ടായിട്ടുണ്ട്. ഇന്ന് ഈ അടിയന്തരപ്രമേയ ചർച്ചയിൽപോലും ഭരണപക്ഷ ബെഞ്ച് കാലിയായിരുന്നു. ഒരു മന്ത്രി മറുപടി പറയുമ്പോൾ ബെഞ്ചുകൾ നിറഞ്ഞുനിൽക്കുന്നതാണ്. സി.പി.ഐ.-യുടെയും സി.പി.ഐ.(എം)-ന്റെയും അംഗങ്ങളെ കാണാനേയുണ്ടായിരുന്നില്ല. അതുകൊണ്ടാണ് അക്കാര്യം ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചത്. ഇവിടെ ഉന്നയിച്ച അടിയന്തരപ്രമേയത്തിന് ധാർമ്മികമായ പിന്തുണ തങ്ങൾക്കുണ്ടെന്നും ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നുവെന്ന യാഥാർത്ഥ്യവും തിരിച്ചറിയാൻ കഴിയണം. ഷെഡ്യൂളുകൾ റദ്ദാക്കിയത് പരിപൂർണ്ണമായും ഏകപക്ഷീയമായ നിലയിലാണ്. ലാഭകരമായ അനവധി റൂട്ടുകൾ ഒഴിവാക്കിയിട്ടുണ്ട്. ഫാസ്റ്റ് പാസഞ്ചറുകളുടെ കാര്യത്തിൽ മൂന്ന് ജില്ലകളിൽ കൂടുതൽ ഓടാൻ പാടില്ലെന്ന് നിങ്ങൾ തീരുമാനം എടുത്തിട്ടുണ്ട്. പല തീരുമാനങ്ങളും അബദ്ധമായ നിലയിലേയ്ക്ക് മാറുകയാണ്. 1000 കോടി രൂപയുടെ ധനസഹായത്തെക്കുറിച്ച് അങ്ങിവിടെ പറഞ്ഞു. കെ.എസ്.ആർ.ടി.സി.-ക്കുള്ള പ്രതിമാസ ധനസഹായം 5 കോടി രൂപ കുറച്ചുവെന്നാണ് ഏറ്റവും ഒടുവിൽ അറിയാൻ കഴിഞ്ഞത്. ധനകാര്യ വകുപ്പിൽനിന്നും കൃത്യമായ പിന്തുണ അങ്ങേയ്ക്ക് ലഭിക്കുന്നില്ലെന്ന ആക്ഷേപമുണ്ട്. ഞങ്ങൾ അതുതന്നെയാണ് ഉന്നയിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി ഇത്രയും നേരം സഭയിൽ ഇരുന്നിട്ടും അങ്ങയെ സപ്പോർട്ടുചെയ്ത് ഒരു വാക്കുപോലും പറയാൻ തയ്യാറായില്ല. പെൻഷന്റെ തുകപോലും വകമാറ്റുകയാണ്. ഏറ്റവും ഗുരുതരമായ സാഹചര്യമാണ് കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നത്. അതിൽ ഗവൺമെന്റ് ഇടപെടലുകൾ ഒട്ടും ഫലപ്രദമല്ല. അടിയന്തര പ്രാധാന്യമുള്ള നിലയിൽ, പൊതുജനത്തെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമെന്ന നിലയിൽ ഇത് ചർച്ചചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## V ശ്രദ്ധ ക്ഷണിക്കൽ

(1) ആയുർവ്വേദ ചികിത്സാ സമ്പ്രദായം

ശ്രീ. സി. കെ. നാണു: സർ, ലോകരാജ്യങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിന് ഏറ്റവും പ്രമുഖമായ സാദ്ധ്യതയുള്ളത് ആയുർവ്വേദ ചികിത്സയിലാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ആയുർവ്വേദ ചികിത്സയ്ക്കായിവരുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ ആയുർവ്വേദ ചികിത്സ സ്വകാര്യമേഖലയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഘട്ടമാണിന്ന്. കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിൽ ആയുർവ്വേദ ചികിത്സയ്ക്ക് പ്രധാന പങ്കുണ്ട്. ഈ ഘട്ടത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ട ചില മേഖലകളുണ്ട്. സ്വകാര്യ മേഖലയിലെ ആയുർവ്വേദ ആശുപത്രികൾപോലെ സർക്കാർ ഉടമസ്ഥതയിലും ആയുർവ്വേദ കോളേജുകൾ ആരംഭിക്കണം. ആയുർവ്വേദ ആശുപത്രികളിലും ജില്ലാ ആയുർവ്വേദ ആശുപത്രികളിലും ചികിത്സാ സൗകര്യങ്ങൾ നിലവിലുള്ളതിനേക്കാളും വർദ്ധിപ്പിക്കാൻ കഴിയണം. വിവിധ രാജ്യങ്ങളിൽനിന്നും ആയുർവ്വേദ ചികിത്സയ്ക്കുവേണ്ടി വരുന്ന ടൂറിസ്റ്റുകളെ സർക്കാർ ആശുപത്രികളിലേയ്ക്ക് എത്തിക്കാൻ സാധിക്കണം. അതിന് സഹായകരമായ രൂപത്തിൽ ആയുർവ്വേദ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരുടെ എണ്ണവും ആയുർവ്വേദ ഡോക്ടർമാരുടെ ഉപരിപഠനത്തിനുള്ള സാദ്ധ്യതകളും വർദ്ധിപ്പിക്കണം. താളിയോല ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലുള്ള ആയുർവ്വേദ ചികിത്സയ്ക്കുവേണ്ടി നിലവിലുള്ളതിനുപുറമെ ഇനിയും മാർഗ്ഗം ഉണ്ടെങ്കിൽ അതെല്ലാം സ്വീകരിക്കാൻ കഴിയണം. അലോപ്പതി ചികിത്സാമേഖലയിൽ പരാജയപ്പെടുന്ന പലതും കേരളത്തിലെ ആയുർവ്വേദ ചികിത്സകൊണ്ട് രക്ഷപ്പെടുന്ന സാദ്ധ്യത ഇന്നുണ്ട്. ആ സാദ്ധ്യതകളെ ഗവൺമെന്റിന്റെ ആയുർവ്വേദ വിഭാഗം സ്വീകരിച്ചുകൊണ്ട് സർക്കാർ ആയുർവ്വേദ കോളേജുകൾ കൂടുതൽ മെച്ചപ്പെട്ട രൂപത്തിൽ എങ്ങനെ കൊണ്ടുപോകാൻ സാധിക്കുമെന്നതിനെക്കുറിച്ച് പരിശോധിക്കണം. ആയുർവ്വേദ മേഖലയിലുള്ള ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾ നേരത്തെതന്നെ നമ്മൾ ആലോചിച്ചതാണ്. സംസ്ഥാന ഗവൺമെന്റിനുകീഴിലുള്ള വനത്തിന്റെ ബോർഡറുകളിൽ ആയുർവ്വേദ മരുന്നുകൾ വച്ചുപിടിപ്പിക്കാനുള്ള സൗകര്യമുണ്ട്. രണ്ട് വകുപ്പുകളും യോജിച്ചുകൊണ്ട് ആയുർവ്വേദ ഔഷധച്ചെടികൾ വച്ചുപിടിപ്പിക്കാൻ സാധിക്കണം. എന്റെ ചെറുപ്പകാലത്ത് നാട്ടിലെ ചൊവ്വാഴ്ചച്ചന്തയിൽ എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകൾ ആയുർവ്വേദ മരുന്നുകൾ വാങ്ങാൻവരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷെ, ഇന്ന് അതില്ല. ആയുർവ്വേദ മരുന്നുകൾ വളരെ കുറവാണ് ലഭിക്കുന്നത്. അത് പരിഹരിക്കാൻ

വനത്തിലുള്ളവരെക്കൂടി ഉപയോഗിച്ചുകൊണ്ട് ആയുർവ്വേദ മരുന്നുകൾ വച്ചുപിടിപ്പിക്കാൻ കഴിയണം. ആയുർവ്വേദ മരുന്നുകളിൽ ചിലത് പ്ലാസ്റ്റിക് കുപ്പികളിലാണ് വരുന്നത്. പ്ലാസ്റ്റിക് മൊത്തത്തിൽ ഒഴിവാക്കുന്ന അവസ്ഥയിൽ ഇതുകൂടി ഒഴിവാക്കാൻ സർക്കാർ നിർബന്ധമായും സന്നദ്ധമാകണം. പല ആശുപത്രികളിലും ഫാർമസിസ്റ്റുകളുടെ കുറവുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല. ആയുർവ്വേദ മേഖലയിൽ സാർവ്വദേശീയമായി നമുക്കുള്ള അംഗീകാരം സ്വകാര്യ മേഖല ഉപയോഗിക്കുന്നതുപോലെ സർക്കാർ മേഖലയിലും ഉപയോഗപ്പെടുത്താനും ആയുർവ്വേദത്തിന്റെ കേരളത്തിലെ സാദ്ധ്യതകളെ പരമാവധി ഉപയോഗിക്കാനുമാവശ്യമായ നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആയുർവ്വേദ മേഖലയുടെ പ്രത്യേകതയും അതിൽ കേരളത്തിന്റെ പ്രാധാന്യവുമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഗവൺമെന്റ് ഇത് വളരെ ഗൗരവമായിത്തന്നെ എടുത്തിട്ടുണ്ട്. കേരളത്തിലെ മൂന്ന് സർക്കാർ ആയുർവ്വേദ കോളേജുകളും കഴിഞ്ഞ മൂന്ന് വർഷക്കാലംകൊണ്ട് ഒട്ടേറെ മെച്ചപ്പെടുകയും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ആയുർവ്വേദ കോളേജുകളിൽ കായ ചികിത്സ, പഞ്ചകർമ്മ തുടങ്ങി കേരളത്തിന്റെ പ്രത്യേകതയുള്ള എല്ലാ ചികിത്സകളും മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റിന്റെ കാലയളവിൽ പ്രത്യേകിച്ച് ശ്രദ്ധിച്ചിട്ടുണ്ട്. ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവ്വേദ കോളേജ് ആശുപത്രികളിൽ എല്ലാ ക്ലിനിക്കുകളെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയതായി പണികഴിപ്പിച്ച 5 നില പേ വാർഡ് കെട്ടിടം, 41 താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പൂർണ്ണമായും അത്യന്താധുനികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവിടെ ചികിത്സ തേടുന്നവരെല്ലാംതന്നെ വളരെ നല്ല അഭിപ്രായം രേഖപ്പെടുത്താൻ തുടങ്ങിയിട്ടുണ്ട്. കണ്ണൂർ ആയുർവ്വേദ കോളേജിൽ 14.45 കോടി രൂപ ചെലവഴിച്ച് 5 നിലകളിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഈ സാമ്പത്തിക വർഷത്തോടുകൂടി പൂർത്തിയാക്കുകയും പ്രവർത്തനം ആരംഭിക്കാൻ കഴിയുകയും ചെയ്യും. 22 സ്ഥിരം തസ്തികകളും 15 താൽക്കാലിക തസ്തികകളും അതിനുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്.

തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിന് കീഴിലുള്ള പൂജപ്പുരയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയതായി ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ ആധുനിക സൗകര്യത്തോടുകൂടി സജ്ജീകരിച്ചിട്ടുണ്ട്. അവിടെ മുടങ്ങിക്കിടന്നിരുന്ന പ്രസവ കേസ്സുകൾ കൈകാര്യം ചെയ്തുതുടങ്ങി. ആയുർവ്വേദ ആശുപത്രിയിൽ അലോപ്പതി ഡോക്ടർമാരുടെ സഹകരണത്തോടുകൂടി സിസേറിയൻ ഉൾപ്പെടെ നടത്തുന്നതിനുള്ള ഏർപ്പാട് ചെയ്തത് ആദ്യമായാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 61 പുതിയ തസ്തികകൾ ആയുർവ്വേദ വകുപ്പിന്റെ കീഴിൽ സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ആശുപത്രികളുടെ നിലവാരം ഘട്ടംഘട്ടമായി N.A.B.H. (National Accreditation Board for Hospitals and Healthcare Providers) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. ഈ മേഖലയിൽ മാനസികാരോഗ്യ ചികിത്സയ്ക്ക് പ്രത്യേകം ഊന്നൽ നൽകുകയും കണ്ണൂർ ആയുർവ്വേദ മെഡിക്കൽ കോളേജിൽ പുതുതായി 50 ബെഡ്ഡുകളുള്ള മാനസികാരോഗ്യ ആശുപത്രി നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുകയും നിർമ്മാണപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. അവിടെ പ്രത്യേകം ഒ.പി. ഇപ്പോൾതന്നെ ആരംഭിച്ചിട്ടുണ്ട്. ഇടുക്കിയിൽ ഒരു പുതിയ ആയുർവ്വേദ കോളേജ് സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനം ബഡ്ജറ്റിൽ ഉണ്ടായിരുന്നു. നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അധികം വൈകാതെ ഇടുക്കിയിലും ഒരു ആയുർവ്വേദ കോളേജ് സജ്ജമാക്കാൻ കഴിയും. പൂജപ്പുരയിലുള്ള ആയുർവ്വേദ പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അവിടെ പ്രായം ചെന്നവർക്കുള്ള പ്രത്യേക ശുശ്രൂഷാ വിഭാഗം, ജെറിയാട്രിക് കെയർ സെന്റർ, പാരാ സർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ഒഫ്താൽമോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ അത്യന്താധുനിക സൗകര്യത്തോടുകൂടി നിർമ്മിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയാണ്. ബഹുമാനപ്പെട്ട സി. കെ. നാണു പറഞ്ഞ മറ്റൊരു കാര്യം, താളിയോല ഗ്രന്ഥങ്ങളിലുൾപ്പെടെയുള്ള പഴയകാല അറിവുകളെ ആധുനികവൽക്കരിച്ച് എടുക്കണമെന്നതാണ്. അതിന് നമുക്ക് Traditional Knowledge Innovation - Kerala (TKIK) എന്നൊരു സംവിധാനമുണ്ട്. അത് ഡൽഹിയിലെ C.S.I.R. (Council of Scientific & Industrial Research)-ഉമായി ധാരണ ഒപ്പുവച്ചിട്ടുണ്ട്. അതിലൂടെ രാജ്യന്തരതലത്തിലുള്ള പേറ്റന്റ് സംരക്ഷിക്കാൻ കഴിയും. അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇതുപോലെ ആശുപത്രികളെ K.A.S.H. (Kerala Accreditation Standards for Hospitals) നിലവാരത്തിലേയ്ക്ക് ഉയർത്താൻ ശ്രമിക്കുന്നുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, അന്താരാഷ്ട്ര ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് കണ്ണൂർ ജില്ലയിൽ 300 ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുള്ളതിൽ 36 ഏക്കർ സ്ഥലം ലഭിച്ചിട്ടുണ്ട്,

ബാക്കി സ്ഥലം ഉടൻതന്നെ കിട്ടും. 112 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് കിഫ്ബി ധനസഹായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഉടനെ പാസ്സായിക്കിട്ടും. പ്രാഥമിക നടപടികൾക്കായി 11 കോടി രൂപ ബഡ്ജറ്റ് പ്ലാനായി കിട്ടിയിട്ടുണ്ട്. അതുവച്ച് അവിടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കാൻ സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഒന്നാംഘട്ടം പൂർത്തിയാക്കണമെന്നാണ് കരുതുന്നത്. അത് വരുന്നതോടുകൂടി പഴയ അറിവുകൾ ആധുനിക പരീക്ഷണശാലകളിൽ evidence based ആയിത്തന്നെ നമുക്ക് അംഗീകരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട സി. കെ. നാണു പറഞ്ഞതുപോലെ നമ്മുടെ താളിയോല ഗ്രന്ഥങ്ങളിലൊക്കെ ഇനിയും ഒട്ടേറെ അറിവുകളുണ്ട്. അതെല്ലാം സ്വാംശീകരിച്ചുകൊണ്ട് ആയുർവ്വേദ മേഖലയിൽ വമ്പിച്ച ഒരു മാറ്റമുണ്ടാക്കാൻതന്നെയാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിനുള്ള നടപടികളെല്ലാം ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. സി. കെ. നാണു: സർ, സുഖചികിത്സയ്ക്കുവേണ്ടി നമ്മുടെ നാട്ടിലേയ്ക്ക് വിദേശത്തുനിന്നും ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ കാസർഗോഡ് വരെ ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. അവിടെ കളരിപ്പയറ്റും അതിൽ നല്ല വിദഗ്ദ്ധന്മാരുമുണ്ട്. ഉഴിച്ചിൽ ചികിത്സ പോലുള്ളവകൂടി നൽകാൻ കഴിഞ്ഞാൽ ഗവൺമെന്റിന് വരുമാനമുണ്ടാകും. കൂടാതെ ഗവൺമെന്റിന്റെ നേതൃത്വത്തിൽ കുറെ പരിചയസമ്പന്നരായ കളരിപ്പയറ്റുകാർക്കും ഉഴിച്ചിൽകാർക്കും വരുമാനം നേടിക്കൊടുക്കാൻ കഴിയുന്ന രീതിയിൽ വിപുലമായി ഇതിനെ ഉപയോഗപ്പെടുത്താനുള്ള പരിശോധന നടത്താൻ സർക്കാർ സന്നദ്ധമാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നല്ലൊരു അഭിപ്രായമാണ്. അതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുകയാണ്. സുഖചികിത്സ/ആയുർവ്വേദ ടൂറിസം എന്നുള്ള രീതിയിൽ ആളുകൾ വരുന്ന സമയത്ത് ഫേക്കായിട്ടുള്ള ഒട്ടേറെ കാര്യങ്ങളിൽ പെട്ടുപോകുകയാണ്. Authentic അല്ലാത്ത ഒട്ടേറെ കാര്യങ്ങൾ നടക്കുകയാണ്. അത് മാറ്റിയെടുക്കാൻവേണ്ടി authentication നിർബന്ധമായും ആവശ്യമാണ്. സർക്കാർതന്നെ നേതൃത്വം കൊടുത്തുകൊണ്ട് ഇത്തരം കാര്യങ്ങൾക്കുള്ള ആലോചന നടത്തിയിട്ടുണ്ട്. ഇപ്പോൾ സർക്കാർ ആയുർവ്വേദ സംവിധാനത്തിന്റെ ഭാഗമായി ടൂറിസ്റ്റുകളെക്കൂടി ആകർഷിക്കുവാൻ കഴിയുന്ന രീതിയിലാണ് പരിഷ്കരണമെല്ലാം നടത്തുന്നതും ആധുനികവൽക്കരിക്കുന്നതും. ഇതുമാത്രമല്ല, കഴിഞ്ഞവർഷം ഒരു അന്താരാഷ്ട്ര ആയുഷ് കോൺക്ലേവ് നടത്തിയിരുന്നു. അതിൽ 23 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. അവരും ആവശ്യപ്പെടുന്നത് ഞങ്ങൾക്ക് ഏതാണ് വ്യാജം, ഏതാണ് ശരിയെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ലെന്നാണ്. വ്യാജമായ

ഒട്ടേറെ കാര്യങ്ങൾ നടക്കുന്നതിനെ നിരുത്സാഹപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിനുപകരം വളരെ കൃത്യതയോടുകൂടിയ വിശ്വാസ്യമായതും ശാസ്ത്രീയമായതുമായ കാര്യങ്ങൾ ഇതിൽ കൊണ്ടുവരണം. അടുത്ത വർഷവും ആയുഷ് കോൺക്ലേവ് നടത്തണമെന്ന് ആഗ്രഹിക്കുന്നു, നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ളവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയടക്കം സന്ദർശിച്ച് 'ആയുഷ് ചെയർ' അവരുടെ യൂണിവേഴ്സിറ്റികളിലൊക്കെ സ്ഥാപിക്കുന്നതിന് താൽപര്യപ്പെട്ടിട്ടുണ്ട്. അവരും പറയുന്നത് വിശ്വസനീയമായൊരു സംവിധാനം ഇതിൽ ഉൾപ്പെടുത്തണമെന്നാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതിൽ കളരി വളരെ പ്രധാനപ്പെട്ട ഒന്നായതിനാൽ കളരിയടക്കം ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഏറ്റവും മുന്തിയ പരിഗണന നൽകുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

(2) <u>വന്യജീവി ആക്രമണം</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ അവതരിപ്പിക്കുന്നത് പുതുമയുള്ള വിഷയമല്ല, ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ള പല അംഗങ്ങളും പലതവണ സഭയിൽ ഉന്നയിച്ച വിഷയമാണ്. അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗശല്യം ഇന്ന് വനാതിർത്തികളിൽ മാത്രമല്ല ജനവാസ കേന്ദ്രങ്ങളിലും ഉൾപ്രദേശങ്ങളിലും അതിശക്തമായി അനുഭവപ്പെടുകയാണ്. അഞ്ച് വർഷത്തിനിടയിൽ 519 പേർ കേരളത്തിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുകയും 12,850 ഹെക്ടർ ഭൂമിയിൽ കൃഷിനാശമുണ്ടാകുകയും 783 വീടുകൾ നശിക്കുകയും ചെയ്തിട്ടുണ്ട്. 2008-09-ൽ പരിക്കുപറ്റിയവരുടെ എണ്ണം 32-ഉം കൊല്ലപ്പെട്ടവരുടെ എണ്ണം കേവലം 13-ഉം ആയിരുന്നുവെങ്കിൽ പത്ത് വർഷത്തിനുശേഷം 2017-18-ൽ പരിക്കുപറ്റിയവരുടെ എണ്ണം 953-ഉം മരിച്ചവരുടെ എണ്ണം 168-ഉം ആയി ഉയർന്നു. പത്ത് വർഷക്കാലം കൊണ്ട് വന്യജീവികളുടെ ആക്രമണത്തിൽ മരിച്ചവരുടെയും പരിക്കുപറ്റിയവരുടെയും നാശനഷ്ടങ്ങളുടെയും തോത് പത്തിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പരിഹാര നടപടികൾ ഗവൺമെന്റ് ഫലപ്രദമായി സ്വീകരിക്കുന്നില്ല എന്നുള്ളത് പച്ചയായ യാഥാർത്ഥ്യമാണ്. ഇവിടെ കാട്ടുപന്നികളെ വെർമ്മിനായി പ്രഖ്യാപിച്ച് അതിനെ കൊല്ലുന്നതിനുവേണ്ടി 12-11-2018-ൽ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് തീരുമാനമെടുത്തിരുന്നെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയുൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്നുള്ളതിനാൽ അത് ഉത്തരവായി നിലവിൽ വന്നില്ല. ഒരു വർഷം കഴിഞ്ഞിട്ടും അതിനുള്ള യാതൊരു നടപടിയും ആയിട്ടില്ല. മന്ത്രി മറുപടി പറയുമ്പോൾ, പന്നികളെ വെടിവച്ച് കൊല്ലുന്നതിന് 16-02-2019-ൽ

ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്, അത് 2014-ലെ ഉത്തരവിൽ കർഷക പക്ഷത്തുനിന്നുകൊണ്ട് ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പുതിയ ഉത്തരവ് നടപ്പിലാക്കിയതെന്ന് പറഞ്ഞാലും ശരിയാകില്ല. കാരണം, ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഒൻപത് മാസം കഴിഞ്ഞിരിക്കുന്നു. നമ്മുടെ കൃഷിയിടങ്ങളിൽ പന്നി ശല്യമില്ലാത്തതുകൊണ്ടല്ല, മലബാർ മേഖലയിലെ പ്രാദേശിക പത്രങ്ങളൊന്നും ഇവിടെ കൊണ്ടുവരേണ്ട ആവശ്യമില്ല. കാരണം, അതൊരു വലിയ വാർത്തയാണ്. ഞാൻ തിരുവനന്തപുരത്ത് വന്നപ്പോൾ കണ്ടൊരു വാർത്തയാണ് - 'പന്നികളെ പേടിച്ച് വൈദ്യുതി വേലി, ജീവൻ നഷ്ടപ്പെട്ടത് നാല് പേർക്ക് '. ഇത് കഴിഞ്ഞ 12-ാം തീയതിയിലെ 'മലയാള മനോരമ' പത്രത്തിലെ വാർത്തയാണ്. പന്നികളെ പേടിച്ച് നാട്ടുകാരും കൃഷിക്കാരും വൈദ്യുതി വേലിയുണ്ടാക്കിയതിൽ തട്ടി നാല് പേരാണ് മരിച്ചത്. 'വീട് ആന ചവിട്ടിയരച്ചു, കുഞ്ഞിനേയും എടുത്ത് രാത്രി ഇറങ്ങിയോടി', 'കാടിറങ്ങുന്നു - വിളരയെ വിറപ്പിച്ച് കാട്ടുപോത്തുകൾ, ജനം ഭീതിയിൽ', 'വന്യമൃഗ ശല്യം - കെണിയുമായി മലയം നിവാസികൾ', 'മരണം രണ്ട്, പരിക്കേറ്റവർ ഏറെ - ഭൂമി തരിശിട്ട് കർഷകർ'. ഇതെല്ലാമാണ് കേരളത്തിന്റെ വനാതിർത്തി പങ്കിടുന്ന സ്ഥലങ്ങളിലെ അവസ്ഥ. എന്റെ നിയോജക മണ്ഡലത്തിൽ രണ്ട് വന്യമൃഗ സങ്കേതങ്ങളുണ്ട് - ആറളവും കൊട്ടിയൂരും. അവിടെനിന്ന് പത്തുകിലോമീറ്റർ ഉള്ളിൽ ജനവാസ മേഖലകളിലേയ്ക്ക് ആനകൾ വന്ന് ആളുകളെ ഉപദ്രവിക്കുന്ന വലിയ പ്രയാസകരമായ സംഭവങ്ങളുണ്ടാകുന്നുണ്ട്. അതിനെതിരെ നിരവധി സമരങ്ങൾ നടക്കുന്നുണ്ട്. അടുത്ത ദിവസം പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്. ആസ്സാമിലെ ഒരു എം.എൽ.എ. അഞ്ച് ഗ്രാമീണരെ കൊലപ്പെടുത്തിയ ഒരു കാട്ടാനയെ മയക്കുവെടി വച്ച് തളച്ചു. ആസ്സാമിലെ പത്മ ഹസാരിക എന്ന് പറയുന്ന എം.എൽ.എ.-യ്ക്ക് പരിശീലനം ലഭിച്ച ഏഴ് ആനകൾ സ്വന്തമായുണ്ട്. അദ്ദേഹത്തിന്റെ ആനകളിൽ ഒന്നിന്റെ പുറത്ത് കയറിയാണ് കാട്ടിൽപ്പോയി കാട്ടാനയെ മയക്കുവെടിവച്ച് കീഴടക്കിയതെങ്കിൽ, ഞങ്ങൾക്കുമത് സാദ്ധ്യമാണോ? അല്ലെങ്കിൽ പെർമിഷൻ തരണം; ഞങ്ങളെ അനുവദിച്ചാൽ മതി. അതുൾപ്പെടെയുള്ള ഗൗരവതരമായ കാര്യങ്ങളുണ്ട്. ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ ഒട്ടും ഫലപ്രദമല്ല. ഇപ്പോൾ മന്ത്രി പറയാൻ പോകുന്ന മറുപടി, ഇത്തരം വിഷയങ്ങൾക്കുള്ള സ്റ്റീരിയോ ടൈപ്പ് മറുപടിയാണ്. എന്റെ നിയോജകമണ്ഡലത്തിൽ, ഇരിട്ടിയിൽ നാളെ വൈൽഡ് ലൈഫ് വാർഡന്റെ മുമ്പിൽ ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന ഒരു സമരം നടക്കുകയാണ്. നിയമസഭാ സമ്മേളനമില്ലാതിരുന്നെങ്കിൽ ഞാനും ആ സമ്മേളനത്തിൽ പങ്കെടുക്കേണ്ട ആളാണ്. ബിഷപ് മാർ ജോസഫ് പാംബ്ലാനി ഉദ്ഘാടനം ചെയ്യുന്നു. വന്യജീവി ശല്യം അതിരൂക്ഷമാണ്. വനം വകുപ്പുമന്ത്രിയുടെ

മണ്ഡലത്തിലും വനാതിർത്തിയുണ്ട്. അദ്ദേഹം ഈ പ്രശ്നം അഭിമുഖീകരിക്കുന്ന ഒരു ജനപ്രതിനിധികൂടിയാണ്. അദ്ദേഹവുമായി ഈ കാര്യങ്ങൾ സംസാരിക്കാറുണ്ട്. അവിടെ പുലിയും കടുവയുമുൾപ്പെടെയുള്ള വന്യജീവികളുണ്ട്. പക്ഷേ, He is rather helpless. കാരണം, ഇതിനാവശ്യമായ പണം വകയിരുത്തുന്നില്ല. ബഡ്ജറ്റിൽ പ്രൊപ്പോസലില്ല. കിഫ്ബിയിൽ വകയിരുത്തുന്നില്ല. നബാർഡിന്റെ എയ്ഡ് കിട്ടുന്നില്ല. ലോക ബാങ്കിന്റെ സഹായം തേടുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ ഉൾപ്പെടെയുള്ള അംഗങ്ങളുമായി ഞാൻ ഇക്കാര്യം സംസാരിച്ചിട്ടുണ്ട്, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കത്ത് നൽകണം. മുഖ്യമന്ത്രിതന്നെ യോഗം വിളിച്ച് ഇതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇത് മനുഷ്യനും വന്യമൃഗങ്ങളും ഭൂമുഖത്ത് ഉള്ളിടത്തോളം കാലം നിലനിൽക്കുന്നൊരു പ്രശ്നമാണ്. അത് പത്ത് വർഷംകൊണ്ട് പത്തിരട്ടിയായി വർദ്ധിച്ചതിന്റെ കണക്കാണ് ഞാനിവിടെ പറഞ്ഞത്. ഇക്കാര്യത്തിൽ അടിയന്തര പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം എന്ന് ആവശ്യപ്പെടുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ തുടങ്ങി വിവിധ രീതികളിൽ ബഹുമാനപ്പെട്ട അംഗം ഈ വിഷയം പലപ്പോഴായി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അദ്ദേഹം പറഞ്ഞത് പൂർണ്ണമായും ശരിയാണ്. സംസ്ഥാനത്ത് വനമേഖലയോട് അനുബന്ധിച്ചുള്ള ജനവാസ കേന്ദ്രങ്ങളിൽ അധിവസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽനിന്നും നേരിടേണ്ടി വരുന്ന കൃഷിനാശത്തിനും ജീവനും സ്വത്തുക്കൾക്കും നേരിടേണ്ടിവരുന്ന നാശനഷ്ടങ്ങളിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനും സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഞാൻതന്നെ അഞ്ച് പ്രാവശ്യമാണ് ഈ പ്രത്യേക വിഷയവുമായി ബന്ധപ്പെട്ട് അവിടെ വന്നിട്ടുള്ളത്. കളക്ടറേറ്റിൽവച്ച് അങ്ങും ഞാനും പങ്കെടുത്തുകൊണ്ട് രണ്ട് പ്രാവശ്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടിയിരുന്നു. ആറളം ഫാമിൽ വന്യജീവികളുടെ ആക്രമണം നടക്കുന്നു എന്ന് കണ്ടതുകൊണ്ട് അങ്ങയോടൊപ്പം ഞാനുംകൂടി വന്ന് അവിടെവച്ച് യോഗം ചേരുകയുണ്ടായിട്ടുണ്ട്. കൂടാതെ, കഴിഞ്ഞ മാസം കണ്ണൂർ ടൗണിൽവച്ച് ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.-യും അങ്ങും ഞാനും പങ്കെടുത്തുകൊണ്ട് വനം അദാലത്തും സംഘടിപ്പിച്ചിരുന്നു. ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്.

സംസ്ഥാനത്തൊട്ടാകെ 10 ജില്ലകളിൽ വനം അദാലത്തുകൾ നടന്നുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ, അദാലത്തുകളിൽ മുഖ്യമായും വരുന്ന പരാതികൾ കൃഷിനാശത്തെ സംബന്ധിച്ചും വന്യജീവികളുടെ ആക്രമണത്തെ സംബന്ധിച്ചുമാണ്. ഇതുവരെ ജില്ലകളിൽ നടന്ന അദാലത്തുകളിൽ ലഭിച്ചത് 2,549 പരാതികളാണ്. അതിൽ 2,250 പരാതികളും പരിഹരിക്കപ്പെട്ടു. വന്യജീവികളുടെ ആക്രമണംമൂലമുള്ള കൃഷി നാശത്തിന് 122.47 ലക്ഷം രൂപ അദാലത്തിൽവച്ചുതന്നെ നഷ്ടപരിഹാരമായി നൽകുകയും ചെയ്തു. കണ്ണൂർ ജില്ലയിൽവച്ച് നടന്ന അദാലത്തിൽവച്ച് 12.09 ലക്ഷം രൂപയുടെ ഉത്തരവുകളിൽ ബഹുഭൂരിപക്ഷവും നൽകിയത് അങ്ങ് തന്നെയാണ്. കൃഷിനാശങ്ങൾ ഉണ്ടാകുന്ന എന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ സർക്കാർ എത്രയുംപെട്ടെന്ന് അതിനുള്ള പരിഹാരം എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടി ശക്തമായി നടപ്പിലാക്കിവരികയാണ്. അതിനുവേണ്ടിയാണ് ജനകീയ അദാലത്തുകളടക്കം സംഘടിപ്പിച്ചിട്ടുള്ളത്.

കണ്ണൂർ ജില്ലയിൽ വനമേഖലയിൽ താമസിക്കുന്ന ആളുകളെ റീ-ലൊക്കേറ്റ് ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അതിനുള്ള നഷ്ടപരിഹാരത്തുകയും അവിടെ നൽകുകയുണ്ടായി. അതടക്കം 190 ലക്ഷം രൂപയിലധികമാണ് കണ്ണൂർ ജില്ലയിൽ വിതരണം ചെയ്തത്. വന്യമൃഗങ്ങൾ ഏറ്റവും കൂടുതലുള്ള മേഖലയിൽനിന്നും ആളുകളെ റീ-ലൊക്കേറ്റ് ചെയ്യുകയാണ്. റീ-ലൊക്കേഷനുവേണ്ടി കൊടുക്കാനുള്ള പണം കൊടുത്തുതീർക്കുകയാണ്.

വന്യജീവി ആക്രമണംമൂലം മരണം സംഭവിച്ചാൽ 10 ലക്ഷം രൂപ നഷ്ടപരിഹാരം യാതൊരു പെന്റിംഗുമില്ലാതെ നൽകിവരികയാണ്. വനത്തിന് പുറത്തുവച്ച് പാമ്പ് കടിച്ചാൽ 2 ലക്ഷം രൂപ ഇപ്പോൾ നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യജീവി ആക്രമണംമൂലം സ്ഥായിയായി അംഗഭംഗം വന്നാൽ പരമാവധി 2 ലക്ഷം രൂപ വരെ നൽകിവരികയാണ്. വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന ചികിത്സ, പരിക്ക് എന്നിവയ്ക്കുവേണ്ടി ഒരു ലക്ഷം രൂപ വരെ നൽകാൻ കഴിയും. വന്യജീവി ആക്രമണംമൂലമുള്ള വീട് നഷ്ടം, കന്നുകാലി നഷ്ടം എന്നിവയ്ക്ക് 100 ശതമാനം നഷ്ടപരിഹാരമാണ് നൽകുന്നത്. വന്യജീവി ആക്രമണംമൂലമുള്ള വിളനാശത്തിനും നിശ്ചയിച്ചിട്ടുള്ള റേറ്റിൽ 100 ശതമാനം നഷ്ടപരിഹാരം നൽകാൻ കഴിയും. ഈ സർക്കാർ വന്നതിനുശേഷം മുൻകാലങ്ങളിൽ ഉള്ളതിനേക്കാൾ നഷ്ടപരിഹാരം ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന കാര്യവും അങ്ങേയ്ക്ക് അറിയാവുന്നതാണ്.

വനത്തിന് പുറത്തേയ്ക്കുവരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. റാപ്പിഡ് റെസ്പോൺസ് ടീമുകളെ ശക്തിപ്പെടുത്തുകയും റാപ്പിഡ് റെസ്പോൺസ് ടീമുകളിലെ ജീവനക്കാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവർക്ക് കൂടുതൽ വാഹനങ്ങൾ

അനുവദിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിനും ബന്ധപ്പെട്ട ജീവനക്കാർക്കും ഉപയോഗം ചെയ്യുന്ന തരത്തിൽ 40 പുതിയ ജീപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ, റാപ്പിഡ് റെസ്പോൺസ് ടീമിലുള്ള ആളുകൾക്ക് ആയുധങ്ങൾ നൽകേണ്ടതുണ്ട്. മുൻപ് ഇവർക്കൊന്നും ആയുധങ്ങൾ നൽകിയിരുന്നില്ല. ആയുധങ്ങൾ നൽകുന്നതിനുള്ള തീരുമാനമെടുത്ത്, പോലീസിന്റെകൂടി സഹായമുൾപ്പെടെ തോക്ക് അടക്കമുള്ളവ വാങ്ങുന്നതിന് ആവശ്യമായ സംവിധാനങ്ങളെല്ലാം ആയിട്ടുണ്ട്. അതിന്റെ നിർമ്മാണ കേന്ദ്രങ്ങളിൽ പോലീസിന്റെ സഹായത്തോടുകൂടി പോയി വാങ്ങുന്നതിന് ആവശ്യമായ ഏർപ്പാടുകളെല്ലാം ആയിട്ടുണ്ട്.

വനത്തിനുള്ളിൽ ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും കൂടുതൽ വനവത്കരണം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടുകൂടി വനമേഖലയിലെ പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതികൾ ചില പ്രദേശങ്ങളിൽ കൃത്യമായി കൂടുന്നില്ല. ആ മേഖലയിലെ എം.എൽ.എ.-മാർ അടക്കമുള്ള ജനപ്രതിനിധികൾ മുൻകയ്യെടുത്താൽ ജനജാഗ്രതാ സമിതികൾ കൂടാൻ കഴിയും. സോളാർ ഫെൻസിംഗ് പൊട്ടി പ്രവർത്തനരഹിതമായി കിടക്കുന്നതെല്ലാം പരിശോധിച്ച് ആവശ്യമായ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജനജാഗ്രതാ സമിതിയിൽ തീരുമാനമെടുത്താൽ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. കിഫ്ബിയിലൂടെയും റീബിൽഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ തുക മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. റീബിൽഡ് കേരളയിൽ 130 കോടി രൂപയുടെ പദ്ധതി നൽകിയിട്ടുണ്ട്. അതിന് ഇന്നലെ മന്ത്രിസഭാ യോഗം അംഗീകാരവും നൽകിയിട്ടുണ്ട്. ആ തുക കൂടി കിട്ടുമ്പോൾ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള ഏറ്റവും വലിയ രീതിയിൽ വന്യ മൃഗശല്യമുള്ള സ്ഥലങ്ങളിൽ ആനപ്രതിരോധം, മതിൽ എന്നിവയടക്കമുള്ള സംവിധാനങ്ങളെ സംബന്ധിച്ച് ആലോചിക്കാൻ കഴിയും. സർക്കാരിന് സാധ്യമാകാവുന്ന രീതിയിലുള്ള എല്ലാ പ്രവർത്തനങ്ങളും വന്യജീവി ആക്രമണങ്ങൾ പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ് എന്നുള്ളത് അങ്ങേയ്ക്കുകൂടി ബോധ്യമുള്ള കാര്യമാണ്. അത് ഞാൻ ഈ സഭയിൽ ഉറപ്പ് നൽകുകയാണ്. കൂടുതൽ പണം ചെലവഴിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. അദ്ദേഹം ഉൾപ്പെടെ മറ്റ് മൂന്ന് മന്ത്രിമാരും (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, നിയമ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി) ആറളത്ത് വന്നിരുന്നു. അവർക്കെല്ലാം ആറളം ഫാമിലെ വിഷയങ്ങൾ നന്നായി അറിയുന്നവരാണ്. വന്യജീവികളുടെ ആക്രമണം ഉണ്ടായതിനുശേഷം പരിഹാര മാർഗ്ഗങ്ങൾ കുറേയൊക്കെ സർക്കാർ ചെയ്യുന്നുണ്ട്. പക്ഷേ നാശനഷ്ടങ്ങൾ ഉണ്ടാകാതിരിക്കാൻ (Prevention is better than cure) സർക്കാർ കൂടുതൽ സ്കീമുകൾ ആവിഷ്കരിക്കണം. ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ആറളം ഫാമിൽ വന്ന് പ്രഖ്യാപിച്ചുപോയ പരിപാടിപോലും ഒരു വർഷമായിട്ടും നടപ്പിലാകുന്നില്ല. അതിനാവശ്യമായ പണം വകയിരുത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട പ്രദേശങ്ങളിലെ എം.എൽ.എ.-മാരെ ഉൾപ്പെടുത്തിക്കൊണ്ട് ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും പങ്കെടുക്കുന്ന ഒരു മീറ്റിംഗ് വിളിച്ചുകൂട്ടാൻ സർക്കാർ മുൻകയ്യെടുക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, നബാർഡിന്റെ സഹായത്തോടുകൂടി എസ്.റ്റി. വകുപ്പ്, ആറളം ഫാമിലെ വന്യമൃഗങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ടും അവിടെയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടിയും ഏതാണ്ട് 62 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചിരുന്നു. അതിൽ 46 കോടി രൂപ നബാർഡിന്റെ സഹായത്തോടുകൂടിയുള്ളതാണ്. പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ച് ത്വരിതഗതിയിൽ മുന്നോട്ടുപോകുകയാണ്. വന്യമൃഗങ്ങളുടെ ശല്യം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് പറഞ്ഞത് ശരിയാണ്. നമ്മൾ എങ്ങനെയെല്ലാം തടസ്സം സൃഷ്ടിച്ചാലും അതിനെയെല്ലാം എങ്ങനെ മറികടക്കാൻ കഴിയുമെന്നുള്ളത് വന്യമൃഗങ്ങൾ പഠിച്ചിട്ടുണ്ട്. നമ്മുടെ നിയന്ത്രണത്തിലില്ലാത്ത രൂപത്തിലുള്ള ശക്തി അവർക്കുണ്ട്. എങ്ങനെ വേലി പൊട്ടിക്കണമെന്നും ട്രഞ്ചുകൾ എങ്ങനെ നികത്തണമെന്നും ആനയ്ക്ക് കൃത്യമായി അറിയാം. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് നല്ലൊരു ഇടപെടൽ ഇപ്പോൾ പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിന്റെ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു.

ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, പൊതുവിൽ ഒരു consensus ഉണ്ടെങ്കിൽ സബ്മിഷനുകൾ മേശപ്പുറത്ത് വയ്ക്കുന്നതായിരിക്കും നല്ലത് എന്നാണ്.

<u>മി. സ്പീക്കർ</u>: മന്ത്രിമാർ ഉത്തരം മേശപ്പുറത്ത് വച്ചാൽ മതിയാകും.

ശ്രീ. കെ. രാജു: സർ, ആറളം ഫാമിന്റെ നല്ലൊരു ഭാഗം ആൾ താമസമില്ലാതെ കിടക്കുന്ന സ്ഥിതിയുണ്ട്. അവിടെ ഭയങ്കര കാട് വളർന്ന് നിൽക്കുകയാണ്. ആന അടക്കമുള്ള വന്യജീവികൾക്ക് വനത്തിൽനിന്ന് ഇറങ്ങിവന്ന് മേയാൻ കഴിയുന്ന നിലയിലാണ് ഇപ്പോഴുള്ളത്. അത് കൃഷിയുക്തമാക്കി കർഷകർക്ക് കൃഷിക്ക് നൽകാനോ, അല്ലെങ്കിൽ ഭൂമിയില്ലാത്ത ആദിവാസികളെ അവിടെ കൊണ്ടുവന്ന് പാർപ്പിക്കുന്നതിനും മറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചെല്ലാം സംയുക്തമായി ഇരുന്ന് ആലോചിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അത്തരത്തിൽ ഒരു യോഗം ചേർന്നുകൊണ്ട്, ഇപ്പോഴവിടെ വന്യജീവികൾക്ക് അധിവസിക്കാൻ കഴിയുന്ന രീതിയിൽ നിൽക്കുന്ന കാടുകളെല്ലാം മാറ്റി അവിടെ മറ്റേതെങ്കിലും രീതിയിൽ കൃഷിയുക്തമാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ ആലോചിക്കേണ്ടതാണ്. എസ്.റ്റി. വകുപ്പ് മുന്നോട്ടുവയ്ക്കുന്ന പദ്ധതികളും ആലോചിക്കാവുന്നതാണ്. അതിനെല്ലാം ഒരു സംയുക്തയോഗം ആവശ്യമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

## VI സബ്മിഷൻ

### (1) തയ്യൽത്തൊഴിലാളി ക്ഷേമനിധി

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 1994-ൽ പാസ്സാക്കിയ നിയമത്തിന്റെ വെളിച്ചത്തിൽ നിലവിൽവന്ന ഒന്നാണ് തയ്യൽത്തൊളിലാളി ക്ഷേമനിധി ബോർഡ്. പ്രസ്തുത ക്ഷേമനിധിയിൽ 7 ലക്ഷം അംഗങ്ങളുണ്ട്. ഇതിൽ 43000 പേർക്കാണ് ബോർഡ് പെൻഷൻ നൽകുന്നത്. പരമാവധി പെൻഷൻ 1000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. 60 വയസ്

കഴിഞ്ഞ തയ്യൽത്തൊഴിലാളികൾക്ക് പെൻഷന് അർഹതയുണ്ട്. അവർ അടയ്ക്കുന്ന തുകയും ബോർഡിന്റെ കോൺട്രിബ്യൂഷനും ചേർത്തുള്ള തുകയാണ് ഇതിനുപയോഗിക്കുന്നത്. വിവാഹ ധനസഹായം, പ്രസവാനുകൂല്യങ്ങൾ, വിദ്യാഭ്യാസ സ്കോളർഷിപ്പ്, മരണാനന്തര ചടങ്ങുകൾക്കുള്ള തുക, ഫാമിലി പെൻഷൻ തുടങ്ങിയവയെല്ലാം നൽകുന്നുണ്ടെങ്കിലും എല്ലാം തുച്ഛമായ തുകകളാണ്. ഈ തുക കാലോചിതമായി പരിഷ്കരിക്കണം. പെൻഷൻ തന്നെ കുടിശ്ശികയാണ്. കുടിശ്ശിക ഉൾപ്പെടെയുള്ള തുക അടിയന്തരമായി നൽകണം. സ്ത്രീകൾ ഉൾപ്പെടെയുള്ള വലിയ വിഭാഗമാളുകൾ ജീവനോപാധിയായി കാണുന്നത് തയ്യലിനെയാണ്. പ്രസവാനുകൂല്യ കുടിശ്ശിക, ഇ.എസ്.ഐ. ആനുകൂല്യം തുടങ്ങിയവ ഉൾപ്പെടെ ഈ മേഖലയിലെ തൊഴിലാളികൾക്ക് അർഹിക്കുന്ന ആനുകൂല്യം നൽകണം. ഇന്നലെ വളരെ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഈ മേഖലയിലെ പതിനായിരക്കണക്കിനുവരുന്ന ആളുകൾ പങ്കെടുത്തൊരു സമരമുണ്ടായിരുന്നു. ഞാനാണ് ആ പരിപാടി ഉദ്ഘാടനം ചെയ്തത്. അവരുടെ പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയങ്ങളിൽ ചില ക്ലാരിഫിക്കേഷൻ നടത്തേണ്ടതുണ്ട്. തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 8,34,000 അംഗങ്ങളാണ് നിലവിലുള്ളത്. ഇതിൽ 54504 പേർ പെൻഷൻ ലഭിച്ചുവരുന്നവരാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 600 രൂപയാണ് പ്രതിമാസ പെൻഷനായി വിതരണം ചെയ്തുവന്നിരുന്നത്. പെൻഷൻ വിതരണത്തിനുള്ള ഗ്രാന്റിനത്തിൽ 49 കോടി രൂപ കുടിശ്ശിക മുൻസർക്കാർ ബോർഡിന് നൽകാനുണ്ടായിരുന്നു. ഇതിനുപുറമേ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രത്യേക പ്രസവ ധനസഹായം വിതരണം ചെയ്യുന്നതിൽ 33,24,62,000 രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 മാർച്ച് വരെയുള്ള കുടിശ്ശിക തുക ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ പെൻഷൻ തുക 1200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെ ഭരണകാലയളവിൽ തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻ വിതരണത്തിനായി 36,96,28,200 രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കഴിഞ്ഞ മൂന്നര വർഷക്കാലത്തിനുള്ളിൽത്തന്നെ 179,83,42,088 രൂപ പെൻഷൻ വിതരണത്തിനായി തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ക്ഷേമനിധി പെൻഷന് അർഹതപ്പെട്ട തൊഴിലാളികൾക്ക് പ്രതിമാസം 1200 രൂപ നിരക്കിൽ 2019 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ തുക നൽകുന്നതിന് ക്ഷേമനിധി ബോർഡിന്റെ ഫണ്ട് എടുക്കുന്നില്ല, അത് പഴയകാലത്തുള്ള ഓർമ്മവച്ച് പറഞ്ഞതായിരിക്കാനാണ് സാധ്യത. പെൻഷൻ ഇനത്തിൽ പൂർണ്ണമായ തുകയും ഗവൺമെന്റാണ് നൽകിവരുന്നത്. തയ്യൽത്തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള തൊഴിലാളികളുടെ അംശദായ തുകയും തൊഴിലുടമാ വിഹിതവും വർദ്ധിപ്പിച്ച് ബോർഡിനെ ശാക്തീകരിക്കാനും അംഗങ്ങളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള ബോർഡിന്റെ ശിപാർശ സർക്കാരിന്റെ മുമ്പിലുണ്ട്. തീർച്ചയായും ബോർഡിന്റെ ശിപാശ അംഗീകരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സ്ത്രീകളടക്കമുള്ളവർ ഇന്നലെ പ്രധാനമായി പറഞ്ഞത് പ്രസവാനുകൂല്യത്തിനുള്ള കുടിശ്ശികയെക്കുറിച്ചാണ്. ആ കുടിശ്ശിക അടിയന്തരമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ ഗവൺമെന്റ് വന്നശേഷം പ്രസവാനുകൂല്യത്തിൽ 2014 മാർച്ച് മാസം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. ബാക്കിവരുന്ന തുക കൊടുക്കുന്നതിനുള്ള ശ്രമത്തിലാണ്. 179,83,42,088 രൂപ പെൻഷൻ ഇനത്തിൽ കൊടുത്തിട്ടുണ്ട്. അതൊരു പ്രധാന ആവശ്യമല്ലേ; കൊടുക്കാൻ ബാക്കിവന്ന കുടിശ്ശികത്തുക ഈ ഗവൺമെന്റിന്റെ കാലത്തുമാത്രമായിട്ടുണ്ടായതല്ല, തുടർന്നുവരുന്ന പ്രശ്നമാണ്. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്, തീർച്ചയായും കുടിശ്ശിക കൊടുക്കും.

മി.സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ശിശുദിനാഘോഷ പരിപാടിയിൽ പങ്കെടുക്കേണ്ടതുള്ളതുകൊണ്ട് ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട വിഷയം ആദ്യമെടുക്കുകയാണ്.

### (2) പരിയാരം മെഡിക്കൽ കോളേജ് നവീകരണം

ശ്രീ. റ്റി. വി. രാജേഷ്: സർ, പരിയാരം മെഡിക്കൽ കോളേജിനെ സർക്കാർ കോളേജാക്കി മാറ്റണം. കൂത്തുപറമ്പ് രക്തസാക്ഷിത്വത്തിന്റെ കാൽ നൂറ്റാണ്ട് പൂർത്തിയാകുന്ന ഘട്ടത്തിൽ നിയമപരവും സാങ്കേതികവുമായ എല്ലാ കുരുക്കുകളുമഴിച്ച് സർക്കാർ ആ കോളേജ് പൂർണ്ണമായും ഏറ്റെടുത്തിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ആദ്യമായി പിണറായി സർക്കാരിനെയും വകുപ്പുമന്ത്രിയെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ....(ബഹളം)..... നിങ്ങൾ അഞ്ചുവർഷം ഉണ്ടായിട്ടും ഏറ്റെടുത്തില്ലല്ലോ..

മി.സ്പീക്കർ: അങ്ങ് സബ്മിഷൻ ഉന്നയിക്കൂ...ഒരു മിനിട്ടുകൊണ്ട് പറഞ്ഞ് തീർക്കൂ..

ശ്രീ. റ്റി. വി. രാജേഷ്: സർ, 2011-ലെ ജനസമ്പർക്ക പരിപാടിയിൽ അന്നത്തെ മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന് ഉറപ്പുനൽകിയതാണ്. 5 വർഷമുണ്ടായിട്ടും അത് ഏറ്റെടുക്കാനായി കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഒന്നും ചെയ്തില്ല. 70 കോടി രൂപ ഈ സർക്കാർ അതിനായി മാറ്റിവച്ചുകൊണ്ടാണ് ഏറ്റെടുത്തിരിക്കുന്നത്. അതിനാണ് ഞാൻ അഭിനന്ദിച്ചത്. കഴിഞ്ഞ കുറേ വർഷങ്ങളായി മെഡിക്കൽ കോളേജിൽ യാതൊരുവിധ അറ്റകുറ്റപ്പണിയും നടത്തിയിട്ടില്ല. ഇന്നിപ്പോൾ അവിടെ ചോർന്നൊലിക്കുന്നുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളില്ലാത്ത പ്രശ്നങ്ങളൊക്കെയുണ്ട്. സർക്കാർ ഏറ്റെടുക്കുന്നതിനുമുമ്പ് ഒ.പി.യിൽ ഏതാണ്ട് 1000-1100 പേരാണ് വന്നിരുന്നതെങ്കിൽ ഇന്നിപ്പോൾ ഇരട്ടിയിലേറെയായി.

അതുപോലെ രോഗികളുടെ എണ്ണം ഐ.പി.യിലും വർദ്ധിച്ചു. മാത്രവുമല്ല, അവിടത്തെ പ്രെസ്റ്റീജിയസ് ആയിട്ടുള്ള കാർഡിയാക് ഡിപ്പാർട്ടുമെന്റായ 'ഹൃദയാലയ'യിൽ കേരളത്തിന് വെളിയിൽ നിന്നുപോലും ആളുകൾ ചികിത്സ തേടിയെത്തുന്നുണ്ട്. അവിടെയുള്ള പ്രധാന വിഷയം രോഗികളെ ഉൾക്കൊള്ളാൻ കഴിയുന്നില്ല എന്നതാണ്. അതുകൊണ്ട് സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് സർക്കാരിനോട് ആവശ്യപ്പെടാനുള്ളത്. മെഡിക്കൽ കോളേജിന് പ്രത്യേകമായ ഒരു സൂപ്പർ സ്പെഷ്യാലിറ്റി സമുച്ചയമുണ്ടാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്, അതിന്റെ ജോലികൾ WAPCOS Limited-നെ ഏൽപ്പിച്ചിട്ടുണ്ട്. എത്രയും വേഗത്തിൽ അതിനുള്ള അംഗീകാരം വാങ്ങി പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രധാനപ്പെട്ട ചില വിഷയങ്ങളുമുണ്ട്. അവിടെയുള്ള കാത്ത് ലാബ് പ്രവർത്തിക്കാൻ തുടങ്ങിയിട്ട് പത്ത് വർഷം കഴിഞ്ഞു. ഇപ്പോൾ ഏതുനിമിഷവും പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥയിലാണ്. അവിടെ പുതിയൊരു കാത്ത് ലാബ് ആവശ്യമുണ്ട്. ഓപ്പറേഷൻ തിയേറ്റർ വിപുലീകരിക്കേണ്ടതായിട്ടുണ്ട്. അവിടെയുള്ള റോഡുകൾ മുഴുവൻ തകർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മെഡിക്കൽ കോളേജിന് അടിയന്തരമായ ധനസഹായം നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നാലുതവണ അവിടെ വന്ന് യോഗം വിളിച്ച് എല്ലാ നടപടികളും വേഗത്തിലാക്കാൻ ശ്രമിച്ച വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ഈ കാര്യത്തിൽക്കൂടി സർക്കാരിന്റെ സത്വരമായ ശ്രദ്ധയുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മലബാറിനായി ഒരു സർക്കാർ മെഡിക്കൽ കോളേജ് എന്ന ദീർഘനാളത്തെ സ്വപ്നമാണ് നമ്മൾ ഇപ്പോൾ സാക്ഷാത്ക്കരിക്കുന്നത്. കഴിഞ്ഞ ദിവസം ഇതുസംബന്ധിച്ചുള്ള ബിൽ നിയമസഭയിൽ കൊണ്ടുവന്ന് നിയമമാക്കി മാറ്റിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. അതിനുവേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജിനായി ഒരു പ്രത്യേക ഹെഡ്ഡ് തന്നെ ധനകാര്യ വകുപ്പ് അനുവദിക്കുകയും 21,24,64,000 രൂപ പ്രാഥമിക ചെലവിനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ ഈ മറുപടിയിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. മെഡിക്കൽ കോളേജിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. എസ്.പി.വി.യായി WAPCOS Limited-നെ ചുമതലപ്പെടുത്തിക്കൊണ്ട് കിഫ്ബിയിൽനിന്നും ലോൺ ലഭിക്കുന്നതിനാവശ്യമായ

മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. ട്രോമാകെയർ, എമർജൻസി ബ്ലോക്ക്, എന്നിവയും കാർഡിയോളജി വിഭാഗത്തിന് പ്രത്യേകമായി ഊന്നൽ നൽകിക്കൊണ്ടുമാണ് അതിന്റെ ഫസ്റ്റ് ഫേസിലെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇപ്പോഴുള്ള ബിൽഡിംഗ് പെയിന്റ് ചെയ്ത് വൃത്തിയാക്കണമെങ്കിൽത്തന്നെ 20 കോടി രൂപയോളം ചെലവുവരും. അത്രയേറെ മോശമായി കിടക്കുകയാണ്. അതടക്കം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രൊപ്പോസൽ അടുത്ത ബഡ്ജറ്റിലേയ്ക്ക് നൽകിയിട്ടുണ്ട്. ഏതായാലും ഒരു നല്ല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പാവങ്ങൾക്കായി സൗജന്യചികിത്സ അവിടെ ആരംഭിച്ചുകഴിഞ്ഞു. കാരുണ്യ ഫാർമസിയിൽനിന്നും മെഡിസിൻ കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ വരുന്ന ഡിസംബറോടുകൂടി അവിടെ കാരുണ്യ ഫാർമസിതന്നെ ആരംഭിക്കുകയാണ്. ഇങ്ങനെയുള്ള എല്ലാ വികസന പ്രവർത്തനങ്ങളും മറ്റു മെഡിക്കൽ കോളേജുകളുടെ കൂടെത്തന്നെ നടത്തി ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കി പരിയാരം മെഡിക്കൽ കോളേജിനെയും ഈ സർക്കാരിന്റെ കാലത്തുതന്നെ മാറ്റുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്.

### (3) ഉഡാൻ പദ്ധതി

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കാലിക്കറ്റ് എയർപോർട്ടിനെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തണമെന്നാണ് ആവശ്യപ്പെടുന്നത്. കാലിക്കറ്റ് എയർപോർട്ട് ഇന്ന് ആഭ്യന്തരയാത്രക്കാർക്ക് തീരെ പ്രാപ്യമല്ലാത്ത ഒന്നായി മാറിയിരിക്കുന്നു. കാരണം ആവശ്യത്തിന് ഫ്ലൈറ്റുകളില്ല, റീജിയണലായി ഓടുന്ന എല്ലാ ഫ്ലൈറ്റുകൾക്കും വലിയ ചെലവുമാണ്. ഞാനുൾപ്പെടെ 23 എം.എൽ.എ.-മാർ ഒപ്പിട്ട ഒരു നിവേദനം ബഹുമാനപ്പെട്ട സ്പീക്കർക്കും മുഖ്യമന്ത്രിക്കും സമർപ്പിച്ചിട്ടുണ്ട്. 2014-ൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചതാണ് ഉഡാൻ സ്കീം. ആർ.സി.എസ്. (റീജിയണൽ കണക്ടിവിറ്റി സ്കീം) എന്നുപറയുന്ന ഈ സംവിധാനം ഡൊമസ്റ്റിക് യാത്രയ്ക്ക് ഏറ്റവും സൗകര്യപ്രദമാകുന്നു. 600 കി.മീറ്ററിനകത്ത് രണ്ടായിരം രൂപയ്ക്ക് താഴെ ചെലവിൽ ഒരു മണിക്കൂർ കൊണ്ട് എല്ലായിടത്തും എത്താനും കഴിയും. ഇന്ന് കാലിക്കറ്റിൽനിന്ന് മുംബൈയിലാകട്ടെ, ബാംഗ്ലൂരിലാകട്ടെ, തിരുവനന്തപുരത്താകട്ടെ, യാത്ര പോകാൻ വലിയ ബുദ്ധിമുട്ടും ചെലവുമാണ്. കണ്ണൂർ എയർപോർട്ടിൽ നിന്ന് 1800-നും 2000 രൂപയ്ക്കും താഴെ ചെലവുണ്ടായിരുന്ന സമയത്ത് കാലിക്കറ്റ് എയർപോർട്ടിൽനിന്നും പോകാൻ 5000-6000 രൂപ വരെ കൊടുക്കണം. ഇത്ര വലിയ ചെലവ് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. കാലിക്കറ്റ് എയർപോർട്ടിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് യാത്രചെയ്തുവരാൻ എം.എൽ.എ.-മാർക്കും കഴിയുന്നില്ല. അതുകൊണ്ട് കാലിക്കറ്റ് എയർപോർട്ടിനെക്കൂടി ഉഡാൻ സ്കീമിൽ ഉൾപ്പെടുത്താനായി

കേന്ദ്രവ്യോമയാനമന്ത്രാലയവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണം. അതിനായി ചിലപ്പോൾ നികുതിയിളവിൽ സൗകര്യം ചെയ്തുകൊടുക്കേണ്ടതായിവരും. കാലിക്കറ്റ് എയർപോർട്ടിന് നികുതിയിളവ് കൊടുത്തിട്ടില്ല. അഞ്ച് ശതമാനമെന്നത് ഒരു ശതമാനത്തിലേയ്ക്ക് കൊണ്ടുവന്നാൽ മാത്രമേ അവിടെ ആർ.സി.എസ് നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. കാലിക്കറ്റ് എയർപോർട്ടിനെ അതിൽ ഉൾക്കൊള്ളിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

ഡോ. എം. കെ. മുനീർ: സർ, എല്ലാ എയർപോർട്ടുകൾക്കും നികുതി 23 ശതമാനം എന്നുള്ളത് 5 ശതമാനമാക്കി കുറച്ചു. കണ്ണൂരിൽ ഒരു ശതമാനമാണ്. എല്ലാ എയർപോർട്ടുകൾക്കും ഒരു ശതമാനമാക്കുന്നതിൽ യാതൊരു പ്രശ്നവുമില്ല. അങ്ങനെയാണെങ്കിൽ കോഴിക്കോടിനെ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ വളരെ എളുപ്പമാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഈ വിഷയം സഭയിൽ വന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അതിന് മറുപടി പറഞ്ഞിട്ടുള്ള കാര്യവുമാണ്. കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ ആവശ്യപ്രകാരം അൺ സേവർവ്ഡ് എയർപോർട്ടുകളിൽ അതാത് എയർപോർട്ട് ഓപ്പറേറ്റർമാരുടെ ആവശ്യപ്രകാരം ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി സർവ്വീസുകൾ ആരംഭിക്കുന്നു. കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ സഹകരണത്തോടെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഡൽഹി-കോഴിക്കോട് റൂട്ടിൽ സർവ്വീസ് നടത്താൻ ഇൻഡിഗോ എയർലൈൻസ് കേന്ദ്രവ്യോമയാന മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. ആഭ്യന്തര വിമാന സർവ്വീസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് വിമാനത്താവളത്തിൽനിന്നും ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട്-തിരുവനന്തപുരം- കോഴിക്കോട്, കോഴിക്കോട് -പൂന-കോഴിക്കോട് തുടങ്ങിയ റൂട്ടുകളിൽ വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള ആവശ്യമുന്നയിക്കാൻ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ആലോചിക്കുന്നതായി കോഴിക്കോട് എയർപോർട്ട് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

(4) സ്പോർട്സ് കോംപ്ലക്സ് ആന്റ് ഫുട്ബോൾ അക്കാഡമി

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി മുനിസിപ്പാലിറ്റിയിൽ 25 ഏക്കർ ഭൂമി ഏറ്റെടുത്ത് സംസ്ഥാന സ്പോർട്സ് കൗൺസിലിന് കൈമാറിയതിനുശേഷം പഞ്ചായത്തിന്റെയും ഗവൺമെന്റിന്റെയും ജനപ്രതിനിധികളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി 25000 പേർക്ക് ഇരിക്കാവുന്ന മനോഹരമായ ഒരു

ഗ്യാലറിയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി ഹോസ്റ്റലുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. നല്ല ഫുട്ബോൾ ഗ്രൗണ്ടുണ്ട്. ഫ്ലഡ് ലൈറ്റിന്റെ ടെണ്ടർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ മൂന്നരവർഷമായി അവിടെ ഒരു ടൂർണമെന്റും നടക്കുന്നില്ല. ഇത്തവണ സന്തോഷ് ട്രോഫിയുടെ ഫൈനലിലേയ്ക്കുള്ള ടൂർണമെന്റ് അവിടെ വച്ചുനടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സിന്തറ്റിക് ട്രാക്കിന്റെയും സ്വിമ്മിംഗ്പൂൾ, ഇൻഡോർസ്റ്റേഡിയം, ക്രിക്കറ്റ് സ്റ്റേഡിയം, മൾട്ടിപർപ്പസ് ഗ്രൗണ്ട് ഇതിനൊക്കെയുള്ള വിശാലമായ സ്ഥലമവിടെയുണ്ട്. അതുകൊണ്ട് അതെല്ലാം പൂർത്തീകരിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുള്ള സ്റ്റേഡിയമാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം. ഫുട്ബോളിനെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന ആളുകളുള്ള ഒരു പ്രദേശമാണ് മലപ്പുറം. അവർക്ക് കളിക്കാനും പരിശീലിക്കാനുമൊക്കെയുള്ള ഒരു ഫുട്ബോൾ അക്കാദമിയാക്കി അതിനെ ഉയർത്തണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, സംസ്ഥാനത്തിന്റെ കായികാസ്തി വികസനത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലപ്പുറം ജില്ലാ സ്റ്റേഡിയത്തിന് മഞ്ചേരിയിൽ ലഭ്യമായ സ്ഥലത്ത് നിർമ്മിക്കുന്നതിന് 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലാ സ്റ്റേഡിയം പദ്ധതിയുടെ അംഗീകാരത്തിനായി 71.02 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻഡോർ സ്റ്റേഡിയം, നിലവിലുള്ള ഫുട്ബോൾ ഗ്രൗണ്ടിന് ചുറ്റുമതിൽ, ഹെഡ്ലൈൻ സിന്തറ്റിക് ട്രാക്, ഒളിമ്പിക്സ് സ്വിമ്മിംഗ്പൂൾ, പ്രാക്ടീസിനുവേണ്ടി ഡൈവിംഗ് പൂളുകൾ, ചെയ്ഞ്ച് റൂം, ഹോക്കി കോർട്ട്, നിലവിലുള്ള ഹോസ്റ്റലുകളുടെ വിപുലീകരണം, നിലവിലുള്ള പവലിയന്റെ നവീകരണം എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്. പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നപക്ഷം ഫുട്ബോളിനുപുറമെ ബാസ്കറ്റ് ബോൾ, വോളിബോൾ, ബാഡ്മിന്റൺ, സ്വിമ്മിംഗ്, ഹോക്കി തുടങ്ങിയുള്ള കായിക ഇനങ്ങളുടെ ദേശീയ-അന്തർദേശീയ മത്സരങ്ങൾ ഇവിടെ സംഘടിപ്പിക്കുവാൻ സാധിക്കും. കിഫ്ബി പദ്ധതിക്ക് പുറമെ മഞ്ചേരി സ്പോർട്സ് കോംപ്ലക്സിൽ ഹോസ്റ്റൽ കെട്ടിടങ്ങളുടെ നവീകരണത്തിനും സ്റ്റേഡിയത്തിനുപുറത്ത് ഔട്ട് ഡോർ ബാസ്കറ്റ്ബോൾ കോർട്ടുകൾ, ഫ്ലഡ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 4.80 കോടി

രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മഞ്ചേരി സ്പോർട്സ് കോംപ്ലക്സിൽ ഹോസ്റ്റൽ കെട്ടിടങ്ങളുടെ നവീകരണവും ബാസ്കറ്റ്ബോൾ കോർട്ടുകളുടെ നിർമ്മാണവും 75 ലക്ഷം രൂപ ഭരണാനുമതിയിൽ കായിക യുവജനകാര്യാലയത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. ഫുട്ബോൾ സ്റ്റേഡിയത്തിനുചുറ്റും അന്തർദേശീയ നിലവാരത്തിലുള്ള 1200 ഫ്ലഡ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള നടപടി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരുമായുള്ള എഗ്രിമെന്റ് ഏർപ്പെടുത്താനുള്ള നടപടികൾ തുടർന്നുവരികയാണ്. കിഫ്ബിയുടെ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ അടിയന്തരനടപടികൾ സ്വീകരിക്കും.

(5) നാഷണൽ സീഡ്സ് കോർപ്പറേഷൻ മുഖേനയുള്ള വിത്ത് വിതരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തുലാം മാസം പത്താം തീയതിയ്ക്കകം വിത്ത് വിതയ്ക്കേണ്ട പാടങ്ങൾ വിതയ്ക്കാതെ വെറുതെ കിടക്കുകയാണ്. നാഷണൽ സീഡ്സ് കോർപ്പറേഷന്റെ നെൽവിത്ത് ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽ കൃഷിയിറക്കാൻ കാത്തിരുന്ന അപ്പർകുട്ടനാട് മേഖലയിലെ കർഷകർ ആകെ പ്രതിസന്ധിയിലാണ്. വിത്ത് വാങ്ങുന്നതിന് ഒരു ഏക്കറിന് 1000 രൂപ വച്ച് പാടശേഖര സമിതികൾക്ക് കൃഷിഭവൻ മുഖാന്തരം തുക കൊടുത്തിട്ടുണ്ട്. നെൽവിത്ത് ലഭിക്കാതെ വന്നപ്പോൾ ഈ സീസണിൽ കൃഷിയിറക്കാൻ കഴിയുമോയെന്നുള്ള ആശങ്കയാണ് കൃഷിക്കാർക്കുള്ളത്. ഒരു ഏക്കറിന് 40 കി.ഗ്രാം അടിസ്ഥാനത്തിൽ കിലോയ്ക്ക് 25 രൂപ വച്ച് കർഷകന്റെ കയ്യിൽനിന്ന് തുക വാങ്ങിയിട്ട് ഇതുവരെ വിത്ത് നൽകിയിട്ടില്ല. നാട്ടകം, തിരുവായ്ക്കരി, ഗ്രാവ്, കരിയക്കോട്, പള്ളം, എം. എൻ. ബ്ലോക്ക്, ജെ. ബ്ലോക്ക് എന്നിവിടങ്ങളിലെല്ലാം വിത്ത് ലഭിക്കാതെ കർഷകർ വിഷമത്തിലാണ്. ഈ സന്ദർഭം ഉപയോഗിച്ച് സ്വകാര്യ മില്ലുകാർ അമിതവില വാങ്ങി കർഷകരെ ചൂഷണം ചെയ്യുന്ന നടപടിയുമുണ്ട്. ഇവർ മറ്റ് സ്ഥലത്തുനിന്ന് എടുത്ത നെല്ല് ഗുണനിലവാരമില്ലാത്ത രൂപത്തിൽ അവിടെ വിതരണം ചെയ്ത വിത്താണെന്ന ഭാവേന കൊടുക്കാനും ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് അങ്ങ് ഈ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കണം, അപ്പർകുട്ടനാട് മേഖലയിൽ കൃഷി നടത്തുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, നാഷണൽ സീഡ്സ് കോർപ്പറേഷൻ മുഖേന കർഷകർ നേരിട്ടാണ് വിത്ത് വാങ്ങുന്നത്. കൃഷി വകുപ്പ് കൃഷി ഭവൻ വഴിയാണ് ബുക്ക് ചെയ്യുന്നതെങ്കിലും കർഷകസമിതികൾ അവരുടെ ഇഷ്ടപ്രകാരമാണ് എൻ.എസ്.സി.യിൽ വിത്ത് ഏൽപ്പിക്കുന്നത്.

എൻ.എസ്.സി. നേരിട്ട് നടത്തുന്ന ഇടപാടാണ്. സംസ്ഥാനത്തിന്റെ സീഡ് അതോറിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യത്തിലാണ് കൃഷി ഡിപ്പാർട്ട്മെന്റ് നേരിട്ട് വിത്തുകൊടുക്കുന്നത്. കോട്ടയം ജില്ലയിൽ കണക്കനുസരിച്ച് 1072 .96 മെട്രിക് ടൺ വിത്താണ് ആവശ്യമുള്ളത്. അതിൽ 960.45 മെട്രിക് ടൺ വിത്തുകളും ഇപ്പോൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞതനുസരിച്ച് ഞാൻ അന്വേഷിച്ചതിന്റെ അടിസ്ഥാനത്തിൽ 112.51 മെട്രിക് ടൺ വിത്ത് ഇപ്പോൾ ലഭ്യമാക്കേണ്ടതുണ്ട്. കർണ്ണാടക സീഡ് അതോറിറ്റിയും എൻ.എസ്.സി.യും കൃഷിവകുപ്പ് ഡിപ്പാർട്ട്മെന്റും തമ്മിലുള്ള tri-party agreement പ്രകാരം ഇപ്പോൾ ലഭ്യമാകാത്ത വിത്തുകളെല്ലാംതന്നെ 18-ാം തീയതിക്കകംതന്നെ വിതരണം ചെയ്യാനാവശ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അപ്പർകുട്ടനാട് മേഖലയിൽ 18-ാം തീയതിക്ക് മുമ്പായി ആ മേഖലയിൽ ഒരുക്കിയിരിക്കുന്ന നിലങ്ങൾക്കെല്ലാം ആവശ്യമായ വിത്ത് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ പ്രധാനമായും കൃഷി വകുപ്പ് ഉമ നെൽവിത്ത് ഉല്പാദിപ്പിക്കുന്നത് പാലക്കാട് ജില്ലയിലാണ്. പാലക്കാട് ജില്ലയിൽ ഉമ നെൽ വിത്ത് ഉല്പാദിപ്പിക്കുന്ന സീഡ് ഗ്രോവേഴ്സിന് ആ നെല്ല് വിതച്ച് കൊയ്തെടുക്കുന്ന സമയത്തുണ്ടായ മഴമൂലം പ്രോസസ്സിംഗിന് സമയം നീട്ടി നൽകേണ്ടിവന്നതിനാലാണ് അവിടെ വിത്ത് കൊടുക്കുന്ന കാര്യത്തിൽ കുറച്ച് താമസം നേരിട്ടത്. ആ പ്രശ്നം ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. അടിയന്തരമായി വിത്ത് നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകും. വ്യാജമായ വിത്തുകളൊന്നും കൃഷിവകുപ്പ് പ്രോത്സാഹിപ്പിക്കുന്നില്ല. കൃഷിവകുപ്പും എൻ.എസ്.സി.-യുമായി ബന്ധപ്പെട്ട് നൽകുന്ന വിത്തുകൾ ഗുണമേന്മയുള്ളതാണെന്നും ജെർമിനേഷൻ ഉണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമാണ് ഗവൺമെന്റ് കൊടുക്കുന്നത്.

(6) <u>റോഡ് നിർമ്മാണം</u>

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡാണ് കുറ്റ്യാടി-പക്രംതളം - മാനന്തവാടി ചുരം റോഡ്. കഴിഞ്ഞ രണ്ടുപ്രളയത്തിലും ഏറ്റവും കൂടുതൽ മഴ പെയ്തത് കേരളത്തിലെ ഈ മേഖലയിലാണ്. താമരശ്ശേരി ചുരം അടച്ചതിന്റെ ഭാഗമായി വയനാട്ടിലേയ്ക്കുള്ള ഏക യാത്രാമാർഗ്ഗം ഈ റോഡായിരുന്നു. വാഹനപ്പെരുപ്പവും മഴയുടെ ശക്തിയും വർദ്ധിച്ചപ്പോൾ ഈ റോഡ് പാടെ തകർന്നിരിക്കുകയാണ്. ഫോറസ്റ്റില്ലാതെ കടന്നുപോകുന്ന ഈ റോഡിനെ ദേശീയപാതയായും വികസിപ്പിക്കാവുന്നതാണ്. ചുരം റോഡ് വീതികൂട്ടാൻ പതിനഞ്ചുമീറ്റർ സൗജന്യമായി നൽകാൻ ജനങ്ങൾ തയ്യാറാണ്. ഏറെ അപകടകരമായ ഇന്നത്തെ അവസ്ഥയിൽ നിന്ന് ഈ റോഡ് യാത്രായോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ റോഡിന്റെ ഒരുഭാഗം കോഴിക്കോട് പൊതുമരാമത്തിന്റെ കീഴിലും മറ്റ് വിഭാഗം വയനാട് പൊതുമരാമത്തിന്റെ കീഴിലുമുള്ളതാണ്. ഒരുപാട് വളവുകളും തിരിവുകളുമുള്ള ചുരമാണിത്. ഈ റോഡിന്റെ ദൈർഘ്യം 14.37 കിലോമീറ്ററും വീതി, പത്ത് മുതൽ പന്ത്രണ്ട് മീറ്റർ വരെയുമാണ്. കാര്യേജ്‌വേ ആറുമീറ്ററോളം വരും. ബി.എം.ബി.സി. ചെയ്തിട്ടുണ്ടായിരുന്നു. ഇത് പതിനഞ്ച് മീറ്ററായി വികസിപ്പിക്കുന്നതിന് സ്ഥലമേറ്റെടുക്കേണ്ടതായിട്ടുണ്ട്. പ്രാദേശികമായ ചർച്ചയ്ക്കുശേഷം സ്ഥലം വിട്ടുതരാമെന്ന് ഉറപ്പുനൽകിയതായി എം.എൽ.എ. അറിയിച്ചു. പക്ഷേ ആരുംതന്നെ സമ്മതപത്രത്തിലൊപ്പിട്ടു തന്നിട്ടില്ല. ഏഴുമീറ്ററായി കാര്യേജ്‌വേ വികസിപ്പിക്കണം. ഡ്രെയിനേജും സംരക്ഷണഭിത്തിയും നിർമ്മിക്കണം. ഇവയുടെ ഇൻവെസ്റ്റിഗേഷൻ നടത്താൻ ഡിസൈൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഈ റോഡ് സഞ്ചാരയോഗ്യമാണ്. അറ്റകുറ്റപ്പണികൾക്കായി നോൺ പ്ലാനിലുൾപ്പെടുത്തി മൊത്തത്തിൽ മുപ്പത്തിയഞ്ചുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പക്രംതളം മുതൽ നിരവിൽപ്പുഴ വരെ കെ.എസ്.ടി.പി., ബി.എം.ബി.സി. പ്രവൃത്തി ചെയ്തിട്ടുള്ളതിനാൽ അവിടെ കേടുപാടുകളില്ല; ഗതാഗതയോഗ്യമാണ്. നിരവിൽപ്പുഴ മുതൽ കാഞ്ഞിരങ്ങാട് വരെ കിഫ്ബി മുഖേന പതിനാറുകോടി രൂപയുടെ പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്രവൃത്തി പുരോഗതിയിലാണ്. പ്രവൃത്തിയുടെ ഭാഗമായുള്ള ഗതാഗത തടസ്സമുണ്ട്. കാഞ്ഞിരങ്ങാട് മുതൽ തരുവണ വരെ ബി.എം.ബി.സി. റോഡ് ചെയ്ത് നവീകരണം പൂർത്തിയാക്കിയതാണ്. തരുവണ മുതൽ നാലാംമൈൽ വരെ ഗതാഗതയോഗ്യമാണ്. നാലാംമൈൽ മുതൽ മാനന്തവാടി വരെ ഒരു കോടി രൂപയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ടെണ്ടർ ചെയ്തിട്ടുണ്ട്.

(7) മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

ശ്രീ. കെ. ജെ. മാക്സി: സർ, ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദമുണ്ടാകുമ്പോൾ രൂപപ്പെടുന്ന ചുഴലിക്കാറ്റുകളിലധികവും കേരളത്തിന്റെ തീരപ്രദേശങ്ങളിലാണ് ആഞ്ഞടിക്കുന്നത്. കഴിഞ്ഞ ഒക്ടോബർ 30-ാം തീയതി ഉണ്ടായ മഹാചുഴലിക്കാറ്റ് ഫോർട്ടുകൊച്ചിയുടെ തീരമേഖലയിൽ വലിയ നാശനഷ്ടങ്ങളാണുണ്ടാക്കിയത്. മത്സ്യത്തൊഴിലാളികളുടെ ഏതാണ്ട് മുപ്പത്തിയെട്ടോളം ചെറുവള്ളങ്ങൾക്കാണ് ഇതിന്റെ ഭാഗമായി നാശനഷ്ടമുണ്ടായത്. പലതിന്റേയും ഔട്ട്ബോർഡ് എഞ്ചിനുകൾ നഷ്ടപ്പെട്ടു. വള്ളങ്ങൾ നെടുകെ പിളർന്നുപോയി. മുപ്പതോളം മത്സ്യത്തൊഴിലാളികൾക്ക് ഇന്ന് മത്സ്യബന്ധനത്തിനുപോകാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. റവന്യൂ വകുപ്പിലെയും ഫിഷറീസ്

വകുപ്പിലെയും ഉദ്യോഗസ്ഥർ നാശനഷ്ടങ്ങൾ പരിശോധിച്ചുവെങ്കിലും നഷ്ടപരിഹാരം കൊടുക്കുന്ന കാര്യം അനന്തമായി നീണ്ടുപോകുകയാണ്. ഇവർക്കുള്ള നഷ്ടപരിഹാരം എത്രയുംവേഗം കൊടുക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 30-10-2019, 31-10-2019 എന്നീ തീയതികളിൽ സംസ്ഥാനത്തുണ്ടായ മഹാചുഴലിക്കാറ്റിലും തീവ്രമഴയിലും കൊച്ചി നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിച്ചതായി പ്രാഥമിക അന്വേഷണത്തിൽനിന്നും അറിയാൻ സാധിച്ചിട്ടുണ്ട്. മത്സ്യബന്ധനോപാധികളുടെ നാശനഷ്ടത്തുക എത്രയെന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാശനഷ്ടങ്ങൾ നേരിട്ട മത്സ്യത്തൊഴിലാളികളുടെ പ്രാഥമിക വിവരങ്ങൾ ഇതോടൊപ്പം ഉൾപ്പെടുത്തുന്നു. കഴിയുന്നത്രവേഗം നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം കണക്കാക്കി ഇവാല്യുവേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തുക അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(8) കരമടിത്തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. വി. എസ്. ശിവകുമാർ: സർ, കടൽത്തീരം നഷ്ടപ്പെട്ടതുമൂലം എന്റെ നിയോജകമണ്ഡലത്തിലെ പൂന്തുറ മുതൽ വേളി വരെയുള്ള തീരപ്രദേശത്തെ മൂവായിരത്തി അറുന്നൂറോളം കരമടിത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം ആരംഭിച്ചതിനുശേഷം പൂന്തുറ മുതൽ വേളിവരെയുള്ള പന്ത്രണ്ട് കിലോമീറ്റർ പ്രദേശത്തെ തീരം നഷ്ടപ്പെട്ടിരിക്കുകയാണ്. അതിനാൽ കമ്പവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം അസ്തമിച്ചിരിക്കുന്നു. എന്റെ നിയോജക മണ്ഡലത്തിലെ 3600-ഓളം കമ്പവല തൊഴിലാളികൾക്കാണ് ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ടത്. ഒരു കമ്പവലയിൽ മുപ്പത് മുതൽ അമ്പതുവരെ തൊഴിലാളികളാണുള്ളത്. അവരുടെ ലിസ്റ്റ് സർക്കാരിന് ഞാൻ നൽകിയിട്ടുണ്ട്. കടലാക്രമണംമൂലം പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ്, ശംഖുമുഖം, കണ്ണാംതുറ, വെട്ടുകാട്, കൊച്ചുവേളി മുതലായ പ്രദേശങ്ങളിലൊക്കെ തീരം നഷ്ടപ്പെട്ടിരിക്കുകയാണ്. അറുന്നൂറോളം വീടുകൾ പൂർണ്ണമായി തകർന്നു. ഏകദേശം ആയിരത്തോളം വീടുകൾ അപകടഭീഷണിയിലാണ്. ഏകദേശം

നാന്നൂറ്റി ഇരുപത് മീറ്റർ വീതിയിലാണ് ഈ പ്രദേശത്ത് മുഴുവൻ തീരം നഷ്ടപ്പെട്ടിരിക്കുന്നത്. വലിയതുറയിലെ ഫുട്ബോൾ ഗ്രൗണ്ട് തകർന്നു. ശംഖുമുഖം റോഡ് കടലാക്രമണത്തിൽ ഒലിച്ചുപോയിട്ട് രണ്ടുവർഷമായെങ്കിലും ഇതുവരെ ആ റോഡ് പുനർ നിർമ്മിക്കുന്നതിനുള്ള നടപടി ഉണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽത്തന്നെ തുറമുഖപദ്ധതിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പുനരധിവാസമെന്നാണ് പറഞ്ഞിട്ടുള്ളത്. തീരശോഷണമുണ്ടായാൽ ബാധിക്കുന്നവർക്ക് പൂർണ്ണനഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ പൂർണ്ണചുമതലയായിരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.——അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ ഒരു അപ്പീൽ കമ്മിറ്റിയും ഉണ്ട്. ഇതുസംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഫിഷറീസ് വകുപ്പുമന്ത്രിക്കും തുറമുഖ വകുപ്പുമന്ത്രിക്കും 2017 ജനുവരി 4-ന് നിവേദനം നൽകി. അതിനുശേഷവും പലപ്രാവശ്യം നിവേദനം നൽകിയിട്ടുണ്ട്. വളരെ പ്രയാസകരമായ സാഹചര്യമാണ് തൊഴിലാളികൾ അനുഭവിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ദയനീയസ്ഥിതിയും നിലവിലെ സാഹചര്യവും കണക്കിലെടുത്ത് വിഴിഞ്ഞം പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കമ്പവല കരമടി മത്സ്യത്തൊഴിലാളികൾക്ക് ജീവിതസാഹര്യമൊരുക്കുന്നതിനും തീരം സംരക്ഷിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം എഴുതിത്തന്നത് പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള കാര്യമാണ്. അതിന് ഞാൻ മറുപടി പറയാം. ഇവിടെ അംഗം വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യംകൂടി പറഞ്ഞു. അത് സ്പെഷ്യൽ പാക്കേജാണ്. അതിൽ ഏറെ കൊടുത്തുകഴിഞ്ഞു. ഇനിയുള്ളതെല്ലാം പരിശോധിച്ച് ഡിസംബറോടുകൂടി കൊടുക്കാനിരിക്കുകയാണ്. എഴുതിതന്നതിനുള്ള മറുപടിയാണ് ഞാനിപ്പോൾ പറയുന്നത്. പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള പ്രദേശത്തെ കടൽക്ഷോഭംമൂലം നഷ്ടപ്പെട്ട തീരം വീണ്ടെടുക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെയും ചെന്നൈ National Institute of Ocean Technology (NIOT)-യുടെ സാങ്കേതിക സഹായത്തോടെയും ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നത് കേരള സംസ്ഥാനതീരദേശ വികസന കോർപ്പറേഷൻവഴി പുരോഗമിച്ചുവരികയാണ്. ഇപ്പോഴത് ടെണ്ടർ നടപടികളിലേയ്ക്ക് വരികയാണ്. ഈ പദ്ധതി

പൂർത്തിയാകുന്നതോടെ ഈ പ്രദേശത്തെ കരമടി തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിന് അനുകൂല സാഹചര്യമുണ്ടാകും. ഈ പദ്ധതിമൂലം നിലവിലുള്ള തീരപ്രദേശം സംരക്ഷിക്കപ്പെടുകയും പുതിയ കര രൂപപ്പെടുമെന്നുമാണ് വിദഗ്ദ്ധാഭിപ്രായം. പൂന്തുറ മുതൽ വേളി വരെയുള്ള പ്രദേശങ്ങളിലെ മത്സ്യഗ്രാമങ്ങളായ സെന്റ് ആൻഡ്രൂസ്, കൊച്ചുവേളി, വലിയതുറ, വേളി, വെട്ടുകാട്, ബീമാപള്ളി എന്നീ മത്സ്യഗ്രാമങ്ങളിലായി ആകെ പത്ത് കരമടി വള്ളങ്ങളാണ് ഫിഷറീസ് വകുപ്പിൽ കരമടി വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത് പ്രവൃത്തി എടുക്കുന്നത്. ഒരു കരമടി യൂണിറ്റിൽ ശരാശരി നാൽപ്പത് തൊഴിലാളികൾ എന്ന കണക്കിൽ ഏകദേശം നാന്നൂറ് തൊഴിലാളികൾ പണിയെടുക്കുന്നു. മേൽ പ്രസ്താവിച്ച പ്രദേശങ്ങളിൽനിന്നും നിലവിൽ കരമടി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിലില്ല. ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണത്തിലൂടെ നിലവിലുള്ള തീരദേശം സംരക്ഷിക്കപ്പെടുകയും പുതിയ കര രൂപപ്പെടുകയും ചെയ്യുമെന്നതിനാൽ അവിടത്തെ കരമടിത്തൊഴിലാളികൾക്ക് ഏതെങ്കിലും പുനരധിവാസം ആവശ്യമായിവരുന്നില്ല.

(9) <u>പ്രത്യേക സാമ്പത്തിക മേഖലയിലെ തൊഴിൽ ചൂഷണം</u>

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഇരുപത്തി അയ്യായിരത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ ഇന്ന് അവർ നേരിടുന്ന കടുത്ത തൊഴിൽ ചൂഷണത്തിനും ദയനീയമായ തൊഴിൽ സാഹചര്യത്തിനും അറുതിവരുത്തണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അവിടെയുള്ള തൊഴിലാളികളിൽ മഹാഭൂരിപക്ഷവും സ്ത്രീകളാണ്. മൊത്തം തൊഴിലാളികളിൽ പതിനായിരത്തിൽ താഴെ സ്ഥിരം തൊഴിലാളികളും ബാക്കി കരാർ തൊഴിലാളികളുമാണ്. കരാർ തൊഴിലാളികൾ അക്ഷരാർത്ഥത്തിൽത്തന്നെ അടിമവേല ചെയ്യേണ്ട സാഹചര്യമാണ് അവിടെയുള്ളത്. തൊണ്ണൂറ്റിയഞ്ച് കമ്പനികൾ അവിടെ പ്രവർത്തിക്കുന്നതിൽ പതിനേഴ് കമ്പനികളിൽമാത്രമാണ് തൊഴിലാളി യൂണിയനുകൾ പ്രവർത്തിക്കുന്നത്. ബാക്കിയുള്ള മഹാഭൂരിപക്ഷം കമ്പനികളിലായാണ് ഇരുപത്തിമൂവായിരത്തിലധികംവരുന്ന തൊഴിലാളികളും ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. ഇവർക്ക് മുന്നൂറ് രൂപപോലും പ്രതിദിനം കൂലി ലഭിക്കുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. ഇതിനാധാരമായിട്ടുള്ള കാരണം നിലവിലെ നിയമപ്രകാരം ഒരേ തൊഴിൽ ചെയ്യുന്ന ആയിരം തൊഴിലാളികളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ സർക്കാർ മിനിമം കൂലി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവെന്നുള്ളതാണ്.

അക്ഷരാർത്ഥത്തിൽ മാനേജ്മെന്റിനെ സഹായിക്കുന്നതായിട്ടാണ് ഇത് മാറിയിട്ടുള്ളത്. മാത്രവുമല്ല തൊഴിലാളി യൂണിയനുകൾ രൂപീകരിക്കുന്നപക്ഷം അത്തരം കമ്പനികൾ തൊഴിലാളികൾക്കെതിരെ പ്രതികാര നടപടികൾ സ്വീകരിക്കുകയും അവരെ ബുദ്ധിമുട്ടിക്കുകയും ദ്രോഹിക്കുകയും ചെയ്യുകയാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് ലൈഫ് കെയർ യൂണിറ്റ്. വളരെ പ്രശസ്തമായ സ്ഥാപനമാണിത്.

12.00 Noon]

അവിടെ തൊഴിലാളി യൂണിയൻ രൂപീകരിച്ചശേഷം, നിയമാനുസൃതമായ ഡി.എ. വർദ്ധനവ് ആവശ്യപ്പെട്ടപ്പോൾ നിലവിലുള്ള ലേബർ സൊസൈറ്റി വഴി നൽകിയിരുന്ന കരാർ മാറ്റി miscellaneous കരാറാക്കി. അതിനെത്തുടർന്ന് ഇവർക്ക് നേരത്തേ ലഭിച്ചുകൊണ്ടിരുന്ന വീക്‌ലി ഓഫും ഓവർ ടൈം വേതനവും നിഷേധിക്കപ്പെട്ടു. ജോലിചെയ്യുന്ന എട്ടര മണിക്കൂറിനുള്ളിൽ ഒരു ചായ കുടിക്കാനോ പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കാനോ സൗകര്യമില്ലാതെ അവിശ്വസനീയമായ ചൂഷണത്തെയും ദയനീയമായ തൊഴിൽ സാഹചര്യത്തെയുമാണ് അവർ നേരിട്ടുകൊണ്ടിരിക്കുന്നത്. ടാർജറ്റ് വർക്കാക്കി മാറ്റിയ ജോലി ടാർജറ്റ് തികയ്ക്കുന്നില്ല എന്നുപറഞ്ഞ് ശമ്പളം പിടിച്ചുവയ്ക്കുന്നു. ഇതുകാരണം ഇരുന്നൂറ് രൂപപോലും ശരാശരി വേതനം ലഭിക്കാത്ത സാഹചര്യമാണുള്ളത്. സമയക്കുറവുകൊണ്ട് ഞാൻ നീട്ടുന്നില്ല. നിലവിലുള്ള ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണണമെങ്കിൽ പ്രത്യേക സാമ്പത്തിക മേഖലയെ ഒരു യൂണിറ്റായി പരിഗണിച്ച് അവിടെ മിനിമം കൂലി ഉൾപ്പെടെ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയണം. പ്രത്യേക സാമ്പത്തിക മേഖലയിൽ മാനേജ്മെന്റുകൾക്ക് സർക്കാർ ആനുകൂല്യങ്ങൾ നൽകുന്നതുപോലെ അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങളും മിനിമം കൂലിയും സർക്കാർ പ്രഖ്യാപിക്കണം. ഇക്കാര്യങ്ങളെല്ലാം പരിഹരിക്കുന്നതിന് യൂണിയനുകളുടെയും മാനേജ്മെന്റിന്റെയും സർക്കാർ പ്രതിനിധികളുടെയും ഒരു സംയുക്ത സമിതി രൂപീകരിക്കുന്നതിനും തൊഴിലാളികൾക്ക് മിനിമംകൂലി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, കേന്ദ്ര സർക്കാരിന്റെ 2005-ലെ സ്പെഷ്യൽ ഇക്കണോമിക് സോൺ ആക്ട് പ്രകാരം

സംസ്ഥാനത്ത് പന്ത്രണ്ട് സ്പെഷ്യൽ ഇക്കണോമിക് സോണുകൾ വിജ്ഞാപനം ചെയ്തിട്ടുള്ളതിൽ ഒന്നാണ് കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ. ഇത് ഒരു മൾട്ടി പ്രോസ്സസ് ഇൻഡസ്ട്രിയൽ പാർക്കാണ്. എട്ട് മേഖലകളാണ് അവിടെ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്*. ഇതുമായി ബന്ധപ്പെട്ട് വിശദമായ പരിശോധനയ്ക്കും തീരുമാനത്തിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി അവിടെ ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളെയും ബഹുമാനപ്പെട്ട എം.എൽ.എ.-യെയും ചേർത്ത് അടിയന്തരമായി ഒരു മീറ്റിംഗ് നടത്തി ഡീറ്റെയിൽഡ് റിപ്പോർട്ട് വാങ്ങി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതിന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഉടനെ നിർദ്ദേശം നൽകി പ്രാവർത്തികമാക്കുന്നതാണ്.

### (10) മലബാർ മേഖലയിലെ പാൽ വിതരണം

ശ്രീ. കെ. വി. വിജയദാസ്: സർ, മിൽമ മലബാർ മേഖലാ യൂണിയനിലെ അധികം വരുന്ന പാലിന് തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകളിലൂടെ ആഭ്യന്തര വിപണി ലഭ്യമാക്കാൻ സർക്കാർ ഇടപെടണമെന്നാണ് എന്റെ ആവശ്യം. മിൽമ മലബാർ മേഖലാ യൂണിയൻ കാർഷികക്ഷേമ പ്രവർത്തനത്തിലൂടെ പാലുൽപ്പാദനം വർഷംപ്രതി വർദ്ധിപ്പിക്കുകയാണ്. ഇപ്രാവശ്യം 6,23,456 ലിറ്റർ പാൽ ഉൽപ്പാദിപ്പിച്ചുകഴിഞ്ഞു. അയൽ സംസ്ഥാനങ്ങളിൽനിന്നും കുറഞ്ഞ വിലയ്ക്ക് സംഭരിക്കുന്ന പാലിന്റെ വിപണിമത്സരംമൂലം വർഷത്തിൽ ഏതാണ്ട് അൻപത്തിഅയ്യായിരത്തോളം ലിറ്റർ പാൽ ബാക്കി വരികയാണ്. ബാക്കിവരുന്ന പാൽ സംഭരണവിലയും കടത്തുകൂലിയും ശീതീകരണച്ചെലവും ഈടാക്കി എറണാകുളം, തിരുവനന്തപുരം യൂണിയനുകൾക്ക് വിൽക്കുന്ന പതിവുണ്ടായിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ശരാശരി ഏഴ് രൂപയിൽ കുറവിൽ പാൽ ലഭിക്കുന്നു എന്ന കാരണത്താൽ മലബാർ മേഖലയിലെ പാൽ മറ്റ് യൂണിയനുകൾ സ്വീകരിക്കുന്നില്ല. ആഭ്യന്തര പാലിനെ തഴഞ്ഞ് മറുനാടൻ പാൽ വാങ്ങുന്നത് നമ്മുടെ നാടിന്റെ സമ്പത്ത്

അന്യസംസ്ഥാനത്തേയ്ക്ക് ഒഴുകാനിടയാക്കും. പാൽ വിലയിലെ 85 ശതമാനം raw material കോസ്റ്റാണെന്നതും അധികമായി ഉൽപ്പാദിപ്പിക്കുന്ന പാൽ പാൽപ്പൊടിയാക്കുന്നത് അന്യ സംസ്ഥാനത്താണെന്നതും ഇതിന്റെ ആഴം കൂട്ടുന്നു. അതുകൊണ്ട് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന പാലിന് ആഭ്യന്തര വിപണിതന്നെ ലഭ്യമാക്കുന്നതിൽ സർക്കാർ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, സ്വയംപര്യാപ്ത ക്ഷീരകേരളമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ക്ഷീരരംഗത്ത് സർക്കാർ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. മലബാർ മേഖലാ യൂണിയൻ വിതരണം ചെയ്യാൻ ആവശ്യമുള്ളതിനേക്കാൾ 1,30,000 ലിറ്റർ പാൽ കൂടുതൽ സംഭരിക്കുന്നുണ്ട്. ഇപ്പോൾ ആ മേഖല സ്വയംപര്യാപ്തമായിക്കഴിഞ്ഞു. എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകൾക്ക് വിതരണത്തിനാവശ്യമായ പാൽ സംഭരിക്കാൻ കഴിയുന്നില്ല. മലബാർ മേഖലാ യൂണിയനിൽനിന്ന് അധികമുള്ള പാൽ ഈ രണ്ട് മേഖലാ യൂണിയനുകൾ എടുക്കണമെന്ന അംഗത്തിന്റെ ആവശ്യം തികച്ചും ന്യായമായിട്ടുള്ളതുതന്നെയാണ്. വിതരണത്തിനും പാലുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന പാൽതന്നെ ഉപയോഗിക്കുകയെന്നത് അഭികാമ്യമാണ്. അതുകഴിഞ്ഞ് പിന്നീടും ആവശ്യമുണ്ടെങ്കിൽമാത്രം അന്യ സംസ്ഥാനത്തുനിന്നുള്ള പാലിനെ ആശ്രയിക്കാം. അതുകൊണ്ട് മലബാർ മേഖലയിൽ അധികം ഉൽപ്പാദിപ്പിക്കുന്ന പാൽ എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകൾ സ്വീകരിക്കണം എന്ന നിലയിലുള്ള നിർദ്ദേശം സർക്കാർ നൽകുന്നതാണ്. മിൽമയ്ക്കും ഫെഡറേഷനും മേഖലാ യൂണിയനുകൾക്കും പാൽ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അവരുടേതായ മാനദണ്ഡങ്ങൾ സ്വീകരിക്കാനുള്ള അവകാശമുണ്ടെങ്കിലും സർക്കാർ ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾകൂടി നൽകുന്നതാണ്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ.

## VII) മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2018 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VIII റിപ്പോർട്ടുകളുടെ സമർപ്പണം

1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിരണ്ട് മുതൽ അറുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിരണ്ട് മുതൽ അറുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

2. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപതും ഇരുപത്തിയൊന്നും റിപ്പോർട്ടുകൾ

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപതും ഇരുപത്തിയൊന്നും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

3. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

4. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. റ്റി. വി. രാജേഷ്: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

5. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. സി. കെ. നാണു: സർ, മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

6. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

ശ്രീ. എൻ. വിജയൻ പിള്ളയ്ക്കുവേണ്ടി ശ്രീ. എം. രാജഗോപാലൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## IX) നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സംസാരിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിമിന് സംസാരിക്കാവുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു. 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ശക്തിപ്പെടുത്താൻ എന്നുള്ള വ്യാജേനയാണ് സത്യത്തിൽ ആഭരണക്കച്ചവടം നടത്തുന്ന മുതലാളിമാരെമാത്രം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ ബില്ലിലെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. മൊത്തം ക്രയവിക്രയത്തിന്റെ ഒരു ശതമാനം ആഭരണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ആഭരണക്കച്ചവടക്കാർ കൊടുക്കേണ്ടത് 0.25 ശതമാനത്തിലേയ്ക്ക് ചുരുക്കിയതാണ് സത്യത്തിൽ ഈ ബില്ലിന്റെ ഉള്ളടക്കം. അതോടൊപ്പം ക്രയവിക്രയം പത്ത് ലക്ഷം രൂപ വരെയുള്ളത് ഒഴിവാക്കിയിരുന്നത് ഇരുപത് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. തൊഴിലാളികളെ സംരക്ഷിക്കുന്നതിനും രക്ഷപ്പെടുത്തുന്നതിനുമുള്ള ഒരു ബില്ലാണിത് എന്നുള്ളതാണ് പ്രത്യക്ഷത്തിൽ തോന്നുക. പക്ഷേ, ഇതിന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്നത്, ഇവിടെയുള്ള ആഭരണക്കച്ചവടം ചെയ്യുന്ന മുതലാളിമാരെ അല്ലെങ്കിൽ വ്യാപാരികളെ രക്ഷപ്പെടുത്തുന്നതിനുമാത്രമാണ് ഈ ബിൽ ഉപകരിക്കുക എന്നുള്ളതാണ്. മൊത്തം ക്രയവിക്രയത്തിന്റെ ഒരു ശതമാനം നേരത്തേ അവർ കൊടുക്കേണ്ടിയിരുന്നത് എന്തിനാണ് 0.25 ശതമാനത്തിലേയ്ക്ക് ചുരുക്കുന്നത് എന്നുള്ളതിന്റെ യുക്തി തീരെ മനസ്സിലാകുന്നില്ല. നേരത്തെ മൊത്തം ടേൺ ഓവർ പത്ത് ലക്ഷം രൂപ എന്നുള്ളത് ഇപ്പോൾ വിൽക്കുന്നതിന്റെ മാത്രം ഇരുപത് ലക്ഷം രൂപയ്ക്ക് മേലെയുള്ള തുകയ്ക്കും അതോടൊപ്പംതന്നെ അത് 0.25 ശതമാനമാക്കി ചുരുക്കിയിരിക്കുകയുമാണ്. ഇത് തൊഴിലാളികളോട് ചെയ്യുന്ന അനീതിയാണെന്നാണ് എനിക്ക് തോന്നുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഞാനൊക്കെ കുട്ടിയായിരുന്നപ്പോൾ എന്റെ തറവാട്ടുമുറ്റത്ത് വന്നിരുന്ന സ്വർണ്ണപ്പണി കുലത്തൊഴിലായി സ്വീകരിച്ച ഒരു കുടുംബത്തേയും അതിലെ അംഗങ്ങളേയും കൺമുന്നിൽ ഞാൻ കണ്ടിട്ടുണ്ട്. ഇന്ന് വളരെ പ്രയാസപ്പെടുന്ന ഒരു ജീവിത സാഹചര്യത്തിലൂടെ കടന്നുപോകുന്ന ഈ വിഭാഗത്തിന് എന്തെങ്കിലും ചെറിയ സഹായങ്ങൾ ചെയ്തുകൊടുക്കാൻ ക്ഷേമനിധിയെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. പക്ഷേ, ഈ രീതിയിൽ ശക്തിപ്പെടുത്തിയാൽ അത് മുതലാളിമാരെ ശക്തിപ്പെടുത്തുമെന്നല്ലാതെ തൊഴിലാളിക്ക് ഇതിന്റെ ആത്യന്തികമായ ഫലം ലഭിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ടൊക്കെത്തന്നെയാണ് ഞാൻ ഈ ബില്ലിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ആഭരണ തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ സംബന്ധിച്ച് ഞാൻ ഇപ്പോൾ കൂടുതലായൊന്നും വിശദീകരിക്കാനുദ്ദേശിക്കുന്നില്ല. വിശ്വകർമ്മജർ എന്ന, നമ്മുടെ നാട്ടിലൊക്കെ തട്ടാന്മാർ എന്നറിയപ്പെട്ടിരുന്ന ഈ വിഭാഗം സത്യത്തിൽ ഇന്ന് വളരെ പരിതാപകരവും ദയനീയവുമായിട്ടുള്ള ജീവിത സാഹചര്യത്തിലൂടെ മുന്നോട്ട് പോകുകയാണ്. ഈ മേഖലയിൽ യന്ത്രവൽക്കരണത്തിന്റെ നൂതന സാധ്യതകളും സങ്കേതങ്ങളും ഉപയോഗിച്ചുകൊണ്ടാണ് ഇന്ന് ആഭരണങ്ങൾ നിർമ്മിക്കുന്നത്. മുമ്പൊക്കെ വിശ്വകർമ്മവിഭാഗത്തിൽപ്പെട്ടവർ ദിവസങ്ങളോളം അല്ലെങ്കിൽ മാസങ്ങളോളമെടുത്ത് ആഭരണം കൊത്തി മിനുക്കി ഉണ്ടാക്കിയിരുന്ന സ്ഥാനത്ത് ഇന്ന് യന്ത്രവൽക്കരണം വന്നതോടുകൂടി അവർക്ക് തൊഴിൽ നഷ്ടപ്പെടുകയും ആ കുടുംബങ്ങളും അവരുടെ പിൻമുറക്കാരുമെല്ലാം ദയനീയമായ ജീവിത സാഹചര്യത്തിലേയ്ക്ക് മാറുകയുമാണുണ്ടായത്. ഇതുസംബന്ധിച്ച് 'ഉലയിൽ ഉരുകുന്ന ജീവിതം', 'ആഭരണനിർമ്മാണ തൊഴിലിടങ്ങളിൽ മിന്നൽപരിശോധന' എന്നിങ്ങനെ ധാരാളം പത്രക്കട്ടിംഗുകൾ വന്നിട്ടുണ്ട്. തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി എപ്പോഴും അടിസ്ഥാനവർഗ്ഗത്തിനോടൊപ്പം നിൽക്കേണ്ട ഒരു ഗവൺമെന്റാണിതെന്ന് നമുക്കൊക്കെ അറിയാം. ശ്രീ. റ്റി. പി. രാമകൃഷ്ണൻ ഏറ്റവും നല്ല മന്ത്രിയും മാന്യരിൽ മാന്യനായ വ്യക്തിയുമാണ്. ഗവൺമെന്റിന്റെ നയത്തിനനുസരിച്ച് നിൽക്കുക എന്നുപറയുന്നത് ഒരു മന്ത്രിക്ക് ആവശ്യമായിരിക്കാം. പക്ഷേ, തൊഴിലാളികളെ ദ്രോഹിച്ചുകൊണ്ട് അടിസ്ഥാന വർഗ്ഗത്തിനെതിരായി നിൽക്കണോ എന്നുള്ളതാണ് എന്റെ ചോദ്യം. മുതലാളിമാർക്കൊപ്പം നിൽക്കുന്ന ഒരു ഗവൺമെന്റിനെയാണ് ഈ കാലഘട്ടത്തിലുടനീളം കണ്ടുകൊണ്ടിരിക്കുന്നത്.

ഇന്ന് കേരളത്തിൽ സർക്കാരിന്റെ പൊതുമേഖലയിലുള്ള ഏക എയർപോർട്ട് കാലിക്കറ്റ് എയർപോർട്ടാണ്. ഇവിടെനിന്നും വരുന്ന സാധാരണക്കാരായ യാത്രക്കാർക്ക് ഫ്യൂവൽ ടാക്സ് ആയി 5% എന്ന ഉയർന്ന നികുതി

കൊടുക്കേണ്ടതുണ്ട്. ഈ രാജ്യത്തെ വൻകിട കുത്തകകൾക്ക് കൂടുതൽ ഷെയറുള്ള പ്രൈവറ്റ് എയർപോർട്ടുകളിൽ ഫ്യൂവൽ ടാക്സ് ഒരു ശതമാനമായി കുറച്ചുകൊടുക്കുകയും UDAN (Ude Desh Ka Aam Naagrik) Scheme അടക്കമുള്ള എല്ലാ സ്കീമുകളും ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്യുമ്പോൾ കാലിക്കറ്റ് എയർപോർട്ടിൽ ഫ്യൂവൽ ടാക്സ് ഒരു ശതമാനമായി കുറയ്ക്കണമെന്ന് പറഞ്ഞിട്ട് ഈ ഗവൺമെന്റ് അത് ചെയ്യുന്നില്ല. അപ്പോൾ ഈ ഗവൺമെന്റ് ആരുടെ കൂടെയാണ്; ഇവർ മുതലാളിമാർക്കൊപ്പമാണ്. മുതലാളിമാർക്ക് ഏറ്റവും കൂടുതൽ ഷെയറുള്ള എയർപോർട്ടുകളുടെ കൂടെ നിൽക്കുകയാണ്. ഈ കാരണങ്ങൾകൊണ്ടാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നത്. ഞാൻ കൂടുതലൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഈ ബില്ലിന്റെ ചർച്ചയിൽ മിതത്വവും സമയപരിധിയും പാലിക്കണമെന്ന് പറഞ്ഞതുകൊണ്ടും ഇനിയും മൂന്ന് ബില്ലുകൾ കൂടി ചർച്ചയ്ക്കെടുക്കാനുള്ളതുകൊണ്ടും ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അല്ലെങ്കിലും തൊഴിലാളികൾക്കും അടിസ്ഥാനവർഗ്ഗത്തിനുമൊപ്പം സർക്കാരുണ്ട് എന്നുപറയുന്നുണ്ടെങ്കിലും ഈ രാജ്യത്തെ കുത്തകമുതലാളിമാർക്കും വൻകിട വ്യവസായികൾക്കുമൊപ്പമാണ് എന്ന് നമുക്കെല്ലാവർക്കുമറിയാം. ഇതൊക്കെക്കൊണ്ടുതന്നെയായിരിക്കണം ഒരു കമ്മ്യൂണിസ്റ്റ് സഹയാത്രികനായി, കമ്മ്യൂണിസ്റ്റ് സാഹചര്യങ്ങളിൽ വളർന്നുവന്ന ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട്, 'ഗൗരി' എന്നുപറയുന്ന അദ്ദേഹത്തിന്റെ കവിതയിൽ ഈയൊരു സാഹചര്യം കൃത്യമായി വിശദീകരിച്ചത്. അദ്ദേഹത്തിന്റെ ബാല്യകാലഘട്ടത്തിൽ വലിയ ആവേശത്തോടുകൂടി ഒരു വിപ്ലവനായികയായിക്കണ്ട ഗൗരി ഇന്ന് ഒന്നുമല്ലാതായി എന്നുപറയുന്ന ആ ഇടവേളയിലുള്ള കാലഘട്ടത്തെ ഈ ഒരു കാലഘട്ടമായാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ആ കവിതയിൽ അദ്ദേഹം പറയുന്ന രണ്ട് ഖണ്ഡികമാത്രം ഞാൻ ഇവിടെ വായിക്കുകയാണ്.

"തൊഴിലാളി വർഗ്ഗം അധികാരമേറ്റാൽ

അവരായി പിന്നേ അധികാരി വർഗ്ഗം

അധികാരമപ്പോൾ തൊഴിലായി മാറും

അതിനുള്ള കൂലി അധികാരി വാങ്ങും

വിജയിക്ക പിൻപേ കുതികൊൾവൂ ലോകം

വിജയിക്ക മുൻപിൽ വിരിയുന്നു കാലം

മനുജന്നുമീതെ മുതലെന്ന സത്യം

മുതലിന്നുമീതെ അധികാര ശക്തി

അധികാരമേറാൻ തൊഴിലാളിമാർഗ്ഗം

തൊഴിലാളിയെന്നും തൊഴിലാളി മാത്രം"

പ്രത്യേകം അടിവരയിടേണ്ട വരികളാണിവ. ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് ഈ കവിത രചിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യംപോലും ഉണ്ടായത് ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ ഭരണമാണ്. ഈ കാലഘട്ടത്തെ അനുസ്മരിച്ചുകൊണ്ടായിരിക്കണം ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് എന്നുപറയുന്ന കേരളത്തിലെ കമ്മ്യൂണിസ്റ്റ് സഹയാത്രികർക്കൊപ്പം നടന്നിട്ടുള്ള പ്രശസ്തനായ ഒരു കവിയ്ക്കുപോലും ഇങ്ങനെ എഴുതേണ്ടിവന്നത് എന്നുള്ളത് ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ കൂടുതലായി ഒന്നും സംസാരിക്കുന്നില്ല. തീർച്ചയായും ഈ ബില്ലിൽനിന്നും ഗവൺമെന്റ് പിന്നോട്ടുപോകണം. ഈ ബില്ലിന്റെ ഭേദഗതിയോട് വിയോജിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. എനിക്കുമുൻപ് സംസാരിച്ച ശ്രീ. ടി. വി. ഇബ്രാഹിം ആഭരണത്തൊഴിലാളികളെക്കുറിച്ചും അവർ അനുഭവിക്കുന്ന ജീവൽപ്രശ്നങ്ങളെക്കുറിച്ചും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാനും ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. സ്വർണ്ണം, വെള്ളി തുടങ്ങിയ ലോഹങ്ങൾ ഉപയോഗിച്ച് ആഭരണങ്ങളോ രൂപങ്ങളോ മറ്റ് ഉൽപ്പന്നങ്ങളോ നിർമ്മിക്കുകയും അനുബന്ധ ജോലികൾ ചെയ്യുന്നതുമായ തൊഴിലാളികൾക്കും ഈ മേഖലയിൽ സ്വയംതൊഴിൽ ചെയ്യുന്നവർക്കും ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുവേണ്ടി 2009-ലെ 26-ാം ആക്ട് ആയാണ് നിയമസഭ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്ട് പാസ്സാക്കിയത്. പ്രധാനമായും രണ്ട് വിഭാഗങ്ങളിലുള്ള തൊഴിലാളികളാണ് ഇതിൽ വരുന്നത്. ജ്വല്ലറികളുമായി ബന്ധപ്പെട്ട് തൊഴിലുടമകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളാണ് ഒരു വിഭാഗം. മറ്റൊരു വിഭാഗം പരമ്പരാഗതമായി ഈ തൊഴിലിൽ ഏർപ്പെട്ട് സ്വർണ്ണപ്പണി ഒരു ഉപജീവനമാർഗ്ഗമായും സ്വയംതൊഴിലായും സ്വീകരിച്ച സ്വർണ്ണപ്പണിക്കാരാണ്. ഇന്ന് ഈ രണ്ട് വിഭാഗങ്ങളിലുംപെട്ട തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും തുച്ഛവരുമാനക്കാരാണ്. ഏറെ പ്രാഗത്ഭ്യം വേണ്ടുന്നതും അതിനാൽതന്നെ ലാഭമേറെ നൽകുന്നതുമായിരുന്നു ഒരുകാലത്ത് സ്വർണ്ണപ്പണി. എന്നാൽ ഈ മേഖലയിൽ നൂതന സാങ്കേതികവിദ്യ വന്നതോടുകൂടി പ്രഗത്ഭരായ പരമ്പരാഗത സ്വർണ്ണപ്പണിക്കാർക്കുപോലും

ജോലിയില്ലാതെയായി. നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലും ജ്വല്ലറികൾ വന്നുതുടങ്ങിയപ്പോൾ ഒരു കാലത്ത് സ്വർണ്ണപ്പണിക്കാർക്ക് നല്ലകാലമായിരുന്നു. ജ്വല്ലറിക്കാർ നൽകുന്ന സ്വർണ്ണമുപയോഗിച്ച് അവർ ആവശ്യപ്പെടുന്ന സ്വർണ്ണാഭരണങ്ങൾ പണിതുകൊടുക്കുമായിരുന്നു. എന്നാൽ പിന്നീട് കേരളത്തിലെ ജ്വല്ലറികളിലേയ്ക്ക് ഉത്തരേന്ത്യൻ മാർക്കറ്റുകളിൽനിന്നും തുച്ഛമായ ചെലവിൽ വൻതോതിൽ സ്വർണ്ണാഭരണങ്ങൾ എത്തിച്ചുനൽകുന്ന രീതി വന്നതോടെ പരമ്പരാഗതമായി തൊഴിലിലേർപ്പെട്ടിരുന്നവരുടെ തൊഴിൽ ഇല്ലാതായി. ഗത്യന്തരമില്ലാതെ ജീവിതവൃത്തിക്കുവേണ്ടി മറ്റ് തൊഴിലുകളിൽ ഏർപ്പെടേണ്ട ഗതികേട് അവർക്കുണ്ടായി. തുച്ഛവരുമാനക്കാരായ ആഭരണത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആഭരണ തൊഴിലാളി ക്ഷേമനിധി രൂപീകരിച്ചെങ്കിലും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ആഭരണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ക്ഷേമനിധിയുടെ ഭാഗമായി നൽകേണ്ടതുണ്ട്. 2010-ൽ പ്രവർത്തനം ആരംഭിച്ച ക്ഷേമനിധിയിലെ അംഗങ്ങളുടെ എണ്ണം ഏകദേശം 19525 ആണ്. അതിലിപ്പോൾ 318 പേർക്ക് മാത്രമാണ് പെൻഷൻ കൊടുക്കുന്നത്. വിദ്യാഭ്യാസ ആനുകൂല്യമായി 500 രൂപ മുതൽ 2,000 രൂപ വരെയും മരണാനന്തരം ആശ്രിതർക്ക് സഹായം 10,000 രൂപ മുതൽ 25,000 രൂപ വരെയും ചികിത്സാ സഹായം 25,000 രൂപയും വിവാഹ ധനസഹായം 3,000 രൂപയും പ്രസവാനുകൂല്യം 15,000 രൂപയുമാണ് ഈ സ്കീമിൽ പറയുന്ന ആനുകൂല്യങ്ങൾ. ഇതൊന്നും ഇതുവരെ കൊടുക്കാൻ സാധിച്ചിട്ടില്ല. 318 പേർക്കാണ് ഇതിനകംതന്നെ പെൻഷൻ കൊടുക്കാൻ സാധിച്ചത്. നിലവിലുള്ള പരിമിതമായ ആനുകൂല്യങ്ങൾപോലും അംഗങ്ങൾക്ക് നൽകാൻ സാധിക്കാത്ത അവസ്ഥയാണ്. ഇതിന് പ്രധാന കാരണം ക്ഷേമനിധിയിലേയ്ക്ക് വ്യാപാരികൾ അടയ്ക്കേണ്ട സെസ് പലപ്പോഴും കൃത്യമായി അടയ്ക്കുന്നില്ല എന്നതാണ്. സെസ് കുടിശ്ശികയാകുന്നതിനാൽ ക്ഷേമനിധിയിലെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. നിലവിൽ ആകെ 10 ലക്ഷം രൂപ മാത്രമാണ് വ്യാപാരി സെസ്സിനത്തിൽ ലഭിച്ചിരിക്കുന്നത്. ഇതുതന്നെ ചെറുകിട സ്വർണ്ണ വ്യാപാരികളിൽനിന്നുമാത്രമാണ്. വൻകിട സ്വർണ്ണ ഉടമകളിൽനിന്നും ഇതുവരെ നയാപൈസ സെസ്സായി ഈ ക്ഷേമനിധിയിലേയ്ക്ക് വന്നിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സ്വർണ്ണ വ്യാപാരത്തിൽനിന്ന് ഈടാക്കേണ്ട സെസ്സ് കുടിശ്ശികയില്ലാതെ പിരിച്ചെടുക്കാൻ അടിയന്തരനടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ സർക്കാരിന് ആത്മാർത്ഥതയുണ്ടോയെന്ന് സംശയമാണ്. നിലവിലുള്ള ആഭരണ തൊഴിലാളി നിയമത്തിൽ വെള്ളം ചേർത്ത് സ്വർണ്ണ വ്യാപാരികളെ സഹായിക്കുന്നതിനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

നഷ്ടപ്പെടുത്തുന്നതിനും ഈ ഭേദഗതി ബില്ലിലെ നിർദ്ദേശങ്ങൾ സഹായിക്കും. മൂന്ന് കാരണങ്ങളാൽ ഈ ബിൽ തൊഴിലാളി സൗഹൃദമല്ലായെന്ന് പറയേണ്ടിയിരിക്കുന്നു. പാരന്റ് ആക്ടിൽ അഞ്ചാം വകുപ്പിൽ ആഭരണ തൊഴിലാളികളുടെയും സ്വയം തൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമത്തിനായി നിധിയിലേയ്ക്ക് തുക സ്വരൂപിക്കുന്നതിന് ഓരോ വ്യാപാരിയും തന്റെ ഒരു വർഷത്തെ ആഭരണ വിറ്റുവരവിന്റെ 0.25 ശതമാനം വരുന്ന തുക സെസ്സായി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടയ്ക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ഈ ഭേദഗതി ബില്ലിൽ പറയുന്നത്, വിറ്റുവരവ് എന്നാൽ വ്യാപാരി ഉപഭോക്താവിന് നടത്തുന്ന അന്തിമ വിൽപ്പന എന്ന അർത്ഥത്തിലാണ്. ഫലത്തിൽ വിറ്റുവരവിന്റെ ശതമാനത്തിനുപകരം അന്തിമ വിൽപനയുടെ ശതമാനമായി സെസ്സ് കണക്കാക്കുമ്പോൾ ക്ഷേമനിധിയിലേയ്ക്ക് വരേണ്ട സെസ്സിൽ ഗണ്യമായ കുറവുവരുന്നു. കൂടാതെ, 0.25 ശതമാനമെന്നത് 0.1 ശതമാനമാക്കി കുറച്ചിരിക്കുന്നു. നിലവിലുള്ള നിയമപ്രകാരം പത്ത് ലക്ഷം രൂപയിൽ താഴെ വാർഷിക വിറ്റുവരവുള്ള വ്യാപാരികളെ സെസ്സ് അടയ്ക്കുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. പുതിയ ഭേദഗതി പ്രകാരം ഇരുപത് ലക്ഷം രൂപയാകുന്നതോടെ കൂടുതൽ വ്യാപാരികൾ സെസ്സ് അടയ്ക്കുന്നതിൽനിന്ന് ഒഴിവാകും. ഇത് വൻകിട സ്വർണ്ണ വ്യാപാരികളെ സഹായിക്കുകയും ആഭരണ തൊഴിലാളികൾക്ക് ദോഷമുള്ളതാകുകയും ചെയ്യും. ഭേദഗതി മൂവ് ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്തിനുവേണ്ടി <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം വസ്തുത മനസ്സിലാക്കാതെയാണ് ഇവിടെ വിയോജിപ്പ് രേഖപ്പെടുത്തിയത്. ഒരു ശതമാനം നികുതി 0.25 ശതമാനമായി കുറച്ചുവെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. അങ്ങനെയൊരു ഭേദഗതി ഇവിടെ വന്നിട്ടില്ല. ഇവിടെ വന്നത് 0.25 ശതമാനത്തെ 0.1 ശതമാനമാക്കി ഭേദഗതി ചെയ്യുന്നുവെന്നതാണ്. രണ്ട് ലക്ഷത്തിലധികം പേർ തൊഴിൽ ചെയ്തിരുന്ന കേരളത്തിലെ ചെറുകിട ആഭരണ നിർമ്മാണ തൊഴിൽ മേഖലയിലെ തൊഴിലാളികളെല്ലാം ഒരുപോലെ നാശത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ കണ്ണീരൊപ്പാൻ നിലവിലുള്ള ക്ഷേമനിധി ആക്ടിലെ അപ്രായോഗികത പരിഹരിക്കുകയാണ് ഈ ഭേദഗതി ബില്ലിലൂടെ സർക്കാർ ചെയ്യുന്നത്. ആഭരണമുണ്ടാക്കുന്ന തൊഴിലാളികൾക്കുവേണ്ടി ആർക്കും ആവശ്യമില്ലാത്ത

ക്ഷേമപദ്ധതി നിലനിന്നതുകൊണ്ട് ഒരു കാര്യവുമില്ല. യഥാർത്ഥത്തിൽ രണ്ട് ലക്ഷം തൊഴിലാളികളുണ്ടായിട്ടും അതിന്റെ പത്തിലൊന്ന് ആളുകൾ മാത്രമാണ് ഈ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ളത്. 2010-ലുണ്ടായ നിയമത്തിന്റെ ആനുകൂല്യത്തിന് 2011 മുതൽ രജിസ്ട്രേഷൻ ആരംഭിച്ചു. 19,525 പേർ മാത്രമാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. നമ്മുടെ ഗ്രാമങ്ങളിലും നഗരങ്ങളിലും സ്വർണാഭരണങ്ങളുണ്ടാക്കുന്ന കുടുംബങ്ങളും അവരുടെ കടകളും എത്ര സുതാര്യവും സത്യസന്ധതയോടും കൂടിയാണ് ഈ തൊഴിലിൽ മുമ്പ് ഏർപ്പെട്ടിരുന്നതെന്ന് എല്ലാവർക്കുമറിയാം. പാരമ്പര്യമായി നിരന്തര പരിശീലനത്തിലൂടെ വൈദഗ്ധ്യം തെളിയിച്ച തൊഴിലാളികളായിരുന്നു ഈ രംഗത്തുണ്ടായിരുന്നത്. അവരുടെ കരവിരുതും ഭാവനകളും മഞ്ഞ ലോഹത്തിലുണ്ടാക്കുന്ന വിസ്മയങ്ങൾ കണ്ട് വിദേശസഞ്ചാരികളും രാഷ്ട്രനേതാക്കളുമുൾപ്പെടെ ഈ തൊഴിലാളികളെ ആദരവോടെയായിരുന്നു പൂർവ്വകാലത്ത് കണ്ടിരുന്നത്. വിവിധ പ്രദേശങ്ങളുടെ മേന്മ വിളിച്ചോതുന്ന ആഭരണ നിർമ്മാണ ശൈലികളും പ്രസിദ്ധമായിരുന്നു. തിരുവിതാംകൂർ കളക്ഷൻ എന്ന വിഭാഗത്തിൽപ്പെടുന്ന ആഭരണങ്ങളുണ്ട്. അതുതേടി എത്രയോ വിദേശ സഞ്ചാരികളും നാട്ടുരാജാക്കന്മാരും ശ്രീപത്മനാഭന്റെ മണ്ണിൽ എത്തിയിരുന്നു. വരുന്നവർക്കെല്ലാം കൊടുത്തിട്ടും വന്നവരെല്ലാം കൊണ്ടുപോയിട്ടും തീരാത്ത കോടികൾ വിലമതിപ്പുള്ള ആഭരണങ്ങൾ ഇപ്പോഴും ശ്രീപത്മനാഭസ്വാമി ക്ഷേത്ര നിലവറകളിലുണ്ടായിട്ടും അത്തരം ആഭരണങ്ങളുണ്ടാക്കിയവരുടെ പിന്മുറക്കാർ എരിയുന്ന വയറുമായി നിലവറയെ നോക്കി നിലവിളിക്കുകയാണ്. അതുപോലെ ഇന്ന് ശബരിമല വിധി വന്ന ദിവസമാണ്. സാക്ഷാൽ ശബരിമല ശാസ്താവിന്റെ തിരുവാഭരണം പണിതുണ്ടാക്കിയവരാണ് പരമ്പരാഗത ആഭരണ തൊഴിലാളികൾ. അവരുടെ പിന്മുറക്കാർ പട്ടിണിയുടെ പതിനെട്ടാംപടി താണ്ടാൻ ശരണം വിളിച്ചുവരുമ്പോൾ അവരെ കണ്ടില്ലെന്ന് നടിക്കാൻ ഈ ഗവൺമെന്റിന് കഴിയില്ലെന്നതാണ് വസ്തുത. ദുരിത ജീവിതത്തിൽനിന്ന് മോക്ഷം നേടാൻ ആഗ്രഹിക്കുന്ന മനുഷ്യരുടെ ഒപ്പം, ആൺ-പെൺ ഭേദമില്ലാതെ, ജാതി-മത ഭേദമില്ലാതെ, ദേശ-ഭാഷാ വ്യത്യസ്തതകളില്ലാതെ നിലപാടെടുക്കുന്ന പക്ഷമാണ് ഇടതുപക്ഷം. അതിന്റെ തെളിവുകൂടിയാണ് ഈ ഭേദഗതിയിലൂടെ ബില്ലിനെ യാഥാർത്ഥ്യവൽക്കരിക്കാനുള്ള നീക്കം. ഒരു തൊഴിൽമേഖലയെയും നശിപ്പിക്കാതെ അതാത് മേഖലകളിലെ എല്ലാ വിഭാഗത്തെയും നിലവിലുള്ള സാധ്യതകളിലൂടെ സംരക്ഷിക്കുക എന്ന ശാസ്ത്രീയ സമീപനമാണ് ഇടതുപക്ഷം എക്കാലവും സ്വീകരിച്ചിട്ടുള്ളത്. അത് ഈ ഭേദഗതിയിലും കാണാം.

ഒരിക്കലും കിട്ടാത്ത 0.25 ശതമാനത്തിൽനിന്ന് കിട്ടുമെന്നുറപ്പുള്ള 0.1 ശതമാനം എന്ന സെസ്സിലേയ്ക്ക് ഈ കാഴ്ചപ്പാടിലൂടെയാണ് എത്തുന്നത്. ജ്വല്ലറികൾ അടച്ചുപൂട്ടാതിരിക്കാനും സാമൂഹിക പ്രതിബദ്ധതയിൽനിന്ന് അവർ ഒളിച്ചോടാതിരിക്കാനും ഉടമകൾക്കും തൊഴിലാളികൾക്കുമെല്ലാം ഒരുപോലെ ആശ്വാസം നൽകുന്ന ഭേദഗതിയുള്ള മറ്റൊന്നാണ് ഇരുപത് ലക്ഷത്തിലധികമുള്ള വിൽപ്പനയിൽ മാത്രമായി സെസ്സ് ചുമത്തുന്നത്. ജി.എസ്.ടി. പ്രയോഗിക്കുന്നത് ഇരുപത് ലക്ഷത്തിലധികം വിൽപ്പനയുള്ള സ്ഥാപനങ്ങളിൽ മാത്രമാണെന്നിരിക്കെ തൊഴിലാളി ക്ഷേമനിധി സെസ്സ് പിരിക്കുന്നതിന് ഇതല്ലാതെ മറ്റൊരു പ്രായോഗിക ഭേദഗതി സാധ്യമാകില്ല. ചിലർ ചോദിക്കുന്നത് എന്തിനാണ് ഈ ഭേദഗതിയെന്നും ഇതൊന്നുമില്ലെങ്കിൽ എന്താണ് സംഭവിക്കുകയെന്നുമാണ്. ഒന്നും സംഭവിക്കില്ല, ഒന്നും നടക്കില്ലായെന്നതാണ് വസ്തുത. ആക്ട് വന്നതിനുശേഷം 2012-ലാണ് സെസ്സ് പിരിക്കാൻ ആരംഭിച്ചത്. ഇതുവരെ ആകെ പത്ത് ലക്ഷം രൂപ മാത്രമേ കിട്ടിയിട്ടുള്ളുവെന്ന് പ്രതിപക്ഷവും ഇവിടെ അഭിപ്രായപ്പെട്ടതാണ്. അതുതന്നെ ചെറുകിട നാമമാത്രക്കാരിൽനിന്ന് ലഭിച്ച തുകയാണ്. കിട്ടിയ പത്ത് ലക്ഷം രൂപകൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ല. ക്ഷേമനിധി ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർക്കുള്ള കൂലിപോലും കൊടുക്കാൻ ഈ തുക തികയുകയില്ല, ഗവൺമെന്റാണ് ക്ഷേമനിധികളുടെ ചെലവ് വഹിക്കുന്നത്. ഈ ക്ഷേമനിധിയിൽ നിരവധി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ചികിത്സയ്ക്ക് 25,000/- രൂപ, പ്രസവാനന്തര സഹായം 15,000 രൂപ, വിവാഹ ധനസഹായം 3,000/- രൂപ, മരണാനന്തര സഹായം 10,000 രൂപ മുതൽ 25,000/- രൂപ വരെ, അവശതാ പെൻഷൻ 1,200 രൂപ. ഇതൊക്കെ കടലാസിൽ എഴുതിവച്ചിട്ട് കാര്യമില്ലല്ലോ. നിയമത്തിൽ പ്രഖ്യാപിച്ചതെല്ലാം തൊഴിലാളികൾക്ക് കൊടുക്കാനും കാലാനുസൃതമായ ആനുകൂല്യ വർദ്ധനവ് വരുത്താനും കഴിയണം. എല്ലാ തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിപ്പിക്കാൻ ഈ ക്ഷേമനിധി ശാക്തീകരണത്തിലൂടെ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വർത്തമാനകാല ജീവിതച്ചെലവിനനുസൃതമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെങ്കിൽ തൊഴിലാളികളുടെ അംശദായം മാസത്തിൽ ഇരുപത് എന്നത് വർദ്ധിപ്പിച്ചുനൽകാൻ തൊഴിലാളി സന്നദ്ധമാകുന്ന സാഹചര്യവുമുണ്ട്, അതിന് കാലത്തിനനുസരിച്ച് ആനുകൂല്യ വർദ്ധനവ് ഇത്തരുണത്തിൽ വരുത്തേണ്ടതാണ്. ഇന്നത്തെ ആഭരണ നിർമ്മാണ രംഗത്ത് സമൂലമായ മാറ്റം ദൃശ്യമാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി യന്ത്രവൽക്കരണം മാത്രമല്ല മനുഷ്യൻ ചെയ്യുന്ന ആഭരണ നിർമ്മാണ പ്രവൃത്തിയെയും യാന്ത്രികവൽകരിക്കുന്ന പുതിയ തൊഴിലിടങ്ങൾ കാണാമറയത്തുണ്ട്. നാട്ടുകാർക്കും വീട്ടുകാർക്കുമൊന്നും ഇന്നത്തെ

ആഭരണ തൊഴിലാളിയെ കാണാൻ കിട്ടുന്നില്ല. പുലർകാലത്തുതന്നെ വൻകിട ജ്വല്ലറി ഉടമകൾ നടത്തുന്ന ആഭരണ നിർമ്മാണ വർക്ക്ഷോപ്പുകളിലേയ്ക്കും ചെറുകിട സ്വർണ്ണപ്പണിക്കാരുടെ വാടക വീടുകളിലെ അകത്തളങ്ങളിലേയ്ക്കും ഈ തൊഴിലാളികൾ എത്തിച്ചേരുകയാണ്. പണി കഴിഞ്ഞ് അവർ അന്തിമയങ്ങുമ്പോഴാണ് പുറത്തിറങ്ങുന്നത്. ഇത്തരം തൊഴിലിടങ്ങളിൽ എല്ലാ ജനലുകളും വാതിലുകളും അടച്ചുപൂട്ടി, ലീസ് വർക്കുകൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന ഇടനിലക്കാരാണ് ഈ പണി നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു മാലയുടെ നിർമ്മാണം ഒൻപത് സ്ഥലങ്ങളിലായി ഒൻപത് ഗ്രൂപ്പുകളാണ് നടത്തുന്നത്. ഒരിടത്ത് മുത്തുകൾ പണിയുന്നവർ, മറ്റൊരിടത്ത് മാലയിലെ കണ്ണികൾ മാത്രം പണിയുക, വേറൊരിടത്ത് ലോക്കറ്റിലെ ഡിസൈൻ മാത്രം പണിയുക, പിന്നെയൊരിടത്ത് മുത്തുകളും കണ്ണികളും ഒട്ടിക്കുക ഇങ്ങനെ വ്യത്യസ്തമായ പണികളാണ്. ഏതാണ്ട് ചാർളി ചാപ്ലിന്റെ ഒരു പഴയ സിനിമയായ ' The Modern Times'-ലെ കഥാപാത്രങ്ങളെപ്പോലെയായി തീരുകയാണ് ഇന്നത്തെ ആധുനിക ആഭരണ തൊഴിലാളികൾ. അതായത് യന്ത്രങ്ങളായി തൊഴിലാളികൾ മാറിക്കൊണ്ടിരിക്കുകയാണ്. ഒരു ആഭരണംപോലും ഒരാൾക്ക് ഒറ്റയ്ക്ക് നിർമ്മിക്കാൻ കഴിയാതെ വിദഗ്ദ്ധ തൊഴിലാളികളെ അവിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുന്ന ഒരു പ്രത്യേക തരം ഏർപ്പാടാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഒരു മുതലാളിയേയും ആശ്രയിക്കാതെ ഒരു തൊഴിലാളിക്ക് ആഭരണമുണ്ടാക്കാൻ കഴിയാത്ത പുതിയ പരിതസ്ഥിതി രൂപപ്പെട്ടിരിക്കുകയാണ്. ഇതിനെക്കുറിച്ചെല്ലാം പഠിക്കണം. ഇത്തരം തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അവരെ ആഭരണ തൊഴിലാളികളായി അംഗീകരിക്കുന്നതിനുള്ള സാമൂഹ്യ ഇടപെടൽ സർക്കാരിന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. മറ്റൊരു പ്രശ്നം, സ്വർണമില്ലാത്ത സ്വർണ്ണാഭരണമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നതാണ്. തേക്കില്ലാത്ത തേക്കിൻകാട് മൈതാനത്തെപ്പോലെ, ഐക്യമില്ലാത്ത ഐക്യജനാധിപത്യ മുന്നണിയെപ്പോലെ, സ്വർണ്ണമില്ലാത്ത സ്വർണ്ണാഭരണം നമ്മുടെ രാജ്യത്ത് ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. നൂറ് ഗ്രാം തനി തങ്കത്തിൽ 0.913 ചെമ്പ് ചേർത്താണ് 22 കാരറ്റ് സ്വർണം തയ്യാറാക്കുന്നത്; ഇതിനെയാണ് 916 ഗോൾഡ് എന്നുപറയുന്നത്. ഇപ്പോൾ എന്താണ് സ്ഥിതി? പുറമെ സ്വർണം അകത്ത് ചെമ്പ് എന്നതാണ് സ്ഥിതി. ഏതാണ്ട് കോൺഗ്രസ്സിന്റെ സ്ഥിതിപോലെയാണ്. പുറത്തെല്ലാം യൂണിഫോം തൂവെള്ള ഖാദിയാണ്, അകത്തെല്ലാം കറുത്ത രാഷ്ട്രീയത്തിന്റെ കാവിയാണ് എന്നതാണ് നമുക്ക് കാണാൻ കഴിയുക. ഇപ്പോഴുള്ള സ്വർണ്ണത്തിന്റെ പ്രത്യേകത, അത് വാങ്ങിയ കടയിൽ

മാത്രമേ വിൽക്കാൻ സാധിക്കുകയുള്ളൂ എന്നതാണ്. വാങ്ങിയ കടയിൽ കൊടുത്താൽ മാത്രമേ പകുതി പണമെങ്കിലും ലഭിക്കുകയുള്ളൂ. പണ്ടൊക്കെ ഏത് കടയിൽ കൊടുത്താലും പണം ലഭിക്കുമായിരുന്നു. കാരണം, ചെമ്പിന്റെ അളവ് എത്രയാണെന്ന് കടക്കാർക്ക് അറിയാമായിരുന്നു. ഇന്ന് ചെമ്പിന്റെ അളവ് മാത്രമല്ല നോക്കേണ്ടത്. ചെമ്പിനകത്തും സ്വർണ്ണത്തിനകത്തുമുള്ള സ്റ്റീൽ കമ്പികളുടെ അളവ് നിർണ്ണയിക്കാൻ സാധിക്കാത്തതിനാലാണ് ഒരു കടയിലുണ്ടാക്കിയ സ്വർണ്ണം മറ്റൊരു കടയിലും വാങ്ങാത്ത സ്ഥിതിയുണ്ടാകുന്നത്. നിലവിൽ ഗോൾഡിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ കാരറ്റ് അനലൈസർ കൊച്ചിയിൽ മാത്രമാണുള്ളത്. അവിടേയ്ക്ക് ഒരു കടക്കാരനും പോകുന്നില്ലായെന്നത് അവിടത്തെ രജിസ്റ്റർ നോക്കിയാൽ മനസ്സിലാകും. വാങ്ങുന്ന നാട്ടുകാർക്കാണെങ്കിൽ അത്തരമൊരു സ്ഥാപനത്തെക്കുറിച്ച് കേട്ടറിവുപോലുമില്ല. ഓരോ കടയിലും കാരറ്റ് അനലൈസറുണ്ട്. അവരുടെ കടയിലെ ഏത് ആഭരണമെടുത്ത് കാരറ്റ് അനലൈസറിൽ വച്ചാലും അതിലെല്ലാം 916 ക്വാളിറ്റി രേഖപ്പെടുത്തുമെന്നതാണ് ഇന്നത്തെ മാന്ത്രിക വിദ്യ. പണ്ട് ആഭരണമുണ്ടാക്കുന്ന മനുഷ്യർ സ്വർണ്ണം ഉരുക്കുന്നതും ചെമ്പ് ചേർക്കുന്നതും അളക്കുന്നതും തൂക്കുന്നതും തുറന്ന കണ്ണുകളുമായി നോക്കിനിന്ന കേരളീയരുണ്ടായിരുന്നു. ഇന്ന് അവർക്ക് എന്ത് ആശ്വാസമാണുള്ളത്; ഇന്ന് അവർക്കുള്ള ആശ്വാസമെന്നുപറയുന്നത് 'വിശ്വാസം അതല്ലേ എല്ലാം' എന്ന അന്ധവിശ്വാസ പ്രചോദിതമായ മുദ്രാവാക്യം മാത്രമാണ്. മറ്റൊരു വിശ്വാസവും അവർക്ക് ആശ്വാസമായിട്ടില്ല. നമ്മുടെ രാജ്യത്ത് മറ്റെവിടെയുമില്ലാത്ത രീതിയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പാവപ്പെട്ടവർക്കുവേണ്ടി നിരവധി നിയമനിർമ്മാണങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാരാണെങ്കിൽ തൊഴിലാളി വിരുദ്ധ കരിനിയമങ്ങളും ചട്ടങ്ങളുമെല്ലാം ചുട്ടെടുക്കുന്നത് പ്രധാന പ്രതിപക്ഷമായ കോൺഗ്രസ്സിന്റെ വറചട്ടിയിലാണെന്നതുകൂടി ഞാനിവിടെ ഓർമ്മപ്പെടുത്തുകയാണ്. ഉദാരവത്കരണ സാമ്പത്തിക നയങ്ങളിൽ കടഞ്ഞെടുത്ത പാതാള സമാനമായ വറചട്ടിയുണ്ടാക്കിയ കോൺഗ്രസ്സിനോട് നന്ദി പറഞ്ഞാണ് ബഹുമാനപ്പെട്ട നരേന്ദ്രമോദിയും കൂട്ടരും തൊഴിലാളി വിരുദ്ധ നിയമങ്ങളും ചട്ടങ്ങളും ചുട്ടെടുക്കുന്നത്. കഴിഞ്ഞ പാർലമെന്റ് സമ്മേളന വേളയിലാണ് വേതന ചട്ട ബിൽ രാജ്യസഭയിൽ പാസ്സാക്കിയത്. തൊഴിലാളിവിരുദ്ധവും കോർപ്പറേറ്റ് അനുകൂലവുമായ വേതന ചട്ട ബിൽ കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടിയാണ് രാജ്യസഭ പാസ്സാക്കിയത്. ബിൽ രാജ്യസഭയിൽ വോട്ടിനിട്ടപ്പോൾ 88 പേർ പിന്തുണച്ചു. ഇടതുപക്ഷത്തെ അഞ്ചുപേരടക്കം ആകെ എട്ട് പേരാണ് വിയോജിച്ചത്. INTUC-യും BMS-ഉം ഉൾപ്പെടെയുള്ളവർ ബില്ലിനെതിരെ തെരുവിൽ തൊണ്ടകീറി മുദ്രാവാക്യം

വിളിക്കുമ്പോഴാണ് കോൺഗ്രസ്സും ബി.ജെ.പി.-യും പിന്നാമ്പുറ സംബന്ധത്തിലേർപ്പെട്ട് തൊഴിലാളിവിരുദ്ധ രാക്ഷസക്കുഞ്ഞിന് ജന്മം നൽകിയതെന്ന് നമ്മൾ ഇത്തരുണത്തിൽ ഓർക്കണം. അങ്ങനെ ഒട്ടനവധി തൊഴിലാളിവിരുദ്ധ നിയമനിർമ്മാണങ്ങൾ കേന്ദ്രഗവൺമെന്റ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ കോൺഗ്രസ്സും ഇതിൽനിന്ന് വ്യത്യസ്തമല്ല. ഇവർ പണ്ട് കേരളം ഭരിക്കുമ്പോഴും ഇതുതന്നെയായിരുന്നു സ്ഥിതി. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് സഖാവ് എളമരം കരീം ഈ സഭയിൽ അംഗമായിരുന്നല്ലോ; അദ്ദേഹം 18-2-2016-ന് അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചിരുന്നു. ആ ചോദ്യവും ഉത്തരവും എന്റെ കൈവശമുണ്ട്. ചോദ്യം ഇതാണ്, വിവിധ പെൻഷനുകൾ എത്രമാസമായി കുടിശ്ശികയായിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഉത്തരത്തിൽ ആദ്യം സംസ്കൃതത്തിൽ കുറേ കാര്യങ്ങൾ പറഞ്ഞതിനുശേഷം അവസാനം പറയുന്നത്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, സിഗാർ തൊഴിലാളികളുടെ പെൻഷൻ, കേരള ഈറ്റ തഴ കാട്ടുവള്ളി തൊഴിലാളി പദ്ധതി, ബാർബർ ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയിൽ 2015 ആഗസ്റ്റ് മുതലുള്ള പെൻഷനും ചുമട്ടുതൊഴിലാളി ക്ഷേമ നിധി ബോർഡ് സ്കാറ്റേർഡ് വിഭാഗത്തിന് 2014 മാർച്ച് മുതലുള്ള പെൻഷനും കുടിശ്ശികയുണ്ട്. ഇങ്ങനെ കുടിശ്ശിക വരുത്തിയവരാണ് ഈ ഗവൺമെന്റിന്റെ ഇത്തരം നയതീരുമാനത്തിനെ എതിർക്കാൻവേണ്ടി മുന്നോട്ടുവരുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്......

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പട്ടും വളയും അണിഞ്ഞ രാജകാലഘട്ടത്തെ ഓർത്ത് കഴിയുന്ന ഒരുകൂട്ടം കേരളീയരുണ്ട്. അതുപോലെ തങ്ങളുടെ പവറും പത്രാസും കാണിക്കാൻ പ്രസവിച്ച് വീണ കുട്ടിയുടെ ദേഹം മുതൽ വിവാഹപ്പന്തലിലെ വധുവിന്റെ ദേഹം വരെ സ്വർണ്ണംകൊണ്ട് മൂടിക്കെട്ടുന്ന കേരളീയരുണ്ട്. എല്ലാവരാലും അവഗണിക്കപ്പെട്ട് കണ്ണീരും കയ്യുമായി കഴിയുന്ന ആഭരണത്തൊഴിലാളികളുടെ എരിയുന്ന വയറിലെ തീയിൽ ഉരുക്കിയെടുത്ത ഈ പൊന്നിൻ തിളക്കമുള്ള ബില്ലിലെ ഭേദഗതികൾ അംഗീകരിക്കുമെന്ന പ്രതീക്ഷയോടെ ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഇതൊരു ചെറിയ ഭേദഗതിയാണ്. ഈ ഭേദഗതി ഇവിടെ ഉന്നയിച്ചതുപോലെ, ആഭരണ ഉടമകൾക്കുവേണ്ടിയുള്ള ഭേദഗതിയല്ല. കേരളത്തിൽ ഇപ്പോഴും ആഭരണങ്ങളുടെയും സ്വർണ്ണത്തിന്റെയും മറ്റ് ലോഹങ്ങളുടെയുമെല്ലാം വില വർദ്ധിച്ചിട്ടും അതുപയോഗിച്ച് ജോലിചെയ്യുന്ന തൊഴിലാളികളുടെ ജീവിതസ്ഥിതി വളരെ ദയനീയമാണ്. അവർക്ക് ശേഷിക്കുന്ന ജീവിതത്തിൽ ഇനിയെങ്കിലും ആശ്വാസം ലഭ്യമാക്കുന്നതിനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നതിന് ഗവൺമെന്റ് നിർബന്ധിതമായത്. 2009-ലാണ് ഈ നിയമത്തിന്റെ ആരംഭം. 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്ട് വകുപ്പ് 5 (1) പ്രകാരം ഓരോ വ്യാപാരിയും തന്റെ ഒരു വർഷത്തെ ആഭരണ വിറ്റുവരവിന്റെ 0.25 ശതമാനം വരുന്ന തുക സെസ്സായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ സെസ്സിനെതിരെ തൊഴിലുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും സെസ്സ് പിരിവ് ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. ഈ സ്റ്റേ 2013 മുതൽ തുടരുകയാണ്. സംസ്ഥാനത്തെ സ്വർണ്ണ വ്യാപാര മേഖലയിലെ സംഘടനകളുൾപ്പെടെ 325 പേർ കക്ഷികളായി ആകെ 94 കേസുകൾ നിലവിലുണ്ട്. ഈ കേസ് നിലനിൽക്കുന്നതുകാരണം സെസ്സ് പിരിച്ചെടുക്കാൻ കഴിയുന്നില്ലായെന്നുള്ളതാണ് വസ്തുത. 2009-ലെ ആക്ടിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ 2010-ൽ നിലവിൽ വന്നെങ്കിലും കഴിഞ്ഞ 9 വർഷക്കാലയളവിൽ 9,39,162 രൂപ മാത്രമാണ് സെസ്സ് ഇനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് തൊഴിലുടമ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. സെസ്സ് നിരക്ക് കുറയ്ക്കണമെന്നതാണ് അവരുടെ പ്രധാന ആവശ്യം. ഇക്കാര്യം വിശദമായി പരിശോധിച്ചതുപ്രകാരം സെസ്സ് നിരക്ക് 0.1 ശതമാനമായി കുറയ്ക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്ന ആഭരണത്തൊഴിലാളി മേഖലയിലെ ഏകദേശം 20,000 തൊഴിലാളികൾ മാത്രമാണ് നാളിതുവരെ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. സെസ്സ് പിരിവുമായി ബന്ധപ്പെട്ട് കേസ്സുകൾ നിലനിൽക്കുന്നതിനാൽ ബോർഡിലെ തൊഴിലാളികൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ബോർഡിലെ 328 പെൻഷൻകാർക്കുള്ള പെൻഷൻ സർക്കാർ ധനസഹായത്തോടെയാണ് വിതരണം ചെയ്യുന്നത്. സർക്കാരാണ് പെൻഷൻ ബാധ്യത പൂർണ്ണമായും നിറവേറ്റുന്നത്. സ്വർണ്ണം, വജ്രം തുടങ്ങിയ ആഭരണങ്ങളുടെ വിലയിൽ വലിയ

വർദ്ധനവുണ്ടായിട്ടുള്ള ഘട്ടത്തിലും ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിത സാഹചര്യം ഏറെ പരിതാപകരമാണ്. ആഭരണ നിർമ്മാണ മേഖലയിൽ യന്ത്രവത്കരണം വ്യാപകമായതിന്റെ ദുരിതവും തൊഴിലാളികൾ ഇന്ന് അനുഭവിച്ചുവരികയാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനും ക്ഷേമനിധിയിൽ വിഭാവന ചെയ്യുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും വിപുലമാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിലുടമകളിൽനിന്നും ലക്ഷ്യമിടുന്ന നിരക്കിൽ സെസ്സ് പിരിച്ചെടുക്കാൻ കഴിയുന്ന സാഹചര്യത്തിൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഇതുപ്രകാരം തൊഴിലുടമകളുമായും ക്ഷേമനിധി ബോർഡുമായും നിരന്തരം നടത്തിയിട്ടുള്ള ഉഭയകക്ഷി ചർച്ചകളുടെ ഭാഗമായിട്ടാണ് ഈ ഭേദഗതി നിർദ്ദേശം സഭയ്ക്കുമുമ്പാകെ അവതരിപ്പിച്ചത് എന്നുള്ളതാണ് വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങയെപ്പോലുള്ള തൊഴിലാളി പ്രവർത്തകൻ ഉന്നയിക്കുന്ന വാദം വളരെ വിചിത്രമാണ്. ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് കേസുണ്ടെങ്കിൽ ആദ്യം ആ കേസ് ഡിസ്പോസ് ചെയ്യാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. അല്ലാതെ അതിന് വഴങ്ങുകയല്ല വേണ്ടത്. ഹൈക്കോടതിയിൽ കേസ് പെൻഡിംഗുണ്ടെങ്കിൽ സർക്കാർ വക്കീലന്മാരെവച്ച് വാദിച്ച് കേസ് ഡിസ്പോസ് ചെയ്യാൻ ശ്രമിക്കണം. അതിനുപകരം അങ്ങ് തൊഴിലാളിയിൽ പഴിചാരി കേരളത്തിലെ വൻകിട ആഭരണ മുതലാളിമാർക്ക് ആനുകൂല്യം കൊടുക്കുകയാണ് ചെയ്യുന്നത്. സെസ്സ് കുറയ്ക്കുന്നതിലൂടെ ആനുകൂല്യം ലഭിക്കുന്നത് മുതലാളിമാർക്കാണ്, അല്ലാതെ തൊഴിലാളികൾക്കല്ല. തൊഴിലാളികൾക്ക് ലഭിക്കേണ്ട quantum of amount കുറയ്ക്കുകയാണ്. ദയവായി അങ്ങയെപ്പോലൊരു സത്യസന്ധനായ തൊഴിലാളി പ്രവർത്തകൻ ഈ വാദം ഉന്നയിച്ച് ആടിനെ പട്ടിയാക്കാൻ ശ്രമിക്കരുത്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫ് രാഷ്ട്രീയരംഗത്ത് ഒരുപാടുകാലത്തെ അനുഭവമുള്ള വ്യക്തിയാണ്. അദ്ദേഹം മുൻ മന്ത്രിയുമായിരുന്നു. 2016-ലാണ് നിലവിലെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുന്നത്. അതിന് തൊട്ടുമുൻപ് അധികാരത്തിലിരുന്നത് യു.ഡി.എഫ്. സർക്കാരാണ്. ഞാൻ ആ ഗവൺമെന്റിനെ കുറ്റപ്പെടുത്താനല്ല ശ്രമിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സെസ്സ് പിരിച്ചെടുക്കാൻ കഴിഞ്ഞില്ല. അതിന് കഴിയാതിരുന്നത് ഈ സ്വർണ്ണ വ്യാപാരികൾക്ക് കീഴ്പെട്ടിട്ടാണെന്നോ അവരെ സഹായിക്കാനായിരുന്നെന്നോ എന്നുള്ള

അഭിപ്രായവും എനിക്കില്ല. നിയമത്തിന്റെ നില അതാണ്. കോടതി ഈ പ്രശ്നത്തിലിടപെടുമ്പോഴും നമ്മൾ ഉണ്ടാക്കിയ നിയമങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള തുടർച്ചയായ ശ്രമങ്ങൾ നടത്തിവരികയാണ്. വസ്തുത അംഗീകരിക്കണം. രാജ്യത്ത് നിലനിൽക്കുന്ന നിയമവ്യവസ്ഥയും കോടതിയും ഇത്തരം പ്രശ്നങ്ങളിൽ ചില പ്രായോഗികമായ നിലപാട് സ്വീകരിക്കേണ്ടിവരും. അങ്ങ് ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽവന്ന ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം, മുത്തൂറ്റ് കമ്പനിയിൽ തൊഴിലാളികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു സമരം നടന്നു. ഒരു സംഘടന മാത്രമാണ് സമരത്തിൽ പങ്കെടുത്തിട്ടുള്ളതെങ്കിലും കേരളത്തിലെ എല്ലാ തൊഴിലാളി സംഘടനകളും പിന്തുണച്ചിരുന്ന ഒരു സമരമായിരുന്നു അത്. ആ സമരം ഒത്തുതീർക്കുന്നതിനുവേണ്ടി ചരിത്രത്തിൽ ഇന്നുവരെ ഇല്ലാത്ത നിലയിൽ എത്ര ക്ഷമാപൂർവ്വമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. അന്ന് ഗവൺമെന്റ് സ്വീകരിച്ച ആ നിലപാടിനെ കോടതിക്ക് പ്രശംസിക്കേണ്ടിവന്നു. കോടതിയുടെ ജഡ്ജ്മെന്റിൽ തൊഴിൽ വകുപ്പിനെ അഭിനന്ദിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തു. ഉടമയ്ക്കുവേണ്ടിയായിരുന്നില്ലല്ലോ അത്; തോട്ടം തൊഴിലാളികൾക്ക് ഒരു ദിവസം അൻപത് രൂപ നിരക്കിൽ 26 ദിവസത്തെ കൂലി കണക്കാക്കിക്കഴിഞ്ഞാൽ 1,300 രൂപ ഇടക്കാലാശ്വാസം കിട്ടിയപ്പോഴും മുത്തൂറ്റിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസമായി 500 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഒരു സെക്ഷൻ മിനിമം വേതനത്തെ തടഞ്ഞു. അപ്പോഴും ഗവൺമെന്റിന് ഇക്കാര്യത്തിൽ സദുദ്ദേശ്യമേ ഉണ്ടായിരുന്നുള്ളൂ. ഇതുതന്നെ തീരുമാനിച്ചാലും എല്ലാ ഉടമകളും ആ വഴിക്ക് വരുമെന്നുള്ള അഭിപ്രായമൊന്നും ഗവൺമെന്റിനില്ല. പക്ഷേ കോടതിയുടെ മുമ്പിൽ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ന്യായമായ സമീപനം സ്വീകരിച്ചിട്ടും ഉടമകൾ സ്വീകരിക്കുന്ന സമീപനം ഇന്നതാണെന്നുള്ളത് കൊണ്ടുവന്ന്, ഈ പ്രശ്നം അവസാനിപ്പിക്കാൻ കഴിയണം, തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കണം, സെസ്സ് പിരിച്ചെടുക്കാൻ സാധിക്കണം, അതിന് സഹായകരമായ നിലപാട് എന്നുള്ള നിലയിലാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവരാനിടവന്നത്. ഈ ഭേദഗതി തർക്കങ്ങളില്ലാതെ സഭ ഏകകണ്ഠമായി പാസ്സാക്കണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ കൂടുതൽ വ്യത്യസ്തമായ പ്രശ്നങ്ങളൊന്നും അവതരിപ്പിച്ചിട്ടില്ല. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് സഹായിക്കാൻ വേണ്ടിയുള്ള ഒരു ശ്രമമാണ്. ഒരിക്കലും ഉടമയെ സഹായിക്കുന്നതിനുവേണ്ടിയുള്ള നിലപാടല്ല. സ്വർണ്ണത്തിന് വില കൂടുതലുള്ളതുകൊണ്ട് വരുമാനവും കൂടും. ആ വരുമാനമുണ്ടാക്കി തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ കഴിയണം. ഒരുലക്ഷത്തിൽപ്പരം

തൊഴിലാളികളുണ്ടായിട്ടും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് ഏകദേശം 20,000 തൊഴിലാളികൾ മാത്രമാണെന്നതാണ് ഇതിന്റെ യഥാർത്ഥ വസ്തുത. ഇതിന് അനുകൂലമായ നിലപാടാണ് സ്വർണ്ണമേഖലയിലുള്ള എല്ലാ തൊഴിലാളി സംഘടനകളും പ്രകടിപ്പിച്ചിട്ടുള്ളത്. അവരുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ടാണ് ഇത്തരമൊരു ഭേദഗതിയിലേയ്ക്ക് ഗവൺമെന്റ് എത്തിച്ചേർന്നത് എന്നുള്ളതുകൂടി ഇവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്.പി. അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. അബ്ദുൽ ഹമീദ്.പി.: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്.പി. അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.ഡി. പ്രസേനൻ അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ.ഡി. പ്രസേനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ.ഡി. പ്രസേനൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**ബിൽ പരിഗണനയ്ക്കെടുക്കുന്നു.**

രണ്ടാം വകുപ്പ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

173.ഖണ്ഡം 2-ൽ "വകുപ്പ്" എന്ന വാക്കിനു പകരം "വകുപ്പിലെ" എന്ന വാക്ക് ചേർക്കുക.

184.ഖണ്ഡം 2-ൽ "വ്യാപാരി" എന്ന വാക്കിനു പകരം "വ്യാപാരിയോ ആഭരണ തൊഴിലാളിയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 2-ൽ "വ്യാപാരി" എന്ന വാക്കിനു പകരം "ആഭരണ വ്യാപാരി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 2-ൽ "വ്യാപാരി ഉപഭോക്താവിന് നടത്തുന്ന അന്തിമ വിൽപനയുടെ" എന്നീ വാക്കുകൾക്ക് പകരം "നടത്തുന്ന ക്രയവിക്രയങ്ങളുടെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

178. ഖണ്ഡം 2-ൽ "വ്യാപാരി ഉപഭോക്താവിന് നടത്തുന്ന അന്തിമ" എന്നീ വാക്കുകൾക്ക് പകരം "നടത്തുന്ന" എന്ന വാക്ക് ചേർക്കുക.

181. ഖണ്ഡം 2-ൽ "വ്യാപാരി" എന്ന വാക്കിനു മുൻപ് "ആഭരണ" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

182. ഖണ്ഡം 2-ൽ

i) "വ്യാപാരി" എന്ന വാക്കിന് പകരം "ആഭരണ വ്യാപാരി" എന്നീ വാക്കുകൾ ചേർക്കുക.

ii) "ഉപഭോക്താവിന്" എന്ന വാക്ക് ഒഴിവാക്കുക.

iii) "അന്തിമ" എന്ന വാക്ക് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

185.ഖണ്ഡം 2-ൽ "വ്യാപാരി" എന്ന വാക്കിനു ശേഷം " , "എന്ന ചിഹ്നം ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

193. ഖണ്ഡം 2-ൽ "നടത്തുന്ന" എന്ന വാക്കിനു പകരം "സാധനങ്ങൾ വിൽക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

199. ഖണ്ഡം 2-ൽ "അന്തിമ" എന്ന വാക്കിനു പകരം "ഒടുവിലത്തെ" എന്ന വാക്ക് ചേർക്കുക.

201. ഖണ്ഡം 2-ൽ "വിൽപനയുടെ" എന്ന വാക്കിനു പകരം "വിൽപന തുകയുടെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

200. ഖണ്ഡം 2-ൽ "വിൽപനയുടെ" എന്ന വാക്കിനു പകരം "ഇടപാടുകളുടെ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 173, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 178, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 193, 199, 201, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

208. ഖണ്ഡം 3-ൽ "വകുപ്പ്" എന്ന വാക്കിനു പകരം "വകുപ്പിലെ" എന്ന വാക്ക് ചേർക്കുക.

232. ഖണ്ഡം 3(i)-ൽ "0.1%" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും പകരം " 0.5%" എന്നീ അക്കങ്ങളും ചിഹ്നവും ചേർക്കുക.

235. ഖണ്ഡം 3 (ii) നീക്കം ചെയ്യുക.

257. ഖണ്ഡം 3 (ii)-ൽ "ഇരുപത്" എന്നതിനു പകരം "ഇരുപത്തിയഞ്ച്"എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

209. പ്രധാന ആക്റ്റിലെ വകുപ്പ് 5(1)ൽ "വിറ്റുവരവിന്റെ" എന്ന വാക്കിന് പകരം "വിൽപ്പനയുടെ" എന്ന വാക്ക് ചേർക്കുക.

216. ഖണ്ഡം 3(i)-ൽ "0.1%" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും പകരം " 0.2%" എന്ന അക്കങ്ങളും ചിഹ്നവും ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

210. ഖണ്ഡം 3(i)-ൽ "0.1%" എന്നതിനു പകരം " 0.01%" എന്ന് ചേർക്കുക.

246. ഖണ്ഡം 3 (ii)-ൽ "ഇരുപത് ലക്ഷം" എന്നതിന് പകരം "ഇരുപത്തി രണ്ടുലക്ഷം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

233. ഖണ്ഡം 3 (i)-ൽ "ചിഹ്നങ്ങളും" എന്ന വാക്കിനു പകരം "ചിഹ്നവും" എന്ന വാക്ക് ചേർക്കുക.

259. ഖണ്ഡം 3 (ii)-ൽ "എന്ന" എന്ന വാക്കിന് പകരം "എന്നീ" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം 3 (ii)-ൽ "ഇരുപത് ലക്ഷം" എന്ന വാക്കുകൾക്ക് പകരം "പത്ത് ലക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

237. ഖണ്ഡം 3 (ii)-ൽ "ഇരുപത് ലക്ഷം" എന്നീ വാക്കുകൾക്ക് പകരം "പതിനഞ്ച് ലക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 208, 232, 235, 257 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 209, 216, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 210, 246 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 233, 259 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

260. ഖണ്ഡം 4(2)-ൽ "റദ്ദാക്കിയിരുന്നാൽത്തന്നെയും" എന്ന വാക്കിനു ശേഷം "," എന്ന ചിഹ്നം ചേർക്കുക.

261. ഖണ്ഡം 4(2)-ൽ "ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത" എന്നീ വാക്കുകൾക്ക് പകരം "ചെയ്തതോ ചെയ്തതായികരുതപ്പെടുന്നതോ ആയ" എന്നീ വാക്കുകൾ ചേർക്കുകയും "എടുത്ത" എന്ന വാക്കിനു പകരം "എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ" എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 4(2)-ൽ "കാര്യമോ" എന്നതിനു ശേഷം " , ” എന്നചിഹ്നം ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 260, 261 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ ........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

106. ദീർഘ ശീർഷകത്തിൽ "ആക്റ്റ്" എന്ന വാക്കിന് പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

111. പീഠികയിൽ "ആക്റ്റ്" എന്ന വാക്കിന് പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

126. ഖണ്ഡം 1 (1)-ൽ "ആക്റ്റിന്" എന്ന വാക്കിനു പകരം "നിയമത്തിന്" എന്ന വാക്ക് ചേർക്കുക.

128. ഖണ്ഡം 1(1)-ൽ "ആക്റ്റ്" എന്ന വാക്കിനു പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

135. ഖണ്ഡം 1(2)-ൽ "ഏപ്രിൽ 01-ാം" എന്നതിനു പകരം "ആഗസ്റ്റ് 20-ാം" എന്ന് ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ദീർഘ ശീർഷകത്തിൽ "ആക്റ്റ്" എന്ന വാക്കിനു ശേഷം "വീണ്ടും" എന്ന വാക്ക് ചേർക്കുക.

140. ഖണ്ഡം 1(2)-ൽ "തീയതി" എന്ന വാക്കിനു ശേഷം " മുതൽ " എന്ന വാക്ക് ചേർക്കുക.

150. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക: " (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിമുതൽ പ്രാബല്യത്തിൽ വരുന്നതാണ്. "

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്ന വാക്കിന് ശേഷം "വീണ്ടും" എന്ന വാക്ക് ചേർക്കുക.

123. തത്വ പ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയുംപ്രകാരം" എന്നതിനു പകരം "താഴെപ്പറയും പ്രകാരം" എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിന് പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

127. ഖണ്ഡം 1 (1)-ൽ "കേരള" എന്നതിനു ശേഷം "സംസ്ഥാന" എന്നത് ചേർക്കുക.

132. ഖണ്ഡം 1(1) -ൽ "പേര്" എന്ന വാക്ക് ഒഴിവാക്കുക.

166. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക: " (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിന് പകരം "യുക്തമായിരിക്കയാൽ" എന്ന് ചേർക്കുക.

125. ഖണ്ഡം 1 (1)-ൽ "ആക്റ്റിന്" എന്നതിനു പകരം "നിയമത്തിന്" എന്നും"ആക്റ്റ്" എന്നതിനു പകരം "നിയമം" എന്നും ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

133. ഖണ്ഡം 1(2)-ൽ "ഏപ്രിൽ 01-ാം" എന്നതിനു പകരം " ഏപ്രിൽ ഒന്നാം" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കയാൽ" എന്ന വാക്കു ചേർക്കുക.

152. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക: " (2) ഇത് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി അംഗീകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 106, 111, 126, 128, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 107, 140, 150 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 120, 127, 132, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 121, 125 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 119, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

## X ക്രമപ്രശ്നം

ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 303 പ്രകാരമാണ് ക്രമപ്രശ്നം അവതരിപ്പിക്കുന്നത്. 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബില്ലിന്റെ 3-ാം വകുപ്പിൽ പറയുന്നതുപ്രകാരം, 'വർഗ്ഗീയ

ലഹളയിലോ ഹർത്താലിലോ, ബന്ദിലോ, പ്രകടനത്തിലോ, മാർച്ചിലോ, ഘോഷയാത്രയിലോ, റോഡ് ഗതാഗതം തടയലിലോ അല്ലെങ്കിൽ മറ്റേതൊരു പേരിലും അറിയപ്പെടുന്ന, അതുപോലെയുള്ള സംഘം ചേരലിലോ പങ്കെടുക്കുന്ന യാതൊരാളും നാശനഷ്ടമുണ്ടാക്കുന്ന എന്തെങ്കിലും പ്രവൃത്തി ചെയ്യാൻ പാടുള്ളതല്ല' എന്നാണ്. ഇതിലെ വർഗ്ഗീയലഹള എന്ന പദം ഹർത്താൽ, പ്രകടനം, മാർച്ച്, ഘോഷയാത്ര, ഗതാഗതം തടയൽ എന്നീ വാക്കുകളുടെ സമാന സ്വഭാവമുള്ള പദമായാണ് ഉപയോഗിച്ചിരിക്കുന്നത്. അതുവഴി വർഗ്ഗീയലഹളയെ ലഘൂകരിക്കുകയും വർഗ്ഗീയലഹളയിൽ പങ്കെടുക്കുന്നതിന് നിരോധനമില്ലെന്നും അതിൽ നാശനഷ്ടം ഉണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിലാണ് നിരോധനമെന്നുമാണ് ധ്വനിപ്പിക്കുന്നത്. Interpretation of Statutes-ൽ നിയമനിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാന തത്വങ്ങളിലൊന്നായ Ejusdem Generis principle-ൽ പറയുന്നത്, The rule of Ejusdem Generis must be applied with great caution, because, it implies a departure from the natural meaning of words, in order to give them a meaning on a supposed intention of the legislature., എന്നാണ്. കൂടാതെ ഈ ചട്ടം അനുസരിച്ച്, The rule requires that the specific words are all of one genus, in which case, the general words may be presumed to be restricted to that genus. അതായത് സമാനസ്വഭാവമുള്ള പദങ്ങൾ മാത്രമേ ഒരുമിച്ച് ഉപയോഗിക്കാവൂ. ഈ ബില്ലിൽ പറയുന്ന ഹർത്താൽ, പ്രകടനം, മാർച്ച്, ഘോഷയാത്ര, ഗതാഗതം തടയൽ എന്നിവപോലെ സമാന സ്വഭാവമുള്ള ഒന്നല്ല വർഗ്ഗീയ ലഹള. അതുപോലെ ബന്ദും നിയമവിരുദ്ധ പ്രവർത്തനമാണ്. നിയമനിർമ്മാണത്തിൽ പുലർത്തേണ്ട സൂക്ഷ്മത കാണിക്കാതെയാണ് സഭയുടെ മുമ്പാകെ ബിൽ പാസ്സാക്കാൻവേണ്ടി അവതരിപ്പിച്ചിട്ടുള്ളത്. ആവശ്യമായ കരുതലും ശ്രദ്ധയും കൃത്യതയും പാലിക്കാതെ നിയമം നിർമ്മിക്കുന്നതും അത്തരത്തിലുള്ള നിയമം പാസ്സാക്കാൻ അനുവദിക്കുന്നതും ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കും. ഇത് നിയമനിർമ്മാണത്തിൽ ആശാസ്യമല്ല. അതുകൊണ്ട് ബില്ലിൽ കടന്നുകൂടിയിട്ടുള്ള ഈ ഗുരുതരമായ തെറ്റ് പരിഹരിച്ചുകൊണ്ടുമാത്രമേ ബിൽ പാസ്സാക്കാൻ അനുവദിക്കാവൂ എന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ഉയർത്തിയ ക്രമപ്രശ്നത്തിൽ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ഒരു വ്യക്തത സ്വാഭാവികമായും ഉണ്ടാകേണ്ടതായിട്ടുണ്ട്. Interpretation of Statutes-ൽ നിയമനിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാന തത്വങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് Ejusdem Generis. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി പറഞ്ഞത് ശരിയാണ്. പക്ഷേ അതിന് ഇതുമായി യാതൊരു ബന്ധവുമില്ല. അക്കമിട്ട് ഏതാനും കാര്യങ്ങൾ പറഞ്ഞതിനുശേഷം "മുതലായവ" എന്ന പദം ഉപയോഗിച്ചാൽ ആ മുതലായവയിൽ പറയുന്ന കാര്യങ്ങൾ അക്കമിട്ട് പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് സമാനസ്വഭാവമുള്ള കാര്യമായിരിക്കണമെന്ന ആഖ്യാന തത്വമാണ് Rule of Interpretation of Statutes-ലെ Ejusdem Generis എന്നുപറയുന്നത്. ഉദാഹരണത്തിന് pencil, paper, pen Et cetera എന്നുപയോഗിച്ചു കഴിഞ്ഞാൽ " Et cetera" എന്നുപറയുന്നതിന് സമാന സ്വഭാവമുണ്ടാകണം. അപ്പോൾ സ്റ്റേഷനറി സാധനങ്ങൾ അതിൽപ്പെടും. അതുപോലെയല്ല ഇവിടെ. ഈ ബില്ലിൽ പ്രധാനപ്പെട്ടൊരു ഭാഗം ഡാമേജിംഗ് ആക്ടാണ്. ഡാമേജിംഗ് ആക്ടിൽ എന്തൊക്കെയാണ് വരിക, ഏതൊക്കെ കുറ്റങ്ങൾ ചെയ്താലാണ്, ആരൊക്കെ ചെയ്താലാണ് ഡാമേജിംഗ് ആക്ടിൽ വരുന്നത് എന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാതെ വർഗ്ഗീയ ലഹള നടത്തുന്നവരും സാധാരണ പ്രകടനം നടത്തുന്നവരും ഒരേ രൂപത്തിലുള്ള സ്വഭാവക്കാരാണെന്ന് എവിടെയും പറഞ്ഞിട്ടില്ല. ഇതൊരു തെറ്റായ ധാരണയുടെ ഭാഗമായി വന്നതാണ്. ശ്രീ. മഞ്ഞളാംകുഴി അലിക്ക് നിയമത്തിലുള്ള അഗാധമായ വിജ്ഞാനം ഇവിടെ പ്രകടിപ്പിച്ചതിൽ വളരെ നന്ദിയുണ്ട്. ഇത്തരം കാര്യങ്ങൾ വരുന്നത് നമ്മുടെ നിയമനിർമ്മാണത്തിന് ഏറ്റവും ആരോഗ്യകരമായിട്ടുള്ള കാര്യവുമാണ്. അതുകൊണ്ട് ഒരു രൂപത്തിലുമുള്ള ക്രമപ്രശ്നം ഇതിലില്ല.

## നിയമനിർമ്മാണകാര്യം -(തുടർച്ച)

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി, റൂൾ ചെയ്യേണ്ട ആവശ്യം ഇവിടെ ഉണ്ടെന്നുതോന്നില്ല. 303 പ്രകാരം ഉന്നയിക്കാനായി എഴുതി നൽകിയ കാര്യം യഥാർത്ഥത്തിൽ 303-ന്റെ പരിധിയിലല്ല വരുന്നത്. ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണനയിൽ ബഹുമാനപ്പെട്ട അംഗത്തിന് ഭേദഗതി മൂവ് ചെയ്തുകൊണ്ട് സംസാരിക്കാവുന്നതും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി തീരുമാനത്തിലെത്താൻ ശ്രദ്ധിക്കാവുന്നതുമാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ഹർത്താൽ, ബന്ദ്, പ്രകടനങ്ങൾ, മാർച്ച്, ഘോഷയാത്ര, റോഡ് ഗതാഗതം തടയൽ തുടങ്ങിയ സംഭവങ്ങളുണ്ടാകുമ്പോൾ നമ്മുടെ സമൂഹത്തിൽ സംഭവിക്കുന്ന അഭിലഷണീയമല്ലാത്ത പ്രവണതയാണ് സ്വകാര്യ സ്വത്തുക്കളിന്മേൽ കടന്നുകയറി നാശനഷ്ടം ഉണ്ടാക്കുകയെന്നുള്ളത്. പൊതുമുതൽ നശിപ്പിക്കുന്നതും മനുഷ്യന്റെ സ്വകാര്യ സമ്പാദ്യങ്ങളിലേയ്ക്ക് കടന്നുകയറി ഏതെങ്കിലും നിലയിൽ അതിനെതിരെ തെറ്റായ സമീപനം സ്വീകരിക്കുന്നതും ചെറുത്തുതോൽപ്പിക്കുന്നതിനും സമാധാനാന്തരീക്ഷം സമൂഹത്തിൽ സൃഷ്ടിക്കുന്നതിനുമുള്ള ഭരണ സംവിധാനത്തിന്റെ സുപ്രധാനമായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഹർത്താൽ, പ്രകടനം, മാർച്ച്, ഘോഷയാത്ര, റോഡ് ഗതാഗതം തടയൽ എന്നിവയോട് കൂട്ടിയോജിപ്പിക്കാൻ കഴിയുന്നവയല്ല വർഗ്ഗീയ ലഹളകൾ. ബോധപൂർവ്വമായി ഏതെങ്കിലുമൊരാളിന്റെ ആഹ്വാനത്തിന്റെ ഭാഗമായോ ഏതെങ്കിലും ഒരു തെറ്റായ ആശയത്തിന്റെ ഭാഗമായോ സംഘടിച്ച് നടത്തുന്ന തെറ്റായ പ്രവണതകളാണ് വർഗ്ഗീയ ലഹളകൾ. പ്രകടനങ്ങളും മാർച്ചും ഘോഷയാത്രയും റോഡ് ഗതാഗതം തടയലും മുൻകൂർ അനുവാദം വാങ്ങിയ ഹർത്താലുമെല്ലാം നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വാഭാവികമായി നടപ്പിലാക്കാൻ സ്വാതന്ത്ര്യമുള്ള നാടാണ് നമ്മുടേത്. അതൊന്നും ഈ ബില്ലിലൂടെ നിരുത്സാഹപ്പെടുത്തുന്ന സമീപനമല്ല സർക്കാർ സ്വീകരിക്കുന്നത്. ഏതെങ്കിലും ഒരാളിന്റെ പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റവുമല്ല. ജനാധിപത്യപരമായി, നിയമപരമായി, സ്വതന്ത്രമായി, സമാധാനപരമായി സമരം ചെയ്യാനും സംഘടിക്കാനുമുള്ള സ്വാതന്ത്ര്യം നിലനിർത്തുമ്പോഴും അതിനോട് വിയോജിക്കുന്നവരോ യോജിക്കുന്നവരോ ആയ മനുഷ്യരുടെ വ്യക്തിജീവിതത്തിലേയ്ക്ക് കടന്നുകയറാതിരിക്കാനും അവരുടെ സമാധാന ജീവിതത്തിന് തടസ്സമുണ്ടാകാതിരിക്കാനും അവരുടെ സ്വത്തുവകകൾ നശിപ്പിക്കാതിരിക്കാനും ആവശ്യമായ ജാഗ്രതയാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. ഇതിന്റെ ഭാഗമായി ഏതെങ്കിലും ഒരാൾക്ക് നാശനഷ്ടം സംഭവിച്ചാൽ 5 വർഷംവരെ തടവുശിക്ഷ ലഭിക്കാവുന്ന നിലയിലേയ്ക്ക് ഇതിന്റെ നിയമസംവിധാനം മാറുകയാണ്. തീയോ, സ്ഫോടകവസ്തുക്കളോ ഉപയോഗിച്ച് വീടോ നമ്മുടെ സ്വകാര്യ സ്ഥാപനങ്ങളോ ഏതെങ്കിലും നിലയിൽ ആക്രമിക്കുകയോ അവയ്ക്ക് കേടുപാട്

വരുത്തുകയോ ചെയ്താൽ 5 വർഷത്തിൽ കുറയാതെയും 10 വർഷം വരെയും തടവുശിക്ഷ ലഭിക്കാവുന്ന നടപടിയാണ് ഈ ബില്ലിന്റെ ഭാഗമായി ഗവൺമെന്റ് മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുന്നത്. അത്തരം ആളുകൾക്ക് ജാമ്യം ലഭ്യമായി പുറത്ത് വരണമെങ്കിൽ ആ വസ്തുവിന് സംഭവിച്ച നഷ്ടത്തിന്റെ ഒരു ഭാഗത്തിന്റെ മൂല്യം അതിന്റെ ഒരു ഗ്യാരന്റി/ബോണ്ട് ചൂണ്ടിക്കാണിക്കപ്പെടുകയോ അല്ലെങ്കിൽ പണം കെട്ടിവയ്ക്കപ്പെടുകയോ ചെയ്യണം. എങ്കിൽ മാത്രമേ പിന്നീട് അത്തരം ആളുകൾക്ക് സ്വതന്ത്രമായി നമ്മുടെ സമൂഹത്തിലേയ്ക്ക് തിരികെ വരാൻ കഴിയുകയുള്ളൂ. ആ നിലയിൽ സ്വകാര്യ ജീവിതത്തിൽ സംഘടിതമായി ആളുകൾ കടന്നുകയറാതിരിക്കാനും ചോദ്യം ചെയ്യാതിരിക്കാനും ആവശ്യമായ ഒരു സുപ്രധാന നിയമമെന്ന നിലയ്ക്ക് ഇതിനെ കാണേണ്ടിയിരിക്കുന്നു. ദുരുപയോഗം ചെയ്യപ്പെടാത്ത ഏതൊരു നിയമവും നമ്മുടെ സമൂഹത്തിൽ ശരി എന്നുതന്നെയാണ് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്. ദുരുപയോഗം ചെയ്യപ്പെടുമ്പോഴാണ് ഏതൊരു നിയമവും തെറ്റാണെന്ന രീതിയിൽ സമൂഹത്തിൽ വ്യാഖ്യാനിക്കപ്പെടുന്നത്. അതിനാൽ ക്രിമിനൽ സ്വഭാവമുള്ള, തെറ്റായ നിലപാട് സ്വീകരിക്കുന്ന അത്തരം ആൾക്കാർക്കെതിരെ ദുരുപയോഗം ചെയ്യാതെ, ഉപയോഗിക്കാൻ കഴിയുന്ന ഏറ്റവും സുപ്രധാനമായൊരു നിയമമായി നമ്മൾ ഇതിനെ കാണേണ്ടിയിരിക്കുന്നു. സ്വകാര്യ സ്വത്തുക്കൾ നശിപ്പിക്കുന്നൊരു പ്രവണത ആധുനിക സമൂഹത്തിൽ ഇന്നും നിലനിൽക്കുകയാണ്. ഇതിന് തടയിടാൻ ആവശ്യമായ ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമമായി നമുക്കിതിനെ കാണാം. അക്രമങ്ങളെ ഒരു നിലയിലും പ്രോത്സാഹിപ്പിക്കുന്നൊരു ഗവൺമെന്റല്ല ഇത്. സംഘടിതമോ അല്ലാത്തതോ ആയ ആക്രമണങ്ങളാണെങ്കിലും ഒരു നാടിന്റെ സമാധാനാന്തരീക്ഷത്തെ തകർക്കാൻ ആരുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന പരിശ്രമങ്ങളേയും ജാഗ്രതയോടുകൂടി നോക്കുകയും അത്തരം ആക്രമണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ഗവൺമെന്റാണിത്. ഒരു ഭരണകൂടത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നുള്ളത്. അതിനാൽ ഈ ബില്ലിനെ ഒരു സുപ്രധാനമായ നിയമമായി കാണേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഒരു ഭരണകൂടം മുന്നോട്ടുവയ്ക്കുന്ന സുപ്രധാന നിയമമാണിത്. മുൻകാലങ്ങളിൽ പലപ്പോഴും പൊതുമുതൽ നശിപ്പിക്കുന്നൊരു നിലപാട് നമ്മുടെ നാട്ടിലുണ്ടായിരുന്നു. അത് വിമർശനങ്ങൾക്ക് വിധേയവുമായിരുന്നു. പൊതുമുതൽ നശിപ്പിക്കുന്നത് തടയിടാൻ ആവശ്യമായ ഒരു പ്രധാനപ്പെട്ട നിയമം നമ്മുടെ നാട്ടിൽ ഇംപ്ലിമെന്റ് ചെയ്തതിന്റെ ഭാഗമായും നമ്മുടെ സാമൂഹികമായ മാറ്റത്തിന്റെ ഭാഗമായും പൊതുമുതൽ നമ്മുടെ മുതലാണെന്നും പൊതുസ്ഥാപനങ്ങൾ നമ്മുടെ സ്ഥാപനങ്ങളാണെന്നും പൊതുമുതൽ

നശിപ്പിക്കലെന്നാൽ നശിപ്പിക്കുന്നത് മനുഷ്യനുംകൂടി അവകാശപ്പെട്ട സ്വത്താണെന്നുമുള്ള ബോധ്യത്തിലേയ്ക്ക് ജനങ്ങൾ മാറിയതിന്റെ ഭാഗമായാണ് പൊതുമുതൽ തകർക്കാതിരിക്കാനാവശ്യമായ ജാഗ്രതയിലേയ്ക്ക് നമ്മുടെ നാട് മാറിയത്. ഇത്തരമൊരു ബില്ല് വരുന്നതോടുകൂടി വീടുകളും സ്വകാര്യസ്ഥാപനങ്ങളുമെല്ലാം നശിപ്പിക്കാതിരിക്കാനാവശ്യമായ ജാഗ്രതയിലേയ്ക്കും മാനസികമായ അന്തരീക്ഷത്തിലേയ്ക്കും നമ്മുടെ നാട്ടിലെ സ്വഭാവ വൈകൃതങ്ങളുള്ള ആളുകൾ മാറുമെന്നാണ് പ്രതീക്ഷ.

1.00 P.M.]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ.എസ്. ബിജിമോൾ)

ഒരുകാരണവശാലും നമ്മുടെ നാട്ടിൽ ഒരു വീടുപോലും ആക്രമിക്കപ്പെടാൻ പാടില്ല. എത് സംഭവത്തിന്റെ ഭാഗമായിരുന്നാലും ഒരാളിന്റെയും വീട് ആക്രമിക്കാൻ പാടില്ല. ഏത് കലാപങ്ങളുണ്ടാകുമ്പോഴും ഏറ്റവും വലിയ ബുദ്ധിമുട്ടനുഭവിക്കുന്നത് സാധാരണക്കാരായ മനുഷ്യരാണ്. ഒരു മനുഷ്യന്റെ ജീവിതത്തിൽ ഏറ്റവും സുരക്ഷിതവും സമാധാനപരവുമായ ഒരിടമാണ് അവന്റെ വീട്. യാന്ത്രികമായോ അല്ലാതെയോ ഉള്ള ജീവിതത്തിനിടയിൽ ജീവിതം ആസ്വദിക്കുന്നവരായാലും ആസ്വാദിക്കാത്തവരായാലും തിരക്കുള്ള മനുഷ്യരായാലും തിരക്കില്ലാത്തവരായാലും ഏതൊരു മനുഷ്യന്റെയും അവസാനത്തെ അഭയകേന്ദ്രമാണ് അവന്റെ വീട്. അവന്റെ വീട്ടിൽ സുരക്ഷിതമായും സ്വസ്ഥമായും സമാധാനമായും കഴിയുകയെന്നത് ഏതൊരാൾക്കും നമ്മുടെ സമൂഹത്തിൽ ആഗ്രഹിക്കാൻ കഴിയുന്നതും സ്വാതന്ത്ര്യമുള്ളതുമായ ഒരു കാര്യമാണ്. ആ സ്വാതന്ത്ര്യത്തിന് മുകളിലാണ് സംഘടിതമായി പലപ്പോഴും കടന്നുകയറ്റങ്ങളുണ്ടാകുന്നത്. ഗുജറാത്ത് കലാപകാലത്ത് ഏറ്റവുമധികം ദുരിതമനുഭവിച്ച മനുഷ്യർ സ്വസ്ഥമായി വീടുകളിൽ ഇരുന്നവരായിരുന്നു. കൃത്യമായി തീരുമാനിക്കപ്പെട്ട കണക്കനുസരിച്ച് 1267 ആളുകളാണ് ആ കലാപത്തിന്റെ ഭാഗമായി കൊല്ലപ്പെട്ടത്. കാണാതായ മനുഷ്യരെക്കൂടി കൊല്ലപ്പെട്ടവരുടെ പട്ടികയിലുൾപ്പെടുത്തിയാൽ രണ്ടായിരത്തിന് മുകളിലുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആക്രമിക്കപ്പെട്ട വീടുകളുടെ കണക്കുകൾ എത്രയാണ്? ഒരു കലാപത്തിലും പങ്കെടുക്കാതെ തനിക്ക് വിശ്വാസമുള്ള മതത്തിന്റെ ഭാഗമായി സമാധാനത്തോടെ ജീവിക്കുന്ന മനുഷ്യരുടെയിടയിലേയ്ക്ക് ആയുധധാരികളായ കലാപകാരികൾ കടന്നുകയറുകയും ഈ രാജ്യത്തിന്റെ ഭരണഘടനയെ അംഗീകരിക്കുന്ന, സ്വന്തം മതത്തിൽ വിശ്വസിക്കുകയും മറ്റ് മതങ്ങളിൽ വിശ്വസിക്കുന്ന മനുഷ്യരെക്കൂടി

സഹോദരങ്ങളായി കാണുകയും ചെയ്യുന്ന മതേതര സ്വഭാവമുള്ള മനുഷ്യർപോലും സംഘടിതമായ അത്തരം അക്രമങ്ങളുടെ ഭാഗമായി തെരുവിലെറിയപ്പെട്ടതായ അനുഭവങ്ങൾ നമ്മുടെ രാജ്യത്തിനു മുന്നിലുണ്ട്. അതിന്നും ആവർത്തിക്കുന്നുണ്ട്. ഗുജറാത്ത് കലാപം ഒരുദാഹരണമായി ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമേയുള്ളൂ. കലാപങ്ങളെല്ലാം അത്തരം അന്തരീക്ഷങ്ങളാണ് നമ്മുടെ നാട്ടിൽ സൃഷ്ടിച്ചിട്ടുള്ളത്. നാട്ടിൽ ഒരു കലാപവുമുണ്ടാകാൻ പാടില്ല. നിരവധി ആളുകളെ നഷ്ടപ്പെട്ട ഗുജറാത്ത് കലാപം, ഈ രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദുരന്തമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. എത്രയോ ആയിരം മനുഷ്യർക്കാണ് അതിന്റെ ഭാഗമായി വീടുകൾ നഷ്ടപ്പെട്ടത്! രണ്ടായിരത്തിന് മുകളിൽ ആളുകളുടെ ജീവൻ നഷ്ടപ്പെട്ട കലാപത്തിൽ പതിനായിരത്തിനടുത്ത് വീടുകളാണ് നഷ്ടപ്പെട്ടത്. പതിനായിരത്തിനടുത്ത് വീടുകളെന്നാൽ എത്ര കുഞ്ഞുങ്ങൾ; എത്ര മനുഷ്യർ; അവരുടെ അഭയ കേന്ദ്രങ്ങളാണ് നഷ്ടപ്പെട്ടത്. അവരാരും കലാപകാരികളല്ല. കലാപത്തിന്റെ ഭാഗമായി വീട് നഷ്ടപ്പെടുന്ന മനുഷ്യരിൽ 99% ആളുകളും കലാപകാരികളല്ല. അവർ സമാധാനപരമായി ജീവിക്കുന്ന മനുഷ്യരാണ്. അവരുടെ ജീവിത സമ്പാദ്യങ്ങൾ ഇല്ലാതാക്കുന്ന ഇത്തരം അക്രമസംഭവങ്ങൾ നമ്മുടെ സമൂഹത്തിലുണ്ടാകാതിരിക്കാൻ ആവശ്യമായ നല്ലൊരു ജാഗ്രതയാണ് ഈ ബിൽ. കലാപങ്ങൾ കുറയ്ക്കാൻ, മനുഷ്യർ സംഘടിതമായി ഏതെങ്കിലും ആവശ്യങ്ങൾക്കുവേണ്ടി ആർക്കെതിരെയുമാകട്ടെ, പ്രക്ഷോഭങ്ങളുടെ ഭാഗമായി ഇറങ്ങുമ്പോൾ ഒരാളിന്റെയും സ്വകാര്യ ജീവിതത്തിലേയ്ക്ക് കടന്നുകയറാതിരിക്കാൻ ആവശ്യമായ ജാഗ്രതയാണ് ഈ ബിൽ. ആധുനിക സമൂഹത്തിലെങ്കിലും നമുക്ക് ഇതെല്ലാം തിരുത്തേണ്ടതായിട്ടുണ്ട്. പ്രതിപക്ഷാംഗങ്ങൾക്കുകൂടി വിയോജിപ്പില്ലാത്ത ഒരു ബില്ലെന്ന നിലയിൽ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും പോകാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നില്ല. ഹർത്താലുകൾ നടത്താനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. അപ്രഖ്യാപിതമായ ഹർത്താലുകൾ നടത്താൻ കഴിയില്ലെന്നേയുള്ളൂ. മുൻകൂട്ടി പ്രഖ്യാപിച്ച് ഹർത്താലുകൾ നടത്താനാവശ്യമായ സ്വാതന്ത്ര്യം ഏതൊരാൾക്കുമുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ഈ അടുത്തിടെയായി ചില ഹർത്താലുകൾ ഉയർന്നുവരുന്നുണ്ട്. അത് മുൻകൂട്ടി തീരുമാനിക്കപ്പെട്ട ഹർത്താലോ, ഏതെങ്കിലുമൊരു സവിശേഷമായ സാഹചര്യത്തിൽ സമൂഹം ആഗ്രഹിക്കുന്നൊരു വിഷയം ഉയർത്തിപ്പിടിച്ച ഹർത്താലോ, ഏതെങ്കിലും സാമൂഹിക അംഗീകാരമുള്ള ആളുകൾ പരസ്യമായി പ്രസ്താവന നടത്തി പുറപ്പെടുവിക്കുന്ന ഹർത്താലുകളോ അല്ല. ഈ അടുത്തകാലത്തായി വന്നൊരു ഹർത്താൽ സോഷ്യൽ മീഡിയ ഹർത്താലാണ്. പിതൃശൂന്യമായൊരു ഹർത്താലാണത്. ആരാണ് ഈ ഹർത്താലിന് ആഹ്വാനം ചെയ്തത്; എവിടെ ഇരുന്നാണ് ആഹ്വാനം ചെയ്തത്; എന്താണ് അതിന്റെ മോട്ടിവേഷനും അജണ്ടയും

ലക്ഷ്യവും? സമൂഹത്തെ അരാജകത്വത്തിലേയ്ക്ക് കൊണ്ടുപോകുന്ന ആധുനികമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ള ഹർത്താലുകൾ നമ്മുടെ സമൂഹത്തിലുണ്ടായി. ഇത്തരത്തിലുള്ള കാര്യങ്ങൾ ഇനിയുമുണ്ടാകുമെന്ന ജാഗ്രതയാണ് നമുക്കുവേണ്ടത്. അത്തരം ഹർത്താലുകൾ ഉണ്ടാകാതിരിക്കാനാവശ്യമായ ജാഗ്രത ഈ ബില്ലിന്റെ ഭാഗമായി നമ്മൾ സമൂഹത്തിന് നൽകുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, കണ്ണൂർ ജില്ലയ്ക്ക് ഇത് ബാധകമാണോ?

ശ്രീ. ആർ. രാജേഷ്: സർ, എല്ലാ ജില്ലയ്ക്കും ഇത് ബാധകമാണ്. കണ്ണൂർ ജില്ല കേരളത്തിലല്ലേ; ഇത് കേരളാഗവൺമെന്റ് അവതരിപ്പിക്കുന്ന ബില്ലല്ലേ; കണ്ണൂരിനോടെന്തിനാണ് ശ്രീ. പി. ടി. തോമസിന് ഇത്ര വിരോധം; കണ്ണൂരിലുള്ളവർ സാധാരണ മനുഷ്യരല്ലേ; അവരോടെന്തിനാണ് വിരോധം പ്രകടിപ്പിക്കുന്നത്; കണ്ണൂരിലുള്ളവരെല്ലാവരും കലാപകാരികളാണോ; അല്ലല്ലോ. എന്തിനാണ് ഇങ്ങനെ ഒരു ജില്ലയെ ആക്ഷേപിക്കുന്നതും അപമാനിക്കുന്നതും? ഈ ബില്ലിനകത്ത് ഒരിടത്തും കണ്ണൂർ ജില്ലയെന്നോ എറണാകുളം ജില്ലയെന്നോ അങ്ങയുടെ മണ്ഡലമെന്നോ പറഞ്ഞിട്ടില്ലല്ലോ. ക്രിമിനൽ സ്വഭാവം കാത്തുസൂക്ഷിക്കുന്ന അങ്ങയുടെ മണ്ഡലത്തിലുള്ളവർക്കും ഈ ബിൽ ബാധകമാണ്. തെറ്റുചെയ്യുന്ന ആരെയും,.... അതിൽ കോൺഗ്രസ്സെന്നോ കമ്മ്യൂണിസ്റ്റെന്നോ പറഞ്ഞിട്ടില്ല, കണ്ണൂരെന്നോ എറണാകുളമെന്നോ പറഞ്ഞിട്ടില്ല. പിന്നെ എന്തിനാണ് ഇങ്ങനെ ഒരു ജില്ലയെ മാത്രം ആക്ഷേപിക്കുന്നത്? അങ്ങയെപ്പോലുള്ള ഒരു മുതിർന്ന അംഗം അത് തിരുത്തണം. അങ്ങ് കേരളത്തിലെ പ്രധാനപ്പെട്ടൊരു രാഷ്ട്രീയ നേതാവാണ്. അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആളുകൾ കണ്ണൂർ ജില്ലയിലുമുണ്ട്. അവർ അത്തരത്തിൽപ്പെട്ട ആളുകളാണെന്ന ധാരണ അങ്ങേയ്ക്കുണ്ടോ? ഒരു ജില്ലയെ ആക്ഷേപിക്കുന്നത് ശരിയല്ല.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഹർത്താൽ ദിനത്തിൽ "അടിക്കും ഞങ്ങൾ, പൊളിക്കും ഞങ്ങൾ, അടിച്ചുപൊളിച്ച് നിരത്തും ഞങ്ങൾ" അതാണ് സ്ഥിരമായി കേൾക്കുന്ന മുദ്രാവാക്യം. അങ്ങനെ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനോടുള്ള അങ്ങയുടെ നിലപാടെന്താണ്?

ശ്രീ. ആർ. രാജേഷ്: സർ, അങ്ങനെ വിളിക്കാൻ പാടില്ല. പ്രത്യേകിച്ചും കുറ്റ്യാടി, നാദാപുരം എന്നീ സ്ഥലങ്ങളിൽ ഈ വാചകം കൂടുതലായി ഉപയോഗിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രമിച്ചാൽ അവിടെയെല്ലാം ഉപയോഗിക്കുന്ന ഈ പ്രയോഗം അവസാനിപ്പിക്കാൻ കഴിയും.

ശ്രീ. എ. എൻ. ഷംസീർ: സർ, സമീപ ദിവസം നാദാപുരത്ത് യൂത്ത് ലീഗിന്റെ ഒരു പ്രകടനം കണ്ടു. അങ്ങേയറ്റം വർഗ്ഗീയവിഷം ചീറ്റുന്ന മുദ്രാവാക്യമായിരുന്നു ആ പ്രകടനത്തിൽ വിളിച്ചിരുന്നത്. എന്റെ സംസ്കാരം വച്ച് അത് സഭയ്ക്കകത്ത് രേഖപ്പെടുത്താൻ സാധിക്കില്ല. അത്തരമൊരു മുദ്രാവാക്യം താങ്കളുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, എന്റെ സംസ്കാരംവച്ചും അത് പറയാനാകില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, വളരെ ഗൗരവമായിട്ടാണ് ശ്രീ. ആർ. രാജേഷ് ഈ ബില്ലിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ അത്യാവശ്യമുള്ളൊരു ബില്ലാണിത്. ഹർത്താലിനെതിരായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു നിയമം കൊണ്ടുവരാൻ ആലോചിച്ചു. എന്നാൽ ഇപ്പോൾ യു.ഡി.എഫ്. പ്രതിപക്ഷത്താണ്. കേരളത്തിൽ 8 സംസ്ഥാന ഹർത്താലുകളും 7 ജില്ലാ ഹർത്താലുകളും 6 മണ്ഡലം ഹർത്താലുകളും 7 പഞ്ചായത്ത് ഹർത്താലുകളും നടത്തിയത് യു.ഡി.എഫ്. ആണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുണ്ടോ? ഭരിക്കുമ്പോൾ ഒരു നിലപാട്, പ്രതിപക്ഷത്തിരിക്കുമ്പോൾ മറ്റൊരു നിലപാട്. ഇതാണ് കേരളത്തിൽ യു.ഡി.എഫ്. സ്വീകരിക്കുന്നത്. എന്താണ് അങ്ങേയ്ക്ക് പറയാനുള്ളത്?

ചെയർപേഴ്സൺ: ശ്രീ. ആർ. രാജേഷ്, 14 മിനിട്ടായി. ഇനി വഴങ്ങണ്ട.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ രണ്ട് മിനിട്ടിൽ അവസാനിപ്പിക്കാം. എനിക്കറിയാം ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത. ഹർത്താലുകൾ നടത്തേണ്ടതില്ലെന്ന നിലപാടുകൾ ഞങ്ങൾക്കില്ല. സവിശേഷമായ സാഹചര്യത്തിൽ ഹർത്താലുകൾ നടത്തേണ്ടിവരും. പക്ഷേ ഹർത്താൽ വിരുദ്ധ ബിൽ അവതരിപ്പിക്കുക, എന്നിട്ട് അവർതന്നെ ഹർത്താലിന് ആഹ്വാനം ചെയ്യുക. അങ്ങനെയാണ് യു.ഡി.എഫ്.- നെ ഒരുകാലത്ത് നമ്മൾ കണ്ടത്.

ശ്രീ. എം. ഉമ്മർ: സർ, ഐ.പി.സി.-യിൽ ആയാലും മറ്റ് വകുപ്പുകളിലായാലും സീരിയസ് ഒഫൻസുകളുണ്ട്. ഇത്ര രൂപയിലധികം നഷ്ടം വരുത്തിയാൽ ഓരോ കുറ്റകൃത്യത്തിനും വ്യത്യാസങ്ങളുണ്ടാകും. ഇതിനകത്ത് പറയുന്നത് എല്ലാ കുറ്റകൃത്യങ്ങൾക്കും ജാമ്യം ലഭിക്കാത്ത വകുപ്പാണ്. എവിടെയെങ്കിലും ഒരു ജാഥ പോകുമ്പോൾ ഒരു സോഡാക്കുപ്പിയോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ ഉപയോഗിച്ച് ഒരു ഗ്ലാസ് പൊട്ടിയെന്ന് കരുതുക. അതിന്റെ വില നൂറ് രൂപ അല്ലെങ്കിൽ അൻപത് രൂപ എന്നുപറഞ്ഞാലും അത് ജാമ്യമില്ലാത്ത കുറ്റമാണ്. ചെറിയ കുറ്റമായാലും വലിയ കുറ്റമായാലും ജാമ്യമില്ലാത്ത വകുപ്പാണെന്നാണ് ഇതിൽ ചേർത്തിട്ടുള്ളത്. അത് ദുരുപയോഗം ചെയ്യാൻ, പ്രത്യേകിച്ച് പൊളിറ്റിക്കൽ

പാർട്ടികൾ അപ്പുറവും ഇപ്പുറവും ഉണ്ടാകുമ്പോൾ അങ്ങനെയുള്ള ഒരു കേസിൽ നിരപരാധികളായ ആളുകൾ അനാവശ്യമായി ജയിലിൽ അടയ്ക്കപ്പെടും. Pretrial detention-ന് ധാരാളം സാധ്യതകളുള്ള ഒരപകടം ഇതിനകത്തുള്ളതായി ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, ഒരു വീട് ആക്രമിക്കുന്നതോ സ്വകാര്യ വ്യക്തികളുടെ സ്ഥാപനങ്ങൾ ആക്രമിക്കുന്നതോ ജാമ്യം ലഭിക്കുന്ന വകുപ്പിൽ ഉൾപ്പെടുത്തണമെന്ന് നമുക്കാർക്കും അഭിപ്രായമില്ല. ഒരു വീട്ടിൽ കടന്നുകയറി ആക്രമിക്കുക എന്നുപറയുന്നത് ജാമ്യം ലഭിക്കാത്ത കുറ്റകൃത്യം തന്നെയാണ്.

ശ്രീ. എം. ഉമ്മർ: സർ, ഒരു ജാഥ പോകുമ്പോഴോ ഒരു പ്രകടനം നയിക്കുമ്പോഴോ എതെങ്കിലും ഒരു പ്രൈവറ്റ് പ്രോപ്പർട്ടിയിൽ ചെറിയൊരു നാശമുണ്ടായാലോ, ചെറിയൊരു ഗ്ലാസ് പൊട്ടിയാൽപ്പോലും ഇതിനകത്ത് പറയുന്നത് ജാമ്യമില്ലാത്ത വകുപ്പുകളാണ്. ഐ.പി.സി.-യിലെല്ലാം ജാമ്യമുള്ള വകുപ്പും ജാമ്യമില്ലാത്ത വകുപ്പുകളുമുണ്ട്. ഇതിൽ പറയുന്ന എല്ലാ കുറ്റങ്ങൾക്കും ജാമ്യമില്ലാവകുപ്പെന്നുപറഞ്ഞ് ഒറ്റയടിക്ക് തീർത്തിരിക്കുകയാണ്. അതിനോട് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. ആർ. രാജേഷ്: സർ, അതേ അഭിപ്രായമുള്ളതുകൊണ്ടാണ് ഞാൻ യോജിച്ചത്. കാരണം, ഒരു ജാഥ നടത്തുമ്പോഴും സമരത്തിന് ആഹ്വാനം ചെയ്യുമ്പോഴും അത് ഒരു സ്വകാര്യ വ്യക്തിക്കെതിരായ സമരമല്ല. ഞങ്ങൾ 10 വർഷം മുൻപ് ആസിയാൻ കരാറിനെതിരെ സമരം ചെയ്തപ്പോൾ അന്ന് ഞങ്ങളെ കോൺഗ്രസുകാർ എതിർത്തിരുന്നു. എന്നാൽ ഇപ്പോൾ ഈ കരാർ തെറ്റാണെന്ന് ശ്രീ. എ. കെ. ആന്റണി അഭിപ്രായപ്പെട്ടു. നമുക്ക് സംയുക്തമായി സമരം ചെയ്യേണ്ടിവരുമ്പോൾ ആ സമരത്തിന്റെ ഭാഗമായി ഒരു സ്വകാര്യവ്യക്തിയുടെ ജീവിതത്തിലേയ്ക്ക് കടന്നുകയറാൻ അവകാശമില്ലല്ലോ; അത് നോൺ-ബെയിലബിൾ തന്നെയാണ്. നോൺ-ബെയിലബിൾ ആകുമ്പോൾ നാശനഷ്ടം കണക്കാക്കാനുള്ള അധികാരം പോലീസിനുണ്ട്. നാശനഷ്ടം കണക്കാക്കി അതിന്റെ മൂല്യത്തിന്റെ 50% ജാമ്യത്തുകയായി കെട്ടിവച്ചാൽ മാത്രമേ കുറ്റം ചെയ്തവർക്ക് പുറത്തിറങ്ങാൻ കഴിയൂ. എത്രയാണോ നാശനഷ്ടം വരുത്തിയത് അതിന്റെ ഭാഗമായ തുക കെട്ടിവച്ചിട്ടാണ് ജാമ്യത്തിൽ പുറത്തിറങ്ങുന്നത്. ഏതിനാണ് നഷ്ടം വരുത്തിയതെന്ന് കണക്കാക്കിയാൽ മാത്രമേ ഇത് തീരുമാനിക്കാനാകുകയുള്ളൂ. ഏത് സമരമായിരുന്നാലും പ്രകടനമായിരുന്നാലും ഒരാളുടെ ജീവിതത്തിലേയ്ക്ക് കടന്നുകയറാൻ പാടില്ല എന്നൊരു ഉദ്ദേശ്യമാണ് ഈ ബില്ലിലുള്ളത്. കേരളത്തിൽ കഴിഞ്ഞ ഒരു വർഷക്കാലമായി നടന്ന ഹർത്താലുകളിൽ 91 ശതമാനം ഹർത്താലുകളും ആഹ്വാനം ചെയ്തത് സംഘ് പരിവാർ ആണ്.

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ഹർത്താലുകൾ ആഹ്വാനം ചെയ്ത പാർട്ടി ഏതാണ്; ഏത് പാർട്ടിയിൽപ്പെട്ട പ്രവർത്തകരാണ് ഹർത്താൽ ദിനത്തിൽ ഏറ്റവും കൂടുതൽ പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ കേസ്സിൽപ്പെട്ടിട്ടുള്ളവർ ?

ശ്രീ. ആർ. രാജേഷ്: സർ, എന്റെ അഭിപ്രായം മുസ്ലീം ലീഗാണെന്നാണ്. നിയമസഭാ ചോദ്യമായി ഇത് നൽകിയാൽ മന്ത്രിമാർ ആരെങ്കിലും മറുപടി പറയും. എനിക്കിപ്പോൾ മറുപടി പറയാനാകില്ല. ഗവൺമെന്റ് കർശനമായി 1137 കേസുകളിൽ നടപടി സ്വീകരിക്കുകയും അതിന്റെ ഭാഗമായി 49,776 പ്രതികളെ പിടികൂടുകയും ചെയ്തു. അടുത്തകാലത്ത് ഒരു വർഗ്ഗീയ സംഘടന സമരം ചെയ്യുമ്പോൾ അതുമായി ഒരു ബന്ധവുമില്ലാത്ത ഒരാളുടെ ബേക്കറിക്കട കൊള്ളയടിച്ച് സാധനങ്ങളെല്ലാം എടുത്തുകൊണ്ടുപോകുകയാണ് ചെയ്തത്. അത്തരം അരാജകത്വപ്രവണതകളെ ചെറുത്തുതോൽപ്പിക്കേണ്ടത് ഒരു ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. സംസ്ഥാനത്തിന്റെ പൊതുവികസനത്തെ ദുർബ്ബലപ്പെടുത്തുന്ന ശ്രമങ്ങൾക്കും പ്രവർത്തനങ്ങൾക്കുമെതിരെയുള്ള ജാഗ്രതയാണ് ഈ ബിൽ. വിപ്ലവകരമായ തീരുമാനമാണ് ഇതിന്റെ ഭാഗമായി വകുപ്പ് എടുത്തുകൊണ്ടിരിക്കുന്നത്.

ഇതിന്റെ ഭാഗമായി ഒരുകാര്യം കൂട്ടിച്ചേർക്കേണ്ടതുണ്ട്. കേരളചരിത്രത്തിൽ ആദ്യമായി 177 പെൺകുട്ടികളെയാണ് വനിത എസ്.ഐ.-മാരായി നിയമിക്കാൻ ആഭ്യന്തര വകുപ്പ് തീരുമാനിച്ചത്. ഇവരുടെ പാസ്സിംഗ് ഔട്ട് പരേഡ് കഴിഞ്ഞു. വിപ്ലവകരമായ ഈ തീരുമാനത്തെ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇതിലൂടെ പോലീസ് ആധുനികവത്കരിക്കപ്പെടുകയാണ്.

എന്റെ നാടായ ചെങ്ങന്നൂരിൽ ഒരു വീട്ടിൽ പ്രായമുള്ള രണ്ടാളുകളെ കൊലപ്പെടുത്തിയ സംഭവമുണ്ടായി. കഴിഞ്ഞദിവസം പ്രതികളെ ഉത്തരേന്ത്യയിൽ നിന്നും നമ്മുടെ പോലീസ് പിടികൂടി. അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. അടുത്തകാലത്ത് പരിശോധിച്ച കണക്ക് പ്രകാരം കേരളത്തിൽ ആകെ 77.16 ലക്ഷം വീടുകളാണുള്ളത്. അതിൽ 11.6 ലക്ഷം വീടുകൾ ആളില്ലാതെ പൂട്ടിയിട്ട അവസ്ഥയിലും 52.81 ലക്ഷം വീടുകളിലേത് അണുകുടുംബങ്ങളുമാണ്. അണുകുടുംബങ്ങളിൽ രണ്ടോ മൂന്നോ ആളുകൾ മാത്രമേ കാണുകയുള്ളൂ. അച്ഛനും അമ്മയും ചെറിയ കുട്ടികളുമുള്ളവരുടെ സ്വകാര്യജീവിതത്തിലേയ്ക്കാണ് സംഘടിതമായി കലാപങ്ങളുടെയും ഹർത്താലുകളുടെയും മറവിൽ കടന്നുകയറാൻ ശ്രമിക്കുന്നത്. ഇതിലൂടെ അവരുടെ ജീവിതത്തെ തകർക്കുകയും ചെയ്യുന്നു. കേരളത്തിലുണ്ടാകുന്ന അരാജകത്വ വെല്ലുവിളികളെ മറികടക്കാൻവേണ്ടി ഗവൺമെന്റ് അവതരിപ്പിച്ച സുപ്രധാനമായ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്; ബില്ലിനെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പൗരാവകാശങ്ങൾക്കുവേണ്ടിയുള്ള ഏറ്റവും വലിയ നിലപാട് സ്വീകരിച്ച ഇംഗ്ലീഷ് ഫിലോസഫർ ആണ് John Locke. അദ്ദേഹത്തിന്റെ Second Treatise of Civil Government-ൽ പറയുന്നത് "....every man has a property in his own person: this no body has any right to but himself. The labour of his body, and the work of his hands, we may say, are properly his." അതിന്റെ തുടർച്ചയായി അദ്ദേഹം പറയുന്നത് property ownership derives from one's labour. ഓരോ വ്യക്തിയുടെയും കഠിനാദ്ധ്വാനത്തിന്റെ ഫലമായുള്ള സ്വകാര്യസ്വത്ത് സംരക്ഷിക്കപ്പെടേണ്ടതാണ്. അതിന്മേലുള്ള അനധികൃതമായ യാതൊരു കടന്നുകയറ്റമോ നശിപ്പിക്കലോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട പരിശ്രമത്തെയോ തീർച്ചയായും നിരുത്സാഹപ്പെടുത്തി നിയമപരമായി അവയെ നേരിടേണ്ടതാണ്. നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ നിരവധി ഹർത്താലുകൾ, ബന്ദ്, പണിമുടക്കുകൾ, ഘോഷയാത്രകൾ, ഗൗരവമേറിയ വർഗ്ഗീയലഹളകൾ തുടങ്ങിയ ഏത് വിഷയങ്ങളുണ്ടാകുമ്പോഴും അവിടെയൊക്കെ പലപ്പോഴും സ്വകാര്യ വ്യക്തികളുടെ സ്വത്തിന് നാശനഷ്ടം സംഭവിക്കുന്നുവെന്നത് നമ്മളെ സംബന്ധിച്ച് വളരെ ആശങ്കയുളവാക്കുന്ന കാര്യംതന്നെയാണ്. ടൗണിലൊരു പ്രകടനം അല്ലെങ്കിൽ എന്തെങ്കിലുമൊരു വിഷയം നടക്കുമ്പോൾ ഒരു പാവപ്പെട്ടവന്റെ അദ്ധ്വാനത്തിന്റെ ഫലമായുണ്ടാക്കിയെടുത്ത പെട്ടിക്കടയിലേയ്ക്കോ സ്ഥാപനത്തിലേയ്ക്കോ അല്ലെങ്കിൽ ഒരു വീട്ടിലേയ്ക്കോ ആയിരിക്കാം കടന്നുകയറ്റമുണ്ടാകുന്നത്. ഇത് ഒരുകാരണവശാലും നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. ജനാധിപത്യ രാജ്യത്തിൽ പൊതുസമൂഹം അംഗീകരിക്കുന്ന ഹർത്താലുകൾ നടത്താനോ ഏതെങ്കിലും സമരമുറ അവലംബിക്കാനോ അല്ലെങ്കിൽ പ്രതിഷേധങ്ങൾ രേഖപ്പെടുത്താനോയുള്ള എല്ലാ അവകാശങ്ങളും വ്യക്തികൾക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കുമുണ്ട്. തുടർന്നും അത് ജനാധിപത്യരീതിയിൽ നിലനിൽക്കുകയും ഓരോ വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പ്രതിഷേധങ്ങൾ രേഖപ്പെടുത്താനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാകേണ്ടതുമാണ്. പക്ഷേ, ഇങ്ങനെയുള്ള പ്രശ്നങ്ങൾ പലപ്പോഴുമുണ്ടാകുമ്പോൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളുമൊക്കെയാണ് പ്രതിസ്ഥാനത്ത് നിൽക്കപ്പെടുന്നത്. രാഷ്ട്രീയപ്രസ്ഥാനങ്ങൾ കൂടുതൽ ഉത്തരവാദിത്വത്തോടെ പെരുമാറേണ്ടതായിട്ടുണ്ട്. കാരണം, പൊതുമുതലായാലും സ്വകാര്യമുതലായാലും ഇതുപോലുള്ള ഹർത്താലുകൾ, പ്രകടനങ്ങൾ, ബന്ദ് എന്നിവയുടെ ഭാഗമായി

നശിപ്പിക്കപ്പെടുമ്പോൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും അത് നടത്തുന്ന സംഘടനകളിലും പൊതുസമൂഹത്തിന് അവമതിപ്പുളവാകാൻ സാധ്യതയുണ്ടെന്ന കാര്യം വളരെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതുകൊണ്ട് എല്ലാവരും അക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വത്തോടെ പെരുമാറേണ്ടതായിട്ടുണ്ട്. നമ്മുടെ നാട്ടിൽ നിരവധി കേസുകളുണ്ടാകുന്നുണ്ട്. സമീപകാലത്ത് ധാരാളം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച്, കഴിഞ്ഞ വർഷം ശബരിമല യുവതീപ്രവേശനവുമായി ബന്ധപ്പെട്ട് നടന്ന നിരവധി ഹർത്താലുകളിലും പ്രകടനങ്ങളിലുമൊക്കെ ധാരാളം നാശനഷ്ടങ്ങൾ സ്വകാര്യ സ്വത്തിനുൾപ്പെടെ സംഭവിച്ചിട്ടുണ്ട്. സഭയിൽ ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശബരിമല കർമ്മസേന 2019 ജനുവരി 3-ന് നടത്തിയ ഹർത്താലിൽ സംസ്ഥാനത്തിനുണ്ടായ നഷ്ടത്തെ സംബന്ധിച്ചുള്ള ചോദ്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത് ശബരിമല കർമ്മസേന നടത്തിയ ഹർത്താലുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിച്ച വകയിൽ 28,43,072 രൂപയും സ്വകാര്യമുതൽ നശിപ്പിച്ച വകയിൽ 10,32,55,026 രൂപയുടെ നഷ്ടവുമാണ് കണക്കാക്കിയിരിക്കുന്നത് എന്നാണ്. വിശദമായി പിന്നീട് അതിൽ പറയുന്നത് 39 വീടുകൾ, സർക്കാർ സ്ഥാപനങ്ങൾ, റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, 38 സർക്കാർ വാഹനങ്ങൾ, 66 സ്വകാര്യ വാഹനങ്ങൾ ഇങ്ങനെ നിരവധി നാശനഷ്ടങ്ങൾ ഒരു ഹർത്താലിന്റെ ഭാഗമായുണ്ടായി എന്നാണ്. ഇതുമൂലം പൊതുമുതലിനും സ്വകാര്യമുതലിനും ധാരാളം നാശങ്ങൾ സംഭവിച്ചു. പൊതുമുതൽ നശിപ്പിക്കുന്നത് തടയാനുള്ള നിയമം നമ്മുടെ നാട്ടിലുണ്ട്. അതുപോലെ സ്വകാര്യ മുതൽ സംരക്ഷിക്കപ്പെടേണ്ടത് ആവശ്യമാണ്. പ്രത്യേകിച്ച് പൊതുമുതൽ നശിപ്പിക്കലുമായി ബന്ധപ്പെട്ട് വളരെ പ്രമാദമായ കേസുകൾ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. 1970-ൽ മട്ടന്നൂരിൽ നടന്ന ട്രാൻസ്പോർട്ട് സമരത്തിനിടയിൽ ചാവശ്ശേരി ബസ് തീവയ്പ്പ് കേസ്സൊന്നും നമ്മളാരും വിസ്മരിച്ചിട്ടുണ്ടാകില്ല. യാത്രക്കാരുമായി വന്ന കെ.എസ്.ആർ.ടി.സി. ബസ് തടഞ്ഞുനിർത്തി കത്തിച്ചതുമൂലം നാലുപേർ വെന്തുമരിക്കുകയും മുപ്പതോളം പേർക്ക് ഗുരുതരമായ പൊള്ളലേൽക്കുകയും ചെയ്തു. ആ സംഭവമൊക്കെ ഇന്നും നമ്മുടെ ഓർമ്മകളിലുണ്ടാകും. അതിലുൾപ്പെട്ട പ്രതികളെ കോടതി ശിക്ഷിച്ചു. പ്രതികളായ ആളുകൾക്കുവേണ്ടി രാഷ്ട്രീയ പാർട്ടിതന്നെ കേസ് നടത്തി.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, 1987-ൽ കയ്യൂരിൽ അഞ്ചുപേരെ ഒരു ഓഫീസിനകത്തിട്ട് ചുട്ടുകൊന്ന കാര്യം ബഹുമാനപ്പെട്ട അംഗം ഓർക്കുന്നുണ്ടോ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിച്ചതല്ല. ശ്രീ. എ. എൻ. ഷംസീർ ചോദിച്ചതുകൊണ്ട് അതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് വരാം. ബഹുമാന്യനായ എം. വി. രാഘവന്റെ 'ഒരു

ജന്മം' എന്ന ആത്മകഥയിൽ ചാവശ്ശേരി സംഭവത്തെക്കുറിച്ച് വിശദമായി പരാമർശിക്കുന്നുണ്ട്. ഈ നാലുപേർ വെന്തുമരിക്കാനിടയായതും അതിനുശേഷം മുപ്പതോളം ആളുകൾക്ക് ഗുരുതരമായി പൊള്ളലേറ്റ സംഭവവുമെല്ലാം അതിൽ പറയുന്നുണ്ട്. പാർട്ടി സഖാക്കളായിരുന്നു ഈ കേസിന് പിന്നിലുണ്ടായിരുന്നതെന്ന്.....

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ആ സമയത്ത് എം.വി.ആർ., സി.പി.ഐ.(എം)-ന്റെ കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്നുവെന്നത് പ്രത്യേകം ഓർമ്മിക്കേണ്ടതല്ലേ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പാർട്ടി ജില്ലാ സെക്രട്ടറി എന്ന നിലയിൽത്തന്നെയാണ് ആ വിഷയത്തിൽ അന്ന് പാർട്ടിക്ക് പൊതുസമൂഹത്തിലുണ്ടായ അവമതിപ്പിനെ സംബന്ധിച്ചും അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളെക്കുറിച്ചുമെല്ലാം അദ്ദേഹത്തിന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയത്. ചാവശ്ശേരി കേസിൽ മൂന്ന് പ്രതികളെ വധശിക്ഷയ്ക്കും 16 പ്രതികളെ ജീവപര്യന്തം തടവിനും തലശ്ശേരി ജില്ലാ സെഷൻസ് ജഡ്ജി കെ. ഡി. ജോസഫ് വിധിച്ചുവെന്ന് അതിൽ പറയുന്നുണ്ട്. ഈ പ്രതികളുടെയെല്ലാം പേര് പറയുന്നുണ്ട്. കേസിൽ വിധിന്യായം വായിച്ചുകഴിഞ്ഞപ്പോൾ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട വാസു ബെഞ്ചിൽ കയറിനിന്ന് 'മാർക്സിസ്റ്റ് പാർട്ടി സിന്ദാബാദ്, ബൂർഷ്വാ കോടതി തുലയട്ടെ' തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കി. മറ്റ് പ്രതികൾ അത് ഏറ്റുപറഞ്ഞു. അതിന്റെ അടുത്ത വാചകമാണ് ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത്. കേസ് സുപ്രീം കോടതി വരെ നീണ്ടു. ഒടുവിൽ വധശിക്ഷ റദ്ദാക്കപ്പെട്ടു. പാർട്ടിയാണ് കേസ് നടത്തിയത്. നമ്മുടെ നാട്ടിൽ ഇതുപോലെയുള്ള നിരവധി സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എം.വി.ആർ.-ന്റെ വീടിനും അദ്ദേഹം ഉണ്ടാക്കിയെടുത്ത പാപ്പിനിശ്ശേരി സ്നേക്ക് പാർക്കിനുമെല്ലാം പിന്നീട് എന്താണ് സംഭവിച്ചത്? എം.വി.ആർ.-ന്റെ വീട് തീയിട്ട് നശിപ്പിച്ച സംഭവങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കൂടുതലായി കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇതുപോലെ നിരവധി കേസ്സുകളാണ് നമ്മുടെ മുന്നിൽ വന്നുകൊണ്ടിരിക്കുന്നത്. സ്വകാര്യസ്വത്ത് സംരക്ഷിക്കപ്പെടേണ്ടതു തന്നെയാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഈ ബില്ലുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കട്ടെ. പി.ഡി.പി.പി. ആക്ടിലെ സമാന സാഹചര്യത്തിൽ ഒരു കുറ്റം ആരോപിക്കപ്പെട്ടാൽ നശിപ്പിക്കപ്പെട്ട മുതലിന്റെ തുല്യമായ തുക കെട്ടിവച്ചെങ്കിൽ മാത്രമേ ജാമ്യം ലഭിക്കുകയുള്ളൂ. പക്ഷെ, സ്വകാര്യ സ്വത്തിന്റെ കാര്യത്തിൽ, ഈ ബില്ലിൽ

പറഞ്ഞിരിക്കുന്നതനുസരിച്ച് നശിപ്പിക്കപ്പെട്ട മുതലിന്റെ 50 ശതമാനത്തിന് തുല്യമായ തുക കെട്ടിവച്ച് ജാമ്യമെടുക്കാമെന്നുള്ളതാണ്. എന്തിനാണ് ആ വ്യത്യാസമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പി.ഡി.പി.പി. ആക്ടിലുള്ളതുപോലെ നശിപ്പിക്കപ്പെട്ട മുതലിന്റെ തത്തുല്യമായ തുക മുഴുവനായും കെട്ടിവച്ചെങ്കിൽ മാത്രമേ ജാമ്യം കിട്ടുകയുള്ളൂ എന്ന നിലയിലേയ്ക്ക് കൊണ്ടുവരണമെന്ന നിർദ്ദേശമാണ് എനിക്ക് വയ്ക്കാനുള്ളത്. അത് പറയുമ്പോൾത്തന്നെ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ഈ നിയമം ദുരുപയോഗപ്പെടാനും പാടില്ല. ഇത് നോൺ-ബെയിലബിളാണ് എന്നതുകൊണ്ടുതന്നെ ഇവിടെ സൂചിപ്പിച്ചതുപോലെ അശ്രദ്ധമൂലം ചെറിയ നാശനഷ്ടമുണ്ടായി അല്ലെങ്കിൽ ഒരു ഗ്ലാസ് പൊട്ടി എന്നുള്ളതുകൊണ്ട് രാഷ്ട്രീയമായി ഈ നിയമം ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതകളുണ്ട്. അതുകൊണ്ട് നിശ്ചിത തുകയ്ക്കുള്ള നാശനഷ്ടം സംഭവിക്കുമ്പോൾ നോൺ-ബെയിലബിളായി വരുന്ന രീതിയിലും ചെറിയ രീതിയിലുള്ള നാശനഷ്ടങ്ങളാണെങ്കിൽ ബെയിലബിളായും വേണം. നമ്മൾ ആ കുറ്റത്തെ കുറച്ച് കാണുകയല്ല, പക്ഷെ നാശനഷ്ടത്തിന്റെ തോതനുസരിച്ച് പ്രൊപ്പോർഷണേറ്റായി അത് ബെയിലബിളും നോൺ-ബെയിലബിളുമായി മാറ്റിയില്ലെങ്കിൽ അശ്രദ്ധമൂലം അല്ലെങ്കിൽ ബോധപൂർവ്വമല്ലാതെയുണ്ടാകുന്ന പരിമിതമായിട്ടുള്ള, നിലവിൽ നിർദ്ദേശമനുസരിച്ച് 10 രൂപയുടെ നാശനഷ്ടം സംഭവിച്ചാലും കുറ്റാരോപിതന് ജാമ്യം ലഭിക്കുകയില്ല, കോടതിയിൽ പോയി പ്രോസിക്യൂഷനെ കേട്ടതിനുശേഷം മാത്രമേ ജാമ്യം കൊടുക്കാൻ പാടുള്ളൂവെന്നാണ് പറയുന്നത്. സർക്കാരുകൾ മാറിമാറി വരും. ഇത് വ്യാപകമായി, രാഷ്ട്രീയമായി ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് തുകയുടെ അടിസ്ഥാനത്തിൽ ബെയിലബിളും നോൺ-ബെയിലബിളുമായി മാറ്റുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ, പ്രത്യേകിച്ച് ഇത് രാഷ്ട്രീയ പ്രസ്ഥാനങ്ങളെ സംബന്ധിച്ച്, ഏറെ ആളുകൾ സ്വാഗതം ചെയ്യാൻ പോകുന്ന നിയമമാണിതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, ഇങ്ങനെയുള്ള നാശനഷ്ടങ്ങൾ, അതിനുണ്ടാകുന്ന ഏത് പ്രവണതയെയും നിരുത്സാഹപ്പെടുത്താൻ ഈ ബിൽ സഹായകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. അപ്പോൾ ആ ബിൽ അവതരിപ്പിക്കുന്ന സർക്കാരിന്റെ ആത്മാർത്ഥതകൂടി ജനങ്ങൾ ചർച്ച ചെയ്യും. കേരള നിയമസഭയിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ചെയറും കമ്പ്യൂട്ടറുകളും മറ്റ് സാമഗ്രികളുമെല്ലാം നശിപ്പിക്കപ്പെട്ട സംഭവം നമുക്കറിയാം, പൊതുമുതലാണത്. ആ സംഭവം നമ്മുടെ ഓർമ്മയിലുണ്ട്. ലോകം മുഴുവനും കണ്ട കാര്യമാണത്. എത്ര രൂപയുടെ നാശനഷ്ടമുണ്ടായാലും അത് പൊതുമുതൽ നശിപ്പിക്കപ്പെട്ടത് തന്നെയാണ്. നമ്മൾ സ്വകാര്യ സ്വത്ത് നശിപ്പിക്കപ്പെടുന്നതിനെതിരെ നിയമപരിരക്ഷ കൊണ്ടുവരുമ്പോൾ, ഇങ്ങനെയൊരു നിയമം മുന്നോട്ടുവയ്ക്കുമ്പോൾ,

അതിന്റെ ആത്മാർത്ഥത ഒരുകാരണവശാലും ചോദ്യം ചെയ്യപ്പെടാൻ പാടില്ല. പക്ഷെ, ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയുടെ പൊതുമുതൽ നശിപ്പിക്കപ്പെട്ട കേസ് പിൻവലിക്കാൻ സംസ്ഥാന സർക്കാർ ശിപാർശ ചെയ്തത് വളരെ നിർഭാഗ്യകരമായിപ്പോയി. ഈ നിയമം അവതരിപ്പിക്കുന്നതിന്റെ അന്തഃസത്ത, ഇതിന്റെ ആത്മാർത്ഥത ഒരുകാരണവശാലും പൊതുസമൂഹത്തിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലെന്ന് വിശ്വസിക്കുന്ന ഒരാളായതുകൊണ്ട് ആ കേസ് പിൻവലിക്കാൻ ശിപാർശ ചെയ്തതിൽനിന്നും സർക്കാർ പിൻമാറണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. അങ്ങനെ പിൻമാറിയാൽ അത് പൊതുസമൂഹത്തിന്, നമ്മുടെ നാടിന് ഒരു മാതൃകയായിരിക്കും. മറ്റൊന്നുമല്ല, പൊതുമുതൽ നശിപ്പിക്കുന്നവർ ആരായാലും, അത് എം.എൽ.എ. ആയാലും മന്ത്രിയായാലും ആരുതന്നെ ആയാലും നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണെന്നും പൊതുമുതലായാലും സ്വകാര്യ സ്വത്തായാലും നശിപ്പിക്കുന്ന ആളുകൾക്കെതിരെ കർശനമായ നടപടിയെടുക്കാൻ സർക്കാർ ഒറ്റക്കെട്ടായുണ്ടെന്നുള്ള സന്ദേശം ഈ നിയമം അവതരിപ്പിക്കുന്ന അവസരത്തിൽ പൊതുസമൂഹത്തിന് നൽകേണ്ടതുണ്ട് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങ് ഒരു നിയമനിർമ്മാണത്തിന്റെ ന്യൂനതകളും അതിൽ അനിവാര്യമായി അടങ്ങിയിരിക്കേണ്ട കാര്യങ്ങളുമെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള നല്ല നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. എന്നാൽ വസ്തുനിഷ്ഠമായ പല കാര്യങ്ങളും ചൂണ്ടിക്കാണിക്കുമ്പോഴും ഇവിടെ നേരത്തെ ബഹുമാന്യനായ എ.എൻ. ഷംസീർ ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ നാട്ടിൽ നടക്കുന്ന പല അക്രമങ്ങളും രാഷ്ട്രീയമായ അതിപ്രസരത്തിന്റെ പേരിൽ യഥാർത്ഥത്തിലുള്ളവർക്ക് നീതി ലഭിക്കാതെ പോകുകയാണ്. ഒന്നുരണ്ട് ഉദാഹരണങ്ങൾ ഞാൻ പറയാം. ടി. പി. ചന്ദ്രശേഖരൻ കേസ് അന്വേഷിച്ച പോലീസ് ടീമിലുണ്ടായിരുന്ന ജോസി ചെറിയാന്റെയും സന്തോഷിന്റെയും വീട് ആക്രമിച്ചു. അവരുടെ വീട്ടിൽ കെട്ടിയിരുന്ന പശുവിനെപ്പോലും വെട്ടിക്കൊന്നു, കാര്യമായ നടപടിയുണ്ടായില്ല. പയ്യന്നൂർ കോളേജിലെ രണ്ട് അദ്ധ്യാപകരുടെ വീട്ടുമുറ്റത്ത് കിടന്നിരുന്ന കാറുകൾ കത്തിച്ചു, നടപടിയുണ്ടായില്ല. ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലനറിയാം, 1994-ൽ പാലക്കാട് ജില്ലയിൽ കണ്ണമ്പ്രയിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ് തടഞ്ഞുനിർത്തി തീവച്ചു. അതിൽനിന്നും പുറത്തേക്ക് ചാടിയ കണ്ണനെ സി.പി.ഐ.(എം) നേതാക്കൾ വെട്ടിക്കൊന്നു. ഇങ്ങനെയുള്ള അരുംകൊലകളും ക്രൂരതകളുമാണ് ഈ ബിൽ അവതരിപ്പിച്ച ശ്രീ. ആർ. രാജേഷിന്റെ പാർട്ടി കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചെയർപേഴ്സൺ: ശ്രീ. റോജി എം. ജോൺ, 13 മിനിട്ടായി.

ശ്രീ. റോജി എം. ജോൺ: സർ, അങ്ങ് പറഞ്ഞാൽ ഞാൻ അവസാനിപ്പിക്കും. ചെയറിനോട് ഇത്രയധികം ബഹുമാനമുള്ളതുകൊണ്ടാണ് ആ ചെയർ നശിപ്പിക്കപ്പെട്ട സംഭവം ഞാനിവിടെ പരാമർശിച്ചത്. അതുകൊണ്ട് ചെയർ ആവശ്യപ്പെട്ടാൽ സമയപരിധിക്കുള്ളിൽത്തന്നെ നിർത്തും. അതിനൊരു മാതൃക കാണിക്കണമെന്നാണ് എന്റെ ആഗ്രഹം. ഇവിടെ ബഹുമാന്യനായ പി. ടി. തോമസ് സൂചിപ്പിച്ച കാര്യംതന്നെയാണ് ഞാൻ പറഞ്ഞത്. ഒരു നിയമം കൊണ്ടുവരുമ്പോൾ അത് അവതരിപ്പിക്കുന്നതിലുള്ള ആത്മാർത്ഥതയാണ് പൊതുസമൂഹം ഏറ്റവും കൂടുതലായി അന്വേഷിക്കുക. പറഞ്ഞുപോയിക്കഴിഞ്ഞാൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഇതുപോലെ നിരവധി കേസുകൾ സൂചിപ്പിക്കാൻ കഴിയും. ഇവിടെ ബഹുമാന്യനായ പി. ഉബൈദുള്ള നേരത്തെ ചോദിച്ച ഒരു ചോദ്യം വളരെ പ്രസക്തമാണ്. ഇത്തരത്തിൽ പൊതുമുതൽ നശിപ്പിച്ചതിൽ അല്ലെങ്കിൽ സ്വകാര്യ മുതലുകൾ ഹർത്താലുകളിലായാലും ബന്ദുകളിലായാലും പണിമുടക്കുകളിലായാലും സമരത്തിലായാലും നശിപ്പിച്ചതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന രാഷ്ട്രീയ പ്രസ്ഥാനം ഏതാണെന്നുള്ളത് ഞാനിവിടെ പറയേണ്ട കാര്യമില്ല, ഇത് കേൾക്കുന്ന എല്ലാവർക്കുമറിയാം. എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. അതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടന്നുപോകുന്നില്ല. സ്വകാര്യസ്വത്ത് ഓരോ പൗരന്റെയും അവകാശമാണ്. അദ്ധ്വാനത്തിന്റെ, കഠിനപ്രയത്നത്തിന്റെ, ഒരു ജീവിതത്തിന്റെ മുഴുവൻ സമ്പാദ്യമാണ് സ്വകാര്യസ്വത്ത്. ഏത് നിലയിലായാലും അത് തകർക്കപ്പെടുന്നതോ അതിലേയ്ക്കുള്ള കടന്നുകയറ്റമോ അംഗീകരിക്കാൻ സാധിക്കില്ല. അത് സംരക്ഷിക്കാനുള്ള, അല്ലെങ്കിൽ അത് നശിപ്പിക്കുന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കാനുള്ള ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള ഭേദഗതികൾ, ഭാവിയിലായാലും ഇത് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ ഈ ബില്ലിൽ കാണുന്നില്ല. അതുകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണം എന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നമ്മുടെ രാജ്യത്തെ പൗരന്റെ ജീവനും സ്വത്തും സംരക്ഷിക്കുകയെന്നുള്ളത് ഭരണഘടനാ വ്യവസ്ഥയാണ്; അത് ഒരു ഗവൺമെന്റിന്റെ ബാധ്യതയുമാണ്. ആ ബാധ്യത നിർവ്വഹിക്കണമെങ്കിൽ ശക്തമായ ചില നിയമനിർമ്മാണങ്ങൾ ആവശ്യമായിവരും. അതാണ് 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും

ബിൽ അവതരിപ്പിക്കുന്നതിന് നിർബന്ധിക്കപ്പെട്ടത്. ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾ ഇതിന്റെ പശ്ചാത്തലം സൂചിപ്പിച്ച എന്നുള്ളതുകൊണ്ട് വിശദാംശത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടേറെ പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. അത് ജനങ്ങൾക്കും രാജ്യത്തിനുംവേണ്ടിയുള്ള പോരാട്ടത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഭാഗമാണ്. അതിന്റെ ഭാഗമായിട്ടാണ് സംഘടിക്കാനും വിലപേശാനും പ്രക്ഷോഭം നടത്താനും പ്രകടനം നടത്താനുമെല്ലാമുള്ള അവകാശം നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ മൗലികാവകാശമായി സംരക്ഷിക്കപ്പെട്ടത്. എന്നാൽ അതിന്റെ ദുരുപയോഗം രാജ്യത്ത് കാണുന്നുണ്ട്. ആ ഒരു പശ്ചാത്തലത്തിലാണ്, 1984-ൽ ഇന്ദിരാഗാന്ധി കൊല ചെയ്യപ്പെടുന്നതിന് മുമ്പുതന്നെ ഇത്തരമൊരു നിയമനിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റ് നിർബന്ധിതമായത്. 1984-ലെ പി.ഡി.പി.പി. ആക്ട് ഒരു കേന്ദ്ര നിയമമായി രൂപംകൊണ്ടത് ഈ പശ്ചാത്തലത്തിലാണ്. ആ നിയമത്തിന്റെ ഉള്ളടക്കം എന്നുപറയുന്നത്, പൊതുസ്വത്തുക്കളുടെ നശീകരണം തടയുന്നതിനുള്ള നിയമമെന്ന നിലയിലാണ് കൊണ്ടുവന്നത്. 1984-ലെ Prevention of Damage to Public Property Act (PDPP) വന്നതിനുശേഷം പ്രസ്തുത നിയമം പ്രാബല്യത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥവൃന്ദങ്ങൾ സ്വീകരിച്ച ചില നടപടികൾ ജനവിരുദ്ധമാണ്. എങ്കിൽപ്പോലും പൊതുസ്വത്ത് സംരക്ഷിക്കപ്പെടുന്നതിൽ ആ നിയമം വളരെയേറെ സഹായകമായി. എന്നാൽ ഗവൺമെന്റ് സ്വത്ത് സംരക്ഷിക്കുന്നതോടൊപ്പംതന്നെ ഈ തലത്തിൽ സ്വകാര്യ സ്വത്ത് സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ നിയമവും നമ്മുടെ നാട്ടിലില്ല. ആകെയുണ്ടായിരുന്നത് IPC-യിൽ 427-ാം വകുപ്പ് പ്രകാരമുള്ള mischie; ആ ഒരു വകുപ്പുവച്ചുകൊണ്ടാണ് പോലീസ് കേസെടുക്കുന്നതും അന്വേഷണം നടത്തുന്നതും ശിക്ഷിക്കുന്നതും. എന്നാൽ നാശനഷ്ടം സംഭവിച്ചവർക്ക് ഒരു കോമ്പൻസേഷനും ലഭിക്കില്ല. മാത്രവുമല്ല ശിക്ഷ വളരെ കുറവുമായിരുന്നു. പി.ഡി.പി.പി. ആക്ട് വന്നതോടുകൂടി പബ്ലിക് പ്രോപ്പർട്ടി നാശവുമായി ബന്ധപ്പെട്ടുകൊണ്ട് അഞ്ച് വർഷത്തെ തടവും ഫൈനും അതുപോലെതന്നെ ഫയർ അല്ലെങ്കിൽ എക്സ്പ്ലോസീവ് സാധനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നാശനഷ്ടത്തിന് 10 വർഷത്തെ തടവും ഫൈനും നിജപ്പെടുത്തിയ നിയമമായിരുന്നു. യഥാർത്ഥത്തിൽ ഇതിന് സമാനമായ നിയമം അതാത് സംസ്ഥാനങ്ങളിൽ എന്നേ വരേണ്ടതായിരുന്നു. അതിന്റെ ഭാഗമായാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതിന് നിർബന്ധിക്കപ്പെട്ടത്. അതിന് പശ്ചാത്തലം ഒരുക്കിയിട്ടുള്ള സംഭവങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പാവപ്പെട്ട ഒരു കച്ചവടക്കാരൻ ബാങ്കിൽനിന്ന് കടമെടുത്താൽ അതിന്റെ പലിശയടക്കം ഓരോ മാസത്തിലും കൊടുക്കേണ്ടതാണ്. പൊതുപണിമുടക്കമായോ ബന്ദുമായോ ബന്ധപ്പെട്ടുകൊണ്ട് സാധാരണ നിലയിൽ ഊഹിക്കാൻപോലും കഴിയാത്ത തരത്തിലുള്ള മാനസിക

അവസ്ഥയിലാണ് ഈ പാവങ്ങളുടെ മനസ്സ്. അവരെ സംരക്ഷിക്കാൻ സമഗ്രമായൊരു നിയമം നമ്മുടെ നാട്ടിലില്ല. അതുകൊണ്ട് പൊതുസ്വത്തുക്കളുടെ നശീകരണം തടയുന്നതിന് നിലവിലുള്ള നിയമം പോര. പാവങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് സ്റ്റേറ്റ് പരാജയപ്പെട്ടുകഴിഞ്ഞാൽ ജനാധിപത്യ വ്യവസ്ഥയോടുള്ള, ഭരണഘടനയോടുള്ള അവിശ്വാസമായി രൂപാന്തരം പ്രാപിക്കും. അരാജകത്വമായിരിക്കും നമ്മുടെ നാട്ടിൽ ഉണ്ടാവുക. ജനങ്ങൾക്ക് ജനാധിപത്യത്തോടുള്ള വിശ്വാസ്യത ഉണ്ടാവുകയില്ല. രാഷ്ട്രീയക്കാരോടും ഗവൺമെന്റിനോടും പരമപുച്ഛമായിരിക്കും ഉണ്ടാകുക. ഈ ഘട്ടത്തിൽ ശക്തമായ നിയമനിർമ്മാണം ആവശ്യമാണെന്നുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേതൃത്വം കൊടുത്തുകൊണ്ട് ഈ ഒരു നിയമനിർമ്മാണത്തിന് രൂപം കൊടുത്തത്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനുമുമ്പ് ഓർഡിനൻസായിട്ടാണ് കൊണ്ടുവന്നത്. ആ ഓർഡിനൻസിനെ പൊതുവിൽ കേരളീയ സമൂഹം സ്വീകരിച്ചു. നമ്മുടെ നാട്ടിൽ സാമൂഹ്യനീതിക്കുവേണ്ടി, ജനങ്ങൾക്കുവേണ്ടി നിരവധി പോരാട്ടങ്ങൾ നമ്മൾ നടത്തേണ്ടതായിവരും. പ്രകടനങ്ങളും പ്രക്ഷോഭങ്ങളും ഒരുവേള ബന്ദും ഹർത്താലും നടത്തേണ്ടതായി വരും. അതൊന്നും ഇതിന്റെ ഭാഗമായി നിഷേധിക്കപ്പെടുന്നില്ല. എന്നാൽ ഇതിന്റെ ഭാഗമായി ഒരു വ്യക്തിയുടെ സ്വകാര്യ സ്വത്തിനോ സ്ഥാപനത്തിനോ നാശനഷ്ടം ഉണ്ടാകാൻ പാടില്ല. അങ്ങനെ നാശനഷ്ടം ഉണ്ടാകുമ്പോൾ നാശനഷ്ടവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ തലത്തിലേയ്ക്ക് ഇനി നീങ്ങാൻ പാടില്ലെന്ന സന്ദേശം ഉണ്ടാകണമെങ്കിൽ അതിന് നേതൃത്വം കൊടുക്കുന്ന ആളുകളിൽനിന്ന് പിഴ ഈടാക്കുകയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശിക്ഷിക്കുകയും വേണം. പി.ഡി.പി.പി. ആക്ട് നിലവിൽ വരുന്നതിനുമുമ്പ് പൊതുസ്വത്ത് നശീകരണവുമായി ബന്ധപ്പെട്ടുകൊണ്ടുനടന്ന സംഭവങ്ങളും പി.ഡി.പി.പി. ആക്ട് നിലവിൽ വന്നതിനുശേഷം നമ്മൾ കണ്ട ക്രൈമുകളും പരിശോധിച്ച് നോക്കിയാൽ താരതമ്യേന കുറവാണെന്ന് കാണാം. ഓർഡിനൻസ് വന്നതിനുശേഷംതന്നെ പഴയ രൂപത്തിലുള്ള നശീകരണ പ്രവർത്തനത്തിലേയ്ക്ക് പോകുന്നില്ലെന്നുള്ളതാണ് കാണാൻ കഴിയുന്നത്.

ഇവിടെ ബഹുമാനപ്പെട്ട എം. ഉമ്മർ സൂചിപ്പിച്ചു, ഒരു പണിമുടക്കമായോ ഹർത്താലുമായോ പ്രകടനവുമായോ ബന്ധപ്പെട്ടുകൊണ്ട് ഏതെങ്കിലും ഒരു ചില്ല് പൊട്ടിയാൽ സാധാരണനിലയിൽ അത് ഡാമേജല്ല. പക്ഷെ ഒന്നുകിൽ ഫയർ അല്ലെങ്കിൽ ഏതെങ്കിലും എക്സ്പ്ലോസീവ് സാധനങ്ങൾ ഉപയോഗിച്ചിട്ടുണ്ടാകും. അത് അത്ര കാഠിന്യമുള്ള പ്രവൃത്തിയാണോ; അത്രത്തോളം ഡാമേജ് ഇല്ലല്ലോ; ഇതിൽ ഡാമേജ് അല്ല നമ്മൾ നോക്കുന്നത്. ഡാമേജ് ചെറുതായിരിക്കും. ചിലപ്പോൾ ഈ എക്സ്പ്ലോസീവ് സാധനങ്ങൾ ഉപയോഗിക്കുമ്പോൾ, അത് ഉപയോഗിക്കുന്ന ആളുടെ മനസ്സിലെ രൂപത്തിലുള്ള ഡാമേജ്

ഉണ്ടാക്കിയിട്ടുണ്ടാകില്ല. അതിന്റെ അർത്ഥം, ഇത് ഉപയോഗിക്കുന്നയാളുടെ മനസ്സിൽ ഡാമേജ് കുറയ്ക്കാൻ വേണ്ടിയുള്ള ഒരു ക്രൈമാണ് ഞാൻ ചെയ്യാൻ പോകുന്നതെന്നുള്ളതല്ല. എന്തോ ഭാഗ്യത്തിന് അത് ചെറിയ ഡാമേജായി പോയി എന്നുമാത്രമേയുള്ളൂ.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അവിടെ ഡാമേജല്ല, അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ക്രൈം ആണ് നമ്മൾ നോക്കുന്നത്. ഇതിന്റെ ഭാഗമായി ഡാമേജ് കുറവാണെങ്കിൽപ്പോലും അത്തരം കുറ്റകൃത്യങ്ങൾ non bailable cognizable offence ആകണമെന്നുള്ളത് ഈ നിയമസഭയുടെ പൊതുവികാരമായി മാറുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അപ്പുറത്തും ഇപ്പുറത്തും പല പ്രക്ഷോഭങ്ങളും നടത്തിയിട്ടുണ്ടാകും; പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ടാകും. അതിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സി.പി.ഐ.(എം) ചെയ്ത കൊലപാതകവുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പി. ടി. തോമസ് കുറേ കാര്യങ്ങൾ സൂചിപ്പിച്ചു. അദ്ദേഹത്തിന്റെ തന്നെ മുമ്പിൽ വച്ച് എന്തെല്ലാം സംഭവങ്ങൾ നടന്നിട്ടുണ്ടെന്നുള്ളത് ഇവിടെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. തൃശ്ശൂരിലെ ഒരു പാവപ്പെട്ട കോൺഗ്രസുകാരൻ മധു, ഭാര്യയുടെ മുമ്പിൽ വച്ച് കൊല ചെയ്യപ്പെട്ടത് എങ്ങനെയായിരുന്നു? ആരായിരുന്നു ആ കൊലയ്ക്ക് നേതൃത്വം കൊടുത്തത്. അതിനുശേഷം മധുവിന്റെ കൊലയ്ക്ക് പ്രതികാരമായി ലാലിന്റെ കൊലപാതകം നടത്തിയത് ആരായിരുന്നു? അടുത്തടുത്ത് താമസിക്കുന്ന ആൾക്കാരല്ലേ ഈ കൊലപാതകം നടത്തിയത്. ആ ചരിത്രത്തിലേയ്ക്കൊന്നും നമ്മൾ പോകണ്ട.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ചകളെല്ലാം വന്നപ്പോൾ അപ്പുറത്തുമിപ്പുറത്തുമുള്ള ആളുകൾ പൊതുവെ ഇതിനെ സ്വാഗതം ചെയ്യുകയായിരുന്നു. കാരണം, ഈ ബിൽ വരുന്നത് നല്ലതാണ്, പ്രൈവറ്റ് പ്രോപ്പർട്ടിയുടെ സംരക്ഷണമാണ്. ഇതുപോലെയുള്ള കാര്യങ്ങളൊന്നും നടക്കരുതെന്നുള്ളതാണ് കേരള സമൂഹത്തിന്റെ മനസ്സ്. അങ്ങിപ്പോൾ പറഞ്ഞുവരുന്നത് അവിടെ കൊലപാതകം നടന്നു, അതുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്താമോ; ഇവിടെ പകരം കൊലപാതകം നടന്നു, അതുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്താമോ എന്നുചോദിച്ചാൽ കൊലപാതകത്തെ മഹത്വവൽക്കരിക്കുന്ന ഒരു നിലപാടിലേയ്ക്ക് അങ്ങ് പോകുന്നത് ശരിയല്ല. അത് ഈ ബില്ലിന്റെ സ്പിരിറ്റിന് വിരുദ്ധമാണ്. പ്രൈവറ്റ് പ്രോപ്പർട്ടി നശിപ്പിക്കുന്നതും കൊലപാതകമായാലും അതുപോലെയുള്ള കാര്യങ്ങൾ നടക്കരുതെന്നുള്ളതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവരുന്നത്, നിയമമാകുന്നത്. അതിന്റെ സ്പിരിറ്റിന് എതിരാണ് ബഹുമാനപ്പെട്ട മന്ത്രി എടുക്കുന്ന നിലപാട്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ സ്പിരിറ്റിനോട് പരിപൂർണ്ണമായി യോജിക്കുകയാണ്. ഞാൻ ഇത് പറയണമെന്ന് ഉദ്ദേശിച്ചിട്ടേയില്ല; പറയാൻ ആഗ്രഹിക്കുന്നുമില്ല. ഞാൻ പറഞ്ഞത്, രാഷ്ട്രീയമായിട്ടുള്ള പ്രശ്നങ്ങളിൽ അപ്പുറത്തുമിപ്പുറത്തും പല രൂപത്തിൽ പല സംഭവങ്ങളുമുണ്ടായിട്ടുണ്ട്. ഒരു പാർട്ടിയിലെത്തന്നെ, ഒരേ പാർട്ടിക്കാർ തന്നെ ഇതിന് നേതൃത്വം കൊടുത്തിട്ടുണ്ട്. അതിന് ആരെയെങ്കിലും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ആ ഭാഗം വിടുകയാണ്. എന്തായാലും നിയമനിർമ്മാണത്തിന്റെ ചരിത്രത്തിൽ, പല നിയമങ്ങൾക്കും കേരള നിയമസഭ നേതൃത്വം കൊടുത്തിട്ടുണ്ട്. ശ്രദ്ധിക്കപ്പെടുന്ന ഒട്ടേറെ നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. കേരളജനതയ്ക്ക് ഇത്രത്തോളം സുരക്ഷിതത്വം തോന്നുന്ന ഒരു നിയമം; ആത്മവിശ്വാസം തോന്നുന്ന ഒരു നിയമം; ഈ നിയമത്തോട് അടുത്തുവയ്ക്കാൻ സാധിക്കുന്ന ഒരു നിയമനിർമ്മാണവും കേരള നിയമസഭയ്ക്ക് ഇതുവരെ രൂപം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ നിയമം ഏകകണ്ഠമായി പാസ്സാക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുകയാണ്. മറ്റു കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വകുപ്പുതിരിച്ചുള്ള ചർച്ചയിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആ സമയത്ത് ഇടപെട്ട് മറുപടി പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആർ. രാജേഷ്, അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ, അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

212. ഖണ്ഡം 2 (എ) -ൽ,

i) "നാശനഷ്ടമുണ്ടാക്കുന്ന" എന്നതിന് പകരം "അക്രമ" എന്ന് ചേർക്കുക.

ii) " മറ്റേതൊരു പേരിലും അറിയപ്പെടുന്ന അതുപോലെയുള്ള സംഘം ചേരൽ മൂലം" എന്നതിന് പകരം "മറ്റേതെങ്കിലും പേരിൽ സംഘം ചേർന്ന്" എന്ന് ചേർക്കുക.

iii) " നഷ്ടമോ" എന്നത് നീക്കം ചെയ്യുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

218. ഖണ്ഡം 2 (എ) -ൽ

i) "ഘോഷയാത്ര," എന്ന വാക്കിന് ശേഷം "സത്യാഗ്രഹം,"എന്ന വാക്ക് ചേർക്കുക.

ii) " മറ്റേതൊരു പേരിലും" എന്നീ വാക്കുകൾക്ക് പകരം "മറ്റേതെങ്കിലും പേരിൽ" എന്നീ വാക്കുകൾ ചേർക്കുക.

iii) "രാഷ്ട്രീയമോ ആയ" എന്നീ വാക്കുകൾക്ക് ശേഷം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

iv) "സംഘടനയോ" എന്ന വാക്കിന് ശേഷം "സ്ഥാപനമോ" എന്ന വാക്ക് ചേർക്കുക.

v) "ഒരു പ്രവൃത്തി" എന്നതിനു പകരം "പ്രവൃത്തികൾ" എന്ന് ചേർക്കുക.

253. ഖണ്ഡം 2(ബി)-ൽ "കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ" എന്നതിന് പകരം "കീഴിൽ ഉണ്ടാക്കിയതോ ഉണ്ടാക്കാൻ പോകുന്നതോ ആയ ചട്ടങ്ങളാൽ"എന്നത് ചേർക്കുക.

264. ഖണ്ഡം 2(സി)-ൽ

i) "ആളുടെയോ" എന്ന വാക്കിന് പകരം "വ്യക്തിയുടെയോ" എന്ന വാക്ക് ചേർക്കുക

ii) " യന്ത്രസാമഗ്രി"എന്നതിന് പകരം "വാഹനങ്ങളോ യന്ത്രസാമഗ്രികളോ" എന്ന് ചേർക്കുക.

280. ഖണ്ഡം 2 (സി)-ൽ, "യന്ത്രസാമഗ്രി" എന്നതിനു പകരം "യന്ത്രസാമഗ്രികൾ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 2 (എ) -ൽ "അതുപോലെയുള്ള സംഘം ചേരൽ" എന്നീ വാക്കുകൾക്ക് പകരം " അത് പോലുള്ള നിയമപരമോ അല്ലാത്തതോ ആയ സംഘം ചേരൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

232. ഖണ്ഡം 2(എ) -ൽ " സാമൂഹികമോ" എന്ന വാക്കിനു പകരം " സാമൂഹികപരമോ" എന്ന വാക്കും "രാഷ്ട്രീയമോ" എന്ന വാക്കിനുപകരം "രാഷ്ട്രീയപരമോ" എന്ന വാക്കും ചേർക്കുക.

247. ഖണ്ഡം 2(എ)-ൽ, " നശീകരണമോ" എന്ന വാക്കിനു ശേഷം " കേടുപാടുകളോ" എന്ന വാക്ക് ചേർക്കുക.

270. ഖണ്ഡം 2 (സി)-ൽ, "സ്ഥാപനത്തിന്റെയോ" എന്ന വാക്കിനു ശേഷം "ആരാധനാലയത്തിന്റെയോ" എന്ന വാക്ക് ചേർക്കുക.

278. ഖണ്ഡം 2 (സി)-ൽ, "യന്ത്രസാമഗ്രി" എന്ന വാക്കിനു പകരം "യന്ത്രസാമഗ്രിയോ വാഹനമോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 2(സി)-ൽ "ഏതെങ്കിലും ആളുടെയോ" എന്ന വാക്കുകൾക്ക് ശേഷം "ആളുകളുടേയോ"എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

271. ഖണ്ഡം 2 (സി) -ൽ,

i) "അസ്തിത്വത്തിന്റെയോ" എന്നതിന് പകരം "കൂട്ടായ്മയുടെയോ" എന്ന് ചേർക്കുക.

ii) "കൈവശത്തിലോ" എന്നതിന് പകരം "നിയമാനുസൃത" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 229, 230 എന്നീ നമ്പർ ഭേദഗതികൾ 228-ാം നമ്പർ ഭേദഗതിക്ക് തുല്യവും 252, 254, 255 എന്നീ നമ്പർ ഭേദഗതികൾ 253-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 218, 253, 264, 280 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 232, 247, 270, 278 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

287. ഖണ്ഡം 3-ൽ "വർഗ്ഗീയ ലഹളയിലോ, ഹർത്താലിലോ,

ബന്ദിലോ," എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ഏതെങ്കിലും ലഹള, ബന്ദ് അതു പോലെയുള്ള നിയമ വിരുദ്ധ

പ്രവർത്തനങ്ങളിലോ ഹർത്താലിലോ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

306. ഖണ്ഡം 3-ൽ "നാശനഷ്ടമുണ്ടാക്കുന്ന" എന്ന വാക്കിനു പകരം "നാശനഷ്ടമോ കേടുപാടുകളോ ഉണ്ടാക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

308. ഖണ്ഡം 3-ൽ "എന്തെങ്കിലും" എന്ന വാക്കിനു പകരം "യാതൊരു" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

290. ഖണ്ഡം 3-ൽ

i)"ഘോഷയാത്രയിലോ" എന്ന വാക്കിനു ശേഷം "സത്യാഗ്രഹത്തിലോ" എന്ന വാക്ക് ചേർക്കുക.

ii) "പ്രവൃത്തി" എന്ന വാക്കിനു പകരം "പ്രവൃത്തികൾ" എന്ന വാക്ക് ചേർക്കുക.

307. ഖണ്ഡം 3-ൽ "നാശനഷ്ടമുണ്ടാക്കുന്ന എന്തെങ്കിലും പ്രവൃത്തി" എന്നീ വാക്കുകൾക്ക് പകരം "സ്വകാര്യസ്വത്തിന് നാശനഷ്ടമുണ്ടാക്കുന്ന യാതൊരു പ്രവൃത്തിയും" എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 309-ാം നമ്പർ ഭേദഗതി 308-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 287, 306, 308 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 290, 307 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

312. ഖണ്ഡം 4-ൽ, " ഒരു കുറ്റം" എന്നതിനു പകരം " ഏതു കുറ്റവും" എന്നത് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

313. ഖണ്ഡം 4-ൽ "ഒരു കുറ്റം ചെയ്യുന്നത് പോലീസിന് വീഡിയോ റെക്കോർഡിംഗ്" എന്നീ വാക്കുകൾക്ക് പകരം "ഒരു കുറ്റം ചെയ്യുന്നതിന്റെ വീഡിയോ പോലീസിന് റെക്കോർഡ്" എന്നീ വാക്കുകൾ ചേർക്കുക.

314. ഖണ്ഡം 4-ൽ, "ഒരു കുറ്റം ചെയ്യുന്നത് പോലീസിന് വീഡിയോ റെക്കോർഡിംഗ്" എന്നതിന് പകരം "സ്വകാര്യ സ്വത്തിന് നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തിയുടെ വീഡിയോ പോലീസിന് റെക്കോർഡ്" എന്നീ വാക്കുകൾ ചേർക്കുക.

321. ഖണ്ഡം 4-ൽ, "അങ്ങനെയുള്ള വീഡിയോ റെക്കോർഡിംഗ്" എന്നീ വാക്കുകൾക്ക് പകരം "അപ്രകാരം റെക്കോർഡ് ചെയ്തിട്ടുള്ള വീഡിയോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

315. ഖണ്ഡം 4-ൽ "കുറ്റം ചെയ്യുന്നത് പോലീസിന് വീഡിയോ റെക്കോർഡിംഗ് ചെയ്യാവുന്നതും അങ്ങനെയുള്ള" എന്നീ വാക്കുകൾക്ക് പകരം "കുറ്റം ചെയ്യുന്നതിന്റെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

316. ഖണ്ഡം 4-ൽ, "പോലീസിന്" എന്ന വാക്കിന് പകരം "പോലീസിനോ വ്യക്തികൾക്കോ" എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 313, 314, 321 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

337. ഖണ്ഡം 5-ൽ

i) "ഏതൊരാളെയും" എന്നതിനുപകരം "യാതൊരാളെയും" എന്ന് ചേർക്കുക.

ii) "തടവും" എന്ന വാക്കിന് ശേഷം "ഒരു ലക്ഷം രൂപ" എന്നീ വാക്കുകൾ ചേർക്കുക.

iii)"ശിക്ഷിക്കേണ്ടതാണ്" എന്നതിനുപകരം "ശിക്ഷിക്കാവുന്നതാണ്" എന്ന് ചേർക്കുക.

346. ഖണ്ഡം 5-ൽ "അഞ്ച് വർഷം വരെയാകാവുന്ന തടവും പിഴയും" എന്നീ വാക്കുകൾക്ക് പകരം "അഞ്ച് വർഷം വരെയാകാവുന്നതും എന്നാൽ രണ്ട് വർഷത്തിൽ കുറയാൻ പാടില്ലാത്തതുമായ തടവും പിഴയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

347. ഖണ്ഡം 5-ൽ, "അഞ്ച് വർഷം വരെയാകാവുന്ന തടവും പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്"എന്നതിന് പകരം "അഞ്ച് വർഷം വരെയാകാവുന്ന തടവോ രണ്ട് ലക്ഷം വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്നതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

349. ഖണ്ഡം 5-ൽ, "തടവും" എന്നതിനു ശേഷം, "നിർണ്ണയിക്കാവുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 5-ൽ "തടവും" എന്ന വാക്കിന് ശേഷം "ഒരു ലക്ഷം രൂപ വരെയാകാവുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

354. ഖണ്ഡം 5-ൽ "തടവും" എന്ന വാക്കിന് ശേഷം "നഷ്ടം വരുത്തിയ തുകക്ക് തുല്യമായ" എന്നീ വാക്കുകൾ ചേർക്കുക.

356. ഖണ്ഡം 5-ൽ "പിഴയും" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ രണ്ടും" എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 355-ാം നമ്പർ ഭേദഗതി 356-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 337, 346 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 349-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 354, 356 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

'അഞ്ച്' എന്ന വാക്കിന് പകരം 'ഒരു' എന്ന വാക്ക് ചേർക്കേണ്ടതാണ്.

തീ കൊണ്ടോ സ്ഫോടകവസ്തു കൊണ്ടോ നാശനഷ്ടമുണ്ടാകുന്ന പ്രവൃത്തി

ചെയ്യുന്നതിനുള്ള ശിക്ഷ ചുരുങ്ങിയത് അഞ്ച് വർഷവും പരമാവധി പത്ത് വർഷവുമെന്നാണ് പറഞ്ഞിട്ടുള്ളത്. അഞ്ച് വർഷമെന്നുള്ളത് ഒരു വർഷമെന്നുള്ളതാണ് ഭേദഗതി.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

357. ഖണ്ഡം 6-ൽ

ii) "തീ കൊണ്ടോ" എന്നതിന് ശേഷം "മറ്റെന്തെങ്കിലും" എന്ന വാക്ക് ചേർക്കുക.

iii) "ഏതൊരാളെയും" എന്നത് "യാതൊരാളെയും" എന്നാക്കുക.

379. ഖണ്ഡം 6-ൽ

(i) " കഠിന തടവും" എന്നതിനു ശേഷം " അഞ്ച് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കുക.

(ii)" ശിക്ഷിക്കേണ്ടതാണ് എന്ന വാക്കിനു പകരം "ശിക്ഷിക്കാവുന്നതാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

362. ഖണ്ഡം 6-ൽ "സ്ഫോടക വസ്തു കൊണ്ടോ " എന്നതിനു ശേഷം "ആസിഡ് കൊണ്ടോ" എന്നത് ചേർക്കുക.

375. ഖണ്ഡം 6-ൽ " കഠിന തടവും" എന്നതിനു ശേഷം " നിർണ്ണയിക്കാവുന്ന" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

363. ഖണ്ഡം 6-ൽ "നാശനഷ്ടമുണ്ടാക്കുന്ന" എന്ന വാക്കിനു പകരം "നാശനഷ്ടമോ കേടുപാടുകളോ" എന്നീ വാക്കുകൾ ചേർക്കുക.

380. ഖണ്ഡം 6-ൽ " പിഴയും" എന്ന വാക്കിനു മുൻപിലായി " രണ്ടു ലക്ഷം രൂപവരെയാകാവുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

372. ഖണ്ഡം 6-ൽ " പത്ത് വർഷംവരെ ആകാവുന്നതും എന്നാൽ അഞ്ച് വർഷത്തിൽ കുറയാൻ പാടില്ലാത്തതുമായ കഠിന തടവും പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്" എന്നതിനു പകരം " പത്ത് വർഷം വരെ ആകാവുന്ന തടവോ അഞ്ച് ലക്ഷം വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്നതാണ്" എന്നാക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

376. ഖണ്ഡം 6-ൽ " കഠിന തടവും" എന്നീ വാക്കുകൾക്കു ശേഷം " രണ്ടു ലക്ഷം രൂപ വരെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

378. ഖണ്ഡം 6-ൽ " കഠിന തടവും പിഴയും" എന്നതിനു പകരം " കഠിന തടവും ഒരു ലക്ഷം രൂപയിൽ കുറയാത്ത പിഴയും" എന്നാക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 357 (ii & iii), 379 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 362, 375 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 363, 380 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 372-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 378-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. എം. ഉമ്മറിന്റെ 381-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 7-ൽ "കീഴിൽ ഉള്ള" എന്നീ വാക്കുകൾക്ക് പകരം "കീഴിലുള്ള " എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"അവസരം" എന്ന വാക്കിന് പകരം "അവസരവും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

386. ഖണ്ഡം 8-ൽ "യാതൊരാളെയും" എന്ന വാക്കിന് പകരം "ഏതൊരാളെയും " എന്ന വാക്ക് ചേർക്കുക.

401.ഖണ്ഡം 8-ൽ " ഒന്നു " എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

387. ഖണ്ഡം 8-ൽ "രണ്ട് ജാമ്യക്കാർ ബോണ്ട് വെച്ചുകൊണ്ടും " എന്നതിന് പകരം " രണ്ട് ആൾ ജാമ്യത്തിന്മേലും" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

388. ഖണ്ഡം 8-ൽ "ബോണ്ട് വെച്ചുകൊണ്ടും " എന്നതിന് പകരം " ബോണ്ട് വെച്ചുകൊണ്ടോ" എന്നത് ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

392. ഖണ്ഡം 8-ൽ,

i) "നശിപ്പിക്കപ്പെട്ടതോ നാശനഷ്ടമുണ്ടാക്കപ്പെട്ടതോ ആയ സ്വത്തിന്റെ മൂല്യത്തിന്റെ ഒന്നു പകുതിയിൽ കുറയാതെയുള്ള" എന്നത് നീക്കം ചെയ്യുക.

ii) "അങ്ങനെയുള്ള മോചനത്തിനായുള്ള അപേക്ഷ എതിർക്കുന്നതിന് പ്രോസിക്യൂഷന് ഒരു അവസരം നൽകാതെ" എന്നത് നീക്കം ചെയ്യുക.

iii)"മോചിപ്പിക്കുവാൻ പാടുള്ളതല്ല" എന്നതിന് പകരം "മോചിപ്പിക്കാവുന്നതാണ് " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

393. ഖണ്ഡം 8-ൽ "സ്വത്തിന്റെ" എന്ന വാക്കിനു പകരം "സ്വകാര്യ സ്വത്തിന്റെ" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 389-ാം നമ്പർ ഭേദഗതി 388-ന് തുല്യവും 399, 400, 402 മുതൽ 406 വരെയുള്ള ഭേദഗതികൾ 401-ന് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 386, 401 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 9-ൽ "വ്യവസ്ഥകൾ പ്രകാരമോ ഭൂമിയിന്മേലുള്ള" എന്ന വാക്കുകൾക്ക് പകരം "വ്യവസ്ഥകൾ പ്രകാരം ഭൂമിയിന്മേലുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

411.ഖണ്ഡം 9-ൽ "ആക്റ്റിൻ" എന്ന വാക്കിനു പകരം "നിയമത്തിൻ" എന്ന വാക്ക് ചേർക്കുക.

412.ഖണ്ഡം 9-ൽ "കുറ്റസ്ഥാപനത്തിന്മേൽ" എന്ന വാക്കിനു പകരം "കുറ്റം സ്ഥാപിക്കപ്പെട്ടാൽ" എന്നീ വാക്കുകൾ ചേർക്കുക.

417.ഖണ്ഡം 9-ൽ "ആൾക്കോ" എന്ന വാക്കിനു പകരം "വ്യക്തിക്കോ" എന്ന വാക്ക് ചേർക്കുക.

418.ഖണ്ഡം 9-ൽ "ആൾക്കോ" എന്ന വാക്കിനു ശേഷം "കുടുംബത്തിനോ" എന്ന വാക്ക് ചേർക്കുക.

432. ഖണ്ഡം 9-ൽ "ആക്റ്റ്" എന്ന വാക്കിന് പകരം, "നിയമം" എന്ന വാക്ക് ചേർക്കുക.

434. ഖണ്ഡം 9 -ൽ, "അല്ലെങ്കിൽ 1968 -ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിലെ (1968 -ലെ 15) വ്യവസ്ഥകൾ പ്രകാരമോ ഭൂമിയിന്മേലുള്ള പൊതുനികുതി കുടിശ്ശിക എന്ന പോലെയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

414. ഖണ്ഡം 9-ൽ

i)"കുറ്റസ്ഥാപനത്തിന്മേൽ" എന്നതിനു പകരം "കുറ്റം സ്ഥാപിക്കപ്പെട്ടാൽ" എന്ന് ചേർക്കുക.

ii) "ശിക്ഷാവിധി" എന്നതിനു പകരം "ശിക്ഷ" എന്ന് ചേർക്കുക.

Iii) "അസ്തിത്വത്തിനോ" എന്നതിനു പകരം "കൂട്ടായ്മയ്ക്കോ ഉണ്ടായ" എന്ന് ചേർക്കുക.

iv) "നാശനഷ്ടത്തിനോ നഷ്ടത്തിനോ നശീകരണത്തിനോ" എന്നതിനു പകരം "നാശനഷ്ടത്തിനും നശീകരണത്തിനും" എന്ന് ചേർക്കുക.

v) "ഉണ്ടായ നഷ്ടം സംബന്ധിച്ച് " എന്നത് നീക്കം ചെയ്യുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

415.ഖണ്ഡം 9-ൽ "ആൾക്കോ" എന്ന വാക്കിനു ശേഷം "ആൾക്കാർക്കോ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

422. ഖണ്ഡം 9-ൽ

i) "നഷ്ടത്തിനോ" എന്ന വാക്ക് ഒഴിവാക്കുക.

ii) "അങ്ങനെയുള്ള രീതിയിലും" എന്ന വാക്കുകൾക്ക് ശേഷം വരുന്ന "അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

447. ഖണ്ഡം 9-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക: "എന്നാൽ അങ്ങനെയുള്ള റിപ്പോർട്ട് അതാതു ജില്ലയിലെ കളക്ടർമാർ അംഗീകരിക്കേണ്ടതാണ്."

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

424. ഖണ്ഡം 9-ൽ "അങ്ങനെയുള്ള ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നാക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

433. ഖണ്ഡം 9 -ൽ "പ്രകാരമോ" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിന് ശേഷം "കോടതി നിഷ്കർഷിക്കുന്ന സമയപരിധിയ്ക്കുള്ളിൽ ഒടുക്കാത്തപക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

436. ഖണ്ഡം 9 -ൽ "പൊതുനികുതി" എന്ന വാക്കിനു പകരം "നികുതി"എന്ന വാക്ക് ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 416-ാം നമ്പർ ഭേദഗതി 417-ന് തുല്യവും 425-ാം നമ്പർ ഭേദഗതി 424-ന് തുല്യവും 443 മുതൽ 446 വരെയും 448 മുതൽ 454 വരെയുമുള്ള ഭേദഗതികൾ 447 ന് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 411, 412, 417, 418, 432, 434 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 414-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 415-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 422, 447 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 433, 436 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"മാർജിനൽ ശീർഷകത്തിൽ ഒഴിവാക്കൽ" എന്ന വാക്കിന്

മുമ്പ് "മറ്റ് നിയമങ്ങളുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

455. ഖണ്ഡം 10-ൽ "ആക്റ്റിലെ " എന്ന വാക്കിന് പകരം "നിയമത്തിലെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

456. ഖണ്ഡം 10 താഴെപ്പറയും പ്രകാരം മാറ്റുക:

"10. തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അത് ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമേയും അതിന് ഭംഗം വരാതെയുമായിരിക്കും."

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 11(2)-ൽ, "ആക്റ്റിൽ " എന്ന വാക്കിനു പകരം "നിയമത്തിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

461. ഖണ്ഡം 11(2)-ൽ "ശേഷം, കഴിയുന്നത്ര വേഗം" എന്നതിന് പകരം "തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

464. ഖണ്ഡം 11(2)-ൽ "രൂപഭേദം" എന്ന വാക്കിനു പകരം "ഭേദഗതി" എന്ന വാക്ക് ചേർക്കുക.

465. ഖണ്ഡം 11(2)-ൽ "രൂപഭേദപ്പെടുത്തിയ" എന്ന വാക്കിന് പകരം "ഭേദഗതി വരുത്തിയ" എന്നീ വാക്കുകൾ ചേർക്കുക.

466. ഖണ്ഡം 11(2)-ൽ "എന്തെങ്കിലും രൂപഭേദപ്പെടുത്തലോ" എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലും ഭേദഗതിയോ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 462, 463 എന്നീ നമ്പർ ഭേദഗതികൾ 461 തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 461-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 464, 465, 466 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ......

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

468. ഖണ്ഡം 12(2)-ൽ, "കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ"എന്ന വാക്കിനു ശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

470.ഖണ്ഡം 12(2)-ൽ, "ആക്റ്റിൻ"എന്ന വാക്കിന് പകരം "നിയമത്തിൽ" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 470-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ......

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. ദീർഘ ശീർഷകത്തിൽ

i) "നാശനഷ്ടമുണ്ടാക്കുന്ന" എന്നതിന് പകരം "അക്രമ" എന്ന് ചേർക്കുക.

ii) "ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ" എന്നതിന് പകരം "ഉണ്ടാകുന്ന" എന്ന് ചേർക്കുക.

iii) "നൽകുന്നതിനും" എന്നതിന് പകരം "ഈടാക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ദീർഘ ശീർഷകത്തിൽ "ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ" എന്നീ വാക്കുകൾക്ക് പകരം "ഉണ്ടാകുന്ന" എന്ന വാക്ക് ചേർക്കുക.

140. പീഠികയിൽ "ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ" എന്നീ വാക്കുകൾക്കു പകരം "ഉണ്ടാകുന്ന" എന്ന വാക്ക് ചേർക്കുക.

174. ഖണ്ഡം 1(1)-ൽ " നഷ്ടപരിഹാരം" എന്ന വാക്കിനു ശേഷം " ഈടാക്കി നൽകലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ദീർഘ ശീർഷകത്തിൽ "ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ" എന്നീ വാക്കുകൾക്ക് പകരം "ഇടയ്ക്കിടെയുണ്ടാകുന്ന വ്യാപകമായ" എന്നീ വാക്കുകൾ ചേർക്കുക.

146. പീഠികയിൽ "ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ" എന്നീ വാക്കുകൾക്ക് പകരം "ഇടയ്ക്കിടെയുണ്ടാകുന്ന വ്യാപകമായ" എന്നീ വാക്കുകൾ ചേർക്കുക.

171. ഖണ്ഡം 1(1)-ൽ " ആക്റ്റിന്" എന്ന വാക്കിന് പകരം " നിയമത്തിന്" എന്ന വാക്ക് ചേർക്കുക.

175. ഖണ്ഡം 1(1)-ൽ " ആക്റ്റ്" എന്ന വാക്കിന് പകരം " നിയമം" എന്ന വാക്ക് ചേർക്കുക.

205. ഖണ്ഡം 1(2)താഴെ പറയും പ്രകാരം മാറ്റുക: "(2) ഈ നിയമം ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്"

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ദീർഘ ശീർഷകത്തിൽ "നാശനഷ്ടം തടയുന്നതിനും" എന്നീ വാക്കുകൾക്ക് ശേഷം "ഉടമകൾക്ക്" എന്ന വാക്ക് ചേർക്കുക.

131. ദീർഘ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക: "ജനങ്ങളുടെ അക്രമങ്ങൾ മൂലം സ്വകാര്യസ്വത്തിനു വ്യാപകമായ നാശനഷ്ടം തടയുന്നതിനും, അപ്രകാരം ഉണ്ടാകുന്ന നഷ്ടപരിഹാരം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ നടപടിക്രമങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള"

149. പീഠികയിൽ "നാശനഷ്ടം തടയുന്നതിനും" എന്നീ വാക്കുകൾക്ക് ശേഷം "ഉടമകൾക്ക്" എന്ന വാക്ക് ചേർക്കുക.

184. ഖണ്ഡം 1(2)-ൽ "തീയതി" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനുശേഷം "മുതൽ" എന്ന വാക്ക് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ദീർഘ ശീർഷകത്തിൽ "തടയുന്നതിനും" എന്ന വാക്കിനു ശേഷം "അർഹമായ" എന്ന വാക്ക് ചേർക്കുക.

156. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിനു പകരം "ആവശ്യമായിരിക്കുകയാൽ" എന്നു ചേർക്കുക.

192 ഖണ്ഡം 1(2)ൽ "8-ാം തീയതി"എന്നതിനുശേഷം "മുതൽ" എന്ന് ചേർക്കുക.

199. ഖണ്ഡം 1(2)ൽ "കരുതപ്പെടേണ്ടതുമാണ്" എന്നതിനു പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

202. ഖണ്ഡം 1(2)താഴെ പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്"

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. പീഠികയിൽ

i) "നാശനഷ്ടമുണ്ടാക്കുന്ന" എന്നതിന് പകരം "അക്രമ" എന്ന് ചേർക്കുക.

ii) "ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ" എന്നതിന് പകരം "ഉണ്ടാകുന്ന" എന്ന് ചേർക്കുക.

iii) "തടയുന്നതിനും" എന്നതിന് ശേഷം "നാശനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ" എന്ന് ചേർക്കുക.

iv) "നൽകുന്നതിനും" എന്നതിന് പകരം "ഈടാക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

136. പീഠികയിൽ

i) "നാശനഷ്ടമുണ്ടാക്കുന്ന" എന്ന വാക്കിന് പകരം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

ii) "പ്രവൃത്തികൾമൂലം" എന്നതിന് പകരം "പ്രവൃത്തികൾ മൂലം" എന്ന് ചേർക്കുക.

148. പീഠികയിൽ "വ്യാപകവുമായ" എന്ന വാക്കിന് പകരം "ഏതെങ്കിലും രീതിയിലുള്ള ചെറുതും വലുതുമായ എല്ലാ നാശനഷ്ടങ്ങളും" എന്ന വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 106 മുതൽ 109 വരെ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 132, 133, 134 എന്നീ നമ്പർ ഭേദഗതികൾ 131-ന് തുല്യവും 157 മുതൽ 160 വരെയുള്ള ഭേദഗതികൾ 156-ന് തുല്യവും 185, 186 എന്നീ നമ്പർ ഭേദഗതികൾ 184-ന് തുല്യവും 189, 190, 191 എന്നീ നമ്പർ ഭേദഗതികൾ 192-ന് തുല്യവും 197, 198, 200 എന്നീ നമ്പർ ഭേദഗതികൾ 199-ന് തുല്യവും 201, 203, 204 എന്നീ നമ്പർ ഭേദഗതികൾ 202-ന് തുല്യവും ആകയാൽ അവതരിപ്പിക്കേണ്ടതില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 136-ാം നമ്പർ ഭേദഗതിയിൽ (ii) ഉപഖണ്ഡം സ്വീകരിക്കുന്നു.

ii) "പ്രവൃത്തികൾമൂലം" എന്നതിന് പകരം "പ്രവൃത്തികൾ മൂലം" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രന്റെ 136 (ii)-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 120, 140, 174 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 121, 146, 171, 175, 205 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 124, 131, 149, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 125, 156, 192, 199, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 136 (i), 148 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിലുള്ളപ്പോൾ മറ്റൊരു മന്ത്രി സംസാരിക്കാൻ പാടില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിലുള്ളപ്പോൾ ഏത് മന്ത്രിക്കും ബിൽ അവതരിപ്പിക്കുന്നതിന് മുഖ്യമന്ത്രിക്ക് നിർദ്ദേശം കൊടുക്കാം. അതിനൊരു തടസ്സവുമില്ല. ചട്ടത്തിൽ ഒരു പ്രശ്നവുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ബിൽ അവതരിപ്പിക്കുന്നത് മാത്രമല്ല, സഭയിൽ ഒരംഗം ഇരിക്കുമ്പോൾ ആ അംഗത്തിന് പകരം മറ്റൊരംഗത്തിന് ആക്റ്റ് ചെയ്യാൻ സാധിക്കില്ല. മുഖ്യമന്ത്രി സഭയിലിരിക്കുമ്പോൾ മുഖ്യമന്ത്രിക്കുവേണ്ടി മറ്റൊരു മന്ത്രിക്ക് ബിൽ അവതരിപ്പിക്കാൻ പറ്റില്ല. അതൊക്കെ നമ്മുടെ ചട്ടത്തിനും നിയമത്തിനും വിരുദ്ധമാണ്. അതുകൊണ്ട് മുഖ്യമന്ത്രി തന്നെ പറഞ്ഞാൽ പ്രശ്നം തീരും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗം എന്നാൽ ഗവൺമെന്റ് ബില്ലിന്റെ സംഗതിയിൽ ഏതെങ്കിലും മന്ത്രി എന്നും മറ്റ് ഏതെങ്കിലും സംഗതിയിൽ ബിൽ അവതരിപ്പിച്ച അംഗം എന്നും അർത്ഥമാകുന്നു. ഇതാണ് ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗം എന്നുള്ളതിന്റെ നിർവചനം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. തുടക്കത്തിൽ ഞാൻ ഇല്ലാതിരുന്നതുകൊണ്ട് ആ ക്രമപ്രശ്നം പറയാതിരുന്നതാണ്. ഒരു ബിൽ introduce ചെയ്താൽ, introduce ചെയ്യുന്ന ആൾ തന്നെ വേണം ഈ ബില്ലിന്റെ അടുത്ത ഘട്ടത്തിലും അവതരിപ്പിക്കാൻ. ബിൽ introduce ചെയ്യുന്ന മന്ത്രിയുണ്ട്. ഒരു ബിൽ വരുമ്പോൾ ആ ബിൽ introduce ചെയ്തത് ആരാണെന്ന് പ്രിന്റ് ചെയ്ത് വരും. ഈ ബിൽ introduce ചെയ്തത് മുഖ്യമന്ത്രിയാണ്. ഞാൻ ഒരു വാദത്തിനുവേണ്ടി അംഗീകരിക്കുന്നു, മുഖ്യമന്ത്രി

വേറൊരു മന്ത്രിയെ ചുമതലപ്പെടുത്തുകയും അദ്ദേഹം അവതരിപ്പിക്കുകയും ചെയ്തു. എന്റെ ചോദ്യം ഇതാണ്; മുഖ്യമന്ത്രി സഭയിലിരിക്കുമ്പോൾ മുഖ്യമന്ത്രിക്കുവേണ്ടി വേറൊരാൾ സംസാരിക്കുന്നത് എന്തിനാണ്? മുഖ്യമന്ത്രി സംസാരിക്കും. മുഖ്യമന്ത്രിക്കുവേണ്ടി മറ്റൊരാൾ എന്തിനാണ് ഈ ഭാരം ചുമക്കുന്നത്. അത് വേണ്ട. അങ്ങ് ഇത്രയും ഭാരം ചുമന്ന് വിഷമിക്കരുത്. ഞാൻ അങ്ങയെ സഹായിക്കുകയാണ്. അതുകൊണ്ട് മുഖ്യമന്ത്രിക്കുവേണ്ടി മുഖ്യമന്ത്രി തന്നെ സംസാരിക്കും. മുഖ്യമന്ത്രി അതിന് കെൽപ്പുള്ള ആളാണ്. ഞങ്ങൾക്കത് കേൾക്കാൻ സന്തോഷമാണ്. അതുകൊണ്ട് മുഖ്യമന്ത്രിതന്നെ അവതരിപ്പിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അതിന് യാതൊരു തടസ്സവുമില്ല. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി പൈലറ്റ് ചെയ്യേണ്ട ഏതൊരു നിയമവും മറ്റ് മന്ത്രിമാർ അവതരിപ്പിക്കുന്നതിനായി മാറിക്കൊടുക്കുന്നതിൽ യാതൊരു തടസ്സവുമില്ല. ഈ നിയമംതന്നെ ഇവിടെ പൈലറ്റ് ചെയ്തത് ശ്രീ. ജി. സുധാകരൻ ആണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഗവൺമെന്റ് ബില്ലുകളുടെ കാര്യത്തിൽ മന്ത്രിമാർ മാറി ബില്ലുകൾ പൈലറ്റ് ചെയ്യുന്ന കീഴ്‌വഴക്കം സഭയിലുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് previous consent of the house ആണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

2.00 P.M.]

(iii) 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ബില്ലിനെക്കുറിച്ച് അധികം സംസാരിക്കാനില്ല. അത് സ്വയം വ്യക്തമാണ്. സർവ്വീസിന്റെ ഭാഗമായി വരേണ്ട കാര്യമെന്ന നിലയ്ക്കാണ് ഇത് അവതരിപ്പിക്കുന്നത്.

ഡോ. എം. കെ. മുനീർ: സർ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ സംബന്ധിച്ച വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു.

ബില്ലിന്റെ ഉദ്ദേശ്യകാരണം വിശദീകരിക്കുന്നിടത്ത് പറയുന്നത്, " 2011-ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) 101-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത വകുപ്പിലെ 4-ാം ഉപവകുപ്പിന്റെ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറയുന്ന ശിക്ഷ ഒരു പോലീസുദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമാകുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥ കാരണം മേജർ പെനാൽറ്റി ചുമത്തപ്പെട്ട ഉദ്യോഗസ്ഥരും സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുന്നതായും പ്രൊമോഷൻ നേടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. സർക്കാർ ആയത് വിശദമായി പരിശോധിക്കുകയും പ്രസ്തുത സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനായി 2011-ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) 101-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു" എന്നാണ്. പിഴ, ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള അധികജോലി, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക, ബന്ധപ്പെട്ട കക്ഷിക്കുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക, ജോലിയും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുക, നിശ്ചിത പ്രത്യേക ജോലി

ചെയ്യുന്നതിൽനിന്നോ നിശ്ചിത പ്രത്യേക പദവി നൽകുന്നതിൽനിന്നോ നിരോധിക്കുക, താക്കീത്, ശാസന, സഞ്ചിത ഫലത്തോടെയല്ലാതെയുള്ള ഇൻക്രിമെന്റ് തടയൽ, സഞ്ചിത ഫലത്തോടെയുള്ള ഇൻക്രിമെന്റ് തടയൽ എന്നിവയാണ് ഈ ആക്ടിലെ 101-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പിലെ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറയുന്ന ശിക്ഷകൾ. ഈ ശിക്ഷണനടപടികൾ സാധാരണയായി ഒരു പോലീസുദ്യോഗസ്ഥന്റെ പ്രൊമോഷനെ തടസ്സമായി പരിഗണിക്കാൻ പാടുള്ളതല്ലെന്ന വ്യവസ്ഥ ഒഴിവാക്കുന്നത് പോലീസ് സേനയിൽ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്ന കാരണത്താലാണ് ഞാൻ ഈ വിയോജിപ്പ് കൊടുത്തിട്ടുള്ളത്.

പോലീസ് സേനയിൽ ഡ്രില്ല് അടക്കമുള്ള കാര്യങ്ങളിൽ ഇത്രയും ലഘുവായ ശിക്ഷ ലഭിക്കാത്ത എത്ര ഉദ്യോഗസ്ഥരുണ്ടാകും? അങ്ങനെ വരികയാണെങ്കിൽ പോലീസ് സേനയിൽ ആർക്കും പ്രൊമോഷൻ ലഭിക്കാത്ത അവസ്ഥാവിശേഷമാണ് ഇതിലൂടെ ഉണ്ടാകാൻ പോകുന്നത്. പ്രൊമോഷൻ ലഭിക്കാത്ത പോലീസുദ്യോഗസ്ഥർ അവരുടെ frustration മുഴുവൻ നാട്ടുകാരുടെ പുറത്ത് പെരുമാറി തീർക്കുമെന്നുള്ളതാണ് ഞങ്ങൾ ഭയപ്പെടുന്നത്. ഈ നിയമത്തിന്റെ ചുവടുപിടിച്ച് പല ഉയർന്ന പോലീസുദ്യോഗസ്ഥരും സേനാംഗങ്ങളെക്കൊണ്ട് ആവശ്യമില്ലാത്ത എല്ലാ പണികളും ചെയ്യിക്കാനുള്ള സാഹചര്യമുണ്ടാകും. ഇത്തരം സംഭവങ്ങൾ സാധാരണയായി ഇവിടെ നടക്കുന്നുവെന്നുള്ളത് ഈ നിയമസഭയിൽത്തന്നെ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ നിയമം വരുന്നതിനുമുമ്പ് ഇത്തരം ലഘുശിക്ഷകൾക്ക് വിധേയനായ ഒരുദ്യോഗസ്ഥനെപ്പോലും തുടർന്നുള്ള പ്രൊമോഷൻ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്നും ഇത്തരത്തിൽ മുൻകാല പ്രാബല്യം വരുന്നതുതന്നെ നിയമവിരുദ്ധമാണെന്നും ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. മേലുദ്യോഗസ്ഥന്മാരുടെ ആവശ്യത്തിനുവേണ്ടി എത്രയോ പോലീസുദ്യോഗസ്ഥന്മാരെ ഉപയോഗപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. കൊച്ചിയിലെ ഒരു എസ്.പി., അദ്ദേഹത്തിന്റെ മകളുടെ മകന്റെ വിവാഹത്തിന് വസ്ത്രാഭരണങ്ങൾ വാങ്ങി പെൺവീട്ടിൽ കൊണ്ടുകൊടുക്കുന്നത് മുതൽ വിവാഹ ചടങ്ങ് നടക്കുന്നതുവരെ ഒരു വനിതാ പോലീസ് അടക്കം നാല് പോലീസുദ്യോഗസ്ഥരെ ഉപയോഗിച്ചുവെന്നുള്ള കാര്യം ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. അതേ ആളുതന്നെ പിന്നീട് തോട്ടം മേഖലയിൽ പണിയെടുക്കുന്ന ഒരു സി.ഐ.-യെ അദ്ദേഹത്തോടുള്ള വൈരാഗ്യം തീർക്കുന്നതിനുവേണ്ടി രാവിലെ മുതൽ വൈകുന്നേരം വരെ എസ്.പി. ഓഫീസിൽ ശിക്ഷയോടുകൂടി നിർത്തിച്ചുവെന്നുള്ളതും നമ്മൾ കേട്ടിട്ടുള്ളതാണ്. ഇങ്ങനെ ധാരാളം കാര്യങ്ങളുണ്ട്. ഇനിയിപ്പോൾ മേലുദ്യോഗസ്ഥനെ പരിഗണിക്കാത്ത പോലീസുദ്യോഗസ്ഥരുടെ

പേരിൽ ശിക്ഷാനടപടിയുണ്ടാക്കിയോ, ഒരു ഡ്രില്ലിൽ ശരിയായ രീതിയിൽ നിന്നില്ലെന്നോ, അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണം പറഞ്ഞോ അയാളുടെ പേരിൽ ശിക്ഷയുണ്ടാക്കുകയും പ്രൊമോഷൻ തടസ്സപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യമുണ്ടാകും. മേലുദ്യോഗസ്ഥന്മാർ പല തരത്തിലുള്ള കൊലപാതകങ്ങളും ഇവിടെ നടത്തിയില്ലേ? വരാപ്പുഴയിലെ ശ്രീജിത്ത്, നെടുങ്കണ്ടം രാജ്കുമാർ, നൂറനാട് രാജൻ, ഈരാറ്റുപേട്ട നസീർ, വണ്ടൂർ അബ്ദുൾ ലത്തീഫ്, തലശ്ശേരിയിലെ കാളിമുത്തു തുടങ്ങിയ എത്രയോ ആളുകൾ ലോക്കപ്പിൽ മരണപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായി. അത്തരത്തിലുള്ള ആളുകൾക്കൊന്നും യാതൊരു കുഴപ്പവുമില്ല. അതിനൊക്കെ നേതൃത്വം കൊടുത്തവർക്ക് നല്ല പോസ്റ്റുകളിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. എന്നാൽ താഴെത്തട്ടിലുള്ള പോലീസുദ്യോഗസ്ഥർ തന്റെ ഇംഗിതത്തിനനുസരിച്ച് നിൽക്കുന്നില്ലെന്ന് കണ്ടാൽ അവർക്കെതിരെ ശിക്ഷണനടപടിയുണ്ടാകും. യൂണിവേഴ്സിറ്റി കോളേജുമായി ബന്ധപ്പെട്ട മാർക്ക് തട്ടിപ്പ് കേസ്സിലും കുത്ത് കേസ്സിലുമൊക്കെ പ്രതിയായ നസീമിനോട് കയർത്തു അല്ലെങ്കിൽ അദ്ദേഹത്തിന്റെ വാഹനം തടസ്സപ്പെടുത്തിയെന്ന കാരണത്താൽ ഒരു പോലീസുദ്യോഗസ്ഥനെതിരെ ശിക്ഷണനടപടിയുണ്ടായി. അദ്ദേഹത്തിന്റെ പേരിൽ വ്യാജ ഐ.ഡി. ഉണ്ടാക്കി മുഖ്യമന്ത്രിക്കെതിരെ ഫെയ്സ് ബുക്ക് പോസ്റ്റിട്ടുവെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ പേരിൽ കേസ്സെടുക്കുകയും സസ്പെന്റ് ചെയ്യുകയുമുണ്ടായി. ഇങ്ങനെ പല ഉദ്യോഗസ്ഥരും അവരുടെ ഇഷ്ടത്തിനനുസരിച്ച് ആളുകളെ പ്രൊമോട്ട് ചെയ്യാനും അല്ലാത്തവരെ നരകയാതന അനുഭവിപ്പിക്കുന്ന അവസ്ഥയുണ്ടാക്കാനും ഈ പ്രശ്നങ്ങളൊക്കെ മറ്റുള്ളവരുടെമേൽ കെട്ടിവയ്ക്കാനുമുള്ള ശ്രമമുണ്ടാകും. പോലീസിലെ യഥാർത്ഥ കുറ്റവാളികൾ ആരാണെന്ന് കണ്ടുപിടിക്കുന്നതിനുള്ള സംവിധാനമാണ് നമ്മൾ നോക്കേണ്ടത്. അല്ലാതെ പോലീസ് ആക്ടിൽ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്ന് പോലീസ് സേനയുടെ മുഴുവൻ ധാർമ്മികതയും നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കരുത്. സംഘ പരിവാറിന് ഒറ്റിക്കൊടുക്കുന്ന ആളുകൾ ശബരിമല വിഷയത്തിലുണ്ടായിട്ടുണ്ട്, അത് ഗൗരവമായി കാണേണ്ട കാര്യമാണ് എന്നാണ് ശബരിമല വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ആർ.എസ്.എസ്. സെൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനായി അന്നത്തെ ഇന്റലിജൻസ് ഡി.ജി.പി. ആയ ശ്രീ. മുഹമ്മദ് യാസിനെ നിയോഗിച്ചുകൊണ്ട് അന്വേഷണം നടത്തി. അതിന്റെ റിപ്പോർട്ടിന് എന്ത് സംഭവിച്ചു? ആർ.എസ്.എസ്. പ്രചരണം നടത്തുന്നതിനുവേണ്ടി തത്വമസി എന്നൊരു വാട്സ് ആപ് ഗ്രൂപ്പുണ്ടാക്കി കന്യാകുമാരിയിൽ വിവേകാനന്ദപ്പാറയ്ക്കരുകിൽ കുറേ പോലീസുകാർ ഒരുമിച്ചുകൂടി പരിശ്രമിച്ചുവെന്ന് പറയുന്ന വിഷയം ഞാൻ തന്നെ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. അതിനുശേഷം അടൂരിൽ എസ്.ഡി.പി.ഐ. മുസ്ലീം നാമധാരികളെന്ന് സ്വയം

വിശേഷിപ്പിക്കുന്ന മതമൗലികവാദികൾ, പച്ചവെളിച്ചം എന്ന മറ്റൊരു ഗ്രൂപ്പ് പോലീസിനിടയിലുണ്ടെന്ന് മനസ്സിലാക്കി അതിനെക്കുറിച്ചുള്ള അന്വേഷണം നടത്തി. പച്ചവെളിച്ചം എന്നുപറയുന്നവർ എസ്.ഡി.പി.ഐ.-യുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി പോലീസ് സേനയ്ക്കകത്ത് പ്രവർത്തിച്ചു. പിന്നീട് ചോദ്യം ചെയ്യുകയും അതിനെക്കുറിച്ച് അന്വേഷണം വരികയും ചെയ്തപ്പോൾ പച്ചവെളിച്ചമെന്ന വാട്സ് ആപ് ഗ്രൂപ്പിന്റെ പേര് നിലാവെളിച്ചം എന്നാക്കിമാറ്റി. ഇപ്പോഴും ഇത്തരത്തിലുള്ള സംഘ പരിവാറിന്റെ ആളുകളും അതിന്റെ തത്വത്തെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവരും എസ്.ഡി.പി.ഐ.-യുടെ തത്വത്തെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവരും പോലീസ് സേനയിലുണ്ടോയെന്ന് സംശയിക്കേണ്ടതുണ്ടെന്ന് പറഞ്ഞത് ഞങ്ങളല്ല, ശബരിമല വിഷയവുമായി ബന്ധപ്പെട്ട് സംഘ പരിവാറിന് ഒറ്റിക്കൊടുക്കുന്നവർ പോലീസ് വകുപ്പിനകത്തുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞതാണ്. ഇത്തരത്തിലുള്ള ഗൗരവമായ കാര്യങ്ങളിൽ ഇടപെടുന്നവർക്കുള്ള ശിക്ഷാനടപടി സംബന്ധിച്ച് ബില്ലിൽ പറയുന്നില്ല. അവരൊക്കെ ഓരോ പഴുതുകളിലൂടെ രക്ഷപ്പെടുന്നു. എന്നാൽ ഒരു ഡ്രില്ലിൽപോലും പങ്കെടുക്കാതെ പോയവരോ, അല്ലെങ്കിൽ വളരെ ലളിതമായിട്ടുള്ള ശിക്ഷാവിധിക്ക് വിധേയമായവരോ പ്രൊമോഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥ വരികയോ ചെയ്തവരുണ്ടാകും. യഥാർത്ഥത്തിൽ ഇതിനെയൊക്കെ തകർക്കാൻ ശ്രമിക്കുന്ന, ഇതിന്റെ മുകൾപ്പരപ്പിലുള്ള ആളുകൾ രക്ഷപ്പെടുകയും ചെയ്യുന്ന സാഹചര്യം അനുവദിക്കാൻ പാടില്ല. വരാപ്പുഴ ശ്രീജിത്തിന് നഷ്ടപരിഹാരം കൊടുക്കുന്ന സമയത്ത് ക്യാബിനറ്റിനകത്തുതന്നെയുള്ള ചില ആളുകൾ നടത്തിയിട്ടുള്ള പരാമർശങ്ങൾ പിന്നീട് പുറത്തുവരികയുണ്ടായി. 'തല്ലിക്കൊല്ലാൻ പോലീസും നഷ്ടം നൽകാൻ സർക്കാരും ഇത് ഇനി വകവച്ചുകൊടുക്കാൻ പാടില്ലായെന്ന്' പറയുന്ന അഭിപ്രായപ്രകടനമുണ്ടായി. യഥാർത്ഥത്തിൽ ഇത് ആര് പറഞ്ഞുവെന്നതിനെക്കുറിച്ച് ഞാൻ സൂചിപ്പിക്കുന്നില്ല. ഏതായാലും ഇടുക്കിയിലെയും എറണാകുളത്തെയും സി.പി.ഐ. തന്നെ പോലീസിനകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ ഉയർത്തിപ്പിടിച്ച് അവരുടെ പരാതി പറയുകയുണ്ടായി. ശ്രീ. എൽദോ എബ്രഹാം എം.എൽ.എ.-യ്ക്കുണ്ടായ അനുഭവം തന്നെ ഒരു വലിയ കാര്യമാണ്. അദ്ദേഹം പോലീസിന്റെ സ്നേഹവായ്പിന് പാത്രീഭൂതനായിട്ടുള്ള ഒരു വ്യക്തിയാണ്. ഒരു ഉറുമ്പിനെപ്പോലും നോവിക്കാൻ ത്രാണിയില്ലാത്ത ഒരു എം.എൽ.എ.-യെ പോലീസുകാർ ആക്രമിച്ചതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. ഇപ്പോൾ അദ്ദേഹത്തിന്റെ വിവാഹം ഉറപ്പിച്ചിരിക്കുകയാണ്. അദ്ദേഹം തെരഞ്ഞെടുത്തിരിക്കുന്നത് ഒരു ആയുർവ്വേദ ഡോക്ടറെയാണ്. അതിനുകാരണം ഭാവിയിൽ വരാനിരിക്കുന്ന പ്രശ്നങ്ങളെ മുൻകൂട്ടിക്കണ്ട് വീട്ടിൽ വച്ചുതന്നെ ഉഴിച്ചിൽ നടത്താനുള്ള ഒരു ദീർഘവീക്ഷണം അദ്ദേഹത്തിനുണ്ടായതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കാൻ കൂടി ഈയവസരം ഉപയോഗപ്പെടുത്തുകയാണ്. ഏതായാലും നമുക്ക് പറയാനുള്ള

കാര്യങ്ങൾ വെട്ടിത്തുറന്ന് പറയാനുള്ള വേദി എന്നുള്ള നിലയ്ക്ക്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരം കാര്യങ്ങളെ അതിന്റെ സ്പിരിറ്റിൽ എടുക്കുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണം, അദ്ദേഹത്തെക്കുറിച്ച് അദ്ദേഹത്തിന്റെ അനുയായികൾ പറഞ്ഞുകൊണ്ടിരിക്കുന്നത് ഇതിനൊക്കെ പോകുന്ന ഒരാളാണ്; തന്റേടത്തോടുകൂടി പോലീസിനെ കൈകാര്യം ചെയ്യാൻ പറ്റുന്ന ആളാണ്; എന്നൊക്കെ പറയുമ്പോൾ ഉണ്ടാകുന്ന ഒരു ആത്മവിശ്വാസം അദ്ദേഹത്തിനുണ്ടാകേണ്ടതാണ്. അദ്ദേഹത്തിന്റെ ചില ഉപദേശകന്മാർ ഉണ്ടാക്കുന്ന പ്രശ്നങ്ങളാണ് ഇപ്പോഴുമുള്ളത്. സത്യത്തിൽ ഇപ്പോൾ ഇന്റലിജൻസ്, ഡി.ജി.പി. എന്നീ വിഭാഗങ്ങൾ ഒരു നോക്കുകുത്തിയാണ്. അതിന്റെ മുകളിലൊക്കെ ഇരിക്കുന്ന ഉപദേശകന്മാർ ഇതിനെയൊക്കെ നിയന്ത്രിക്കുകയും ഇന്റലിജൻസ് റിപ്പോർട്ടുപോലും അവരുടെ കൈകളിലൂടെ മാത്രമേ പോകാൻ പാടുള്ളൂവെന്ന് പറയുമ്പോഴും ഇന്റലിജൻസ് മേധാവിക്ക് പിന്നെ എന്ത് ഉത്തരവാദിത്വമാണ് ഈ രാജ്യത്ത് നിർവ്വഹിക്കാനുള്ളത്? ഇന്റലിജൻസ് മേധാവിക്ക് ഇന്റലിജൻസിന്റേതായിട്ടുള്ള സ്വാതന്ത്ര്യവും ഡി.ജി.പി.-ക്ക് ഡി.ജി.പി.-യുടേതായിട്ടുള്ള സ്വാതന്ത്ര്യവും കൊടുത്തുകൊണ്ട് അതിന്റെയൊക്കെ മുകളിൽ ഇതിനെയൊക്കെ ഉപദേശിക്കുന്ന ഒരാൾ നിൽക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഡി.ജി.പി. പറയുന്നതാണോ ഇന്റലിജൻസ് മേധാവി പറയുന്നതാണോ അതോ അദ്ദേഹത്തിന്റെ കൂടെയിരിക്കുന്ന ഉപദേശകൻ പറയുന്നതാണോ കേൾക്കേണ്ടത് എന്നുള്ള ഒരു വിഭ്രമം വരും. അത് വരാതിരിക്കണമെങ്കിൽ അങ്ങ് നേരിട്ട് പോലീസിന്റെ നിയന്ത്രണം ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പോലീസ് ആക്ട് ഉണ്ടായതുകൊണ്ടുമാത്രം കാര്യമില്ല. പോലീസ് ആക്ടിൽ പറഞ്ഞതനുസരിച്ച്, ആ ആക്ടിന്റെ വരുതിയിൽ എല്ലാവരെയും നിർത്തുന്ന രീതിയിലുള്ള ഒരു ആഭ്യന്തര വകുപ്പുമന്ത്രിയായി അങ്ങ് മാറിയാൽ മാത്രമേ ക്രമസമാധാനപരിപാലനം ശക്തിപ്രാപിക്കൂ. അല്ലാതെ ചുറ്റും നിൽക്കുന്ന ഉപദേശകന്മാർ പറയുന്നത് മുഖവിലയ്ക്കെടുക്കുകയാണെങ്കിൽ ധാരാളം അടിയന്തരപ്രമേയങ്ങൾക്ക് ഇനിയും അങ്ങ് മറുപടി പറഞ്ഞുകൊണ്ടിരിക്കേണ്ടിവരും. ഏറ്റവും കൂടുതൽ അടിയന്തരപ്രമേയം ഇപ്പോൾ വരുന്നത് ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ടുള്ളതാണ്. ഇനി അങ്ങനെയുള്ള ഒരവസരമുണ്ടാകാതിരിക്കാൻ വേണ്ടി ഈ പോലീസ് ആക്ട്-നെ സമ്പൂർണ്ണ അർത്ഥത്തിൽ ഭേദഗതി ചെയ്തുകൊണ്ട് യഥാർത്ഥ പോലീസ് സേനയുടെ ആത്മവീര്യം നഷ്ടപ്പെടാത്ത രീതിയിൽ പുനർനിർവ്വചിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ദീർഘമായി ഞാൻ പറയുന്നില്ല. കാരണം ഇന്നത്തെ സമയത്തിന്റെ പരിമിതി എനിക്കറിയാം.

ഒരു കാര്യംകൂടി എനിക്ക് സൂചിപ്പിക്കാനുണ്ട്. കേരള പോലീസുമായി ബന്ധപ്പെട്ടിട്ടുള്ളതല്ലെങ്കിലും ആഭ്യന്തര വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന

മന്ത്രിയെന്നുള്ള നിലയ്ക്ക് അങ്ങ് ചെയ്യേണ്ട കാര്യമാണ്. പ്രവേശന പരീക്ഷയിൽ ഫസ്റ്റ് റാങ്ക് ലഭിച്ച് ചെന്നൈ IIT (Indian Institute of Technology)-യിൽ പ്രവേശനം നേടിയതാണ് കൊല്ലം ജില്ലയിലെ ഫാത്തിമ ലത്തീഫ് എന്ന പെൺകുട്ടി. രോഹിത് വെമുലയ്ക്ക് ഒക്കെ സംഭവിച്ചതുപോലെ, ഐഡന്റിറ്റി ചോദ്യം ചെയ്യപ്പെട്ടതിന്റെ ഫലമായി ആ പെൺകുട്ടി ആത്മഹത്യ ചെയ്യുകയുണ്ടായി. ഇതിന്റെ കാരണക്കാർ ആരാണ്, ഈ പേരുള്ളതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നൊക്കെ അവർതന്നെ എഴുതിവച്ചിരിക്കുന്നു. തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് മരണപ്പെട്ടുപോയ ഈ കുട്ടിയുടെ കുടുംബത്തിന് നീതി ലഭിക്കുന്നതിനുവേണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയെന്നുള്ള നിലയ്ക്ക് അങ്ങ് ശക്തമായി ഇടപെടണം എന്നുകൂടി സാന്ദർഭികമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

വരാപ്പുഴ വിഷയത്തിനുപുറമെ, പോലീസ് സേനയുടെ വിവിധ വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്തപ്പോൾ രണ്ട് പോലീസുകാർ കൊടുത്ത ഉഭയകക്ഷി സമ്മതപ്രകാരമാണ് 8 വയസ്സുള്ള ഒരു കുട്ടി ബലാൽക്കാരത്തിന് വഴിപ്പെട്ടുകൊടുത്തത് എന്നൊക്കെ എഴുതുന്ന ആൾക്കാർക്കൊന്നും യാതൊരു തരത്തിലുള്ള പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടി വരുന്നില്ല. അതാണ് ഞാൻ പറഞ്ഞത്, ഇതിൽ യഥാർത്ഥ കുറ്റവാളി കുറ്റവാളിയായിത്തന്നെ താക്കോൽ സ്ഥാനങ്ങളിലിരിക്കുന്നു. അതേസമയം താഴെത്തട്ടിലുള്ള പോലീസുകാർക്ക് ഒരു പ്രൊമോഷൻപോലും സാദ്ധ്യമല്ലാത്ത രീതിയിൽ ലഘുവായ കാരണം പറഞ്ഞ് അത് തടസ്സപ്പെടുത്തുന്നു. വാളയാറുമായി ബന്ധപ്പെട്ട വിഷയത്തിൽ, CWC-യുടെ പേരിലുള്ള എൻക്വയറി ഇപ്പോഴും ആരംഭിച്ചിട്ടില്ല. അദ്ദേഹത്തിനെതിരെയുള്ള നടപടി വന്നിട്ടുള്ളത് മഹിളാസമിതിക്ക് കൊടുത്ത മറ്റൊരു കേസിലാണ്. അപ്പോൾ CWC-യെപ്പോലുള്ള ആളുകളെ പോലീസുതന്നെ കൈകാര്യം ചെയ്യുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അതിൽ ഒരു എൻക്വയറി നടത്തി അദ്ദേഹം തെറ്റുകാരനാണെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിക്കാൻ കഴിയുന്ന ഒരു പോലീസ് സേനയെ നമുക്ക് ആവശ്യമുണ്ട്. ആ രീതിയിൽ ഈ ആക്ടിനെ സമ്പൂർണ്ണമാക്കാൻ സാധിക്കാതെ പോയതിലുള്ള വിഷമം ഇവിടെ രേഖപ്പെടുത്തിക്കൊണ്ട് ഈ വിയോജനക്കുറിപ്പിനെ ശക്തമായി ഞാൻ ഒരിക്കൽകൂടി ഇവിടെ അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

റൂൾ ബുക്ക്-78-ൽ, ബിൽ പരിഗണനയ്ക്കെടുക്കണമോ പാസ്സാകണമോയെന്നുള്ള യാതൊരു പ്രമേയവും ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗമല്ലാതെ മറ്റേതെങ്കിലും അംഗം കൊണ്ടുവരാൻ പാടില്ലാത്തതും ബിൽ അതത് സംഗതികൾപോലെ ഒരു സെലക്ട് കമ്മിറ്റിക്ക് വിടണമോ അതോ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്നോ അല്ലെങ്കിൽ അതിന്മേൽ അഭിപ്രായം ആരായുന്നവർക്ക് സർക്കുലേറ്റ് ചെയ്യണമെന്നോ എന്നുള്ള യാതൊരു പ്രമേയവും ചുമതല വഹിക്കുന്ന അംഗം കൊണ്ടുവന്ന പ്രമേയത്തിന്റെ ഭേദഗതിയെന്നുള്ള നിലയിലല്ലാതെ മറ്റൊരംഗം കൊണ്ടുവരാൻ പാടില്ലാത്തതാണ്. ഇത് അങ്ങയുടെ നേരത്തെയുള്ള റൂളിംഗ് ആണ്. ഇതിന്റെ പ്രൊവൈസോ കൂടി നോക്കാം. ഈ പ്രൊവൈസോ കൂടി നോക്കിയാൽ അങ്ങയുടെ റൂളിംഗ് നിലനിൽക്കില്ലെന്ന് വിനയപൂർവ്വം ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. കാരണം, അത് സസ്റ്റെയിനബിളല്ല. റൂൾ ബുക്കിന് വിരുദ്ധമാണ്. രണ്ടാമത്തെ കാര്യം, ചീഫ് മിനിസ്റ്റർ സീറ്റിലിരിക്കെ ചീഫ് മിനിസ്റ്റർക്കുവേണ്ടി മറ്റൊരു അംഗത്തിന് ബിൽ അവതരിപ്പിക്കാൻ കഴിയില്ല. വ്യക്തമായ നിബന്ധനകൾ അനുസരിച്ചാണ് ഈ സഭ നടന്നുപോകുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആ വിഷയം കഴിഞ്ഞു. ഇത് പുതിയ ബില്ലാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നിബന്ധനകൾക്ക് വിരുദ്ധമായി ഒരു റൂളിംഗും നിലനിൽക്കുകയില്ല. അത് പിന്നീട് അങ്ങ് പരിശോധിച്ചാൽ മതി.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, മന്ത്രിസഭയിലെ ആർക്കും ചുമതല കൊടുത്ത് നിർവ്വഹിക്കുന്നതിൽ തടസ്സമില്ല. ഇവിടെ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ചുമതല കൊടുത്തത് നിയമവും പാർലമെന്ററികാര്യവും വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്കാണ്. 1994-ൽ അങ്ങ് ഈ സഭയിൽ ഉണ്ടായിരുന്നില്ലേ? 1994-ൽ പഞ്ചായത്ത് രാജ് ആക്ട് (ഭേദഗതി) ബിൽ ഇവിടെ ശ്രീ. സി. ടി. അഹമ്മദ് അലിക്കുവേണ്ടി അവതരിപ്പിച്ചത് അന്ന് നിയമ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണിയായിരുന്നില്ലേ? അങ്ങനെ എത്രയോ പ്രീസിഡന്റ്സ് ഇവിടെ ഉണ്ടായിട്ടുണ്ട്. അങ്ങ് പറയുന്ന കാര്യങ്ങളല്ല ഇവിടെ നടന്നുവന്നിട്ടുള്ളത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാന്യനായ എസ്. ശർമ്മ സഭയെ മിസ് ലീഡ് ചെയ്യുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചത്, ചീഫ് മിനിസ്റ്റർ സീറ്റിലിരിക്കുന്നുവെന്നാണ്. അദ്ദേഹം സഭയിൽ ഇല്ലെങ്കിൽ ആരെയെങ്കിലും ആതറൈസ് ചെയ്യാം. അദ്ദേഹം സീറ്റിലിരിക്കുമ്പോൾ, സഭയിലുള്ളപ്പോൾ ബിൽ പൈലറ്റ് ചെയ്യുകയെന്നുള്ളത് അദ്ദേഹത്തിന്റെ പ്രിവിലേജാണ്. അദ്ദേഹം സീറ്റിലുണ്ടെങ്കിൽ വേറെ ആർക്കും അതിന് അവകാശമില്ല. അതാണ് സഭയുടെ കീഴ്വഴക്കം. അത് ബഹുമാനപ്പെട്ട ശർമ്മ മനസ്സിലാക്കണം.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, അന്ന് ശ്രീ. സി. ടി. അഹമ്മദ് അലിക്കുവേണ്ടി പഞ്ചായത്ത് രാജ് ആക്ട് (ഭേദഗതി) ബിൽ അവതരിപ്പിച്ചത് നിയമ വകുപ്പുമന്ത്രി കെ. എം. മാണിയായിരുന്നില്ലേ...........(മൈക്ക് ഓഫ്)..........

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഇവിടെ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സീറ്റിലിരിക്കുകയാണ്. അന്ന് ശ്രീ. സി. ടി. അഹമ്മദ് അലി സഭയിൽ ഇല്ലായിരുന്നു, അതുകൊണ്ടാണ്. ഈ സഭയ്ക്ക് ഒരു കീഴ്വഴക്കമുണ്ട്. ദയവായി അങ്ങ് മിസ് ലീഡ് ചെയ്യാൻ ശ്രമിക്കരുത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട ശർമ്മ വളരെ സീനിയറായിട്ടുള്ള ആളാണ്. ഞാൻ അദ്ദേഹത്തിന്റെ സീനിയോറിറ്റിയെ പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇക്കാര്യത്തിൽ ശ്രീ. ശർമ്മ സ്വീകരിച്ച നിലപാട് ശരിയല്ല. ഒരംഗം ഹൗസിൽ ഇരിക്കുമ്പോൾ ആ അംഗത്തിനുവേണ്ടി വേറൊരാൾക്ക് സംസാരിക്കാൻ സാധിക്കുകയില്ല. ശ്രീ. ശർമ്മ സീറ്റിൽ ഇരിക്കുമ്പോൾ ശ്രീ. ശർമ്മയ്ക്കുവേണ്ടി എനിക്ക് സംസാരിക്കാൻ സാധിക്കില്ല. You are eligible in competent. ഞാൻ ഡിസെന്റിംഗ് നോട്ട് കൊടുത്താൽ എനിക്കുപകരം വേറൊരാൾക്ക് സംസാരിക്കാൻ സാധിക്കുമോ; അങ്ങനെയൊരു നിയമമുണ്ടോ; ഡിസെന്റ് എഴുതുന്നയാൾതന്നെ അത് അവതരിപ്പിക്കണം. എനിക്കത് വേറൊരാളിനെ ഏൽപ്പിക്കാൻ സാധിക്കുമോ; സാധിക്കില്ല. അത് നിയമമാണ്, വ്യവസ്ഥയാണ്. അതുകൊണ്ട് അങ്ങ് നൽകിയ ഈ റൂളിംഗ് പുനഃപരിശോധിക്കുമെന്നാണ് എന്റെ വിശ്വാസം. അല്ലെങ്കിൽ അങ്ങ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് അറിയിച്ചാൽ മതി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: കഴിഞ്ഞ ബില്ലുമായി ബന്ധപ്പെട്ട വിഷയമാണ് പറയുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ശ്രീ. ശർമ്മ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഏതൊരു മന്ത്രിയെയും ചുമതലപ്പെടുത്താനുള്ള അധികാരമുണ്ട്, സംശയമില്ല. പക്ഷെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇരിക്കുമ്പോൾ മറ്റൊരു മന്ത്രി അദ്ദേഹത്തിന്റെ ബിൽ അവതരിപ്പിക്കുന്നത് കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമാണ്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയേണ്ട സമയത്ത് വരാൻ കഴിയുന്നില്ലെങ്കിൽ വേറൊരാളിനെ ചുമതലപ്പെടുത്താം. സീറ്റിലിരുന്നുകൊണ്ട് വേറൊരാളെ ചുമതലപ്പെടുത്താറില്ല. സഭയുടെ കീഴ്വഴക്കം അതാണ്. റൂളിംഗ് നൽകിയെങ്കിലും അങ്ങ് അത് പുനഃപരിശോധിക്കണം. നാളെ ഇങ്ങനെയൊരു കീഴ്വഴക്കം ഉണ്ടാകാൻ പാടില്ല. ഇതുവരെ ഉണ്ടായിട്ടില്ല. കെ. എം. മാണി ബിൽ അവതരിപ്പിച്ചപ്പോൾ ശ്രീ.സി. ടി.

അഹമ്മദ് അലി സഭയിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അങ്ങ് റിക്കോർഡ് പരിശോധിക്കണം. റൂളിംഗ് നൽകുമ്പോൾ നാളെ അതൊരു കീഴ്വഴക്കമായി മാറരുത്. So I request to the Hon'ble chair to look into it and take necessary action, so that the record will be correct.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. 101-ാം വകുപ്പിൽ (എ) മുതൽ (ജി) വരെയുള്ള ഭാഗങ്ങൾ ഒഴിവാക്കുന്നുവെന്നതാണ് ഈ ബില്ലിലെ ഭേദഗതി. 101-ാം വകുപ്പിലെ (എ) മുതൽ (ജെ) വരെയുള്ള നടപടികളെ സംബന്ധിച്ച് തൊട്ടുമുമ്പ് ഡോ. എം. കെ. മുനീർ സംസാരിച്ചുകഴിഞ്ഞു. ഇത്രയും വലിയ അധികാരം തൊട്ടുമുകളിലുള്ള പോലീസ് ഉദ്യോഗസ്ഥന് നൽകിയാൽ താഴെയുള്ള പോലീസ് ഉദ്യോഗസ്ഥന്റെ സ്ഥിതി എന്താകും എന്നതാണ് പ്രധാന ചോദ്യം. പോലീസ് ഫോഴ്സിനെ പൂർണ്ണമായും ശുദ്ധീകരിക്കണം. ശുദ്ധീകരിക്കണമെന്ന് പറയാൻ കാരണം, അത്ര ശുദ്ധിയില്ലാത്ത കുറെയാളുകളെക്കൂടി കൊണ്ടുവന്നിട്ടുണ്ട്. അക്കാര്യം മാധ്യമങ്ങളിലൂടെ പുറത്തുവന്നിട്ടുള്ളതാണ്. പോലീസ് സേനയിലെ 1126 പോലീസുകാർ ക്രിമിനലുകളാണെന്നും 36 സർക്കിൾ ഇൻസ്പെക്ടർമാർ ക്രിമിനൽ കുറ്റങ്ങൾ ചെയ്തിട്ടുള്ളവരാണെന്നും ഏഷ്യാനെറ്റിന്റെ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. കുറ്റകൃത്യങ്ങളിലും ക്രിമിനൽ ആക്ടിവിറ്റീസിലുംപെട്ട മുകളിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന് അധികാരം നൽകുന്ന രൂപത്തിലേക്ക് നാളെ ഇത് മാറും. അങ്ങനെ പോയാൽ താഴെയുള്ള പോലീസുകാർക്ക് ഒരു രക്ഷയും ഉണ്ടാകില്ല എന്നതാണ് സത്യം. താഴെയുള്ള പോലീസുകാർക്കുള്ള വിഷമം ചെറുതാണോ; അവരുടെ മെന്റൽ സ്റ്റെയിനും വർക്കിംഗ് ടൈമും അവർക്കുണ്ടാകുന്ന പ്രയാസങ്ങളുമെല്ലാം ഒരു പാരാവാരംപോലെ കിടക്കുകയാണ്. ചെറിയ ചെറിയ ശിക്ഷാനടപടികൾക്ക് വിധേയരാകുന്നവർക്ക് പ്രൊമോഷനേയില്ല എന്ന നില വരുന്നത് ഒരിക്കലും ഗുണം ചെയ്യില്ലെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

101 (3)-ൽ 'A police officer on being found guilty on enquiry under this section and subjected to any penalties shall not be construed as a criminal under any other Act including this Act' എന്നാണ് പറയുന്നത്. ഒരു നിയമത്തിൽതന്നെ വ്യത്യസ്ത നിലപാട് വരികയാണ്. ഒരു ചെറിയ കാര്യത്തിന് എൻക്വയറിയോ/ശിക്ഷാനടപടികൾക്കോ വിധേയനായതുകൊണ്ട് അയാളെ ഒരു ക്രിമിനലായി ചിത്രീകരിച്ച് ജീവിതത്തിൽ ഒരിക്കലും രക്ഷയില്ല, അയാളുടെ തോളിനുമുകളിൽ ഒരു നുകം കെട്ടിവച്ച് ശാശ്വതമായി ബന്ധിക്കുന്ന തരത്തിലേക്ക് ഇത് വന്നുപെടുമോയെന്നതാണ് എന്റെ സംശയം.

പോലീസ് സേനയെ നന്നായി കൊണ്ടുപോകണം. അതിന് ഇവിടെ പ്രതിപക്ഷ-ഭരണപക്ഷ കക്ഷി ബന്ധത്തിന്റെ പ്രശ്നമല്ല. കേരളത്തിലെ പോലീസ് സേന മെച്ചപ്പെടേണ്ടത് കേരള ജനതയുടെ ആവശ്യമാണ്. കേരള സമൂഹത്തിന് ഇവിടത്തെ പോലീസ് സേനയാണ് സംരക്ഷണം നൽകേണ്ടത്. External aggression ഉണ്ടായാൽ പട്ടാളം നോക്കിക്കൊള്ളും. പക്ഷെ നമ്മുടെ സംസ്ഥാനത്തിനകത്ത് പ്രശ്നമുണ്ടായാൽ സംസ്ഥാന പോലീസ് തന്നെ നോക്കണം. മാത്രമല്ല law and order സംസ്ഥാന സബ്ജക്റ്റാണ്. അതിൽ കേന്ദ്രത്തിനുപോലും ഇടപെടാൻ സാധിക്കില്ല. സ്കോട്ട്ലൻഡ് പോലീസ് എന്നാണ് ഏറ്റവും നല്ല പോലീസിനെക്കുറിച്ച് പറയുന്നത്. ആ നിലയിലേക്ക് നമ്മുടെ പോലീസ് സേനയെ ശുദ്ധീകരിച്ച് വളർത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. പക്ഷെ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി പോലീസിൽ അടിമകളെ ഉണ്ടാക്കുവാൻ മാത്രമേ ഇടയാക്കൂ. രണ്ട് ഉദാഹരണം പറയാം, ഒന്ന്, ജോലി ചെയ്തുകൊണ്ടിരുന്ന പോലീസ് ഡ്രൈവറെ പോലീസ് ഉദ്യോഗസ്ഥന്റെ മകൾ ചെരുപ്പെടുത്ത് അടിച്ചുവെന്നാണ് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തത്. തിരുവനന്തപുരത്ത് നടന്ന സംഭവമാണ്. അതിനെക്കുറിച്ച് അന്വേഷണം നടന്നപ്പോൾ അതിനേക്കാൾ അപ്പുറത്തേയ്ക്കുള്ള കാര്യങ്ങളാണ് പുറത്തുവരുന്നത്. ഈ പോലീസുകാരന് ഒരടി മാത്രമല്ല നിരവധി അടി അപ്പുറത്തും ഇപ്പുറത്തും നിന്നും കിട്ടുന്നുണ്ടെന്നാണ് അന്വേഷണത്തിൽനിന്നും അറിയുന്നത്. ഈ പോലീസ് ഡ്രൈവർ റെസിസ്റ്റ് ചെയ്താൽ എന്താണ് അയാൾക്കുണ്ടാകുന്ന അനുഭവം; അയാളുടെ ജീവിതംതന്നെ പാഴായില്ലേ; അയാൾക്ക് എന്നെങ്കിലും പ്രൊമോഷൻ ലഭിക്കുമോ; അതോടുകൂടി അയാൾ തകർന്നില്ലേ; ഇവരെ അടിമപ്പണിക്ക് ഇടകൊടുക്കുന്ന നിലയിലേക്ക് നിയമസഭ സാക്ഷിയാകരുത്. ഒരിക്കലും അങ്ങ് ഇതുപോലൊരു സമീപനം സ്വീകരിക്കില്ലെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. പോലീസ് സേനയിൽ മഹാഭൂരിപക്ഷവും താഴെയുള്ള ആളുകളാണ്. സീനിയറായ ആളുകൾ എണ്ണത്തിൽ കുറവാണ്. എണ്ണത്തിൽ കുറവുള്ള ആളുകൾ എണ്ണത്തിൽ കൂടുതലുള്ള ആളുകളെ അവരുടെ അടിമകളാക്കി നിർത്തുന്നത് ശരിയാണോ?

ക്യാമ്പ് ഫോളോവേഴ്സ് അനുഭവിക്കുന്ന വിഷമങ്ങൾ എല്ലാവർക്കും അറിയില്ലേ; ക്യാമ്പ് ഫോളോവേഴ്സ് അനുഭവിക്കുന്ന പ്രയാസത്തെക്കുറിച്ച് കേരള സമൂഹം ചർച്ച ചെയ്തുകഴിഞ്ഞപ്പോൾ അവർക്ക് അവിടെ നീതി കിട്ടത്തക്ക തരത്തിലുള്ള നടപടിയുണ്ടാകണമെന്ന് വിവിധ കേന്ദ്രങ്ങളിൽനിന്നും ആവശ്യം ഉയർന്നുവന്നില്ലേ; അവർ അനുഭവിക്കുന്ന വിഷമം എന്താണ്; ഷൂസ് എടുക്കണം, പോളിഷ് ചെയ്യണം, മുറ്റം അടിക്കണം, വെള്ളം കോരണം, അടുക്കളയിൽ വിറക് കൊണ്ടുപോയി കൊടുക്കണം. ഇതൊക്കെ കേരള സർക്കാരിന്റെ ശമ്പളം വാങ്ങിക്കുന്ന ക്യാമ്പ് ഫോളോവേഴ്സ് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളാണ്. ഇവർക്ക്

മോചനം നൽകണം. ഇത് ദക്ഷിണാഫ്രിക്കയൊന്നുമല്ലല്ലോ; നമ്മുടെ നാട്ടിലെ പാവപ്പെട്ടയാളുകൾ ജീവിതത്തിൽ വലിയ സമ്പത്തില്ലാതെയും വലിയ പഠിപ്പില്ലാതെയും നല്ല ജോലി കിട്ടാതെയും വന്നതുകൊണ്ട് അവരെല്ലാം ഇവയൊക്കെ ചെയ്യാൻ ബാദ്ധ്യതപ്പെട്ടവരാണെന്ന നിലയിലേയ്ക്ക് വരുന്നത് ശരിയാണോ; അതിനെ റെസിസ്റ്റ് ചെയ്യുന്ന ഒരു ക്യാമ്പ് ഫോളോവർ ഉണ്ടെങ്കിൽ അവന്റെ അനുഭവം എന്താണ്; അവനും ഇപ്പറയുന്ന പ്രോസസിലൂടെ പോകണം. 101-ാം വകുപ്പിലെ (എ) മുതൽ (ജെ) വരെയുള്ള കുറ്റകൃത്യങ്ങൾക്കകത്ത് അയാൾ വന്നുപെടുകയാണ്. അങ്ങനെ വന്നുപെട്ടാൽ അയാൾക്ക് പിന്നീടൊരു പ്രൊമോഷനില്ല, അയാളുടെ ജീവിതംതന്നെ പാഴായിപ്പോകുകയാണ്. അതുകൊണ്ട് ഈ നിയമത്തിൽ ഗവൺമെന്റ് വളരെ ശ്രദ്ധ കാണിക്കണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിൽ പോലീസ് സേനയ്ക്കകത്ത് അടിമപ്പണി ഉണ്ടാകുന്നുവെന്നൊരു സാഹചര്യത്തിലേയ്ക്ക് നമ്മൾ വിരൽ ചൂണ്ടികൊടുക്കരുത്. അതിന് നടപടിയുണ്ടാകണമെന്ന് ഓർമ്മിപ്പിക്കുകയാണ്.

പോലീസ് സേനയിലെ എല്ലാവരും മോശമാണെന്ന് പറയുന്നില്ല. നല്ലവരായ ആളുകളുമുണ്ട്. അതേസമയം ചുരുക്കം ചിലയാളുകളാണ് പ്രശ്നങ്ങളൊക്കെ ഉണ്ടാക്കുന്നത്. പ്രശ്നങ്ങളുണ്ടാക്കുന്ന ആളുകളുടെ പ്രത്യേകത അവർ നല്ല കൈമണി വീരന്മാരായിരിക്കും. അവരുടെ പ്രശ്നങ്ങളെ അവർ സാധൂകരിച്ചെടുക്കുന്നത് അതുപോലുള്ള നിലപാടുകളിലൂടെയാണ്. ആ നിലപാടിലേയ്ക്ക് പോകാൻ ഇടയാകരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ഈ ഗവൺമെന്റ് വന്നതിനുശേഷം മാനസിക പിരിമുറുക്കം കാരണം 50 പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തുവെന്നുപറയുന്നത് ചെറിയ കാര്യമാണോ; ഒരു ചോദ്യത്തിന് ഗവൺമെന്റ് നൽകിയ ഉത്തരമാണ്. ആ പിരിമുറുക്കം എന്തുകൊണ്ടുണ്ടായി; 50 ജീവനുകൾ എങ്ങനെ നഷ്ടപ്പെട്ടുവെന്നതിനെക്കുറിച്ച് ആലോചിക്കണ്ടേ? അത് ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടിയിലേയ്ക്കാണ് നമ്മൾ പോകേണ്ടത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ ]

കേരളത്തിലെ ജനങ്ങൾ സാക്ഷരതയിലും സംസ്കാരത്തിലും വളരെ മുൻപന്തിയിലല്ലേ; നമ്മുടേത് വളരെ നന്നായി മുന്നോട്ടുപോകുന്ന സമൂഹമല്ലേ? അങ്ങനെയുള്ള നമുക്ക് സംരക്ഷണം തരേണ്ട പോലീസ് റിഫൈൻഡായിരിക്കണം. അതിന് മാനസിക പിരിമുറുക്കമില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം. ശ്രീ. എസ്. ശർമ്മ ചെയർമാനായ എസ്റ്റിമേറ്റ്സ്

കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന്റെ മുന്നിലുണ്ട്. അത് അങ്ങയുടെ മുന്നിലും വന്നിട്ടുണ്ടാകും. അതുകൊണ്ടാണ് അങ്ങ് തലകുനിച്ചിരിക്കുന്നതെന്ന് എനിക്കറിയാം. പോലീസുകാർക്ക് മാനസിക പിരിമുറുക്കമുണ്ടാകാതിരിക്കാനുള്ള നടപടിയുണ്ടാകണമെന്നും അവരുടെ ജോലിസമയത്തിന് ക്ലിപ്തത വേണമെന്നുമാണ് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അതാണ് എന്റെ കയ്യിലിരിക്കുന്നത്. പോലീസുകാർക്ക് കുറേ സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. നിരീക്ഷണ ക്യാമറ വച്ചാൽ അവരുടെ ജോലിയിൽനിന്നും കുറച്ച് ഫ്രീഡം ലഭിക്കുമെന്നും ട്രാഫിക് നിയന്ത്രണത്തിനായി പോലീസിനെ നിർത്തേണ്ട കാര്യമില്ലെന്നും അതിനായി വേറെ ആളുകളെ നിർത്തണമെന്നും ട്രാഫിക് നിയന്ത്രണ ഡ്യൂട്ടിക്ക് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് ഒഴിവാക്കണമെന്നുമൊക്കെയാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. പോലീസ് വകുപ്പിലെ അംഗസംഖ്യ സംബന്ധിച്ച് ഒരു പരാതിയുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, സ്വാഭാവികമായും പോലീസുകാർക്ക് ഡ്യൂട്ടി കൂടുമ്പോഴാണ് മാനസിക പിരിമുറുക്കമുണ്ടാകുന്നത്. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണില്ല, കാരണം, ഒരു സ്റ്റേഷൻ പരിധിയിലെ കേസുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയണമെന്നില്ല. ആലുവയിൽ സി.ഐ.-യെ മാറ്റിയിട്ട് ആറ് മാസത്തിൽ കൂടുതലായി. ഇതുവരെയും ആ തസ്തികയിൽ വേറൊരാളെ നിയമിച്ചിട്ടില്ല. സി.ഐ. ചെയ്യേണ്ട ഡ്യൂട്ടികൂടി അവിടെയുള്ള മറ്റ് പോലീസുകാർക്ക് ചെയ്യേണ്ടിവരുന്നതുകൊണ്ട് അവർക്ക് അമിതഭാരമാണ്. അതുസംബന്ധിച്ച് അങ്ങേയ്ക്ക് തരാനായി ഒരു കത്ത് തയ്യാറാക്കി വച്ചിരിക്കുകയാണ്. പല ഓഫീസുകളിലും സി.ഐ. ഇല്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഈ വിഷയം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആലുവയിൽ ഒരു സി.ഐ.യെ നിയമിക്കണം. മറ്റുള്ള ഉദ്യോഗസ്ഥർക്ക് മാനസികമായ പിരിമുറുക്കമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ പോലീസ് ഉദ്യോഗസ്ഥരുടെ മെന്റൽ പ്രഷർ ഒഴിവാക്കാൻ അങ്ങ് ഇടപെടണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. അൻവർ സാദത്ത് പറഞ്ഞതിന് ഒരു അനുബന്ധംകൂടി ചേർക്കാം. പോലീസ് ആക്ടിൽ ഒരു പോലീസ് ഓഫീസറെ രണ്ട് വർഷം കഴിഞ്ഞുമാത്രമേ സ്ഥലം മാറ്റാൻ പാടുള്ളൂവെന്ന നിബന്ധനയുണ്ട്. അത് പരിശോധിച്ച് തീരുമാനമെടുത്താൽ മതി. ഇടയ്ക്കിടെ ഉദ്യോഗസ്ഥർ മാറിപ്പോകുകയും പകരം ആളുകളെ നിയമിക്കാതിരിക്കുന്നതും പോലീസ് വകുപ്പിൽ തകരാറുകളുണ്ടാക്കുമെന്നത് സ്വാഭാവികമല്ലേ? അങ്ങനെ വരരുത്. ഇത് പോസിറ്റീവായ വിമർശനമാണ്; നെഗറ്റീവായല്ല. സ്ത്രീപീഡനം, കൊലപാതകം,

സ്വർണ്ണത്തട്ടിപ്പ്, ക്രിമിനൽ ആക്ടിവിറ്റി തുടങ്ങിയവ നടത്തുന്നതിന് മറയായി നിൽക്കുന്നവർ പോലീസിലുണ്ടോയെന്ന് പരിശോധിക്കണം. ചിലയാളുകളുണ്ട്, അവരുടെ പേര് ഞാൻ പറയുന്നില്ല. എനിക്ക് വ്യക്തിപരമായി അറിയുന്നവരാണ്. അവർ ഇതുപോലുള്ള സംഭവങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുള്ള വിധേയത്വം കാണിക്കുകയാണ്. അതുകാരണം ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ ഹനിക്കപ്പെടുകയാണ്. അത്തരം സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകാമോ? അങ്ങനെയുണ്ടാകരുത്. അതുകൊണ്ട് നീതിബോധത്തോടുകൂടിയ ഒരു നീക്കം വേണം. അതിന് വിരുദ്ധമായ ഒരു നിലപാടുമുണ്ടാകരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

എൽ.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയിലെ 539-ാം ഭാഗത്തിൽ 'ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനുവേണ്ടി ശക്തമായി ഇടപെടും; വർഗ്ഗീയ പ്രചാരണങ്ങളെയും അത്തരം ശ്രമങ്ങളെയും ശക്തമായി നേരിടും ഭൂ മാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാസംഘങ്ങൾ, മദ്യ-മയക്കമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികളെ ശക്തിയായി അടിച്ചമർത്തും' എന്നാണ് പറയുന്നത്. എനിക്ക് അങ്ങയോട് ഒരഭ്യർത്ഥനയുണ്ട്. ഇതുപോലുള്ള കേസുകൾ നിയമപരമായ മാർഗ്ഗത്തിലൂടെ തന്നെ നേരിടണം. അതിനുതാഴെ മറ്റൊരന്വേഷണം നടത്തി പ്രതിയെ വിടുകയും പ്രതികളെ ചേർക്കുകയും ചെയ്യുന്ന സമീപനം ശരിയല്ല. ഞാൻ പറഞ്ഞത് ഏത് അർത്ഥത്തിലാണെന്ന് എല്ലാവർക്കും മനസ്സിലായിട്ടുണ്ടാകും. നമുക്കൊരു നീതിബോധമുണ്ട്. ആ നീതിബോധത്തിന്റെ താഴെ, ഷോർട്ട് കട്ട് മെതേഡിൽ നടത്തിയ അന്വേഷണത്തിൽ ഇവർ കുറ്റക്കാരല്ലായെന്ന് കണ്ടെത്തുകയും അവരെ നിയമത്തിൽനിന്നും രക്ഷപ്പെടുത്തുകയും ചെയ്യുന്നത് ശരിയല്ല. അതുപോലുള്ള നടപടികളിലേയ്ക്ക് പോകരുതെന്നുതന്നെയാണ് ഞാൻ ഓർമ്മിപ്പിക്കുന്നത്.

ഇപ്പോൾ ജയിലുകളിലേയ്ക്ക് ഇഷ്ടംപോലെ ആളുകൾ പോകുകയാണ്. ജയിലിന്റെ ടോട്ടൽ സ്ട്രെംഗ്തിനേക്കാൾ കൂടുതൽ ആളുകൾ വരുന്ന സാഹചര്യമുണ്ട്. ജയിലിന്റെ സുരക്ഷയ്ക്കുവേണ്ടിയുള്ള നടപടിയുണ്ടാകണം. പുറത്ത് നടത്തിക്കൊണ്ടിരുന്ന ക്രിമിനൽ ആക്ടിവിറ്റികൾ ജയിലിനകത്തും തുടരുന്ന കൊടുംക്രിമിനലുകളെ അവിടെ ഇട്ടിരിക്കുന്നതുകൊണ്ട് എന്ത് ഗുണമാണുള്ളത്? ഒരു ഗുണവുമുണ്ടാകുന്നില്ല. ജയിലിനകത്ത് സ്മാർട്ട് ഫോൺ ഉപയോഗിക്കുന്ന എത്ര ആളുകളുണ്ട്; എന്റെ കയ്യിൽ ഒരു ലിസ്റ്റുണ്ട്. ഞാനത് വെളിപ്പെടുത്തുന്നില്ല. എനിക്ക് അറിയുന്നതിനേക്കാൾ ആയിരം ഇരട്ടി അങ്ങേയ്ക്കും അറിയാമായിരിക്കും. ഞാൻ ഒരു ജയിലിനെക്കുറിച്ച് പറയാം. പ്രത്യേക സമയത്ത് ജയിലിന്റെ പുറത്തുനിന്നും ഭക്ഷണപ്പൊതികൾ എറിഞ്ഞുകൊടുക്കും. നല്ല ഇറച്ചിയും മറ്റും

എറിഞ്ഞുകൊടുക്കുകയും ജയിലിലുള്ളവർ അതെടുത്ത് ഭക്ഷിക്കുകയും ചെയ്യും. അതിനെതിരെ നടപടികളില്ല. ജയിലിൽ മിന്നൽ പരിശോധന നടത്തിയപ്പോൾ മദ്യക്കുപ്പി ലഭിച്ചുവെന്ന് ജയിൽ ഡി.ജി.പി. ശ്രീ. ഋഷിരാജ് സിംഗിന്റെ സ്റ്റേറ്റ്മെന്റുണ്ടായിരുന്നു. അതോടൊപ്പം മറ്റ് ചില സൂത്രങ്ങളുമുണ്ട്. ജാമർ വച്ചാൽ ജയിലിനകത്തിരിക്കുന്നവർക്ക് ഫോൺ കോളുകൾ ലഭിക്കില്ല. അതുകൊണ്ട് ജാമർ അവർ കേടാക്കും. കൂടാതെ സർവ്വീസ് പ്രൊവൈഡൻ ടവർ പൊക്കിവച്ചുകൊടുക്കും. അങ്ങനെയൊരു ഏർപ്പാടുണ്ട്. അങ്ങിത് ആലോചിക്കണം. നമ്മുടെ കണ്ണിൽ ഇതൊന്നും പെടില്ല. കൂടുതൽ കോൾ വിളിച്ചാൽ മാത്രമേ അവർക്ക് ഗുണമുള്ളൂവെന്നാണ് സർവ്വീസ് പ്രൊവൈഡർ പറയുന്നത്. അതിന് സാധ്യമാകത്തവിധത്തിൽ സർവ്വീസ് പ്രൊവൈഡർ ടവർ പൊക്കിവച്ചുകൊടുക്കും. ആ ജയിൽ ഏതാണെന്ന് ഞാൻ പറയുന്നില്ല. ജയിലേതെന്ന് പറഞ്ഞാൽ വ്യക്തികളെയും അറിയും. കേരളത്തിലെ ഒരു ജയിലിൽ ഇത് നടക്കുന്നുണ്ട്. അത് ശരിയല്ല. ഇതുപോലുള്ള തെറ്റായ പ്രവർത്തനങ്ങൾ നമ്മുടെ സമൂഹത്തിലുണ്ടാകാതിരിക്കാൻ സമഗ്രമായ മാറ്റമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നിയമമാണ് കൊണ്ടുവരേണ്ടത്. അല്ലാതെ ഏതാനും പോലീസുകാരെ ശിക്ഷിക്കുന്നതിനുള്ള നിയമമാകരുത്. അതേ സമയം പോലീസ് വകുപ്പിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊണ്ടുവന്ന കേരള പോലീസ് ആക്ടുണ്ട്. സാഹചര്യങ്ങൾ കൊണ്ട് ആ ആക്ടിനകത്ത് പലതും മാറേണ്ടതായി വന്നിരിക്കുകയാണ്. അതുകൊണ്ട് സമഗ്രമായ മാറ്റത്തിനുവേണ്ടി അങ്ങ് നേതൃത്വം കൊടുക്കണം. അപര്യാപ്തമായ നിയമമാണ് ഇന്ന് കേരളത്തിലുള്ളത്. ആ നിയമംകൊണ്ട് കാര്യങ്ങൾ മുന്നോട്ടുപോകുകയില്ലെന്നുതന്നെയാണ് എന്റെ ഉത്തമവിശ്വാസം. സമയക്കുറവുള്ളതുകൊണ്ട് ബാക്കി കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്റെ പ്രസംഗം നിർത്തണമെന്ന് സൂചിപ്പിച്ചുകൊണ്ടിരിക്കുന്ന ബഹുമാന്യനായ സ്പീക്കറെ ഞാൻ ആദരിക്കുന്നു. അതുകൊണ്ട് ഇതുസംബന്ധിച്ച് ദീർഘമായി സംസാരിക്കുന്നില്ല.

മി. സ്പീക്കർ: ഇപ്പോൾത്തന്നെ അങ്ങ് ഇരുപത് മിനിറ്റ് സംസാരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസാരിച്ചുതുടങ്ങിയാൽ ഇരുപത് മിനിറ്റ് എനിക്ക് ഒന്നിനും തികയില്ല. ഞാൻ ഇരുപത്തിയെട്ട് വർഷമായി നിയമസഭയിലെ അംഗമാണ്.

മി. സ്പീക്കർ: അത് ഇരുപത്തിയെട്ട് വർഷം മുമ്പുള്ള കാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതുസംബന്ധിച്ച് ഞാൻ തർക്കിക്കുന്നില്ല. സഭാനാഥനുമായി തർക്കിച്ച് ആർക്കെങ്കിലും മുന്നോട്ടുപോകാൻ സാധിക്കുമോ?

മി. സ്പീക്കർ: അങ്ങയുടെ പ്രഖ്യാപിത നിലപാടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ലാന്റ് ചെയ്യാൻ സമ്മതിച്ചില്ലെങ്കിൽ ക്രാഷ് ലാന്റിംഗ് ആകും. അത് വലിയ അപകടമാകും. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ലാന്റ് ചെയ്യണമെന്ന് പറഞ്ഞപ്പോൾ ഒരു മാധ്യമത്തിൽ എന്നെ അവഹേളിച്ചുകൊണ്ട് എഴുതി, ദയവ് ചെയ്ത് ഈ പറഞ്ഞതെങ്കിലും എഴുതരുതെന്ന് ഞാൻ അവരെ ഓർമ്മിപ്പിക്കുകയാണ്. എനിക്ക് പ്രത്യേകമായി പറയാനുള്ളത്, നിയമസഭയിൽ അംഗങ്ങൾ പലതും പറയും, പലതും എന്നാൽ തോന്ന്യാസങ്ങളല്ല, വായിൽ തോന്നുന്നതുമല്ല, നിയമവുമായി ബന്ധപ്പെട്ട പല കാര്യങ്ങളെക്കുറിച്ചും പറയും. അത് സന്ദർഭത്തിൽനിന്നും അടർത്തിയെടുത്ത് ഏതെങ്കിലുമൊരു വാക്ക് വച്ച് നിയമസഭയിലെ 141 അംഗങ്ങളിൽ ആരെ അപമാനിച്ചാലും അതിനോട് ഞാൻ യോജിക്കുന്നില്ല. അത് ശരിയല്ല. നിയമസഭ എന്നുപറയുന്നത് ജനങ്ങളുടെ വികാരം പ്രകടിപ്പിക്കാനുള്ള ജനപ്രതിനിധിയുടെ ശബ്ദമാണ്. അത് നിയമസഭയിൽ പറയുമ്പോൾ അതിനകത്തെ ഒരു വാക്യമോ വാക്കോ എടുത്ത് മാധ്യമത്തിന് സാധിക്കുന്ന രൂപത്തിൽ വളച്ചൊടിച്ച് നിയമസഭാംഗത്തെ അവഹേളിക്കാൻ ശ്രമിക്കുന്നത് ശരിയല്ലെന്ന് ഞാൻ സഭയുടെ പൊതുവികാരമായി പറയുകയാണ്. അതിപ്പോൾ എവിടെ ചെന്നുനിൽക്കുന്നുവെന്ന് അങ്ങേയ്ക്കറിയാം. അങ്ങുതന്നെ ഇതിനൊരു റൂളിംഗും കൊടുത്തു. എല്ലാ ചാനലുകളിലും രാത്രി ഒമ്പതര മുതൽ പത്തുമണിവരെ നിയമസഭയിൽ നടക്കുന്നത് എങ്ങനെയാണ് വരുന്നതെന്ന് അങ്ങുതന്നെ പരിശോധിച്ചാൽ മതി. കാര്യങ്ങൾ പറഞ്ഞുവന്നപ്പോൾ ഇതും ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ. സമഗ്രമായ ഒരു നിയമത്തിലേയ്ക്കാണ് അങ്ങ് പോകേണ്ടത്. ഈ ചെറിയ ഭേദഗതി കൊണ്ടുമാത്രം കേരളത്തിലെ പ്രശ്നങ്ങൾ അവസാനിക്കില്ല. അതുകൊണ്ട് സമഗ്രമായ ഒരു നിയമം വേണമെന്ന അഭിപ്രായത്തോടുകൂടി എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉണ്ണി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച 2019-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിനെ സർവ്വാത്മനാ ഞാൻ അനുകൂലിക്കുന്നു. 2011-ലെ കേരള പോലീസ് ആക്ടിലെ 101-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത വകുപ്പിലെ നാലാം ഉപവകുപ്പിലെ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറയുന്ന ശിക്ഷകൾ ഒരു പോലീസുദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമാകാൻ പാടില്ല എന്ന വ്യവസ്ഥ കാരണം മേജർ പെനാൽറ്റി ചുമത്തപ്പെടുന്ന ഉദ്യോഗസ്ഥൻ

സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട് പ്രൊമോഷൻ നേടുന്ന അവസ്ഥ ഒഴിവാക്കുന്നതിനാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കപ്പെട്ടത്. 2011-ലെ കേരള പോലീസ് ആക്ടിലെ 101-ാം വകുപ്പ് 6-ൽ വ്യക്തമായി പറയുന്ന, 101 (4) (എ) മുതൽ (എഫ്) വരെയുള്ള ശിക്ഷണ നടപടികൾ സാധാരണയായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കാൻ പാടുള്ളതല്ല എന്നതാണ് ഈ സർക്കാർ ഭേദഗതി ചെയ്യുന്നത്. ഗുരുതരമായ ക്രിമിനൽ കുറ്റങ്ങൾ ചെയ്യുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥനും സ്വാഭാവികമായും സ്ഥാനക്കയറ്റം ലഭിക്കുന്നില്ല. പിന്നെ പോലീസ് സേനയിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം അറിയാമല്ലോ; അവർ കുറ്റം ചെയ്യുകയാണെങ്കിൽ, കുറ്റക്കാരെന്ന് തെളിഞ്ഞുകഴിഞ്ഞാൽ അവർക്ക് പ്രൊമോഷൻ നൽകാൻ പാടില്ല. നിയമപാലകരായ പോലീസ് സേനയിലെ ഉദ്യോഗസ്ഥർ കുറ്റവാളികളാകുന്ന സാഹചര്യമുണ്ടായാൽ സാധാരണക്കാർക്ക് നൽകുന്ന ശിക്ഷ കൊടുത്താൽ മതിയോ; അങ്ങേയറ്റത്തെ നിയമ ബോധത്തിന്റെയും സാമൂഹ്യ ബോധത്തിന്റെയും ഉന്നതാവസ്ഥയിൽ നിൽക്കേണ്ട പോലീസ് ഉദ്യോഗസ്ഥൻ കുറ്റക്കാരനായാൽ കടുത്ത ശിക്ഷണ നടപടികൾതന്നെ നൽകേണ്ടി വരുമെന്നത് ഈ സമൂഹത്തിന്റെ പൊതുവായ അഭിപ്രായമാണ്. 2011-ലെ പോലീസ് ആക്ടിലെ 101 (6) ഉപവകുപ്പ് 2019 ജനുവരി മുതൽ ഈ ആക്ടിന്റെ ഭാഗമല്ലാതായിക്കഴിഞ്ഞു. ഇതിൽ ഒരാക്ഷേപവും ഉന്നയിക്കപ്പെട്ടില്ല. ഇത് കാര്യങ്ങൾ ശരിയായ ദിശയിലാണ് എന്നതല്ലേ തെളിയിക്കുന്നത്. പോലീസ് ആക്ടിന്റെ ഈ ഉപവകുപ്പ് വ്യവസ്ഥ സർക്കാർ ജീവനക്കാരുടെ പ്രൊമോഷന് ബാധകമായിട്ടുള്ള കെ.എസ്.എസ്.ആർ.-ലെ വ്യവസ്ഥകളുമായി യോജിച്ചുപോകുന്നില്ല. തീർച്ചയായും ഈ ഭേദഗതി അത്യാവശ്യമാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ കണക്കുകൾ പ്രകാരം നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് ക്രിമിനലുകൾ പോലീസ് സേനയിലുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇത്തരക്കാർക്ക് പ്രൊമോഷൻ കൊടുക്കേണ്ട ഒരു കാര്യവുമില്ല. പ്രൊമോഷൻ നൽകുന്നതിന് സീനിയോറിറ്റി മാത്രമല്ല പരിഗണിക്കുന്നത്. പൊതുജന പ്രീതിയിൽ മുന്നിൽ നിൽക്കുന്ന ഈ സർക്കാരിന് അല്പസ്വല്പമായെങ്കിലും ബുദ്ധിമുട്ടുണ്ടാക്കുന്നതിൽ ചില ഭാഗത്തുനിന്നുണ്ടാകുന്ന പൊരുത്തക്കേടുകൾ നമുക്കറിയാം. പോലീസ് സേനയിലെ അപൂർവ്വം ചില ഉത്തരവാദിത്വപ്പെട്ട ഉന്നതർപോലും സർക്കാരിന്റെ മൊത്തത്തിലുള്ള പ്രതിച്ഛായയെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കാറുണ്ട്. ദുഃഖകരമായ ചില വാർത്തകളും നമ്മുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പല ഉദ്യോഗസ്ഥരും അതിന്റെ പേരിൽ ശിക്ഷാവിധികൾ അനുഭവിച്ചുവരുന്നുമുണ്ട്. പോലീസ് സേനയിലെ ക്രിമിനലുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനല്ല നമ്മൾ ശ്രമിക്കേണ്ടത്. എണ്ണം കുറച്ചുകൊണ്ടുവരാനും

ക്രമേണ ഇല്ലാതാക്കാനുമാണ് നാം ശ്രമിക്കേണ്ടത്. പോലീസ് കൂടുതൽ ജനകീയമായി പ്രവർത്തിക്കുന്നതിന് 2019-ലെ ഈ ഭേദഗതി വളരെ സഹായകരമാകുമെന്ന് ഞാൻ കരുതുന്നു. ക്രിമിനൽ നടപടികളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ സേനയിൽ നിന്ന് പുറത്താക്കുന്നതിന് ആവശ്യമായ മുന്നൊരുക്കമാണ് ഈ ഭേദഗതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്നത് ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഈ ഭേദഗതി സംബന്ധിച്ച് പ്രതിപക്ഷത്തെ സുഹൃത്തുക്കൾ പറയുന്നത് പ്രത്യേകിച്ചും അവരുടെ രാഷ്ട്രീയമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രമസമാധാന പാലനത്തിലും കുറ്റാന്വേഷണത്തിലും പോലീസ് വളരെ മികവ് പുലർത്തുന്നു എന്നുള്ളതാണ്. ഇന്നത്തെ ദീപിക പത്രംപോലും കേരള പോലീസിന്റെ മികവിനെ സംബന്ധിച്ച് ഒരു വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് തർക്ക വിഷയമല്ല. എന്നാൽ ചില ഉദ്യോഗസ്ഥരുടെ ഒറ്റപ്പെട്ട മോശം പെരുമാറ്റം സംബന്ധിച്ച് ചില പരാതികൾ നിലവിലുണ്ട് എന്നതും തള്ളിക്കളയാൻ കഴിയുന്ന ഒന്നല്ല. അത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ച് സർക്കാർ ശരിയുടെ ഭാഗത്താണ് എന്ന വ്യക്തമായ സന്ദേശം ജനങ്ങൾക്ക് നൽകേണ്ടതുണ്ട്. പരാതിയുമായി പോലീസ് സ്റ്റേഷനിൽ എത്തുന്നവരുടെ പ്രശ്നങ്ങൾ അന്വേഷിച്ച് മനസ്സിലാക്കുന്നതിനും അതിലേക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതിനും കേരള പോലീസ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്. സംസ്ഥാന പോലീസ് സേനയെ ഫലപ്രദമായി നയിച്ചുകൊണ്ടുപോകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനും വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും കഴിഞ്ഞുവെന്നത് വലിയ നേട്ടമല്ലേ? ക്രമസമാധാന രംഗത്ത് മികച്ച നിലയുള്ള സംസ്ഥാനമാണ് നമ്മുടേത്. അക്രമ സംഭവങ്ങളും ഗുരുതരമായ കുറ്റകൃത്യങ്ങളും ഉണ്ടാകുമ്പോൾ പ്രതികളുടെ മുഖം നോക്കാതെ ശക്തമായ നടപടികൾ സ്വീകരിക്കുവാനും പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും യഥാസമയം കഴിയുന്നുവെന്നത് വലിയ കാര്യമാണ്. പോലീസ് സേനയെ ജനകീയമാക്കുന്നതിനായി ആവിഷ്കരിച്ച ജനമൈത്രി സുരക്ഷാ പദ്ധതി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിച്ചു. അതിന് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും മുഖമുദ്ര എന്നത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ എത്രയും വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നുവെന്നുള്ളതാണ്. സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽതന്നെ വനിതാ പോലീസ് ഉദ്യോഗസ്ഥർ

ആഴ്ചയിലൊരിക്കൽ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് പരാതികൾ സ്വീകരിക്കുന്ന സമീപനം ഉണ്ടാകേണ്ടതുണ്ട്. ജനമൈത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കും മറ്റും സ്വയം പ്രതിരോധ പരിശീലനം പോലീസ് തന്നെ നേരിട്ട് നടത്തേണ്ടതുണ്ട്. ബ്ലേഡ് മാഫിയകളെയും ഗുണ്ടാസംഘങ്ങളെയും മണൽ മാഫിയകളെയും പെൺവാണിഭ സംഘങ്ങളെയും ശക്തമായ നിലയിൽ നേരിടാൻ കഴിഞ്ഞകാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. അതിനിയും തുടരേണ്ടതുണ്ട് എന്നതന്നെ അഭിമാനത്തോടെ പറയാൻ കഴിയും. ശക്തമായ ഒരു ഇടതുപക്ഷ സർക്കാരിന്റെ കീഴിൽ പോലീസ് ഒരു ജനകീയ സേനയായി പ്രവർത്തിക്കും എന്നതിന് ഉത്തമ ഉദാഹരണമാണ് പ്രളയകാലത്തെ രക്ഷാപ്രവർത്തനത്തിലൂടെ കേരള പോലീസ് തെളിയിച്ചത്. അതിന് നേതൃത്വം നൽകിയവരെയും പോലീസിനെയും എത്ര അഭിനന്ദിച്ചാലും മതിയാവില്ല. സംസ്ഥാനത്തെ പോലീസ് സംവിധാനം സ്കൂൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനും നിയമബോധമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിനുമുള്ളതാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം. വി. എസ്. സർക്കാരിന്റെ ഭരണകാലത്ത് നടപ്പിൽ വരുത്തിയ ഈ പദ്ധതിയിൽ ഇപ്പോഴും ചേരുന്നതിന് സ്കൂളുകൾ മത്സരമാണ്. കാലിക പ്രസക്തിയുള്ള സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഉണർന്നുപ്രവർത്തിച്ച് നമ്മുടെ ആഭ്യന്തര വകുപ്പ് അവരുടെ സാമർത്ഥ്യം തെളിയിക്കുകയാണ്. അത്തരം സൈബർ കുറ്റകൃത്യങ്ങൾ മുളയിലേതന്നെ നുള്ളിക്കളയുക എന്ന ലക്ഷ്യവുമായി സൈബർ ക്രൈം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി നാല് പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചുവെന്നതും ആഭ്യന്തര വകുപ്പ് ഹൈടെക് ആയി മാറുന്നു എന്നതിന്റെ ഉത്തമോദാഹരണമാണ്. 2018-19 വർഷത്തിൽ പോലീസ് സേനയുടെ ആധുനികവത്കരണത്തിനായി 136 കോടി രൂപയും 2019-20-ൽ 175 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മുൻവർഷങ്ങളേക്കാൾ മൂന്നിരട്ടി അധികമാണിത്. നഗര-ഗ്രാമപ്രദേശ വ്യത്യാസമില്ലാതെ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജ്വവലറികൾ, ഫാക്ടറികൾ എന്നിവയുടെ സി.സി.ടി.വി. സംവിധാനം പോലീസുമായി ബന്ധപ്പെടുത്തുന്നതിനായി ഒരു പ്രത്യേക സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി 200 പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കുന്നതിന് 14 ജില്ലകളിലും ഫണ്ട് അനുവദിച്ചു. പോലീസ് സേന പഴയ ഇടി മുറി അപ്പാടെ മാറ്റി പോലീസ് ഓഫീസുകളിൽ പ്രതികളെ ചോദ്യം ചെയ്യുന്നതിനായി ഇന്റർകോം റൂം സജ്ജമാക്കി. മൊത്തത്തിൽ സംതൃപ്തരായ പോലീസുകാരാണ് ഇന്ന് സംസ്ഥാനത്തുള്ളത് എന്ന് നമുക്ക് കാണാൻ കഴിയും. ഇടത് സർക്കാർ അധികാരത്തിൽ വന്നശേഷം തെളിയിക്കപ്പെടാതെ പോയ കേസ്സുകളാണ് പോലീസ് കണ്ടെത്തുന്നതും പ്രതികളെ

പിടികൂടി നിയമ വ്യവസ്ഥയ്ക്കുമുന്നിൽ കൊണ്ടുവരുന്നതും. അക്കാര്യം കൂടി പരാമർശിച്ച് ഞാൻ നിർത്താം. 2018-19-ൽ 50 പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കുന്നതിന് 250 ലക്ഷം രൂപയും 2019-20 വർഷത്തിൽ 50 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിന് 500 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മൊത്തത്തിൽ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളും പോലീസും സ്മാർട്ടായി മാറി. എങ്കിലും ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെടണമെന്നതിന് യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിക്കൂട. അതിനായി ഈ ഭേദഗതിക്ക് ഞാൻ ഒരിക്കൽകൂടി യോജിപ്പ് പ്രകടിപ്പിച്ച് അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാലോചിതമായ ഒരു മാറ്റമാണ് ഈ ബില്ലിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. നമ്മുടെ സർവ്വീസ് മേഖലയിൽ പൊതുവിൽ നിലനിൽക്കേണ്ട ഒരു കാര്യമാണ്. കേരള പോലീസ് ആക്ട്, 2011-ലെ സെക്ഷൻ 101 (6) പ്രകാരം, ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ ആ നിയമത്തിലെതന്നെ (എ) മുതൽ (ജെ) വരെ ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണ നടപടികൾ പ്രൊമോഷന് തടസ്സമായി പരിഗണിക്കാൻ പാടില്ലെന്ന വ്യവസ്ഥയാണ് നിലവിലുള്ളത്.

(എ) പിഴ;

(ബി) ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള അധിക ജോലി;

(സി) സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചു പിടിക്കുക;

(ഡി) ബന്ധപ്പെട്ട കക്ഷിക്കുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക;

(ഇ) ജോലിയും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകൽ;

(എഫ്) നിശ്ചിത പ്രത്യേക ജോലി ചെയ്യുന്നതിൽ നിന്നോ, നിശ്ചിത പ്രത്യേക പദവി നൽകുന്നതിൽ നിന്നോ നിരോധിക്കുക;

(ജി) താക്കീത്;

(എച്ച്) ശാസന;

(ഐ) സഞ്ചിത ഫലത്തോടെയല്ലാതെയുള്ള ഇൻക്രിമെന്റ് തടയൽ;

(ജെ) സഞ്ചിത ഫലത്തോടെയുള്ള ഇൻക്രിമെന്റ് തടയൽ;

ഇവയാണ് (എ) മുതൽ (ജെ) വരെ പറയുന്നത്. ഇതിൽ സർക്കാർ ജീവനക്കാരുടെ പ്രൊമോഷൻ വ്യവസ്ഥകൾ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ ചട്ടം 28 പ്രകാരമാണ് നടക്കുന്നത്. പ്രൊമോഷൻ അർഹത വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി തീരുമാനിക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പോലീസ് ആക്ടിലെ സെക്ഷൻ 101 (6) വ്യവസ്ഥ പ്രകാരം സഞ്ചിത ഫലത്തോടെയും സഞ്ചിത ഫലത്തോടെയല്ലാതെയും ഇൻക്രിമെന്റ് തടയൽ ശിക്ഷ ചുമത്തപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കും പ്രൊമോഷൻ ലഭിക്കുന്ന സ്ഥിതിയാണ് വരുന്നത്. സർക്കാർ ജീവനക്കാരുടെ പ്രൊമോഷന്റെ അതേ വ്യവസ്ഥതന്നെ പോലീസ് ഉദ്യോഗസ്ഥർക്കും ബാധകമാക്കുകയാണ് ഇവിടെ ചെയ്യുന്നത്. അച്ചടക്കനടപടി സ്വീകരിക്കുന്നതിനും ശിക്ഷ ചുമത്തുന്നതിനും സർക്കാർ ജീവനക്കാർക്ക് കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസ് ആണ് ബാധകം. പോലീസ് വകുപ്പിൽ ഇതിനുപകരം കേരള പോലീസ് ഡിപ്പാർട്ടുമെന്റൽ എൻക്വയറീസ് (പണിഷ്മെന്റ് ആന്റ് അപ്പീൽ) ചട്ടങ്ങളാണ് ബാധകം. സർക്കാർ ജീവനക്കാരന് കഠിനശിക്ഷയ്ക്ക് കുറ്റപത്രം നൽകിക്കഴിഞ്ഞാൽ പ്രസ്തുത ഉദ്യോഗസ്ഥനെ ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയില്ല. ലഘുശിക്ഷയ്ക്ക് കുറ്റപത്രം നൽകിയാൽ സെലക്ട് ലിസ്റ്റിൽ താൽക്കാലികമായി ഉൾപ്പെടുത്തുകയും താൽക്കാലികമായി പ്രൊമോഷൻ ലഭിക്കുകയും ചെയ്യും. ഇതാണ് മൊത്തത്തിൽ നിലനിൽക്കുന്ന കാര്യം. ഇതിന് സമാനമായി പോലീസ് വകുപ്പിൽ ലഘുശിക്ഷയ്ക്ക് നോൺ-ഓറൽ എൻക്വയറി എന്നും കഠിനശിക്ഷയ്ക്ക് ഓറൽ എൻക്വയറി എന്നും അച്ചടക്ക നടപടികളെ തരംതിരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡി.പി.സി. കൂടി തീരുമാനമെടുക്കുന്നതിന് പോലീസ് ആക്ടിലെ മേൽവ്യവസ്ഥ ആവശ്യമായി വരുന്നില്ല. ഈ പറയുന്ന വ്യവസ്ഥ ഒഴിവാക്കുന്നതോടെ പോലീസ് വകുപ്പിൽ മറ്റ് സർക്കാർ ജീവനക്കാർക്ക് ബാധകമായ കെ.എസ്.എസ്.ആർ.-ലെ അതേ പ്രൊമോഷൻ വ്യവസ്ഥ ബാധകമാകും. സർവ്വീസിലുള്ള മറ്റ് ഉദ്യോഗസ്ഥർക്കും പോലീസുകാർക്കുമെല്ലാം ഒരേ രീതി നടപ്പാകും. അതായത്, Kerala Police Departmental Inquiries (Punishment and Appeal) Rules, 1958 പ്രകാരം നോൺ ഓറൽ എൻക്വയറിക്ക് കുറ്റപത്രം ലഭിച്ചയാൾക്ക് നിലവിൽ ഡി.പി.സി.-യുടെ വിലയിരുത്തലിന് വിധേയമായി പ്രൊമോഷൻ ലഭിക്കുന്നതിന് തടസ്സമുണ്ടാകില്ല. ഡി.പി.സി.-യുടെ വിലയിരുത്തലിന് വിധേയമായി അർഹരായവർക്ക് പ്രൊമോഷൻ ലഭിക്കും; അതിന് മറ്റ് തടസ്സങ്ങളുണ്ടാകില്ല. ഇതാണ് മറ്റ് വകുപ്പുകളിലെല്ലാം നടക്കുന്നത്. അത് പോലീസുകാർക്കുകൂടി

നടപ്പാക്കുകയാണ്. ഇവിടെ പറഞ്ഞ സഞ്ചിത ഫലത്തോടെയല്ലാതെയുള്ള ഇൻക്രിമെന്റ് തടയലും സഞ്ചിത ഫലത്തോടെയുള്ള ഇൻക്രിമെന്റ് തടയലും മറ്റുള്ളതിൽനിന്ന് വ്യത്യസ്തമായ കാര്യമാണ്. അതുകൂടിയാണ് ഇത്തരമൊരു നടപടിയിലേയ്ക്ക് എത്തിച്ചിട്ടുള്ളത്. അതോടൊപ്പം ഒട്ടേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പോലീസിൽ കൃത്യതയോടെയുള്ള നവീകരണം കൊണ്ടുവരാൻതന്നെയാണ് സർക്കാർ ശ്രമിക്കുന്നത്. അതിന് നല്ല മാറ്റങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് വസ്തുത.

പോലീസ് സേനയുടെ നവീകരണത്തെക്കുറിച്ച് പറയുകയുണ്ടായല്ലോ; സേനയുടെ ആധുനികവൽക്കരണത്തിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. ശരീരത്തിൽ ധരിക്കാവുന്ന ക്യാമറകൾ, സി.സി.ടി.വി., സ്പീഡ് റഡാർ, വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ശാസ്ത്രീയമായ കുറ്റാന്വേഷണ രീതി വികസിപ്പിക്കുന്നതിന് ഉതകുന്ന സംവിധാനങ്ങൾ എന്നിവയാണ് പോലീസിൽ വികസിപ്പിക്കുന്നത്. കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know Your Jurisdiction, പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതി സമർപ്പിക്കുന്നതിനുള്ള പോർട്ടലായി THUNA എന്നിവയെല്ലാം വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, ഇതെല്ലാം ലോകോത്തര നിലവാരത്തിൽതന്നെ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. ഇത്തരം മൊബൈൽ ആപ്ലിക്കേഷനുകൾ പലവിധത്തിലുള്ള പുരസ്കാരത്തിനും അർഹത നേടിയെന്നതും നാം കാണേണ്ടതാണ്. ഇന്നത്തെ കാലത്ത് ഏറ്റവും വലിയ ശാസ്ത്രീയ കുറ്റം സൈബർ കുറ്റങ്ങളാണ്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന്, സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഏഷ്യയിൽതന്നെ പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് കേരള പോലീസ് സൈബർ ഡോം. ഏഷ്യയിൽതന്നെ ആദ്യമായി നമ്മളാണ് ഇത് തുടങ്ങുന്നത്. സൈബർ ഡോമിന് നിലവിൽ 500-ഓളം എത്തിക്കൽ ഹാക്കർമാരുണ്ട്. മുപ്പതോളം ഐ.ടി. കമ്പനികളും 1500 സ്റ്റുഡന്റ്സ് വോളന്റിയർമാരും സൈബർ സെക്യൂരിറ്റി സന്നദ്ധസേവനത്തിലൂന്നി സഹകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഇതുമാത്രമല്ല, ഇന്റർനാഷണൽ ഓർഗനൈസേഷൻസായ OWASP, ISACA, ISRA എന്നിവയും വിവിധ രാജ്യങ്ങളിലെ CERT-കളും സി-ഡാക്ക്, ഐ.ടി. മിഷൻ പോലുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുമായുമെല്ലാം സൈബർ ഡോം സഹകരിച്ച് പ്രവർത്തിച്ചുവരികയാണ്. നമ്മുടെ സൈബർ ഡോമിന് ഒരു വർഷത്തിനിടയിൽ ആറോളം ദേശീയ രാജ്യാന്തര പുരസ്കാരങ്ങളാണ് ലഭിച്ചത്. അത് ചെറിയ കാര്യമല്ല. FICCI Smart Policing Award, Skoch

Order of Merit Award for Smart Policing, Information Security Leadership Award Asia-Pacific in Managerial Professional Category for Info-sec Project, K7 security Medal of Honour Award, Zizomag Best Digital Innovation Award എന്നിവയൊക്കെ കേരള പോലീസിന്റെ ആധുനികവൽക്കരണം ഏത് രീതിയിൽ നടക്കുന്നുവെന്നുള്ളതുതന്നെയാണ് കാണിക്കുന്നത്. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ചൂണ്ടിക്കാണിച്ച, പോലീസ് സേനയ്ക്കകത്ത് ഏതെങ്കിലും തരത്തിലുള്ള വർഗ്ഗീയ സംഘടനകളോ, തീവ്രവാദ സംഘടനകളോ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നുണ്ടെങ്കിൽ അതിനെ ഗൗരവമായിത്തന്നെ കാണുകയും അതിനെതിരെ കടുത്ത നടപടി സ്വീകരിക്കുകയും ചെയ്യും. ഒരു സംശയവും ആ കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. അത്തരത്തിലുള്ള ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഇന്നത്തെ കാലത്തെക്കുറിച്ചാണോ പറഞ്ഞതെന്ന് എനിക്കൊരു സംശയമുണ്ടായി. കാരണം, ഇന്റലിജൻസ് മേധാവിക്ക് ഇവിടെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്നാണ് പറഞ്ഞത്. അങ്ങനെ ഒരു അവസ്ഥയേയില്ല. സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർക്ക് നിയമപ്രകാരം അവരുടെ ചിട്ടയനുസരിച്ച് പ്രവർത്തിക്കുന്നതിന് യാതൊരു തടസ്സവുമില്ല. നിയമപ്രകാരമല്ലാത്ത കാര്യങ്ങൾ ആരെങ്കിലും ചെയ്തെങ്കിൽ മാത്രമേ സർക്കാരിന്റെ ഇടപെടൽ ഉണ്ടാകുകയുള്ളൂ. ഇന്ന് ഇന്റലിജൻസ് മേധാവിയായാലും ഡി.ജി.പി. ആയാലും ഏത് ഉദ്യോഗസ്ഥനായാലും അവർക്കെല്ലാം സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശമുണ്ട്. അതിൽ ഒരു തരത്തിലുള്ള ആശങ്കയും ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവിന് ഉണ്ടാകേണ്ടതില്ലെന്നാണ് പറയാനുള്ളത്.

3.00 P.M.]

ഇതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിൽ പോലീസുകാർ പീഡിപ്പിക്കപ്പെടുന്ന അവസ്ഥയുണ്ടാകില്ല. അഥവാ അങ്ങനെയൊരു അവസ്ഥയുണ്ടാകുകയാണെങ്കിൽ അത് ഗൗരവമായിതന്നെ കാണും, അങ്ങനെ കണ്ടിട്ടുമുണ്ട്, അതിനെതിരെ സർക്കാർ കർശന നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഇത്തരമൊരു വ്യവസ്ഥയുള്ളതുകൊണ്ട് വലിയ തോതിൽ പ്രൊമോഷന് അർഹതയില്ലാത്തവരും ഈ വ്യവസ്ഥ ചൂണ്ടിക്കാണിച്ച് പ്രൊമോഷൻ വാങ്ങുന്ന നിലയുണ്ട്. ആ ഒരു സാഹചര്യം മറ്റ് ഉദ്യോഗസ്ഥന്മാർക്കൊന്നുമില്ല. അത് പോലീസിന് മാത്രമായി നിലനിർത്തേണ്ടതില്ലെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവരേണ്ടിവന്നത്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ്

ചെന്നൈ ഐ.ഐ.ടി. വിദ്യാർത്ഥിനിയുടെ കാര്യം പറയുകയുണ്ടായി. ആ കുട്ടിയുടെ മാതാപിതാക്കൾ എന്നെ വന്ന് കാണുകയും ഞാനുമായി അവരുടെ പ്രശ്നം വിശദമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. അതിന്റെ ഭാഗമായി സർക്കാരിന് ചെയ്യാവുന്ന നടപടികളൊക്കെ ആ കാര്യത്തിൽ സ്വീകരിക്കുകതന്നെ ചെയ്യും. ഇത് തമിഴ്നാടുമായി ബന്ധപ്പെട്ട കേസ്സാണ്. ഇവിടെനിന്ന് കാര്യങ്ങൾ ചെയ്യുന്നതിന് പരിമിതികളുണ്ട്, എങ്കിലും സർക്കാരിന് എന്തൊക്കെ ഇതിൽ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യുന്നതാണ്. പോലീസ് ഉദ്യോഗസ്ഥർക്ക് മെന്റൽ സ്ട്രെയിൻ ഇല്ലാതിരിക്കുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യം തന്നെയാണ്. അതിനുതന്നെയാണ് സർക്കാരും ശ്രമിക്കുന്നത്. അതുസംബന്ധിച്ച് ചില വാർത്തകൾ വന്നപ്പോൾ പോലീസ് ഓഫീസേഴ്സിനേയും പോലീസ് അസോസിയേഷൻ പ്രതിനിധികളെയുമെല്ലാം വിളിച്ചുചേർത്ത് ചർച്ച നടത്തിയിരുന്നു. അതിന്റെ ഭാഗമായി ചില തുടർനടപടികൾ നിർദ്ദേശിച്ചിട്ടുമുണ്ട്. മെന്റൽ സ്ട്രെസ് ഒഴിവാക്കി പോകുന്നതെങ്ങനെയെന്നുള്ള കാര്യവും ഗൗരവമായി ചർച്ച ചെയ്തിട്ടുണ്ട്. പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുകയുണ്ടായി. കുറച്ചുകൂടി എണ്ണം ആവശ്യമുണ്ടെന്നുള്ളത് വസ്തുതയാണ്, പക്ഷെ അക്കാര്യത്തിൽ പല പരിമിതികളുണ്ട്. പരിമിതികൾക്കകത്തുനിന്നുകൊണ്ട് എണ്ണം വർദ്ധിപ്പിക്കാൻ തന്നെയാണ് നടപടികൾ സ്വീകരിക്കുന്നത്. ഇപ്പോൾ വനിതാ ബറ്റാലിയൻ രൂപീകരിച്ചതുസംബന്ധിച്ച് നമുക്കറിയാം. ബറ്റാലിയനിലും അതിനനുസരിച്ചുള്ള വർദ്ധനവ് വരുന്നുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് തന്നെയാണ് അക്കാര്യത്തിൽ പറയാനുള്ളത്. എൽ.ഡി.എഫ്. മാനിഫെസ്റ്റോ അദ്ദേഹം ശരിക്കും വായിക്കുന്നുണ്ടെന്ന് മനസ്സിലായി. ഒരു ക്ലാസ് ഇവിടെ ഉദ്ധരിച്ചിട്ടുമുണ്ട്. അദ്ദേഹം പറഞ്ഞ കാര്യം എന്താണെന്നുള്ളത് ശ്രദ്ധിക്കുന്നതാണ്. കേരളത്തിൽ കുറ്റവാളികളെ ഒഴിവാക്കുന്നതിനുള്ള ഒരു നടപടിയും ഇന്ന് നടക്കുന്നില്ല. ഒരാൾ കുറ്റവാളിയാണെങ്കിൽ ആ കുറ്റവാളിക്കെതിരെ കർശനനടപടി സ്വീകരിക്കുകയെന്നുള്ളതുതന്നെയാണ് സർക്കാരിന്റെ സമീപനം. കുറ്റവാളി ആരെന്ന് നോക്കിയിട്ടല്ല, കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ കുറ്റവാളിക്കെതിരെ കർശന നടപടി സ്വീകരിക്കാനാണ് പോലീസ് തയ്യാറാകുന്നത്. പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകുകയാണെങ്കിൽ അതെന്താണെന്ന് പരിശോധിക്കുകയും ചെയ്യും. ഇതാണ് സർക്കാർ സ്വീകരിക്കുന്ന സമീപനം. കുറ്റവാളികൾക്കെതിരെ സ്വതന്ത്രമായ നടപടി സ്വീകരിക്കാൻ പോലീസിന് ഇന്ന് അവകാശമുണ്ട്. ജയിലുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഇപ്പോഴുള്ളതല്ലെന്നാണ് തോന്നുന്നത്. ഏതോ കാലത്തുള്ള കാര്യമാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. ഋഷിരാജ് സിംഗ് പറഞ്ഞ കാര്യത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, ഇന്ന് അങ്ങനെയൊരവസ്ഥ നിലനിൽക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജയിൽ ഡി.ജി.പി. ശ്രീ. ഋഷിരാജ് സിംഗിന്റേതായ പത്രങ്ങളിൽ വന്ന പ്രസ്താവന എല്ലാവരും വായിച്ചതാണ്. അദ്ദേഹം പറഞ്ഞ കാര്യമാണ് ഞാനിവിടെ പറഞ്ഞത്. അദ്ദേഹം ഇന്നത്തെ കാര്യമല്ലേ പറയുകയുള്ളൂ.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറയുന്നത് ഇപ്പോൾ ജയിലുകളിൽ നിലനിൽക്കുന്ന കാര്യമാണ്. മുമ്പ് ജയിലിൽ എന്തെങ്കിലും സംഭവങ്ങളുണ്ടായിരുന്നുവെന്ന് അദ്ദേഹം ചിലപ്പോൾ പരാമർശിച്ചിട്ടുണ്ടാകാം. അതിനെപ്പറ്റിയല്ല ഞാൻ പറയുന്നത്. ഇന്നത്തെ നിലയിൽ ജയിൽ ജയിലിന്റേതായ അന്തരീക്ഷത്തിൽതന്നെ പോകുകയാണ്. അവിടെ ആർക്കും ഫോണുകൾ ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഫലപ്രദമായ നടപടികളാണ് ജയിൽ ഉദ്യോഗസ്ഥർ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും തരത്തിൽ, ഭക്ഷണ പദാർത്ഥങ്ങൾ പുറത്തുനിന്നും എത്തിക്കുക, നിയമവിധേയമല്ലാത്ത മാർഗ്ഗത്തിലൂടെ കാര്യങ്ങൾ നടത്തുക തുടങ്ങിയ ഒരു നടപടിയും ഇപ്പോൾ നടക്കുന്നില്ല. നല്ല ഉദ്ദേശ്യത്തോടെ കൊണ്ടുവന്ന ഒരു ഭേദഗതിയാണിത്. പൂർണ്ണമായും അംഗീകാരം നൽകണമെന്നും പരിഗണനയ്ക്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉണ്ണി, അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉണ്ണി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉണ്ണി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. പ്രധാന ആക്റ്റിൽ 101 (5)- ന് ശേഷം വരുന്ന ഉപവകുപ്പുകൾ പുനരക്കം ചെയ്യുക.

192. പ്രധാന ആക്റ്റിലെ 101 (5)-ന് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ മുകളിൽ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണനടപടികൾ സാധാരണയായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രമോഷന് തടസ്സമായി പരിഗണിക്കുമ്പോൾ 2019 - ജനുവരി 8-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ചവരുടെ കാര്യത്തിൽ ബാധകമായിരിക്കുന്നതല്ല."

191-ാം നമ്പർ ഭേദഗതി സംബന്ധിച്ച് പറയാനുള്ളത്, പ്രധാന ആക്റ്റിലെ 101 (6) എടുത്ത് കളയുമ്പോൾ ഒരു ഗ്യാപ്പ് വരുന്നുണ്ട്. അത് പുനരക്കം ചെയ്യണമെന്നതാണ് ഭേദഗതി. 101 (6) വകുപ്പ് എടുത്ത് കളഞ്ഞാൽ പിന്നെ ആക്ടിൽ (6) ഇല്ലാതെ (7), (8) എന്നുള്ളതിൽ ഒരു ഗ്യാപ് വരികയാണ്. അത് പുനരക്കം ചെയ്യണമെന്നുള്ളതാണ് ഭേദഗതി. 101 (6) പോയിക്കഴിഞ്ഞാൽ പിന്നീട് അത് പുനരക്കം ചെയ്ത് 101 (7), (8), (9) അങ്ങനെ 101 (10) വരെയുണ്ട്. 101 (6) എടുത്തുകളഞ്ഞാൽ ഉണ്ടാകാൻ പോകുന്നത് 101 (6) ഇല്ലാതെ 101 (7), (8), (9), (10) എന്നായി നിൽക്കും. അതുകൊണ്ട് അവ പുനരക്കം ചെയ്യണമെന്നതാണ് എന്റെ ഒരു ഭേദഗതി.

192-ാം നമ്പർ ഭേദഗതിയിൽ 2019 ജനുവരി 8-ന് പ്രാബല്യത്തിൽ വരുമെന്നാണ് പറയുന്നത്. എന്നാൽ ഇതിനുമുമ്പ് സർവ്വീസിൽ ഉണ്ടായിരുന്ന ആളുകൾക്ക് 'എ' മുതൽ 'ജെ' വരെ ചെയ്ത കുറ്റങ്ങൾ അവരുടെ സർവ്വീസ് ബുക്കിൽ എൻട്രി ചെയ്യുന്നുണ്ടാകും. സർവ്വീസ് ബുക്കിൽ എൻട്രി ചെയ്യുമ്പോൾ

സ്വാഭാവികമായും ഈ ഡേറ്റ് മുതൽ പ്രാബല്യത്തിൽ വരുമ്പോൾ ഇതുവരെ അവർ ചെയ്ത 'എ' മുതൽ 'ജെ' വരെയുള്ള കുറ്റങ്ങൾക്ക് അല്ലെങ്കിൽ അതുപോലുള്ള കുറ്റങ്ങൾക്ക് ഇതുവരെയും പ്രൊമോഷൻ തടസ്സമാകില്ലായിരുന്നു. പക്ഷെ ഇനി പ്രസ്തുത തീയതി മുതൽ അവർ മുൻകാലങ്ങളിൽ ചെയ്തിട്ടുള്ള 'എ' മുതൽ 'ജെ' വരെയുള്ള കുറ്റങ്ങൾ കാരണം അവരുടെ പ്രൊമോഷൻ തടയപ്പെടും. അത് ആയിരക്കണക്കിന് ജീവനക്കാരെ ബാധിക്കും. അതുകൊണ്ട് ഞാനൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്, ഇപ്പോൾ പറഞ്ഞ 'എ' മുതൽ 'ജെ' വരെയുള്ളവയിൽ പറയുന്ന ശിക്ഷകൾ എടുത്തുകളയുന്നതിനോട് അനുബന്ധിച്ചുതന്നെ നിലവിലുള്ള, മുൻകാലങ്ങളിൽ ചെയ്തുപോയ കുറ്റങ്ങളെ അത് ബാധിക്കാതിരിക്കാനുള്ള ഒരു ചെറിയ ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ മുകളിൽ 'എ' മുതൽ 'ജെ' വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷാനടപടികൾ സാധാരണയായി പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷനെ തടസ്സമായി പരിഗണിക്കപ്പെടുമ്പോൾ 2019 ജനുവരി 8-നുമുമ്പ് സർവ്വീസിൽ പ്രവേശിച്ചവരുടെ കാര്യത്തിൽ ബാധകമായിരിക്കുന്നതല്ല, എന്നാൽ മുൻകാലങ്ങളിൽ ചെയ്തിട്ടുള്ള ഇങ്ങനെയുള്ള കുറ്റങ്ങൾ അവരുടെ പ്രൊമോഷനെ ബാധിക്കുന്നതല്ല, ജനുവരി 8-നുശേഷം ബാധകമായിരിക്കുമെന്നൊരു ക്ലാരിഫിക്കേഷനുവേണ്ടിയാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇപ്പോൾ പറഞ്ഞത് ഭരണഘടനയുടെ ആർട്ടിക്കിൾ 21-ന്റെ വയലേഷനാണ്. ഇതിനുമുമ്പ് ഇതുപോലുള്ള ബില്ലുകളിൽ ഇത്തരം ലീഗൽ ഒബ്ജക്ഷൻസ് വന്നപ്പോൾ അത് പിൻവലിക്കുകയാണ് ചെയ്തത്. ഉദാഹരണത്തിന്, നെൽവയൽ തണ്ണീർത്തട നിയമം നിലവിൽ വന്നപ്പോൾ retrospective effect കൊടുത്ത് രണ്ട് കൊല്ലം മുമ്പുള്ളതിനെ കുറ്റകൃത്യമാക്കി മാറ്റി. നമ്മളൊരു നിയമമുണ്ടാക്കുമ്പോൾ ഇതിനുമുമ്പ് ചെയ്ത ഒരു കുറ്റം, കുറ്റകൃത്യമാക്കാൻ കഴിയില്ല. അതാണ് ആർട്ടിക്കിൾ 21-ൽ പറയുന്നത്. ആ ഒരു പ്രശ്നം, ഈ പറയുന്ന വകുപ്പിൽ വളരെ ഗൗരവമായിട്ടുണ്ട്. ഇതിന്റെ introduction സമയത്ത് ഈ ലീഗൽ ഒബ്ജക്ഷൻ ഉണ്ടെങ്കിലും ഗൗരവമായി പരിഗണിച്ചില്ല, അത് പരിശോധിക്കണമെന്നുള്ളതാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

194. പ്രധാന ആക്റ്റിലെ വകുപ്പ് 101 (6)-ൽ "(എ) മുതൽ (ജെ) വരെയുള്ള" എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം " (ബി), (ഇ), (ജി), (എച്ച്) " എന്നീ അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

197. ഖണ്ഡം 2 പ്രകാരം നീക്കം ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 101 (6) താഴെപ്പറയും പ്രകാരം മാറ്റുക. "(6) മുകളിൽ (എ) മുതൽ (എച്ച്) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണനടപടികൾ സാധാരണയായി ഒരു പോലിസ് ഉദ്യോഗസ്ഥന്റെ സ്ഥാനക്കയറ്റത്തിന് തടസ്സമായി പരിഗണിക്കാൻ പാടുള്ളതല്ല".

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 101 (6) താഴെപ്പറയും പ്രകാരം മാറ്റുക.

"(6) മുകളിൽ (എ) മുതൽ (എഫ്) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണനടപടികൾ സാധാരണയായി ഒരു പോലിസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കുവാൻ പാടുള്ളതല്ല".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിൽ 101 (6) വിട്ടുകളഞ്ഞാൽ അത് സാധാരണയായി ഫുട്ട് നോട്ടിൽ കാണിക്കാറാണ് പതിവ്. ആ രീതിയുണ്ടാകും. അതിന്റെ ഭാഗമായി നമ്മൾ പ്രത്യേകം തീരുമാനിക്കേണ്ടതില്ല. ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 191,192 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 199-ാം നമ്പർ ഭേഗദതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

219.ഖണ്ഡം 3 (2)-ൽ "കാര്യമോ" എന്ന വാക്കിന് പകരം "കാര്യങ്ങളോ" എന്ന വാക്ക് ചേർക്കുക.

222.ഖണ്ഡം 3 (2)-ൽ "നടപടിയോ" എന്ന വാക്കിന് പകരം "നടപടികളോ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 219, 222 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

105. ദീർഘശീർഷകത്തിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക

124. പീഠികയിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക

158. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. പീഠികയിൽ " ആക്റ്റ് " എന്ന വാക്കിന് പകരം "നിയമം" എന്ന വാക്ക് ചേർക്കുക

132. ഖണ്ഡം 1 (1)-ൽ " ആക്റ്റിന് " എന്ന വാക്കിന് പകരം "നിയമത്തിന്" എന്ന വാക്ക് ചേർക്കുക.

134. ഖണ്ഡം 1 (1)-ൽ " ആക്റ്റ് " എന്ന വാക്കിന് പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

135. ഖണ്ഡം 1 (2)-ൽ " 2019 ജനുവരി 8-ാം തീയതി" എന്നതിന് പകരം "ഉടൻ " എന്ന് ചേർക്കുക.

153. ഖണ്ഡം 1 (2)-ൽ "കരുതപ്പെടേണ്ടതാണ്" എന്ന വാക്കിന് പകരം , "കണക്കാക്കപ്പെടേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. പീഠികയിൽ " ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾക്കു പകരം "ഇനിപറയും പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക

130. പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്ന വാക്കിന് പകരം "ഉചിതമായതിനാൽ" എന്ന വാക്ക് ചേർക്കുക

169. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക: "(2) ഇത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്. "

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. തത്വ പ്രഖ്യാപന വാക്യത്തിൽ " താഴെപ്പറയും" എന്ന വാക്കിന് പകരം "ഇനിപ്പറയും" എന്ന വാക്ക് ചേർക്കുക

137. ഖണ്ഡം 1 (2)-ൽ " 2019 ജനുവരി 8 " എന്നതിന് പകരം "2019 ജൂലൈ 6 " എന്ന് ചേർക്കുക.

171. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക: "(2) ഇത് നവംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ് ."

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. ഖണ്ഡം 1 (2)-ൽ "പ്രാബല്യത്തിൽ" എന്ന വാക്കിന് പകരം "നിലവിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് 2019 ഏപ്രിൽ ഒന്നാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ് . "

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 105, 124, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 111, 132, 134, 135, 153 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 117, 130, 169 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 131, 137, 171 എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ഭേദഗതി ബിൽ സാധാരണഗതിയിൽ പോലീസുകാരുടെ പ്രൊമോഷൻ തടയാൻ ഉപയോഗിക്കുന്ന ഒന്നായി മാറുകയാണ്. നിസ്സാര കുറ്റങ്ങൾക്കുപോലും മേലുദ്യോഗസ്ഥൻമാർക്ക് താഴെയുള്ള പോലീസുകാരെ ശിക്ഷിക്കാൻ കഴിയുന്ന ഒരവസ്ഥയിലേയ്ക്ക് വരികയാണ്. സാധാരണഗതിയിൽ സർക്കാരിന്റെ മുമ്പിൽ വന്നാൽ ഇൻക്രിമെന്റ് തടയുക, ഡബിൾ ഇൻക്രിമെന്റ് തടയുക തുടങ്ങിയ നടപടികളാണ് മന്ത്രിതലത്തിൽ ചെയ്യാൻ കഴിയുന്നത്. ഇങ്ങനെയൊരു അധികാരം കൊടുത്താൽ ഡ്രില്ലിൽ ചെറിയ പിശകുണ്ടാകുക, ഷൂസ് ഷൈൻ ചെയ്യാതിരിക്കുക, ലേസ് കെട്ടാതിരിക്കുക തുടങ്ങിയ ചെറിയ കുറ്റങ്ങൾക്കുപോലും മേലുദ്യോഗസ്ഥൻമാർക്ക് വിപുലമായ അധികാരം കൊടുത്താൽ അതൊരു double-edged sword ആയി ഉപയോഗിക്കാൻ കഴിയും എന്നതാണ് പ്രശ്നം. അതുകൊണ്ട് പോലീസുകാരുടെ ടെൻഷൻ വർദ്ധിക്കുകയും ന്യായമായി കിട്ടേണ്ട പ്രൊമോഷൻ ഉൾപ്പെടെയുള്ളത് തടയുകയും ചെയ്യുന്നു എന്നുള്ളതാണ് ഇതിലൂടെ കാണാൻ കഴിയുന്നൊരു കാര്യം. ഈ ബിൽ പാസ്സാക്കുന്നതുകൊണ്ട് പോലീസ് സേനയിൽ അസംതൃപ്തിയും അതോടൊപ്പംതന്നെ അവരുടെ മാനസികമായ പ്രശ്നങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു എന്നുള്ളത് കണക്കിലെടുക്കേണ്ട ഒരു കാര്യമാണെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

## അനുകൂലിക്കുന്നവർ

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. സി. ദിവാകരൻ
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. കെ. യു. ജനീഷ് കുമാർ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. വി. കെ. സി. മമ്മത് കോയ

26. ശ്രീ. കെ. ജെ. മാക്സി
27. ശ്രീ. എ. സി. മൊയ്തീൻ
28. ശ്രീ. ഡി. കെ. മുരളി
29. ശ്രീ. മുരളി പെരുനെല്ലി
30. ശ്രീ. സി. കെ. നാണു
31. ശ്രീ. എം. നൗഷാദ്
32. ശ്രീ. യു. ആർ. പ്രദീപ്
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. വി. കെ. പ്രശാന്ത്
35. ശ്രീ. കെ. ഡി. പ്രസേനൻ
36. ശ്രീമതി യു. പ്രതിഭ
37. ശ്രീ. പുരുഷൻ കടലുണ്ടി
38. ശ്രീ. പി. ടി. എ. റഹീം
39. ശ്രീ. എം. രാജഗോപാലൻ
40. ശ്രീ. കെ. രാജൻ
41. ശ്രീ. എസ്. രാജേന്ദ്രൻ
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. ആർ. രാമചന്ദ്രൻ
47. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
48. പ്രൊഫ. സി. രവീന്ദ്രനാഥ്
49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. പി. കെ. ശശി

52. ശ്രീ. വി. ശശി
53. ശ്രീ. ഐ. ബി. സതീഷ്
54. ശ്രീ. എ. എൻ. ഷംസീർ
55. ശ്രീ. ജി. സുധാകരൻ
56. ശ്രീ. വി. ആർ. സുനിൽ കുമാർ
57. ശ്രീ. എം. സ്വരാജ്
58. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
59. ശ്രീ. പി. തിലോത്തമൻ
60. ശ്രീ. പി. ഉണ്ണി
61. ശ്രീമതി വീണാ ജോർജ്ജ്
62. ശ്രീ. കെ. വി. വിജയദാസ്
63. ശ്രീ. ഇ. കെ. വിജയൻ
64. ശ്രീ. പിണറായി വിജയൻ

പ്രതികൂലിക്കുന്നവർ

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
7. ശ്രീ. വി. ടി. ബൽറാം
8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. എം. സി. കമറുദ്ദീൻ

12. ഡോ. എം. കെ. മുനീർ
13. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
14. ശ്രീ. രമേശ് ചെന്നിത്തല
15. ശ്രീ. റോജി എം. ജോൺ
16. ശ്രീ. കെ. എസ്. ശബരീനാഥൻ
17. ശ്രീ. വി. പി. സജീന്ദ്രൻ
18. ശ്രീ. എൻ. ഷംസുദ്ദീൻ
19. ശ്രീ. വി. ഡി. സതീശൻ
20. ശ്രീ. സണ്ണി ജോസഫ്
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. പി. ഉബൈദുള്ള
23. ശ്രീ. എം. ഉമ്മർ
24. ശ്രീ. എം. വിൻസെന്റ്
25. ശ്രീ. ടി. ജെ. വിനോദ്

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

<u>മി. സ്പീക്കർ</u>:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 64 |
| പ്രതികൂലിക്കുന്നവർ | - | 25 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

## XI റൂളിംഗ്

<u>വകുപ്പ് റീ ഓപ്പൺ ചെയ്യുന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: 13-11-2019-ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പ്രവാസി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ പരിഗണനാവേളയിൽ സഭ ചർച്ച ചെയ്ത് ബില്ലിന്റെ ഭാഗമാക്കിയ മൂന്നാം വകുപ്പ് റീ ഓപ്പൺ ചെയ്ത് ഭേദഗതി ചെയ്തതിനെതിരെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്.

13-11-2019-ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പ്രവാസി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കിക്കഴിഞ്ഞതിനുശേഷം ബില്ലിന്റെ ചാർജ്ജുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് സഭയുടെ അനുമതിയോടെ മൂന്നാം വകുപ്പ് റീ ഓപ്പൺ ചെയ്ത് അതിലൊരു ഭേദഗതി വരുത്തിയ നടപടി ക്രമപ്രകാരമല്ലെന്നും അപ്രകാരം ചെയ്യുന്നതിന് ചട്ടം അനുവദിക്കുന്നില്ലെന്നും ചില ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കൂടാതെ, ബിൽ നിയമസഭ പാസ്സാക്കിയാൽ പ്രകടമായ തെറ്റുകൾ (patent errors) തിരുത്താനും നിയമസഭ സ്വീകരിച്ച ഭേദഗതികളുടെ ഫലമായി ബില്ലിൽ വേണ്ട ഭേദഗതികൾ വരുത്താനും ചട്ടം 93 പ്രകാരമുള്ള അധികാരം മാത്രമേ സ്പീക്കർക്കുള്ളൂ എന്ന വാദവും ഉന്നയിക്കുകയുണ്ടായി. എന്നാൽ സഭ ചർച്ച ചെയ്ത് ബില്ലിന്റെ ഭാഗമാക്കിക്കഴിഞ്ഞ വകുപ്പ്, ബന്ധപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സഭയുടെ അനുമതിയോടെ റീ ഓപ്പൺ ചെയ്യാനും വീണ്ടും ഭേദഗതി വരുത്താനും സഭയ്ക്ക് അവകാശമുണ്ടെന്നും കീഴ്‌വഴക്കങ്ങൾ പരിശോധിച്ച് വിശദാംശം സഭയെ അറിയിക്കുന്നതാണെന്നും തത്സമയം ചെയർ റൂൾ ചെയ്യുകയും ചെയ്തിരുന്നു.

അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സഭയുടെ കീഴ്‌വഴക്കങ്ങൾ വിശദമായി ചെയർ പരിശോധിക്കുകയുണ്ടായി. പത്താം കേരള നിയമസഭയിൽ 1999 ഡിസംബർ 29-ാം തീയതി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ സഭ ചർച്ച ചെയ്ത് ബില്ലിന്റെ ഭാഗമാക്കിയ 4-ാം വകുപ്പ്, ബില്ലിന്റെ ചുമതലക്കാരനായ ബഹുമാനപ്പെട്ട വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫിന്റെ അഭ്യർത്ഥന മാനിച്ച്, സഭയുടെ അനുമതിയോടെ റീ ഓപ്പൺ ചെയ്യുകയും വീണ്ടുമൊരു ഭേദഗതി വരുത്തുകയും ചെയ്യുകയുണ്ടായിട്ടുണ്ട്.

അതുപോലെ, രണ്ടാം കേരള നിയമസഭയിൽ 21-02-1963-ന് സഭ പാസ്സാക്കിയ 1962-ലെ കേരള ജനറൽ സെയിൽസ് ടാക്സ് ബിൽ, എട്ടാം കേരള നിയമസഭയിൽ 16-01-1989-ന് സഭ പാസ്സാക്കിയ 1988-ലെ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബിൽ, പതിനൊന്നാം കേരള നിയമസഭയിൽ 2004 ജൂലൈ 5-ാം തീയതി സഭ പാസ്സാക്കിയ The Kerala Unaided Professional Colleges (Prohibition of Capitation Fees and Procedure for Admission and Fixation of Fees) Bill 2004 എന്നിവയുടെ പരിഗണനാവേളയിലും ഇതേ രീതിയിൽ വകുപ്പുകൾ റീ ഓപ്പൺ ചെയ്ത് ഭേദഗതികൾ അംഗീകരിച്ച കീഴ്‌വഴക്കം സഭയിൽ ഉണ്ടായിട്ടുണ്ട്.

മേൽ ഉന്നയിച്ച ഉദാഹരണങ്ങളെല്ലാംതന്നെ 'കേരള നിയമസഭ നടപടിക്രമവും കീഴ്‌വഴക്കങ്ങളും' എന്ന നമ്മുടെ ഔദ്യോഗിക റഫറൻസ് ഗ്രന്ഥത്തിലെ 'നിയമ നിർമ്മാണം' എന്ന പതിനാറാം അധ്യായത്തിൽ 375 മുതൽ 379 വരെയുള്ള പേജുകളിലായി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

2018 ഏപ്രിൽ 4-ാം തീയതി നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ച കേരള നിയമസഭയുടെ 'ശക്ധർ & കൗൾ' എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന പ്രസ്തുത റഫറൻസ് ഗ്രന്ഥത്തിലെ ഉള്ളടക്കത്തെ ഇത്തരത്തിൽ സഭാനടപടികളുടെ ഭാഗമായി ഉദ്ധരിക്കുന്നത് ഇതാദ്യമായിട്ടാണ്. അതിന് അവസരം ലഭ്യമായതിലുള്ള സന്തോഷംകൂടി ഇത്തരുണത്തിൽ രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ സ്വാഗതം ചെയ്യുന്നു. ഞാൻ പറഞ്ഞത്, 2004-ൽ, 11-ാം കേരള നിയമസഭയിൽ ശ്രീമതി കെ. ആർ. ഗൗരിയമ്മ മന്ത്രിയായിരിക്കുന്ന അവസരത്തിൽ,

ഞങ്ങളൊക്കെ ആദ്യം നിയമസഭയിൽ വന്ന സമയത്താണ്, ഇതുപോലെ റീ ഓപ്പൺ ചെയ്ത് ഒരു അമെന്റ്മെന്റിനുവേണ്ടി വരണമെന്ന് പറഞ്ഞപ്പോൾ അന്നത്തെ സ്പീക്കർ കൊടുത്തൊരു റൂളിംഗ് കൂടിയുണ്ട്. നമ്മുടെ ആ പുസ്തകത്തിൽ അതില്ല. ഞാനത് കേട്ടുകൊണ്ടിരുന്ന റൂളിംഗാണ്. ആ റൂളിംഗുംകൂടിയുണ്ട്. ഒരു കാരണവശാലും Rules of Procedure-ൽ പ്രൊവിഷനില്ല എന്നാണ് പറഞ്ഞത്. കീഴ്‌വഴക്കങ്ങൾ ഉണ്ടെന്ന് അങ്ങ് ഇപ്പോൾ പറഞ്ഞു; 6 ബില്ലിന്റെ കീഴ്‌വഴക്കങ്ങളുണ്ട്. അത് നമ്മുടെ പുസ്തകത്തിലുണ്ട് എന്നാണ്. ഞാൻ പറയുന്നത്, നമ്മൾ റൂളും ഫോളോ ചെയ്യും, കീഴ്‌വഴക്കങ്ങളും ഫോളോ ചെയ്യും. ഞാൻ ഇന്നലെ ഉയർത്തിയ പ്രധാനപ്പെട്ട പ്രശ്നം എന്തെന്നാൽ, അങ്ങ് റൂൾ 50-ന്റെ കാര്യത്തിൽ റൂളിനെ stick on ചെയ്യുകയും കീഴ്‌വഴക്കങ്ങൾ ഇല്ലായെന്ന് പറയുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഞാനിത് ശ്രദ്ധയിൽപ്പെടുത്തിയത്. കേരള നിയമസഭയുടെ ചരിത്രത്തിൽ ചോദ്യോത്തര സമയത്ത് ഒരു വിഷയം ഉന്നയിച്ചു എന്നതിന്റെ പേരിൽ റൂൾ 50 നിഷേധിച്ചിരുന്നു. ചില സമയത്ത് നമുക്ക് റൂളും ചില സമയത്ത് കീഴ്‌വഴക്കങ്ങളും എന്നതിലെ ഒബ്ജക്ഷൻ മാത്രമാണ് എനിക്കുള്ളത്. അങ്ങയുടെ റൂളിംഗിനെ സ്വാഗതം ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശൂന്യതയിൽനിന്ന് പറഞ്ഞതല്ല എന്നത് സഭയെ അറിയിക്കാൻ വേണ്ടിയും നമുക്കൊരു റഫറൻസ് ഗ്രന്ഥമുണ്ട്, അതിൽ കൃത്യമായിട്ട് ഉണ്ടെന്ന് അറിയിക്കാൻ വേണ്ടിയും പറഞ്ഞതാണ്.

## XI അറിയിപ്പ്

സഭാ ടി.വി. ലോഗോ പ്രകാശനം

മി. സ്പീക്കർ: സഭാ ടി.വി.യുടെയും നിയമസഭാ നടപടിക്രമങ്ങളുടെ ഓൺലൈൻ/ലൈവ് സ്ട്രീമിംഗിന്റെയും ലോഗോ/തീം മ്യൂസിക് പ്രകാശനച്ചടങ്ങിൽ പങ്കെടുക്കുന്നതിനായി ബഹുമാനപ്പെട്ട അംഗങ്ങൾ 3.45-ന് തന്നെ ബാങ്ക്വറ്റ് ഹാളിൽ എത്തിച്ചേരണം. 4 മണിക്കാണ് ബഹുമാനപ്പെട്ട ഗവർണ്ണർ വരുന്നത്. എല്ലാവരും കൃത്യസമയത്ത് പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.19-ന് പിരിഞ്ഞു.)

## അനുബന്ധം

'പ്രത്യേക സാമ്പത്തിക മേഖലയിലെ തൊഴിൽ ചൂഷണം' സംബന്ധിച്ച് ശ്രീ. എം. സ്വരാജ്, എം.എൽ.എ.-യുടെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ച വിശദമായ മറുപടി

കേന്ദ്ര സർക്കാരിന്റെ 2005-ലെ സ്പെഷ്യൽ ഇക്കണോമിക് സോൺ ആക്ട് പ്രകാരം സംസ്ഥാനത്ത് 12 സ്പെഷ്യൽ ഇക്കണോമിക് സോൺ വിജ്ഞാപനം ചെയ്തിട്ടുള്ളതിൽ ഒന്നാണ് കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ. ഇത് ഒരു മൾട്ടി പ്രോസസ്സ് ഇൻഡസ്ട്രിയൽ പാർക്കാണ്. CSEZ-ൽ പ്രധാനമായും 8 തൊഴിൽ മേഖലകളാണുള്ളത്.

1. Electronic Hardware
2. Engineering
3. Gem & Jewellary
4. Plastic & Rubber
5. Food & Agro Industries
6. Training and service
7. Textile and Garments
8. Miscellaneous

ഈ മേഖലകളിലായി ആകെ 101 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. 9,540 പുരുഷ തൊഴിലാളികളും 4,968 സ്ത്രീ തൊഴിലാളികളുമുൾപ്പെടെ ആകെ 14,508 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. കേന്ദ്ര ഗവൺമെന്റ് നിയമിച്ചിട്ടുള്ള ഡെവലപ്മെന്റ് കമ്മീഷണറുടെ മേൽനോട്ടത്തിലാണ് CSEZ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. നിലവിൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിന്റെ 17-06-2003-ാം തീയതിയിലെ സ.ഉ.നം.507/2003-ൽ പറയുന്ന സെസ് പോളിസി പ്രകാരം ടി മേഖലയിൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് എമർജൻസി സിറ്റുവേഷനിൽ മാത്രമേ പരിശോധനകൾ നടത്തുവാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം ഡെവലപ്മെന്റ് കമ്മീഷണറുടെ മുൻകൂർ അനുമതി ലഭിച്ചാൽ മാത്രമേ ടി മേഖലയിൽ പ്രവേശിക്കുവാനും പരിശോധന നടത്തുവാനും കഴിയുകയുള്ളൂ.

മിനിമം വേതന നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിൽ മേഖലകളാണ് CSEZ-ൽ പ്രവർത്തിച്ചുവരുന്നത് എന്നതിനാൽ CSEZ-ന് മാത്രമായി പ്രത്യേകം മിനിമം വേതനം നിശ്ചയിക്കേണ്ടതില്ല. CSEZ-ൽ പ്രവർത്തിച്ചുവരുന്ന വിവിധ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതാണ്. പ്ലാസ്റ്റിക് & റബ്ബർ മേഖലയിൽ പ്രവർത്തിക്കുന്ന 8 സ്ഥാപനങ്ങളിൽ മിനിമം വേതനം ലഭിക്കുന്നില്ല എന്ന് CSEZ Workers Association (CITU) പരാതി ലഭിച്ചതിനെത്തുടർന്ന് ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകണമെന്ന് എറണാകുളം എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർ ടി സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് കർശനമായി നടപ്പിലാക്കുന്നതുമാണ്. HLL എന്ന സ്ഥാപനം സെൻട്രൽ ഗവൺമെന്റിന്റെ കീഴിൽ വരുന്നസ്ഥാപനമായതിനാൽ കേന്ദ്ര തൊഴിൽ വകുപ്പാണ് ടി സ്ഥാപനവുമായി ബന്ധപ്പെട്ട പരാതികളിൽ നടപടി സ്വീകരിക്കേണ്ടത്. ടി സ്ഥാപനത്തിൽ തൊഴിൽചൂഷണം നടത്തുന്നതായും മിനിമം വേതനം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നും കരാർത്തൊഴിലാളികൾക്ക് പ്രതിദിനം 8 മണിക്കൂർ ജോലി ചെയ്താൽ 200 രൂപയിൽ താഴെയാണ് വേതനമായി ലഭിക്കുന്നതെന്നും ടി വിഷയം സംബന്ധിച്ച പരാതികൾ കേന്ദ്ര തൊഴിൽ വകുപ്പിന്റെ എറണാകുളം ഓഫീസിൽ നൽകിയിട്ടുള്ളതായി തൊഴിലാളികൾ അറിയിച്ചിട്ടുണ്ടെന്ന് എറണാകുളം എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2015 വർഷത്തിൽ CSEZ-ൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തുകയും തുടർനടപടികൾ സ്വീകരിച്ചതിനെത്തുടർന്ന് അപാകതകൾ പരിഹരിക്കുകയുമുണ്ടായി.

CSEZ-ലെ ജനതാ മിഷൻസ് എന്ന സ്ഥാപനത്തിലെ 31 തൊഴിലാളികളെ പിരിച്ചുവിട്ടു എന്ന പരാതി ലഭിച്ചതിനെത്തുടർന്ന് എറണാകുളം ജനറൽ ജില്ലാ ലേബർ ഓഫീസർ ഇടപെട്ട് ചർച്ച നടത്തുകയും 30-10-2019-ാം തീയതിയിൽ പ്രശ്നം ഒത്തുതീർപ്പാവുകയും ചെയ്തിട്ടുള്ളതാണ്. തൊഴിലുടമ - തൊഴിലാളി പ്രതിനിധികൾ തമ്മിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി നൽകേണ്ട വേതനം സംബന്ധിച്ച് ഒത്തുതീർപ്പിൽ എത്തിയാലും ആയത് സർക്കാർ നിശ്ചയിച്ച മിനിമം വേതനത്തിൽ കുറവാണെങ്കിൽ ടി എഗ്രിമെന്റ് നിയമപരമായി നിലനിൽക്കുന്നതല്ല. രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള കോൺട്രാക്ട്, ഉഭയകക്ഷി സമ്മതപ്രകാരം ഒപ്പുവച്ചാലും നിലവിൽ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്കെതിരെ ആണെങ്കിൽ Indian Contract Act Sec.2 (J) പ്രകാരം ആയത് അസാധുവാകുന്നതാണ്. സ്റ്റേറ്റ് സെസ് പോളിസി പുതുക്കുന്നതുമായി ബന്ധപ്പെട്ട്, സ്പെഷ്യൽ ഇക്കണോമിക് സോൺ, ഇൻഫോപാർക്ക്, കളമശ്ശേരി, ആലുവ തുടങ്ങിയ വിവിധ ഇൻഡസ്ട്രിയൽ മേഖലകൾ പ്രവർത്തിച്ചുവരുന്നവയ്ക്ക് മാത്രമായി ജോയിന്റ് ലേബർ കമ്മീഷണർ ഗ്രേഡിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഡെവലപ്മെന്റ് കമ്മീഷണറുടെ ഭരണപരമായ മേൽനോട്ടത്തിലും നിയന്ത്രണത്തിൻകീഴിലും തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥനായി അന്യത്ര സേവനത്തിൽ നിയമിക്കണമെന്ന ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

-------------------